


4th International Congress on Kerala Studies

**സഞ്ചിക 3**

KERALA DEVELOPMENT AGENDA 2016

# നാലാം അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ്

**2016 ജനുവരി 9, 10**

## കേരള വികസന അജണ്ട

എകെജി പഠനഗവേഷണകേന്ദ്രം, തിരുവനന്തപുരം

INTERNATIONAL
CONGRESS
ON
KERALA STUDIES

# നാലാം അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ്

**2016 ജനുവരി 9, 10**

## കേരള വികസന അജണ്ട
## സഞ്ചിക 3

എകെജി പഠന ഗവേഷണ കേന്ദ്രം
തിരുവനന്തപുരം

**നാലാം അന്താരാഷ്ട്ര കേരളപഠന കോൺഗ്രസ്**
**2016 ജനുവരി 9, 10**
**കേരള വികസന അജണ്ട**
സഞ്ചിക 3

*പ്രസിദ്ധീകരണം*
എ.കെ.ജി. പഠന ഗവേഷണകേന്ദ്രം
തിരുവനന്തപുരം

*കവർ ഡിസൈനും പേജ് ക്രമീകരണവും*
ഗോഡ്ഫ്രെയ്സ് ഗ്രാഫിക്സ്

*അച്ചടി*
അക്ഷര ഓഫ്സെറ്റ്, തിരുവനന്തപുരം

# ഉള്ളടക്കം


**നാലാം അന്താരാഷ്ട്ര പഠന കോൺഗ്രസ്**
**ഉദ്ഘാടന സമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗം**
സ. പിണറായി വിജയൻ 5–11

**ജനകീയ ബദൽ നടപ്പാക്കാൻ മുൻകൈയെടുക്കും**
കോടിയേരി ബാലകൃഷ്ണൻ 12–14

**കേരളവികസനത്തിന് പുതിയ പരിപ്രേക്ഷ്യം**
സ. വി എസ് അച്യുതാനന്ദൻ 15–17

**സംസ്ക്കാരവും വികസനവും**
സ. എം എ ബേബി 18–19

**ഉള്ളു തുറന്ന സംവാദം ആവശ്യം**
സ. ഇ.എം.എസ്. നമ്പൂതിരിപ്പാട് 20–26

**പുതിയ കേരളം പടുത്തുയർത്താൻ**
**കമ്മ്യൂണിസ്റ്റ് പാർടിയുടെ നിർദ്ദേശങ്ങൾ** 27–42

**കേരളം-ഉരുത്തിരിയുന്ന സമീപനങ്ങൾ** 43–62

**രണ്ടാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്**
**അവലോകനം** 63–68

**മൂന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്**
**സംവാദം ഒറ്റനോട്ടത്തിൽ** 69–74

**അദ്ധ്യായം 27 പരിസ്ഥിതിയും സുസ്ഥിരവികസനവും** 77–87

**അദ്ധ്യായം 28 ഗതാഗതം** 88–97

**അദ്ധ്യായം 29 ഭരണപരിഷ്ക്കരണം – നിയമപരിഷ്ക്കരണം** 98–106

**അദ്ധ്യായം 30 ധനകാര്യം** 107–120

**മാതൃകാപ്രവർത്തനങ്ങളുടെ അനുഭവക്കുറിപ്പുകൾ** 123–140

**അനുബന്ധങ്ങൾ** 143–164

# നാലാം അന്താരാഷ്ട്ര പഠന കോൺഗ്രസ് ഉദ്ഘാടന സമ്മേളനത്തിലെ അദ്ധ്യക്ഷപ്രസംഗം

സ. പിണറായി വിജയൻ

കേരളത്തിന് പുതിയ വികസന അജണ്ടയ്ക്ക് രൂപം നൽകുക, ഇന്ത്യയിലും ലോകത്താകെയും ഉണ്ടാകുന്ന മാറ്റങ്ങൾ കണക്കിലെടുത്ത് കേരളത്തെ പുരോഗതിയിലേക്ക് നയിക്കാനുള്ള സമഗ്രമായ മാർഗം ആവിഷ്കരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നാം നാലാമത് അന്താരാഷ്ട്ര കേരള പഠനകോൺഗ്രസിൽ ഒത്തുചേരുന്നത്. 1994ൽ ഇ എം എസിന്റെ നേതൃത്വത്തിൽ നടന്ന ഒന്നാം കേരള പഠനകോൺഗ്രസിന്റെ തുടർച്ചയാണ് ഇത്. പുതിയ കേരളം രൂപപ്പെടുത്താനുള്ള തുറന്ന സംവാദത്തിന് ഇവിടെ എത്തിച്ചേർന്ന എല്ലാവരെയും ഹാർദ്ദമായി അഭിവാദ്യം ചെയ്യുന്നു. നമുക്കുമുന്നിൽ കേരളവികസന മാതൃക എന്ന തിളങ്ങുന്ന പ്രയോഗമുണ്ട്. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ നോക്കി നാം അഭിമാനം കൊള്ളാറുള്ളത് ആ മാതൃകയെക്കുറിച്ച് പറഞ്ഞുകൊണ്ടാണ്. വിദ്യാഭ്യാസ, ആരോഗ്യ മേഖലകളിലെ പുരോഗതിയും സാക്ഷരതയിലെ ഉയർന്ന നേട്ടവും ജീവിതനിലവാരത്തിലെ ഔന്നത്യവും അഹങ്കാരത്തോടെ നാം പറയുന്നു. 2011ലെ സെൻസസ് അനുസരിച്ച് രാജ്യത്തെ ഏറ്റവും ഉയർന്ന സാക്ഷരതാനിരക്ക് നമ്മുടേതാണ്. എന്നാൽ, നമ്മുടെ വിദ്യാഭ്യാസ നിലവാരം ആകെ പരിശോധിച്ചാൽ കേരളം ഇന്ന് എവിടെ എത്തിനിൽക്കുന്നു? ആരോഗ്യ പരിപാലന രംഗത്തും ആയുർദൈർഘ്യത്തിലും വികസിത രാജ്യങ്ങൾക്കൊപ്പമെത്തി എന്നു നാം പറയാറുണ്ട്. ഇന്ന് അതിന്റെ സ്ഥിതി എന്താണ്? ഇന്ത്യയിലാദ്യമായി ഐടി രംഗത്ത് കുതിച്ചുചാട്ടം നടത്തിക്കൊണ്ട് തിരുവനന്തപുരത്ത് ടെക്നോപാർക്ക് നാം ആരംഭിച്ചു. എന്നാൽ, അയൽ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ നമ്മുടെ ഐടി രംഗത്തെ പുരോഗതി എത്രമാത്രമാണ്? നമ്മുടെ കാർഷികവിഭവങ്ങളും കൃഷി ആകെതന്നെയും ഇന്ന് എവിടെ എത്തിനിൽക്കുന്നു?

ഭാവിയെക്കുറിച്ചുള്ള ഏതു ചർച്ചയും വർത്തമാനകാലത്തെ വിലയിരുത്തിക്കൊണ്ടു മാത്രമേ സാധ്യമാവൂ. നമുക്ക് നമ്മളെത്തന്നെ വിലയിരുത്താൻ തൊട്ട് അയൽപക്കത്തുള്ള സംസ്ഥാനങ്ങളുമായുള്ള താരതമ്യം സഹായകമാകും. ആഗോള നിക്ഷേപക സംഗമങ്ങളിലൂടെ വൻതോതിൽ വിദേശനിക്ഷേപം കൊണ്ടുവന്നു എന്ന അവകാശവാദം നാം പലപ്പോഴായി കേൾക്കുന്നു. കേരളത്തിൽ കഴിഞ്ഞ 15 വർഷത്തിനകം വന്ന നേരിട്ടുള്ള വിദേശനിക്ഷേപം 102 കോടി ഡോളറിന്റെതാണ്. രാജ്യത്താകെ ഇതേ കാലയളവിൽ 26500 കോടി ഡോളർ നിക്ഷേപം വന്നപ്പോഴാണിത്. കർണാടകത്തിലും തമിഴ്നാട്ടിലും ഏതാണ്ട് 2700 കോടി വീതം നിക്ഷേപം എത്തിയപ്പോൾ കേരളത്തിന്റെ നില 0.5 ശതമാനത്തിൽ ഒതുങ്ങുന്നു. നേരിട്ടുള്ള വിദേശനിക്ഷേപം നമ്മുടെ പ്രശ്നങ്ങൾ പരിഹരിക്കും എന്നോ മഹത്തരമാണ് എന്ന് കരുതിയോ അല്ല ഈ കണക്ക് പറയുന്നത്. മറിച്ച് നിക്ഷേപത്തിന്റെയും പുതിയ സംരംഭങ്ങളുടെയും കണക്കുകൾ അവതരിപ്പിച്ച് നമ്മെ പലരും പറ്റിക്കുകയാണ് എന്ന് ചൂണ്ടിക്കാണിക്കാനാണ്.

കേരളത്തിന്റെ സാമ്പത്തിക നിലനിൽപ്പിന് സുപ്രധാനമായ ഒരു ഘടകം കയറ്റുമതി വരുമാനമാണ്. അതിൽ ഗണ്യമായ ഇടിവുണ്ടായിരിക്കുന്നു. കുറേ വർഷമായി ഈ പ്രവണത തുടരുകയാണ്. സുഗന്ധദ്രവ്യങ്ങൾ, സമുദ്രവിഭവങ്ങൾ, തേയിലയും കശുവണ്ടിയും ഉൾപ്പെടെയുള്ള നാണ്യവിളകൾ, സംസ്കൃത ഭക്ഷ്യവസ്തുക്കൾ എന്നിവയുടെയെല്ലാം കയറ്റുമതിയും വരുമാനവും കുറയുകയാണ്. മത്സ്യവിഭവ കയറ്റുമതിയിൽ കേരളത്തേക്കാൾ ആന്ധ്രപ്രദേശ് മുന്നിലെത്തി. സുഗന്ധദ്രവ്യ കയറ്റുമതിയിൽ തമിഴ്നാടും കർണാടകവും ആന്ധ്രയും കേരളത്തെ പിന്നിലാക്കി. കേരളം കേരകൃഷിയിൽ ഇന്ന് തമിഴ്നാട്ടിനേക്കാൾ പുറകിലാണ്. രാജ്യത്താദ്യ

മായി ഐടി മേഖലയിൽ നിർണായക മുന്നേറ്റം സൃഷ്ടിച്ച നമ്മുടെ സംസ്ഥാനത്തിന്റെ ഐടി രംഗത്തെ കയറ്റുമതി വരുമാനം പതിനായിരം കോടി രൂപയാണെങ്കിൽ ഇന്ന് കർണാടകത്തിന്റേത് ഒന്നരലക്ഷം കോടി രൂപയാണ്. തമിഴ്നാട് 75000 കോടിയും ആന്ധ്രപ്രദേശ് 57000 കോടിയും വരുമാനം നേടുമ്പോൾ ഐടി രംഗത്ത് ആദ്യം കടന്നുവന്ന നാം അത് ആശ്ചര്യത്തോടെ നോക്കിനിൽക്കേണ്ടിവരുന്നു. രാജ്യത്തിന്റെയാകെ ഐടി രംഗത്തെ കയറ്റുമതി വരുമാനം 5.2 ലക്ഷം കോടി രൂപയായി നിൽക്കുമ്പോഴാണ് നാം പതിനായിരം കോടിയിൽ ഒതുങ്ങുന്നത്.

തൊട്ടു കിടക്കുന്ന സംസ്ഥാനങ്ങളേക്കാൾ നാം പുറകിൽ പോകുന്നതിൽ അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം പ്രധാന കാരണമാണ്. ഇത്തരം ഒരു അവസ്ഥയിൽ നമുക്ക് പുതിയ വഴികൾ കണ്ടെത്തേണ്ടിയിരിക്കുന്നു. നിലവിലുള്ള പരിമിതികൾക്കും പ്രശ്നങ്ങൾക്കും അകത്തുനിന്നുകൊണ്ടുതന്നെ മറികടക്കാനുള്ള വഴികൾ ആലോചിക്കേണ്ടിയിരിക്കുന്നു. അതിവേഗം വളരുന്ന കേരളമാണ് നാം ലക്ഷ്യമിടേണ്ടത്. സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ ശക്തിപ്പെടുത്തിയും നവലിബറൽ നയങ്ങളുടെ വിപത്തിനെ ചെറുത്തും ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ ആധുനീകരിച്ചുമുള്ള ബഹുമുഖ സമീപനമാണ് ഉണ്ടാകേണ്ടത്.

ഭാവനാപൂർണമായ ആസൂത്രണവും അതിലേക്ക് നയിക്കുന്ന കൃത്യമായ രാഷ്ട്രീയ ഇഛാശക്തിയും പ്രതിബദ്ധതയോടുകൂടിയ പ്രവർത്തനവുമാണ് ഇന്നത്തെ പ്രതിസന്ധി മുറിച്ചുകടക്കാനുള്ള വഴി. നമുക്ക് അർഹതപ്പെട്ടതും എന്നാൽ തുടരെ നിഷേധിക്കപ്പെടുന്നതുമായ കേന്ദ്രഫണ്ടുകളുണ്ട്. അവ വാങ്ങിയെടുക്കുന്നത് സംസ്ഥാനത്തിൻെറ അവകാശമാണ്. ഇന്ത്യയ്ക്കു പുറത്ത് വിദേശനാണ്യം ശേഖരിക്കുന്ന വലിയ ഒരു മലയാളി സമൂഹമുണ്ട്. പ്രവാസിസമൂഹത്തിന്റെ പണം ഒരേസമയം അവർക്കും നാടിനും പ്രയോജനപ്പെടുന്ന വിധത്തിൽ ഉപയോഗിക്കാനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കാൻ കഴിയണം.

ഇവിടെ, രാഷ്ട്രീയ പോരാട്ടം പ്രധാനമാണ്. ആഗോളവൽക്കരണ നയം നടപ്പാക്കാൻ സംസ്ഥാനത്തെ നിർബന്ധിക്കുംവിധമുള്ള കേന്ദ്ര നയസമീപനങ്ങൾ തിരുത്തിക്കാനുള്ള സമരം ശക്തിപ്പെടുത്തേണ്ടിയിരിക്കുന്നു. കേന്ദ്ര-സംസ്ഥാന സാമ്പത്തികബന്ധങ്ങൾ ഫെഡറൽ ഘടനയ്ക്കു നിരക്കുംവിധം അഴിച്ചുപണിയുക അനിവാര്യമാണ്. അതൊക്കെ സാധിച്ചിട്ടാവാം കേരള വികസനത്തിനുള്ള നീക്കങ്ങൾ എന്നു കരുതി വെറുതെയിരിക്കുന്നതിൽ അർത്ഥമില്ല. ആ ചട്ടക്കൂടിനുള്ളിൽ നിന്നുകൊണ്ടുതന്നെ എങ്ങനെ പ്രതികൂല സാഹചര്യങ്ങളെ മറികടന്ന് മുമ്പോട്ടുപോകാനാവും എന്നതാണ് ആലോചിക്കേണ്ടത്.

മുന്നോട്ടുള്ള വഴിയെക്കുറിച്ച് സംസാരിക്കുമ്പോൾ ജനങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ തന്നെയാണ് ആദ്യം പറയേണ്ടത്. ഇവിടെ ചർച്ച ചെയ്യുന്ന എല്ലാ വിഷയങ്ങളും തുല്യപ്രധാനമുള്ളത് തന്നെയാണ്. അവ ജനങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ടതും പരസ്പര ബന്ധിതവുമാണ്.

യുവജനങ്ങളെക്കുറിച്ചുള്ള വിഷയത്തിൽ ചർച്ച ആരംഭിക്കാമെന്ന് കരുതുന്നു. കേരളത്തിലെ യുവാക്കൾ അവരുടെ ജീവിതം അന്യസംസ്ഥാനങ്ങളിലേക്കും അന്യരാജ്യങ്ങളിലേക്കും പറിച്ചുനടാൻ നിർബന്ധിക്കപ്പെടുന്നത് ദുഃഖകരമായ അവസ്ഥയാണ്. അവർ കഠിനാധ്വാനം ചെയ്യുന്നവരാണ്. എന്നാൽ, കേരളത്തിൽ അവർക്ക് അവസരങ്ങൾ കുറവാണ്. യുവാക്കൾക്കിടയിലെ സംരംഭകത്വശേഷി പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. നമുക്ക് വിവരസാങ്കേതികവിദ്യ, ബയോടെക്നോളജി, പ്രതിരോധം, സുരക്ഷ, എൻക്രിപ്ഷൻ തുടങ്ങിയ മേഖലകളിൽ മലിനീകരണമുക്തമായ ആധുനിക വ്യവസായങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. കേരളത്തിൽ ഗവേഷണത്തിനും സാങ്കേതിക വിദ്യാകേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടണം. ഈ ലക്ഷ്യങ്ങൾ യാഥാർത്ഥ്യമാക്കുന്നതിനുള്ള ഉറച്ച തീരുമാനങ്ങളാണ് നാം അടിയന്തരമായും എടുക്കേണ്ടത്. സ. ഇ കെ നായനാർ മുഖ്യമന്ത്രിയായിരുന്നപ്പോഴാണ് രാജ്യത്താദ്യമായി ടെക്നോളജി പാർക്ക് കേരളത്തിൽ സ്ഥാപിക്കപ്പെട്ടത് എന്നത് ഞാൻ ഈ സന്ദർഭത്തിൽ ഓർക്കുകയാണ്.

കേരളം കാലാവസ്ഥ കൊണ്ടും പ്രകൃതിവിഭവങ്ങൾ കൊണ്ടും അനുഗൃഹീതമായിരുന്നിട്ടും കാർഷികമേഖലയിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിൽ ഏറെ പുറകിലാണ് എന്നത് നാം തിരിച്ചറിയേണ്ട സുപ്രധാന സംഗതിയാണ്. കേരളത്തിന് ദീർഘകാല നേട്ടം ഉണ്ടാക്കാവുന്ന റബ്ബർ, സുഗന്ധവിളകൾ തുടങ്ങിയവ തെറ്റായ നയങ്ങൾ കാരണം കടുത്ത തകർച്ച നേരിടുന്നു. കൃഷി കൂടുതൽ ഉൽപാദനക്ഷമമാക്കണമെങ്കിൽ ആധുനിക രീതികൾ ആവിഷ്കരിക്കുകയും യുവാക്കളെ പങ്കാളികളാക്കുകയും വേണം. കൃഷി സാമ്പത്തികമായി നേട്ടമുണ്ടാക്കുന്നതായാലേ യുവജനങ്ങൾ ആകർഷിക്കപ്പെടുകയുള്ളു. കാർഷികവൃത്തി സാമ്പത്തികമായി ലാഭകരമാകാൻ ആ മേഖലയിൽ ഗവേഷണങ്ങൾ നടത്തണം. ആധുനിക രീതിയിലുള്ള സുസ്ഥിരമായ പ്രാദേശികതല ഗവേഷണങ്ങളാണ് ആവശ്യം. ഇതിനർത്ഥം ജനിതക മാറ്റംവരുത്തിയ വിത്തു

കൾക്ക് കീഴടങ്ങണമെന്നല്ല. മറിച്ച്, പരമാവധി ഉൽപാദനം സാധ്യമാക്കുന്നതിന് പ്രാദേശിക ഗവേഷണം സംഘടിപ്പിക്കുകയും അന്തർദേശീയ വികസന മാതൃകകളെ സ്വാംശീകരിക്കുകയുമാണ് വേണ്ടത്. നികുതിപിരിവുകാരനെന്ന നിലയിൽനിന്ന് മാർഗദർശി എന്ന തലത്തിലേക്ക് സർക്കാർ ഉയരണം. കൃഷി അടിസ്ഥാനമാക്കേണ്ടത് കുറഞ്ഞ ചെലവും കൂടുതൽ വിളവും എന്ന തത്വമാണ്. അത് പ്രമുഖ ശാസ്ത്രജ്ഞർ മുന്നോട്ടുവെച്ചതാണ്. കുറഞ്ഞ വിഭവങ്ങൾ, കുറഞ്ഞ വനനാശം, കുറഞ്ഞ രാസവസ്തുക്കൾ, കുറഞ്ഞ കീടനാശിനികൾ എന്നിവ ഉറപ്പാക്കിയാലേ പ്രകൃതി സംരക്ഷണത്തിനും മാനുഷികാരോഗ്യത്തിനും ഉറപ്പുണ്ടാകൂ. ഏറ്റവും കുറഞ്ഞ സ്ഥലത്ത് കൂടുതൽ വിളവ് എന്നതാകണം നമ്മുടെ ലക്ഷ്യം.

ബഹുരാഷ്ട്ര അഗ്രികോർപ്പറേറ്റുകൾ കരാർകൃഷി സമ്പ്രദായവും മറ്റുമായി കടന്നുവരുന്നതും കൃഷി തകർന്ന് കടം കയറി കർഷകർ ആത്മഹത്യ ചെയ്യുന്നതും നാം കാണുന്നു. ബദൽ കാർഷിക സംസ്കാരം ഉയർത്തിക്കൊണ്ടുവരേണ്ടതുണ്ട്. അതിലേയ്ക്കുള്ള ആദ്യപടി എന്ന നിലയിലാണ് ജൈവ പച്ചക്കറി കൃഷി കേരളത്തിലാകെ ഊർജിതമാക്കാൻ സിപിഐ എം ഇടപെട്ടത്. തദ്ദേശസമിതികളുടെ മുതൽ സഹകരണസ്ഥാപനങ്ങളുടെ വരെ നേതൃത്വത്തിലും സഹകരണത്തിലും പച്ചക്കറി കൃഷിയി വ്യാപകമാക്കണം. വൻതോതിലുള്ള ഇറക്കുമതി ഒഴിവാക്കാനും വിഷപച്ചക്കറിയിൽനിന്നുള്ള മോചനം സാധ്യമാക്കാനും ഇത് സഹായിക്കും.

പരിസ്ഥിതി സംരക്ഷണം മുഖ്യ അജണ്ടയായി ഉയരണം. നീരുറവകളും തണ്ണീർത്തടങ്ങളും സംരക്ഷിക്കുന്നതിൽ വിട്ടുവീഴ്ചയുണ്ടാകരുത്. അതോടൊപ്പം തരിശുനിലങ്ങളിലെ കൃഷി പ്രോത്സാഹിപ്പിക്കണം. തരിശുനിലകൃഷി വ്യാപനത്തിന് സർക്കാർ പ്രത്യേക സംവിധാനമുണ്ടാക്കി, സ്ഥലമുടമയ്ക്കും കൃഷിക്കാർക്കുമിടയിൽ ഗ്യാരൻറി നൽകണം.

സ്ഥലമില്ല, ഭൂമിയില്ല, സമയമില്ല, എന്തുചെയ്യണമെന്ന് അറിയില്ല എന്നൊക്കെയുള്ള പരാതികൾ എല്ലാവരും ഉയർത്താറുണ്ട്. അത്തരം വാദങ്ങൾ ശരിയല്ല എന്ന് നമ്മുടെ വനിതകൾ തെളിയിച്ചിട്ടുണ്ട്. സിപിഐ എം ജൈവ പച്ചക്കറി കൃഷി വിപുലമായി പ്രോത്സാഹിപ്പിച്ചപ്പോൾ പലഭാഗത്തുനിന്നും ആശങ്കകൾ ഉയർത്തിയിരുന്നു. പക്ഷെ, ഇന്ന് എല്ലാവരും കഴിയുംവിധത്തിൽ അതിൽ മുഴുകുന്നു. അത് ഒരു ശീലമാക്കി മാറ്റുന്നു. അത് ഒരു വിനോദമെന്നതിൽനിന്ന് ജീവിതരീതിയാക്കിയും ബഹുജനപ്രസ്ഥാനമാക്കിയും വളർത്തിയെടുക്കാൻ നാം കഠിനാധ്വാനം ചെയ്യണം.

നമ്മുടെ വ്യക്തിഗത വരുമാനം ചെലവിനനുസരിച്ച് വർധിക്കുന്നില്ല എന്നത് ദുഃഖകരമായ യാഥാർത്ഥ്യമാണ്. എന്നാൽ, ആരോഗ്യപരിപാലനത്തിനുള്ള ചെലവു നോക്കുക. അത് കുതിച്ചുയരുകയാണ്. താഴ്ന്നവരുമാനക്കാരായാലും ഇടത്തരക്കാരായാലും ഉയർന്ന ഇടത്തരക്കാരായാലും സ്വകാര്യ ആശുപത്രികളിലെ ചെലവ് ആർക്കും താങ്ങാനാവില്ല. ഇടത്തരം കുടുംബത്തിലെ ഒരാൾക്ക് രോഗം വന്നാൽ ആ കുടുംബത്തെ സാമ്പത്തികമായി തകർക്കാൻ അതു മതി എന്ന് നമുക്കറിയാം. സ്വകാര്യ ആശുപത്രികൾ തമ്മിലുള്ള മത്സരം ചികിത്സാച്ചെലവ് കൂടുതൽ കൂടുതൽ ഉയർത്തുന്ന കാര്യത്തിലാണ്. ഇതിനെന്താണ് പരിഹാരമെന്ന് ആലോചിക്കേണ്ടതുണ്ട്. നിയമം കൊണ്ട് സ്വകാര്യ ആശുപത്രികളെ നിയന്ത്രിച്ചോ ജനങ്ങൾക്ക് ആരോഗ്യപരിപാലനത്തിനുള്ള സൗകര്യങ്ങൾ നിഷേധിച്ചോ ഈ പ്രശ്നം പരിഹരിക്കാമെന്ന് കരുതുന്നില്ല. ബദൽ മാർഗങ്ങളാണ് കണ്ടെത്തേണ്ടത്. അതിന് കൃത്യമായ പദ്ധതിയുണ്ടാകണം. ഗവൺമെന്റിന്റെ സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രികൾ എല്ലാ താലൂക്കിലുമുണ്ടാകണം. എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളും മെഡിക്കൽ എക്സലൻസി സൂപ്പർ സ്പെഷ്യാലിറ്റി സെന്ററുകളാക്കി ഉയർത്തണം. ചെലവിനെക്കുറിച്ച് ചിന്തിക്കുന്നതിനപ്പുറം ചെയ്യാനുള്ള ഇച്ഛാശക്തിയാണ് ഇവിടെ പ്രധാന ഘടകം.

അഴിമതിയെക്കുറിച്ച് നാം എല്ലായ്പ്പോഴും സംസാരിക്കുന്നു. എല്ലാറ്റിനും നിരക്ക് നിശ്ചയിച്ചിട്ടുള്ള നാടാണ് ഇന്ന് കേരളം. ജനന സർട്ടിഫിക്കറ്റ് കിട്ടാനും ഭൂമി കൈവശാവകാശരേഖ ലഭിക്കാനും അടക്കം നിശ്ചിത നിരക്ക് കൈക്കൂലി കൊടുക്കണം എന്ന അവസ്ഥ ഭയാനകമാണ്. നിങ്ങൾ ജീവിച്ചിരിക്കുന്നു എന്ന് തെളിയിക്കാൻ കൈക്കൂലി കൊടുക്കേണ്ട സ്ഥിതി എത്രമാത്രം ദൗർഭാഗ്യകരമാണ് എന്ന് ഓർത്തുനോക്കുക. ഈ അവസ്ഥ മറികടക്കാനുള്ള ഏക പോംവഴി സുതാര്യത കൈവരിക്കലും ഇ-ഗവേണൻസുമാണ്. ജനങ്ങൾക്ക് ആവശ്യമായ സർട്ടിഫിക്കറ്റുകൾ ഓൺലൈനിൽ ലഭ്യമാകണം. നൽകുന്ന ആളും സ്വീകരിക്കുന്ന ആളും തമ്മിൽ നേരിട്ട് ഇടപെടാനുള്ള സാധ്യത ഇല്ലാതായാൽ അഴിമതിക്കുള്ള അവസരവും ഗണ്യമായി കുറയും. ഇത് ജനങ്ങളുടെ സമയവും ധനവും ലാഭിക്കാൻ സഹായകമാകും. എസ്തോണിയ പോലുള്ള രാജ്യങ്ങൾ പോലും മികച്ച ഇ-ഗവേണൻസ് മാതൃകകൾ സൃഷ്ടിച്ചിട്ടുണ്ട്. അവ വികസിത രാജ്യങ്ങളിനേതിക്കാൾ മെച്ചപ്പെട്ടതാണ്.

ചില കേസുകളിൽ 300 രൂപ ഭൂനികുതി പിരിക്കാൻ സർക്കാർ 3000 രൂപ ചെലവിടേണ്ടിവരുന്നു. അത്തരം അനുഭവം ഒഴിവാക്കാൻ ആ നിലയ്ക്കുള്ള ഭൂനികുതി ഇല്ലാതാക്കണം. ജനങ്ങൾ ദൈനംദിന കാര്യങ്ങൾ നിർവഹിക്കാൻ ഉദ്യോഗസ്ഥമേധാവികളുടെ പുറകെ പോകേണ്ടിവരുന്ന അവസ്ഥ ഉണ്ടാവരുത്. അതിനുള്ള ഉപാധി ഭരണനിർവഹണം സുതാര്യവും ലളിതവും ജനങ്ങൾക്കുവേണ്ടിയുള്ളതും ആകണം എന്നുള്ളതാണ്. അല്ലാതെ അത് ഗവൺമെന്റിനു വേണ്ടിയുള്ളതാവരുത്. പിരിച്ചുകിട്ടുന്നതിനൊപ്പമോ അതിനെക്കാൾ കൂടുതലോ ചെലവ് പിരിച്ചെടുക്കാൻ വേണ്ടിവരുന്ന എല്ലാ നികുതികളും വേണ്ടെന്നുവെക്കണം.

വികസനമുണ്ടാവണമെങ്കിൽ ആദ്യം വേണ്ടത് അടിസ്ഥാന സൗകര്യം ഒരുക്കലാണ്. ഇൻഫ്രാസ്ട്രക്ചർ എന്നു പറയുമ്പോൾ ഏറ്റവും പ്രധാനം റോഡാണ്. ഇന്ത്യയിൽ ഏറ്റവുമധികം റോഡപകടങ്ങളുണ്ടാകുന്ന സംസ്ഥാനങ്ങളുടെ നിരയിലാണ് കേരളം. വ്യവസായ കേന്ദ്രങ്ങളാകേണ്ട ഇടങ്ങളിലേക്ക് വാഹന ഗതാഗത സൗകര്യമില്ല. സംരംഭകരുടെയും പ്രൊഫഷനലുകളുടെയും കടന്നുവരവിന് റോഡിൻെറ ശോച്യാവസ്ഥ തടസ്സംനിൽക്കുന്നു എന്നത് യാഥാർത്ഥ്യമാണ്.

കേരളം വലിയ സംസ്ഥാനമല്ല. ട്രാഫിക് കുരുക്കിൽപ്പെടുമ്പൊഴേ പലപ്പോഴും നമ്മുടെ സംസ്ഥാനത്തിന്റെ വലിപ്പം നമുക്ക് ഓർമ്മ വരാറുള്ളൂ. റോഡുവഴി ആറുമണിക്കൂർ സഞ്ചരിച്ചാൽ ഒരറ്റത്തുനിന്ന് മറ്റേ അറ്റത്ത് എത്താൻ പറ്റുന്ന അത്രയുമേ കേരളത്തിന്റെ വലിപ്പമുള്ളു. ഇവിടെ മികവുറ്റതും സുപര്യാപ്തവുമായ പൊതുപശ്ചാത്തല വികസനം സാധ്യമാക്കണം. ട്രാഫിക് പ്രശ്നങ്ങൾക്ക് സാധാരണ എല്ലാവരും മോട്ടോർ ബൈക്കുകളെയും കാറുകളെയും കുറ്റപ്പെടുത്തുന്നു. എന്നാൽ, അടിസ്ഥാന സൗകര്യങ്ങളുടെയും പൊതുഗതാഗത സംവിധാനങ്ങളുടെയും അപര്യാപ്തതയാണ് ജനങ്ങളെ യാത്രയ്ക്ക് സ്വന്തമായ മാർഗം തേടാൻ നിർബന്ധിതരാക്കുന്നത്. ഉചിതമായ ആസൂത്രണത്തിലൂടെ അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കണം. അങ്ങനെ കുറഞ്ഞ ചെലവിൽ പൊതുഗതാഗത സംവിധാനം ഒരുക്കാനാകണം. സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ ഊർജസ്വലമായ സ്ഥാപനങ്ങളാകണം. ട്രാൻസ്പോർട്ട് കോർപ്പറേഷനുകൾ ആവശ്യത്തിനനുസരിച്ച് ഉണർന്ന് പ്രവർത്തിക്കാത്തതാണ് യഥാർത്ഥ പ്രശ്നം. ജനങ്ങൾ യാത്ര ചെയ്യാത്തതോ ബസുകൾ കാലിയായി സർവീസ് നടത്തുന്നതോ അല്ല. വൻ തുക ചെലവഴിച്ച് മെട്രോ പദ്ധതികൾ ഒരുക്കുന്നതിനുപകരം നഗരങ്ങളിൽ കുറഞ്ഞ മുതൽമുടക്കിൽ പൊതുഗതാഗത സംവിധാനം ആരംഭിക്കാൻ നമുക്ക് കഴിയണം. ജലഗതാഗതത്തിന്റെ സാധ്യത നാം വേണ്ട രീതിയിൽ ഉപയോഗിച്ചിട്ടില്ല. ബദൽ മാർഗമെന്ന നിലയിൽ അതിലേക്കും ശ്രദ്ധയൂന്നണം.

റോഡ് വികസനത്തിന് പ്രധാന തടസ്സമായി കാണുന്നത് ഭൂമി ഏറ്റെടുക്കലാണ്. ഭൂമി ഏറ്റെടുക്കലിന് ന്യായമായ പ്രതിഫലം തന്നെ നൽകാൻ സർക്കാർ സന്നദ്ധമാവണം. യഥോചിതം ഇടപെടുക, അർഹമായ നഷ്ട പരിഹാരവും പുനരധിവാസവും ഉറപ്പാക്കുക, അതിനായി ചർച്ച നടത്തുക-ഇങ്ങനെ ക്രിയാത്മകമായി ഈ വിഷയം കൈകാര്യം ചെയ്തുകൊണ്ടേ മുന്നോട്ടുപോകാനാവൂ. റോഡ് വികസനം പോലെ തന്നെ പ്രധാനമാണ്, ഭൂമി നഷ്ടപ്പെടുന്നവരുടെ പ്രശ്നങ്ങളും എന്ന കാഴ്ച്ചപ്പാടോടെ ഇപെട്ടാൽ ഇന്നു നേരിടുന്ന സ്തംഭനാവസ്ഥ ഒഴിവാക്കാനാകും.

അടിസ്ഥാന സൗകര്യങ്ങളിൽ പ്രധാനമാണ് വൈദ്യുതി. വ്യവസായ വികസനത്തിനുള്ള മുഖ്യതടസ്സങ്ങളിലൊന്ന് വൈദ്യുതിലഭ്യതയിലെ കുറവുതന്നെയാണ്. പതിനേഴാം പവർ സർവേ, 2018–19 വർഷത്തേക്ക് വലിയ വികസനസാധ്യത കൂടി കണക്കാക്കി തിട്ടപ്പെടുത്തിയിട്ടുള്ളത് 5719 മെഗാവാട്ടിന്റെ ആവശ്യകതയാണ്. 3000ത്തിനുതാഴെ മാത്രമാണ് ഇന്നത്തെ ഉൽപാദനശേഷി. അതിനർത്ഥം കേരളം രണ്ടുപതിറ്റാണ്ടിന് പുറകിലേക്ക് പോകുന്നു എന്നതാണ്. വൈദ്യുതി ഉൽപാദനമേഖല പ്രധാനമായും പൊതുമേഖലയുടെ മുൻകൈയിൽ തദ്ദേശസ്ഥാപനങ്ങളുടെ സഹകരണത്തിൽ വികസിപ്പിക്കേണ്ടതുണ്ട്. ഇന്ത്യയിൽ ആദ്യമായി എല്ലാവർക്കും വൈദ്യുതി നൽകുക എന്നതിനൊപ്പം ഉയർന്നതോതിൽ വ്യവസായമേഖലയെ ഉൽപാദനക്ഷമമാക്കുക എന്നതുകൂടി ലക്ഷ്യമായി കാണണം.

ഇന്ന് ചില ഗ്രാമങ്ങളിൽപോലും ടോൾ പിരിവ് കാണുന്നു. വളരെ കൗതുകകരമായ കാഴ്ചയാണിത്. ചില ഗ്രാമങ്ങൾ പകരം വഴികൾ ഇല്ലാത്തതുകൊണ്ടു മാത്രം ജനങ്ങൾ ചുങ്കം കൊടുക്കാൻ നിർബന്ധിതരാകുന്നു. അധികമായി സൗകര്യം നൽകുമ്പോഴാണ് ചുങ്കം പിരിക്കേണ്ടത്. അല്ലാതെ ആകെയുള്ള ഒരേയൊരു വഴി ചുങ്കം പിരിക്കാനുള്ള വേദിയാക്കരുത്. കേരളത്തിലെ എല്ലാ ചുങ്കം പിരിവും അവസാനിപ്പിക്കണം. ചെലവുകൾ മറ്റു നൂതനമായ രീതികളിലൂടെ കണ്ടെത്തണം.

അടിസ്ഥാന സൗകര്യത്തെക്കുറിച്ച് സംസാരിക്കുമ്പോൾ നഗരകേന്ദ്രങ്ങൾക്ക് പ്രാധാന്യം നൽകേണ്ടതുണ്ട്. നമുക്ക് കേരളത്തിലെ നഗരങ്ങൾക്കായി കൃത്യമായ മാസ്റ്റർപ്ലാൻ തയ്യാറാക്കാൻ കഴിഞ്ഞിട്ടില്ല. ഇതുവരെവികസിപ്പിച്ച നയങ്ങളാകട്ടെ കൃത്യമായ നിർവചനമില്ലാത്തതോ പരസ്

പരവിരുദ്ധമോ അനുകരണങ്ങളോ ആണ്. ലളിതവും നേർവഴിക്കുള്ളതുമായ നയങ്ങളിലൂടെ നഗരവൽക്കരണവും നഗരങ്ങളിലെ അടിസ്ഥാനസൗകര്യ വികസനവും സാധ്യമാക്കണം. പാർപ്പിടപ്രശ്നം ഗൗരവമായി കണ്ട് പരിഹരിക്കണം. ഇന്ന് സ്തംഭിച്ചുനിൽക്കുന്ന ഈ മേഖലയെ ഊർജസ്വലമാക്കണം.

1000 ചതുരശ്ര അടി വരെയുള്ള വീടുകൾക്കുള്ള പാർപ്പിട-സ്വത്ത് നികുതികൾ വേണ്ടെന്നു വെക്കാവുന്നതാണ്. 1500 ചതുരശ്ര അടി വരെയുള്ള കെട്ടിടങ്ങൾ നിർമിക്കാൻ നിശ്ചിത മാതൃകയുടെ അടിസ്ഥാനത്തിൽ ഇളവ് നൽകണം. ഭവന നിർമ്മാണ രംഗത്ത് സൗരോർജമടക്കമുള്ള മാർഗങ്ങൾ പ്രയോജനപ്പെടുത്തണം. നികുതി ഇളവിലൂടെ ചെലവുകറഞ്ഞ ഭവനനിർമാണ സാങ്കേതികവിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതും നാം ചിന്തിക്കേണ്ടതുണ്ട്. എല്ലാവർക്കും വീട് എന്ന് വെറുതെ പറഞ്ഞതുകൊണ്ട് ലക്ഷ്യത്തിലെത്തുകയില്ല. അതിന് കൃത്യവുംപ്രയോഗികവുമായ പദ്ധതി രൂപപ്പെടുത്താൻ ഇനിയും നാം മടിച്ചു നിൽക്കരുത്.

പ്രകൃതിവിഭവങ്ങളാൽ സമ്പന്നമാണ് കേരളം. എന്നാൽ, മത്സ്യസമ്പത്ത് മുതൽ പരമ്പരാഗതമായ മറ്റു നിരവധി വിഭവങ്ങൾ വരെ വേണ്ട രീതിയിൽ ഉപയോഗിക്കപ്പെടുന്നില്ല. പകരം മണൽഖനനം, പാറപൊട്ടിക്കൽ തുടങ്ങിയ മേഖലകളിൽ പ്രകൃതിയെയും മനുഷ്യനെയും ചൂഷണം ചെയ്യുന്നതാണ് കാണുന്നത്. ഇത് ചില ആളുകൾക്കും സർക്കാരിലെ ചിലർക്കും ഉപയോഗപ്രദമാകാം. എന്നാൽ, തീർച്ചയായും ജനങ്ങൾക്ക് എതിരാണ്. അത്തരം പ്രകൃതിവിഭവങ്ങൾ ചൂഷണം ചെയ്യുന്നത് പരിമിതപ്പെടുത്തി നിയന്ത്രിച്ചേ മതിയാകൂ. അവ എല്ലാ ജനങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതാണ് എന്നുറപ്പാക്കണം. ഉറച്ച തീരുമാനവും സന്നദ്ധതയും നമുക്ക് ഇത്തരം പ്രകൃതിവിഭവങ്ങൾ ഉചിതമായും ഫലപ്രദമായും ഉപയോഗിക്കാനും ന്യായവിലയ്ക്ക് ജനങ്ങൾക്ക് ലഭ്യമാക്കാനും അതിനായി കോർപ്പറേഷനുകൾ രൂപീകരിക്കാനും കഴിയും.

നമ്മുടെ പൊതുവിതരണ സമ്പ്രദായം ദയനീയമായ അവസ്ഥയിലാണ്. സർക്കാർ അഴിമതി അവസാനിപ്പിക്കുകയും പൊതുവിതരണ സമ്പ്രദായത്തെ അടിമുടി പുനഃസംഘടിപ്പിക്കുകയും ചെയ്താൽ അർഹരായവർക്ക് അവകാശപ്പെട്ടത് ലഭിക്കും എന്നത് ഉറപ്പാണ്. വിലക്കയറ്റം പിടിച്ചുനിർത്താനും വിപണിയുടെ കൊള്ള തടയാനുമുള്ള വഴിയും അതുതന്നെയാണ്.

ക്രമസമാധാന രംഗം സാമൂഹ്യവിരുദ്ധരുടെ നിയന്ത്രണത്തിലാണ്. ബ്ലേഡ് കമ്പനികൾ റെയ്ഡ് ചെയ്യുന്നതടക്കമുള്ള കുറേ പരിഹാസ്യ നാടകങ്ങൾ നാം കണ്ടു. അതുകൊണ്ട് ജനങ്ങൾക്ക് എന്തെങ്കിലും പ്രയോജനം ലഭിച്ചോ? പാവപ്പെട്ടവർക്കും ഇടത്തരക്കാർക്കും നേരെയുള്ള സാമ്പത്തിക ചൂഷണം തുടർന്നും വർധിച്ചുകൊണ്ടിരിക്കുന്നു. നിയമവിരുദ്ധമായ എല്ലാ സാമ്പത്തിക സ്ഥാപനങ്ങളും നിരോധിക്കണം. പകരം നമ്മുടെ സഹകരണ മേഖല സാമ്പത്തിക കാര്യങ്ങളിൽ ഇടപെടാൻ പാകത്തിൽ പ്രോത്സാഹിപ്പിക്കപ്പെടണം. അതിന് ഗവൺമെന്റ് ഉറപ്പും പരിരക്ഷയും നൽകണം.

നമ്മുടെ സഹകരണമേഖലയുടെ സാമ്പത്തികവിഭവങ്ങൾ ശരിയായ രീതിയിൽ ഉപയോഗപ്പെടുത്തേണ്ടതുണ്ട്. ജില്ലാ ബാങ്കുകളും സംസ്ഥാന സഹകരണബാങ്കും ആർബിഐ നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്. ഇങ്ങനെ 15 യൂണിറ്റുകളായി ഇവ പ്രവർത്തിക്കേണ്ടതുണ്ടോ. എല്ലാം ചേർന്ന് പ്രാഥമിക സഹകരണ ബാങ്കുകൾ ഉൾപ്പെടെ ഒരു ശൃംഖലയായി മാറ്റിയാൽ, ഒറ്റ യൂണിറ്റായി മാറ്റിയാൽ ആ രംഗത്ത് അൽഭുതകരമായ പുരോഗതി സാധ്യമാകും. പ്രവാസികളുടെ ഒരുലക്ഷം കോടി വരുന്ന നിക്ഷേപം അങ്ങോട്ട് ആകർഷിക്കാനാകും. കോർ ബാങ്കിങ്ങിലൂടെ സേവനങ്ങൾ സംസ്ഥാനത്തിന്റെ എല്ലാ ഭാഗത്തും ലഭ്യമാവുമ്പോൾ ഇതിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാനും കഴിയും.

നമുക്കുമുന്നിൽ ഉള്ള മറ്റൊരു പ്രശ്നം റോഡപകടങ്ങളുടേതാണ്. നാട്ടിൽ റോഡിൽ ഒരുപാട് പരിശോധനകൾ നടക്കുന്നു. സ്പീഡ് ബ്രേക്കറുകളുണ്ട്, മൊബൈൽ കോടതികളുണ്ട്, നിരവധി സ്ക്വാഡുകൾ ഉണ്ട്. എല്ലാം ഉണ്ടായിട്ടും റോഡപകടങ്ങൾ ഫലപ്രദമായി കുറയ്ക്കാനുള്ള മാർഗം തുറക്കാൻ കഴിഞ്ഞിട്ടില്ല. യന്ത്രവൽകൃതവും ആധുനികവുമായ ട്രാഫിക് നിയന്ത്രണ സംവിധാനങ്ങൾ ആവിഷ്കരിക്കണം.

മുന്നിലുള്ള വെല്ലുവിളികളെ നേരിടാൻ ജനങ്ങളെ പര്യാപ്തമാക്കുക എന്നതാവണം വിദ്യാഭ്യാസത്തിന്റെ പ്രാഥമിക ലക്ഷ്യം. അതിനായി വിദ്യാഭ്യാസ നിലവാരം ഉയർത്തുകയും വൈദഗ്ധ്യ വികസനത്തിന് ഊന്നൽ നൽകുകയും വേണം. നമ്മുടെ നാട്ടിൽ ഒരു ചെറുപ്പക്കാരൻ നാലും അഞ്ചും വർഷമാണ് കാർപ്പന്റർ പണി പഠിക്കാൻ ചെലവിടുന്നത്. എന്നാൽ, ഒരു കാർപ്പന്ററിന്റെയോ മേസ്തിരിയുടേയോ കീഴിൽ രണ്ടുമാസം കൃത്യമായ

പരിശീലനം ലഭിച്ചാൽ ഒരാൾക്ക് മികച്ച രീതിയിൽ ജോലി ഹൃദിസ്ഥമാക്കാനും പുതിയ രീതികൾ അടക്കം പഠിക്കാനും കഴിയും. ഐടിഐ, ഐടിസി, പോളിടെക്നിക്കുകൾ എന്നിവയിലെ സിലബസ് അടിമുടി മാറ്റംവരുത്തണം. ഐടിസിയിലോ ഐടിഐയിലോ പഠിക്കുന്ന ഒരു വിദ്യാർഥിക്ക് തുടർവിദ്യാഭ്യാസത്തിന്റെ ചില പ്രത്യേക വഴികളിലൂടെ എൻജിനീയറിങ് ബിരുദം നേടാൻ കഴിയുന്ന രീതിയിൽ ഘടനാപരമായ പരിഷ്കരണങ്ങൾ ഈ രംഗത്ത് വരുത്തണം.

വേണ്ടത് സമഗ്രമായ പുതിയ വിദ്യാഭ്യാസ പദ്ധതിയാണ്. നാം ജീവിക്കുന്നത് മൂന്നാം സഹസ്രാബ്ദ ഘട്ടത്തിലാണ്. വികസിത രാജ്യങ്ങളിൽനിന്നുള്ള കുട്ടികളും നമ്മുടെ കുട്ടികളും ഒക്കെ പൊതുവായ ഒരു തൊഴിൽ കമ്പോളത്തിൽ പോയി മത്സരിച്ച് ജയിക്കേണ്ടിയിരിക്കുന്നു എന്നതാണ് ഈ കാലഘട്ടത്തിന്റെ പ്രത്യേകത. നമ്മുടെ വിദ്യാഭ്യാസ ഘടനയെ ആഗോളവിജ്ഞാന വിസ്ഫോടനവും കൂടി ഉൾക്കൊള്ളുന്ന വിധത്തിൽ വളർത്തണം എന്നാണിതിൻെറ അർത്ഥം. ആ ഉയർന്ന വിദ്യാഭ്യാസം സമൂഹത്തിന്റെ താഴേത്തട്ടിലുള്ളവർക്കു വരെ പ്രാപ്തമാക്കാൻ കഴിയണം. അത്തരത്തിലൊരു പൊളിച്ചെഴുത്ത് ആവശ്യമാവുന്ന കാലമായിരിക്കുന്നു. ആ വഴിക്കാണ് ഇനി നീങ്ങേണ്ടത്.

വിദ്യാഭ്യാസ സമ്പ്രദായത്തിലെ പരിഷ്കരണത്തിനോടൊപ്പം തന്നെ തുടർവിദ്യാഭ്യാസത്തിന് നിയതമായ സംവിധാനം വാർത്തെടുക്കുന്നത് മർമ്മപ്രധാനമാണ്. എല്ലാ രംഗത്തും തുടർവിദ്യാഭ്യാസം വേണം. ഡോക്ടർമാർക്ക്, കാർപന്റർമാർക്ക്, ആർക്കിടെക്റ്റുകൾക്ക്, മേസ്തിരിമാർക്ക്, എൻജിനീയർമാർക്ക്, ഉദ്യോഗസ്ഥർക്ക് ഇങ്ങനെ എല്ലാവർക്കും തുടർവിദ്യാഭ്യാസം നൽകുന്നതിൽ ശ്രദ്ധയൂന്നണം.

നികുതിപിരിവ് അത്യന്തം പ്രയാസകരമായ ഒന്നാണ് ഇന്ന്. ഉദ്യോഗസ്ഥതലത്തിലെ തടസ്സങ്ങളും സംവിധാനത്തിന്റെ സുതാര്യതക്കുറവും നികുതിപിരിവിനെ സാധാരണ സാമ്പത്തിക റവന്യു-വിഷയം എന്നതിൽനിന്ന്  നിയമപരമായ വിഷയമാക്കി മാറ്റിയിരിക്കുന്നു. സുതാര്യമായ നികുതിപിരിവ് രീതി വികസിപ്പിക്കണം. കുറഞ്ഞ ചെലവിൽ പിരിവ് സാധ്യമാകുന്ന പരോക്ഷ നികുതി പ്രോത്സാഹിപ്പിക്കപ്പെടണം. കുറഞ്ഞ ശേഖരണകേന്ദ്രങ്ങളിൽനിന്ന് കൂടുതൽ നികുതിപിരിവ് ആണ് ഉറപ്പാക്കേണ്ടത്. അങ്ങനെയൊരു മാറ്റം ഉണ്ടാക്കണം. അസംഘടിത ചില്ലറ വ്യാപാരമേഖലയിലെ നികുതി ഇല്ലാതാക്കണം. പരമ്പരാഗത കുടിൽ വ്യവസായങ്ങൾക്കുള്ള നികുതി പൂർണമായും ഒഴിവാക്കണം. അതേസമയം, ഈ സൗകര്യം മുതലെടുത്ത്  വൻകിട സ്ഥാപനങ്ങൾ പിൻവാതിലിലൂടെ കുടിൽ വ്യവസായങ്ങളിലേക്ക് കടന്നുവരാനുള്ള സാധ്യത തടയുകയും വേണം. കേരളത്തെ കുറഞ്ഞ നികുതിപിരിവുള്ള സംസ്ഥാനമാക്കി മാറ്റിയെടുക്കുന്നതിലാണ് നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്.അതോടൊപ്പം മാലിന്യമുക്തമായ വ്യവസായങ്ങൾക്കു കൂടുതലായി കടന്നുവരാനുള്ള കേന്ദ്രമായി കേരളത്തെ പാകപ്പെടുത്തണം.

ഒന്നുകൂടി ആവർത്തിക്കട്ടെ, യുവജനങ്ങളെ സദാപ്രവർത്തിക്കുന്നവരും ആരോഗ്യമുള്ളവരും പ്രത്യുൽപന്നമതികളും ആക്കി മാറ്റുക എന്നതാണ് നമ്മുടെ നാടിന്റെ സുസ്ഥിരമായ വികസനത്തിനും സുരക്ഷയ്ക്കും ഉള്ള ഉപാധി. അതിനുള്ള വഴി 'പിപിപി' എഎന്ന രീതിയാണ്. അത് ഇന്ന് പലരും പറയുന്നതുപോലെ പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അല്ല. മറിച്ച് പബ്ലിക് പീപ്പിൾ പാർട്ടിസിപ്പേഷൻ ആണ്. സമ്പൂർണമായി ജനങ്ങളുടെ പങ്കാളിത്തത്തോടെയുള്ളത്.

വിനോദ സഞ്ചാര മേഖലയിൽ ഒരുപക്ഷെ ലോകത്ത് ഏറ്റവും കൂടുതൽ സാധ്യതകൾ നമുക്കുണ്ട്. നമ്മുടെ സംസ്കാരത്തിനും പ്രകൃതിക്കും കോട്ടമില്ലാത്ത ഉത്തരവാദിത്ത ടൂറിസം വികസനത്തിന് പ്രാമുഖ്യംനൽകിയില്ല എങ്കിൽ, വിനോദസഞ്ചാരികൾ കേരളത്തെ ഉപേക്ഷിക്കുന്ന നിലവരും. അയൽസംസ്ഥാനങ്ങളും ശ്രീലങ്കയുൾപ്പെടെയുള്ള അയൽ രാജ്യങ്ങളും ഈ രംഗത്തുണ്ടാക്കുന്ന പുരോഗതി കണ്ടുകൊണ്ടാകണം, ഇന്ത്യയിലെ ഏറ്റവും ആകർഷകമായ ടൂറിസ്റ്റ് കേന്ദ്രമായി കേരളത്തെ വളർത്തേണ്ടത്.

പരിപൂർണമായ പരിഷ്കരണനടപടികളാണ് വേണ്ടത്. അതുണ്ടാകാതെ ഒന്നും സാധ്യമല്ല. നമുക്കെല്ലാമറിയുന്നതുപോലെ ഇന്ന് പ്രാമുഖ്യം ലഭിക്കാത്ത വലിയൊരു സംഘടിത വനിതാശക്തി നമുക്കുണ്ട്. ഓരോ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് കുടുംബ വികസനകേന്ദ്രങ്ങൾ ആരംഭിക്കണം. അവയിലൂടെ പ്രാഥമിക ആരോഗ്യ പരിരക്ഷയെയും ശരിയായ ഭക്ഷണക്രമത്തെയും കുറിച്ചുള്ള നിർദേശങ്ങൾ സ്ത്രീകൾക്ക് നൽകണം. ഇതിനനുബന്ധമായി വനിതകൾ മാത്രമുള്ള പൊലീസ് സ്റ്റേഷനുകൾ പ്രവർത്തിപ്പിച്ചും സ്ത്രീശാക്തീകരണത്തിന് സഹായകരമാക്കാവുന്നതാണ്. ശാക്തീകരിക്കപ്പെട്ട വനിത ശാക്തീകൃത സമൂഹത്തെ സൃഷ്ടിക്കും. ശാക്തീകൃത സമൂഹം ചിന്തയെ ശക്തിപ്പെടുത്തും. അങ്ങനെ കരുത്താർജിക്കുന്ന ചിന്ത മഹത്തായ സംസ്കാരത്തെയാണ് സൃഷ്ടിക്കുക.

നാം പ്രവാസികളിൽനിന്ന് വലിയതോതിൽ നേട്ടം അനുഭവിക്കുന്നുണ്ട്. പ്രവാസികളുടെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിനോടൊപ്പം അവരുടെ നിക്ഷേപത്തിന് ഭദ്രത നൽകേണ്ടതുമുണ്ട്. പത്തോ പന്ത്രണ്ടോ ധനിക പ്രവാസികളുടെ കാര്യമല്ല ഇവിടെ സൂചിപ്പിക്കുന്നത്. ഇടത്തരം, ഉയർന്ന ഇടത്തരം വിഭാഗങ്ങളിൽപ്പെട്ട പ്രവാസികളായ സംരംഭകരെയും എല്ലാ പ്രവാസികളെയും ആണ് ഇവിടെ ഉദ്ദേശിക്കുന്നത്. അവരുടെ നിക്ഷേപങ്ങൾക്ക് സുരക്ഷ നൽകേണ്ടതും തിരിച്ചെത്തുന്നവർക്ക് പുനരധിവാസം ഒരുക്കേണ്ടതും അവരുടെ ലോകപരിചയം കേരളത്തിന്റെയും ഇന്ത്യയുടെയും പുരോഗതിക്കായി ഉപയോഗിക്കേണ്ടതും സർക്കാരിന്റെ ബാധ്യതയാണ്. എൻആർഐ നിക്ഷേപം ഒരുലക്ഷം കോടി കടന്നിരിക്കുന്നു. അത് ദേശീയോൽപാദനത്തിന്റെ 27 ശതമാനം വരും. ഇത് ഫലപ്രദമായി ഉപയോഗിക്കാനുള്ള പദ്ധതി ആവിഷ്കരിക്കുക എന്നതാണ് ഏറ്റവും പ്രധാനം. കേരളത്തിന്റെ സാമ്പത്തിക സാഹചര്യവും വികസനവും ശക്തമായി മുമ്പോട്ടുകൊണ്ടുപോകാൻ അത്തരം പദ്ധതികൾ സഹായകമാകും.

ഏകജാലക സംവിധാനത്തെക്കുറിച്ച് എത്ര കാലമായി കേൾക്കുന്നു. പക്ഷെ, നിയതമായ ഒരു നയം അക്കാര്യത്തിലില്ല. ഗൗരവത്തോടെ ഇടപെടുന്ന വ്യവസായങ്ങൾക്കും വ്യവസായസംരംഭകർക്കും പ്രയോജനകരമാകുന്ന വിധത്തിൽ പുതിയ സംവിധാനം രൂപപ്പെടുത്തണം. പരമാവധി 30 ദിവസത്തിനുള്ളിൽ അനുമതി നൽകുന്ന സമയബന്ധിത ഏകജാലക സംവിധാനമാണ് നാം നടപ്പാക്കേണ്ടത്. സുതാര്യമായ സംവിധാനമാണ് ഉണ്ടാകേണ്ടത്. ഇന്ന് സർക്കാരിന്റെ പ്രവർത്തനം ജനങ്ങൾക്ക് ഭാരമായിട്ടാണ് അനുഭവപ്പെടുന്നത്. സർക്കാർ ജനങ്ങൾക്ക് ആശ്വാസം നൽകുന്ന ഒന്നായി മാറാനുള്ള പ്രവർത്തനമാണ് നാം നടത്തേണ്ടത്.

ഭരണരംഗത്തെ പരിഷ്ക്കരണം ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. ജനങ്ങൾക്ക് മികച്ച സേവനം ലഭ്യമാകുന്ന വിധത്തിൽ ഉദ്യോഗസ്ഥ ഭരണസംവിധാനത്തെ അടിമുടി പരിഷ്കരിക്കണം. അർപ്പിതമായ ചുമതലകൾ നിർവഹിക്കുന്ന ഉദ്യോഗസ്ഥരാണ് ഉണ്ടാകേണ്ടത്. ചുവപ്പുനാടയുടെയും സാങ്കേതിക നടപടിക്രമങ്ങളുടെയും കുരുക്കിൽ ജനങ്ങളുടെ ജീവൽപ്രധാനമായ പ്രശ്നങ്ങൾ അകപ്പെട്ടുകൂട. സമയബന്ധിതമായി ഫയലുകളിൽ തീർപ്പാക്കാനും പരാതികൾ പരിഹരിക്കാനും അവശ്യഘട്ടങ്ങളിൽ ഇടപെടാനും കരുത്തുള്ള ഉദ്യോഗസ്ഥ സംവിധാനം സൃഷ്ടിക്കാൻ ഭരണത്തെ നയിക്കുന്നവർ തന്നെയാണ് മുൻകൈയെടുക്കേണ്ടത്. അത്തരം മുൻകൈ പലപ്പോഴായി ചോർന്നുപോയതാണ് ഇന്ന് കേരളം നേരിടുന്ന ഒരു പ്രശ്നം. ജീവനക്കാരുടെ സംഘടനകളെയും അവകാശ പോരാട്ടങ്ങളെയും തള്ളിപ്പറയാൻ പലരും ആവേശം കാണിക്കുന്നു. എന്നാൽ, അതല്ല യഥാർത്ഥ പ്രശ്നം, സമഗ്രമായ ഉദ്യോഗസ്ഥ-ഭരണ സംവിധാനം ഇല്ലാത്തതാണ് എന്ന് തിരിച്ചറിഞ്ഞ് നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്.

സാമൂഹ്യ സുരക്ഷാ സംവിധാനങ്ങളും ക്ഷേമ പദ്ധതികളും ശക്തിപ്പെടുത്തൽ, ആദിവാസികളടക്കമുള്ള ജനവിഭാഗങ്ങൾക്ക് തുല്യ അവസരം ലഭ്യമാക്കൽ, അവശ ജനവിഭാഗങ്ങളുടെ ഉന്നമനത്തിന് രൂപീകരിക്കുന്ന പദ്ധതികളുടെ പ്രയോജനം ലക്ഷ്യത്തിലെത്തുന്നു എന്ന് ഉറപ്പാക്കൽ എന്നിങ്ങനെ വിവിധ കാര്യങ്ങളിൽ നമുക്ക് കാർക്കശ്യം ഉണ്ടാകേണ്ടിയിരിക്കുന്നു.

ചുരുക്കി പറയട്ടെ, പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട്, മലിനീകരണ സാധ്യത ഇല്ലാതെ,ആധുനിക കാലത്തിന് അനുയോജ്യമായ വ്യവസായ വികസനമാണ് കേരളത്തിന് ഇന്ന് ആവശ്യം. അത്തരം വ്യവസായങ്ങൾക്കും സംരംഭകർക്കും ആവേശപൂർവം കടന്നുവരാനുള്ള ഇടമായി കേരളത്തെ മാറ്റിയെടുക്കണം. ജീവിക്കാനും തൊഴിലെടുക്കാനും എറ്റവും മികച്ച നാടായി കേരളത്തെ ഉയർത്താനുള്ള ശ്രമത്തിന് ഇനിയും നാം തുടക്കമിട്ടില്ലെങ്കിൽ അത് വരുംതലമുറയോട് ചെയ്യുന്ന പാതകമായി മാറും.

നമുക്ക് മുന്നോട്ടാണ് സഞ്ചരിക്കേണ്ടത്. മുന്നിലുള്ള അനേകം തടസ്സങ്ങളാണ് മറികടക്കേണ്ടത്. ഭാവി തലമുറയ്ക്കു വേണ്ടിയുള്ള കേരളമാണ് വാർത്തെടുക്കേണ്ടത്. അതിനു സഹായകമായി തോന്നുന്ന ചില വിഷയങ്ങൾ മാത്രമാണ് ഞാൻ ഇവിടെ സൂചിപ്പിക്കാൻ ശ്രമിച്ചത്. സുപ്രധാനവും അനിവാര്യവുമായ ലക്ഷ്യത്തിലെത്താനുള്ള നമ്മുടെ ശ്രമങ്ങൾക്ക് സഹായകമാകുന്ന നിർദേശങ്ങൾ ഈ വികസന സംവാദത്തിൽ ഉയർന്നുവരും എന്ന് എനിക്കുറപ്പുണ്ട്. ഒരിക്കൽകൂടി എല്ലാവരെയും അഭിവാദ്യം ചെയ്യുന്നു.

# ജനകീയ ബദൽ നടപ്പാക്കാൻ മുൻകൈയെടുക്കും

കോടിയേരി ബാലകൃഷ്ണൻ

കേരളത്തിന്റെ വികസന സംവാദ ചരിത്രത്തിൽ പുതിയ നാഴികക്കല്ലാണ് ഇവിടെ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. കേരള വികസനത്തിൽ താൽപ്പര്യമുള്ള ജനവിഭാഗങ്ങളെ അണിനിരത്തിക്കൊണ്ടുള്ള സംവാദമാണ് ഇവിടെ നടന്നിട്ടുള്ളത്. രാഷ്ട്രീയരംഗത്ത് പ്രവർത്തിക്കുന്നവർ, അക്കാദമിക് പണ്ഡിതന്മാർ, ബഹുജനങ്ങൾ ഇവരെല്ലാം അണിനിരന്നുകൊണ്ട് കേരള വികസനത്തെക്കുറിച്ചുള്ള ചർച്ച നടന്നു എന്നു മാത്രമല്ല, കേരള വികസനത്തിന് മൂർത്തമായ ഒരു ബദൽ നിർദ്ദേശിച്ചുകൊണ്ടുള്ള കാഴ്ചപ്പാടുകളും അവതരിപ്പിക്കപ്പെടുകയുണ്ടായി.

നാലാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് നടക്കുന്ന ഈ ഘട്ടം രാജ്യത്തെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട കാലമാണ്. ആഗോളവൽക്കരണ നയങ്ങൾ അതിശക്തമായി മുന്നോട്ടുവച്ച യു.പി.എ സർക്കാർ ജനങ്ങളുടെ എതിർപ്പ് ഏറ്റുവാങ്ങി. അതിന്റെ ഭാഗമായി കൂടി ബി.ജെ.പിക്ക് ഒറ്റയ്ക്ക് അധികാരത്തിലെത്താനുള്ള സാഹചര്യവും ഉണ്ടായി. കള്ളപ്പണം തിരിച്ചുകൊണ്ടുവന്ന് ജനങ്ങൾക്ക് വിതരണം ചെയ്യും, വിലക്കയറ്റം പിടിച്ചുനിർത്തും, ചില്ലറ വ്യാപാരമേഖലയിലെ വിദേശ നിക്ഷേപം കൊണ്ടുവരുന്നതിനെ പ്രതിരോധിക്കും തുടങ്ങിയ നിലപാടുകളിൽ നിന്നു തന്നെ ബി.ജെ.പി പിന്നോക്കം പോയി. പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലക്കയറ്റത്തെക്കുറിച്ച് പറഞ്ഞ് അധികാരത്തിലെത്തിയവർ ഡീസലിന്റെ വിലനിയന്ത്രണവും എടുത്തുകളയുകയാണ് ചെയ്തത്. അന്താരാഷ്ട്ര മാർക്കറ്റിൽ പെട്രോളിയത്തിന്റെ വിലയിൽ റെക്കോർഡ് ഇടിവുണ്ടായിട്ടും അതിന്റെ നേട്ടം ജനങ്ങൾക്ക് നൽകാൻ തയ്യാറാല്ലാത്ത സ്ഥിതിയാണ് ഉള്ളത്. രാജ്യത്തിന്റെ മതേതര പാരമ്പര്യങ്ങളെ തകർക്കുന്ന വിധത്തിൽ അക്രമണോത്സുക വർഗീയ അജണ്ടകളും നടപ്പിലാക്കപ്പെടുകയാണ്.

കേരളം ഭരിക്കുന്ന യു.ഡി.എഫ് സർക്കാരാവട്ടെ കേന്ദ്രസർക്കാർ തുടരുന്ന നയങ്ങൾ അതിതീവ്രമായി ഇവിടെയും നടപ്പിലാക്കുകയാണ്. കേരളത്തിന്റെ വികസനത്തിന് അടിസ്ഥാനമിട്ട ഭൂപരിഷ്കരണ നിയമങ്ങളെ തകർക്കുന്നതിനുള്ള നയങ്ങളാണ് സ്വീകരിക്കുന്നത്. സർക്കാരിന്റെ ഭൂമി റിയൽ എസ്റ്റേറ്റുകാർക്ക് വിട്ടുകൊടുക്കുന്നതിനുള്ള നിയമനിർമ്മാണങ്ങൾ തുടർച്ചയായി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ധാന്യോൽപ്പാദനത്തിനും പരിസ്ഥിതി സംരക്ഷണത്തിനും അത്യന്താപേക്ഷിതമായിട്ടുള്ളതാണ് നെൽവയൽ സംരക്ഷിക്കുക എന്നുള്ളത്. കേരളത്തിൽ നെൽവയലുകളെ പൂർണ്ണമായും നിഷ്കാസനം ചെയ്യുന്ന വിധത്തിലുള്ള നിയമനിർമ്മാണങ്ങളും ഒന്നിനു പുറകെ ഒന്നായി വന്നുകൊണ്ടിരിക്കുകയാണ്.

കേരള വികസനത്തിലെ ഏറ്റവും പ്രധാനപ്പെട്ട ദൗർബല്യമായി നിൽക്കുന്നത് കാർഷിക-വ്യാവസായിക മേഖലകൾ ദുർബലപ്പെട്ടുകിടക്കുന്നു എന്നതാണ്. ഇവയെ ശക്തിപ്പെടുത്തിക്കൊണ്ടു മാത്രമേ നാം കൈവരിച്ച നേട്ടങ്ങൾ നിലനിർത്താനും കൂടുതൽ മുന്നോട്ടുകൊണ്ടുപോകാനും കഴിയൂ. എന്നാൽ, ഇത്തരം കാര്യങ്ങൾ മനസ്സിലാക്കിക്കൊണ്ട് ഇടപെടാൻ സംസ്ഥാന സർക്കാർ തയ്യാറാകുന്നില്ല. കേരളത്തിന്റെ വ്യവസായത്തിന്റെ അടിസ്ഥാനമായ പൊതുമേഖലാ സ്ഥാപനങ്ങൾ തകർക്കുന്ന നടപടികൾ സ്വീകരിക്കുകയാണ്. കാർഷികമേഖലയിൽ റബ്ബറിന് ഉൾപ്പെടെ വൻ വിലത്തകർച്ച ഉണ്ടായിട്ടും അവ പരിഹരിക്കുന്നതിനു പോലും സർക്കാരിന്റെ ഇടപെടലില്ല. സാമൂഹ്യസുരക്ഷാ പദ്ധതികൾ അട്ടിമറിക്കപ്പെട്ടുകഴിഞ്ഞു. വിലക്കയറ്റം പോലുള്ളവ തടയുന്നതിനുള്ള നടപടികളും സർക്കാർ ഭാഗത്തുനിന്നില്ല. വർഗീയശക്തികളെ പ്രോത്സാഹിപ്പിക്കുന്ന നിലപാടും കൂടുതൽ ശക്തിപ്പെടുത്തുകയാണ്.

കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇത്തരം നയങ്ങൾ സ്വീകരിക്കുമ്പോൾ ജനകീയ താൽപ്പര്യം സംരക്ഷിച്ചുകൊണ്ട് മുന്നോട്ടുപോകാനുള്ള പ്രവർത്തനമാണ് ഇടതുപക്ഷം നടത്തിക്കൊണ്ടിരിക്കുന്നത്. രാജ്യത്ത് നടപ്പിലാക്കുന്ന ജനവിരുദ്ധ സാമ്പത്തിക നയങ്ങളെ കോൺഗ്രസ്സും ബി.ജെ.പിയും പിന്തുണയ്ക്കുകയാണ്. ബി.ജെ.പി അക്രമണോത്സുകമായ വർഗീയ നടപടികൾ സ്വീകരിക്കുമ്പോൾ അവയ്ക്കെതിരെ മൃദുസമീപനമാണ് കോൺഗ്രസ്സിന്റെ ഭാഗത്തുനിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഈ രണ്ട് നയങ്ങൾക്കുമെതിരെ ശക്തമായ നിലപാട് സ്വീകരിച്ചുകൊണ്ട് മുന്നോട്ടുപോകുന്നത് ഇടതുപക്ഷ പ്രസ്ഥാനങ്ങളാണ് അതുകൊണ്ടുതന്നെ, ഇടതുപക്ഷ ഐക്യം എന്നത് ജനകീയ താൽപ്പര്യം സംരക്ഷിക്കുന്നതിന് ഏറ്റവും പ്രധാനപ്പെട്ട ഒന്നായി തീരുകയാണ്. ശക്തമായ ഇടതുപക്ഷ ഐക്യത്തിന്റെ അടിസ്ഥാനത്തിൽ ജനാധിപത്യ ശക്തികളെക്കൂടി കൂട്ടിയോജിപ്പിച്ചുകൊണ്ടുള്ള വിപുലമായ രാഷ്ട്രീയ മുന്നേറ്റമാണ് രാജ്യം ആവശ്യപ്പെടുന്നത്. അതിനായി ആഗോളവൽക്കരണ നയങ്ങളെ ശക്തമായി എതിർക്കുകയും വർഗീയതയ്ക്കെതിരെ നിലപാട് സ്വീകരിക്കുകയും ചെയ്യുന്ന ജനവിഭാഗങ്ങളെ ആകെ കൂട്ടിയോജിപ്പിച്ച് മുന്നോട്ടുപോകാൻ കഴിയണം. അതിന്റെ അടിസ്ഥാനത്തിൽ വിശാലമായ രാഷ്ട്രീയ മുന്നേറ്റം രാജ്യത്ത് ഉണ്ടാക്കാൻ കഴിയണം.

ഇടതുപക്ഷ ജനാധിപത്യശക്തികളുടെ യോജിപ്പുണ്ടാക്കുക എന്നത് കേവലമായ ഒരു തെരഞ്ഞെടുപ്പ് മുന്നണി എന്ന അടിസ്ഥാനത്തിൽ നടക്കേണ്ട ഒന്നല്ല. ജനകീയ പ്രശ്നങ്ങളിൽ ഇടപെടുന്ന വ്യക്തമായ ജനകീയ ബദലിന്റെ അടിസ്ഥാനത്തിൽ ഇടപെടുന്ന ജനപക്ഷ മുന്നണിയായി അതിനെ രാജ്യത്താകമാനം വളർത്തിയെടുക്കാനാവണം. അതിനായി യോജിക്കാൻ പറ്റാവുന്നതും ജനങ്ങളെ ആകർഷിക്കാനും പറ്റുന്ന കർമ്മപദ്ധതികൾ മുന്നോട്ടുവയ്ക്കുക എന്നത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. അത്തരത്തിലുള്ള ഒരു കർമ്മപദ്ധതി രൂപീകരിക്കുന്നതിനുവേണ്ടിയുള്ള ശക്തമായ ഇടപെടലാണ് ഈ പഠന കോൺഗ്രസ്സിലൂടെ ഉണ്ടായിട്ടുള്ളത്.

ജനങ്ങളെ അറകളാക്കി വിഭജിച്ചുനിർത്തുന്ന ഭരണവർഗ താൽപ്പര്യത്തിനെതിരെ ജനകീയ താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളെ യോജിപ്പിക്കുന്ന രാഷ്ട്രീയം വികസിപ്പിക്കുക എന്നത് ഏറെ പ്രധാനമാണ്. അത്തരം രാഷ്ട്രീയം വികസിക്കണമെങ്കിൽ ജനകീയ താൽപ്പര്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളെ യോജിപ്പിച്ചുനിർത്തുന്ന കർമ്മപദ്ധതികളും കാഴ്ചപ്പാടുകളും ഉണ്ടാകേണ്ടതുണ്ട്. അത്തരം കർമ്മപദ്ധതികളും കാഴ്ചപ്പാടുകളും രൂപീകരിക്കുക എന്ന ലക്ഷ്യം കൂടിയാണ് ഈ പഠന കോൺഗ്രസ്സിലൂടെ നാം സാക്ഷാത്കരിക്കുന്നത്.

യു.ഡി.എഫ് സർക്കാർ കേരളത്തിന്റെ ഭാവിയെ സംബന്ധിച്ച് 'കേരള പരിപ്രേക്ഷ്യപദ്ധതി 2030' എന്ന ഒരു വികസന രേഖ മുന്നോട്ടുവച്ചിട്ടുണ്ട്. ആഗോളവൽക്കരണ നയങ്ങൾ നടപ്പിലാക്കുന്നതിനുള്ള നിർദ്ദേശങ്ങളാണ് അതിനകത്തുള്ളത്. അതിനു പകരമായി കേരളത്തിന്റെ നേട്ടങ്ങൾ സംരക്ഷിച്ചുകൊണ്ടും കോട്ടങ്ങൾ പരിഹരിക്കുന്നതിനുതകുന്ന ഒരു വികസന മാതൃകയാണ് ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അത് സംസ്ഥാനത്തെ വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ജനവിഭാഗങ്ങൾ കൂടി ചേർന്ന് ഉണ്ടാക്കിയതാണ് എന്നതും ഏറെ പ്രധാനപ്പെട്ട ഒന്നാണ്. ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നിർമ്മിക്കപ്പെടുന്ന ബദൽ നയങ്ങൾ രൂപപ്പെടുത്തുന്നതിന് നേതൃത്വപരമായ പങ്കാണ് പാവങ്ങളുടെ പടത്തലവനെന്ന് വിശേഷിപ്പിക്കപ്പെടുന്ന എ.കെ.ജിയുടെ നാമധേയത്തിലുള്ള ഈ പഠന ഗവേഷണ കേന്ദ്രം നിർവ്വഹിച്ചിട്ടുള്ളത്.

വികസനത്തെ സംബന്ധിച്ച് പല സെമിനാറുകളും നമ്മുടെ നാട്ടിൽ നടക്കാറുണ്ട്. അത് ചർച്ചകളിൽ അവസാനിച്ചുപോവുകയാണ് പലപ്പോഴും ഉണ്ടാകാറുള്ളത്. അതിൽനിന്നും വ്യത്യസ്തമായി ചർച്ചയിലൂടെ രൂപപ്പെട്ട കാര്യങ്ങൾ ജനങ്ങളുടെ പൊതുബോധമായി മാറ്റുന്നതിന് നമുക്ക് കഴിയേണ്ടതുണ്ട്. അതിനുതകുന്ന പ്രവർത്തനങ്ങളാണ് പാർടി നടപ്പിലാക്കാനുദ്ദേശിക്കുന്നത്.

ഈ സെമിനാറിൽ രൂപപ്പെട്ടിട്ടുള്ള വികസന കാഴ്ചപ്പാടുകളുടെ അടിസ്ഥാനത്തിൽ നിയമസഭാ മണ്ഡലാടിസ്ഥാനത്തിൽ സെമിനാർ സംഘടിപ്പിക്കും. പ്രാദേശിക വികസന പ്രശ്നങ്ങൾ കൂടി ചർച്ച ചെയ്തുകൊണ്ടുള്ള പരിപാടിയായിരിക്കും അത്.

ഇവിടെ രൂപപ്പെടുന്ന ജനകീയ വികസന കാഴ്ചപ്പാട് ജനങ്ങളുടെ പൊതുബോധമാക്കി മാറ്റുക മാത്രമല്ല, അത് സംസ്ഥാനത്ത് നടപ്പിലാക്കാനുതകുന്ന പ്രവർത്തനങ്ങളും തുടർന്ന് സംഘടിപ്പിക്കും. കേരളത്തിലെ ആർക്കും അവഗണിക്കാൻ പറ്റാത്ത ഒന്നായി ഈ വികസന കാഴ്ചപ്പാടുകൾ മാറ്റിത്തീർക്കും. അത് സംസ്ഥാനത്താകമാനം നടപ്പിലാക്കുന്നതിന് പാർടിക്ക് ഇടപെടാൻ പറ്റുന്ന എല്ലാ മേഖലകളേയും ഉപയോഗപ്പെടുത്തും. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിമിതിക്കകത്തുനിന്നുകൊണ്ട് ഈ രേഖയിൽ മുന്നോട്ടുവച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുന്നതിന് ഇപ്പോൾ തന്നെ ഇടപെടും. സംസ്ഥാനത്ത് നിയമസഭാ തെരഞ്ഞെടുപ്പ് നടക്കാൻ മാസങ്ങൾ മാത്രമേയുള്ളൂ. ആ തെരഞ്ഞെടുപ്പിൽ ഇത്തരം കർമ്മപദ്ധതികൾ കൂടി നടപ്പിലാക്കുന്നതിനുള്ള അംഗീകാരത്തിനുവേണ്ടി കൂടിയായിരിക്കും ജനങ്ങളെ സമീപിക്കുക.

വികസന നയങ്ങൾ മുന്നോട്ടുവയ്ക്കുകയും അതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുപ്പുകളെ അഭിമുഖീകരിക്കുകയും ഭരണതലത്തിൽ അവ നടപ്പിലാക്കുകയും ചെയ്ത അനുഭവം കേരളത്തിലെ പാർടിക്കുണ്ട്. 1956ൽ പാർടി അംഗീകരിച്ച വികസന രേഖയാണ് 1957 ലെ സർക്കാരിന് മാർഗനിർദ്ദേശകമായത്. 1994 ലെ ഒന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്സിൽ ഉന്നയിക്കപ്പെട്ടിട്ടുള്ള അധികാരവികേന്ദ്രീകരണത്തെ പറ്റിയുള്ള കാഴ്ചപ്പാടുകളാണ് ജനകീയാസൂത്രണം പോലുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് പിൽക്കാലത്ത് അധികാരത്തിൽ വന്ന ഇടതുപക്ഷ സർക്കാരിന് പ്രചോദനമായിത്തീർന്നത്. രണ്ടാം പഠന കോൺഗ്രസ്സിലെ കാഴ്ചപ്പാടുകൾ കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ പ്രവർത്തനങ്ങൾക്ക് ഏറെ സഹായകമായി എന്നതും നമ്മുടെ മുമ്പിലുണ്ട്.

കേരളത്തിന്റെ വികസന താൽപ്പര്യമുള്ളവരെ അണിനിരത്തിക്കൊണ്ട് കാഴ്ചപ്പാടുകൾ രൂപീകരിക്കുക എന്ന നയം കഴിഞ്ഞ തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പിലും എൽ.ഡി.എഫ് സ്വീകരിച്ചിട്ടുണ്ട്. ജനങ്ങളിൽനിന്ന് അഭിപ്രായം സ്വീകരിച്ചുകൊണ്ടാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് പ്രകടനപത്രിക തയ്യാറാക്കിയിട്ടുള്ളത്. അവ നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്തുന്നതിന് പാർടി ഇടപെടുന്നതാണ്. അതുപോലെ, ഇവിടെ രൂപീകരിക്കപ്പെട്ട ഈ വികസന കാഴ്ചപ്പാടുൾ കേരള സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പാർടി സ്വീകരിക്കും എന്ന് ഉറപ്പുനൽകുന്നു. പഠന കോൺഗ്രസ് നടത്തണമെന്ന് തീരുമാനിച്ചശേഷം മാസങ്ങളായി ഇതിന്റെ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന പ്രവർത്തകരെ അഭിനന്ദിക്കുന്നതിനും ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തട്ടെ.

## നാലാം അന്താരാഷ്ട്ര പഠന കോൺഗ്രസ്
## ഉദ്ഘാടന സമ്മേളനത്തിലെ മുഖ്യപ്രഭാഷണം

# കേരളവികസനത്തിന് പുതിയ പരിപ്രേക്ഷ്യം

വി എസ് അച്യുതാനന്ദൻ

കേരള വികസനത്തെപ്പറ്റി വ്യക്തമായ കാഴ്ചപ്പാട് എന്നും കൈക്കൊണ്ടിട്ടുള്ള പാർടിയാണ് സിപിഐ എം. ഈ കാഴ്ചപ്പാടാകട്ടെ, കേരളത്തിന്റെ വസ്തുനിഷ്ഠ യാഥാർത്ഥ്യങ്ങൾ കണക്കിലെടുത്തുകൊണ്ട്, കൃത്യമായ വർഗവീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയിട്ടുള്ളതുമാണ്. ഐക്യകേരളത്തിനായുള്ള പ്രക്ഷോഭനാളുകളിലടക്കം അന്നത്തെ കമ്മ്യൂണിസ്റ്റു പാർടി ഇത്തരമൊരു നിലപാടാണ് സ്വീകരിച്ചിരുന്നത്. ''വികസനത്തിന്റെ വർഗപരമായ ചട്ടക്കൂടും വികസനനയങ്ങളുടെ വർഗപരമായ കാഴ്ചപ്പാടുമാണ് അടിസ്ഥാനപ്രശ്നം'' എന്ന് 'വികസനത്തിന്റെ രാഷ്ട്രീയം' എന്ന ലഘുലേഖയിൽ വർഷങ്ങൾക്കു മുമ്പ് ഇ.എം.എസ് നിരീക്ഷിച്ചത് ഇത്തരുണത്തിൽ പ്രസക്തമാണ്.

ഇന്ത്യയിലെ ഒരു ചെറിയ സംസ്ഥാനം എന്ന നിലയിൽ കേരളത്തിന്റെ വികസനപ്രശ്നങ്ങളും അതിന്റെ സാധ്യതകളും രാജ്യത്തിന്റെ പൊതുവികസനവുമായി ബന്ധപ്പെട്ടതാണ്. അതുകൊണ്ടുതന്നെ രാജ്യം പിന്തുടരുന്ന വികസന കാഴ്ചപ്പാടും നയങ്ങളും കേരള വികസനത്തെ സ്വാധീനിക്കുകയും നിയന്ത്രിക്കുകയും ചെയ്യും. നമ്മുടെ രാജ്യമാകട്ടെ, മുതലാളിത്ത വികസനപാത സ്വീകരിക്കുകയും, നവലിബറൽ നയങ്ങൾ പിന്തുടരുകയുമാണ് ചെയ്യുന്നത്. നവലിബറൽ നയങ്ങൾ പിന്തുടരുക മാത്രമല്ല, സാമ്രാജ്യത്വ അനുകൂല നിലപാടുകൾ കൈക്കൊള്ളുകയും ചെയ്യുന്നു. ആഗോളവൽക്കരണ നയങ്ങൾ ആടിത്തിമിർത്തുകൊണ്ടിരിക്കുന്ന കഴിഞ്ഞ കാൽ നൂറ്റാണ്ടിനിടയിൽ മുതലാളിത്ത വികസനപാതയുടെ രീതികൾ കൂടുതൽ കർക്കശവും ശക്തവുമായിട്ടുണ്ട്. ഉൽപ്പാദനത്തിലെയും ഉൽപാദനക്ഷമതയിലെയും കുറവ്, നാണ്യപ്പെരുപ്പം, പെരുകുന്ന വിദേശകടം, കള്ളപ്പണം, ഇതുളവാക്കുന്ന സാമ്പത്തിക പ്രതിസന്ധി, പൊതുമേഖലയോടുള്ള വിപ്രതിപത്തി, സ്വകാര്യ-കോർപ്പറേറ്റ്വൽക്കരണത്തിന്റെ ശക്തിപ്പെടൽ, തൊഴിലില്ലായ്മ തുടങ്ങിയവയെല്ലാം ഇതിന്റെ ഫലമായി കണ്ടുവരുന്ന പ്രവണതകളാണ്. ഈ സാമ്പത്തിക നയങ്ങളുടെ പൊളിച്ചെഴുത്തിലൂടെയും അതിനു സഹായകമായ ജനകീയ ഇടപെടലുകളിലൂടെയും മാത്രമേ സാമ്രാജ്യത്വ നയങ്ങളെ എതിർക്കാനും, ജനപക്ഷത്തുനിന്നുള്ള വികസനം യാഥാർത്ഥ്യമാക്കാനും കഴിയൂ.

എന്നാൽ, ഈ മുതലാളിത്ത വികസനപാതയുടെ ചട്ടക്കൂട്ടിൽ നിന്നുകൊണ്ടുതന്നെ 1957-ലെ ആദ്യ കമ്യൂണിസ്റ്റ് ഗവൺമെന്റും തുടർന്ന് വിവിധ ഘട്ടങ്ങളിൽ അധികാരത്തിലെത്തിയ കമ്യൂണിസ്റ്റ് പാർട്ടിയുടെ നേതൃത്വത്തിലുള്ള എൽ.ഡി.എഫ് ഗവൺമെന്റുകളും ബദൽ വികസന നയങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

1957-ലെ കമ്യൂണിസ്റ്റ് ഗവൺമെന്റ് നടപ്പാക്കിയ നയങ്ങളുടെ ഫലമായി രൂപപ്പെട്ട 'കേരളാ മോഡൽ' വികസനത്തെപ്പറ്റിയുള്ള ഗൗരവതരമായ സംവാദങ്ങളിലൊക്കെ ഇടംപിടിക്കുന്നതുമാണ്. കാർഷിക ഭൂപരിഷ്കരണത്തിന്റെ ഫലമായുണ്ടായ ഭൂമിവിതരണവും, വിദ്യാഭ്യാസ നയങ്ങൾ സൃഷ്ടിച്ച ആ രംഗത്തെ ജനാധിപത്യവൽക്കരണവും സാർവത്രികവൽക്കരണവും ആയിരുന്നു ഈ വികസനത്തിന്റെ അടിസ്ഥാനശില. പതിറ്റാണ്ടുകളായി അടിച്ചമർത്ത പ്പെട്ടുകിടന്നിരുന്ന ജനവിഭാഗങ്ങൾക്ക് സ്വന്തം കിടപ്പാടമുണ്ടായതും, സാക്ഷരതയിലും വിദ്യാഭ്യാസത്തിലും കൈവരിച്ച നേട്ടങ്ങളും, അനുബന്ധ നേട്ടങ്ങളെന്ന നിലയിലുണ്ടായ ശിശുമരണത്തിലെ കുറവ്, ജനസംഖ്യാ വർധനവിലെ കുറവ്, ആയുർദൈർഘ്യത്തിലുണ്ടായ വർധനവ് എന്നിവയെല്ലാം കേരളാ മോഡൽ വികസനത്തിന് ശക്തിപകർന്ന ഘടകങ്ങളാണെന്നതിൽ ആർക്കും തർക്കമില്ല. കേരളത്തിന്റെ നവോത്ഥാന പാരമ്പര്യവും, ഇടതുപക്ഷസാന്നിധ്യവും ഉയർന്ന രാഷ്ട്രീയബോധവും ഈ മുന്നേറ്റത്തിന് ചാലകശക്തിയായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ ഇത്തരത്തിലുള്ള സാമൂഹ്യനേട്ടങ്ങൾ സാമ്പത്തിക വളർച്ചയിൽ പ്രതിഫലിച്ചില്ല. അതുപോലെ ഭൂപരിഷ്കരണം നടന്നിട്ടും ഉൽപ്പാദനവർധനവ് ഉണ്ടായില്ല. വിദ്യാഭ്യാസരംഗത്ത് വികസനം സാധ്യമായെങ്കിലും വ്യവസായവികസനം വേണ്ടത്ര ഉണ്ടായില്ല. ഇതിന്റെ ഫലമായി തൊഴിലില്ലായ്മ വർധിക്കുകയും, സാമ്പത്തിക പ്രതിസന്ധി രൂക്ഷമാവുകയും ചെയ്തു. ഇതുമൂലം മുൻകാലത്ത് നാം കൈവരിച്ച നേട്ടങ്ങൾ നിലനിർത്താൻ കഴിയാതെ വന്നു. ചുരുക്കത്തിൽ സാമൂഹ്യരംഗത്ത് കൈവരിച്ച നേട്ടങ്ങൾക്ക് ആനുപാതികമായി സാമ്പത്തിക വളർച്ചയോ ഉൽപ്പാദനവർധനവോ ഉണ്ടായില്ല എന്നർത്ഥം. ആഗോളവൽക്കരണവും, നവലിബറൽ സാമ്പത്തിക നയങ്ങളും ഈ സ്ഥിതി കൂടുതൽ രൂക്ഷമാക്കി. ഈ പശ്ചാത്തലത്തിലാണ് നാം കേരള വികസനത്തിന്റെ പുതിയ പരിപ്രേക്ഷ്യത്തെപ്പറ്റി ചർച്ച ചെയ്യുന്നത്.

ആഗോളവൽക്കരണത്തിന്റെ അഭിരുചികൾ സജീവമായതോടെ ഉപഭോക്തൃ സംസ്ഥാനമെന്ന കേരളത്തിന്റെ സവിശേഷത കൂടുതൽ ശക്തമായി. ഉൽപ്പാദിപ്പിച്ച് ഉപയോഗിക്കുക എന്നതിൽ നിന്ന് എന്തും വാങ്ങി ഉപയോഗിക്കുക എന്ന അവസ്ഥയിലേക്ക് നാം എത്തിച്ചേർന്നു. ഫലമോ? കൃഷിയിടങ്ങൾ വ്യാപകമായി നികത്തി ഫ്ളാറ്റുകളും മറ്റു കച്ചവട സ്ഥാപനങ്ങളും പടുത്തുയർത്താൻ തുടങ്ങി., അങ്ങനെ എഴുപതുകളിൽ 15 ലക്ഷം ഹെക്ടറിലേറെ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നത് ഇന്ന് രണ്ടര ലക്ഷം ഹെക്ടറായി ചുരുങ്ങി. ഇത് നെല്ലുൽപ്പാദനത്തിലും ഭക്ഷ്യസുരക്ഷയിലും മാത്രമല്ല പ്രശ്നങ്ങൾ സൃഷ്ടിച്ചത്. നമ്മുടെ കാർഷിക സംസ്കൃതിയിലും ശോഷണമുണ്ടാക്കി.

നാണ്യവിളകളിലേക്ക് വഴിമാറിയ കർഷകനും ആഗോളവൽക്കരണത്തിന്റ ഫലമായി വിലത്തകർച്ച നേരിട്ടതോടെ പ്രതിസന്ധിയിലായി. റബറിനുണ്ടായ സമീപകാല വിലയിടിവും അത് കേരളത്തിന്റെ സമ്പദ്ഘടനയിലുണ്ടാക്കുന്ന വെല്ലുവിളികളും ഇത്തരുണത്തിൽ പ്രസക്തമാണ്. അരിയുടെ കാര്യത്തിൽ മാത്രമല്ല, പച്ചക്കറിയിലും നാം തമിഴ്നാടുപോലുള്ള സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ട സ്ഥിതിയാണ്. വൻകിട വ്യവസായങ്ങളുടെ കാര്യത്തിൽ നാം എന്നും പിന്നിലാണ്. ഭൂമിയുടെ ലഭ്യതക്കുറവ്, ജനസാന്ദ്രത, പരിസ്ഥിതി പ്രശ്നങ്ങൾ എന്നിവയൊക്കെ വൻവ്യവസായങ്ങൾക്ക് തടസം നിൽക്കുന്നു. ഈയവസ്ഥയിൽ ചെറുകിട-വ്യവസായ സംരംഭങ്ങൾ വ്യാപകമാക്കുന്നതിനെപ്പറ്റി ആലോചിക്കേണ്ടതുണ്ട്.

അടിസ്ഥാനസൗകര്യ വികസനമാണ് മറ്റൊരു പ്രശ്നം. വൈദ്യുതിയുൽപ്പാദനം വലിയ തോതിൽ വർധിപ്പിക്കാൻ കഴിയണം. റോഡുകളും ജലമാർഗങ്ങളും ദീർഘവീക്ഷണത്തോടെ വികസിപ്പിക്കണം. നമ്മുടെ പല റോഡുകളും നിർമിച്ച ഘട്ടത്തിൽ ഉണ്ടായിരുന്നതിന്റെ നൂറും ഇരുന്നൂറും മടങ്ങ് വാഹനങ്ങളാണ് വർധിച്ചിട്ടുള്ളത്. ഇതുമൂലം ഗതാഗത സ്തംഭനം നിത്യസംഭവമായി എന്നു മാത്രമല്ല, ഇന്ധനനഷ്ടം, സമയനഷ്ടം, പരിസരമലിനീകരണം എന്നിവ ഇതിനു പുറമേയാണ്.

സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമിയും വനവുമൊക്കെ മാഫിയകൾ വ്യാപകമായി കൈയ്യേറുന്നുണ്ട്. ഇത് അവസാനിപ്പിക്കാനും, കയ്യേറിയ ഭൂമി തിരിച്ചുപിടിക്കാനും ശക്തമായ സംവിധാനം ഉണ്ടാകണം. ഇത് സർക്കാരുകളുടെ മാത്രം ബാധ്യതയായി കാണാതെ, കേരള സമൂഹം ഒന്നടങ്കം ഉണർന്നെണീക്കേണ്ടിയിരിക്കുന്നു.

ജലചൂഷണം, മണൽവാരൽ, പാറഖനനം എന്നിവയിലും കർശന നിയന്ത്രണങ്ങളും നിരോധനങ്ങളും ഏർപ്പെടുത്തേണ്ടതുണ്ട്., ജലവും മണ്ണും പാറയും ചൂഷണം ചെയ്യുന്നത് പ്രകൃതിയുടെ നിലനിൽപ്പുതന്നെ അപകടപ്പെടുത്തുന്നതാണെന്ന തിരിച്ചറിവ് ഉണ്ടാകേണ്ടിയിരിക്കുന്നു. പരിസ്ഥിതിയുടെ പേരിൽ വികസനം മുരടിപ്പിക്കുകയോ, വികസനത്തിന്റെ പേരിൽ പരിസ്ഥിതി തകർക്കപ്പെടുകയോ പാടില്ല.

ഐ ടി വികസനം വലിയ സാധ്യതകൾ തുറക്കുന്നുണ്ടെങ്കിലും അത് പൂർണമായും പ്രയോജനപ്പെടുത്താൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല. കൊട്ടിഘോഷിച്ച സ്മാർട്ട്സിറ്റി പോലും ഇഴഞ്ഞു നീങ്ങുകയാണെന്നോർക്കണം.

ടൂറിസത്തിന്റേതാണ് മറ്റൊരു ശ്രദ്ധേയമായ മേഖല. ചരിത്രത്തിന്റെയും സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും തിരുശേഷിപ്പുകൾ കൊണ്ടു സമ്പന്നമാണ് കേരളം. പച്ചപ്പിന്റെ കാര്യമാണെങ്കിൽ പറയാനുമില്ല. ഇതു പരമാവധി പ്രയോജനപ്പെടുത്തിയുള്ള ടൂറിസം വികസനസാധ്യതകൾ പരിശോധിക്കണം. ഇതിനാകട്ടെ നമ്മുടെ മണ്ണും പ്രകൃതിയും പരിസ്ഥിതിയുമൊക്കെ സംരക്ഷിക്കേണ്ടത് മുന്നുപാധിയുമാണ്.

ഈ തരത്തിൽ പുതിയ കാലത്ത് കേരളത്തിന്റെ വികസനത്തിന് അനന്തമായ സാധ്യതകളാണുള്ളത്. ഇത് പ്രയോജനപ്പെടുത്താൻ കഴിയുന്ന അന്തരീക്ഷം സൃഷ്ടിക്കാൻ നമുക്ക് കഴിയണം. അതു കേവലം ഗവൺമെന്റിന്റെ മാത്രം കാര്യമായി കണ്ടുകൂടാ. സംഘടിത ബഹുജനപ്രസ്ഥാനങ്ങളും, ജനാധിപത്യ-രാഷ്ട്രീയബോധവും കേരളത്തിന്റെ ഏറ്റവും വലിയ മുതൽക്കൂട്ടാണ്. ഇതിനൊപ്പം സഹകരണ പ്രസ്ഥാനത്തിന്റെയും സാക്ഷരതാ പ്രസ്ഥാനത്തിന്റെയും ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെയും ശക്തമായ ശൃംഘലയുമുണ്ട്. ഈ സംഘടിതശക്തിയും രാഷ്ട്രീയബോധവും ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർധിപ്പിക്കാൻ എങ്ങനെ പ്രയോജനപ്പെടുത്താമെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

അതുപോലെ ഭരണരംഗത്തെ രാഷ്ട്രീയ സംവിധാനങ്ങളിൽ ഇടയ്ക്കിടയ്ക്ക് സംഭവിക്കുന്ന മാറ്റങ്ങൾ ഒരു കാരണവശാലും വികസനമുന്നേറ്റത്തെ തടസ്സപ്പെടുത്തിക്കൂടാ. അധികാര വികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും കാര്യത്തിൽ ഇപ്പോൾ സംഭവിച്ചുകൊണ്ടിരിക്കുന്ന പാളിച്ചകൾ ഇതിനുദാഹരണമാണ്.

ഈ വസ്തുതകളുടെയെല്ലാം നാനാവശങ്ങൾ പരിശോധിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുന്നതായിരുന്നു കഴിഞ്ഞ നാളുകളിൽ സിപിഐ എം സംഘടിപ്പിച്ച പഠനകോൺഗ്രസുകൾ. ഇതേ തുടർന്ന് അധികാരത്തിലെത്തിയ എൽഡിഎഫ് ഗവൺമെന്റുകൾ പഠനകോൺഗ്രസുകളുടെ നിർദേശങ്ങൾ പലതും നടപ്പാക്കിയെങ്കിലും, ഇടക്കാലത്ത് വന്ന യുഡിഎഫ് സർക്കാർ ഇതെല്ലാം അട്ടിമറിക്കുകയായിരുന്നു. അതുകൊണ്ട് വികസനമുന്നേറ്റങ്ങൾക്ക് പലതിനും തുടർച്ച ഉണ്ടായില്ല. ഇത് കേരള സമൂഹം ഗൗരവമായി പരിശോധിക്കേണ്ട വിഷയമാണ്.

ഈ പശ്ചാത്തലത്തിലാണ് ഇത്തവണ നാലാമത് കേരള പഠന കോൺഗ്രസ് സംഘടിപ്പിച്ചിട്ടുള്ളത്. ഓരോ മേഖലയിലെയും വിദഗ്ധർ പങ്കെടുക്കുന്ന ചർച്ചകളുടെയും നിഗമനങ്ങളുടെയും അടിസ്ഥാനത്തിൽ കേരളത്തെ മുന്നോട്ടു നയിക്കുന്നതിനാവശ്യമായ രൂപരേഖ പഠനകോൺഗ്രസിൽ തയ്യാറാക്കുമെന്നാണ് കരുതുന്നത്. ഇത് വരുംകാല കേരളവികസനത്തിന് പുത്തൻ കുതിപ്പുകൾ നൽകാനും സഹായകമാകും.

# സംസ്ക്കാരവും വികസനവും

## എം എ ബേബി

കേരള പഠനകോൺഗ്രസിന്റെ ചർച്ചയിൽ സംസ്ക്കാരം രണ്ടുതരത്തിലെങ്കിലും ഗൗരവപൂർവ്വം പരിഗണിക്കേണ്ടതുണ്ട്. സാംസ്കാരിക മേഖലയിൽ എന്തുതരത്തിലുള്ള വികസനമാണ് വേണ്ടത് എന്നതുതന്നെ ഒരു പ്രധാന കാര്യം. നസീം ഹിക്മതിന്റെ പ്രസിദ്ധമായ ഒരു കവിതയിലെ ആശയം ഇവിടെ പ്രസക്തമാണ്. 'സാധാരണ ജനങ്ങൾ പറയുകയാണ്, ഞങ്ങൾക്ക് വേണ്ടത് ഒരു തുണ്ട് സ്ലേറ്റല്ല; ഒരു സംസ്ക്കാരം മുഴുവനുമാണ്'. ജനങ്ങൾക്ക് അവകാശപ്പെട്ട സംസ്ക്കാരം, അതിന്റെ ഉള്ളടക്കം എല്ലാം തന്നെ ഏതാനും ആഭിജാതരും ആഢ്യന്മാരും ചർച്ച ചെയ്തു നിശ്ചയിക്കേണ്ടതല്ല എന്നതും പ്രധാനമാണ്. സംസ്ക്കാരവുമായി ബന്ധപ്പെട്ട കാര്യങ്ങളിലെല്ലാം ജനങ്ങൾക്ക് കടന്നുവരാനും ഇടപെടാനും അധികാരവും അവകാശവുമുണ്ട് എന്ന ജനകീയ സാംസ്കാരിക സമീപനമാണ് നാം മുറുകെ പിടിക്കേണ്ടത്. 'കേരളം മലയാളികളുടെ മാതൃഭൂമി' എന്ന തന്റെ രചനയിൽ ഇഎംഎസ് ഇക്കാര്യം ചർച്ച ചെയ്യുന്നത് നമ്മുടെ ഓർമ്മയിലുണ്ട്. കെ ടി മുഹമദിനെ പോലുള്ള നാടകകൃത്തുക്കളും കെ എസ് ജോർജിനെയും സുലോചനയെയും പോലുള്ള ഗായകരും ഉയർന്നു വന്നതും തോട്ടിയുടെയും തൊഴിലാളിയുടെയും കൃഷിക്കാരുടെയും യാചകരുടെയും ജീവിതം സാഹിത്യരചനകളിലും കലാസൃഷ്ടികളിലും ഇതിവൃത്തമായതും ഇഎംഎസ് ചൂണ്ടിക്കാട്ടി. ഇന്ന് ഇനി എന്തൊക്കെ നവീകരണങ്ങളാണ് ഈ മേഖലയിൽ പ്രസക്തമെന്നത് പഠനകോൺഗ്രസിന്റെ ഭാഗമായി ചർച്ച ചെയ്യണം. ഒപ്പം ജനകീയ ഇടപെടലിനെ ശക്തിപ്പെടുത്താൻ ഒരു പുരോഗമന സർക്കാരിന് ഈ രംഗത്ത് എന്തൊക്കെ ചെയ്യാനാവുമെന്നും അതിന് ആവശ്യമായ പണം എങ്ങനെ കണ്ടെത്താൻ കഴിയുമെന്നും വ്യക്തത വരുത്തണം. കമ്പോള പിടിയിൽ അമർന്ന ഉപഭോഗ സംസ്ക്കാരത്തിന്റെ അരോചകമായ അശ്ലീലങ്ങൾക്കെതിരെ ഏതൊക്കെ വിധത്തിൽ വൈവിധ്യപൂർണവും ധീരവും നൂതനവും മനോഹരവുമായ ജനകീയ സാംസ്കാരിക ഇടപെടലുകൾ സാധ്യമാക്കാം എന്ന അന്വേഷണം ഇതിന്റെ ഭാഗമാകണം. ഹീനമായ സ്വന്തം പ്രതിച്ഛായയിൽ ലോകത്തെ വാർത്തെടുക്കാൻ ശ്രമിക്കുന്ന മൂലധന ശക്തികൾക്കും ലോകാധിപത്യ പ്രവണതകൾക്കും എതിരായും, വർഗീയ- വിഭാഗീയ- മതതീവ്രവാദ- യാഥാസ്ഥിതിക- ശാസ്ത്രവിരുദ്ധ- സങ്കുചിതത്വങ്ങൾക്കെതിരെയും സർഗ വൈവിദ്ധ്യത്തിന്റെയും ബദൽ ജീവിതത്തിന്റെയും പോരാട്ടവും ആഘോഷവുമാക്കി ഇത്തരം ഇടപെടലുകളെയും ചെറുത്തുനിൽപ്പുകളെയും ഉണർത്താനും ഉയർത്താനും സാധിക്കണം

ഇതാകട്ടെ 'വികസന'ത്തെ പറ്റിയുള്ള അടിസ്ഥാനപരമായ ഒരു ബദൽ സാംസ്ക്കാരിക സമീപനത്തിന്റെ ഭാഗമായാണ് രൂപപ്പെടുത്താനാവുക. 'സ്വാതന്ത്ര്യം' എന്ന അർത്ഥത്തിൽ 'വികസനം' എന്ന വിഷയം ചർച്ച ചെയ്യപ്പെടുന്നത് യഥാർത്ഥത്തിൽ ഈ വ്യത്യസ്ത സമീപനത്തിന്റെ ഭാഗമാണ്. 'ആരുടെ വികസനം' എന്നും, 'എന്തു വിലകൊടുത്തുള്ള വികസനമെന്നും', 'വികസനത്തിന്റെ രാഷ്ട്രീയം' എന്താണെന്നുമുള്ള ചോദ്യങ്ങൾ ഉയർന്നുവരുന്നത് ഈ പശ്ചാത്തലത്തിലാണ്.

'ജിഡിപി വളർച്ച', ആളോഹരി വരുമാന വർധന' എന്നിങ്ങനെയുള്ള കണക്കുകസർത്തുക ളിൽ കുടുങ്ങി കിടക്കുകയും ഒതുങ്ങി പോവുകയും ചെയ്യുന്ന ചർച്ചകൾ 'ജനകീയ വികസന സംസ്ക്കാരത്തിന്' വിരുദ്ധമാണ്. സാധാരണ ജനങ്ങളുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നു വെന്നതും പരിസ്ഥിതി സന്തുലനത്തെ പരിക്കേൽപ്പിക്കുന്നുണ്ടോയെന്നതും പരിഗണിക്കാതെയു ള്ള സാമ്പത്തിക വളർച്ചാ ചർച്ചകൾ അർത്ഥശൂന്യമാണെന്ന കാഴ്ചപ്പാടിൽ നിന്നാണ് ജനകീയ വികസന കാഴ്ചപ്പാട് ഉയർന്നുവരുന്നത്. സ്വന്തം ലാഭത്തിന്റെ വളർച്ചയ്ക്കായി ജനങ്ങളെയും പ്രകൃതിയെയും എങ്ങനെ കൊള്ളയടിച്ചാലും വേണ്ടില്ല എന്ന കാഴ്ചപ്പാടാണ് മൂലധന വാഴ്ച മുന്നോട്ടുവെയ്ക്കുന്നത്. മറിച്ച് പരിസ്ഥിതി സന്തുലനം കാത്തുസൂക്ഷിച്ചു കൊണ്ടുവേണം, സാധാ രണ ജനജീവിതം മെച്ചപ്പെടാനുതകുന്ന വികസന പദ്ധതികൾ ഏറ്റെടുക്കേണ്ടത് എന്ന സുസ്ഥിര വികസന പരിപ്രേക്ഷ്യമാണ് പുരോഗമന ശക്തികൾ മുന്നോട്ടുവെയ്ക്കുന്നത്. ഇതാണ് വികസനം സംബന്ധിച്ച ശാസ്ത്രീയവും സാംസ്കാരികവുമായ നമ്മുടെ സമീപനം. ചിന്തിക്കുകയും ഭാവിയെ കുറിച്ച് ആലോചിക്കുകയും ചെയ്യുന്നവരെല്ലാം ഒരുമിച്ച് ഈ കാഴ്ചപ്പാടിലേക്ക് അണിനിരക്കണ മെന്ന് ആഹ്വാനം നൽകിയവരിൽ ഫ്രാൻസിസ് മാർപ്പാപ്പയുമുണ്ട്.

245 ഖണ്ഡികകളുള്ള മാർപ്പാപ്പയുടെ ചാക്രിക ലേഖനത്തിൽ (2015 മെയ് 24 ന് എഴുതിയത്) മുഖ്യചർച്ചാ വിഷയം പാരിസ്ഥിതിക പ്രശ്നത്തിന്റെ ഗൗരവവും അത് മനുഷ്യഭാവിയുമായി എത്ര ബന്ധപ്പെട്ടിരിക്കുന്നു എന്നതുമാണ്. 49-ാം ഖണ്ഡികയുടെ അവസാനം അദ്ദേഹം വ്യക്തമാക്കു ന്നു: ഇന്ന് നാം മനസ്സിലാക്കേണ്ടത് സത്യസന്ധമായ ഒരു പാരിസ്ഥിതി സമീപനം എപ്പോഴും ഒ രു സാമൂഹിക സമീപനം ആവും എന്നതാണ്. അത് പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ചുള്ള സംവാദങ്ങളിൽ നീതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളെ ഉൾചേർക്കും. ഭൂമിയുടെയും ദരിദ്രരു ടെയും നിലവിളി കേൾക്കാൻ അപ്പോഴാണ് സാധിക്കുക. കേരള പഠന കോൺഗ്രസിൽ കാലാവ സ്ഥാ വ്യതിയാനം ചർച്ചാ വിഷയമാകുന്നതും ഈ ഘട്ടത്തിൽ കൂടിയാണ്.

കഴിഞ്ഞ എൽഡിഎഫ് സർക്കാർ കൊണ്ടുവന്ന 2008 ലെ നെൽവയൽ തണ്ണീർതട സംരക്ഷണ നിയമം അട്ടിമറിക്കുന്ന ഇപ്പോഴത്തെ യുഡിഎഫ് സർക്കാരിന്റെ നയം മർമ്മപ്രധാനമായ പാരി സ്ഥിതിക വിഷയത്തിൽ ഇരുമുന്നണികളുടെയും നിലപാടുകളിലെ അജഗജാന്തരം വ്യക്തമാ ക്കുന്നു. ഈ അട്ടിമറി നടത്തുന്നതാകട്ടെ, ഭൂമാഫിയയുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനാണ്. പരിസ്ഥിതി നിയമത്തെ അട്ടിമറിക്കാൻ, ധനകാര്യ നിർദേശങ്ങൾക്ക് പ്രാബല്യം നൽകാനുള്ള നിയമത്തിന്റെ മറവിലാണ് നീക്കമെന്ന വിചിത്രമായ വസ്തുതയും ശ്രദ്ധേയമാണ്. സാമൂഹിമായി വളരെ പ്രധാനപ്പെട്ട ഒരു നിയമത്തെ അസ്തവീര്യമാക്കാൻ കള്ളകളി നടത്തുന്നു എന്ന അധമ രാഷ്ട്രീയ സംസ്ക്കാരം കൂടി നാം തിരിച്ചറിയണം. 1970 കളിൽ എട്ട് ലക്ഷം ഹെക്ടർ നെൽവയ ലുകൾ ഉണ്ടായിരുന്ന കേരളത്തിൽ രണ്ടായിരമാണ്ടോടെ അതുവെറും രണ്ട് ലക്ഷം ഹെക്ടറായി ചുരുങ്ങിയ അനുഭവമാണ് നമ്മുടെ മുന്നിലുള്ളത്.

ഇത്തരം ജനവിരുദ്ധ അട്ടിമറികൾ തിരുത്താൻ എൽഡിഎഫിനെ ജനങ്ങൾ വിജയിപ്പിക്കേണ്ടതു ണ്ട്. എൽഡിഎഫിന് തുടർഭരണം നൽകുന്ന ഒരു രാഷ്ട്രീയ സംസ്ക്കാരത്തിലേക്ക് കേരളത്തിലെ ഭൂരിപക്ഷം ജനങ്ങൾ ഉയർന്നാൽ മാത്രമേ, എൽഡിഎഫ് സർക്കാരിന്റെ സൽസംരംഭങ്ങളെ അട്ടിമ റിക്കുന്ന ഒന്നിടവിട്ട യുഡിഎഫ് ഭരണമെന്ന വ്യതിയാനവും തന്മൂലമുള്ള പിന്നോട്ടടിയും തരണം ചെയ്യാൻ സാധിക്കൂ. അതിന്, എൽഡിഎഫ് സർക്കാരിന് തുടർഭരണം നൽകുന്നതിൽ നിന്നും കേ രള ജനതയെ പിന്തിരിപ്പിക്കുന്ന ഘടകങ്ങൾ എന്താണെന്ന് കണ്ടെത്തി അവ പരിഹരിക്കാനുള്ള ആർജ്ജവവും ജനാധിപത്യപരവുമായ സന്നദ്ധതയും എൽഡിഎഫ് നേതൃത്വത്തിൽ നിന്ന് പൊ തുവിലും മുഖ്യ ഇടതുപക്ഷ പാർടികളിൽ നിന്ന് വിശേഷിച്ചും ഉണ്ടാകേണ്ടതുണ്ട്.

ഈ ദിശയിൽ കേരളത്തിലെ ഇടതുപക്ഷം മാറുന്നതിന്റെ ഭാഗമായ ചർച്ചകളും പല തലങ്ങ ളിൽ നടക്കുന്നുണ്ട്. സിപിഐഎമ്മിന്റെ പാലക്കാട് പ്ലീനവും, കഴിഞ്ഞ ഡിസംബർ 27 മുതൽ 31 വരെ കൊൽക്കത്തയിൽ നടന്ന സംഘടനാ പ്ലീനവും ഇടതുപക്ഷത്തെ കുറവുകൾ തിരുത്തി ശക്തിപ്പെടുത്തുന്നതിന് സഹായിക്കും. പഠനകോൺഗ്രസിലെ ചർച്ചകൾ കൂടുതൽ വിശാലമായ കാൻവാസിൽ നടക്കുന്ന ആശയസംവാദമാണ്. ഉറവിട മാലിന്യസംസ്ക്കരണം, ജൈവകൃഷി, ടെറസു കൃഷി, സാന്ത്വനപരിചരണം, യോഗ പരിശീലനം, ഗ്രന്ഥശാലാ- കലാ-കായിക- ജന കീയ ശാസ്ത്ര പ്രസ്ഥാനങ്ങൾ തുടങ്ങി ഒട്ടേറെ ഭാവനാ പൂർണമായ ക്രിയാത്മക ഇടപെടലു കൾ ഇതിന്റെ തുടർച്ചയായി നടക്കേണ്ടതുണ്ട്. സാംസ്കാരിക വികസനവും, വികസനത്തിന്റെ സംസ്ക്കാരവും സംബന്ധിച്ച് കൂടുതൽ വ്യക്തവും ശാസ്ത്രീയവുമായ വീക്ഷണവും കർമപരി പാടിയും രൂപപ്പെടുത്താൻ ഇതൊക്കെ വഴിയൊരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**1994–ൽ നടന്ന ഒന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്സിന്റെ ഉദ്ഘാടനവേളയിൽ സ. ഇ.എം.എസ് നമ്പൂതിരിപ്പാട് നടത്തിയ അധ്യക്ഷപ്രസംഗം**

# ഉള്ളു തുറന്ന സംവാദം ആവശ്യം

ഇ.എം.എസ്. നമ്പൂതിരിപ്പാട്

ഇതൊരതുല്യ സംഭവമാണ്. ആയിരത്തിൽപ്പരം വിശിഷ്ട വ്യക്തികൾ ഇവിടെ ഒത്തുകൂടിയിരിക്കുകയാണ്. മൂന്നു ദിവസങ്ങളിലായി 73 ചർച്ചാ സമ്മേളനങ്ങൾ ഇവിടെ നടക്കുന്നതാണ്. സാമൂഹ്യ ശാസ്ത്രം, സാമ്പത്തികശാസ്ത്രം, രാഷ്ട്രീയം, സംസ്കാരം എന്നിങ്ങനെ വിവിധ വിഷയങ്ങളുടെ നാനാവശങ്ങളെയും കേരളത്തിലെ പ്രകൃതി വിഭവങ്ങളെയും കുറിച്ച് ഈ സമ്മേളനങ്ങളിൽ അവർ ചർച്ചചെയ്യും. പണ്ഡിതൻമാർ ഇവിടെ അവതരിപ്പിക്കുന്ന വിഷയങ്ങളിൽ നിന്നും സാധാരണക്കാർക്ക് പലതും പഠിക്കാൻ കഴിയും. അതുപോലെ തന്നെ സാമൂഹ്യ – രാഷ്ട്രീയ രംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെ പ്രായോഗികാനുഭവങ്ങളിൽ നിന്നും പണ്ഡിതൻമാർക്കും ചിലതൊക്കെ ഉൾക്കൊള്ളാൻ കഴിയും. ഇത്തരത്തിലുള്ള ആശയവിനിമയം കേരളീയരായ നമുക്ക് വളരെ സഹായകരമാകും. എന്തുകൊണ്ടെന്നാൽ സാമൂഹ്യ – സാംസ്കാരിക – സാമ്പത്തിക – രാഷ്ട്രീയ ജീവിതത്തിന് ഒരു പുതിയ കാഴ്ചപ്പാട് അതിലൂടെ ഉരുത്തിരിഞ്ഞു വരും.

കേരളം നേരിടുന്ന വിവിധ പ്രശ്നങ്ങൾക്ക് എങ്ങനെ പരിഹാരം കാണാം എന്നതു സംബന്ധിച്ച് വ്യക്തമായ നിഗമനങ്ങളിൽ എത്തിച്ചേരുന്നതിനുള്ള ഒരു സെമിനാറല്ല ഇത്. ഈ കോൺഗ്രസിന്റേതുൾപ്പെടെയുള്ള അനുഭവപാഠങ്ങളുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയ പാർട്ടികളും സാമൂഹ്യ സംഘടനകളും ഏറ്റെടുക്കേണ്ട കടമയാണത്. എന്നാൽ എ.കെ.ജി പഠന ഗവേഷണകേന്ദ്രത്തെ സംബന്ധിച്ചിടത്തോളം പണ്ഡിതൻമാരും സാമൂഹ്യ – രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്നവരും തമ്മിൽ ഇവിടെ നടക്കുന്ന സംവാദം ഞങ്ങൾ പരമാവധി മുമ്പോട്ടു കൊണ്ടു പോകുമെന്ന് ഉറപ്പു നൽകാൻ ഞാൻ ആഗ്രഹിക്കുന്നു.

മഹാനായ വിപ്ലവകാരിയായിരുന്ന എ.കെ. ഗോപാലനോടുള്ള ബഹുമാനാർത്ഥം സ്ഥാപിക്കപ്പെട്ടതാണ് എ.കെ.ജി. പഠന – ഗവേഷണ കേന്ദ്രം. വളരെക്കാലം അഖിലേന്ത്യാ കിസാൻസഭയുടെ അദ്ധ്യക്ഷനായിരുന്ന എ.കെ.ജി രാജ്യത്താകെ സഞ്ചരിച്ച്, ചൂഷണത്തിനും മർദ്ദനത്തിനുമെതിരായി നാട്ടിൻ പുറങ്ങളിലെയും നഗരങ്ങളിലെയും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളെ സംഘടിപ്പിച്ചു. 1952–ൽ നടന്ന ഒന്നാം പൊതുതെരഞ്ഞെടുപ്പ് തൊട്ട് രണ്ട് പതിറ്റാണ്ടിലേറെക്കാലം അദ്ദേഹം ലോക്സഭയിലെ കമ്മ്യൂണിസ്റ്റ് ഗ്രൂപ്പിന്റെ നേതാവായിരുന്നു. (ഏറെക്കുറെ ഈ കാലയളവിൽ കമ്മ്യൂണിസ്റ്റുകാർ ലോകസഭയിലെ ഏറ്റവും വലിയ പ്രതിപക്ഷ ഗ്രൂപ്പായിരുന്നുതാനും). സ്വയം ഒരു അക്കാദമീയ പണ്ഡിതനായിരുന്നില്ലെങ്കിലും ജീവിതത്തിന്റെ നാനാതുറകളിലുംപെട്ട ബഹുജനപ്രവർത്തകർക്ക് വേണ്ടി ഒരു സ്കൂൾ ആരംഭിക്കണമെന്ന് തന്റെ ജീവിതത്തിന്റെ അന്ത്യനാളു

കളിൽ അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹം അന്തരിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്മരണയ്ക്കായി ഒരു അനൗപചാരിക സർവ്വകലാശാല, പണ്ഡിതൻമാർക്കും, സാമൂഹിക രാഷ്ട്രീയരംഗത്ത് പ്രവർത്തിക്കുന്നവർക്കും പരസ്പരം അറിവും അനുഭവവും കൈമാറാനുള്ള ഒരു സ്ഥാപനം ഏർപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നു ഞങ്ങൾ കരുതി, എ.കെ.ജി യോടൊപ്പം അദ്ദേഹത്തിന്റെ രാഷ്ട്രീയജീവിതത്തിലുടനീളം ഒന്നിച്ചു പ്രവർത്തിച്ചുപോന്ന എന്നെ ഈ സ്ഥാപനത്തിന് നേതൃത്വം നൽകാൻ തെരഞ്ഞെടുത്തു. ഈ കേന്ദ്രത്തിന്റെ ഡയറക്ടർ എന്ന നിലയ്ക്ക് കേരളത്തിൽ നാം അഭിമുഖീകരിക്കുന്ന പ്രായോഗിക പ്രശ്നങ്ങൾ ഞാൻ ഇവിടെ ഉന്നയിക്കാം.

അനൗപചാരിക സർവ്വകലാശാല എന്നു വിശേഷിപ്പിക്കുന്നുണ്ടെങ്കിലും ഞാൻ ഉൾപ്പെടെ ഈ കേന്ദ്രത്തിന്റെ സ്ഥാപകർക്ക് അക്കാദമീയ പാണ്ഡിത്യമൊന്നും അവകാശപ്പെടാൻ ഇല്ല. എന്നാൽ ഞങ്ങളുടെ ഭാഗ്യമെന്നു പറയട്ടെ, വിവിധ വിജ്ഞാനശാഖകളിൽ പ്രശസ്തരായ പല പണ്ഡിതന്മാരും ഈ കേന്ദ്രത്തിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെടുകയുണ്ടായി. ഞങ്ങളൊക്കെ സാമൂഹ്യ – രാഷ്ട്രീയ രംഗത്ത് പ്രവർത്തിക്കുന്നവരാണ്. ഞങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നത് ഗുണകരമാണെന്ന് ഞങ്ങളുടെ പണ്ഡിത സുഹൃത്തുക്കൾ കണ്ടു.

കേരളത്തിലെ വിഖ്യാതനായ ഒരു കമ്മ്യൂണിസ്റ്റ് നേതാവിന്റെ പേരിലുള്ള ഈ കേന്ദ്രം സംസ്ഥാനത്തെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ മുദ്രചാർത്തപ്പെട്ട ഒന്നാണ്. ഇന്ത്യയിലെയും കേരളത്തിലെയും കമ്മ്യൂണിസ്റ്റ് പ്രസ്ഥാനത്തിന്റെ ഉത്ഭവം, വളർച്ച, പ്രസ്ഥാനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ ഇവയിലൊക്കെ ഈ കേന്ദ്രത്തിന് അതീവമായ താല്പര്യമുണ്ട്. അക്കാദമീയവും പണ്ഡിത്യപരവുമായ ചിന്തയുടെ രംഗത്ത് ഒരു പാർട്ടിയെന്ന നിലയ്ക്ക് ഞങ്ങൾ നൽകിയ ചില സംഭാവനകളെക്കുറിച്ചു പറയാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നത് ഉചിതമായിരിക്കുമെന്നു ഞാൻ കരുതുന്നു. ദാർശനികർ ലോകത്തെ പല പ്രകാരത്തിൽ വ്യാഖ്യാനിച്ചിട്ടുണ്ട്, അതിനെ മാറ്റിത്തീർക്കുകയെന്നതാണ് മുഖ്യകാര്യം എന്ന് ഫോയർബാഹിനെക്കുറിച്ചുള്ള തീസിസിൽ കാൾ മാർക്സ് പറഞ്ഞു. കേരളത്തിലെയും ഇന്ത്യയിലെയും കമ്മ്യൂണിസ്റ്റുകാരായ ഞങ്ങൾ രാഷ്ട്രീയ പ്രവർത്തനത്തിൽ മാത്രമായി ഒതുങ്ങി നിന്നില്ല. അക്കാദമീയ ചിന്തയ്ക്കും ചില സംഭാവനകൾ നൽകാൻ കഴിഞ്ഞുവെന്നതിൽ ഞങ്ങൾക്കഭിമാനമുണ്ട്.

കേരളത്തിൽ സോഷ്യലിസ്റ്റ് – കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം ആരംഭിച്ചത് ഇന്ത്യയിൽ അത് ആരംഭിച്ചിട്ട് ഒരു പതിറ്റാണ്ടിലേറെ കഴിഞ്ഞതിന് ശേഷം, 1930 കളുടെ മദ്ധ്യത്തിലാണ്. പ്രസ്ഥാനത്തിന്റെ ആദ്യനാളുകളിൽ സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവും സാംസ്കാരികവുമായ ചില മുഖ്യപ്രശ്നങ്ങളെ ഞങ്ങൾക്ക് അഭിമുഖീകരിക്കേണ്ടി വന്നു. ഈ പ്രശ്നങ്ങളെ സംബന്ധിച്ച ഞങ്ങളുടെ പ്രവർത്തനങ്ങളെ ആസ്പദമാക്കിയുള്ളതാണ് അക്കാദമീയവും പണ്ഡിതോചിതവുമായ ചിന്തയുടെ വളർച്ചയ്ക്ക് ഞങ്ങളുടെ പ്രാരംഭ സംഭാവനകൾ.

ഇതിൽ ഒന്നാമത്തേത് ഫ്യൂഡലിസമാണ്. കേരളത്തിൽ അത് ഒരു പ്രത്യേക സ്വഭാവമുള്ളതായിരുന്നു. ഞാൻ കേരളത്തിലെ ഫ്യൂഡലിസത്തിനെ – (സാമ്പത്തിക രംഗത്ത്) ജന്മി – ഭൂപ്രഭുക്കന്മാരുടെയും, (സാമൂഹിക രംഗത്ത്) ബ്രാഹ്മണമേധാവിത്വമുള്ള ഉയർന്ന ജാതിവിഭാഗങ്ങളുടെയും, കേരളത്തിന്റെ വിവിധ ഘടക ദേശങ്ങളിലെ രാജാക്കൻമാരുടെയും നാടുവാഴികളുടെയും ഭരണത്തിന്റെയും – കൂട്ടായ ആധിപത്യമെന്നാണ് വിശേഷിപ്പിച്ചത്. ഈ മൂന്നു തരത്തിലുള്ള ആധിപത്യരൂപങ്ങളും അതിനെതിരായ ജനങ്ങളുടെ കരുത്തുമായിരുന്നു കേരളത്തിലെ സാമൂഹിക – സാമ്പത്തിക ജീവിതത്തിന്റെ മുഖ്യ ഘടകങ്ങൾ.

ഇതിന്റെ ഫലമായി ദേശീയ സ്വാതന്ത്ര്യത്തിനു വേണ്ടി ബ്രിട്ടീഷ് ഗവൺമെന്റിനെതിരായ നമ്മുടെ സമരം ജന്മിത്വത്തിനും മേൽജാതി മേധാവിത്വത്തിനും രാജവാഴ്ചക്കുമെതിരായ പോരാട്ടമായി കൂട്ടിയിണക്കപ്പെട്ടു. 1934ൽ കേരളത്തിൽ കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകരിച്ചപ്പോൾ ജന്മിത്വ – മേൽജാതി മേധാവിത്വ – നാടുവാഴിത്ത വിരുദ്ധമായ സമരങ്ങളെ സ്വാതന്ത്ര്യസമരവുമായി കൂട്ടിയിണക്കുക എന്നതാവണം പ്രസ്ഥാനത്തിന്റെ മുഖ്യ കടമയെന്ന് ഞങ്ങൾ കണക്കാക്കി. ബഹുമുഖമായ രാഷ്ട്രീയ പ്രവർത്തനങ്ങളിലൂടെ ഈ സംയോജനം നേടിയെടുക്കുകയും ചെയ്തു. സ്വാതന്ത്ര്യലബ്ധിക്കു ശേഷം തിരുവിതാംകൂർ, കൊച്ചി എന്നീ നാട്ടുരാജ്യങ്ങളും ബ്രിട്ടീഷ് ഭരണത്തിന് കീഴിലായിരുന്ന മദിരാശി പ്രവിശ്യയിൽപ്പെട്ട മലബാർ പ്രദേശവും ചേർന്ന് ഒരു ഐക്യകേരളം രൂപപ്പെടുത്തണമെന്നായിരുന്നു ഞങ്ങളുടെ ചിന്താഗതി. ഐക്യകേരളം അന്തിമ ലക്ഷ്യമാകയാൽ നാട്ടുരാജ്യങ്ങളിൽ ജനാധിപത്യത്തിന് വേണ്ടി പ്രവർത്തിക്കേണ്ടത് അടിയന്തരാവശ്യമാണെന്ന് ഞങ്ങൾ കരുതി. തിരുവിതാംകൂറിൽ ഉത്തരവാദ ഭരണ പ്രക്ഷോഭത്തിലൂടെ സംസ്ഥാനത്താകെ പുരോഗമന ജനാധിപത്യവാദികളും കമ്മ്യൂണിസ്റ്റുകാരും തമ്മിൽ ഐക്യം സ്ഥാപിതമായി. സമരം വിജയിക്കുന്നതിന് ഈ ഐക്യം സഹായകമാവുകയും ചെയ്തു.

രണ്ടാമതായി ഞങ്ങൾ അഭിമുഖീകരിച്ച പ്രശ്നം ഫ്യൂഡൽ ഭൂപ്രഭുക്കളുടെ (ജന്മി) സാമ്പത്തിക മേധാവിത്വമാണ്. മലബാറിൽ കാർഷിക ബന്ധങ്ങളിൽ ആധിപത്യം പുലർത്തി വന്നിരുന്നത് ജന്മി വ്യവസ്ഥയാണ്. കൊച്ചിയുടെ പല ഭാഗത്തും തിരുവിതാംകൂറിൽ ചിലയിടത്തും സ്ഥിതി ഇതുതന്നെയായിരുന്നു. തിരുവിതാംകൂർ, കൊച്ചി, മലബാർ എന്നിവിടങ്ങളിലെ ഉശിരൻ ട്രേഡ് യൂണിയൻ പ്രസ്ഥാനവും മലബാറിലെ ഉശിരൻ കർഷക പ്രസ്ഥാനവും 1930 കളിൽ കേരളത്തിലെ പുരോഗമന ജനാധിപത്യ പ്രസ്ഥാനത്തിന്റെയും സ്വതന്ത്ര്യ സമര പ്രസ്ഥാനത്തിന്റെയും സുപ്രധാന ഘടകങ്ങളായിരുന്നു. ഈ ബഹുജന സംഘടനകളുടെയും മലബാറിൽ പ്രദേശ് കോൺഗ്രസ് കമ്മിറ്റിയുടെ പ്രാദേശികഘടകങ്ങളുടെയും കൊച്ചിയിലെ പ്രജാമണ്ഡലം, കൊച്ചിൻ കോൺഗ്രസ്, തിരുവിതാംകൂറിലെ സ്റ്റേറ്റ് കോൺഗ്രസ് – ഇവയുടെയെല്ലാം പ്രവർത്തനഫലമായി സോഷ്യലിസവും കമ്മ്യൂണിസവും കേരളത്തിൽ എണ്ണപ്പെട്ട ശക്തിയായി തീർന്നു.

ഞങ്ങൾ കിസാൻ സഭ കെട്ടിപ്പടുക്കുകയും നാടുവാഴി ജന്മിത്വം അവസാനിപ്പിച്ച് കൃഷിഭൂമി പണിയെടുക്കുന്ന കൃഷിക്കാർക്ക് സൗജന്യമായി നൽകണമെന്ന ആവശ്യം ഉന്നയിക്കുകയും ചെയ്തു. മലബാർ കുടിയായ്മ അന്വേഷണ കമ്മിറ്റിയിലെ അംഗങ്ങളായ മദിരാശി നിയമസഭയിലെ മൂന്ന് ഇടതുപക്ഷ കോൺഗ്രസ് എം.എൽ.എമാർ എഴുതിച്ചേർത്ത വിയോജനക്കുറിപ്പിൽ ഈ ആവശ്യത്തിന് സ്പഷ്ടമായ രൂപം നൽകപ്പെട്ടു. 1940 കളുടെ ആദ്യത്തിൽ കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു. ഈ മൂന്നു പേരിൽ ഒരാളായ ഞാൻ എഴുതിയ ഭിന്നാഭിപ്രായ കുറിപ്പിൽ നാടുവാഴി ജന്മിത്വം അവസാനിപ്പിച്ച് നാട്ടിൻപുറത്തെ പാവപ്പെട്ടവർക്ക് ഭൂമി സൗജന്യമായി നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് താത്വികവശങ്ങൾ അവതരിപ്പിക്കുകയുണ്ടായി. പ്രായോഗിക വിപ്ലവ പ്രവർത്തനത്തിന്റെ ഭാഗമായി എഴുതപ്പെട്ടതാണ് ഇതെങ്കിലും അക്കാദമീയമായ മൂല്യവും അടങ്ങിയതാണ് എന്റെ ഈ കുറിപ്പ്.

ഈ രേഖയേയും അതിലടങ്ങിയ ആവശ്യത്തെയും ആസ്പദമാക്കിയാണ് 1940 കളിൽ കർഷകസംഘം രൂപം കൊണ്ടത്. ഈ ആവശ്യങ്ങൾ കേരളസംസ്ഥാനം രൂപംകൊണ്ട ശേഷം നടന്ന ഒന്നാമത്തെ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം നേടി അധികാരത്തിൽ വന്ന കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് (1957 – 59) ഒരു കാർഷിക ബന്ധ നിയമം ഉണ്ടാക്കുന്നതിന് വഴി തെളിച്ചു. ഈ നിയമം 1969–ലാണ് പ്രാബല്യത്തിൽ വന്നത്. 1930 കൾ തൊട്ട് ആരംഭിച്ച സമരവും ഒന്നാമത്തെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെയും പിന്നീട് വന്ന ഐക്യമുന്നണി മന്ത്രിസഭയുടെയും നിയമനിർമ്മാണ പ്രവർത്തനങ്ങളും ചേർന്ന് കാർഷിക ബന്ധങ്ങളിൽ വിപ്ലവകരമായ മാറ്റം വരുത്തി. ഒരു പക്ഷെ ഇന്ത്യയിലെ ബൂർഷ്വാ ഭരണഘടനയുടെ ചട്ടക്കൂടിനകത്തു നിന്നു കൊണ്ട് വരുത്തുവാൻ കഴിയാവുന്നതിൽ വെച്ച് ഏറ്റവും മികച്ചതാണ് ഇതെന്ന് പറയാം.

ഹിന്ദു സമുദായത്തിലെ മർദ്ദിത ജാതിക്കാരുടെയും അവകാശങ്ങൾ നിഷേധിക്കപ്പെട്ട ക്രിസ്ത്യൻ – മുസ്ലീം ന്യൂനപക്ഷ വിഭാഗങ്ങളുടെയും പ്രശ്നമാണ് പ്രസ്ഥാനത്തിന് അടുത്തതായി അഭിമുഖീകരിക്കേണ്ടി വന്നത്. ജാതിമതാദി ആശയങ്ങൾക്കുപരി ഞങ്ങളുടെ പ്രവർത്തനം വർഗ്ഗസമര സിദ്ധാന്തത്തെ ആസ്പദമാക്കിയുള്ളതായിരുന്നു. എല്ലാ ജാതിയിലും മതത്തിലുംപെട്ട അദ്ധ്വാനിക്കുന്നവരെ വ്യവസായ തൊഴിലാളികൾ, കർഷക തൊഴിലാളികൾ, പണിയെടുക്കുന്ന കൃഷിക്കാർ തുടങ്ങി അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ വർഗ്ഗസംഘടകളിലേക്ക് കൊണ്ടു വരാൻ ഞങ്ങൾ ശ്രമം നടത്തി. ഈ പ്രക്രിയയിൽ വർഗ്ഗസമരത്തെ തള്ളിക്കളഞ്ഞ ഇന്ത്യൻ നാഷണൽ കോൺഗ്രസുമായും മറ്റ് ബൂർഷ്വാ ലിബറൽ ജനാധിപത്യ പാർട്ടികളുമായും ജാതിമത സംഘടനകളുമായും ഞങ്ങൾ ഏറ്റുമുട്ടി. ജാതി – മത നേതാക്കൾ വർഗ്ഗീയ സംഘടനകൾ കെട്ടിപ്പെടുക്കുന്നതിന് മുഴുവൻ കഴിവും വിനിയോഗിച്ചപ്പോൾ ഞങ്ങൾ വർഗ്ഗസംഘടനകൾ കെട്ടിപ്പടുത്തു. എല്ലാ ജാതി – മതസമൂഹങ്ങളിലുംപെട്ട അദ്ധ്വാനിക്കുന്നവർ അതിൽ ഒന്നിച്ച് അണിനിരക്കുകയും ചെയ്തു. തിരുവിതാംകൂറിൽ ആലപ്പുഴയിലെ പൊതു പണിമുടക്കും, മലബാറിൽ നടന്ന കർഷക സമരങ്ങളും ജാതി – മത സംഘടനാ നേതാക്കൾക്കുള്ള ഞങ്ങളുടെ ചുട്ടമറുപടിയായിരുന്നു.

1930 കളിൽ സോഷ്യലിസ്റ്റ്, കമ്മ്യൂണിസ്റ്റ് പ്രസ്ഥാനം രൂപീകരിച്ചപ്പോൾ അഭിമുഖീകരിക്കേണ്ടിവന്ന മറ്റൊരു പ്രശ്നം വിപ്ലവപരമായ സാമൂഹിക പരിവർത്തനത്തിൽ കലയ്ക്കും സാഹിത്യത്തിനുമുള്ള പങ്കിന്റേതായിരുന്നു. അദ്ധ്വാനിക്കുന്ന ജനങ്ങളുടെ ജീവിതത്തെയും സമരങ്ങളെയും ആസ്പദമാക്കി സാഹിത്യ രചന നടത്തുവാനുള്ള മാക്സിം ഗോർക്കിയുടെയും സാർവദേശീയ തൊളിലാളിസാഹിത്യ രംഗത്തെ മറ്റ് പ്രഗത്ഭമതികളുടെയും മുൻഷി പ്രേംചന്ദിനെപ്പോലുള്ള ഇന്ത്യൻ സാഹിത്യകാരൻമാരുടെയും ആഹ്വാനം ഞങ്ങളെ ആഴത്തിൽ സ്വാധീനിച്ചു. മലയാളത്തിലെ പുരോഗമന സാഹിത്യകാരൻമാരുടെ ആദ്യത്തെ സംഘടന 1937ൽ രൂപം കൊണ്ടു. പ്രാരംഘട്ടത്തിൽ ഈ സംഘടന മുഖ്യമായും വിപ്ലവ രാഷ്ട്രീയ പ്രവർത്തനത്തോടൊപ്പം സാഹിത്യ പ്രവർത്തനത്തി

ലും വ്യാപരിക്കുന്നവരിൽ ഒതുങ്ങി നിന്നു. 1940 കളിൽ പ്രായോഗിക വിപ്ലവ പ്രവർത്തനത്തോട് പ്രതിജ്ഞാബദ്ധരായ സ്ഥിരപ്രതിഷ്ഠ നേടിയ സാഹിത്യകാരൻമാരേയും നിരൂപകരേയും ഉൾപ്പെടുത്തി ഇത് വിപുലപ്പെടുത്തി. പിൽക്കാലത്ത് പുരോഗമന സാഹിത്യകാരന്മാർക്കിടയിലെ രണ്ട് ഗ്രൂപ്പുകളും തമ്മിൽ അഭിപ്രായവ്യത്യാസങ്ങൾ ഉടലെടുക്കുകയും കമ്മ്യൂണിസ്റ്റുകാരും പുരോഗമന സാഹിത്യ പ്രസ്ഥാനത്തിലെ മറ്റുള്ളവരുമായി കടുത്ത വിവാദം നടക്കുകയും ചെയ്തു. ഈ ആശയ സംഘട്ടനം സാഹിത്യത്തിന്റെ രൂപവും ഭാവവും സംബന്ധിച്ച പ്രശ്നങ്ങളിൽ കൂടുതൽ വ്യക്തത കൈവരിക്കുന്നതിലേക്കു വഴിതെളിച്ചു.

സാഹിത്യത്തേയും പുരോഗമനസാഹിത്യത്തേയും കുറിച്ചുള്ള ഈ ചർച്ചകൾ കലാ സാംസ്കാരിക പ്രവർത്തനങ്ങളുടെ ഇതര മേഖലകളിലും - നാടകം, സിനിമ, അനുഷ്ഠാന - ദൃശ്യകലകൾ ആദിയായ മേഖലകളിൽ - പുത്തൻ പ്രവണത വളർന്നു വരുന്നതിനു സഹായകമായി. ഇങ്ങനെ പുരോഗമന സാഹിത്യകാരന്മാരുടെയും കലാകാരൻമാരുടെയും ഇപ്പോഴത്തെ സംഘടന നിലവിൽ വന്നു. ഈ രംഗങ്ങളിലെ മികച്ച പ്രതിഭകളെ ജനാധിപത്യത്തിനും മതനിരപേക്ഷതയ്ക്കും വേണ്ടിയുള്ള സമരത്തിലേക്ക് ആകർഷിക്കുന്നതാണ് ഈ സംഘടന. കേരളത്തിലെ പ്രശസ്തരായ പല എഴുത്തുകാരും കവികളും സംഗീതജ്ഞരും സിനിമാ പ്രവർത്തകരും കലാരംഗത്തെ പ്രഗത്ഭരും ഇതിൽ സജീവമായി പ്രവർത്തിക്കുന്നു. അവരിൽ പലരും ഈ കോൺഗ്രസിൽ പങ്കെടുക്കുന്നുണ്ട്. അവരുടെ സാന്നിദ്ധ്യം കലാ സാഹിത്യാദി പ്രശ്നങ്ങളിൽ കൂടുതൽ വ്യക്തത കൈവരിക്കുന്നതിന് സഹായകമാവുമെന്ന് എനിക്കുറപ്പുണ്ട്. ഇവിടെ നടക്കുന്ന ആശയവിനിമയം അവർക്കും പ്രയോജനകരമായിരിക്കും.

മേൽപ്പറഞ്ഞ കാലയളവിൽ കമ്മ്യൂണിസ്റ്റുകാർ നൽകിയ മറ്റൊരു സുപ്രധാന സംഭാവന ഏകീകൃത ഇന്ത്യയുടെ ബഹുദേശീയ സ്വഭാവം സംബന്ധിച്ച സിദ്ധാന്തമാണ്. തനതായ ഭാഷയും വ്യത്യസ്ത സംസ്കാരവുമുള്ള (കേരളത്തിലെ മലയാളം സംസാരിക്കുന്ന ജനവിഭാഗത്തെപ്പോലുള്ള) ഏതൊരു ജനവിഭാഗവും വ്യത്യസ്ത ദേശീയതകളാണ് എന്ന സിദ്ധാന്തം ഞങ്ങൾ മുന്നോട്ടു വെച്ചു. ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനെതിരായ പോരാട്ടത്തിൽ ഈ ദേശീയതകളെല്ലാം ഒന്നിച്ചു; സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ രൂപം കൊള്ളുന്ന ഏകീകൃത ഫെഡറൽ ഇന്ത്യയിലും ഈ ഐക്യം മുന്നോട്ട് കൊണ്ടു പോകണം. നാനാത്വത്തിൽ ഏകത്വം എന്ന തത്വത്തിൽ അധിഷ്ഠിതമായതും പുതിയ ഭാഷാ സംസ്ഥാനങ്ങൾക്ക് കഴിയുന്നത്ര സ്വയംഭരണാവകാശങ്ങളോടുകൂടിയതുമായ ഏകീകൃത ഇന്ത്യ എന്ന ലക്ഷ്യമാണ് പാർട്ടി മുന്നോട്ട് വച്ചത്. ഈ ധാരണയുടെ വിശദാംശങ്ങൾ കുറ്റമറ്റതായിരുന്നില്ലെങ്കിലും അതിലടങ്ങിയ മുഖ്യ ആശയം തികച്ചും ശരിയായിരുന്നു. ഇന്ത്യൻ രാഷ്ട്രീയത്തിന് ഇന്ത്യൻ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ കേന്ദ്രനേതൃത്വം നൽകിയ സവിശേഷ സംഭാവനയാണിത്.

ഏകീകൃത ഇന്ത്യയുടെ ബഹുദേശീയ സ്വഭാവം സംബന്ധിച്ച ഈ സിദ്ധാന്തം കേരളത്തിലെ കമ്മ്യൂണിസ്റ്റുകാർ ഏറ്റെടുത്തു പുഷ്ടിപ്പെടുത്തി. 1945 ൽ ഞാൻ എഴുതിയ ഒരു ലഘുലേഖയിൽ മലബാർ, കൊച്ചി, തിരുവിതാംകൂർ എന്നിവിടങ്ങളിലെ മലയാളികളെ ഒരുമിപ്പിച്ച് ഒരു ഏകീകൃത കേരള സംസ്ഥാനത്തിന് കീഴിൽ വരണമെന്ന ആശയം മുന്നോട്ടു വെച്ചു. തെക്കൻ തിരുവിതാംകൂറിലെ തമിഴ് ഭൂരിപക്ഷ പ്രദേശങ്ങളും വടക്കേ മലബാറിലെ കന്നട ഭൂരിപക്ഷ പ്രദേശങ്ങളും യഥാക്രമം തമിഴ്നാട്, കർണ്ണാടകം എന്നീ ഭാഷാ സംസ്ഥാനങ്ങളിൽ ചേർക്കുകയും വേണം. ഒന്നേകാൽ കോടി മലയാളികൾ എന്ന പേരിലുള്ള ഈ ലഘുലേഖയിലെ മുഖ്യ ആശയം ഇതായിരുന്നു. പാർട്ടിയുടെ കേന്ദ്രകമ്മിറ്റി മുന്നോട്ട് വെച്ച ആശയം കേരളത്തിലെ പരിതഃസ്ഥിതിയിൽ പ്രയോഗത്തിൽ വരുത്തുവാനുള്ള ഈ ശ്രമത്തോടൊപ്പം ആന്ധ്രയിൽ പി. സുന്ദരയ്യയും, ബംഗാളിൽ ഭവാനി സെന്നും ഇതുപോലുള്ള ശ്രമങ്ങൾ നടത്തുകയുണ്ടായി.

ദേശീയതകളെയും ഏകീകൃത ഇന്ത്യയെയും സംബന്ധിച്ച ഈ ധാരണയുടെ അടിസ്ഥാനത്തിലാണ് വിപ്ലവപ്രസ്ഥാനം തിരുവിതാംകൂറിലെ പുന്നപ്ര-വയലാർ, ആന്ധ്രയിലെ തെലുങ്കാന, ബംഗാളിലെ തേഭാഗാ എന്നീ സമരങ്ങളിലേക്ക് മുന്നേറിയത്. ഈ വിപ്ലവ സമരങ്ങളും കേരളം, ആന്ധ്ര, ബംഗാൾ എന്നിവ വ്യത്യസ്ത ദേശീയതകളാണെന്ന ആശയവും കമ്മ്യൂണിസ്റ്റ് പാർട്ടിയെ കോൺഗ്രസിൽ നിന്നും മറ്റ് ബൂർഷ്വാ പാർട്ടികളിൽ നിന്നും വേർതിരിച്ചു കാട്ടി. ദേശീയ ഐക്യത്തോടുകൂടിയ ഒരു കേന്ദ്രവും കഴിയുന്നത്ര വിപുലമായ സ്വയം ഭരണാവകാശങ്ങളോടുകൂടിയ ഭാഷാ സംസ്ഥാനങ്ങളും അടങ്ങുന്ന സ്വതന്ത്ര ഇന്ത്യയെക്കുറിച്ചുള്ള ഈ കാഴ്ചപ്പാട് പുതുതും വിപ്ലവകരവുമായ ഒന്നായിരുന്നു. ഏകീകൃത ഇന്ത്യയിലെ വ്യത്യസ്ത ദേശീയതകൾ എന്ന ഞങ്ങളുടെ ആശയം സംസ്ഥാനങ്ങൾക്ക് സ്വയംഭരണ അവകാശമില്ലാത്ത കേന്ദ്രീകൃതവും ഏകോപിതവുമായ ഇന്ത്യ എന്ന കോൺഗ്രസിന്റെ ആശയത്തിനും ഹിന്ദുക്കളും മുസ്ലീങ്ങളും വ്യത്യസ്ത ദേശീയതകളാണെന്ന മുസ്ലീം ലീഗിന്റെ സിദ്ധാന്തത്തിനും എതിരായിരുന്നു.

ദേശീയതകളെക്കുറിച്ചുള്ള ഈ ധാരണ കേരളത്തിന്റെ ചരിത്രത്തേയും സമൂഹത്തെയും കുറിച്ച് പഠിക്കാനുള്ള പാർട്ടിയുടെ ശ്രമങ്ങളെ സ്വാധീനിച്ചു. മാർക്സിസ്റ്റ് വർഗ്ഗസമര സിദ്ധാന്തത്തെ ആസ്പദമാക്കിയ ഒന്നാമത്തെ കേരളചരിത്രം രചിക്കാൻ നടത്തിയ ശ്രമത്തിലൂടെ ഞാൻ തന്നെ എന്റേതായ എളിയ സംഭാവന ഇതിനു നൽകി. കേരളത്തിന്റെ പൗരാണിക ചരിത്രം നിഗൂഢതകളിൽ ആണ്ടു കിടക്കുന്ന ഒന്നാകയാൽ ഈ ശ്രമങ്ങൾക്ക് തീർച്ചയായും ചില ദൗർബല്യങ്ങളുണ്ടായിരുന്നു. എന്നാൽ മദ്ധ്യകാലത്തെ സംബന്ധിച്ചിടത്തോളം ഞാൻ വിശേഷിപ്പിച്ച തരത്തിൽ ജാതി – ജന്മി – നാടുവാഴി മേധാവിത്വം (ഇന്ത്യൻ ഫ്യൂഡലിസത്തിന്റെ കേരളത്തിലെ സവിശേഷ രൂപം) സമ്പ്രദായം കേരളത്തിൽ വ്യവസ്ഥാപിതമായിരുന്നു എന്ന വസ്തുത പുറത്തു കൊണ്ടുവരുന്നതിൽ ഞാൻ വിജയിക്കുകയുണ്ടായി. കേരളത്തിന്റെ പൗരാണിക ചരിത്രം സംബന്ധിച്ച എന്റെ ധാരണകൾ പിന്നീട് തിരുത്തേണ്ടിവന്നെങ്കിലും മദ്ധ്യകാലത്തേയും ആധുനിക കാലത്തേയും സംബന്ധിച്ച് ഞാനെഴുതിയത് കാലത്തിന്റെ പരിശോധനകളെ അതിജീവിച്ച് നിലകൊള്ളുന്നു.

കേരള ചരിത്രത്തെക്കുറിച്ചുള്ള ഞങ്ങളുടെ പഠനങ്ങളും 1940 കളിലും 1950 കളുടെ തുടക്കത്തിലും നടന്ന വിപ്ലവകരമായ സമരങ്ങളിലെ ഞങ്ങളുടെ പങ്കാളിത്തവും കേരളത്തിന്റെ സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയപരവും സാംസ്കാരികവുമായ പ്രശ്നങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നതിൽ ഞങ്ങളെ മറ്റു രാഷ്ട്രീയ സംഘടനകളെക്കാൾ മുൻപന്തിയിലെത്തിച്ചു; അതുകൊണ്ട് തന്നെ അവരേക്കാൾ കൂടുതൽ ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും ഞങ്ങൾക്കു കഴിഞ്ഞു. ഇത്തരത്തിലുള്ള പഠനത്തിലൂടെയും പ്രായോഗിക പ്രവർത്തനങ്ങളിലൂടെയും സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിൽ സംസ്ഥാനത്തെ മുഖ്യ രാഷ്ട്രീയ ശക്തിയായി പാർട്ടി വളർന്നു വന്നു. (പശ്ചിമ ബംഗാളിലും ത്രിപുരയിലും പാർട്ടി മുഖ്യ രാഷ്ട്രീയ ശക്തിയാണ്). കേരള സംസ്ഥാനം നിലവിൽ വന്നശേഷം 1957 ൽ ഒന്നാമതായി നടന്ന നിയമസഭാ – പാർലമെന്റ് തിരഞ്ഞെടുപ്പിൽ പാർട്ടി വിജയിച്ചു. അതിൽ പിന്നീട് ഇടതുപക്ഷം കേരള രാഷ്ട്രീയത്തിലെ മുഖ്യശക്തിയായി തുടർന്നു വരുന്നു.

പിന്തിരിഞ്ഞ് നോക്കുമ്പോൾ ഞങ്ങൾക്കു പറ്റിയ മുഖ്യ പരാജയങ്ങളിലൊന്ന് മതന്യൂനപക്ഷങ്ങളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച ധാരണയാണെന്ന് ഞാൻ കരുതുന്നു. പശ്ചിമബംഗാളിൽ നിന്നും ത്രിപുരയിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ ക്രിസ്ത്യൻ, മുസ്ലീം ന്യൂനപക്ഷങ്ങളുടെ ഒരു വലിയ വിഭാഗമുണ്ട്. അവർ സംസ്ഥാനത്തെ ജനസംഖ്യയുടെ 40 ശതമാനത്തോളം വരും. മുസ്ലീങ്ങളും ക്രിസ്ത്യാനികളും മതത്തെ ആസ്പദമാക്കി പ്രവർത്തിക്കുന്ന നേതാക്കളുടെ സ്വാധീനത്തിനു കീഴിലാണ്. – അതായത് മുസ്ലീം ലീഗിന്റെയും ക്രിസ്ത്യൻ പള്ളികളുടെയും സ്വാധീനത്തിന് കീഴിലാണ്. മുസ്ലീം ലീഗും ക്രിസ്ത്യൻ പള്ളിയും വിവിധ കാരണങ്ങളാൽ ശക്തമായ കമ്മ്യൂണിസ്റ്റ് വിരുദ്ധ നിലപാടാണ് കൈകൊണ്ടത്. അത് കേരളത്തിന്റെ വികസനത്തിന് വരുത്തി വെച്ച വിഘ്നം ചെറുതല്ല.

ഇന്നിപ്പോൾ സ്ഥിതി മാറിയിരിക്കുന്നു. ക്രിസ്തുമത വിശ്വാസികളായ പുരോഹിതരിലും സാധാരണക്കാരിലും ഒരു വിഭാഗം ദേശീയ ഐക്യത്തിനും ജനാധിപത്യത്തിനും സാധാരണക്കാരുടെ ജീവിതം മെച്ചപ്പെടുത്തുന്നതിനും വേണ്ടിയുള്ള സമരത്തിൽ കമ്മ്യൂണിസ്റ്റുകാരുമായി കൈകോർത്ത് പിടിക്കുവാൻ തയ്യാറായിരിക്കുന്നു. മുസ്ലീം സമുദായത്തിലും വന്നു കൊണ്ടിരിക്കുന്ന മാറ്റങ്ങൾ വിശ്വാസികളായ മുസ്ലീങ്ങളും കമ്മ്യൂണിസ്റ്റുകാരും തമ്മിലുള്ള സഹകരണത്തിന് വാതിൽ തുറന്നിരിക്കുന്നു. ഹൈന്ദവ സമൂഹത്തിലും, ഇന്ത്യയിൽ വിവേകാനന്ദസ്വാമിയും കേരളത്തിൽ ശ്രീനാരായണ ഗുരുവും ഉദ്ഘോഷിച്ച വിപ്ലവമാനവികതയുടെ സന്ദേശം നിശ്ചയമായും കൂടുതൽ സന്യാസിമാരെ കമ്മ്യൂണിസ്റ്റുകാരുമായി സഹകരിക്കുന്നതിലേക്കെത്തിക്കും. മറുലോകത്തൊരു സ്വർഗമുണ്ടെന്ന് അനുമാനിക്കുന്നതിലുപരി ഭൂമിയിൽ ഒരു സ്വർഗ്ഗം പണിയുന്നതിന് വിശ്വാസികളും കമ്മ്യൂണിസ്റ്റുകാരും തമ്മിലുള്ള സഹകരണം ലെനിൻ വിഭാവനം ചെയ്യുകയുണ്ടായി. അത്തരത്തിലൊരു സഹകരണം സാദ്ധ്യമാണ്.

ഞങ്ങളുടെ സിദ്ധാന്തങ്ങളും പ്രായോഗിക പ്രവർത്തനങ്ങളും കേരളത്തിൽ ആഴത്തിലുള്ള മുദ്ര പതിപ്പിച്ചിരിക്കുന്നു. ഭൂപരിഷ്കാരം, ബഹുജനസംഘടനകളുടെ വളർച്ച, വിദ്യാഭ്യാസത്തിന്റെ വ്യാപനം, മെച്ചപ്പെട്ട ആരോഗ്യനില – ഇതൊക്കെ കേരളത്തിന്റെ മുഖച്ഛായ ഗണ്യമായി മാറ്റിയിരിക്കുന്നു. ഇതു പണ്ഡിതൻമാരുടെ ശ്രദ്ധയാകർഷിക്കുകയും ചെയ്തിരിക്കുന്നു. വളരെയേറെ ചർച്ച ചെയ്യപ്പെടുന്ന കേരളത്തിന്റെ വികസന മാതൃകയെ കുറിച്ചാണ് ഞാൻ പരാമർശിക്കുന്നത്. ആ മാതൃകയ്ക്ക് ക്രിയാത്മകമായ വശങ്ങൾ ഉണ്ട്. വിദ്യാഭ്യാസം, പൊതുജനാരോഗ്യം തുടങ്ങിയ മേഖലകളിൽ നൽകിയ ഊന്നൽ സംസ്ഥാനത്ത് സ്വതന്ത്രമായ തൊഴിലാളി വർഗ്ഗത്തിന്റെ ആവിർഭാവത്തിന് വഴിതെളിച്ചു; അധ്വാനിക്കുന്ന ജനങ്ങളുടെ വിവിധ വിഭാഗങ്ങളുടെ സംഘടിത

പ്രസ്ഥാനം ഉയർന്നു വരുന്നതിനും ഇത് സഹായിച്ചു. ഈ നേട്ടങ്ങളെപ്പറ്റി എനിക്ക് അഭിമാനമുണ്ട്. എന്നാൽ കേരളത്തിലെ സമകാലീന സമ്പദ്‌വ്യവസ്ഥയുടെയും സമൂഹത്തിന്റെയും നിഷേധാത്മക വശങ്ങൾ അവഗണിക്കാൻ കഴിയാത്തവിധം ഗുരുതരമാണെന്ന് പറയേണ്ടിയിരിക്കുന്നു.

'മാനവ വികസന സൂചിക'കളുടെ കാര്യത്തിൽ സുപ്രധാന പുരോഗതി ഉണ്ടായിട്ടുണ്ടെന്നിരിക്കിലും കേരളം ഇന്ന് തൊഴിൽ മേഖലയിലും, കാർഷിക – വ്യാവസായിക രംഗങ്ങളിലെ ഉൽപാദനത്തിന്റെ കാര്യത്തിലും കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. ജനജീവിതം മെച്ചപ്പെടുത്തുന്നതും ജനക്ഷേമകരവുമായ സാമൂഹിക മേഖലാ പ്രശ്നങ്ങൾക്ക് വേണ്ടി നാം വളരെയേറെ സമയവും ശ്രദ്ധയും വിനിയോഗിച്ചപ്പോൾ സാമ്പത്തിക വളർച്ചയുടെയും ഭൗതികോൽപ്പാദനത്തിന്റേതുമായ അടിയന്തിരപ്രശ്നങ്ങളിൽ നാം വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിരുന്നില്ല എന്നാണ് ഞാൻ കരുതുന്നത്. എനിക്കൊരപേക്ഷയുണ്ട്. കേരളത്തിലെ നേട്ടങ്ങളെ ചൊല്ലി പണ്ഡിതന്മാർ ചൊരിയുന്ന സ്തുതിവർഷത്താൽ നാം നേരിടുന്ന കടുത്ത സാമ്പത്തിക പ്രതിസന്ധിയിൽ നിന്നും നമ്മുടെ ശ്രദ്ധ വ്യതിചലിക്കാൻ ഇടയാകരുത്. സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ നാം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ പുറകിലാണ്. ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ ഇനി ഒട്ടും വൈകിക്കൂടാ. തൊഴിൽ, ഉൽപാദന മേഖലകളിലെ നമ്മുടെ പിന്നോക്കാവസ്ഥ അവഗണിക്കുന്നത് നമുക്ക് തന്നെ ആപത്തായിരിക്കും.

ആഗോള-ദേശീയ തലങ്ങളിൽ സാമ്പത്തിക- രാഷ്ട്രീയ സ്ഥാപനങ്ങളുടെ ഘടനാ പരിഷ്കാരങ്ങളും പുതിയ നയങ്ങളും പ്രശ്നങ്ങളെ ഇനിയും രൂക്ഷമാക്കാൻ പോകുകയാണ്. രാഷ്ട്രീയമായ പരിഹാരങ്ങളാണ് ഇന്നത്തെ ആവശ്യം. ഈ ജനവിരുദ്ധ മാറ്റങ്ങളേയും നയങ്ങളേയും ചെറുത്തുതോൽപ്പിക്കുന്നതിനാണ് ഒരു രാഷ്ട്രീയ പ്രവർത്തനകനെന്ന നിലയിൽ ഞാൻ ഒന്നാമത്തെ മുൻഗണന നൽകുക. ഇത് നീണ്ടതും സമയമെടുക്കുന്നതുമായ ഒരു സംഘർഷമായിരിക്കും.

ഇന്നത്തെ ദേശീയ നയങ്ങളിൽ മാറ്റം വരാതെ സംസ്ഥാനത്ത് ഒന്നും ചെയ്യാനാവില്ലെന്ന അഭിപ്രായത്തോട് എനിക്ക് യോജിപ്പില്ല. പശ്ചിമബംഗാൾ ജനതയും ഗവൺമെന്റും നടത്തിയ പരിശ്രമങ്ങളും കൈവരിച്ച നേട്ടങ്ങളും ഞാൻ ഇവിടെ അഭിമാനപൂർവ്വം പരാമർശിച്ചുകൊള്ളട്ടെ. ആ സംസ്ഥാനത്തെ കാർഷിക വളർച്ചയുടെ കാര്യമെടുക്കാം. 1965 മുതൽ 1980 വരെ കാർഷികോൽപാദന വളർച്ചയിൽ ഇന്ത്യയുടെ വിവിധ ഭാഗങ്ങളെ അപേക്ഷിച്ച് ബംഗാൾ വളരെ പുറകിലായിരുന്നു. ഭൂപരിഷ്കാരം, ജനാധിപത്യ വികേന്ദ്രീകരണം എന്നീ രംഗങ്ങളിൽ ഇടതുപക്ഷ മുന്നണി കൈവരിച്ച നേട്ടങ്ങളുടെ ഫലമായി ബംഗാൾ ഗ്രാമങ്ങളാകെ മാറി. നിലവിലുള്ള വ്യവസ്ഥിതി സംസ്ഥാനങ്ങളുടെ മേൽ കെട്ടിയേൽപ്പിച്ച ഞെരുക്കങ്ങളൊക്കെയുണ്ടായിട്ടും ഈ നില കൈവരിക്കുവാൻ അവർക്ക് കഴിഞ്ഞു. 1983 ന് ശേഷം ജനസാന്ദ്രത കൂടിയ പതിനേഴ് സംസ്ഥാനങ്ങളിൽ വെച്ച് ഏറ്റവും ഉയർന്ന കാർഷികോൽപാദന വർദ്ധനവ് നേടാൻ അവർക്ക് കഴിഞ്ഞു. എല്ലാ ജില്ലകളിലും ഏറെക്കുറെ എല്ലാ മുഖ്യവിളകളുടെ കാര്യത്തിലും ഈ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

ആഗോള-ദേശീയ ഘടനകൾ അടിച്ചേൽപ്പിച്ച പരിമിതികൾക്കകത്ത് നിന്നുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനം നേരിടുന്ന പ്രശ്നങ്ങൾക്ക് പ്രായോഗിക പരിഹാരമാർഗ്ഗം കണ്ടെത്താൻ നമുക്ക് കഴിയണം. ഇന്നത്തെ അവസ്ഥ തുടരാൻ അനുവദിച്ചു കൂടാ. ജനക്ഷേമപരവും ജനാധിപത്യപരവുമായ കഴിഞ്ഞ കാലനേട്ടങ്ങൾ കൈവെടിയാതെ തന്നെ സാമ്പത്തിക വളർച്ച ത്വരിതപ്പെടുത്തുന്നതിന് എന്തൊക്കെ ചെയ്യണമെന്ന കാര്യത്തിൽ നാം അഭിപ്രായ സമന്വയത്തിലെത്തണം. ഇന്നത്തെ സ്ഥിതിഗതികൾ പുതുതായി വിലയിരുത്തി പുതിയ കർമ്മ പരിപാടി ആവിഷ്കരിക്കണം. ഒരു രാഷ്ട്രീയ പാർടിക്കോ അഥവാ രാഷ്ട്രീയ പാർടികൾക്ക് മാത്രമായോ നിറവേറ്റാൻ കഴിയുന്ന ഒരു കടമയല്ല ഇത്. ഇതൊരു ദേശീയ കടമയാണ്. പണ്ഡിതന്മാരും വിവിധ ശാസ്ത്ര വിജ്ഞാനശാഖകളിലെ വിദഗ്ദ്ധന്മാരും ഇതിൽ സുപ്രധാന പങ്ക് വഹിക്കേണ്ടതായിട്ടുണ്ട്.

അരനൂറ്റാണ്ട് മുമ്പ് ജനാധിപത്യ കേരളത്തിന്റെ പരിപാടി ആവിഷ്കരിച്ചപ്പോൾ അക്കാദമീയ സമൂഹമൊന്നുമുണ്ടായിരുന്നില്ല. പ്രൊഫഷണൽ വിദഗ്ദ്ധന്മാരും കുറവായിരുന്നു. രാഷ്ട്രീയ പ്രവർത്തകരായ ഞങ്ങൾ ഈ വെല്ലുവിളി ഏറ്റെടുത്തു. നേരത്തെ ചൂണ്ടിക്കാട്ടിയതുപോലെ ചില സംഭാവനകൾ നൽകുകയും ചെയ്തു. ഇന്ന് പ്രശ്നങ്ങൾ വ്യത്യസ്തമാണ്. ഒരു പക്ഷെ കൂടുതൽ സങ്കീർണ്ണവുമാണ്. ഇന്ന് പണ്ഡിതന്മാരും വിവിധ വിജ്ഞാനശാഖകളിലെ വിദഗ്ദ്ധരും രാഷ്ട്രീയ പ്രവർത്തകരും തമ്മിലും രാഷ്ട്രീയ പാർടികൾ-ഇടതും വലതും ഉൾപ്പെടെ-തമ്മിൽ തമ്മിലും ഭൗതികോൽപാദന അടിത്തറ സുശക്തമാക്കുന്നതിലൂടെ നമ്മുടെ വികസന പ്രക്രിയ എങ്ങനെ മുന്നോട്ട് കൊണ്ടുപോകാമെന്നതിനെക്കുറിച്ച് അടിയന്തരമായ ഒരു സംവാദം നടത്തേണ്ടിയിരിക്കുന്നു. രാഷ്ട്രീയ ഭിന്നത നിലനിൽക്കെത്തന്നെ ഈ പ്രതിസന്ധി തരണം ചെയ്യാൻ വേണ്ട നടപടികൾ സംബന്ധിച്ച വിശാലമായ സമീപനത്തിന്റെ കാര്യത്തിൽ അഭിപ്രായ സമന്വയത്തിലെത്താനാവും.

നമ്മുടെ ഏറ്റവും വലിയ ആസ്തി ബഹുജനസംഘടനകളും ജനങ്ങളുടെ ജനാധിപത്യ ബോധവുമാണ്. ബഹുജനസംഘടനകളുടെ മൊത്തം അംഗസംഖ്യ ഒരു കോടിയോളമാണ്. അതിന് പുറമെ സഹകരണ സ്ഥാപനങ്ങളുടെ വലിയ ശൃംഖലകളും ഗ്രന്ഥശാല, സാക്ഷരത തുടങ്ങിയ പ്രസ്ഥാനങ്ങളുമുണ്ട്. കേരളത്തിന്റെ അനർത്ഥ കാരണം ഇവയൊക്കെയാണെന്നാണ് ചിലരുടെ പക്ഷം. സമൂഹത്തിന്റെ സമൂലമായ പരിവർത്തനത്തിന് വേണ്ടി ജനങ്ങളെ അണിനിരത്തുന്നതിന് ജീവിതം ഉഴിഞ്ഞു വെച്ച എനിക്ക് അതിനോട് വിയോജിക്കാതിരിക്കാനാവില്ല. ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കാൻ നമ്മുടെ ജനങ്ങളുടെ സംഘടിത ശക്തിയും രാഷ്ട്രീയ ബോധവും ഉപയോഗപ്പെടുത്താൻ കഴിയില്ലേ? കഴിയും എന്നാണ് എന്റെ ഉത്തരം. എന്നാൽ ഒരു മുൻ ഉപാധിയുണ്ട്. ജനകീയ ആവശ്യങ്ങളോടും ജനകീയ സംഘടനകളോടുമുള്ള ഭരണവർഗങ്ങളുടെയും ഗവൺമെന്റിന്റെയും സമീപനം മാറണം. ജനകീയ സമരങ്ങളെ തച്ചമർത്തുന്നതിന് പകരം ചർച്ചയിലൂടെയും കൂട്ടായ വിലപേശലുകളിലൂടെയും പ്രശ്നങ്ങൾക്ക് രമ്യമായ പരിഹാരം കാണണം. ഉൽപാദനവർദ്ധനവിന്റെ പങ്ക് അധ്വാനിക്കുന്നവർക്ക് ലഭിക്കുമെന്ന് ഉറപ്പ് വരുത്തുവാനുതകുന്ന സ്ഥാപന സംവിധാനങ്ങൾ ഉണ്ടാവുകയും വേണം.

ഈ സന്ദർഭത്തിൽ ജനാധിപത്യ വികേന്ദ്രീകരണത്തിന്റെ പ്രാധാന്യം ഊന്നിപ്പറയേണ്ടതുണ്ട്. ഇക്കാര്യത്തിൽ പുരോഗതി വളരെ മന്ദഗതിയിലാണ്. ജനാധിപത്യ വികേന്ദ്രീകരണത്തിലുപരി ഉദ്യോഗസ്ഥമേധാവിത്വപരമായ കേന്ദ്രീകരണത്തിനാണ് ഭരണഘടനയുടെ 72 ഉം 73 ഉം ഭേദഗതികളെ ഉപയോഗപ്പെടുത്തിയത്. ഭൂമി-ജല മാനേജ്മെന്റ്, ജനങ്ങൾക്ക് സേവനം നൽകുന്ന സാമൂഹിക പശ്ചാത്തല സൗകര്യങ്ങളുടെ ഗുണമേന്മ മെച്ചപ്പെടുത്തൽ, ജനങ്ങളുടെ സാംസ്കാരിക വികസനം എന്നിവയ്ക്ക് വേണ്ടി പുതിയ സാമൂഹിക-സാമ്പത്തിക സ്ഥാപനങ്ങൾ ഏർപ്പെടുത്തണം. വികസന പ്രക്രിയയെ ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യയുമായി കൂട്ടിയിണക്കണം. ഇത് സ്ഥായിയായ മാർഗങ്ങളിലൂടെയായിരിക്കണം. ഇതിനൊക്കെ, കേരളത്തിന്റെ പുരോഗതിയിൽ താൽപര്യമുള്ളവർ തമ്മിൽ ആഴത്തിലുള്ളതും ഉള്ളു തുറന്നതുമായ സംവാദം നടക്കണം. ഈ പശ്ചാത്തലത്തിലാണ് ഈ അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന് എ.കെ.ജി പഠന-ഗവേഷണ കേന്ദ്രത്തിലെ ഞങ്ങൾ ആതിഥ്യം നൽകിയത്. നിങ്ങളുടെ അഭിപ്രായങ്ങൾക്ക് ഞങ്ങൾ കാതോർക്കുകയാണ്. പുതിയ കേരളം, പുതിയ ഇന്ത്യ രൂപപ്പെടുത്തുക എന്ന കടമ നിറവേറ്റുന്നതിന് ഇവിടെ നടക്കുന്ന ചർച്ചകൾ സഹായകരമായിരിക്കുമെന്ന് ഞാനാഗ്രഹിക്കുന്നു.

# പുതിയ കേരളം പടുത്തുയർത്താൻ കമ്മ്യൂണിസ്റ്റ് പാർടിയുടെ നിർദ്ദേശങ്ങൾ

1956 ജൂൺ 22, 23, 24 തീയതികളിൽ തൃശ്ശൂർ വെച്ച് കൂടിയ പാർടിയുടെ
കേരള സംസ്ഥാനസമ്മേളനം അംഗീകരിച്ച പ്രമേയം

മിക്കവാറും ഭാഷയുടെ അടിസ്ഥാനത്തിൽ രൂപമെടുക്കാൻ പോകുന്ന പുതിയ കേരളസംസ്ഥാനത്തിന്റെ ആവിർഭാവത്തെ കൃതാർത്ഥതയോടും പ്രതീക്ഷയോടുംകൂടിയാണ് കമ്മ്യൂണിസ്റ്റ് പാർടി സ്വാഗതം ചെയ്യുന്നത്.

വിദേശമേധാവിത്വത്തിന്റെ പിടിയിൽ നിന്ന് ഇന്ത്യയ്ക്കു പൂർണ്ണമായ മോചനം നേടുക; നാട്ടുരാജ്യസ്വേച്ഛാധിപത്യത്തിന്റേയും മറ്റു ജനാധിപത്യവിരുദ്ധ സ്ഥാപനങ്ങളുടേയും വേരറുത്തുകളഞ്ഞ് പരിപൂർണ്ണ ജനാധിപത്യം സ്ഥാപിക്കുക; സ്വതന്ത്രവും ജനാധിപത്യപരവുമായ ഇന്ത്യയെ സോഷ്യലിസത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിപ്പടുക്കുക – ഇതിനെല്ലാംവേണ്ടി നമ്മുടെ ജനത നടത്തിയ മഹത്തായ സമരത്തിന്റെ അഭേദ്യഭാഗമായാണു ഭാഷാസംസ്ഥാനങ്ങൾ രൂപീകരിയ്ക്കാനുള്ള പ്രസ്ഥാനം വളർന്നുവന്നത്. മലയാളികൾ, തമിഴർ, ആന്ധ്രാക്കാർ മുതലായ ഇന്ത്യയിലുള്ള വിവിധ ദേശീയജനവിഭാഗങ്ങൾക്കു അവരുടേതായ സംസ്ഥാനങ്ങൾ രൂപീകരിച്ചുകിട്ടുകയും കേരളത്തെപ്പോലുള്ള പിന്നണി പ്രദേശങ്ങൾക്കു അതിവേഗം വികസിയ്ക്കാനുള്ള സൗകര്യങ്ങളുണ്ടാക്കുകയും ചെയ്താൽ മാത്രമേ സാമ്രാജ്യാധിപത്യത്തിന്റേയും ഫ്യൂഡലിസത്തിന്റേയും അവശിഷ്ടങ്ങൾ തുടച്ചുനീക്കുന്നതിനും പരിപൂർണ്ണജനാധിപത്യത്തിന്റെ അടിസ്ഥാനത്തിൽ സോഷ്യലിസ്റ്റ് വ്യവസ്ഥ കെട്ടിപ്പടുക്കുന്നതിനും വേണ്ടിയുള്ള സമരത്തിൽ കൂടി ഇന്ത്യൻ ജനതയുടെ ഐക്യം ഉറപ്പിയ്ക്കാൻ കഴിയുകയുള്ളു.

ഇന്ത്യയിലാകെ വളർന്നുവന്ന ഈ ഭാഷാസംസ്ഥാന രൂപീകരണപ്രസ്ഥാനത്തിന്റെ ഭാഗമായി, മദിരാശി, കൊച്ചി, തിരുവിതാംകൂർ എന്നീ മൂന്നു സംസ്ഥാനങ്ങളിലും ഫ്രഞ്ച് അധീനത്തിലുണ്ടായിരുന്ന മയ്യഴിയിലുമായി ചിന്നിച്ചിതറിക്കിടക്കുന്ന മലയാളജനവിഭാഗത്തെയാകെ ഒന്നിപ്പിച്ചുകൊണ്ടും, മലയാളിജനതയുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക പുരോഗതിയെ ത്വരിതപ്പെടുത്തിക്കൊണ്ടുമുള്ള ഒരു ഐക്യകേരളം സ്ഥാപിക്കാൻ കമ്മ്യൂണിസ്റ്റ് പാർടി കേരളത്തിൽ ജന്മമെടുത്ത ദിവസം മുതൽക്കുതന്നെ പ്രവർത്തിച്ചുപോന്നിട്ടുണ്ട്.

1930 നും അതിനുശേഷവും, കേരളത്തിന്റെ നാനാഭാഗങ്ങളിലും പല പല കാലഘട്ടങ്ങളിലായി നടന്ന ദേശീയ-ജനാധിപത്യ സമരങ്ങളിൽ സജീവമായി പങ്കെടുത്ത അനേകം പ്രവർത്തകന്മാരെ ഉൾക്കൊള്ളുന്ന കമ്മ്യൂണിസ്റ്റ് പാർടി, ഉത്തരവാദഭരണത്തിനുവേണ്ടി കൊച്ചി-തിരുവിതാംകൂർ സ്റ്റേറ്റുകളിലും, ദേശീയസ്വാതന്ത്ര്യത്തിനുവേണ്ടി മയ്യഴിയിലും ഉയർന്നുവന്ന ബഹുജനപ്രസ്ഥാനങ്ങളെ ഇന്ത്യൻ സ്വാതന്ത്ര്യത്തിനും ഐക്യകേരളത്തിനും വേണ്ടിയുള്ള പൊതുപ്രസ്ഥാനത്തിന്റെ ഭാഗമായിട്ടാണ് എപ്പോഴും കണക്കാക്കിയിട്ടുള്ളത്. ഈ പ്രസ്ഥാനങ്ങളിലെല്ലാം പങ്കെടുത്ത് ജീവത്യാഗം പോലും വരിച്ച നൂറുകണക്കിനു രക്തസാക്ഷികളും, അടി, ഇടി, ജയിൽവാസം, ഒളിവുജീവിതം, സ്വത്തുനാശം, അനാരോഗ്യം മുതലായ പല കഷ്ടതകളുമനുഭവിച്ച പതിനായിരക്കണക്കിന് നിസ്വാർത്ഥ പ്രവർത്തകരും കമ്മ്യൂണിസ്റ്റുകാരുടെ ഇടയിൽനിന്നു

ഉയർന്നുവന്നിട്ടുണ്ടെന്ന പരമാർത്ഥം കമ്മ്യൂണിസ്റ്റ് പാർടി അഭിമാനത്തോടുകൂടി അനുസ്മരിക്കുന്നു.

ഈ പ്രസ്ഥാനങ്ങൾ വളർത്തിക്കൊണ്ടുവന്ന് ഐക്യകേരളരൂപീകരണം വരെ അവയെ ഉയർത്തുന്നതിൽ കമ്മ്യൂണിസ്റ്റുകാർ മാത്രമല്ല, മറ്റു പല പാർടികളിലും സംഘടനകളിലും പെട്ടവരും ഒന്നിലും പെടാത്തവരുമായ, കേരളത്തിനകത്തും പുറത്തുമുള്ള, രാജ്യസ്നേഹികൾ ആയിരക്കണക്കിനു പങ്കെടുത്തിട്ടുണ്ടെന്ന യാഥാർത്ഥ്യവും കമ്മ്യൂണിസ്റ്റ് പാർടി കൃതജ്ഞതയോടെ സ്മരിക്കുന്നു. ഐക്യകേരള പ്രക്ഷോഭത്തിൽ മറുനാടൻ മലയാളികൾ വഹിച്ച മേന്മയേറിയ പങ്കിനേയും പാർടി സ്മരിക്കുന്നു. ആശയപരവും രാഷ്ട്രീയവും മറ്റുമായ പല കാര്യങ്ങളിലും കമ്മ്യൂണിസ്റ്റ് പാർടിയും മറ്റു രാജ്യസ്നേഹികളും തമ്മിൽ പലപ്പോഴും അഭിപ്രായവ്യത്യാസങ്ങൾ ഉണ്ടായിട്ടുണ്ട്; അത്തരത്തിലുള്ള അഭിപ്രായവ്യത്യാസങ്ങൾ പലതും ഇന്നും നിലനിൽക്കുന്നുണ്ട്. പക്ഷെ, വിവിധ വിഭാഗങ്ങളിൽപെട്ട ഈ രാജ്യസ്നേഹികൾ മുഴുവൻ അന്യോന്യാഭിപ്രായവ്യാത്യസങ്ങൾ മാറ്റിവെച്ച് യോജിപ്പുള്ള കാര്യങ്ങളിൽ ഒന്നിച്ചു നിൽക്കാൻ തയ്യാറായതിനാലാണ്, മറ്റുപല നേട്ടങ്ങളുമെന്നപോലെ ഐക്യകേരളരൂപീകരണവും നമുക്കു സാധ്യമായിട്ടുള്ളത്.

കമ്മ്യൂണിസ്റ്റുകാരും അല്ലാത്തവരുമായ രാജ്യസ്നേഹികൾ യോജിച്ചു നടത്തിയ ഈ ഐക്യകേരളപ്രസ്ഥാനത്തിന് പല എതിർശക്തികളേയും നേരിടേണ്ടിവന്നിട്ടുണ്ട്. ഇവയിൽ പ്രധാനമായ എതിർശക്തി, ഭാഷാസംസ്ഥാനരൂപീകരണം സംബന്ധിച്ച് 1947 നുശേഷം കോൺഗ്രസ്സ് നേതൃത്വം തുടർന്നുപോന്ന ജനാധിപത്യവിരുദ്ധനയം തന്നെയാണ്. അതുപോലെ അക്കാലത്ത് പശ്ചിമതീരസംസ്ഥാനം തുടങ്ങിയ വാദങ്ങളും പൊന്തിവരികയുണ്ടായി. ഇതിനെല്ലാം എതിരായി ഉയർന്നുവന്ന, സാധാരണ കോൺഗ്രസ്സുകാരെക്കൂടി അണിനിരത്തിയതുമായ ബഹുജനപ്രസ്ഥാനത്തിന് കീഴ്വഴങ്ങി ഭാഷാസംസ്ഥാനങ്ങൾ രൂപീകരിക്കാൻ തീരുമാനമെടുത്ത് കഴിഞ്ഞതിൽ പിന്നീടും ദക്ഷിണസംസ്ഥാനമുദ്രാവാക്യവുമായി അവരിൽ ചിലർ മുന്നോട്ടു വരികയുണ്ടായി. മറ്റു ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെന്നപോലെ കേരളത്തിലും വളർന്നുവന്ന ബഹുജനപ്രസ്ഥാനമാണ് ഈ മുദ്രാവാക്യത്തിന്റെ അടിത്തറ തകർത്ത് കേരളവും മറ്റു ഭാഷാസംസ്ഥാനങ്ങളും രൂപീകരിക്കാൻ ഇടയാക്കിയത്. അതേസമയത്ത്, ഇന്നു അങ്ങിങ്ങു പൊന്തിക്കേൾക്കുന്ന ദക്ഷിണസംസ്ഥാനവാദത്തിന്റെ ആപത്തിനെപ്പറ്റിയും, സംസ്ഥാനപുനഃസംഘടനാബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള മേഖലാ കൗൺസിലുകൾ പുതിയ സംസ്ഥാനങ്ങളുടെ അധികാരാവകാശങ്ങളിൽ കൈകടത്താനിടയുള്ളതിനെപ്പറ്റിയും ജനങ്ങൾ തുടർന്ന് ജാഗ്രത കാണിക്കേണ്ടതായിട്ടുണ്ട്.

കോൺഗ്രസ് നേതൃത്വത്തിന്റെ ഭാഷാസംസ്ഥാനവിരുദ്ധമായ നയത്തിനെതിരായി കമ്മ്യൂണിസ്റ്റുകാരും അല്ലാത്തവരുമായ രാജ്യസ്നേഹികൾ യോജിച്ചുനടത്തിയ ഐക്യകേരളപ്രവർത്തനത്തിന്റെ ഒരു ഘട്ടം വിജയകരമായി അവസാനിച്ച് പുതിയൊരു ഘട്ടം തുടങ്ങുന്ന ഈ അവസരത്തിൽ – കേരളസംസ്ഥാനം രൂപീകരിച്ചുകിട്ടാൻ വേണ്ടിയുള്ള സംഘടിതപ്രവർത്തനം വിജയം വരിക്കുകയും മലയാളി ജനത ആഗ്രഹിക്കുന്ന തരത്തിൽ ജനാധിപത്യപരവും ഐശ്വര്യപൂർണ്ണവുമായ ഒരു കേരളം കെട്ടിപ്പടുക്കുക എന്ന കടമ ഏറ്റെടുക്കേണ്ട ഘട്ടം വരികയും ചെയ്തിട്ടുള്ളതിന് – കമ്മ്യൂണിസ്റ്റ് പാർടി മറ്റു പാർടികളോടും വ്യക്തികളോടും അഭ്യർത്ഥിക്കുന്നു: ഇതേവരെ എന്നപോലെയും അതിലും കൂടുതലായും, നമുക്കു യോജിപ്പുള്ള കാര്യങ്ങളിൽ ഒന്നിച്ചുചേർന്നു പ്രവർത്തിക്കാം; ഐക്യകേരളം രൂപീകരിച്ചുകിട്ടാൻ വേണ്ടി നാം കാണിച്ച ഐക്യവും നാം നടത്തിയ നിസ്വാർത്ഥ പ്രവർത്തനവും നാം ഇതുവരെ സ്വപ്നം കണ്ടുപോന്ന പുതിയ കേരളം കെട്ടിപ്പടുക്കുക എന്ന കടമയിലേക്കു തിരിച്ചുവിടാം; നമുക്കിടയിൽ ഇന്നുള്ള അഭിപ്രായവ്യത്യാസങ്ങൾ അതിനൊരിക്കലും തടസ്സമാകരുത്.

## II

പുതിയൊരു കേരളം കെട്ടിപ്പിടുക്കുക എന്ന ഈ കടമ ഏറ്റെടുത്തു നടത്താൻ രാജ്യസ്നേഹികളായ മലയാളികളാകെ യോജിക്കുകയാണെങ്കിൽ, തലമുറകളായി നമ്മുടെ ജനത കണ്ടിരുന്ന സ്വപ്നങ്ങൾ പലതും യാഥാർത്ഥ്യമാക്കിത്തീർക്കാനുള്ള എല്ലാ സാദ്ധ്യതകളും നമ്മുടെ മുമ്പിൽ ഇന്നു തുറന്നുകിടക്കുകയാണ്. എന്തുകൊണ്ടെന്നാൽ, വ്യവസായവൽക്കരണത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയുടെ സാമ്പത്തികവ്യവസ്ഥയാകെ മാറ്റിപ്പടുക്കണമെന്നും അതിന്റെ ഉന്നം സോഷ്യലിസ്റ്റ് സാമൂഹ്യവ്യവസ്ഥ നിലവിൽ വരുത്തുകയാണെന്നുമുള്ള ആശയം ഭരണാധികാരിവർഗ്ഗത്തിനുപോലും അവഗണിക്കാൻ വയ്യാത്തവിധം നാട്ടിലാകെ അതിവേഗത്തിൽ പരന്നുവരിയാണ്. സ്വന്തം നയങ്ങളുടെ യഥാർത്ഥസ്വഭാവത്തെ മറച്ചുവെയ്ക്കാനും ബഹുജനങ്ങളെ വഴിതെറ്റിക്കാനും സ്വന്തം വർഗ്ഗഭരണത്തെ ഉറപ്പിക്കാനുമാണ് കോൺഗ്രസ്സും ഗവൺമെന്റും ഇതിനെ ഉപയോഗപ്പെടുത്തുന്നതെങ്കിലും, മൗലികമായ മാറ്റങ്ങൾ വരുത്താനുള്ള സാദ്ധ്യതകളും അതുകൊണ്ട് കൂടുതലായിട്ടുണ്ട്.

ഈ സാദ്ധ്യതകളെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഇന്ത്യയുടെ വ്യവസായവൽക്കരണത്തിൽ സുപ്രധാനമായ പങ്കുവഹിക്കാൻ വേണ്ട എല്ലാ സാഹചര്യങ്ങളും കേരളത്തിലുണ്ട്. എന്തുകൊണ്ടെന്നാൽ, മികച്ച ഒരു വനസമ്പത്തും, വിലയേറിയ നിരവധി ധാതുദ്രവ്യങ്ങളും പരന്നുകിടക്കുന്ന ഒട്ടേറെ ജലാശയങ്ങളും, ദീർഘവും വിശാലവുമായ കടലും, ഇന്ത്യയുടെ ആകെ വ്യവസായവൽക്കരണത്തിനു സഹായകമാകുന്ന മറ്റു ഭൗതിക സമ്പത്തുകളുമുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. ഇവയും നമ്മുടെ അദ്ധ്വാനശീലരായ ജനങ്ങളുടെ പ്രയത്നശക്തിയും ചേർത്ത് അവയെ വഴിയാംവണ്ണം ഉപയോഗിച്ചും വ്യവസായവും കൃഷിയും മറ്റും വളർത്തി നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം ജനങ്ങളുടെ

ജീവിതം നന്നാക്കിത്തീർക്കാൻ നമുക്കു കഴിയാത്തത്, നമ്മുടെ നാട്ടിലിന്നും നിലവിലുള്ള സാമൂഹ്യവ്യവസ്ഥ (ജന്മിമേധാവിത്വവും, വിദേശമുതലാളിമാരുടെ മേധാവിത്വവും, നാടൻ കുത്തകമുതലാളിമാരുടെ കൊള്ള ലാഭമെടുക്കലും) മൂലമാണ്. ഈ സാമൂഹ്യവ്യവസ്ഥ അവസാനിപ്പിച്ച്, നമ്മുടെ ഉൽപാദനശക്തികളെ കെട്ടഴിച്ചുവിടുകയാണ്, കേരളത്തിന്റെ സവിശേഷപ്രശ്നങ്ങളായി കണക്കാക്കപ്പെടുന്ന ജനസാന്ദ്രത, തൊഴിലില്ലായ്മ, ഭക്ഷണകമ്മി മുതലായവയ്ക്കെല്ലാം പരിഹാരം കാണാനുള്ള വഴി.

ഇങ്ങനെ നമ്മുടെ വിഷമപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനെ ബാധിക്കുന്ന പലേ തടസ്സങ്ങളും നിലനിൽക്കുന്നുണ്ടെന്നും, ആ തടസ്സങ്ങളിൽ മുഖ്യമായതു ദേശീയനിർമ്മാണപ്രവർത്തനം സംബന്ധിച്ച് ഇന്നത്തെ കോൺഗ്രസ്സ് ഗവൺമെന്റു തുടർന്നുപോരുന്ന പലേ നയങ്ങളുമാണെന്നുമുള്ള സംഗതി നമുക്കൊരിക്കലും മറക്കാൻ വയ്യ:

(എ) നമ്മുടെ സമ്പത്തുകളാകെ നിർമ്മാണാത്മകമായി ഉപയോഗിക്കുന്നതിനുള്ള മുഖ്യ തടസ്സം, നമ്മുടെ നാട്ടിലെ ഭൂവുടമ സമ്പ്രദായമാണ്: ഫലഭൂയിഷ്ഠമായ ഭൂമി ആയിരക്കണക്കിനേക്കർ തരിശ്ശായിടാനും, കൃഷി ചെയ്യാൻ കൊടുക്കുന്നതിനു പ്രതിഫലമായി തലപൊളിക്കുന്ന പാട്ടം കൃഷിക്കാരിൽ നിന്നു വാങ്ങാനും, കൃഷിചെയ്യുന്നവരെ ഒഴിപ്പിച്ച് തൊഴിലില്ലാത്തവരാക്കി മാറ്റാനും ജന്മികൾക്കു പൂർണ്ണമായ അധികാരം കൊടുക്കുന്ന സമ്പ്രദായമാണ് കേരളത്തിന്റെ മുഖ്യഭാഗമായ തിരുവിതാംകൂർ പ്രദേശത്ത് ഇപ്പോഴും നിലവിലുള്ളത്. താരതമ്യേന കൂടുതൽ നല്ല ഭൂനിയമങ്ങളുള്ള കൊച്ചി-മലബാർ പ്രദേശങ്ങളിൽപോലും ഒന്നാം പഞ്ചവത്സരപദ്ധതിയിൽ പ്ലാനിംഗ് കമ്മീഷൻ നൽകിയ നിർദ്ദേശങ്ങൾ (ഉദാ: പാട്ടം ഒരു നിലയിലും 25 ശതമാനത്തിൽ കൂടരുതെന്നും ഭൂമി കൈവശത്തിനു പരിധി നിർണ്ണയിക്കണമെന്നുള്ള ശുപാർശകൾ) നടപ്പിൽ വരുത്തിയിട്ടില്ല. ഇതാണു കേരളത്തിലെ കോൺഗ്രസ് നേതൃത്വം എടുക്കുന്ന നിലപാടെങ്കിൽ, കേന്ദ്രഗവൺമെന്റും അഖിലേന്ത്യാ പ്ലാനിംഗ് കമ്മീഷനും തന്നെ, പ്ലാനിംഗ് കമ്മീഷന്റെ ഭൂനയകമ്മിറ്റി നൽകിയ താരതമ്യേന പുരോഗമനപരമായ ശുപാർശകൾ (ഉദാ: പാട്ടം ഒരു നിലയിലും 16ബ ശതമാനത്തിൽ അധികമാകരുതെന്നും ഒഴിപ്പിക്കൽ നടപടികളെ കർശനമായി തടയണമെന്നും മറ്റും) തള്ളിക്കളയുകയും, ഈ കാര്യത്തിൽ സ്റ്റേറ്റ് ഗവൺമെന്റുകൾക്കു പൂർണ്ണാധികാരം നൽകുകയും ചെയ്തിരിക്കുകയാണ്.

(ബി) ഭൂവുടമസമ്പ്രദായമെന്ന പോലെതന്നെ വിജയകരമായ പ്ലാനിംഗിന് തടസ്സമായി നിൽക്കുന്ന മറ്റൊരു ഘടകമാണ്, നമ്മുടെ ഭൗതികവിഭവങ്ങളുടെ മേൽ വിദേശ മുതലാളിമാർക്കുള്ള മേധാവിത്വം. ഇത് തികച്ചും അവസാനിപ്പിച്ച് വിദേശ ഉടമയിലുള്ള നമ്മുടെ തോട്ടങ്ങൾ, ഖനികൾ, മുഖ്യവ്യവസായങ്ങൾ, മുതലായവയും, വിദേശവ്യാപാരവും ദേശവൽക്കരിക്കണമെന്നു ഇന്നാട്ടിലെ ജനാധിപത്യവാദികൾ തുടർച്ചയായി ആവശ്യപ്പെട്ടുപോന്നിട്ടുണ്ട്. അതനുസരിച്ച് സാമ്പത്തികരംഗത്തുള്ള വിദേശമേധാവിത്വം അവസാനിപ്പിക്കാൻ മാത്രമല്ല, വിദേശമുതലാളിമാർ ഇന്നാട്ടിൽ നിന്ന് കൊല്ലംതോറും വമ്പിച്ച തുകകൾ ലാഭമായി കയറ്റി അയക്കുന്നത് നിർത്തണമെന്ന നിർദ്ദേശമംഗീകരിക്കാൻപോലും ഗവൺമെന്റ് കൂട്ടാക്കിയിട്ടില്ല.

(സി) വിജയകരമായ പ്ലാനിംഗിന് ഒഴിക്കാൻ വയ്യാത്ത മറ്റൊരു ഉപാധിയാണ്, മൗലികവ്യവസായങ്ങൾ പൊതുഉടമയിലായിരിക്കുകയെന്നത്. ഒരു തത്വമെന്ന നിലയിലിത് പ്ലാനിംഗ് കമ്മീഷൻ തന്നെ അതിന്റെ ആദ്യത്തെ കരടു ചട്ടക്കൂട്ടിൽ അംഗീകരിച്ചുമിരുന്നു. എന്നാൽ വിദേശികളും സ്വദേശികളുമായ വൻകിടമുതലാളിമാരുടെ നിർബന്ധത്തിനു കീഴ്‌വണങ്ങി ഈ തത്വം തള്ളിക്കളയുകയും, മുഖ്യവ്യവസായങ്ങൾ പലതും സ്വകാര്യമേഖലയിൽ പെടുത്തുകയുമാണ് അവസാനം കമ്മീഷൻ ചെയ്തത്.

(ഡി) വിജയകരമായ പ്ലാനിംഗിന്നു ഒഴിച്ചുകൂടാൻ വയ്യാത്ത മറ്റൊരു ഉപാധി, ജനങ്ങളുടെ സഹകരണമാണ്. പ്ലാൻ രൂപീകരിക്കുന്നതിലും നടപ്പിൽ വരുത്തുന്നതിലും ജനങ്ങളെ - വിശേഷിച്ചും അദ്ധ്വാനിക്കുന്നജനവിഭാഗങ്ങളെ - എല്ലാ നിലവാരത്തിലും സജീവമായും ഫലപ്രദമായും പങ്കെടുപ്പിക്കാതെ, പ്ലാനിംഗ് സാദ്ധ്യമല്ല. എന്നാൽ ഭരണാധികാരികൾ ജനകീയ സഹകരണത്തെപ്പറ്റി പ്രസംഗിക്കുന്നുണ്ടെങ്കിലും, എല്ലാ അധികാരവും ചുമതലയും ഉദ്യോഗസ്ഥമേധാവികളെ ഏല്പിക്കുന്ന പഴയ സമ്പ്രദായം ഇന്നും തുടരുകയാണ് ചെയ്യുന്നത്.

(ഇ) പ്ലാൻ നടപ്പിൽ വരുത്തുന്നതിനുവേണ്ട പണം ഉണ്ടാക്കുന്നതിന് ഋജുവും പ്രായോഗികവുമായ പല മാർഗ്ഗങ്ങളും കമ്മ്യൂണിസ്റ്റ് പാർടിയും മറ്റു ജനാധിപത്യവാദികളും നിർദ്ദേശിക്കുകയുണ്ടായിട്ടുണ്ട്: ഒരു ക്ലിപ്തമായ തോതിൽ കവിഞ്ഞ് ലാഭമെടുക്കാൻ ഒരു മുതലാളിയേയും അനുവദിക്കാതിരിക്കുക: വിദേശമുതലാളിമാരുടെ അമിതമായ ലാഭം കയറ്റി അയക്കൽ തടഞ്ഞ് അവർക്കുകിട്ടുന്ന ലാഭത്തിൽ മുഖ്യഭാഗം ഇവിടെത്തന്നെ നിർത്തുക; ഇങ്ങനെ സ്വദേശികളും വിദേശികളുമായ മുതലാളിമാർക്ക് അനുവദിക്കുന്ന ക്ലിപ്തലാഭം കഴിച്ചു കൂടുതലുണ്ടാകുന്ന മിച്ച സംഖ്യകൾ ദേശീയ പുനർനിർമ്മാണത്തിനാവശ്യമുള്ള മൂലധനമായി ഉപയോഗിക്കുക; വിദേശവ്യാപാരം പൊതുഉടമയിൽ കൊണ്ടുവരിക; പൊതുഉടമയിലുള്ള സ്ഥാപനങ്ങളിൽ നിന്നു കിട്ടുന്ന ആദായം വർദ്ധിപ്പിക്കാൻ വേണ്ട നടപടികളെടുക്കുക; ആദായനികുതി; കാർഷികാദായനികുതി; നിലനികുതി മുതലായി ഇന്നു നിലവിലുള്ള നികുതിസമ്പ്രദായങ്ങൾ വീണ്ടും പരിശോധിച്ച് അവയുടെ ഭാരം പാവപ്പെട്ടവരുടെ തലയിൽ നിന്നുമാറ്റി പണക്കാരുടെ തലയിലേക്ക് ഇറക്കിവയ്ക്കുക; മറ്റും മറ്റും ഈ നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുപകരം പാവപ്പെട്ടവരുടെ മേൽ ചെന്നു വീഴുന്ന വില്പന നികുതി, എക്സൈസ്

നികുതി മുതലായവ വർദ്ധിപ്പിക്കുകയും, നിലനികുതി, ജലനികുതി മുതലായവയുടെ ഭാരം പാവപ്പെട്ടവരുടെ തലയിൽ കൂടുതൽ കയറ്റിവെക്കുകയും ചെയ്തുകൊണ്ടാണ് ധനാഗമ മാർഗ്ഗങ്ങൾ സംബന്ധിച്ച് പ്ലാനിംഗ് കമ്മീഷൻ അതിന്റെ നിർദ്ദേശങ്ങൾ വെച്ചിട്ടുള്ളത്.

(എഫ്) ഈ ഗവൺമെന്റു നയങ്ങളുടെ ഫലമായി, തൊഴിലാളികൾ, കൃഷിക്കാർ, കാർഷികതൊഴിലാളികൾ, അദ്ധ്വാനിക്കുന്ന ഇടത്തരക്കാർ എന്നിവരുടെ ജീവിതനിലവാരം ക്രമേണ ക്രമേണയായി ഉയരുന്നതിനുപകരം അവർ പാപ്പരാവുകയും, പണക്കാർ കൂടുതൽ കൂടുതൽ പണക്കാരാവുകയും ചെയ്യാൻ പ്രയോജനപ്പെടത്തക്കവിധത്തിലാണ് പ്ലാനിംഗ് നടത്തുന്നത്. വ്യവസായരംഗത്തു ഉല്പാദനം വർദ്ധിക്കുന്നുണ്ടെങ്കിലും തൊഴിലില്ലായ്മ കുറയുന്നില്ല; സംഘടിത തൊഴിലാളി പ്രസ്ഥാനത്തിന്റെ നിർബന്ധം നിമിത്തം പല വ്യവസായങ്ങളിലും ചുരുങ്ങിയകൂലി കൂടുതൽ അനുവദിക്കേണ്ടിവരുന്നുണ്ടെങ്കിലും, ഇതിനേക്കാൾ എത്രയോ കൂടുതൽ ഉയർന്നതോതിൽ അദ്ധ്വാനഭാരം വർദ്ധിപ്പിക്കുന്നുണ്ട്; ഇതിന്റെ ഫലമായി, വർദ്ധിച്ചുവരുന്ന വ്യാവസായികോല്പാദനം മുതലാളിമാരുടെ ലാഭം വർദ്ധിപ്പിക്കാനേ ഉപയോഗപ്പെടുന്നുള്ളു. കാർഷികരംഗത്തിലും ഉല്പാദനം വർദ്ധിക്കുന്നതിന്റെ ഫലം മുഖ്യമായനുഭവിക്കുന്നത് ഒരു പിടി ജന്മികളും, ധനികകൃഷിക്കാരുമാണ്; അവരുടെ മടിശ്ശീലയിലേയ്ക്കാണ് കാർഷിഭിവൃദ്ധിക്കെന്ന പേരിൽ ചെലവിടുന്ന ഭാരിച്ച സംഖ്യകളിൽ ഭൂരിഭാഗവും ഒഴുകിപ്പോകുന്നത്; ഭൂരിപക്ഷം കൃഷിക്കാരാകട്ടെ, നികുതി വർദ്ധനവും, കടഭാരവും കാർഷികോൽപന്നങ്ങളുടെ വിലയിടിവും നിമിത്തം കഷ്ടപ്പെടുകയാണ്; ജന്മികൾ നടത്തുന്ന ഒഴിപ്പിക്കൽ നടപടികളുടെ ഫലമായി അവരിലൊരു വിഭാഗം കാർഷികത്തൊഴിലാളികളായി അധഃപതിച്ചുവരുന്നുമുണ്ട്. ഇടത്തരക്കാരടക്കമുള്ള മറ്റു അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കും ഭാരിച്ച നികുതികളുടേയും, നിത്യോപയോഗസാധനങ്ങളുടെ വിലനിരക്കിൽ അടുത്ത മാസങ്ങളിൽ വന്ന വർദ്ധനവിന്റെയും ഫലമായി ഒട്ടേറെ കഷ്ടതകളനുഭവിക്കേണ്ടിവരുന്നുണ്ട്.

(ജി) ഇങ്ങനെ അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെ ജീവിതനിലവാരം കൂടുതൽ കൂടുതൽ അധഃപതിച്ചു വരുമ്പോൾ അവരുടെ ഇടയിൽ അതൃപ്തി പടന്നുപിടിക്കുകയും സംഘടിതമോ, അസംഘടിതമോ, ആയ സമരങ്ങൾ പൊട്ടിപ്പുറപ്പെടുകയും ചെയ്യുന്നത് സ്വാഭാവികം മാത്രമാണ്. ഇങ്ങനെ വരുമ്പോഴെല്ലാം ബഹുജനങ്ങളെ അക്രമാസക്തരെന്നും, അവരുടെ ഇടയിൽ പ്രവർത്തിച്ച് അവരുടെ സമരങ്ങൾക്ക് രൂപം കൊടുക്കുന്ന പ്രവർത്തകരെ അട്ടിമറിക്കാരെന്നും മുദ്രകുത്തി അടിച്ചമർത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. ഇതിന്റെ ഏറ്റവും വലിയ ഉദാഹരമാണ് ഇയ്യിടെ കാസിപ്പെട്ടിലും, ഖരഗ്പൂരിലും, കൽക്കത്തയിലും മറ്റും നടന്നത്. ഇന്ത്യയുടെ മറ്റുഭാഗങ്ങളിലെന്നപോലെയോ അതിലുമധികമോ ആയ തോതിൽ ഇതെല്ലാം കേരളത്തിലും നടക്കുന്നുണ്ട്.

(എച്ച്) അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ ഇടയിൽ മാത്രമല്ല ഉയർന്ന വർഗ്ഗങ്ങളിൽപെട്ട ചില വിഭാഗങ്ങളിൽപോലും, അതൃപ്തിയും പ്രക്ഷോഭവും പൊന്തിവരത്തക്ക നിലയിലാണ് ഗവൺമെന്റ് അതിന്റെ രാഷ്ട്രീയ-സാമ്പത്തിക നയങ്ങൾ രൂപീകരിച്ച് നടപ്പിൽവരുത്തിക്കൊണ്ടിരിക്കുന്നത്. ഇതിന്റെ ഉത്തമോദാഹരണമാണ്, മഹാരാഷ്ട്ര സംസ്ഥാനത്തിൽ അവിടത്തെ പ്രാദേശിക കോൺഗ്രസ്സ്കമ്മിറ്റി പോലും ഒരതിർത്തിവരെ പങ്കുകൊണ്ടതും, ഇന്നും തുടർന്നു വരുന്നതുമായ പ്രക്ഷോഭം. ഇത്തരത്തിൽ എല്ലാ ജനവിഭാഗങ്ങളേയും ഉൾക്കൊള്ളുന്ന പ്രക്ഷോഭത്തിന്റെ ഫലമായാണ് അടുത്ത അവസരത്തിൽ പുറത്തുവന്ന ബംഗാൾ-ബീഹാർ ലയനനിർദ്ദേശം പിൻവലിക്കാൻ ഭരണകക്ഷി നിർബന്ധിക്കപ്പെട്ടത്. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി നടത്തുന്ന ദേശീയ പുനർനിമ്മാണപദ്ധതികളിൽ ചില പ്രത്യേക പ്രദേശങ്ങൾക്ക് അവ അർഹിക്കുന്ന സ്ഥാനം കിട്ടാത്തതും, അതാതു പ്രദേശത്തെ എല്ലാ ജനവിഭാഗങ്ങളെയും ഒന്നിപ്പിക്കുന്ന പ്രക്ഷോഭങ്ങൾക്ക് ഇടയാക്കുന്നുണ്ട്. ഇതിന്റെ അലഈയിടെ നടന്ന ദേശീയ വികസനകൗൺസിലിന്റെ യോഗത്തിലും (തെക്കെ ഇന്ത്യയിൽ പൊതുവിലും രണ്ടു സ്റ്റേറ്റിനു പ്രത്യേകിച്ചും രണ്ടാം പഞ്ചവത്സരപദ്ധതിയിൽ വളരെ ചുരുങ്ങിയ പങ്കേ കിട്ടിയിട്ടുള്ളു എന്ന ഹനുമന്തയ്യയുടെ പ്രസംഗത്തിന്റെ രൂപത്തിൽ) ചെന്നടിക്കുകയുണ്ടായി. ഇത്തരം പ്രക്ഷോഭണങ്ങളോടൊപ്പംതന്നെ പോലീസ് മർദ്ദനങ്ങൾക്കെതിരായും, കൈക്കൂലിയും, അഴിമതികളും തടഞ്ഞുകിട്ടാനും മറ്റുമുള്ള പ്രക്ഷോഭങ്ങളിലും വിവിധ ജനവിഭാഗങ്ങൾ പങ്കെടുത്തുവരുന്നുണ്ട്.

(ഐ) ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ഇന്ത്യയിലെല്ലായിടത്തുമുള്ള ഈ സ്ഥിതിവിശേഷങ്ങൾ അതിന്റെ മൂർദ്ധന്യത്തിലെത്തിയ ഒരു സംസ്ഥാനമാണ് കേരളം. ബ്രിട്ടീഷ്ഭരണത്തിനും, നാട്ടുരാജ്യ സ്വേച്ഛാധിപത്യത്തിനുമെതിരായിട്ടെന്നപോലെതന്നെ, പരിപൂർണ്ണസ്വാതന്ത്ര്യലബ്ധിക്കുശേഷം കോൺഗ്രസ്സ് ഭരണത്തിനെതിരായിട്ടും, പോരാടിയ ഒരു ജനതയാണ് കേരളത്തിലുള്ളത്. കൂലിക്കും, ജോലിക്കും, ഭൂമിക്കും നല്ലൊരു ജീവിതത്തിനും വേണ്ടി ബ്രിട്ടീഷ് ഭരണകാലത്തുതന്നെ നടത്തിയ സമരങ്ങൾ കോൺഗ്രസ് ഭരണത്തിൻകീഴിലും അവർ തുടർന്നു. പക്ഷെ, സ്വാതന്ത്ര്യലബ്ധിയുടെ ഫലമായി തങ്ങൾക്കുണ്ടായിരിക്കുമെന്ന് അവർ പ്രതീക്ഷിച്ച അഭിവൃദ്ധിയൊന്നും ഉണ്ടായില്ലെന്നു മാത്രമല്ല അവരുടെ സ്ഥിതി കൂടുതൽ വഷളായിത്തീരുകപോലും ചെയ്തു. ഇത് അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങൾക്കിടയിൽ മാത്രമല്ല, ഉയർന്ന വർഗ്ഗക്കാരുടെ ഇടയിൽപ്പോലും അതൃപ്തിക്കിടയാക്കി.

കേരളത്തിൽ തൊഴിലില്ലായ്മ, അദ്ധ്വാനിയ്ക്കുന്ന ജനവിഭാഗങ്ങളുടെയിടയിൽ മാത്രമല്ല, എല്ലാ വിഭാഗക്കാരുമായ അഭ്യസ്തവിദ്യരുടെയിടയിലും ഏറ്റവും ഉൽക്കടമായ രൂപം കൈക്കൊണ്ടിട്ടു എത്രയോ വർഷങ്ങളായി. ഈ തൊഴിലില്ലായ്മയ്ക്കു പരിഹാരം കാണാനുള്ള പ്രത്യേക നടപടികളുൾക്കൊള്ളാത്ത യാതൊരു

പ്ലാനിംഗും കേരളത്തിന്റെ ദേശീയപുനർ നിർമ്മാണത്തിനു വഴി തെളിയിക്കുകയില്ല. കൂടാതെ തൊഴിലില്ലായ്മ, ഭക്ഷണകമ്മി, കൃഷിസൗകര്യങ്ങളുടെ കുറവ് മുതലായി കേരളത്തിനു സവിശേഷമായ പല വിഷമപ്രശ്നങ്ങളുമുള്ളവയ്ക്കു പരിഹാരം കാണാൻ വ്യാവസായികമായും, കാർഷികാഭിവൃദ്ധി സംബന്ധിച്ചുമുള്ള പ്രത്യേക നടപടികളെടുത്തില്ലെന്നു മാത്രമല്ല, മറ്റു സംസ്ഥാനങ്ങൾക്കു കിട്ടുന്ന തോതിലുള്ള സഹായം പോലും കേന്ദ്രത്തിൽനിന്നു തിരു-കൊച്ചിക്കോ, മദിരാശി സംസ്ഥാനത്തിൽ നിന്നു മലബാർ-കാസർഗോഡ് പ്രദേശങ്ങൾക്കോ കിട്ടുകയുണ്ടായില്ല.

ഇതും, കോൺഗ്രസ് ഗവൺമെന്റിൻകീഴിൽ വളർന്നുവന്ന അഴിമതികളും നിമിത്തം ഉയർന്ന വർഗ്ഗക്കാരിലും, ഇടത്തരക്കാരിലും തന്നെ അതൃപ്തി പരന്നുപിടിക്കാൻ തുടങ്ങി. അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടെ ഇടയിൽ മുമ്പുതന്നെയുള്ള പ്രസ്ഥാനവും, ഉയർന്ന വർഗ്ഗക്കാരിലും, ഇടത്തരക്കാരിലും പടർന്നുപിടിച്ച ഈ അതൃപ്തിയും ചേർന്നാണ് 1952 ൽ കേരളത്തിലാകെയും, 1954 ൽ തിരു-കൊച്ചിയിലും നടന്ന പൊതുതെരഞ്ഞെടുപ്പുകളിൽ കോൺഗ്രസ്സിന്റെ പരാജയത്തിനിടയാക്കിയത്. എന്നാൽ ഇങ്ങനെ പരാജയമടഞ്ഞിട്ടും ആ പരമാർത്ഥം മര്യാദയായി അംഗീകരിച്ച് എതിർപക്ഷപാർടികൾക്ക് അവരുടേതായ ഗവൺമെന്റ് രൂപീകരിക്കാൻ സൗകര്യം കൊടുക്കുന്നതിനുപകരം ഒന്നിനുമീതെ മറ്റൊന്നായി കുതന്ത്രങ്ങളെടുത്തു ഉപയോഗിച്ച് അധികാരത്തിൽ ചടഞ്ഞുകൂടാൻ തന്നെയാണ് കോൺഗ്രസ് ശ്രമിച്ചത്. കോൺഗ്രസിന്റെ ഈ ജനാധിപത്യവിരുദ്ധനയത്തിന്റെ ഫലമായി വളരെ ഗൗരവമായ ഒരു രാഷ്ട്രീയ അസ്ഥിരത്വം നമ്മുടെ സംസ്ഥാനത്തെ നേരിട്ടുകഴിഞ്ഞിരിക്കുന്നു. ഈ അസ്ഥിരത്വത്തിൽ നിന്നുള്ള യഥാർത്ഥ പ്രതിവിധി കോൺഗ്രസ്സ് അതിന്റെ പരാജയം സമ്മതിച്ച് എതിർ പക്ഷപാർടികളുടേതായ ഗവൺമെന്റ് രൂപീകരിക്കാൻ അവസരം കൊടുക്കുകയാണ്. ഇതിനുപകരം കോൺഗ്രസ് ചെയ്യുന്നതാകട്ടെ, ഉപദേശകഭരണം സ്ഥാപിച്ച് ആ രൂപത്തിൽ കോൺഗ്രസ് ഭരണം തന്നെ തുടരുകയാണ്.

## III

ഈ പശ്ചാത്തലത്തിലാണ് കേരളസംസ്ഥാനം ഉടലെടുക്കുന്നതെന്നതിനാൽ, ജനാധിപത്യപരവും, ഐശ്വര്യപൂർണ്ണവുമായ ഒരു പുതിയ കേരളം കെട്ടിപ്പടുക്കുന്നതിനു കോൺഗ്രസ് ഗവൺമെന്റ് അനുസരിച്ചുവരുന്നതും മുകളിൽ വിവരിച്ചതുമായ ജനദ്രോഹനയങ്ങൾക്കെതിരായി രാജ്യസ്നേഹികളായ മലയാളികളാകെ യോജിച്ചണിനിരക്കണം. ഇങ്ങനെ യോജിച്ച് അണിനിരക്കുന്ന രാജ്യസ്നേഹികളെല്ലാം ചേർന്ന്:

- തിരു-കൊച്ചിയിലെ ഉപദേശകഭരണത്തിൻകീഴിൽ നടക്കുന്ന അക്രമങ്ങൾക്കും, അഴിമതികൾക്കും, ജനാധിപത്യവിരുദ്ധനടപടികൾക്കും എതിരായി ഉറച്ചുനിന്നു പോരാടണം.
- ഒക്ടോബർ 1 നു കേരളസംസ്ഥാനം രൂപമെടുക്കുന്ന അവസരത്തിൽ ഇന്നത്തെ മലബാർ-കാസർഗോഡ് എം.എൽ.എമാരും തിരു-കൊച്ചിയിലെ തമിഴ്നാട് പ്രദേശമൊഴിച്ച് മറ്റു പ്രദേശത്തുള്ള എം.എൽ.എമാരും ചേർന്നു ഒരു കേരളസംസ്ഥാന നിയമസഭ നിലവിൽ വരുത്തണമെന്ന് കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെടണം.
- ഈ കേരളസംസ്ഥാന നിയമസഭയോട് ഉത്തരവാദപ്പെട്ട ഒരു ഗവൺമെന്റ് ഒക്ടോബർ 1 നു തന്നെ നിലവിൽ വരുത്താൻ വേണ്ട നടപടികൾ കേന്ദ്രഗവൺമെന്റിനെക്കൊണ്ട് എടുപ്പിക്കണം.
- കഴിഞ്ഞ നാലഞ്ചുകൊല്ലമായി തിരു-കൊച്ചിയിൽ തുടർന്നു പോന്നതും, കേരളസംസ്ഥാനത്തിൽ തുടരുമോയെന്നു ഭയപ്പെടുന്നതുമായ മന്ത്രിസഭാകുഴപ്പങ്ങൾ കൂടാതെ കഴിച്ച്, ജനാധിപത്യപരവും ഐശ്വര്യപൂർണ്ണവുമായ ഒരു പുതിയ കേരളം കെട്ടിപ്പടുക്കാൻ വേണ്ട ഒരു മിനിമം പരിപാടി നടപ്പിലിൽ വരുത്താൻ കെൽപ്പുള്ള ഉറച്ച ഒരു ഗവൺമെന്റുണ്ടാക്കുന്നതിന്, അങ്ങനെയൊരു പരിപാടിയുടെ അടിസ്ഥാനത്തിൽ കേരളത്തിലെ ഇടതുപക്ഷപാർടികൾ, ജനാധിപത്യവാദികളായ വ്യക്തികൾ, കോൺഗ്രസ്സിന്റെ പിന്തിരിപ്പൻ നയങ്ങൾക്കെതിരായി പോരാടാൻ തയ്യാറുള്ള കോൺഗ്രസ്സുകാർ എന്നിവർ തമ്മിലൊരു തെരഞ്ഞെടുപ്പു സംഖ്യമുണ്ടാക്കി. അവർക്കു നിയമസഭയിൽ ഭൂരിപക്ഷം സമ്പാദിച്ച്, അവരുടെ കൂട്ടുകെട്ടിന്റേതായ ഒരു ഗവൺമെന്റ് രൂപീകരിക്കാൻ വേണ്ട സാഹചര്യം സൃഷ്ടിക്കണം.
- നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനവ് തടയുന്നതിനും; തൊഴിലാളികളുടെയും, ഇടത്തരക്കാരുടേയും കൂലി-ശമ്പളനിരക്കുകൾ വർദ്ധിപ്പിച്ചു കിട്ടുന്നതിനും; കാർഷികോൽപന്നങ്ങൾക്ക് ന്യായമായ വിലകിട്ടുന്നതിനും; ഒഴിപ്പിക്കൽ തടയുന്നതിനും; ബഹുജനങ്ങളുടെ മറ്റ് അടിയന്തരാവശ്യങ്ങൾ നേടിയെടുക്കുന്നതിനും വേണ്ടി ഇടതുപക്ഷപാർടികളും, ജനാധിപത്യവാദികളായ വ്യക്തികളും, രാജ്യസ്നേഹികളായ കോൺഗ്രസ്സുകാരും യോജിച്ചു പോരാടണം. ഇന്നുതന്നെ കേരളത്തിന്റെ പലഭാഗത്തും പ്രാദേശികമായി ജനങ്ങളുടെ അടിയന്തരാവശ്യങ്ങൾ നേടിയെടുക്കാനുള്ള പ്രക്ഷോഭങ്ങളിൽ വിവിധ പാർടികളിൽപെട്ടവർ ഒന്നിച്ചുചേരാൻ തുടങ്ങിയിട്ടുണ്ട്. അത്തരം ഐക്യത്തെ ഇനിയും വിപുലപ്പെടുത്തുകയും വളർത്തുകയും വേണം.

ഇവയെല്ലാമാണു പുതിയൊരു കേരളം കെട്ടിപ്പടുക്കുന്നതിനുള്ള പ്രവർത്തനത്തിന്റെ പ്രാരംഭമെന്ന നിലയ്ക്കു പുരോഗമനവാദികളായ പാർടികളുടെയും ഗ്രൂപ്പുകളുടെയും വ്യക്തികളുടെയും മുമ്പിൽ കമ്മ്യൂണിസ്റ്റ് പാർടി സമർപ്പിക്കുന്ന അടിയന്തരകടമകൾ. ഈ കടമകൾ നിറവേറ്റുന്നതിൽ അവരുടെയെല്ലാം സഹായസഹകരണങ്ങൾക്കായി പാർടി അവരോട് അഭ്യർത്ഥിക്കുന്നു.

ഈ അഭ്യർത്ഥനയുടെ കൂട്ടത്തിൽ പി.എസ്.പിയെ പ്രത്യേകിച്ച് സംബോധനചെയ്യാൻ കമ്മ്യൂണിസ്റ്റ് പാർടി

ആഗ്രഹിക്കുന്നു. 1951–52 ലെ പൊതുതെരഞ്ഞെടുപ്പിൽ മലബാറിൽ കമ്മ്യൂണിസ്റ്റ് പാർടിയും പ്രജാപാർടിയും തമ്മിലുണ്ടാക്കിയ ഐക്യമുന്നണിയും, 1954 ലെ തിരു–കൊച്ചിയിലെ പൊതുതിരഞ്ഞെടുപ്പുകാലത്ത് കമ്മ്യൂണിസ്റ്റ് പാർടിയും പി.എസ്.പിയും മറ്റിടതുപക്ഷപാർടികളും ചേർന്നുണ്ടാക്കിയ ഐക്യമുന്നണിയും നാട്ടുകാരിലുണ്ടാക്കിയ ആവേശവും, തിരഞ്ഞെടുപ്പിനുശേഷം ആ ഐക്യമുന്നണി പൊളിഞ്ഞപ്പോൾ നാട്ടുകാരിലുളവായ നിരാശയും വീണ്ടും ഒന്നോർത്തുനോക്കാൻ പി.എസ്.പിയോടു കമ്മ്യൂണിസ്റ്റ്പാർടി അപേക്ഷിക്കുന്നു.

1954 ൽ മാത്രമല്ല അതിന്നുമുമ്പും, കേരളത്തിലെ ജനാധിപത്യശക്തികളെ ഏകോപിപ്പിച്ച്, കോൺഗ്രസ് ഗവൺമെന്റിന്റെ ജനാധിപത്യവിരുദ്ധനയങ്ങളെ എതിർത്ത്, അവയ്ക്കു പകരം ജനസേവനപരമായ നയങ്ങൾ നടപ്പിൽവരുത്തുന്ന ഒരു ഗവൺമെന്റ് നിലവിൽവരുത്താൻ കഴിയാതെ വന്നത് പി.എസ്.പി നേതൃത്വമനുസരിച്ച കമ്മ്യൂണിസ്റ്റ് വിരോധനയം മൂലമാണെന്നതു ഒരാൾക്കും നിഷേധിയ്ക്കാൻ വയ്യാത്തൊരു ചരിത്രസത്യമാണ്. ഈ നയം തന്നെ ഒരു രൂപത്തിലല്ലെങ്കിൽ മറ്റൊരു രൂപത്തിൽ അവർ ഇനിയും തുടരുമോ; കേരളത്തിലെ പൊതുജീവിതത്തിൽ കമ്മ്യൂണിസ്റ്റുകാർ നേടിക്കഴിഞ്ഞ സ്ഥാനം അവർക്കു നിയമസഭയിലും മന്ത്രിസഭയിലും കിട്ടാതിരിക്കണമെന്ന ഉദ്ദേശത്തോടെ, അതു സാധിക്കാൻ പറ്റുന്ന തന്ത്രങ്ങൾ അവർ തുറന്നെടുക്കുമോ; കമ്മ്യൂണിസ്റ്റുകാരെ ഒഴിച്ചുനിർത്തിക്കൊണ്ടും അവർക്കെതിരായും മറ്റു പാർടികളും ഗ്രൂപ്പുകളുമായി ഒത്തുതീർപ്പുണ്ടാക്കാൻ അവർശ്രമിക്കുമോ – നാട്ടുകാരുടെയിടയിൽ നിന്നു പൊന്തിവരുന്ന ചോദ്യങ്ങളാണിവ. ഇവയ്ക്കെല്ലാം ന്യായമായ മറുപടി നൽകത്തക്കവിധം തങ്ങളുടെ നയമാകെ പുനഃപരിശോധിയ്ക്കാൻ പി.എസ്.പിയോടു മൊത്തത്തിൽ അഭ്യർത്ഥിക്കുന്നതോടൊപ്പം, ഇത്തരത്തിൽ സ്വന്തം നയം പുനഃപരിശോധിച്ച് ഐക്യത്തിനുവേണ്ട അടിസ്ഥാനമിടാൻ ശ്രമിക്കുന്ന പി.എസ്.പി. സുഹൃത്തുക്കളെയെല്ലാം കമ്മ്യൂണിസ്റ്റ് പാർടി അഭിവാദ്യം ചെയ്യുന്നു.

പി.എസ്.പിയെക്കൊണ്ട് ശരിയായ ഒരു നയം അംഗീകരിപ്പിക്കുന്ന കാര്യത്തിൽ ആർ.എസ്.പിയും അതിന്റേതായ പങ്കുവഹിയ്ക്കേണ്ടതുണ്ടെന്ന് അവരെ ഓർമ്മപ്പെടുത്താൻ കമ്മ്യൂണിസ്റ്റ് പാർടി ആഗ്രഹിക്കുന്നു. 1952 മുതൽക്കിന്നേവരെ തിരു–കൊച്ചിയിലെ പി.എസ്.പി അനുസരിച്ചുപോന്ന കമ്മ്യൂണിസ്റ്റ് വിരുദ്ധനയത്തിനുള്ള ഉത്തരവാദിത്വത്തിലൊരു പങ്ക് ആർ.എസ്.പിയും വഹിക്കേണ്ടതുണ്ട്. എന്തുകൊണ്ടെന്നാൽ, കമ്മ്യൂണിസ്റ്റ്കാർക്ക് അവർ അർഹിക്കുന്ന സ്ഥാനം നൽകാതിരിയ്ക്കുകയെന്ന പി.എസ്.പി നയത്തെ പിന്തുണച്ചുപോരുകയാണ് ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു തരത്തിൽ ആർ.എസ്.പി കഴിഞ്ഞ കാലത്തു ചെയ്തുപോന്നിട്ടുള്ളത്.

മറ്റിടതുപക്ഷപാർടികൾ, ജനാധിപത്യവാദികളായ വ്യക്തികൾ, കോൺഗ്രസിന്റെ ജനവിരുദ്ധനയങ്ങൾക്കെതിരായി പോരാടുന്ന കോൺഗ്രസ്സുകാർ എന്നിവരോടും കമ്മ്യൂണിസ്റ്റ് വിരോധനയത്തിന്റെ കണികപോലും വളരാൻ അനുവദിയ്ക്കരുതെന്നു പാർടി അഭ്യർത്ഥിക്കുന്നു. പാർടിയെ സംബന്ധിച്ചു പറയുകയാണെങ്കിൽ, സ്വന്തം സങ്കുചിതസ്വാർത്ഥങ്ങളല്ല, പൊതുപ്രസ്ഥാനത്തിന്റെ വിജയമാണ്, പാർടിയുടെ പ്രവർത്തനങ്ങൾക്കെല്ലാം കേന്ദ്രലക്ഷ്യമായിരിയ്ക്കേണ്ടതെന്നു മനസ്സിലാക്കി, ഇടതുപക്ഷപാർടികൾ, ജനാധിപത്യവാദികളായ വ്യക്തികൾ, കോൺഗ്രസ്സ് ഗവൺമെന്റിന്റെ ജനാധിപത്യവിരുദ്ധനയങ്ങൾക്കെതിരായി പോരാടുന്ന കോൺഗ്രസ്സുകാർ എന്നിവർ ചേർന്ന ഒരു ഗവൺമെന്റ് കേരളത്തിൽ ഉണ്ടാക്കുന്നതിനുള്ള എല്ലാ തടസ്സങ്ങളും തട്ടിനീക്കാൻ വേണ്ട നടപടികൾ പാർടി എടുക്കുന്നതായിരിക്കും.

ഇങ്ങനെ ഇടതുപക്ഷപാർടികൾ, ജനാധിപത്യവാദികളായ വ്യക്തികൾ, കോൺഗ്രസ്സിന്റെ ജനാധിപത്യവിരുദ്ധനയങ്ങൾക്കെതിരായി പോരാടുന്ന കോൺഗ്രസ്സുകാർ എന്നിവരെയെല്ലാം യോജിപ്പിച്ച് ജനാധിപത്യപരവും ഐശ്വര്യപൂർണവുമായ പുതിയൊരു കേരളം കെട്ടിപ്പടുക്കാൻ ശ്രമിക്കുന്നതിനു അടിസ്ഥാനമായി താഴെ കൊടുക്കുന്ന മിനിമം പരിപാടി കമ്മ്യൂണിസ്റ്റ്പാർടി ജനങ്ങളുടെ മുമ്പാകെ സമർപ്പിക്കുന്നു.

അതോടൊപ്പംതന്നെ, ഈപരിപാടി മുഴുവൻ അംഗീകരിക്കാത്തവരോ, മുഴുവൻ അംഗീകരിക്കുന്നുണ്ടെങ്കിൽപോലും അതു കോൺഗ്രസ്സിനെക്കൊണ്ടു നടപ്പിൽവരുത്തിക്കാമെന്ന് വിശ്വസിക്കുന്നവരോ ആയ കോൺഗ്രസ്സുകാർ ഉണ്ടായേക്കുമെന്ന് പാർടി മനസ്സിലാക്കുന്നു. അത്തരം കോൺഗ്രസ്സുകാരോടും കമ്മ്യൂണിസ്റ്റ് പാർടി അഭ്യർത്ഥിക്കുന്നു: ഇതിലേതിനെ നിങ്ങൾ സ്വീകരിക്കുന്നുവോ അതിനുവേണ്ടി നമുക്കു യോജിച്ചു പ്രവർത്തിയ്ക്കുക.

ഈ പരിപാടി പൂർണ്ണമാണെന്നോ മാറ്റേണ്ടതില്ലാത്തതാണെന്നോ പാർടി കരുതുന്നില്ല. രാജ്യസ്നേഹികളായ മുഴുവൻ മലയാളികളുടേയും പരിഗണനയ്ക്കും അംഗീകാരത്തിനും വേണ്ടിയാണ് പാർടി ഈ പരിപാടി തയ്യാറാക്കിയിട്ടുള്ളത്. ഇതേപ്പറ്റി ജനങ്ങളുടെ അഭിപ്രായങ്ങളാരാഞ്ഞശേഷം മറ്റു പാർടികളുമായി നടത്തുന്ന കൂടിയാലോചനകളുടെ ഫലമായി ആവശ്യമായ മാറ്റങ്ങൾ വരുത്താൻ പാർടി തയ്യാറാണെന്നും പ്രഖ്യാപിച്ചുകൊള്ളുന്നു.

നമുക്ക് ഇന്ന് ആവശ്യമായിട്ടുള്ള യോജിപ്പ് രാഷ്ട്രീയപാർടികൾ തമ്മിലുണ്ടാക്കുന്ന സഖ്യത്തിലോ ഒത്തുതീർപ്പുകളിലോ ഒതുങ്ങി നിൽക്കേണ്ട ഒന്നല്ല. ജനാധിപത്യപരവും ഐശ്വര്യപൂർണ്ണമായ ഒരു പുതിയ കേരളം പടുത്തുയർത്തുകയെന്ന ജോലി മലയാളി ജനതയാകെ ഏറ്റെടുത്തു നിറവേറ്റേണ്ട ഒന്നാണ്. അതുകൊണ്ട് ആ ജോലി ഏറ്റെടുക്കാൻ കഴിയുന്ന തരത്തിൽ സ്വന്തം സംഘടനകളെ ശക്തിപ്പെടുത്തിയും ഏകോപിപ്പിച്ചും കരുത്തേറിയ ഒരു ബഹുജനപ്രസ്ഥാനം വളർത്തിക്കൊണ്ടുവരാൻ കേരളത്തിലെ തൊഴിലാളിക

ളോടും കൃഷിക്കാരോടും ഇടത്തരവിഭാഗക്കാരോടും ബുദ്ധിജീവികളോടും സ്ത്രീകളോടും യുവജനങ്ങളോടും സാഹിത്യ-കലാ-സാംസ്കാരിക പ്രവർത്തകരോടും കമ്മ്യൂണിസ്റ്റ് പാർടി അഭ്യർത്ഥിക്കുന്നു.

## IV

## മിനിമം പരിപാടി

### പദ്ധതിയുടെ വലുപ്പം

തിരു-കൊച്ചിക്കും മലബാറിനും പ്ലാനിംഗിന്റെ കാര്യത്തിൽ ഇന്നേവരെ അവഗണനയാണ് കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുള്ളത്. രണ്ടാം പഞ്ചവൽസരപദ്ധതിയിലും അതു തുടരുന്നു. തിരു-കൊച്ചിയിൽ എല്ലാ പാർടികളുടെയും പ്രതിനിധികളടങ്ങുന്ന പ്ലാനിംങ്ങ് അഡ്വൈസറിബോർഡ് 139 കോടി രൂപയുടെ പദ്ധതിയാണ് ഏകകണ്ഠമായി ശിപാർശ ചെയ്തത്. അതുപോലെതന്നെ മലബാറിലെ എല്ലാ കക്ഷികളുമടങ്ങുന്ന ഡിസ്ട്രിക് പ്ലാനിംഗ് ബോർഡ് 75 കോടി രൂപയുടെ പദ്ധതി ശിപാർശചെയ്യുകയുണ്ടായി. ഇതെല്ലാം ഇന്ന് വെട്ടിക്കുറച്ചിരിക്കുകയാണ്. എല്ലാ കക്ഷികളും ഏകകണ്ഠമായി അഭിപ്രായപ്പെട്ടതനുസരിച്ചു കേരളസംസ്ഥാനത്തിനു അർഹതപ്പെട്ട 200 കോടി രൂപയെങ്കിലും അനുവദിക്കേണ്ടതാണ്.

കേന്ദ്രത്തിൽ നിന്നു പൊതുമേഖലയിൽ തുടങ്ങുന്ന വൻകിടവ്യവസായങ്ങളിൽ ചിലതും കേരളത്തിൽ തുടങ്ങണം.

### ഖനിജങ്ങൾ

ഇൽമനൈറ്റ്, മോണോസൈറ്റ്, റൂട്ടയിൽ, സിലിമിനൈറ്റ്, സീർക്കൺ, ശാർണൈറ്റ്, ഗ്രാഫൈറ്റ് (കാരിയം), മൈക്ക,(അഭ്രം), ചീനക്കളിമണ്ണ് (കെയോലിൻ), ലിഗ്നൈറ്റ് തുടങ്ങി കേരളത്തിന്റെ മണ്ണിൽ കണ്ടുവരുന്ന അപൂർവ്വഖനിജങ്ങളെ സംബന്ധിച്ചു കേന്ദ്രഗവൺ മെന്റിനെക്കൊണ്ടു സത്വരമായി ഒരു സർവ്വെ നടത്തിച്ചു ഇവയിൽ ഏതെങ്കിലും ആദായകരമായി ഖനനം ചെയ്യാൻ കഴിയുമെന്നും ഓരോന്നും ഏത്രയുണ്ടാകുമെന്നും തിട്ടപ്പെടുത്തണം.

മാത്രമല്ല, ഇവയെ ഉപയോഗപ്പെടുത്തിയുള്ള വ്യവസായങ്ങൾ ഇവിടെത്തന്നെ തുടങ്ങണം. ഇൽമനൈറ്റ് ഉപയോഗിച്ചുകൊണ്ടുള്ള തിരുവനന്തപുരത്തെ ടൈറ്റാനിയം ഫാക്ടറിയും, മോണസൈറ്റ് സംസ്കരിക്കുന്ന ആലുവയിലെ റെയർ എർത്തും മാത്രമാണ് നമ്മുടെ ഖനിജങ്ങൾ ഉപയോഗിച്ചുകൊണ്ട് ഇവിടെ നടത്തുന്ന വ്യവസായങ്ങൾ – ഇതിൽ ടൈറ്റാനിയം ഫാക്ടറി ബ്രിട്ടീഷ് ടൈറ്റാനിയം പ്രോഡക്ട്സ് എന്നൊരു കുത്തകക്കമ്പനിയുടെ പിടിയിലാണ്; അതുകൊണ്ട് നമുക്ക് അതിൽനിന്നു ശരിയായ ലാഭം കിട്ടുന്നില്ലെന്നു മാത്രമല്ല വ്യവസായം തന്നെ വികസിക്കുന്നുമില്ല. ഇന്ത്യാഗവൺമെന്റ് വകയായ റെയർ എർത്ത് ഫാക്ടറിയിൽ (തിരു-കൊച്ചി ഗവൺമെന്റിനും ഇതിൽ ഓഹരിയുണ്ട്) മോണോസൈറ്റ് പാകപ്പെടുത്തി അയക്കുന്നതല്ലാതെ മറ്റൊരു വ്യവസായവും നടക്കുന്നില്ല. ഈ സമ്പ്രദായം അവസാനിപ്പിച്ചു പ്രസ്തുത പദാർത്ഥങ്ങൾ കൊണ്ടു നടത്താവുന്ന വ്യവസായങ്ങൾ ഇവിടെ നടത്തണം.

ആലുവയിൽ ഉള്ള റെയർ എർത്ത് ഫാക്ടറിയോട് അനുബന്ധിച്ചു തോറിയം ബാർ ഫാക്ടറി സ്ഥാപിക്കണം. അതു ബോംബെയിൽ സ്ഥാപിക്കാനുള്ള കേന്ദ്രഗവൺമെന്റിന്റെ തീരുമാനം ഒരു വിധത്തിലും ന്യായീകരിച്ചുകൂടാ.

ചവറയിൽ നിന്ന് ധാതുദ്രവ്യങ്ങളല്ലാതെ മണൽ തന്നെ സംസ്കരിക്കാതെ കയറ്റി അയയ്ക്കുന്നതു നിർത്തണം. കാരിയവും അഭ്രവും അതുപോലെ ഉപയോഗപ്പെടുത്തണം.

### ജലസേചനവും വിദ്യുച്ഛക്തിയും

ഏറ്റവും ചുരുങ്ങിയ ചിലവിൽ ഏറ്റവും കൂടുതൽ വിദ്യുച്ഛക്തി ഉല്പാദിപ്പിക്കാവുന്ന ഒട്ടനവധി ചെറുപദ്ധതികൾ കേരളത്തിൽ നടപ്പാക്കാൻ കഴിയും. കേരളത്തിലെ ഒരൊറ്റ പുഴയെങ്കിലും ഈ വിഷയത്തിൽ നിരുപയോഗമാകുമെന്നു തോന്നുന്നില്ല. ജലസേചനപദ്ധതികളുടെ കാര്യത്തിൽ ചിലവു താരതമ്യേന കൂടുതലാണെന്നു പറയുന്നുണ്ട്. എന്നാൽ പല പദ്ധതികളും രണ്ടുദ്ദേശവും ഒന്നിച്ചു നടക്കുന്ന പദ്ധതികളായിരിക്കും – അതായതു വൈദ്യുതോല്പാദനവും ജലസേചനവും, ജലസേചനപദ്ധതികൾ എന്ന നിലയ്ക്കുമാത്രം നോക്കിയാൽ പോലും ഈ എല്ലാ പദ്ധതികളും ഏറ്റെടുക്കേണ്ടതുണ്ട്. കാരണം, ഭക്ഷ്യോല്പാദനവിഷയത്തിൽ ഒരു കമ്മിപ്രദേശമായ കേരളത്തിൽ കൃഷിവികസനത്തിനു കൂടുതൽ ഭൂമി ലഭിക്കുക എന്നതു കേവലം അസാദ്ധ്യമായിരിക്കെ ജലസേചനംകൊണ്ട് ഉള്ള ഭൂമിയിലെ വിളവു വർദ്ധിപ്പിക്കുകയെന്നത് വളരെ പ്രധാനമാണ്. അതുകൊണ്ട് കേരളത്തിലെ എല്ലാ നദികളുടെയും സാധ്യതകളെ പറ്റി സെൻട്രൽ വാട്ടർ ആന്റ് പവർകമ്മീഷനെക്കൊണ്ടു സർവ്വെ നടത്തി ഒരു പദ്ധതി തയ്യാറാക്കിക്കണം. ഈ പദ്ധതികൾ മുഴുവൻ ഒരൊറ്റ പഞ്ചവത്സരപദ്ധതി കൊണ്ടു പൂർത്തിയാക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് ഒരു 15 വർഷത്തെ പദ്ധതിയായി ഇതു ആവിഷ്ക്കരിക്കണം.

എന്നാൽ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തന്നെ അടിയന്തിരമായി ഏറ്റെടുക്കേണ്ട പദ്ധതികൾ ഉണ്ട്. അവയിൽ കേരളത്തിനു മാത്രമല്ല മറ്റു സംസ്ഥാനങ്ങൾക്കുകൂടി ഉപയോഗപ്പെടുന്ന ബരാപ്പുഴയും, വള്ളുവനാട്ടിലെ കാഞ്ഞിരപ്പുഴയും, മധ്യതിരുവിതാംകൂറിലെ പമ്പാപദ്ധതിയും, നെന്മാറയിലെ പോത്തുണ്ടി പദ്ധതിയും ഏറ്റെടുക്കണം. മീങ്കരപദ്ധതിയുടെ അണക്കെട്ടിന്റെ ഉയരം കൂട്ടണം.

വടക്കേമലബാറും കാസർഗോഡും ജലസേചനത്തിന്റെ കാര്യത്തിൽ ഇതേവരെ തീരെ അവഗണിയ്ക്കപ്പെട്ടിരിക്കുകയാണ്. ജലസേചനത്തിനും വിദ്യുച്ഛക്തിനിർമ്മാണത്തിനും അവിടത്തെ പലേ പുഴകളും ഉപയോഗപ്പെടുത്താൻ കഴിയും. അതിനുവേണ്ട നടപടികളെടുക്കണം.

വൻകിട പദ്ധതികളൊന്നും തുടങ്ങാൻ സൗകര്യമില്ലാത്ത പ്രദേശങ്ങൾ ജലസേചനത്തിന്റെ കാര്യത്തിൽ കേവലം അവഗണിയ്ക്കപ്പെട്ടുപോകാനിടയാകാതെ ചെറുകിടജലസേചനപദ്ധതികൾ അത്തരം പ്രദേശങ്ങളിൽ നടപ്പാക്കണം. പൊതുവെ ചെറുകിട പദ്ധതികൾക്കു ആവശ്യമായ തുക നീക്കിവെക്കണം.

## വ്യവസായങ്ങൾ

മൂലധനമുടക്കു കൂടുതൽ വേണ്ടിവരുന്നതും അതിനനുസരിച്ചു തൊഴിൽ സൗകര്യം നൽകാൻ സാധിക്കാത്തതുമാണ് ഘനവ്യവസായങ്ങളടക്കമുള്ള വൻകിട വ്യവസായങ്ങളെന്നും, അതുകൊണ്ടുകേരളത്തെപ്പോലെ ജനപ്പെരുപ്പമുള്ള ഒരു സംസ്ഥാനത്തിനു പറ്റിയതല്ല അവയെന്നും ഒരു ധാരണയുണ്ട്. ഇതു ശരിയല്ല. ഈ വാദം സ്വീകരിച്ചാൽ കേരളം എന്നെന്നും ഒരു പിന്നണി പ്രദേശമായി കിടക്കേണ്ടിവരും. ഇന്നുള്ള കുടിൽവ്യവസായങ്ങൾപോലും നശിച്ച്, തികച്ചും ഒരു മരുഭൂമിയായി രൂപാന്തരപ്പെടും. അതുകൊണ്ട് ധാരാളം തൊഴിൽ നൽകുന്ന ചെറുകിടവ്യവസായങ്ങളേയും കുടിൽവ്യവസായങ്ങളേയും കൈത്തൊഴിലുകളേയും സംരക്ഷിക്കുന്നതോടൊപ്പംതന്നെ ഘനവ്യവസായങ്ങളുൾപ്പെടെയുള്ള ആധുനിക വൻകിട വ്യവസായങ്ങൾ കേരളത്തിൽ വളർത്തണം.

ഇന്ന് അടിയന്തിരമായി നാം പ്രാധാന്യം നൽകേണ്ടത് ഇന്ത്യയിലെ രണ്ടാമത്തെ കപ്പൽ നിർമ്മാണ കേന്ദ്രം കൊച്ചിയിൽ സ്ഥാപിച്ചുകിട്ടുന്നതിനുവേണ്ടിയാണ്. കപ്പൽ നിർമ്മാണത്തിനു ആവശ്യമായ അസംസ്കൃതസാധനങ്ങളും മറ്റെല്ലാ സൗകര്യങ്ങളും ഇവിടെയുണ്ടെന്നു മനുസുബേദാർ കമ്മിറ്റി പണ്ടേ റിപ്പോർട്ട് ചെയ്തിട്ടുള്ളതാണ്.

ഇതിനുപുറമെ കേരളത്തിൽ സ്ഥാപിക്കാവുന്നതും അടിയന്തിരമായി സ്ഥാപിക്കാവുന്നതും അടിയന്തിരമായി സ്ഥാപിക്കേണ്ടതുമായ പ്രധാനപ്പെട്ട വ്യവസായങ്ങളിൽ ചിലതു താഴെകാണിക്കാം:

(എ) കോച്ച് ഫാക്ടറി - ഇന്ന് ഇന്ത്യയിലുള്ള കോച്ച് ഫാക്ടറികൾ ഒക്കെയുണ്ടായിട്ടും വർഷം പ്രതി 30,000 കോച്ചുകൾ ഇന്ത്യൻ റെയിൽവെകൾ ഇറക്കുമതി ചെയ്യുന്നു. അതുകൊണ്ട് കോച്ച് നിർമ്മാണത്തിനാവശ്യമായ തടിയും മറ്റും സുലഭമായിട്ടുള്ള കേരളത്തിൽ ഏതെങ്കിലും സൗകര്യമുള്ള കേന്ദ്രത്തിൽ ഒരു കോച്ച് ഫാക്ടറി തുടങ്ങണം.

(ബി) ഹെവി എഞ്ചിനീയറിങ്ങിനാവശ്യമായ തരത്തിൽ സ്റ്റീൽ റോളിങ്ങ്മിൽ ഒരെണ്ണം സ്ഥാപിക്കണം. ഇന്ത്യക്കാവശ്യമായ ഉരുക്കിൽ ഒരു ഭാഗം ഇന്നും ഇറക്കുമതി ചെയ്തുകൊണ്ടിരിക്കുന്നതിനാലും കൊച്ചിതുറമുഖം സൗകര്യപ്രദമായിട്ടുള്ളതിനാലും ഈ വ്യവസായത്തിനു നമുക്കു സാദ്ധ്യതയുണ്ട്.

(സി) ഒരു മെഷീൻ ടൂൾ ഫാക്ടറി

(ഡി) അലൂമിനിയം - അലൂമിനിയം നിർമ്മാണത്തിനാവശ്യമായ അസംസ്കൃതപദാർത്ഥം- ബോക്സൈറ്റ്-കേരളത്തിൽ ഇല്ലെങ്കിലും അതുപോലെതന്നെ കൂടുതലോ ഈ വ്യവസായത്തിൽ പ്രാധാന്യമുള്ളതാണ് ഇലക്ട്രിസിറ്റി. ഇക്കാരണം കൊണ്ടാണ് ആലുവയിൽ ഒരു ഫാക്ടറി സ്ഥാപിച്ചത്. ഈ ഫാക്ടറിയുടെ ഉൽപാദനം വികസിപ്പിക്കുകയോ മറ്റൊന്നുകൂടി സ്ഥാപിക്കുകയോ ചെയ്യാം. ബോക്സൈറ്റ് സേലത്തുനിന്നു കിട്ടും.

(ഇ) കടലാസ് നിർമ്മാണം - മദ്രാസ് സംസ്ഥാനത്തു തുടങ്ങാൻ പ്ലാനിട്ടിരുന്ന കടലാസ്സ് മിൽ ആദ്യം നിലമ്പൂരാണ് പ്ലാൻ ചെയ്തിരുന്നത്. എന്നാൽ സംസ്ഥാന വിഭജനത്തിന്റെ ഫലമായിരിക്കാം, മദ്രാസ് ഗവൺമെന്റ് അതു നീലഗിരിയിൽ സ്ഥാപിക്കാനാണ് ഒടുവിൽ തീരുമാനിച്ചിരിക്കുന്നത്. എന്നാൽ നിലമ്പൂര് ഒരു പേപ്പർ മിൽ തുടങ്ങാൻ കേരള സംസ്ഥാന ഗവൺമെന്റിനു അതൊരു തടസ്സമാവുകയില്ല.

(എഫ്) ടയർ ഫാക്ടറി - ഇന്ത്യയിലെ റബ്ബറിന്റെ 97 ശതമാനം ഉൽപാദിപ്പിക്കുന്ന കേരളത്തിൽ തന്നെയാണ് റബ്ബർഫാക്ടറി സ്ഥാപിക്കാൻ അർഹതയുള്ളത്. പൊതുമേഖയിൽ 75 ലക്ഷം രൂപ മുടക്കി തിരുവനന്തപുരത്തെ റബ്ബർഫാക്ടറി വികസിപ്പിച്ച് ടയർ നിർമ്മാണം കൂടി അവിടെ തുടങ്ങാൻ തിരു-കൊച്ചിസർക്കാരിന്റെ കരടു പഞ്ചവത്സരപദ്ധതിയിൽ പ്ലാൻ ചെയ്തിരുന്നു. എന്നാൽ ആ നിർദ്ദേശം തള്ളപ്പെട്ടിരിക്കുകയാണിപ്പോൾ. പൊതുമേഖലയിൽ തന്നെ കേരളത്തിൽ എവിടെയെങ്കിലും ഒരു റബ്ബർ-ടയർ ഫാക്ടറി സ്ഥാപിക്കണം.

(ജി) ഗ്ലൂക്കോസും സ്റ്റാർച്ചും - മരച്ചീനിമാവിൽ നിന്ന് ഇവ ഉണ്ടാക്കാൻ കഴിയും. ഇത്തരം ഒരു ഫാക്ടറി തിരുവല്ലയിലെ പമ്പാ റിവർ ഫാക്ടറിയോടു അനുബന്ധിച്ചു തുടങ്ങാനുദ്ദേശിക്കുന്നതായി അറിയുന്നുണ്ട്. അതില്ലെങ്കിൽ സൗകര്യമുള്ള മറ്റേതെങ്കിലും സ്ഥലത്തു ഇതു തുടങ്ങണം.

(എച്ച്) ഹാർഡ് ബോർഡ് ഫാക്ടറി - ഈർച്ചപ്പൊടിയാണ് ഇതിന്റെ അസംസ്കൃത വസ്തു. അതുകൊണ്ടു ഈർച്ചക്കമ്പനികൾ ഉള്ള ഏതെങ്കിലും കേന്ദ്രത്തിൽ ഇതു തുടങ്ങാം. ആവശ്യവും ചിലവും നോക്കി ഒന്നിലധികം വേണമെങ്കിൽ തുടങ്ങണം.

(ഐ) മണൽ ഇഷ്ടികയും ഷീറ്റ് ഗ്ലാസും - അമ്പലപ്പുഴ ചേർത്തല താലൂക്കുകളിലെ വെണ്മയേറിയ മണലാണ് ഈ വ്യവസായങ്ങളുടെ അസംസ്കൃത വസ്തു. ചേർത്തല മണൽ ആലുവയിൽ കൊണ്ടുവന്നാണ് ഒഗലേ ഗ്ലാസ് ഫാക്ടറി നടത്തുന്നത്. പ്രസ്തുത താലൂക്കുകളിൽ പതിനായിരക്കണക്കിനു ടൺ ഈ മണൽ ലഭിക്കുമെന്നു മാത്രമല്ല, ഈ മണൽ നിരങ്ങിക്കിട്ടിയാൽ തരിശായി കിടക്കുന്ന പല പ്രദേശങ്ങളും ഫലഭൂയിഷ്ടമാവുകയും ചെയ്യും. ക്ഷാമപീഡയുള്ള അമ്പലപ്പുഴ-ചേർത്തല താലൂക്കുകളിൽ നിന്ന് വ്യവസായങ്ങൾ തുടങ്ങണം.

(ജെ)സിമന്റ് - കോട്ടയത്തെ സിമന്റ് ഫാക്ടറി കക്ക ഉപയോഗിച്ചു കൊണ്ടുള്ളതാണ്. എന്നാൽ മറ്റു സ്ഥലങ്ങളിലെപ്പോലെ മണ്ണും കല്ലും ഉപയോഗിച്ചുതന്നെ ഒരു സിമന്റുഫാക്ടറികൂടി കേരളത്തിൽ എവിടെയെങ്കിലും തുടങ്ങാൻ കഴിയും.

(കെ) സൾഫ്യൂറിക്ക് ആസിഡ് – തിരുവനന്തപുരത്തു ഇതിനൊരു ഫാക്ടറി സ്ഥാപിക്കുമെന്നു രണ്ടാം പഞ്ചവത്സരപദ്ധതിയുടെ കരടു തയ്യാറാക്കിക്കൊണ്ടിരുന്ന അവസരത്തിൽ മുഖ്യമന്ത്രി പറഞ്ഞിരുന്നു. പക്ഷെ ഇന്നതു കാണുന്നില്ല.

(എൽ) കാസ്റ്റിക് സോഡ

(എം) പഞ്ചസാര ഫാക്ടറി – ജലസേചനസൗകര്യം വർദ്ധിച്ചിട്ടുള്ള സ്ഥിതിക്ക് കരിമ്പ് കൃഷിചെയ്യാനും അതിന്റെ കൂടെ പഞ്ചസാരഫാക്ടറികൾ സ്ഥാപിക്കാനും സാധ്യതയുളവായിട്ടുണ്ട്. പഞ്ചസാരയ്ക്ക് മാർക്കറ്റു കിട്ടാതെ വിഷമിക്കുകയുമില്ല.

(എൻ) ടെക്സ്റ്റൈയിൽ മില്ലുകൾ–പരുത്തി ഇവിടെയില്ലെങ്കിലും, വിദേശത്തുനിന്നുവരുന്ന നീണ്ട ഇഴയുള്ള പഞ്ഞിയുടെ കാര്യത്തിൽ മറ്റേതു സംസ്ഥാനത്തെക്കാളും കൂടുതൽ സൗകര്യം നമുക്കുണ്ട്. അതുപയോഗിച്ചു നേരിയ വസ്ത്രങ്ങൾ നെയ്യുന്ന മില്ലുകൾ സ്ഥാപിക്കാം. ഇവിടത്തെ നനവുള്ള കാലാവസ്ഥ അതിനു അനുകൂലവുമാണ്. അതിനും പുറമെ ഇവിടെയുള്ള കൈത്തറികൾക്ക് നൂൽ കിട്ടാൻ ഇന്നുള്ളതിലും എത്രയോ മില്ലുകൾ ആവശ്യമാണ്.

(ഒ) കൺട്രി ക്രാഫ്ട് – പത്തേമാരി മുതലായവ ഉണ്ടാക്കുന്ന വ്യവസായം കേരളത്തിൽ പണ്ടേയുള്ളതാണ്. എന്നാൽ ഇന്നും അതു പഴഞ്ചൻ രീതിയിൽ നടത്തുകയാണ്. അതു പരിഷ്ക്കരിച്ച് യന്ത്രങ്ങൾ ഘടിപ്പിച്ച പത്തേമാരികളും മറ്റും ഉണ്ടാക്കുവാൻ ആവശ്യമായ സാങ്കേതികവും സാമ്പത്തികവുമായ സഹായങ്ങൾ പ്രസ്തുത വ്യവസായ ഉടമകൾക്ക് നൽകണം.

(പി) മോട്ടോർ വാഹനങ്ങൾക്കാവശ്യമായ പല ഭാഗങ്ങളും ഇന്നു ഇന്ത്യയിൽ ഉണ്ടാക്കിവരുന്നുണ്ട്. സ്റ്റേറ്റ് ട്രാൻസ്പോർട്ട് വർക്ക്ഷോപ്പിലും മറ്റ് മോട്ടോർ വർക്ക്ഷോപ്പുകളിലും ഇവ ഇവിടെയും ഉണ്ടാക്കാൻ കഴിയും. അതു തുടങ്ങണം.

(ക്യു) കേന്ദ്രഗവൺമെന്റ് തെക്കേ ഇന്ത്യയിൽ തുടങ്ങാനുദ്ദേശിക്കുന്ന ഗവൺമെന്റ് പ്രസ്സ് കേരളത്തിൽ വേണം.

(ആർ) വടക്കേമലബാറിൽ ഉപ്പുപടന്ന (ഉപ്പളം) തുടങ്ങാനുള്ള സാധ്യതകളെ ഉപയോഗപ്പെടുത്തണം.

ഇതിനു പുറമെ ഇന്നു നടക്കുന്ന എത്രയോ വ്യവസായങ്ങൾ വികസിപ്പിക്കാൻ കഴിയും. ഉദാ:– തീപ്പെട്ടി, പ്ലൈവുഡ്, ഫർണ്ണീച്ചർ, ഫ്രൂട്ട് കാനിങ്, പോട്ടറി, സിറാമിക്, കുടനിർമ്മാണം, ചെറുകിട എൻജിനീയറിങ്ങ്, സോപ്പ്, പണിയായുധനിർമ്മാണം, ബോഡി ബിൽഡിംഗ്, തോൽ ഊറയ്ക്കിടൽ എന്നിങ്ങനെ പലതും അക്കൂട്ടത്തിലുണ്ട്.

### തുറമുഖങ്ങൾ

കൊച്ചിതുറമുഖം ഇന്ത്യയിലെ മേജർ തുറമുഖങ്ങളിലൊന്നാണെങ്കിലും മറ്റു തുറമുഖങ്ങൾ വികസിപ്പിക്കാൻ ചിലവു ചെയ്യുന്നതിനു അനുസരിച്ചു കൊച്ചി തുറമുഖത്തിൽ ചിലവിടുന്നില്ല. ഈ അവഗണന മാറ്റി ആവശ്യമായ തുക അനുവദിക്കണം.

ഇതിനു പുറമെ വിഴിഞ്ഞം, ബേപ്പൂർ, ചിറക്കൽ താലൂക്കിലെ അഴീക്കൽ, എട്ടിക്കുളം മുതലായ തുറമുഖങ്ങൾ വികസിപ്പിക്കുന്നതിൽ പ്രത്യേകം ശ്രദ്ധിക്കണം. വലിയ സാദ്ധ്യതകളുള്ളതാണ് അവ. കൊല്ലം, ആലപ്പുഴ, കോഴിക്കോട്, തിരുവനന്തപുരം തുടങ്ങിയ തുറമുഖങ്ങളുടെ സൗകര്യങ്ങൾ കൂടുതൽ വർദ്ധിപ്പിക്കുകയും വേണം.

### റെയിൽവെ

രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കൊല്ലം–എറണാകുളം റെയിൽവെ പൂർത്തിയാക്കുന്നതു മാത്രമേ ഉൾപ്പെടുത്തിയിട്ടുള്ളു. എന്നാൽ അഖിലേന്ത്യാപദ്ധതിയിലാകട്ടെ ഏറ്റവും കൂടുതൽ തുക നീക്കിവെച്ചിരിക്കുന്ന ഇനം റെയിൽവേയുമാണ്. എന്നിട്ടും കേരളത്തിന്റെ ആവശ്യം അനുസരിച്ചും, കേരളത്തിൽ റെയിൽവേകളുടെ വിരളത കണക്കിലെടുത്തുകൊണ്ടും കൂടുതൽ ലൈനുകൾ അനുവദിക്കാൻ കേന്ദ്രഗവൺമെന്റിനു സന്മനസ്സുണ്ടായിട്ടില്ല. ജനങ്ങളാണെങ്കിലോ കൂടുതൽ കൂടുതൽ റെയിൽവെകൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുയാണ്. ബോഡിനായ്ക്കന്നൂർ–കൊച്ചി, കൊല്ലം–ആലപ്പുഴ–എറണാകുളം, പുനലൂർ–കായംകുളം, തൃശ്ശൂർ–കൊല്ലങ്കോട്, ചാലക്കുടി–പൊള്ളാച്ചി, തലശ്ശേരി–കുടക്–മൈസൂർ എന്നിങ്ങിനെ പലതും. ഇവയെല്ലാംകൂടി ഒരു പഞ്ചവത്സരപദ്ധതിയിൽ നടപ്പാക്കാൻ സാദ്ധ്യമല്ല. അതുകൊണ്ട് കേരളത്തിൽ റെയിൽവേവികസനത്തിന്നു ഒരു 15 വർഷപദ്ധതിയുണ്ടാക്കണം. അതിൽ മേൽപ്പറഞ്ഞതിൽ ഏതേതു ആദ്യമാദ്യം എടുക്കണമെന്നു തീരുമാനിക്കണം. എന്നാൽ കൊല്ലം–ആലപ്പുഴ–കൊച്ചി റെയിൽവെയും തലശ്ശേരി–കുടക്–മൈസൂർ റെയിൽവെയും രണ്ടാം പഞ്ചവത്സരപദ്ധതിയിൽത്തന്നെ ഉൾപ്പെടുത്തണം.

### ജലഗതാഗതം

തിരുവനന്തപുരത്തുനിന്നു കാസർഗോഡ് ചന്ദ്രഗിരിപ്പുഴവരെ തുടർച്ചയായി ജലമാർഗ്ഗം ഗതാഗതം ചെയ്യാനുള്ള സൗകര്യം ഉണ്ടാക്കാൻ കഴിയും. ഇന്നു തന്നെ അതിൽ കുറെയുണ്ട്. ചില സ്ഥലങ്ങളിൽ തോടുകൾ വീതികൂട്ടിയും ആഴം വെപ്പിച്ചും ഇതു പൂർത്തിയാക്കണം.

### മോട്ടോർ ട്രാൻസ്പോർട്ട്

കന്യാകുമാരി മുതൽ ഗുരുവായൂർ വരെയുള്ള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കേരളത്തിന്റെ വടക്കേയറ്റം വരെ നീട്ടുക. ഇതിന്റെ ആവശ്യത്തിന് പാപ്പനംകോട്ടുള്ള കേന്ദ്ര വർക്ക് ഷാപ്പിനുപുറമേ വടക്കുഭാഗങ്ങളിലും ഒന്നോ അതിലധികമോ കേന്ദ്രങ്ങളിൽ വർക്ക്ഷാപ്പും ബോഡി ബിൽഡിങ്ങും തുടങ്ങുക.

### കയർ വ്യവസായം

കയർപിരി വ്യവസായത്തിന്റേയും ഫാക്ടറി വ്യവസായത്തിന്റേയും പ്രശ്നം രണ്ടും രണ്ടാണ്. അതിൽ ആദ്യത്തേതിന്റെ പ്രശ്നം തൊണ്ടിനു വില നിയന്ത്രിച്ചു ന്യായമായ വിലക്കു അതു ഉല്പാദകർക്കു കിട്ടാറാ

ക്കുക എന്നതാണ്. അങ്ങനെ ലഭിച്ചാൽ ന്യായമായ മിനിമം കൂലി തൊഴിലാളികൾക്കു ലഭിക്കുകയും കയറിന്റെ വില ശരിയായ തോതിൽ നിൽക്കുകയും ചെയ്യും. കയറിനു ചിലവില്ല എന്ന പ്രശ്നം ഇന്നില്ല. മറ്റൊരു പ്രശ്നം, കയർ സഹകരണപ്രസ്ഥാനത്തിൽ കടന്നു കൂടിയിട്ടുള്ള ഇടത്തട്ടുകാരെയും അഴിമതിക്കാരെയും പുറത്താക്കി പ്രസ്ഥാനം ചെറുകിട ഉല്പാദകരുടേയും തൊഴിലാളികളുടേയും ആക്കിത്തീർക്കുക എന്നതാണ്.

കയറ്റുപായ, തടുക്ക് മുതലായവയുടെ പ്രശ്നമാണെങ്കിൽ കപ്പൽക്കൂലി നിരക്കിലുള്ള വിവേചനം നിമിത്തവും പല യൂറോപ്യൻ രാജ്യങ്ങളും ഇത്തരം കയറുല്പന്നങ്ങൾക്കെതിരായി നികുതിയും നിരോധനവും മറ്റും ഉപയോഗിക്കുന്നതുകൊണ്ടും ഉള്ളതാണ്. ഇത് മാറ്റിക്കിട്ടാൻ വേണ്ടി ആ വക രാജ്യങ്ങളുമായുള്ള കച്ചവടക്കരാറുകളിൽ പ്രത്യേക നിബന്ധനകൾ എഴുതിച്ചേർക്കാൻ ഇന്ത്യാഗവൺമെന്റിനെ പ്രേരിപ്പിക്കണം.

വിദേശ കുത്തകകമ്പനികൾ കുതന്ത്രങ്ങൾ ഉപയോഗിച്ച് ഈ വ്യവസായത്തിൽ നിന്നുള്ള ലാഭം കടൽ കടത്തിക്കൊണ്ടിരിക്കുന്നു. ജനങ്ങളുടെ ജീവിതത്തെ പരിഗണിക്കാതെ വെറും ലാഭത്തെ മാത്രം ഉദ്ദേശിച്ച് കയറും ചകിരിയും കയറ്റുമതി ചെയ്യുന്നതുമൂലം കയറുല്പന്നങ്ങളുടെ മാർക്കറ്റ് വിദേശക്കമ്പോളങ്ങളിൽ ദിനംപ്രതി കുറഞ്ഞുവരുന്നു. ഇതിൻഫലമായി കയർഫാക്ടറി തൊഴിലാളികളുടെ ഇടയിൽ, അഞ്ചുകൊല്ലത്തിലധികമായി നീണ്ടുനിൽക്കുന്ന തൊഴിലില്ലായ്മയും പട്ടിണിയും ഉണ്ടായികഴിഞ്ഞിരിക്കുന്നു. കയറുല്പന്നങ്ങൾക്കു മാർക്കറ്റുണ്ടാക്കുക, ആഭ്യന്തരകമ്പോളം വികസിപ്പിക്കുക, കൂലി ഏകീകരിക്കുക, വ്യവസായം പുനഃസംഘടിപ്പിക്കുക, വ്യവസായത്തിൽ നിന്നുള്ള ലാഭം നമ്മുടെ രാജ്യത്തുതന്നെ ഉപയോഗപ്പെടുത്തുക എന്നിവയ്ക്കുവേണ്ടി കയർ വ്യവസായത്തിൽ വിദേശമൂലധനത്തിനു പിടിയുള്ള എല്ലാ വ്യവസായശാലകളും ദേശവല്ക്കരിക്കാനുള്ള അടിയന്തരനടപടികൾ രണ്ടാം പഞ്ചവത്സരപദ്ധതിയിൽപ്പെടുത്തുവാൻ കേന്ദ്രഗവൺമെന്റ് മുതിരേണ്ടതാകുന്നു.

## കൈത്തറി

ഇന്ത്യാഗവൺമെന്റിന്റെ കൈത്തറി സഹായപദ്ധതി ഈ വ്യവസായത്തിനു കുറേ സഹായകമായിട്ടുണ്ട്. നെയ്ത്തുകാർ സഹകരണാടിസ്ഥാനത്തിൽ സംഘടിച്ച് പല ആനുകൂല്യങ്ങളും നേടുന്നുണ്ട്. എന്നാൽ ഇതിലും കൊള്ളകളും അട്ടിമറികളും ഉണ്ട്. അവയെ ഇല്ലാതാക്കുകയും മുഴുവൻ നെയ്ത്തുകാരേയും സഹകരണസംഘങ്ങളിൽ ഉൾപ്പെടുത്തിയും സംഘങ്ങളുടെ പ്രവർത്തനമൂലധനം വർദ്ധിപ്പിച്ചും പ്രാഥമിക-കേന്ദ്ര സംഘങ്ങളുടെ പ്രവർത്തനം ജനാധിപത്യപരമാക്കാൻ ആവശ്യമായ ഭേദഗതികൾ നിയമനത്തിൽ വരുത്തിയും പദ്ധതിയുടെ മുഴുവൻ ഗുണവും കൈത്തറി നെയ്ത്തുകാർ ലഭിക്കാറാക്കുകയും വേണം. കൈത്തറികൾക്ക് ആവശ്യമുള്ള സാമഗ്രികൾ നിർമ്മിക്കാനുള്ള ഫാക്ടറി, ബ്ലീച്ചിങ്ങ് ആന്റ് കലണ്ടറിങ്ങ് പ്ലാന്റ് മുതലായവ സ്ഥാപിച്ചു കൊടുക്കണം. ഉല്പാദനച്ചിലവു മാത്രം കണക്കാക്കി ആ വിലയ്ക്ക് നെയ്ത്തുകാർക്കു നൂൽ കിട്ടത്തക്കവണ്ണം സർക്കാർ സഹായിക്കണം. ഗവൺമെന്റാവശ്യങ്ങൾക്കു കൈത്തറി വസ്ത്രങ്ങൾ വാങ്ങുന്നതിനു ശ്രദ്ധിക്കണം. നെയ്ത്ത് സഹായസഹകരണസംഘങ്ങളുടെ കേന്ദ്രസംഘടനയുടെ വകയായി സ്പിന്നിങ്ങ് മില്ലുകൾ സ്ഥാപിക്കണം.

## കശുവണ്ടി

കശുവണ്ടി ഫാക്ടറികൾ ആണ്ടുമുഴുവൻ പ്രവർത്തിക്കത്തക്കവണ്ണം അവയെ പുനഃസംഘടിപ്പിക്കണം. കശുവണ്ടി ഉല്പാദനം വർദ്ധിപ്പിയ്ക്കാനായി കേരളത്തിൽത്തന്നെ, മലകളിൽ കശുമാവുതോട്ടങ്ങൾ വളർത്തണം.

നാം കയറ്റി അയയ്ക്കുന്ന കശുവണ്ടി എണ്ണയിൽ നിന്നു കിട്ടുന്ന സാധനങ്ങൾ കൊണ്ടു മറ്റു രാജ്യങ്ങളിൽ പല വ്യവസായങ്ങളും നടത്തുന്നതായി അറിയുന്നു. അതു നാമും കണ്ടുപിടിച്ചു ഇവിടെ ആരംഭിയ്ക്കണം.

## മത്സ്യം

പ്രധാനകേന്ദ്രങ്ങളിൽ ട്രോളർ മുതലായവ ഉപയോഗിച്ചു പുറംകടലിൽ നിന്നു മത്സ്യം പിടിക്കുന്ന സമ്പ്രദായം ഏർപ്പെടുത്തുക. അവിടെ കോൾഡ് സ്റ്റോറേജുകൾ ഉണ്ടായിരിക്കണം.

മീൻപിടുത്തക്കാരെ മുഴുവൻ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുക. വല, വഞ്ചി മുതലായ ഉപകരണങ്ങൾ വാങ്ങിക്കാൻ കടംകൊടുക്കുക, പിടിച്ച മീൻ ഉൾനാട്ടിലേയ്ക്കുകൊണ്ടുപോകാൻ ഐസ്‌വാൻ ഏർപ്പെടുത്തുക, മീൻ പിടുത്തക്കാരുടെ കേന്ദ്രങ്ങളിൽ ഭവനനിർമ്മാണപദ്ധതി തുടങ്ങുക, അവർക്ക് വിദ്യാഭ്യാസത്തിനും വൈദ്യസഹായത്തിനും മറ്റും വേണ്ട സൗകര്യങ്ങൾ ചെയ്തു കൊടുക്കുക.

ഉൾനാടുകളിലെ കുളങ്ങളിലും, കായലുകളിലും, അണക്കെട്ടുകളുടെ തടാകങ്ങളിലും നല്ലതരം മീനുകളെ വളർത്താനുള്ള പദ്ധതി ഉണ്ടാക്കുക.

## കുടിൽ വ്യവസായങ്ങൾ

ഓട്ടുപാത്രം, മൺപാത്രം, തഴപ്പായ നെയ്ത്ത്, പുല്പായനെയ്ത്ത്, പനമ്പും ഈറ്റകൊണ്ടുള്ള സാധനങ്ങളും, ചൂരൽ, കളിക്കോപ്പു നിർമ്മാണം, ദന്തവേലകൾ, മറ്റു കൊമ്പുകളെ കൊണ്ടുള്ള പണികൾ, ഇങ്ങനെ ഒട്ടനവധി കുടിൽവ്യവസായങ്ങൾ കേരളത്തിൽ അവിടവിടെയുണ്ട്. അവയ്ക്കാവശ്യമായ അസംസ്കൃതസാധനങ്ങൾ കുറഞ്ഞവിലയ്ക്കു വാങ്ങിക്കൊടുക്കുന്നതിനും അവയുടെ ഉൽപന്നങ്ങൾക്കു ശരിയായ വില കിട്ടുന്നതിനും സഹകരണസംഘങ്ങളിൽ ഈ കൈത്തൊഴിൽക്കാരെ സംഘടിപ്പിക്കുകയും സർക്കാർ സഹായം നല്കുകയും വേണം.

## വിദ്യാഭ്യാസം

തിരു–കൊച്ചിയിൽ ഡിഗ്രികോളേജുകൾ ഇന്നു വേണ്ടുവോളമുണ്ട്. പ്രൈവറ്റ് ഏജൻസികൾ ആണ്ടുതോറും പുതിയ കോളേജുകൾ തുറന്നുകൊണ്ടിരിക്കുന്നുമുണ്ട്. അതുകൊണ്ട് അത്തരം കോളേജുകൾ കൂടുതൽ തുടങ്ങുകയെന്നത് അവിടെ ഒരു വലിയ പ്രശ്നമല്ല. എന്നാൽ മലബാറിൽ ചില കേന്ദ്രങ്ങളിൽ സർക്കാർ തന്നെ കോളേജുകൾ സ്ഥാപിക്കണം.

ഏറ്റവും പ്രധാനസംഗതി സാങ്കേതികവിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങളുടെ കുറവാണ്. തിരു–കൊച്ചിയിൽ ഒരു എഞ്ചിനീയറിങ്ങ് കോളേജും ഒരു മെഡിക്കൽ കോളേജും രണ്ടു സാങ്കേതികവിദ്യാലയങ്ങളും (കളമശ്ശേരിയിലും തൃശ്ശൂരും) മാത്രമാണിന്നുള്ളത്. ഈ ആണ്ടിൽ കൊല്ലത്തും ചങ്ങനാശ്ശേരിയിലും ആമ്പല്ലൂരും ഓരോ പോളിടെക്നിക്ക് സ്വകാര്യഏജൻസികൾ തുടങ്ങുന്നുണ്ട്. കൂടാതെ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ തൃശൂരിൽ ഒരു എഞ്ചിനീയറിംങ് കോളേജും സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്.

മലബാറിൽ ആകെയുള്ളതു കോഴിക്കോട്ട് ഒരു പോളിടെക്നിക്ക് മാത്രമാണ്.

(എ) രണ്ടാം പഞ്ചവത്സരപദ്ധതിയിൽതന്നെ മലബാറിൽ ഒരു എഞ്ചിനീയറിംങ് കോളേജും ഒരു മെഡിക്കൽ കോളേജും സ്ഥാപിക്കണം. കേരളത്തിലെ എല്ലാ ഡിസ്ട്രിക്ടുകളിലും ഓരോ പോളിടെക്നിക്കെങ്കിലും ഉണ്ടായിരിക്കണം. വെറും ആർട്സ് കോളേജുകൾ മാത്രം സ്ഥാപിക്കാൻ പണവും പ്രയത്നവും ചിലവിടുന്നതിനുപകരം കുറെയെങ്കിലും സാങ്കേതികവിദ്യാലയങ്ങൾ സ്ഥാപിക്കാൻ സ്വകാര്യ ഏജൻസികളെ പ്രോത്സാഹിപ്പിക്കുകയും വേണം.

(ബി) തിരുവിതാംകൂർ സർവ്വകലാശാല, തിരുവിതാംകൂർ മഹാരാജിവിന്റെ രക്ഷാധികാരത്വത്തിൽ നിന്നു വിടുർത്തുകുയും കേരളസർവ്വകലാശാലയായി രൂപാന്തരപ്പെടുത്തുകയും ചെയ്യുക.

(സി) സർവ്വകലാശാലാവിദ്യാഭ്യാസം ഉൾപ്പെടെ അദ്ധ്യയനഭാഷ മലയാളമാക്കിത്തീർക്കുവാൻ ക്രമീകൃതമായ ഒരു പദ്ധതിയനുസരിച്ചു നടപടികൾ എടുക്കുക.

(ഡി) പ്രൈവറ്റ് കോളേജുകളുടെ നടത്തിപ്പിൽ സർവകലാശാല കൂടുതൽ നിയന്ത്രണം ഏർപ്പെടുത്തണം.

(ഇ) എല്ലാ കുട്ടികൾക്കും 14 വയസ്സുവരെ സൗജന്യവും നിർബന്ധവുമായ വിദ്യാഭ്യാസം ഏർപ്പെടുത്തുക.

(എഫ്) ഗ്രാമങ്ങളിൽ സാക്ഷരത്വം നടപ്പിലാക്കാൻ വയോജനവിദ്യാഭ്യാസകേന്ദ്രങ്ങളും കൂടുതൽ വായനശാലകളും മറ്റും തുടങ്ങുന്നതിനെ പ്രോത്സാഹിപ്പിക്കുക.

(ജി) ഇന്നത്തെ വിദ്യാഭ്യാസസമ്പ്രദായത്തെ–അടിസ്ഥാനവിദ്യാഭ്യാസമുൾപ്പെടെ–രാജ്യത്തിന്റെ അടിയന്തരമായ വ്യവസായവൽക്കരണമെന്ന ലക്ഷ്യത്തിനു അനുയോജ്യമായ തരത്തിൽ, ശാസ്ത്രീയവും സാങ്കേതികവുമായ വിദ്യാഭ്യാസത്തിനു പ്രാധാന്യം നൽകികൊണ്ട് പുനഃസംഘടിപ്പിക്കാൻ വേണ്ട നടപടികളെടുക്കുക.

(എച്ച്) വിദ്യാർത്ഥി–അദ്ധ്യാപക സംഘടനകൾക്ക് പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കുകയും വിദ്യാഭ്യാസപുനഃസംവിധാനത്തിൽ ഈ സംഘടനകൾക്ക് പങ്ക് അനുവദിക്കുകയും വേണം.

## ജനങ്ങളുടെ ജനാധിപത്യാവകാശങ്ങൾ വിപുലപ്പെടുത്തുക

നാം ആവിഷ്ക്കരിച്ചു നടപ്പിലാക്കാനുദ്ദേശിക്കുന്ന അഭിവൃദ്ധിപദ്ധതികളുടെ വിജയം വാസ്തവത്തിൽ ആശ്രയിച്ചിരിയ്ക്കുന്നതു അവ നടപ്പിലാക്കുന്നതിൽ ജനങ്ങൾ എത്രത്തോളം സജീവമായും ഹൃദയംഗമമായും മുൻകയ്യെടുത്തും സഹകരിച്ച് പ്രവർത്തിയ്ക്കുന്നുവെന്നതിനെയാണ്. നിയമസമാധാനപാലനത്തിന്റെ പേരിൽ ജനങ്ങളെ അടിച്ചമർത്തി നിർത്താനുള്ള പഴയ ഭരണകൂടത്തെ നിലനിർത്തുകയും ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട്, വികസനപദ്ധതികളുടെ നടത്തിപ്പിന്റെ ചുമതലയെല്ലാം കുറെ ഉദ്യോഗസ്ഥമേധാവികളെ ഏൽപിച്ചുകൊണ്ട്, ജാതി, അയിത്തം മുതലായ സമുദായ ദുരാചാരങ്ങൾ സൃഷ്ടിച്ചിട്ടുള്ള അസമത്വങ്ങൾ നീക്കാൻ ഫലപ്രദമായ നടപടികളെടുക്കാതെ കണ്ട്, ജനങ്ങളുടെ നിർമ്മാണാത്മാകമായ കഴിവുകളെയാകെ അഴിച്ചുവിടാനോ അവരുടെ സഹകരണം നേടാനോ സാദ്ധ്യമല്ല. അതുകൊണ്ട്,

1. പുതിയ കേരള സംസ്ഥാനത്തിൽ മലബാറിലിന്നുള്ളപോലെ എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ബോർഡുകൾ രൂപീകരിക്കുകയും അതാതു ജില്ലകളിലെ വികസനപരിപാടികൾ നടപ്പിലാക്കാനുള്ള പരിപൂർണ്ണമായ അധികാരവും, വികസനവുമായി ബന്ധപ്പെട്ട ഭരണവകുപ്പുകളുടെ ജില്ലാനിലവാരത്തിലുള്ള നിയന്ത്രണവും ഈ ഡിസ്ട്രിക്ട് ബോർഡുകൾക്കു നൽകുകയും വേണം. ജില്ലാബോർഡുകൾ, പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ എന്നിവ വഴിയായിരിക്കണം ഈ വികസനപരിപാടികൾ നടപ്പിലാക്കുന്നത്.

2. ഇതനുസരിച്ച് പഞ്ചായത്തുകളുടേയും മുൻസിപ്പാലിറ്റികളുടേയും ഡിസ്ട്രിക്ട് ബോർഡുകളുടേയും അധികാരങ്ങൾ വിപുലപ്പെടുത്തണം; അവയ്ക്കു കൂടുതൽ ഗ്രാന്റ് അനുവദിക്കണം; ഇവയിൽ പ്രവർത്തിക്കുന്ന എക്സിക്യൂട്ടീവ് ആഫീസർമാരുടെ മേൽ അച്ചടക്കനിയന്ത്രണം ഈ സ്ഥാപനങ്ങൾക്കായിരിക്കണം.

3. പഞ്ചായത്ത്, മുൻസിപ്പാലിറ്റി, ഡിസ്ട്രിക്ട് ബോർഡ് നിലവാരത്തിൽ വികസനപദ്ധതികൾ നടപ്പാക്കുന്നതിനെപ്പറ്റി നിർദ്ദേശങ്ങൾ നൽകാനും മേൽനോട്ടം വഹിക്കാനും കൃഷിക്കാരുടേയും തൊഴിലാളികളുടേയും മറ്റു ജനവിഭാഗങ്ങളുടെയും പ്രതിനിധികളടങ്ങുന്ന ഉപദേശകകൗൺസിലുകൾ രൂപീകരിക്കണം.

4. സർക്കാർ നടത്തുന്നതോ സർക്കാരിന് ഷെയറുള്ളതോ ആയ വ്യവസായങ്ങളിലും ഫാക്ടറികളും മാനേജിമെന്റൽ–ഡയറക്ടർ ബോർഡിലും മറ്റും – തൊഴിലാളികളുടെ പ്രതിനിധികളെക്കൂടി തുല്യാധികാരത്തോടുകൂടി പങ്കെടുപ്പിക്കണം.

5. ജാതിയും അയിത്തവും മറ്റനാചാരങ്ങൾ സൃഷ്ടിച്ചിട്ടുള്ള അസമത്വങ്ങൾ അവസാനിപ്പിക്കാൻവേണ്ടി, വിദ്യാഭ്യാസകാര്യത്തിൽ ഉദ്യോഗനിയമനങ്ങളിലും മറ്റും ഈ അസമത്വങ്ങൾ കൊണ്ട് കഷ്ടതയനുഭവിക്കുന്ന സമുദായങ്ങൾക്കും ന്യൂനപക്ഷസമുദായങ്ങൾക്കും പ്രത്യേകാനുകൂല്യവും സംരക്ഷണവും നൽകാൻ നടപടികളെക്കണം; ഈ അനാചാരങ്ങൾക്കെതിരായും സർവ്വസമൂദായ മൈത്രിക്കുവേണ്ടിയും നാട്ടുകാരെയാകെ അണിനിരത്തി പ്രവർത്തിക്കുകയും വേണം.

6. മുസ്ലീം ന്യൂനപക്ഷത്തിനുള്ള ആശങ്കകൾ തീർക്കത്തക്കവിധം അവരുടെ അവകാശങ്ങൾക്ക് മതിയായ സംരക്ഷണം നൽകുകയും മതവിശ്വാസം, സംസ്കാരം മുതലായവയ്ക്കു ഉറപ്പു നൽകുകയും വിദ്യാഭ്യാസപരമായി അവരുടെ സ്ഥിതി ഉയർത്താൻ നടപടികളെടുക്കുകയും ചെയ്യുക.

7. ആദിവാസികൾ, ഹരിജനങ്ങൾ മുതലായ പിന്നോക്കസമുദായക്കാരുടെ വിദ്യാഭ്യാസപരവും സാമ്പത്തികവുമായ ഉന്നതിക്കു പ്രത്യേകം ശ്രദ്ധ ചെലുത്തുക.

8. എല്ലാ സമുദായങ്ങളിലും വിഭാഗങ്ങളിലുംപെട്ട സ്ത്രീകൾക്കു തുല്യാവകാശത്തിന് ഉറപ്പു നൽകാൻ, പിന്തുടർച്ചാവകാശം, തുല്യവേലയ്ക്കു തുല്യകൂലി, പ്രസവകാലാവധി, പ്രസവ ശ്രുശ്രൂഷാ സൗകര്യങ്ങൾ, ശിശുസംരക്ഷണകേന്ദ്രങ്ങൾ എന്നിവയ്ക്കു വ്യവസ്ഥ ചെയ്യുക. ജോലികൊടുക്കുന്ന കാര്യത്തിൽ സ്ത്രീയോ വിവാഹിതയോ ആണെന്ന കാരണത്തിൽ യാതൊരു വിവേചനവും പാടില്ല. ഗവൺമെന്റിന്റെ സാമൂഹ്യസുരക്ഷാപദ്ധതികളിൽ സ്ത്രീകളുടെയും കുട്ടികളുടേയും ക്ഷേമത്തിനും രക്ഷയ്ക്കും പുരോഗതിക്കും പ്രത്യേകതുക നീക്കിവെക്കണം.

### വൈദ്യസഹായം

മലബാറിലായാലും തിരു-കൊച്ചിയിലായാലും ഗ്രാമങ്ങളിൽ വൈദ്യസഹായം വേണ്ടത്ര ലഭിക്കുന്നില്ല. വൈദ്യസഹായം വികസിപ്പിയ്ക്കുന്നതിൽ നാട്ടുവൈദ്യത്തെയും പ്രയോജനപ്പെടുത്തണം. നാട്ടുവൈദ്യത്തെ ആധുനിക ശാസ്ത്രപുരോഗതിയ്ക്കൊത്തു വളർത്തിക്കൊണ്ടുവരണം. അതിനു ഒരു ആയുവേദ ഗവേഷണ കേന്ദ്രം സ്ഥാപിക്കണം.

എല്ലാ ജില്ലാതലസ്ഥാന ആശുപത്രികളിലും എക്സ്-റേ മുതലായ ആധുനിക സജ്ജീകരണങ്ങൾ സ്ഥാപിക്കുക.

താലൂക്ക് തോറുമുള്ള ഗവൺമെന്റാശുപത്രിക്കു പുറമെ ലോക്കൽ ഫണ്ട് ഡിസ്പെൻസറികൾ ഗവൺമെന്റ് ഏറ്റെടുക്കുകയും കിടത്തി ചികിത്സിപ്പിക്കാനുള്ള സൗകര്യങ്ങളോടുകൂടി അവയെ വികസിപ്പിക്കുകയും ചെയ്യുക.

പരിയാരം സാനിറ്റോറിയം ഗവൺമെന്റു ഏറ്റെടുക്കുക.

മലമ്പനി, മന്ത് മുതലായ രോഗങ്ങളെ സംബന്ധിച്ച ഗവേഷണവും നിവാരണനടപടികളും വികസിപ്പിക്കുക.

ആയുർവേദ വൈദ്യന്മാർക്ക്, മരുന്നുണ്ടാക്കുകയും വില്ക്കുകയും ചെയ്യുന്ന കാര്യത്തിൽ ഇന്നുള്ള വിഷമതകൾ നീക്കുക.

### ഭാഷ, കല, സംസ്കാരം

കേരളത്തിൽ അടുത്ത കാലത്തായി അന്യാദൃശമായ ഒരു സാംസ്കാരിക മുന്നേറ്റമുണ്ട്. അതിനെ എല്ലാ വിധത്തിലും പ്രോത്സാഹിപ്പിയ്ക്കുകയും, കേരളത്തിന്റേതായ കലകളും സംസ്കാരവും കാത്തുരക്ഷിക്കാനും വളർത്താനും നടപടികളെടുക്കുകയും ചെയ്യണം.

(എ) സർക്കാർ എഴുത്തുകുത്തുകളും നടപടികളുമെല്ലാം മലയാളത്തിലാക്കുക.

(ബി) മലയാളത്തിൽ ഒരു വിജ്ഞാനകോശം നിർമ്മിയ്ക്കുന്നതിനുള്ള നടപടികളെടുക്കുക.

(സി) കേരളത്തിലെ കലാ-സാഹിത്യസംഘടനകൾക്കു പ്രാതിനിധ്യം നൽകികൊണ്ട്, സാഹിത്യഅക്കാദമിയുടേയും ലളിതകലാ അക്കാദമിയുടേയും ഓരോ ശാഖകൾ സ്ഥാപിക്കുക; കേന്ദ്രത്തിൽ നിന്നു ഇവയ്ക്ക് ജനസംഖ്യാനുപാതികമായിട്ടെങ്കിലും സഹായധനം നൽകണമെന്ന് ആവശ്യപ്പെടുക.

## തൊഴിലാളികളുടെ സ്ഥിതി നന്നാക്കാൻ

### 1. തൊഴിലില്ലായ്മ

കേരളത്തിലെ ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്ന് തൊഴിലില്ലായ്മയാണ്. കഴിഞ്ഞ പത്തുകൊല്ലത്തിനുള്ളിൽ കയർവ്യവസായത്തിൽ ഒട്ടധികം ഫാക്ടറികൾ പൂട്ടുകയും പതിനായിരക്കണക്കിനു തൊഴിലാളികൾ തെരുവുതെണ്ടികളാക്കപ്പെടുകയും ചെയ്തിട്ടുണ്ട്. ഇന്നു പ്രവർത്തിക്കുന്ന കയർ ഫാക്ടറികളിൽതന്നെ ആഴ്ചയിൽ ശരാശരി 3 ദിവസത്തിലധികം ജോലിയില്ല. ഇപ്പോഴും ഫാക്ടറികളോരോന്നായി പൂട്ടിക്കൊണ്ടിരിക്കുന്നു. കശുവണ്ടി ഫാക്ടറികളിൽ ആണ്ടുതോറും 3-4 മാസം ജോലിയില്ലാത്ത സ്ഥിതിയാണ്. ഓയിൽ, ഓട്, കൈത്തറി തുടങ്ങിയ വ്യവസായങ്ങളിലും ഭാഗികമായ തൊഴിലില്ലായ്മ തുടരുകയാണ്.

തൊഴിലില്ലാത്തവർക്കു പുതിയ തൊഴിലുണ്ടാക്കിക്കൊടുക്കുന്നതിനും അതുവരെ മറ്റ് ആശ്വാസനടപടികളെടുക്കുന്നതിനും പദ്ധതി തയ്യാറാക്കി നടപ്പിലാക്കണം.

(1) പൂർണ്ണമായും ഭാഗികമായും തൊഴിലില്ലാത്തവരുടെയും തൊഴിലില്ലാതാകുന്നവരുടേയും രജിസ്റ്റർ സൂക്ഷിയ്ക്കാൻ നടപടികളെടുക്കുക.

(2) തീരെ തൊഴിലില്ലാത്തവർക്കു പുതിയ വ്യവസായങ്ങൾ തുടങ്ങുമ്പോഴും വികസനപരിപാടിയനുസരിച്ച നിർമ്മാണപ്രവർത്തനങ്ങളിലും ജോലി കൊടുക്കുന്നതിൽ മുൻഗണന നൽകുക.

(3) ഭാഗികമായി തൊഴിലില്ലാത്തവർക്ക് റിലീഫ് നൽകാൻ തൊഴിലില്ലായ്മ ഇൻഷ്വറൻസ് പദ്ധതിയും

കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളുടെ ആഭിമുഖ്യത്തിൽ റിലീഫ് ഫണ്ടും ആരംഭിയ്ക്കുക.

(4) തൊഴിലില്ലായ്മാവേതനം കിട്ടുന്നതിനും പിരിച്ചുവിടൽ കൂടാതെ ''ലേ-ഓഫ്- കോമ്പൻസേഷൻ'' ലഭിക്കുന്നതിനും വ്യവസ്ഥ ചെയ്യുക.

### 2. ട്രേഡ് യൂണിയൻ അവകാശങ്ങൾ

തൊഴിലാളികളുടെ ട്രേഡ് യൂണിയനവകാശങ്ങൾക്കു ഉറപ്പു നൽകാൻ:

(1) രജിസ്റ്റർ ചെയ്ത എല്ലാ ട്രേഡ് യൂണിയനുകൾക്കും അംഗീകരണം നൽകേണ്ടതു നിർബന്ധമാക്കുക.

(2) ഏതെങ്കിലും വ്യവസായസ്ഥാപനത്തിൽ ഒന്നിലധികം യൂണിയനുകളുണ്ടെങ്കിൽ, പ്രാതിനിധ്യകാര്യത്തിൽ അവ തമ്മിൽ കൂടിയാലോചിച്ച് ഒരു യോജിപ്പുണ്ടാക്കുന്നതിനെ പ്രോത്സാപ്പിക്കുക: അല്ലെങ്കിൽ രഹസ്യവോട്ടെടുപ്പ് നടത്തി ഭൂരിപക്ഷാഭിപ്രായം അറിയുക.

(3) തൊഴിൽത്തർക്കങ്ങളിൽ പോലീസ് ഇടപെടരുത്. തൊഴിൽത്തർക്കങ്ങൾ കൂടിയാലോചിച്ച് ഫലപ്രദമായി തീർക്കാൻ എല്ലാ നിലവാരത്തിലും അനുരഞ്ജനസമിതികൾ ഏർപ്പെടുത്തുക.

(4) തൊഴിലാളി-മുതലാളി പ്രതിനിധികൾ ഒന്നിച്ചിരുന്നു ചർച്ച ചെയ്ത് അംഗീകരിക്കുന്ന ''സ്റ്റാന്റിങ്ങ് ചട്ടങ്ങൾ'' ഉണ്ടാക്കാൻ വ്യവസ്ഥ ചെയ്യുക.

(5) ട്രേഡ് യൂണിയൻ പ്രവർത്തനത്തിനുള്ള എല്ലാ സൗകര്യങ്ങളും നിയമപ്രകാരം അനുവദിയ്ക്കുക.

### 3. കൂലിയും ബോണസ്സും

രാജ്യത്തിന്റെ വ്യവസായവൽക്കരണത്തിലും ദേശീയ പുനർനിർമ്മാണത്തിലും തൊഴിലാളികൾ ആവേശത്തോടും ആത്മാർത്ഥയോടുംകൂടി പങ്കെടുക്കണമെങ്കിൽ, അതുകൊണ്ട് അവരുടെ ജീവിതസ്ഥിതിയും അഭിവൃദ്ധിപ്പെടുന്നുണ്ടെന്നു അവർക്കു അനുഭവബോധ്യമാകേണ്ടതു അനിവാര്യമാണ്. അതിനു അവർക്കു അവകാശമുണ്ടുതാനും. ഒന്നാം പഞ്ചവത്സരപദ്ധതി ക്കാലത്തുണ്ടായതുപോലെ വ്യവസായങ്ങളിൽ ഉൽപാദനവും, തൊഴിലാളികളുടെ ഉൽപാദന ക്ഷമതയും വർദ്ധിപ്പിക്കുക. എന്നാൽ കൂലിയും മറ്റും വർദ്ധിക്കാതിരിക്കുകയെന്ന സ്ഥിതി തുടരാൻ പാടില്ല.

(1) എല്ലാ വ്യവസായങ്ങളിലും എല്ലാ വിഭാഗങ്ങളിലുംപെട്ട തൊഴിലാളികൾക്കും ഉടൻതന്നെ 25 ശതമാനം കൂലിക്കൂടുതൽ അനുവദിയ്ക്കണം.

(2) ദേശീയ മിനിമം കൂലി നിജപ്പെടുത്താൻ നടപടികളെടുക്കണം. കേരളത്തിൽ തോട്ടങ്ങൾ, അലുമിനിയം, റയോൺസ്, പേപ്പർ, തുണി-നൂൽ മില്ലുകൾ, മോട്ടോർ ട്രാൻസ്പോർട്ട്, തുറമുഖം, മിനറൽസ് മുതലായ വ്യവസായങ്ങളിൽ ഒട്ടും താമസിയാതെ ദേശീയ മിനിമം നിജപ്പെടുത്തേണ്ടതാണ്.

(3) എല്ലാ തൊഴിലാളികൾക്കും ''മാറ്റിവെയ്ക്കപ്പെട്ട കൂലി'' എന്ന നിലയ്ക്ക് വാർഷികബോണസ്സ് കിട്ടാനുള്ള അവകാശം അംഗീകരിക്കണം. അങ്ങനെ കിട്ടാനവകാശപ്പെട്ട ബോണസ്സ് ചുരുങ്ങിയത് കൂലിയുടെ 12.5 ശതമാനമായിരിക്കണമെന്നു നിശ്ചയിക്കുകയും ആദായമനുസരിച്ചു പ്രത്യേക വ്യവസായങ്ങളിലും വർഷങ്ങളിലും കൂടുതൽ അനുവദിക്കുകയും വേണം.

(4) മലബാറിലും തിരു-കൊച്ചിയിലും പലേ വ്യവസായങ്ങളിലും മിനിമം കൂലി നിജപ്പെടുത്തിയിട്ടുണ്ട്. എന്നാൽ നിരക്കിൽ വ്യത്യാസമുണ്ട്. ഇരുഭാഗത്തും നിജപ്പെടുത്തിയ വ്യവസായങ്ങളൊന്നല്ലതാനും. അതുകൊണ്ട് കേരള സ്റ്റേറ്റിൽ, മലബാറിലോ തിരു-കൊച്ചിയിലോ മിനിമം കൂലി നിജപ്പെടുത്തിട്ടുള്ള എല്ലാ വ്യവസായങ്ങൾക്കും നിലവിലുള്ള കൂടുതൽ ഉയർന്ന നിരക്കിൽ അത് ഒരുപോലെ ബാധകമാക്കുകയും കർശനമായി നടപ്പിലാക്കുകയും വേണം.

## കാർഷികപരിഷ്കാരങ്ങളും കൃഷിക്കാരുടെ ആവശ്യങ്ങളും

### പരിധി നിർണ്ണയം

ഒരാൾക്കോ കുടുംബത്തിനോ കൈവശം വെക്കാവുന്ന ഭൂമിയുടെ പരമാവധി പരിധി നിർണ്ണയിച്ചു മിച്ചഭൂമി എടുത്ത് ഭൂമിയില്ലാത്ത കർഷകർക്കോ കാർഷികത്തൊഴിലാളികൾക്കോ നൽകുന്ന ഭൂപരിഷ്കാരം നടപ്പിലാക്കേണ്ടത് കേരളത്തെ സംബന്ധിച്ചിടത്തോളം സർവ്വപ്രധാനമാണ്. അതുകൊണ്ടു ഭൂമിയുടെ പരിധി നിർണ്ണയിയ്ക്കണമെന്ന പ്ലാനിംഗ് കമ്മീഷന്റെ ശുപാർശ തികച്ചും സ്വാഗതാർഹമാണ്. പ്ലാനിംഗ് കമ്മീഷന്റെ ഭൂനയപാനലിന്റെ നിർദ്ദേശം, അഞ്ചംഗങ്ങളുള്ള ഒരു കുടുംബത്തിനു കൈവശം വെക്കാവുന്ന ഭൂമിയുടെ പരിധി 3600 ഉറുപ്പിക അറ്റാദായം കിട്ടാൻ വേണ്ടത്രയായിരിയ്ക്കണമെന്നാണ്. ഇന്ത്യക്കു മൊത്തത്തിലുള്ള ഒരു നിർദ്ദേശമാണിത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇന്ത്യയുടെ മറ്റു ഭാഗങ്ങളെ അപേക്ഷിച്ച് കൃഷിചെയ്യാവുന്ന ഭൂമിയുടെ വിസ്തീർണ്ണത്തിലുള്ള കുറവും, ജനബാഹുല്യവും, തൊഴിലില്ലായ്മയുടെ വൈപുല്യവും എല്ലാം പരിഗണിക്കുമ്പോൾ മറ്റു സ്റ്റേറ്റുകൾക്കു നിശ്ചയിക്കുന്നതിലും കുറഞ്ഞ ഒരു പരിധിയേ ഇവിടെ നിശ്ചയിച്ചുകൂടുവെന്നതു തീർച്ചയാണ്. പരിധി നിർണ്ണയിക്കുന്നതുകൊണ്ട് കുറേ ഭൂമിയെങ്കിലും ഭൂമിയില്ലാത്ത കർഷകർക്കു എടുത്തു വിതരണം ചെയ്യുന്നതിനു കിട്ടാനുണ്ടായിരിയ്ക്കണം.

എന്നാൽ ഭൂപ്രഭുത്വവർഗത്തിന്റെ സമ്മർദ്ദത്തിന് കീഴ്വഴങ്ങിയ കേരളത്തിലെ കോൺ ഗ്രസ്സ് നേതൃത്വം ഭൂനയപാനൽ വെച്ചിട്ടുള്ള ഈ നിർദ്ദേശത്തെപ്പോലും അംഗീകരിക്കാൻ സന്നദ്ധമായിട്ടില്ല. ഈ സാഹചര്യത്തിൽ ഭൂനയപാനലിന്റെ നിർദ്ദേശപ്രകാരമുള്ള ഈ പരിധി നിർണ്ണയമെങ്കിലും നടപ്പിൽ വരുത്തുന്നതിനു കേരളത്തിലെ കോൺഗ്രസുകാരടക്കമുള്ള മുഴുവൻ ജനാധിപത്യവാദികളേയും ഏകോപിപ്പിക്കുകയെന്നത്

അത്യാവശ്യമായിത്തീർന്നിരിയ്ക്കുന്നു. അതുകൊണ്ട് ഒരു കുടുംബത്തിന് കൈവശം വെക്കാവുന്ന ഭൂമിയുടെ പരമാവധി പരിധി 3600 ഉറുപ്പിക അറ്റാദായം കിട്ടാൻ വേണ്ടത്രയെന്നു നിശ്ചയിച്ചു മിച്ചഭൂമി മുഴുവൻ എടുത്തു ഭൂമിയില്ലാത്തവർക്കു നൽകുന്ന നിയമം നടപ്പിൽ വരുത്തുവാനുള്ള പ്രക്ഷോഭണം രാജ്യവ്യാപകമായ തോതിൽ സംഘടിപ്പിയ്ക്കണം.

ഇങ്ങനെ പരിധി നിർണ്ണയിക്കുമ്പോൾ ഭൂമി പാട്ടത്തിനു കൊടുത്തിട്ടുള്ള ജന്മികൾക്ക് കുടയാന്മാരുടെ കൈവശമുള്ള ഭൂമി നിശ്ചിത പരിധിവരെ ഒഴിപ്പിച്ചെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല. ഈ പരിധി റബ്ബർ, തേയില, കാപ്പി, ഏലം എന്നിവ കൃഷിചെയ്യുന്ന എസ്റ്റേറ്റുകൾക്കൊഴിച്ചു മറ്റെല്ലാ ഭൂമികൾക്കും ബാധകമാക്കണം. എന്നാൽ ഇത്തരം എസ്റ്റേറ്റുകളുടെ ഭാഗമായി വളരെയധികം ഭൂമി പല സ്ഥലങ്ങളിലും തരിശായി ഇന്നു കിടക്കുന്നുണ്ട്. ഇതിൽ പല ഭൂമിയും എസ്റ്റേറ്റിനു പറ്റാത്തതും നല്ല നിലമാക്കി രൂപാന്തരപ്പെടുത്താവുന്നതുമായ കൊല്ലി പ്രദേശങ്ങളും ചതുപ്പുനിലങ്ങളുമാണ്. ഇങ്ങനെയുള്ള തരിശുഭൂമികൾക്കു പരിധി നിർണ്ണയം ബാധകമാക്കണം: പരിധി നിർണ്ണയിച്ചതിനുശേഷമുള്ള മിച്ചഭൂമി എടുത്ത് വിതരണം ചെയ്യുന്നത് ഭൂമിയില്ലാത്ത കൃഷിക്കാർക്കും കാർഷികത്തൊഴിലാളികൾക്കുമായിരിക്കണം.

## സ്ഥിരാവകാശവും മര്യാദപാട്ടവും

കൃഷിക്കാർക്ക് കൈവശഭൂമിയിൽ സ്ഥിരാവകാശവും നിലവിലുള്ള അക്രമപ്പാട്ടവ്യവസ്ഥയിൽ നിന്നു ആശ്വാസവും നൽകുന്നതിനു എല്ലാവിധ പാട്ടമൊഴിപ്പിക്കലുകളും നിരോധിക്കുന്നതും മര്യാദപ്പാട്ടം നിജപ്പെടുത്തുന്നതുമായ നിയമം അടിയന്തരമായി നടപ്പിൽ വരുത്തണം. മര്യാദപ്പാട്ടത്തിന്റെ കാര്യത്തിൽ പ്ലാനിംഗ് കമ്മീഷന്റെ ഭൂനയപാനൽ വെച്ചിട്ടുള്ള നിർദ്ദേശം എല്ലാ ഭൂമികൾക്കും മൊത്തം വിളവിന്റെ ആറിലൊന്നിൽ കൂടാത്തവിധം പാട്ടം നിശ്ചയിക്കണമെന്നാണ്. ഈ നിർദ്ദേശം കേരളത്തിന്റെ കാര്യത്തിൽ സ്വീകരിക്കാവുന്നതാണ്. എന്നാൽ നിലവിലുള്ള പാട്ടം ഈ തോതനുസരിച്ചുള്ള മര്യാദപ്പാട്ടത്തേക്കാൾ കുറവാണെങ്കിൽ അതായിരിക്കണം മര്യാദപ്പാട്ടം.

പങ്കുപാട്ടം, വാരം, ശമ്പളപാട്ടം എന്നിവയുൾപ്പടെ എല്ലാത്തരം കുടിയാന്മാർക്കും ഭൂമിയിൽ സ്ഥിരാവകാശമുണ്ടായിരിക്കുന്നതാണ്.

ഭൂമിയിൽ അധ്വാനിക്കുന്ന കർഷകനെ, സ്വന്തം കൃഷിക്കെന്ന പേരിലോ മറ്റെന്തെങ്കിലും പേരിലോ ഒഴിപ്പിക്കാൻ ജന്മിക്ക് അവകാശമുണ്ടായിരിക്കുന്നതല്ല. എന്നാൽ ഭൂമി പാട്ടത്തിനു കൊടുത്തിട്ടുള്ളവരും ഭൂമിയിൽ നിന്നുള്ള ആദായമല്ലാതെ മറ്റു ജീവിതമാർഗ്ഗങ്ങളൊന്നും ഇല്ലാത്തവരുമായ ഇടത്തരം ഭൂവുടമകളുടെ കാര്യത്തിൽ ചില വിട്ടുവീഴ്ചകൾ ചെയ്യാവുന്നതാണ്.

ഒരു കൊല്ലത്തിനുമേലുള്ള മുഴുവൻ പാട്ടക്കുടിശ്ശികയും റദ്ദ് ചെയ്യണം.

കുടികിടപ്പുകാരേയും ഉൾക്കുടിക്കാരേയും ഒരു കാരണവശാലും ഒഴിപ്പാക്കാൻ പാടില്ല.

മര്യാദ പാട്ടത്തിന്റെ ഒരു നിശ്ചിത ഇരട്ടി പ്രതിഫലം ജന്മികൾക്കു നൽകി, അവർക്കു ഭൂമിയിലുള്ള എല്ലാ അവകാശങ്ങളും അവസാനിപ്പിച്ച് കുടിയാന്മാരുടെ ഭൂമിയുടെ യഥാർത്ഥ ഉടമകളാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. കൃഷിക്കാരിൽനിന്ന് വസൂലാക്കാന്ന വാർഷിക പ്രതിഫലസംഖ്യ അയാൾ ജന്മിക്കു കൊടുക്കാൻ ബാദ്ധ്യതപ്പെട്ട മര്യാദപാട്ടത്തിലും കൂടുതലാകാൻ പാടില്ല.

## ജന്മിക്കര-കാണസമ്പ്രദായങ്ങൾ

തിരു-കൊച്ചിയിലെ ജന്മിക്കരവ്യവസ്ഥയും മലബാറിലെ കാണസമ്പ്രദായവും ചുരുങ്ങിയ പ്രതിഫലം നൽകിയും, തിരുവിതാംകൂറിലെ മണിയംകരം, ശ്രീപാദം വ്യവസ്ഥകൾ യാതൊരുവിധ പ്രതിഫലവും നൽകാതെയും നിർത്തലാക്കണം.

ഈ കാർഷികപരിഷ്കാരങ്ങളെല്ലാം നടപ്പിൽ വരുത്തുന്നത്, വില്ലേജ് പഞ്ചായത്തുകളും കർഷകരുടേയും കാർഷികത്തൊഴിലാളികളുടേയും തിരഞ്ഞെടുക്കപ്പെടുന്ന പ്രതിനിധികളും അടങ്ങുന്ന ട്രൈബ്യൂണലുകൾ മുഖേനയായിരിക്കണം.

## കാർഷികത്തൊഴിലാളികൾ

(1) മേഖലാടിസ്ഥാനത്തിലും തൊഴിലിന്റെ അടിസ്ഥാനത്തിലും എല്ലാ വിഭാഗത്തിലുംപെട്ട കാർഷികത്തൊഴിലാളികൾക്കും മര്യാദക്കൂലിയും വേലസമയവും നിയമം മൂലം നിശ്ചയിക്കണം.

(2) കാർഷികത്തൊഴിലാളികൾക്കു പണിയായുധങ്ങൾ വാങ്ങാനും മറ്റാവശ്യങ്ങൾക്കും ചുരുങ്ങിയ പലിശക്ക് കടം കിട്ടാൻ ഏർപ്പാടുകളുണ്ടാക്കുക.

(3) കാർഷികതൊഴിലാളികളെ - വിശേഷിച്ചും ഹരിജനങ്ങളെ - ജന്മികളും നാട്ടുപ്രമാണികളും അടിമകളാക്കി വയ്ക്കുന്നതും പാട്ടത്തിനു കൊടുക്കുന്നതുമായ സമ്പ്രദായത്തെ അതിന്റെ എല്ലാ രൂപത്തിലും നിയമം മൂലം നിരോധിക്കുക.

(4) പരസ്പര സഹായാടിസ്ഥാനത്തിൽ കാർഷികതൊഴിലാളികളുടെയിടയിൽ പരമ്പരയായിട്ടുള്ള കുടിൽവ്യവസായങ്ങളെ പുനഃസംഘടിപ്പിക്കാൻ സഹായിക്കുക.

(5) കാർഷികതൊഴിലാളികൾക്കുവേണ്ടി ഭവന നിർമ്മാണപദ്ധതി കൂടുതൽ വിപുലമായി നടപ്പിലാക്കുക.

## കാർഷികകടവും കടംവായ്പയും

കൃഷിക്കാർക്കു വായ്പ നൽകുന്നതിനു 25 കോടി രൂപ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കേരളാസ്റ്റേറ്റിനു നീക്കിവെക്കണം. ഈ വായ്പ അർഹതയും ആവശ്യകതയുമുള്ള മുഴുവൻ കർഷകർക്കും വില്ലേജുതോറും കടവായ്പാ സഹകരണസംഘങ്ങൾ സംഘടിപ്പിച്ച്, അവയിൽ കൂടി നൽകാൻ വ്യവസ്ഥ ചെയ്യണം. സഹ

കരണ സംഘങ്ങളുടെ പ്രവർത്തനം തികച്ചും ജനാധിപത്യപരമാക്കുന്നതിന് ആവശ്യമായ ഭേദഗതികൾ കോ-ഓപ്പറേറ്റീവ് ആക്ടിലും മറ്റു വരുത്തണം.

ഹുണ്ടികവ്യാപാരികൾ കൃഷിക്കാരിൽ നിന്നു അക്രമമായ പലിശനിരക്ക് വസൂലാക്കിവരുന്നതിനെ നിയമനിർമ്മാണം മൂലം കർശനമായി തടയുകയും, ഹുണ്ടികവ്യാപാരം നടത്തുന്നതിനു ലൈസൻസ് ഏർപ്പെടുത്തുകയും ചെയ്യുക. ഹുണ്ടികവ്യാപാരികളുടെ കൈവശമുള്ള പണം കൃഷിവായ്പക്ക് പ്രയോജനപ്പെടത്തക്കവണ്ണം കടംവായ്പാ സഹകരണസംഘങ്ങളിൽ നിക്ഷേപിക്കുന്നതിനു ആവശ്യമായ പ്രേരണ അവർക്കു നൽകണം.

വില്ലേജ് തോറും ധാന്യബാങ്കുകളും കാർഷികോൽപന്നങ്ങൾ വിനിമയം ചെയ്യുന്ന മാർക്കറ്റിങ്ങ് സൊസൈറ്റികളും സ്ഥാപിക്കണം.

ഭൂപണയ ബാങ്കിൽ നിന്നു സാധാരണ കർഷകനു വായ്പ ലഭിക്കാൻ ഇന്നുള്ള ബുദ്ധിമുട്ടുകൾ നീക്കം ചെയ്യത്തക്കവിധം അതിന്റെ നിയമങ്ങളിൽ ഭേദഗതി വരുത്തുകയും നടത്തിപ്പ് കാര്യക്ഷമമാക്കുകയും ചെയ്യണം.

നിലവിലുള്ള കാർഷികകടങ്ങളുടെ കാര്യത്തിൽ കർഷകർക്കു ആശ്വാസകരമായ നടപടികൾ സ്വീകരിക്കണം. കൃത്രിമകടങ്ങളും, കാർഷികത്തൊഴിലാളികൾ, ദരിദ്രകർഷകർ എന്നിവരുടെ കടങ്ങളും റദ്ദു ചെയ്യണം. മറ്റു കടങ്ങളിൽ വെട്ടിക്കുറയ്ക്കേണ്ടവ വെട്ടിക്കുറക്കുകയും ബാക്കിയുള്ളതു ദീർഘകാല ഗഡുക്കളായി അടച്ചു തീർക്കാൻ വ്യവസ്ഥ ചെയ്യുകയും വേണം. ഈ കാര്യങ്ങൾക്കു കർഷകപ്രതിനിധികൾകൂടി ഉൾപെടുന്ന ഋണരഞ്ജന ബോർഡുകൾ രൂപീകരിക്കണം. ഈ കാര്യങ്ങളെല്ലാം നടപ്പിൽ വരുത്തുന്നതുവരെ കാർഷികകടം സംബന്ധിച്ചുള്ള എല്ലാ കോടതി നടപടികളും നിർത്തിവെക്കേണ്ടതാണ്.

## കാർഷികോൽപ്പന്നങ്ങൾക്ക് അടിസ്ഥാനവില

തേങ്ങ, നെല്ല്, കുരുമുളക്, അടയ്ക്ക, പുൽതൈലം, ചുക്ക്, കപ്പ, കശുവണ്ടി എന്നിങ്ങനെയുള്ള കേരളത്തിലെ പ്രധാനപ്പെട്ട കാർഷികോൽപന്നങ്ങൾക്കു അടിസ്ഥാനവില സർക്കാർ നിശ്ചയിക്കണം. ഏതെങ്കിലും ഉൽപന്നത്തിന്റെ കമ്പോളനിലവാരം ഈ അടിസ്ഥാനവിലയേക്കാൾ ഇടിഞ്ഞു പോകുന്ന അവസരത്തിൽ ഗവൺമെന്റു നേരിട്ടു ആ അടിസ്ഥാനവിലയ്ക്ക് ഉൽപന്നം വാങ്ങി ശേഖരിക്കണം. ഉല്പാദനച്ചിലവും ഉല്പാദകനു ന്യായമായ ഒരു ആദായവും ലഭിക്കാൻ വേണ്ട വരുമാനം കിട്ടത്തക്കവിധമായിരിക്കണം ഓരോ ഉല്പന്നത്തിനും അടിസ്ഥാനവില നിശ്ചയിക്കുന്നത്. കാർഷികോൽപ്പന്നങ്ങൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തും ശരിയായ കമ്പോളം കണ്ടുപിടിക്കുന്ന ചുമതല ഗവൺമെന്റിന്റേതായിരിക്കണം.

കുത്തക മുതലാളി മാരുടെ അമിതമായ ചൂഷണം തടയുന്നതിനു സ്റ്റേറ്റ് ട്രേഡിംഗ് സിസ്റ്റം ഏർപ്പെടുത്തണം.

## തരിശുഭൂമി

കൃഷിചെയ്യാവുന്ന തരിശു-പുറമ്പോക്കു ഭൂമികളും, വനഭൂമികളും, (സർക്കാർ വകയും, സ്വകാര്യ ജന്മികളുടെ വകയും) ഭൂമിയില്ലാത്ത കർഷകർക്കും കാർഷികത്തൊഴിലാളികൾക്കുമായി കുടുംബമൊന്നിനു അഞ്ചേക്കറിൽ കൂടാത്തവിധം കൃഷിക്കു നൽകണം. ഭൂമിയില്ലാത്ത കർഷകർ കൈവശംവെച്ചുവരുന്ന അത്തരം ഭൂമികളിൽ നിന്ന് അവരെ ഒഴിപ്പിക്കാനുള്ള എല്ലാ നടപടികളും ഉപേക്ഷിക്കണം. സർക്കാർഭൂമി വിപുലമായ തോതിൽ കൈവശം വെച്ചുവരുന്ന ധനാഢ്യന്മാരിൽ നിന്നു ആവക ഭൂമികൾ ഒഴിപ്പിച്ചെടുത്തു ഭൂമിയില്ലാത്തവർക്കു നൽകണം.

തരിശുഭൂമി കൃഷിക്കു നൽകുന്നതിനു അടിസ്ഥാനനികുതിയിൽ കൂടാത്ത കരം മാത്രമേ കൃഷിക്കാരിൽ നിന്നു വസൂലാക്കിക്കൂടൂ. വിളവിറക്കുന്നതിനു കർഷകർക്കു ആവശ്യമായ സാമ്പത്തികസഹായം ഗവൺമെന്റു നൽകണം.

## ജലസേചന പദ്ധതികൾ

ഒന്നാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന ജലസേചന പദ്ധതികളിൽ പൂർത്തിയാവാതെ കിടക്കുന്നവയുടെ പണി ഉടൻ പൂർത്തിയാക്കുകയും രണ്ടാം പഞ്ചവത്സരപദ്ധതിയിൽപ്പെട്ടവയുടെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുകയും ചെയ്യണം.

മൈനർ ജലസേചന പദ്ധതിക്കു രണ്ടാം പഞ്ചവത്സരപദ്ധതിയിൽ കേരളത്തിലേക്കു 10 കോടി രൂപ നീക്കി വെക്കണം. മൈനർ ജലസേചനപദ്ധതികളുടെ പ്രവർത്തനം വില്ലേജ് പഞ്ചായത്തുകളെ ഏല്പിക്കണം.

ജലനികുതി വെട്ടിക്കുറയ്ക്കുകയും അതു വസൂലാക്കുന്നതിലുള്ള ക്രമക്കേടുകൾ അവസാനിപ്പിക്കുകയും ചെയ്യണം. അഭിവൃദ്ധിനികുതി ഈടാക്കാനുള്ള നടപടികൾ ഉപേക്ഷിക്കണം.

## കുടിൽവ്യവസായങ്ങൾ

കാർഷികത്തൊഴിലാളികളുടേയും ചെറുകർഷകരുടേയും ഇടയിലുള്ള തൊഴിലില്ലായ്മയ്ക്ക് താൽക്കാലികമായ പരിഹാരമുണ്ടാക്കുന്നതിനായി തഴപ്പായ, പനമ്പ് നെയ്ത്ത്, ചൂരൽ, രാമച്ചം, മൺപാത്രം, ചൂടി തുടങ്ങിയ കുടിൽ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവ സംഘടിപ്പിക്കുന്നതിനാവശ്യമായ സാമ്പത്തിക സഹായം ഗവൺമെന്റ് നൽകുകയും ചെയ്യണം.

## കൃഷിവികസനം

പഞ്ചായത്തുതോറും കൃഷി ഡിപ്പോകൾ സ്ഥാപിക്കുകയും കർഷകർക്കു ആവശ്യമുള്ള വിത്ത്, വളം, പണിയായുധങ്ങൾ മുതലായവ ചുരുങ്ങിയ വിലക്കു ആൾജാമ്യത്തിന്മേൽ കടമായി ലഭിക്കാൻ സൗകര്യപ്പെടുത്തുകയും ചെയ്യണം.

## സർക്കാർ ജീവനക്കാരുടേയും മറ്റും സ്ഥിതി നന്നാക്കാൻ

(1) കേരള സ്റ്റേറ്റ് രൂപീകരിയ്ക്കപ്പെടുമ്പോൾ തിരു-കൊച്ചിയിലേയും മലബാറിലെയും സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകർ, ബാങ്ക് ജീവനക്കാർ മുതലായവരുടേയും ശമ്പളനിരക്കും മറ്റു ജോലിസൗകര്യങ്ങളും ഏകീകരിക്കുന്നതിന്റെ പ്രശ്നം ഉത്ഭവിക്കും. ഒരു വിഭാഗത്തിന്റേയും ഇന്നത്തെ സ്ഥിതി ഇടിയാൻ ഇടയാകാത്തവിധത്തിൽ, അവരുടെ പ്രതിനിധികളുമായി ആലോചിട്ട് ഈ സംയോജനം നടത്താൻ വേണ്ട നടപടികളെടുക്കണം.

(2) സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും മറ്റു ന്യായമായ ആവശ്യങ്ങളും അവകാശങ്ങളും അനുവദിക്കണം.

## പൗരസ്വാതന്ത്ര്യങ്ങൾ

എല്ലാ രാഷ്ട്രീയത്തടവുകാരേയും മോചിപ്പിക്കണം. രാഷ്ട്രീയ കേസ്സുകൾ കാരണം ഇന്നും ഒളിവിൽ കഴിയേണ്ടിവരുന്നവരുടെ പേരിലുള്ള വാറണ്ടുകൾ പിൻവലിക്കണം. പത്രങ്ങളുടേയും മറ്റും മേലുള്ള നിരോധനങ്ങൾ റദ്ദു ചെയ്യണം.

കരുതൽ തടങ്കൽ നിയമം, പത്രമാരണനിയമം, നാടകാഭിനയനിയമം മുതലായവ റദ്ദാക്കണം.

## നികുതികളും ധനാഗമമാർഗ്ഗങ്ങളും

(1) മലബാറിലെ ഇന്നത്തെ നിലനികുതി സമ്പ്രദായം മാറ്റി തിരു-കൊച്ചിയിലെപ്പോലെ അടിസ്ഥാന നികുതിയും കാർഷികാദായ നികുതിയും നടപ്പാക്കുക. തിരു-കൊച്ചിയിൽ ഇന്നു നിലനികുതി 35 ലക്ഷം രൂപയോളവും കാർഷികാദായനികുതി ഒരു കോടി രൂപയോളവും ലഭിക്കുന്നു. മലബാറിലെ നികുതി സമ്പ്രദായം മേല്പറഞ്ഞവിധം മാറ്റുന്നതുകൊണ്ട് ഉണ്ടാകുന്ന കുറവ് കാർഷികാദായനികുതി ചുമത്തുന്നതുകൊണ്ടു നികത്തപ്പെടും.

(2) ട്രാൻസ്പോർട്ട് ദേശസാൽക്കരണം: സ്റ്റേറ്റ് ട്രാൻസ്പോർട്ട് മലബാറിലേയ്ക്കുകൂടി വ്യാപിപ്പിക്കുകയും എല്ലാ പ്രധാന ലൈനുകളും ദേശസാൽക്കരിക്കുകയും ചെയ്യുക.

(3) ബ്രിട്ടീഷ് ഉടമയിലുള്ളതോട്ടം വ്യവസായം ദേശസാൽക്കരിക്കുക.

(4) മലബാറിലെ സ്വകാര്യ വനങ്ങൾ ദേശസാൽക്കരിക്കുക.

(5) മലബാറിലെ വിദ്യാഭ്യാസ സൗകര്യങ്ങൾ, യാത്രാസൗകര്യങ്ങൾ, വൈദ്യസഹായ സൗകര്യങ്ങൾ മുതലായ സാമൂഹ്യ സർവ്വീസുകൾ അതിവേഗത്തിൽ തിരു-കൊച്ചിയുടേതിനോടു തുല്യമാക്കുന്നതിന് ഒരു നിശ്ചിത പദ്ധതിയനുസരിച്ച് കേരളത്തിന് കേന്ദ്രത്തിൽ നിന്നു പ്രത്യേക ഗ്രാന്റ് അനുവദിക്കണം.

# കേരളം–ഉരുത്തിരിയുന്ന സമീപനങ്ങൾ

## (1994–ൽ നടന്ന ഒന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്സിനെക്കുറിച്ച് ഒരു അവലോകനം)

സുപ്രാധാന മാനവ വിഭവ വികസന തുറകളിൽ കേരളം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ ദേശീയ–അന്തർ ദേശീയ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്. കേരളത്തിന്റെ അനുഭവം കാണിക്കുന്നത് ഉചിതമായ ഇടപെടലുകളിലൂടെ സാമ്പത്തിക വളർച്ചയിൽ പിന്നോക്കമായിരിക്കുമ്പോൾ പോലും ജനങ്ങളുടെ ജീവിത നിലവാരത്തെ മെച്ചപ്പെടുത്താനാവും എന്നതാണ്. എന്നാൽ അത്രയ്ക്കേറെ പ്രസിദ്ധി ലഭിക്കാത്ത മറ്റൊരു വശവും കൂടി കേരളത്തിന്റെ വികസനത്തിനുണ്ട്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടിലേറെയായി കേരളത്തെ ഗ്രസിച്ചിരിക്കുന്ന രൂക്ഷമായ സാമ്പത്തിക മുരടിപ്പാണിത്. ഭൗതിക ഉത്പാദന മേഖലയിൽ തൊഴിലും രൂക്ഷമായ മാന്ദ്യത്തിലാണ്. നാനാവശത്തും ജീർണ്ണതയുടെ ലക്ഷണങ്ങൾ കാണാം. ജാതിയുടെയും വർഗ്ഗീതയുടെയും തള്ളിക്കയറ്റം, സാംസ്കാരികഅധഃപതനം, രാഷ്ട്രീയ ബലാബലത്തിൽ പുരോഗമന ശക്തികൾക്ക് അനുകൂലമായി നിർണ്ണായകമായ ഒരു മാറ്റം വരാത്തത്.... ഇങ്ങനെ പലതും. വളരെ പ്രകീർത്തിക്കപ്പെട്ട വിദ്യാഭ്യാസ–ആരോഗ്യ തുറകളിലും പുഴുക്കുത്ത് വീണുകൊണ്ടിരിക്കുന്നു. കേരളത്തിന് പുതിയൊരു അജണ്ട പ്രസക്തമായി തീരുന്നത് ഇവിടെയാണ്. പുതിയ വെല്ലുവിളികൾ എങ്ങനെ നേരിടാം? പുരോഗമന പൈതൃകത്തെ ശക്തിപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ സാംസ്കാരിക ഭൗതിക ജീവിതത്തെ എപ്രകാരം മെച്ചപ്പെടുത്താം?

ഒരു പ്രദേശത്തെ അടിസ്ഥാനാക്കി സമഗ്രമായ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ വിശകലനങ്ങൾ സാധ്യമാണോ എന്ന സംശയം ന്യായമാണ്. മാറിക്കൊണ്ടിരിക്കുന്ന ആഗോള ദേശീയ സ്ഥിതിഗതികളിൽ നിന്ന് വേർപെടുത്തി കേരളത്തിനായി ഒരു കാര്യപരിപാടി തയ്യാറാക്കാനാവില്ല. ഇതുകൊണ്ടു തന്നെയാണ് 1994 ലെ കോൺഗ്രസ്സിന്റെ ഉദ്ഘാടന സിംപോസിയങ്ങളിൽ ഒന്നിന് 'പുതിയ സാർവദേശീയ ലോകക്രമവും ഇന്ത്യയും കേരളവും' എന്ന വിഷയം തെരഞ്ഞെടുത്തത്. കേരളത്തെക്കുറിച്ചുള്ള ചർച്ചകൾക്ക് അവശ്യ പശ്ചാത്തലം ഈ സിംപോസിയം ഒരുക്കി. വിവിധ വികസന പ്രശ്നങ്ങളെക്കുറിച്ചുള്ള ഒട്ടേറെ പ്രബന്ധങ്ങളിൽ പുത്തൻ സാമ്പത്തിക നയത്തിന്റെ പ്രത്യാഘാതങ്ങൾ പരാമർശ വിഷയമായി. ആഗോള ദേശീയ തലങ്ങളിൽ ഉദ്ഗ്രഥിതമാണെങ്കിലും കേരളത്തെ സംബന്ധിച്ചുള്ള പ്രാദേശിക വിശകലനത്തിനും നടപടികൾക്കും പ്രസക്തിയുണ്ട്. ഇന്ത്യയിലെ കൊളോണിയൽ ഉദ്ഗ്രഥനത്തിന്റെ പ്രാദേശിക അന്തരങ്ങളും മുതലാളിത്തത്തിന്റെ അസന്തുലിതമായ വളർച്ചയും വൈവിധ്യമാർന്ന ചരിത്ര സാംസ്കാരിക പാരമ്പര്യങ്ങളും ജനകീയ പ്രസ്ഥാനങ്ങളുടെ അസമമായ വളർച്ചയും കണക്കിലെടുക്കുമ്പോൾ പ്രാദേശിക വിശകലനം അനിവാര്യമാണെന്നുതന്നെ പറയേണ്ടിവരും.

ഇപ്രകാരമുള്ള അതിവിപുലമായ ഒരു സംവാദമാണ് 1994 ആഗസ്റ്റ് മാസത്തിൽ തിരുവനന്തപുരത്തു നടന്ന അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്സിലൂടെ എ.കെ.ജി. പഠന ഗവേഷണ കേന്ദ്രം ലക്ഷ്യമിട്ടത്. വിഭിന്ന വിഷയങ്ങളിൽ പ്രവീണരായ 700– ഓളം അക്കാഡമിക് പണ്ഡിതൻമാരും അത്രതന്നെ സാമൂഹിക രാഷ്ട്രീയ പ്രവർത്തകരും കോൺഗ്രസ്സിന്റെ വി

പുലമായ വേദികളിൽ ഒത്തുചേർന്നു. ഇന്ത്യയിലെ ഒട്ടെല്ലാ പ്രധാന സംസ്ഥാനങ്ങളിൽ നിന്നും 23 വിദേശ രാജ്യങ്ങളിൽ നിന്നും പ്രതിനിധികൾ പങ്കെടുക്കുകയുണ്ടായി. 66 സെമിനാർ സെക്ഷനുകളിലും 6 സിംപോസിയങ്ങളിലുമായി 600 ഓളം പ്രബന്ധങ്ങൾ അവതരിപ്പിച്ചു ചർച്ച ചെയ്തു. 17 സമ്മേളന വേദികളിലുമായി ഏതാണ്ട് 170 മണിക്കൂറുകളോളം നീണ്ട ചർച്ചകൾ നടന്നു.

കോൺഗ്രസ്സിൽ അവതരിക്കപ്പെട്ട എല്ലാ പ്രബന്ധങ്ങളേയും കുറിച്ച് സമഗ്രമായ ഒരവലോകനത്തിന് ഇവിടെ തുനിയുന്നില്ല. കോൺഗ്രസ്സിന്റെ ചർച്ചകളിൽ ഉയർന്ന പരസ്പര ബന്ധിതമായ ചില പ്രമേയങ്ങളെ ആസ്പദമാക്കിയുള്ള ഒരു തെരഞ്ഞെടുത്ത വായന മാത്രമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. കേരളത്തിന്റെ വികസനാനുഭവത്തെയും സമകാലീന പ്രതിസന്ധിയെയും പുതിയ മുൻകൈകളെയും മനസ്സിലാക്കാൻ ഇതു സഹായിക്കും. 'കേരള മാതൃക' എന്നു സുപരിചിതമായ പ്രയോഗത്തിലൂടെ കേരളത്തിന്റെ വികസനാനുഭവം സംഗ്രഹിക്കപ്പെടാറുണ്ട്. കോൺഗ്രസ്സിന്റെ അവതരിക്കപ്പെട്ട ഒട്ടേറെ പ്രബന്ധങ്ങളിൽ ഈ പ്രയോഗം വ്യത്യസ്ത അർത്ഥതലങ്ങളിലാണ് ഉപയോഗിക്കപ്പെട്ടത്. ചിലരാവട്ടെ സ്പഷ്ടമായും 'മാതൃക'യെന്നാൽ 'അനുകരണീയമാണ' എന്നു തന്നെയാണ് അർത്ഥം കൽപിച്ചത്. ഈ ആശയക്കുഴപ്പങ്ങളുടെ ഫലമായി പലരിലും 'കേരള മാതൃക' എന്ന പ്രയോഗത്തോടു തന്നെ എതിർപ്പ് പ്രകടമായി. പ്രാരംഭ സമ്മേളനത്തിൽ കെ.എൻ. രാജിന്റെ പ്രബന്ധത്തിന്റെ ശീർഷകം തന്നെ 'ഒരു കേരള മാതൃകയുണ്ടോ?' എന്നതായിരുന്നു. ഇതുമായി ബന്ധപ്പെട്ട ആശയപരമായ സമീപനങ്ങളെ പൊതുവേ വിശകലനം ചെയ്യുന്നതിനാണ് ഈ അവലോകനത്തിന്റെ ഒന്നാം ഭാഗത്തു ശ്രമിക്കുന്നത്. ഇതിനെ തുടർന്ന് രണ്ടാം ഭാഗത്ത് സമകാലീന സാമ്പത്തിക മാന്ദ്യവും ഇതിൽ നിന്ന് ഉത്ഭവിക്കുന്ന സാമൂഹിക രാഷ്ട്രീയ വെല്ലുവിളികളും വിശകലനം ചെയ്യുന്നു.

ഒരു കർമ്മ പരിപാടി ആവിഷ്കരിക്കുകയോ കൃത്യമായ നിഗമനത്തിൽ എത്തിച്ചേരുകയോ കോൺഗ്രസ്സിന്റെ ഉദ്ദേശ്യമായിരുന്നില്ല. ഏറ്റവും വിപുലമായ പങ്കാളിത്തത്തോടെയുള്ള തികച്ചും ജനാധിപത്യപരമായ ഒരു സംവാദമാണ് ഉദ്ദേശിക്കപ്പെട്ടിരുന്നത്. സമ്മേളനാവസാനം ഏതെങ്കിലും ഒരു വ്യക്തി ഉപസംഹാര പ്രസംഗം നടത്തുക എന്ന പതിവുപോലും ഉപേക്ഷിക്കപ്പെട്ടു. പകരം വ്യത്യസ്ത വീക്ഷണ ഗതിക്കാരായ വിഭിന്ന തുറകളിലെ വിദഗ്ധരടങ്ങിയ ഒരു പാനൽ കോൺഗ്രസ്സിനെ വിലയിരുത്തി സമാപന സമ്മേളനത്തിൽ പ്രസംഗിക്കുകയാണുണ്ടായത്. ആയതിനാൽ ഈ പ്രബന്ധത്തിൽ ചർച്ച ചെയ്യപ്പെടുന്ന തെരഞ്ഞെടുക്കപ്പെട്ട പ്രശ്നങ്ങളെ കോൺഗ്രസ്സിന്റെ പൂർണ്ണമായ അഭിപ്രായ സമന്വയമായോ എല്ലാവരാലും അംഗീകരിക്കപ്പെട്ട പരിപാടിയായോ തെറ്റദ്ധരിക്കരുത്. ഈ ലേഖന കർത്താക്കളുടെ കാഴ്ചപ്പാടിൽ ചർച്ചകളിൽ പ്രകടമായ പ്രധാന പ്രവണതകളായി മാത്രം ഇവയെ കരുതിയാൽ മതിയാവും. താഴെപറയുന്ന പ്രമേയങ്ങളാണ് അവലോകനം ചെയ്യപ്പെടുന്നത് - ഉത്പാദന ക്ഷമത (ഭാഗം-4) പുതിയ വികസന തന്ത്രം (ഭാഗം-5) വിദ്യഭ്യാസ-ആരോഗ്യ നയങ്ങൾ (ഭാഗം-6) വികേന്ദ്രീകരണത്തിന്റെ പ്രാധാന്യം (ഭാഗം-7) ജാതീയതയോടും വർഗ്ഗീതയോടും വിട്ടുവീഴ്ച ചെയ്യാതെ തന്നെ വിശ്വാസികളോട് സംവാദിക്കുന്നതിന്റെ പ്രാധാന്യം (ഭാഗം-8,9) സ്ത്രീകളുടെ പദവി (ഭാഗം-10)

**ഒന്ന്**

## കേരള മാതൃക

വികസനം സംബന്ധിച്ച യാഥാസ്ഥിതിക സാമ്പത്തിക ശാസ്ത്രധാരണ ഇതാണ്: ആദ്യം കൃഷിയും വ്യവസായവും വളരണം. ഈ വളർച്ചാ നേട്ടങ്ങൾ കാലക്രമത്തിൽ കിനിഞ്ഞിറങ്ങി ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തും. ഈ ധാരണയെ ചോദ്യം ചെയ്യുന്നതാണ് കേരളത്തിന്റെ വികസനാനുഭവം. ഇന്നത്തെ വികസിത രാജ്യങ്ങളുടെ അനുഭവത്തിൽ നിന്ന് സമാന്യവൽക്കരിച്ച സാമ്പത്തിക വളർച്ചയും അതിനെ തുടർന്ന് പിന്നീട് ജനക്ഷേമവും എന്ന കാലക്രമത്തെ കേരളം ഖണ്ഡിക്കുന്നു. ഇന്ത്യയിൽ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. സംസ്ഥാന പ്രതിശീർഷ ഉത്പാദനം തുടർച്ചയായി ദേശീയ ശരാശരിയിൽ താഴെയാണ്. എന്നിട്ടും ഇവിടത്തെ പൗരന്മാരിൽ മിക്കവരുടെയും പ്രാഥമിക അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനു കഴിഞ്ഞു. ആരോഗ്യം, വിദ്യാഭ്യാസം, ജനസംഖ്യാ വളർച്ചാനിരക്ക് എന്നിവ സംബന്ധിച്ചുള്ള താരതമ്യ സൂചികകൾ ഇതിലേയ്ക്കാണ് വിരൽ ചൂണ്ടുന്നത്. ഇന്നു പരക്കെ അറിയപ്പെടുന്ന ഈ വസ്തുതകൾ സംബന്ധിച്ച കെ.സി.സക്കറിയായുടെയും പി.കെ. രാമചന്ദ്രന്റെയും റിച്ചാർഡ് ഫ്രാങ്കിയുടെയും പ്രബന്ധങ്ങളിലെ സ്ഥിതിവിവര കണക്കുകൾ ഇവിടെ ഉദ്ധരിക്കുന്നില്ല. വിവിധ ഘടകങ്ങൾ സംയോജിപ്പിച്ച് സമഗ്രമായ ഒരു ജീവിത ഗുണമേന്മ സൂചിക നിർമ്മിക്കുന്നതിന് എം.പി.പരമേശ്വരന്റെ അഖിലേന്ത്യാ ശരാശരിയിൽ നിന്നു മാത്രമല്ല, ഒട്ടെല്ലാ മൂന്നാംലോക രാജ്യങ്ങളിൽ നിന്നും കേരളത്തിന്റെ നില ഉയർന്നു നിൽക്കുന്നുവെന്ന് തെളിയിക്കുകയുണ്ടായി.

പക്ഷെ, ഈ ശരാശരി സൂചികകൾ വികസന പ്രക്രിയയിൽ നിന്ന് ഒറ്റപ്പെട്ടു പോയ ഉപ സമുദായങ്ങൾ, ആദിവാസികൾ തുടങ്ങിയ വിഭാഗങ്ങളുടെ അനുഭവം മറച്ചു പിടിക്കുന്നു. പല പ്രബന്ധങ്ങളും കേന്ദ്ര പ്രവണതയിൽ നിന്നും മാറിനിൽക്കുന്ന ഈ അപവാദങ്ങളെയാണ് വിശകലനം ചെയ്യാൻ ശ്രമിച്ചത്. ആദിവാസികളെക്കുറിച്ചും മുക്കുവ സമുദായങ്ങളെക്കറിച്ചും പ്രത്യേകം സെമിനാർ സമ്മേളനങ്ങൾ ഉണ്ടായിരുന്നു. ഇതിനു പുറമെ പാറതൊഴിലാളികൾ, കയർ തൊഴിലാളികൾ, തമിഴ് കുടിയേറ്റ തൊഴിലാളികൾ തുടങ്ങി ദാരിദ്ര്യത്തിന്റെ മുഖങ്ങളെക്കുറിച്ച് ഒരു പ്രത്യേക സമ്മേളനം ഉണ്ടായിരുന്നു. പ്രസിദ്ധ

നരവംശ ശാസ്ത്രജ്ഞ ജോവൻ വി. മെഞ്ചർ കേരളത്തിന്റെ വികസന നേട്ടങ്ങൾ കർഷക തൊഴിലാളികളെ മറികടന്നുപോയി എന്ന് രണ്ടു പതിറ്റാണ്ടു മുമ്പു നടത്തിയ നിരീക്ഷണത്തെ പുതിയ വസ്തുതകൾ ഉപയോഗിച്ച് സമർത്ഥിക്കുന്നതിനാണ് ശ്രമിച്ചത്. ചുരുങ്ങി വരുന്ന തൊഴിൽ ദിനങ്ങളിലാണ് അവരുടെ വിശകലനം ഊന്നിയത്. എന്നാൽ റൂസ് വി.കോറിയുടെ പ്രബന്ധമാകട്ടെ കേരളത്തിലെ ദളിതർ താരതമ്യേന പിന്നോക്കമായി തുടരുന്നുണ്ടെങ്കിലും അവരുടെ നില ഇന്ത്യയിലെ ദളിത് വിഭാഗങ്ങളെക്കാൾ എത്രയോ ഭേദപ്പെട്ടതാണെന്ന് കണക്കുകൾ വച്ച് സമർത്ഥിക്കുന്നുണ്ട്. ആഷ്‌ലി മാത്യു-പുലയർ സമുദായ സ്ത്രീകളെക്കുറിച്ചു നടത്തിയ പഠനം പരമ്പരാഗത തൊഴിലുകളിൽ നിന്നുള്ള ശ്രദ്ധേയമായ ഉദ്യോഗകയറ്റം വെളിവാക്കുകയുണ്ടായി. കേരളത്തിലെ സാമ്പത്തിക സാമൂഹിക മാറ്റങ്ങളും ജനസംഖ്യാ പരിണാമവും സംബന്ധിച്ച് ജി. സോമശേഖരൻ നായർ നടത്തിയ പ്രബന്ധം വിവിധ സമുദായങ്ങൾ തമ്മിൽ ഇത് സംബന്ധിച്ചുള്ള അന്തരങ്ങൾ കുറഞ്ഞു വരികയാണെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസിലെ ജോൺ കുര്യൻ മത്സ്യബന്ധന സമുദായങ്ങളിൽ പൊതു ഇടപെടലിനോടുള്ള സാമൂഹിക ശേഷിയെ തടസ്സപ്പെടുത്തുന്ന ഘടകങ്ങളെക്കുറിച്ച് ശ്രദ്ധേയമായ പ്രബന്ധം അവതരിപ്പിക്കുകയുണ്ടായി. സാമൂഹിക രാഷ്ട്രീയ ഘടകങ്ങളുടെ ഒരു പ്രത്യേക വിഷമ സന്ധിയിൽപ്പെട്ടതിന്റെ ഫലമായി വിദ്യാഭ്യാസ ആരോഗ്യ സൗകര്യങ്ങൾക്കുവേണ്ടിയുള്ള ചോദനം ഈ സമുദായങ്ങളുടെ അടിത്തട്ടിൽ നിന്ന് ഉയർന്നു വരികയുണ്ടായില്ല എന്ന് അദ്ദേഹം സമർത്ഥിച്ചു. ഇപ്രകാരം നോക്കുമ്പോൾ കേരളത്തിന്റെ പൊതു സാമൂഹിക ക്ഷേമ സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിലും അവയെ ശരിയാംവണ്ണം ഉപയോഗപ്പെടുത്തുന്നതിലും താഴത്തട്ടിൽ നിന്നുള്ള ജനകീയ മുന്നേറ്റങ്ങളുടെ പ്രാധാന്യത്തെ ഒന്നു കൂടി അടിവരയിടുകയാണ് ചെയ്യുന്നത്.

പുനർ വിതരണ നയങ്ങൾ രൂപീകരിക്കുന്നതിൽ ജനങ്ങളുടെ ഈ ക്രിയാത്മകമായ മുൻകൈ അവഗണിക്കുന്നതാണ് രണ്ട് പ്രത്യക്ഷത്തിൽ വിരുദ്ധങ്ങളായ ആശയ സമീപനങ്ങൾ കേരള മാതൃകയെക്കുറിച്ചുള്ള ചർച്ചകളിൽ പ്രകടമാക്കുകയുണ്ടായി. ഇതിൽ ഒന്ന് കേരളത്തെ വികസനത്തിനായുള്ള ചെലവു കുറഞ്ഞ ഒരു കുറുക്കുവഴിയെന്നു പ്രകീർത്തിക്കുമ്പോൾ മറ്റൊരു വിഭാഗം കേരള മാതൃകയെ പുത്തൻ കൊളോണിയൽ വികസനത്തിന്റെ മറ്റൊരു വൈകൃതമായി വിലയിരുത്തുന്നു.

ആദ്യത്തെ വാദഗതികളുടെ നിലപാട് കൃത്യമായി പ്രസ്താവിച്ചത് Study State Economy യുടെ വക്താവായ വില്യം അലക്സാണ്ടറുടെ പ്രബന്ധത്തിലായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ താരതമ്യേന താഴ്ന്ന വിഭവ ഉപഭോഗത്തെ അടിസ്ഥാനമാക്കി വികസിത രാജ്യങ്ങളുടെ ജീവിത ഗുണമേന്മയ്ക്ക് സമാനമായ നില കൈവരിക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ ഏറ്റവും സ്ഥായിയായ വികസന മാതൃക കേരളത്തിന്റേതാണ്. ലോകത്തൊരിടത്തും ഇത്ര ചുരുങ്ങിയ ചെലവിൽ ഇത്ര വലിയ നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞിട്ടില്ല പോലും. ഈ വാദഗതി ചെന്നെത്തുക ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും വിപ്ലവം പോയിട്ട് സാമ്പത്തിക വളർച്ചപോലും വേണ്ട എന്ന നിഗമനത്തിലേക്കാണ് ഇപ്രകാരം കേരളം വികസനത്തിനുള്ള കുറുക്കുവഴി കാട്ടിത്തരുന്നു.

വെറുതെയായിരുന്നില്ല ആമുഖ പ്രഭാഷണത്തിൽ ഇ.എം.എസ് നമ്പൂതിരിപ്പാട് ഇപ്രകാരം അഭ്യർത്ഥിച്ചത്: കേരളത്തിന്റെ നേട്ടങ്ങളെ ചൊല്ലി പണ്ഡിതർ ചൊരിയുന്ന പ്രശംസകൾ നാം നേരിടുന്ന സാമ്പത്തിക രൂക്ഷതയിൽ നിന്ന് ശ്രദ്ധ വ്യതിചലിക്കുവാൻ ഇടയാക്കിക്കൂടാ. സാമ്പത്തിക വളർച്ചയുടെ കാര്യത്തിൽ നാം ഇതര സംസ്ഥാനങ്ങളുടെ പുറകിലാണ്. ഈ പ്രശ്നത്തിന് പരിഹാരം ഇനി വൈകിക്കാനാവില്ല. തൊഴിലവസരങ്ങൾ, ഉത്പാദനം എന്നിവയുടെ കാര്യത്തിൽ നമ്മുടെ പിന്നോക്കാവസ്ഥ ഇനിയും അവഗണിക്കുന്നത് നമുക്കു വിനാശകരമായിരിക്കും.

ഇപ്പോഴത്തെ പിന്നോക്കാവസ്ഥയെ ആദർശവൽക്കരിക്കുന്നതിനോടുള്ള പ്രതികാരമെന്നോണം സാമൂഹിക തുറകളിൽ കേരളം കൈവരിച്ച സുപ്രധാന നേട്ടങ്ങളെ വിലയിടിച്ചു കാണിക്കുന്ന ഒരു പ്രവണതകൂടി ഉളവായിട്ടുണ്ട്. പ്രൊഫ. അബ്ദുൾ സലാം അവതരിപ്പിച്ച പ്രബന്ധം സമഗ്രവികസന സൂചികയിൽ പ്രതിശീർഷ വരുമാനവും തൊഴിലില്ലായ്മയും സാമ്പത്തിക പിന്നോക്കാവസ്ഥയുടെ മറ്റു ചില സൂചികകളും കൂടി ചേർന്നാൽ കേരളം വികസന ശ്രേണിയുടെ താഴെ തട്ടിലേക്കു മുതലക്കൂപ്പ് കൂത്തുമെന്ന് സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ തെളിയിക്കുന്നു. കേരള മാതൃകയെന്നാൽ 'വളർച്ച രഹിതമാതൃക' ആയി തീരുന്നു.

എന്നാൽ വിശകലനാത്മകമായി നോക്കുമ്പോൾ ഇതു ശരിയാണെന്നു പറയാൻ ആവില്ല. താഴ്ന്ന സാമ്പത്തിക നിലയുടെ അടിസ്ഥാനത്തിൽ താരതമ്യേന ഉയർന്ന ജീവിത ഗുണമേന്മ ഉറപ്പു വരുത്തുവാനായതാണ് കേരള വികസനാനുഭവത്തിലെ പ്രഹേളിക. സാധാരണഗതിയിൽ താഴ്ന്ന സാമ്പത്തിക വികാസവും താഴ്ന്ന ജീവിത ഗുണനിലവാരവും ഒത്തൊരുമിച്ച് പോകുന്നവയാണ്. കേരളം ഇതിന് അപവാദമാണ്, കേന്ദ്ര പ്രശ്നം ഇതാണ്. കൂടുതൽ മെച്ചപ്പെട്ട ആരോഗ്യവും വിദ്യാഭ്യാസവും ലഭിച്ചതുകൊണ്ട് കേരളത്തിലെ ജനങ്ങൾക്ക് ദോഷം സംഭവിച്ചുവോ? ഇവ രണ്ടും ഇല്ലായിരുന്നുവെങ്കിൽ കേരളത്തിന്റെ സാമ്പത്തിക നില ഇതിലും മെച്ചമാകുമായിരുന്നുവോ? ഈ ചോദ്യങ്ങൾക്ക് അനുകൂലമായ ഉത്തരം നൽകണമെങ്കിൽ സാമ്പത്തിക വളർച്ചയും സാമ്പത്തിക നീതിയും തമ്മിൽ പരസ്പര വിരുദ്ധമായ ബന്ധമാണ് നിലനിൽക്കുന്നതെന്ന് അംഗീകരിക്കേണ്ടി വരും.

കേരള മാതൃക സംബന്ധിച്ച വിമർശനപരമായ ഈ സമീപനത്തിന്റെ യുക്തിപരമായ പര്യവസാനം കേരളത്തിന്റെ ആരോഗ്യ വിദ്യാഭ്യാസ വികസനത്തെ കൊളോണിയൽ പുത്തൻ കൊളോണിയൽ അവികസിതാവസ്ഥയുടെ മറ്റൊരു ലക്ഷണമായി വിധിപ്രസ്താവിക്കുന്നതിലേക്കെത്തുന്നു. പ്രൊഫ: ഉമാദേവിയുടെ പ്രബന്ധത്തിൽ വിശദീകരിച്ചതുപോലെ കേരളത്തിലെ കൃഷിയുടെ വാണിജ്യവൽക്കരണവും സാമ്പത്തികാധുനികവൽക്കരണവും കൊളോണിയൽ കാലഘട്ടത്തിന്റെ പുറം പ്രചോദനങ്ങളോട് പ്രതികരിച്ചുകൊണ്ടാണ് സംഭവിച്ചത്. ആരോഗ്യ വിദ്യാഭ്യാസ മേഖലകളുടെ വിപുലീകരണവും ഗതാഗത സൗകര്യ വ്യാപനവുമെല്ലാം ഈ പ്രക്രിയയുടെ ഭാഗമായിരുന്നു. ഇതിന്റെ ഫലമായി കേരളം അസംസ്കൃത വസ്തുക്കളുടെ മാത്രമല്ല മനുഷ്യശക്തിയുടെകൂടി ഒരു കയറ്റുമതി സ്രോതസ്സായി തീർന്നിരിക്കുന്നു. ഇതുവരെയുള്ള വിശകലനത്തോട് അടിസ്ഥാനപരമായ വിയോജിപ്പ്ഞങ്ങൾക്കില്ല. എന്നാൽ ഇവിടെ നിന്ന് സാമ്രാജ്യ ഗൂഢാലോചനയോടുള്ള സമീപനത്തിൽ നടകീയമായ ഒരു ഗതി മാറ്റം ചിലർക്കു വന്നു ഭവിച്ചതായി കാണുന്നു. ഒരു ചുരുങ്ങിയ കാലത്തേക്ക് ലോകബാങ്ക് കേരള വികസന മാതൃകയെ പ്രകീർത്തിച്ചത് സാമ്രാജ്യത്വ നിക്ഷിപ്ത താൽപര്യത്തിന്റെ അടിസ്ഥാന തെളിവായി വീണ്ടും വീണ്ടും ഉയർത്തപ്പെടുന്നു.

കോളോണിയൽ ഉദ്ഗ്രഥനവും അതിന്റെ ഫലമായി ഉണ്ടായ അവികസനവും കേരളത്തിന്റെ മാത്രം അനുഭവമായിരുന്നില്ലല്ലോ. അത് ഒരു ആഗോള പ്രക്രിയയായിരുന്നു. എന്നാൽ, സാമൂഹിക ക്ഷേമരംഗത്ത് കേരളത്തിനുണ്ടായ ഉന്നതി ദുർലഭം ചില പ്രദേശങ്ങളിൽ മാതമെ ഉണ്ടായുള്ളു. എന്തുകൊണ്ട് ഈ വ്യത്യാസം? ജനങ്ങളെ സാമ്രാജ്യത്വത്തിന്റെ നിസ്സഹായരായ ഇരകളായി മാത്രം കാണുന്ന ഒരു വീക്ഷണഗതിക്കു മാത്രമെ സാമൂഹിക ക്ഷേമ സൗകര്യങ്ങളുടെ വളർച്ചയുടെ പിന്നിലുള്ള ജനകീയ സമരങ്ങളുടെയും സമ്മർദ്ദങ്ങളുടെയും നേരെ കണ്ണടനക്കാനാവൂ. ഈ പശ്ചാത്തലത്തിലാണ് തങ്ങളുടെ സാമൂഹിക നില മെച്ചപ്പെടുത്തുന്നതിന് ജനങ്ങൾ നടത്തിയ സമരങ്ങളുടെയും ബോധപൂർവ്വമായ പരിശ്രമങ്ങളുടെയും ചരിത്രം ശ്രദ്ധേയമായിത്തീരുന്നത്.

**രണ്ട്**

## കേരള മാതൃകയുടെ നിർമ്മിതി

കേരള ചരിത്രത്തെ മൊത്തത്തിൽ അവലോകനം ചെയ്തുകൊണ്ടുള്ള ഒരു സിംപോസിയവും ചരിത്ര സംബന്ധിയായ മറ്റു ആറു സെക്ഷനുകളും കോൺഗ്രസ്സിൽ നടക്കുകയുണ്ടായി. ഇവയിൽ അവതരിക്കപ്പെട്ട പ്രബന്ധങ്ങളിൽ കേരളത്തിലെ സാമൂഹിക ക്ഷേമ സൗകര്യങ്ങളുടെ വിപുലീകരണവുമായി ബന്ധപ്പെട്ട പ്രബന്ധങ്ങളെ അടിസ്ഥാനമാക്കി കേരള മാതൃകയുടെ ചരിത്രപരമായ പരിണാമത്തെ പൊതുവെ അവലോകനം ചെയ്യുന്നതിനാണ് ഇവിടെ ശ്രമിക്കുന്നത്.

കേരളത്തിലെ സാക്ഷരതാ പാരമ്പര്യം ആധുനിക കാലഘട്ടത്തിനു മുൻപെ ഉള്ളതാണെന്ന പ്രബലമായ വാദഗതികളുണ്ട്. കഴിഞ്ഞ നൂറ്റാണ്ടിൽ നിന്ന് ലഭ്യമാകുന്ന തെളിവുകൾ സൂചിപ്പിക്കുന്നത് കേരള പ്രദേശത്ത് അന്നുതന്നെ താരതമ്യേന ഉയർന്ന സാക്ഷരത ഉണ്ടായിരുന്നുവെന്നാണ്. കൊളോണിയൽ കാലഘട്ടത്തിനു മുമ്പുള്ള കേരളത്തിന്റെ അവസ്ഥയെക്കുറിച്ചുള്ള നമ്മുടെ ചരിത്ര വിജ്ഞാനം വളരെ പരിമിതമാണെന്ന് സമ്മതിക്കേണ്ടിയിരിക്കുന്നു. പുരാതന മധ്യകാല കൊളോണിയൽ പൂർവ വ്യവസ്ഥയുടെ പ്രത്യേകതകളും വിദേശ വാണിജ്യ ബന്ധങ്ങളും ബൗദ്ധ പാരമ്പര്യങ്ങളും മറ്റും കണക്കിലെടുക്കേണ്ടതുണ്ട്. ഡേവിഡ് വാഷ്ബ്രൂക്ക് ശക്തിയായി വാദിച്ചതുപോലെ കേരളത്തെ സംബന്ധിച്ചിടത്തോളം പതിനെട്ടാം നൂറ്റാണ്ട് നിർണ്ണായകമായ ഒരു വഴിത്തിരിവായിരുന്നു. കേന്ദ്രീകൃത രാജവാഴ്ചയുടെ ഉദയം ഈ നൂറ്റാണ്ടിലാണ്. മലബാറിലെ രാഷ്ട്രീയധികാര കേന്ദ്രീകരണ പ്രവണതയ്ക്ക് മാർഗതടസ്സം നേരിട്ടു. എന്നാൽ, തെക്കാവട്ടെ, മൈക്കിൾ തരകന്റെ പ്രബന്ധത്തിൽ വിവരിക്കുന്നതുപോലെ പ്രബലൻമാരായ മാടമ്പിമാരെ അമർച്ച ചെയ്യുന്നതിന്റെ ഭാഗമായി സാമൂഹ്യ ശ്രേണിയിലെ ഇടനിലക്കാരയ കുടിയാൻമാർ, കച്ചവടക്കാർ, കൈവേലക്കാർ തുടങ്ങിയവരുമായി ഒരു സ്വതന്ത്ര രാജ്യമെന്ന നിലയിലും പിന്നീട് ബ്രിട്ടീഷ് പരമാധികാരത്തിനു കീഴിലും മുകളിൽ പറഞ്ഞ സാമൂഹിക വിഭാഗങ്ങൾക്ക് നേട്ടമുണ്ടാക്കുന്ന പാട്ടകുടിയാൻ പരിഷ്കാരങ്ങൾ, സർക്കാർ തരിശുഭൂമി വിതരണം തുടങ്ങിയ പല നടപടികളും തിരുവിതാംകൂർ ഭരണംകൂടം എടുക്കുന്നതു കാണാം. ഈ നടപടികൾ കൃഷിയുടെ വാണിജ്യവൽക്കരണത്തെ പ്രോത്സാഹിപ്പിച്ചു. വാണിജ്യത്തിന്റെയും ഭരണ സംവിധാനത്തിന്റെയും ആധുനികവൽക്കരണ ത്തിന്റെയും ആവശ്യങ്ങൾ വിദ്യാഭ്യാസനത്തിന് ചോദനമായി. വിദ്യാഭ്യാസ പ്രോത്സാഹത്തിന് 19– ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ തിരുവിതാംകൂർ സർക്കാർ എടുത്ത നടപടികളെ ഈ പശ്ചാത്തലത്തിലാണ് വിലയിരുത്തേണ്ടത്. വാണിജ്യവൽക്കരണവും ആധുനികവൽക്കരണവും വാണിജ്യ കൃഷിക്കാർ, ചെറുകിട മുതലാളിമാർ, പ്രൊഫണലുകൾ തുടങ്ങിയ ഒരു പുതിയ ഇടത്തരം വിഭാഗത്തിന് രൂപം നല്കി. ഇവരാകട്ടെ പരമ്പരാഗത സമുദായ ശ്രേണിയിലെ ഇടനില വിഭാഗക്കാരായ സുറിയാനി ക്രിസ്ത്യാനികൾ, ഈഴവർ തുടങ്ങിയ വിഭാഗങ്ങളിൽ നിന്നാണ് രൂപം കൊണ്ടത്. തങ്ങളുടെ പിൻതുടർച്ചാ സമ്പ്രദായവും പരമ്പരാഗത തൊഴിലിന്റെ വൈവിധ്യവും വാണിജ്യ വിളകളും കയറുപോലെ വളർന്നുകൊണ്ടിരിക്കുന്ന വ്യവസായ തുറകളുമായി ഇവർക്കുണ്ടായിരുന്ന ബന്ധങ്ങളുമെല്ലാം ഈ പ്രവണതയ്ക്ക് പശ്ചാത്തലമൊരുക്കി. എന്നാൽ, ഇവരുടെ സാമ്പത്തിക ഉന്നമനം പരമ്പരാഗത സാമൂഹിക പദവിയുമായി യോജിച്ചു പോകുന്നതായിരുന്നില്ല. ഈ വൈവിധ്യമാണ് തങ്ങളുടെ സാമുദായിക പരിഷ്കാരങ്ങൾക്കും സവർണ മേധാവിത്വത്തിനുമെതിരായ സമ

രത്തിനുവേണ്ടിയുള്ള സാമൂഹിക പ്രസ്ഥാനങ്ങൾക്കും രൂപം നൽകിയത്. മുതലാളിത്തത്തിന്റെ വെല്ലുവിളി സവർണ സമൂദായങ്ങളിലും സാമൂഹിക പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് ഉത്തേജകമായി. ഈ സാമൂഹിക പ്രതിഭാസത്തിന്റെ നാനാവശങ്ങൾ പരിശോധിക്കുന്ന ഒട്ടേറെ പ്രബന്ധങ്ങൾ കോൺഗ്രസ്സിൽ അവതരിക്കപ്പെടുകയുണ്ടായി.

പ്രമാണ ഗ്രന്ഥങ്ങളും ആചാരാനുഷ്ഠാനങ്ങളും പരിഷ്കരിക്കുക എന്ന ലക്ഷ്യത്തോടെ വിഭിന്ന വ്യാഖ്യാനങ്ങൾ ഉയർന്നുവന്നു. ഇവയിൽ ഏറ്റവും പ്രധാനം നിത്യ ചൈതന്യയതിയുടെ പ്രബന്ധത്തിലടക്കം പരിശോധിക്കപ്പെട്ട ശ്രീനാരായണഗുരു പ്രസ്ഥാനമായിരുന്നു. സംഘടനയുടെയും വിദ്യാഭ്യാസത്തിന്റെയും പ്രാധാന്യത്തെ അദ്ദേഹം ഊന്നിപ്പറഞ്ഞു. താഴെ നിന്നുള്ള വെല്ലുവിളികളും മുകളിൽ നിന്നുമുള്ള തമിഴ് ബ്രാഹ്മണരുടെ സമ്മർദ്ദവും സവർണ്ണ ജാതകളിലും പരിഷ്കാരങ്ങൾക്ക് ആക്കം കൂട്ടി. അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് സവർണർക്ക് സ്വയം നിലനിൽക്കാനും അവർണർക്ക് സാമൂഹ്യ ശ്രേണിയിൽ മുകളിലേക്കു കയറുന്നതിനും ഉപകരിക്കുന്ന ഒരു മാധ്യമമായി തീർന്നു വിദ്യാഭ്യാസം. സമുദായ സാമൂഹിക പ്രസ്ഥാനങ്ങൾ സൃഷ്ടിച്ച വിദ്യാഭ്യാസനത്തിനായുള്ള ചോദനത്തിനോട് പ്രതികരിച്ചുകൊണ്ട് സർക്കാർ സഹായത്തോടെയും അല്ലാതെയും വിദ്യാലയങ്ങൾ സ്ഥാപിക്കുന്നതിന് വിവിധ സംഘടനകൾ തമ്മിൽ ഒരു മത്സരംതന്നെയുണ്ടായി. ക്ഷേത്രപ്രവേശന മുദ്രാവാക്യത്തിന് ദശാബ്ദങ്ങൾക്കു മുൻപ് തന്നെ കേരളത്തിൽ പ്രകമ്പനം കൊണ്ട മുദ്രാവാക്യം വിദ്യാലയ പ്രവേശനം സംബന്ധിച്ചായിരുന്നു. വിദ്യാഭ്യാസ അവകാശത്തിനുവേണ്ടി കർഷകതൊഴിലാളികളുടെ പണിമുടക്കിന് ആഹ്വാനം ചെയ്ത അയ്യൻകാളിയുടെ സംഭാവനകളെ വിലയിരിത്തുന്ന രണ്ടു പ്രബന്ധങ്ങൾ കോൺഗ്രസിൽ അവതരിക്കപ്പെട്ടു.

പുതിയ സ്കൂളുകളുടെയും ആശുപത്രികളുടെയും മാതൃക മിഷനറിമാരുടെ സംഭാവനയായിരുന്നു. മിഷനറി വിദ്യാലയങ്ങൾ എണ്ണത്തിന്റെ കാര്യത്തിൽ താരതമ്യേന തുച്ഛമായിരുന്നുവെങ്കിലും ആധുനിക വിദ്യാഭ്യാസത്തിന്റെ വളർച്ചയിൽ അവർ സുപ്രധാന പങ്കു വഹിക്കുകയുണ്ടായി എന്ന് മിഷനറിമാരുടെ സംഭാവനകൾ സംബന്ധിച്ച സെക്ഷൻ വിലയിരുത്തുകയുണ്ടായി. അവരുടെ പ്രവർത്തന മണ്ഡലം മുഖ്യമായും സാമൂഹികമായി പിന്തള്ളപ്പെട്ട വിഭാഗങ്ങൾക്കിടയിലായിരുന്നു വെന്നതും ശ്രദ്ധിക്കേണ്ടതാണ്.

വിദ്യാഭ്യാസ വ്യാപനത്തിൽ താഴെ തട്ടിൽ നിന്നുള്ള പ്രചോദനം എത്രമാത്രം നിർണ്ണായകമായ ഘടകമാണെന്ന് മനസ്സിലാക്കുന്നതിന് കൊളോണിയൽ കാലഘട്ടത്തിൽ മലബാറും തിരുവിതാംകൂർ പ്രദേശവും തമ്മിൽ സാക്ഷരതാ നിരക്കിൽ വർധിച്ചു വന്ന അന്തരത്തെ മാത്രം വീക്ഷിച്ചാൽ മതിയാവും. തെക്കൻ കേരളത്തിലെ കാർഷിക ബന്ധത്തിൽ വന്ന മാറ്റങ്ങളും മറ്റു മലബാറിനെ അപേക്ഷിച്ച് ഈ പ്രദേശങ്ങളിൽ കൂടുതൽ ശക്തിയായ കൃഷിയുടെ വാണിജ്യവൽക്കരണത്തിനും ഇടത്തക്കാരുടെ ആവിർഭാവത്തിനും സാമൂഹിക മതപ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കും ഇട നൽകി. വിദ്യാഭ്യാസത്തിനായുള്ള മുറവിളി മലബാറിനെക്കാൾ കൂടുതൽ ഉച്ചത്തിൽ ഉയർന്നത് തിരുവിതാംകൂറിലായിരുന്നു. കൊളോണിയലിസ ത്തിന്റെ ആഘാതത്തിൽ മലബാറിലെ പരമ്പരാഗത വിദ്യാഭ്യാസ മേഖലയാകെ തകർന്നപ്പോൾ തിരുവിതാംകൂറിൽ ഉദയം കൊണ്ട സാമൂഹിക സാമ്പത്തിക ശക്തികൾ അവയ്ക്ക് ഒരു പുതിയ ജന്മം നൽകി.

കെ.സച്ചിദാനന്ദന്റെയും പി. ഗോവിന്ദപിള്ളയുടെയും പ്രബന്ധങ്ങളിൽ വിവരിക്കുന്നതുപോലെ സാമൂഹിക മതപരിഷ്കരണ പ്രസ്ഥാനങ്ങളുടെ നേതൃത്വത്തിലുള്ള കേരളീയ നവോത്ഥാനത്തിന്റെ പ്രഥമഘട്ടത്തിന് 1930കളും 40കളും ആയപ്പോഴേക്കും ശക്തി ക്ഷയിച്ചു. നവോത്ഥാന പാരമ്പര്യങ്ങൾ മുന്നോട്ടു കൊണ്ടു പോകുന്നതിന് പുതിയ ശക്തി സ്രോതസ്സുകൾ ഉദയം കൊണ്ടു. മലബാറിലെ ദേശീയ പ്രസ്ഥാനത്തിനുള്ളളിൽ നിന്നും രൂപം കൊണ്ടു സോഷ്യലിസ്റ്റ് കമ്മ്യൂണിസ്റ്റ് പ്രവണതകളായിരുന്നു ഇവ. ഇടതുപക്ഷം കെട്ടിപ്പടുത്ത വർഗ ബഹുജന സംഘടനകൾ ഭൂമിയെയും കൂലിയേയും കേന്ദ്രീകരിച്ചുള്ള സാമ്പത്തികാവശ്യങ്ങളുടെ അടിസ്ഥാനത്തിൽ ജനങ്ങളെ സംഘടിപ്പിക്കാൻ ശ്രമിച്ചു. മലബാറിൽ കണാകുടിയാൻമാരുടെ താല്പര്യങ്ങളെ അടിസ്ഥാനമാക്കിയുള്ള കാർഷിക പ്രസ്ഥാനത്തെ സമഗ്ര ഭൂപരിഷ്കാരത്തിനായുള്ള കർഷക സാമാന്യത്തിന്റെ പ്രസ്ഥാനമാക്കി അവർ മാറ്റി. ഈ മുദ്രാവാക്യങ്ങൾക്ക് തെക്കൻ കേരളത്തിലും അനുകൂല പ്രതികരണങ്ങൾ ഉളവായി. ഇതോടൊപ്പം തന്നെ സാമൂഹിക നീതിക്കു വേണ്ടിയുള്ള മുദ്രാവാക്യങ്ങളെയും അവർ ഏറ്റെടുത്തു മുന്നോട്ടുകൊണ്ടു പോയി. പത്രങ്ങളെയും പ്രസിദ്ധീകരണങ്ങളെയും അവർ ഉപാധികളാക്കി. ഗ്രാമീണ ലൈബ്രറികൾ ദേശീയ പ്രസ്ഥാനത്തിന്റെ കേന്ദ്രങ്ങളായി. രാഷ്ട്രീയവൽക്കരിക്കപ്പെട്ട സ്കൂൾ അധ്യാപകർ നാട്ടിൻ പുറങ്ങളിലെ രാഷ്ട്രീയ സംഘാടകർ കൂടിയായി. ഇവയുടെയെല്ലാം സൂക്ഷ്മവശങ്ങൾ അനാവരണം ചെയ്യുന്ന പ്രബന്ധങ്ങൾ കോൺഗ്രസ്സിൽ അവതരിക്കപ്പെട്ടു. ജാതി വിരുദ്ധ സമരം ഇടതുപക്ഷ ദേശീയവാദികളുടെ പ്രധാനപ്പെട്ട ഒരു പ്രവർത്തന മേഖലയായി. കുട്ടനാട്ടിലെ കർഷകതൊഴിലാളികളുടെ സങ്കരണ വർഗ്ഗത്തെക്കുറിച്ചുള്ള പ്രബന്ധങ്ങളിൽ ഇത് പ്രത്യേകം എടുത്തു കാട്ടുന്നു.

സ്വാതന്ത്ര്യത്തിന്റെ പടിവാതിൽക്കൽ എത്തിയപ്പോഴേക്കും മലബാറിൽ ദേശീയ പ്രസ്ഥാനത്തിന്റെ നേതൃത്വത്തിലേക്ക് ഇടതുപക്ഷം ഉയർന്നുകഴിഞ്ഞു. പുന്നപ്ര-വയലാർ സമരത്തിലൂടെ തെക്കൻ കേരളത്തിലും ദേശീയ പ്രസ്ഥാനത്തിന്റെ മുന്നണിയിലേക്ക് ഇടതുപക്ഷം നീങ്ങി. ഇവയെല്ലാം 1950-കളിൽ ഇടതുപക്ഷ രാഷ്ട്രീയ ശക്തികളുടെ അധികൃതമുന്നേറ്റത്തിന് പശ്ചാത്തലമൊരുക്കി. ഇതി4ന്റെ തുടർച്ചയായി കാ

ലാ കാലങ്ങളിൽ രൂപം കൊണ്ട ഇടതുപക്ഷ സർക്കാർ സാമൂഹിക ക്ഷേമ സൗകര്യങ്ങളുടെ വിപുലീകരണ പ്രക്രിയയിൽ നിർണ്ണായക വഴിത്തിരിവുകളായി തീർന്നു. സാമൂഹിക ക്ഷേമ സുരക്ഷിതത്വ നിയമനിർമ്മാണ ചരിത്രം സംബന്ധിച്ച കെ.സി. സണ്ണിയുടെ വിശകലനം ഇതു കൃത്യമായി വ്യക്തമാക്കുന്നുണ്ട്.

1960–കളുടെ മധ്യത്തിലെ ഭക്ഷ്യസമരങ്ങളുടെ പ്രത്യക്ഷ പലമായി സമഗ്രമായ പൊതുവിതരണ സമ്പ്രദായം സ്ഥാപിക്കപ്പെട്ടതു പ്രത്യേക പരാമർശം വഹിക്കുന്ന ഒരു നേട്ടമാണ്. യുദ്ധകാലത്തെ ഭക്ഷ്യക്ഷാമ വേളയിലാണ് ആദ്യമായി റേഷൻ സമ്പ്രദായം കേരളത്തിലേർപ്പെടുത്തിയത്. തുടക്കം മുതൽ തന്നെ പ്രകടമായ ശക്തമായ ജനകീയ ഇടപെടലുകളും മേൽനോട്ടവും കേരളത്തിലെ റേഷൻ സമ്പ്രദായത്തിന്റെ പ്രത്യേകതയാണ്. സ്വാതന്ത്ര്യാനന്തരകാലത്ത്, പ്രത്യേകിച്ച് 70കളിലും 80കളിലും, ഒട്ടേറെ സാമൂഹിക സുരക്ഷിതത്വ സംവിധാനങ്ങളും രൂപം കൊള്ളുകയുണ്ടായി.

സാമൂഹിക സേവനങ്ങൾക്കായുള്ള ചോദനത്തെ ശക്തിപ്പെടുത്തിയ സുപ്രധാനമായ ഒരു പരിഷ്കാരം ഭൂപരിഷ്ക്കാരം നടപ്പിലാക്കപ്പെട്ടതാണ്. കെ.കെ. എൻ.കുറിപ്പിന്റെ പ്രബന്ധം ഭൂപരിഷ്കരണത്തിന്റെ പരിണാമത്തെക്കുറിച്ചുള്ളതായിരുന്നു. 30 കളിൽ ആരംഭിച്ച കർഷക പ്രസ്ഥാനത്തിന്റെ ദീർഘകാല പര്യവസാനമായിരുന്നു 70കളുടെ ആദ്യം നടപ്പാക്കപ്പെട്ട ഭൂപരിഷ്കാരം. കേരളത്തിലെ ഭൂപരിഷ്കാരത്തിന് നിരവധി പരിമിതികളുണ്ട്. ഭൂപരിധി വ്യവസ്ഥ നടപ്പിലാക്കുന്നതിൽ സംഭവിച്ച വീഴ്ചയാണ് ഏറ്റവും പ്രധാനപ്പെട്ടത്. തോട്ടങ്ങൾക്ക് ഭൂപരിധിയിൽ നൽകിയ ഒഴിവും അവയുടെ കാരണങ്ങളും പ്രത്യാഘാതങ്ങളും പ്രത്യേകം പരിശോധനയ്ക്ക് വിധേയമാക്കപ്പെട്ടു. ഇങ്ങനെ പല പരിമിതികളെല്ലാമുണ്ടെങ്കിലും ഭൂപരിഷ്കരണം കേരളത്തിലെ നാട്ടിൻ പുറങ്ങളിൽ, പ്രത്യേകിച്ച് ഉത്തര കേരളത്തിൽ മൗലികമായ മാറ്റങ്ങൾ വരുത്തിയെന്ന് ഇ. ഗോപാലകൃഷ്ണമേനോന്റെ പ്രബന്ധം വാദിച്ചു. കുടിയാന്മാർക്ക് കൃഷിഭൂമിയിൽ സ്വത്തവകാശവും കർഷക തൊഴിലാളികൾക്ക് കിടപ്പാടത്തിന്റെ ഉടസ്ഥാവകാശവും ലഭിച്ചു. ഇത് ഇവരുടെ സാമ്പത്തിക സാമൂഹിക ഉന്നമനത്തിന് അസ്തിവാരമിട്ടു. വിദ്യാഭ്യാസ ആരോഗ്യ കാര്യങ്ങളിൽ ദക്ഷിണ ഉത്തര കേരളങ്ങൾ തമ്മിൽ നിലനിന്നിരുന്ന അന്തരം അതിവേഗത്തിൽ കുറയാൻ തുടങ്ങിയത് ഭൂപരിഷ്ക്കാരം നടപ്പാക്കിയതിന് ശേഷമായിരുന്നു.

ടി.എൻ.കൃഷ്ണന്റെയും എം. കബീറിന്റെയും ശ്രദ്ധേയമായ ഒരു പ്രബന്ധത്തിൽ വിശദീകരിക്കുന്നതുപോലെ വിദ്യാഭ്യാസ വിപുലീകരണത്തിൽ മാത്രമല്ല ആരോഗ്യ സേവനങ്ങളുടെയും പ്രചോദന പ്രദാനത്തിലും സാമൂഹിക സംഘടിത ഇടപെടലിന്റെ പങ്ക് വളരെ വ്യക്തമാണ്. സാമൂഹിക മത പരിവർത്തന പ്രസ്ഥാനങ്ങൾ ശുചിത്വത്തിന് പ്രത്യേകം പ്രാധാന്യം കൽപ്പിച്ചു. സാക്ഷരത, പ്രത്യേകിച്ചും സ്ത്രീകളുടെ സാക്ഷരത, ജനങ്ങളുടെ ആരോഗ്യ അഭിവൃദ്ധിയിൽ നിർണായക പങ്കു വഹിച്ചു. കേരളത്തിലെ സ്ത്രീകളുടെ സാക്ഷരത പ്രകടമായും വർദ്ധിക്കാനിടയാക്കിയ കൃത്യമായ ഘടകങ്ങൾ ഇനിയും നിർണ്ണയിക്കുവാൻ കഴിഞ്ഞിട്ടില്ല. സ്ത്രീ വിദ്യാഭ്യാസത്തിന് സംഘടിതമായ യാതൊരു എതിർപ്പും നേരിടേണ്ടിവന്നിട്ടില്ലയെന്നുള്ളതാണ് ഏറ്റവും ശ്രദ്ധേയമായ വസ്തുത. പ്രബലമായ മാതൃദായക പാരമ്പര്യങ്ങൾ സ്ത്രീ വിദ്യഭ്യാസ പുരോഗതിക്ക് ഉത്തേജനമായിട്ടുണ്ടെന്ന് പലരും ചൂണ്ടികാണിക്കുകയുണ്ടായി.

കേരളത്തിലെ ആവാസ സമ്പ്രദായത്തിന്റെ പ്രത്യേകതകൾ ഒരു പ്രത്യേക സെഷന് തന്നെ പാത്രീഭവിച്ചു. റെഡ്സ് കാസ്സിനാഡറുടെയും ടി.ടി. ശ്രീകുമാറിന്റെയും ഇതു സംബന്ധിച്ച പ്രബന്ധങ്ങൾ ശ്രദ്ധേയമായിരുന്നു. വൻ ഗ്രാമങ്ങളും ചെറുപട്ടണങ്ങളും ഇടകലർന്ന സമ്പ്രദായം പൊതു സേവനങ്ങൾ ജനങ്ങൾക്ക് കൂടുതൽ എളുപ്പത്തിൽ ലഭ്യമാകുന്നതിന് സഹായകരമായി. സാമൂഹിക ക്ഷേമ സൗകര്യങ്ങൾ ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിൽ ഗതാഗത സൗകര്യങ്ങൾ സുപ്രധാനമാണ്. കേരളത്തിലെ ഗ്രാഗര വ്യവസ്ഥ പശ്ചാത്തല സൗകര്യങ്ങൾ കൂടുതൽ സമതുലിതമായി വിതരണം ചെയ്യുന്നതിന് സമർത്ഥമായി.

**മൂന്ന്**

## സാമ്പത്തിക മുരടിപ്പ്

കെ.കെ.ജോർജിന്റെ പ്രബന്ധത്തിൽ വിവരിക്കുന്നതുപോലെ 70കളുടെ ഉത്തരാർധത്തിൽ കേരള വികസന മാതൃക അന്താരാഷ്ട്ര പ്രസിദ്ധിയിലേക്കുയർന്നുകൊണ്ടിരുന്നപ്പോൾ സംസ്ഥാനം അതീവഗുരുതരമായ സാമ്പത്തിക മുരടിപ്പിലേക്ക് തെന്നി വീണുകൊണ്ടിരിക്കുകയായിരുന്നു. സർവ്വതല സ്പർശിയായിരുന്നു അതെങ്കിലും ഭൗതികോൽപ്പാദന രംഗങ്ങളിലാണ് മുരടിപ്പ് ഏറ്റവും രൂക്ഷമായി അനുഭവപ്പെടുന്നത്. തൊഴിലില്ലായ്മ കുത്തനെ പെരുകി. സർക്കാരിന്റെ ധനപ്രതിസന്ധി രൂക്ഷമായി. ചെലവിനുള്ള പണമില്ലാത്തതിനാൽ സാമൂഹിക ക്ഷേമ സൗകര്യങ്ങൾ ദുർബലമായി. പ്രബന്ധങ്ങളുടെ എണ്ണം കൊണ്ടും ചർച്ചകളുടെ ദൈർഘ്യം കൊണ്ടും കോൺഗ്രസ്സിന്റെ മുഖ്യശ്രദ്ധ ഭൂതകാല നേട്ടങ്ങളെക്കുറിച്ചല്ലായിരുന്നു. മറിച്ച സമകാലീന പ്രതിസന്ധിയും അതിനകത്തുള്ള പരിഹാരമാർഗങ്ങളെയും കുറിച്ചായിരുന്നു. ഇതാവട്ടെ കേരളത്തിന്റെ വികസനാനുഭവത്തെ മുൻനിറുത്തി സാർവ്വത്രികമായി എത്തിയിട്ടുള്ള പൊതു നിഗമനത്തിന് ആവശ്യം വേണ്ടുന്ന ഒരു ഭേദഗതിയിലേക്ക് ശ്രദ്ധക്ഷണിച്ചു. സാമ്പത്തിക വളർച്ചയുടെ അഭാവത്തിൽ പുനർവിതരണത്തിന്റെ നേട്ടങ്ങളെ വിപുലീകരിക്കാനോ നിലനിറുത്താനോ കഴിയുകയില്ല.

70–കളുടെ അവസാനം മുതൽ ദേശീയ സമ്പദ്ഘടനയുടെ വളർച്ചയിലുണ്ടായ വർധനയിൽ പങ്കു ചേരാതിരുന്ന ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ്

കേരളം. കേരളത്തിലെ ആഭ്യന്തര ഉത്പാദന വളർച്ചാ നിരക്ക് ദേശീയ ശരാശരിയിൽ താഴെയായിരുന്നുവെന്നു മാത്രമല്ല തൊട്ടു മുമ്പുള്ള ദശകത്തിൽ കേരളത്തിൽ തന്നെ കൈവരിച്ച വളർച്ചാ നിരക്കിനേക്കാളും അതു കുറവായിരുന്നു. കാർഷികോത്പാദന മേഖലയായിരുന്നു ഏറ്റവും കനത്ത തിരിച്ചടി. ഭൂപരിഷ്കരണത്തെ തുടർന്ന് ഈ രംഗത്തെക്കുറിച്ച് വളരെ ഉയർന്ന പ്രതീക്ഷകൾ ഉണ്ടായിരുന്നു. എന്നാൽ റബ്ബർ ഒഴികെ മിക്കവാറും എല്ലാ വിളകളുടെയും ഉത്പാദനം 1975-76നും 1986-87നും ഇടയിൽ മുരടിച്ചു നിന്നു. വിള വിസ്തൃതി വർദ്ധിച്ചിട്ടും നാളികേരം ഉത്പാദനം കുറഞ്ഞു. നെല്ലിന്റെ ഇടിവിന്റെ കോട്ടം ഒരുതരത്തിലും നികത്താൻ കഴിയുന്നില്ല. നെൽകൃഷിയുടെ വിസ്യതൃതി കൃഷിഭൂമിയുടെ 25 ശതമാനമായി ചുരുങ്ങി. ഇതിന്റെ ഫലമായി ഭക്ഷ്യധാന്യ കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ ആശ്രിതത്വം വർധിച്ചു.

കേരളത്തിലെ കാർഷിക മുരടിപ്പു സംബന്ധിച്ച് ഡോ. നാരായണൻ നായരുടെ ആമുഖക്കുറിപ്പും ലളിതാഭായി സത്യന്റെ പ്രബന്ധവും യഥാർത്ഥ പ്രവണതകളെക്കുറിച്ച് ചില പ്രധാന ഉൾക്കാഴ്ചകൾ നൽകുന്നതിന് സഹായകമാണ്. 70-കളുടെ മധ്യംമുതൽ വർധമാനമായ തോതിൽ ചിരകാല വിളകളിലേക്ക് കേരളത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്ന വിളമാറ്റം മാന്ദ്യത്തിന്റെ രൂക്ഷതയെ പാർവ്വതീകരിക്കുന്നതിനിടയാക്കിയിട്ടുണ്ടെന്ന് അവർ വിലയിരുത്തി. പുതിയ ചിരകാല വിളകൾ ഫലം തരുന്നതിന് ദീർഘകാലമെടുക്കും എന്നതിനാൽ കേരളത്തിന്റെ കാർഷിക മേഖലയിൽ സവിശേഷമായ ചാക്രിക ഗതികളെ പരിഗണിക്കേണ്ടതുണ്ട്. മുപ്പതുകളുടെ അവസാനത്തോടെ പുതുതായി വച്ചുപിടിപ്പിച്ച തോട്ടങ്ങൾ ഫലപൂർത്തിയായതിനെ തുടർന്ന് കേരളത്തിലെ കാർഷികോത്പാദനം വീണ്ടും ഉയർന്നു തുടങ്ങിയിട്ടുണ്ട്. കേരളത്തിലെ വിളകൾ ഓരോന്നും എടുത്തു കഴിഞ്ഞാൽ അവയുടെ ഉത്പാദനക്ഷമത അന്തർദേശീയ ദേശീയ കമ്പോളങ്ങളിൽ നമ്മോടു മത്സരിക്കുന്ന പ്രദേശങ്ങളെക്കാൾ താഴ്ന്നതാണ്. രണ്ടാമതായി, പുതിയ സാമ്പത്തിക പരിഷ്കാരങ്ങളുടെ ഭാഗമായി നടപ്പാക്കിക്കൊണ്ടിരിക്കുന്ന പുത്തൻ സാമ്പത്തിക നയങ്ങൾ കേരളത്തിലെ കാർഷിക മേഖലയിൽ പുതുതായി പ്രത്യക്ഷപ്പെട്ടിരിക്കുന്ന അഭിവൃദ്ധിയുടെ പ്രവണതയ്ക്കും വിനയായി തീരും. വളം വില വർധനയെക്കുറിച്ചുള്ള മേരി ജോർജ്ജിന്റെ പ്രബന്ധം എങ്ങനെ ഇത് കേരളത്തെ സവിശേഷമായി പ്രതികൂലമായി ബാധിക്കുമെന്ന് പരിശോധിക്കുകയുണ്ടായി. ഇറക്കുമതി ഉദാരവൽക്കരണവും സംസ്ഥാനത്തെ വാണിജ്യവിളകൾക്ക് ഭീഷണിയായി തീർന്നിട്ടുണ്ട്.

അതുപോലെ തന്നെ 70-കളുടെ മധ്യമുതലുള്ള വ്യവസായങ്ങളുടെ നിലയും നിരാശജനകമായി. വ്യാവസായികോത്പാദനം 80-കളുടെ അവസാനത്തോടെ മെച്ചപ്പെടുകയുണ്ടായി. എന്നാൽ, പുത്തൻ സാമ്പത്തിക നയങ്ങളുടെ വരവോടെ കേരളത്തിലെ വ്യവസായ ഉത്പാദനം പ്രതിവർഷം ഏതാണ്ട് ഒരു ശതമാനം വച്ചു കുറഞ്ഞുകൊണ്ടിരിക്കുകയാണ്. കേരളത്തിന്റെ വ്യവസായ വളർച്ചയുടെ ഗതിമാറ്റങ്ങളെക്കുറിച്ചുള്ള കെ.കെ.സുബ്രഹ്മണ്യത്തിന്റെ പ്രബന്ധം വ്യവസായ ഗതിയെ നിർണ്ണയിക്കുന്നതിൽ നയപരമായ സമീപനങ്ങൾക്കുള്ള പ്രാധാന്യത്തെ എടുത്തു കാട്ടുകയുണ്ടായി. പതിവു പല്ലവികൾക്കു വിരുദ്ധമായി അദ്ദേഹം സമർത്ഥിച്ച ഒരു കാര്യം കേരളത്തിലെ വ്യവസായ മുന്നേറ്റ കാലയളവുകൾ എല്ലാം ഇടതുപക്ഷ ഭരണ സാരഥ്യം ഉണ്ടായിരുന്ന വർഷങ്ങൾ ഉൾപ്പെടുന്നവയായിരുന്നു എന്നുള്ളതാണ്.

കയർ, കശുവണ്ടി, കൈത്തറി, ഓട് തുടങ്ങിയവ പരമ്പരാഗത വ്യവസായങ്ങളെല്ലാം രൂക്ഷമായ പ്രതിസന്ധിയിലാണ്. ഒരു വശത്ത് അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യവും വില വർധനയും. മറുവശത്ത് യന്ത്രവൽക്കൃത ഉത്പന്നങ്ങളിൽ നിന്നും പകരം ഉത്പന്നങ്ങളിൽ നിന്നും ഉള്ള മത്സരത്തിന്റെ ഫലമായി നേരിടുന്ന കമ്പോള ഞെരുക്കവും മൂലം ഈ വ്യവസായങ്ങൾ വലയുകയാണ്. ചെറുകിട വ്യവസായങ്ങളെക്കുറിച്ചുള്ള പി.മോഹനൻപിള്ളയുടെ പ്രബന്ധം അഖിലേന്ത്യാ നിലയോട് താരതമ്യപ്പെടുത്തുമ്പോൾ കേരളം വ്യവസായ ഘടനയുടെ വൈവിധ്യ വൽക്കരണത്തിന്റെ കാര്യത്തിലും സ്ഥാപന വലിപ്പത്തിന്റെ കാര്യത്തിലും കാര്യക്ഷമതയിലും പിന്നിലാണെന്ന് ചൂണ്ടിക്കാണിക്കുകയുണ്ടായി. വൻകിട വ്യവസായ മേഖലയിലെ നിക്ഷേപവും ഒട്ടും തൃപ്തികരമല്ല. പൊതുമേഖലാ നിക്ഷേപത്തിന്റെ 1.3 ശതമാനം മാത്രമേ കേരളത്തിലുള്ളു. കുത്തക മൂലധനവും ഇതുപോലെ തന്നെ കേരളത്തിൽ നിക്ഷേപിക്കുന്നതിൽ നിന്ന് ഒഴിഞ്ഞു മാറുകയാണ്.

കാർഷിക വ്യവസായ മേഖലകളിലെ മുരടിപ്പ് തൊഴിലില്ലായ്മയെ വഷളാക്കിയിരിക്കുന്നു. കേരളത്തിലെ തൊഴിലില്ലായ്മയെ മൃദുൻ ഈപ്പന്റെയും ചന്ദൻമുക്കർജിയുടെയും തോമസ് ഐസക്കിന്റെയും പ്രബന്ധങ്ങൾ വിശദമായി പരിശോധിക്കുകയുണ്ടായി. കേരളത്തിലെ തൊഴിലില്ലായ്മ നിരക്ക് ദേശീയ ശരാശരിയുടെ മൂന്നു മടങ്ങാണ്. എന്നിട്ടും പരമ്പരാഗതമായ പല പണികൾക്കും ആവശ്യത്തിന് ആളെ കിട്ടുന്നില്ല. കാരണം വിദ്യാഭ്യാസം ലഭിച്ചതിന്റെ ഫലമായി തൊഴിൽ പ്രതീക്ഷകൾ ഉയരുന്നതുകൊണ്ട് ഇത്തരം തൊഴിൽ തുറകളിൽ നിന്ന് വിദ്യാസമ്പന്നർ പിൻവാങ്ങിക്കൊണ്ടിരിക്കുകയാണ്. എന്നാൽ ഔപചാരിക തൊഴിൽ മേഖലയിൽ ഒരു ജോലി ലഭിക്കുന്നതിന് കാത്തിരിപ്പ് സമയം ഓരോ നാൾ കഴിയും തോറും കൂടികൊണ്ടിരിക്കുകയാണ്. ഇതുമൂലം താഴ്ന്ന വരുമാനമേ ലഭിക്കുകയുള്ളൂവെങ്കിലും തങ്ങളുടെ വിദ്യാഭ്യാസ നിലവാരത്തിന് അനുയോജ്യമായ പുതിയ അനൗപചാരിക തൊഴിൽ തുറകളിൽ എന്തെങ്കിലും ചെയ്തു ചടഞ്ഞു കൂടുന്നതിന് വിദ്യാസമ്പന്നർ നിർബന്ധിതരാകുന്നു. അങ്ങനെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ സുസംഘടിതമായ തൊഴിൽ കമ്പോളങ്ങൾ ഉള്ള കേരളത്തിൽ അഭ്യസ്ത വിദ്യരുടെ പുതിയ അസംഘടിത

മേഖലകൾ തുറക്കപ്പെടുന്നു. കാത്തിരിപ്പ് സമയത്ത് തൊഴിലില്ലാത്ത അഭ്യസ്തവിദ്യരുടെ മറ്റൊരുപായമാണ് കൂടുതൽ ഉയർന്ന ഡിഗ്രിക്കുവേണ്ടി പഠിക്കുകയെന്നുള്ളത്. ഉയർന്ന ഡിഗ്രി ജോലി കിട്ടുന്നതിനുള്ള സാധ്യതകളെ ഉയർത്തുന്നു. തൊഴിലില്ലായ്മ മൂലം ഉദ്യോഗങ്ങൾക്കുള്ള മിനിമം യോഗ്യത ഉയരുന്നതും ഇതിന് കാരണമാണ്. ഇങ്ങനെ മറ്റൊരു പ്രഹേളിക രൂപം കൊള്ളുന്നു. അഭ്യസ്തവിദ്യരുടെ രൂക്ഷമായ തൊഴിലില്ലായ്മക്കിടയിലും ഡിഗ്രികൾക്കായുള്ള ആഗ്രഹം വർദ്ധിച്ചുകൊണ്ടേയിരിക്കുന്നു.

ഗൾഫിൽ നിന്നുള്ള പുറം പണം വരുമാനം മൂലം സാമ്പത്തിക പ്രതിസന്ധിയുടെ രൂക്ഷത മറച്ചുവയ്ക്കപ്പെട്ടിരിക്കുകയാണ്. കേരളത്തിന്റെ ഭാഗ്യമെന്നു പറയട്ടെ, സാമ്പത്തിക മുരടിപ്പ് 70 കളുടെ മധ്യത്തിൽ ആരംഭിച്ചപ്പോഴേയ്ക്കും ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള കുടിയേറ്റ സാധ്യതകൾ പ്രബലമായി. കേരളത്തിൽ നിന്നുള്ള വിദേശ കുടിയേറ്റത്തിന്റെ നാനാവശങ്ങൾ സംബന്ധിച്ച് ഒരു പ്രത്യേക സമ്മേളനം കോൺഗ്രസ്സിൽ നടക്കുകയുണ്ടായി. ഗൾഫിലേക്കുള്ള കുടിയേറ്റം അതിന്റെ മൂർധന്യത്തിൽ ആയിരുന്നപ്പോൾ കേരളത്തിലേക്കുള്ള വിദേശ പണത്തിന്റെ ഒഴുക്ക് ഇവിടത്തെ ആഭ്യന്തര ഉത്പാദനത്തിന്റെ നാലിലൊന്നോളം വരുമെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ പുറം വരുമാനവും കൂടി കണ ക്കിലെടുത്താൽ കേരളത്തിലെ പ്രതിശീർഷ വരുമാനം അഖിലേന്ത്യാ ശരാശരിയെക്കാൾ ഉയർന്നിരിക്കുമെന്ന് റ്റി.എൻ.കൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നു. ഇതിന്റെ ഫലമായി സാമ്പത്തിക മുരടിപ്പുണ്ടായിരുന്നിട്ടും കേരളത്തിലെ ഉപഭോഗ നിലവാരത്തിൽ ഗണ്യമായ വർധന ഈ കാലയളവിൽ ഉണ്ടായി. ഗ്രാമീണ കുടുംബങ്ങളുടെ സമ്പാദ്യങ്ങളുടെ കണക്കുകളിലും ഈ പ്രവണത പ്രതിഫലിച്ചു കാണുന്നു. കെട്ടിട നിർമ്മാണത്തിൽ അഭൂതപൂർവ്വമായ വികാസമാണ് ഉണ്ടായിരിക്കുന്നത്. കെട്ടിട നിർമ്മാണ സാമഗ്രികളും ഉപഭോഗ വസ്തുക്കളും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് ഗണ്യമായ തോതിൽ ഇറക്കുമതി ചെയ്യപ്പെട്ടു. ഇതിന്റെ ഫലമായി സംസ്ഥാനത്തിന്റെ വ്യാപാരക്കമ്മി ആഭ്യന്തര വരുമാനത്തിന്റെ നാലിലൊന്നായി. ഈ ഇറക്കുമതി ചേർച്ചക്കു പുറമെ ബാങ്കുകളും മറ്റും വഴി പണ സമ്പാദ്യങ്ങളും കേരളത്തിനു പുറത്തോട്ടൊഴുകി. ഇതിന്റെ ഫലമായി വിദേശപണ വരുമാനം കേരളത്തിൽ വളരെക്കുറച്ച് അനുരണങ്ങളേ ഉത്പാദനമേഖലയിൽ സൃഷ്ടിച്ചുള്ളു. കേരളത്തിലെ വായ്പാ-നിക്ഷേപ തോതിനെക്കുറിച്ച് ജോസ് ജോർജ്ജിന്റെ പരിശോധന വ്യക്തമാക്കിയതുപോലെ കേരളത്തിലെ ബാങ്കുകളിൽ നിക്ഷേപിക്കപ്പെടുന്ന ഡെപ്പോസിറ്റുകളിൽ 40 ശതമാനത്തോളമേ കേരളത്തിൽ വായ്പകളായി നൽകപ്പെടുന്നുള്ളു. ചോദനത്തിനു കുറവില്ല. ധനവിഭവങ്ങളുടെ ദൗർലഭ്യവുമില്ല. എന്നാൽ ഉത്പാദന തുറകൾ മാന്ദ്യത്തിൽ അമർന്നുകൊണ്ടിരിക്കുന്നു. ഇതാണ് കേരളത്തിലെ സ്ഥിതി.

പ്രൊഫസർ. ഐ.എസ്.ഗുലാത്തിയുടെ പ്രബന്ധത്തിൽ വിശദമായ പരിശോധനയ്ക്കു വിഷയീഭവിച്ച കേരള സർക്കാരിന്റെ ധനകാര്യ പ്രതിസന്ധിയെക്കുറിച്ചു കൂടി പരിശോധിക്കാതെ ഈ ചിത്രം പൂർത്തിയാവുകയില്ല. കേരളത്തിന്റെ റവന്യൂ കമ്മി 1985–86–ൽ 5 ശതമാനമായിരുന്നത് 1994–95 ആയപ്പോഴേക്കും 16.5 ശതമാനമായി ഉയർന്നു. ഈ സ്ഥിതിവിശേഷത്തിന് മുഖ്യകാരണം കേന്ദ്ര ഫിനാൻസ് കമ്മീഷനുകളുടെ തെറ്റായ തീർപ്പുകളാണ്. സാമൂഹിക മേഖലകളിൽ മുൻകാലത്ത് നാം നടത്തിയിട്ടുള്ള വൻതോതിലുള്ള നിക്ഷേപങ്ങൾ സൃഷ്ടിക്കുന്ന ആവർത്തന ചെലവുകളുടെ റവന്യൂ ഭാരം അവർ ഗൗരവമായി എടുക്കുന്നില്ല എന്നതാണ് കാരണം. ഈ റവന്യൂ കമ്മി മൂലം കേരളത്തിന്റെ പഞ്ചവത്സര പദ്ധതി അടങ്കലുകൾ ക്ഷയിച്ചു വരികയാണ്. കേന്ദ്ര സർക്കാരിന്റെ പുതിയ സമീപനങ്ങളും ധനകാര്യ പ്രതിസന്ധിയെ രൂക്ഷമാക്കുന്നു. ജനങ്ങളിൽ നിന്ന് എതിർപ്പുമൂലം റേഷന്റെ കാര്യത്തിലെന്നപോലെ കേന്ദ്രസർക്കാർ സബ്സിഡിയിൽ വരുത്തുന്ന വെട്ടിച്ചുരുക്കലുകൾ സ്വന്തം ചുമലിൽ താങ്ങാൻ സംസ്ഥാന സർക്കാരുകൾ നിർബന്ധമാകുന്നു. ഇതുമൂലം സാമൂഹ്യക്ഷേമ സൗകര്യങ്ങൾക്ക് ആവശ്യമായ വകയിരുത്തലുകൾ നടത്തുവാൻ കഴിയാതെ പോകുന്നു. എം.എ. ഉമ്മൻ ചൂണ്ടിക്കാണിച്ചതുപോലെ 1974–75 നും 1991–92നു മിടയ്ക്ക് യഥാർഥ സാമൂഹ്യ ചെലവിൽ ഇടിവുണ്ടായിരുന്ന ഇന്ത്യയിലെ ഏക സംസ്ഥാനമെന്ന അസൂയാവഹമല്ലാത്ത പദവി നമുക്ക് കൈ വന്നിരിക്കുന്നു. ഇതുപോലെ തന്നെ പൊതുവിതരണ സമ്പ്രദായം ദുർബലപ്പെടുന്നതിന്റെ ഫലമായി കേരളത്തിന്റെ ഭക്ഷ്യ സുരക്ഷിതത്വം എപ്രകാരം അപകടപ്പെട്ടു കൊണ്ടിരിക്കുന്നുവെന്ന് എൻ.കൃഷ്ണാജിയുടെ പ്രബന്ധം വിശദീകരിക്കുകയുണ്ടായി.

**നാല്**

## വികസനവും ബഹുജനപ്രസ്ഥാനങ്ങളും

സാമ്പത്തിക മുരടിപ്പ് ഇടതുപക്ഷത്തിനു നേരെ ആശയപരമായ ഒരു വെല്ലുവിളിയാക്കി മാറ്റുന്നതിനാണ് നിക്ഷിപ്ത താൽപര്യക്കാർ പരിശ്രമിക്കുന്നത്. കേരളത്തിലെ ഇടതുപക്ഷ മേധാവിത്വമാണ് സാമ്പത്തിക വളർച്ചയ്ക്ക് തടസ്സം നിൽക്കുന്നതെന്ന് അവർ വാദിക്കുന്നു. ട്രേഡ് യൂണിയനുകളും സമരങ്ങളും ഉയർന്ന കൂലിയുമാണ് വ്യവസായ വളർച്ചയ്ക്ക് തടസ്സം. രാഷ്ട്രീയ മുരടിപ്പിനു കാരണം ഭൂപരിഷ്കരണമാണ്. വിദ്യാഭ്യാസമാണ് തൊഴിലില്ലായ്മ സൃഷ്ടിക്കുന്നത്. സർക്കാരിന്റെ ധനകാര്യ പ്രതിസന്ധി സാമൂഹിക ക്ഷേമ ധൂർത്തിന്റെ ഫലമാണ്. ഇങ്ങനെ പോകുന്നു ഇവരുടെ വാദഗതികൾ. ഇവരുടെ അഭിപ്രായത്തിൽ ഭാവി സാമ്പത്തിക വളർച്ചയെ പണയപ്പെടുത്തിക്കൊണ്ടാണ് കേരളം സാമ്പത്തിക നീതി കൈവരിച്ചത്. തൊഴിൽ കമ്പോളത്തെ സ്വന്തമാക്കാൻ, ട്രേഡു യൂണിയനുകളുടെ നിയന്ത്രണം, ഭൂവിനിയോഗ നിയന്ത്രണം ഇല്ലായ്മ

ചെയ്യൽ, ഭൂപരധി ഇല്ലാതാക്കൽ, സ്വകാര്യവൽക്കരണം, ക്ഷേമച്ചെലവുകൾ വെട്ടിക്കുറക്കൽ തുടങ്ങിയവ കേരളത്തിന്റെ വികസനത്തെ സംബന്ധിച്ച് ഉരുത്തിരിഞ്ഞു വന്നുകൊണ്ടിരിക്കുന്ന വലതുപക്ഷ കാഴ്ചപ്പാടിന്റെ പ്രധാന ഘടകങ്ങളായി തീർന്നിരിക്കുന്നു.

സാമ്പത്തിക മാന്ദ്യം ജനങ്ങളുടെ ഐക്യത്തിനും പുരോഗമന പ്രസ്ഥാനങ്ങളുടെ വളർച്ചയ്ക്കും പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. ഉദാഹരണത്തിന്, അതിരൂക്ഷമായ തൊഴിലില്ലായ്മ എത്രയോ നാളുകളായി കേരളത്തിൽ നിലനിന്നു വരുന്ന ദളിതരുടെയും പിന്നോക്ക വിഭാഗക്കാരുടെയും സംവരണാനൂകൂല്യങ്ങളെ ആഴത്തിലുള്ള വിഭാഗീയ ചേരിതിരിവുകൾ സൃഷ്ടിക്കുന്ന ഒരു തർക്ക വിഷയമായി മാറ്റിയിരിക്കുന്നു. അതുപോലെ തന്നെ ഉത്പാദന ക്ഷമതയിലെ മാന്ദ്യം ചെറുകിട ഭൂവുടമസ്ഥരും കൂലി വർധന ആവശ്യപ്പെടുന്ന കർഷക തൊഴിലാളികളും തമ്മിൽ തർക്കങ്ങൾക്കും അകൽച്ചക്കും കാരണമായി തീർന്നിരിക്കുന്നു.

കേരളത്തിലെ ഉത്പാദന ബന്ധങ്ങളുടെ ഒരു പ്രത്യേകത ചെറുകിട ഉത്പാദന ഘടനകൾക്കുള്ള പ്രാമുഖ്യമാണ്. 80 ശതമാനം ഭൂവുടമകൾക്കും അര ഹെക്ടറിൽ താഴെ മാത്രമേ ഭൂമിയുള്ളു. ഇവരുടെ ശരാശരി കൃഷിയിടത്തിന്റെ വലിപ്പം 30 സെന്റേ വരികയുള്ളു. വ്യവസായ മേഖലയിൽ കുടിൽ വ്യവസായങ്ങൾ ക്ഷയിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ ഇതിനു പകരം ഫാക്ടറി തൊഴിലുകളെല്ലാം പെരുകി കൊണ്ടിരിക്കുന്നു. ഇതിൽ രണ്ടിലും പെടാത്ത കൂലി വേലയെ അടിസ്ഥാനമാക്കിയുള്ള ചെറുകിട സ്ഥാപനങ്ങൾക്കാണ് കേരളത്തിന്റെ വ്യവസായ ഘടനയിൽ പ്രാമുഖ്യം ലഭിച്ചുകൊണ്ടിരിക്കുന്നത്. കാർഷിക മേഖലയിലും കെ. പുഷ്പാംഗദന്റെ പ്രബന്ധത്തിൽ വിവരിക്കുന്നതുപോലെ ചെറുകിട കൃഷിയിടങ്ങളിൽ പോലും കാർഷിക പണികളിൽ നല്ല പങ്കും കൂലിവേലയെ അടിസ്ഥാനമാക്കിയാണ് നടക്കുന്നത്. ഇതിനു കാരണം ചെറുകിട ഭൂവുടമസ്ഥന്മാർ തങ്ങളുടെ ചെറുതുണ്ടു ഭൂമിയുടെ വരുമാനം കൊണ്ട് ജീവിക്കാൻ കഴിയില്ലായെന്നതിനാൽ കാർഷികേതര മേഖലകളിൽ തൊഴിലെടുക്കാൻ പോകുന്നുവെന്നുള്ളതാണ്. നാട്ടിൻ പുറങ്ങളിലെ തൊഴിലുകാരിൽ 45 ശതമാനം പേരും കാർഷിക വൃത്തിയിലാണ് ഏർപ്പെട്ടിരിക്കുന്നത് എന്നത് ശ്രദ്ധേയമാണ്.

മുകളിൽ വിവരിച്ച ഉത്പാദന ബന്ധങ്ങളുടെ പ്രത്യേകത മൂലം കാർഷിക തൊഴിലാളികളുടെയും ചെറുകിട വ്യവസായ മേഖലയിലെ തൊഴിലാളികളുടെയും ഉശിരൻ ട്രേഡ് യൂണിയൻ പ്രസ്ഥാനങ്ങളുടെ വളർച്ച പല പ്രദേശങ്ങളിലും ചെറുകിട ഉടമസ്ഥരെ ഇടതുപക്ഷ പ്രസ്ഥാനങ്ങളിൽ നിന്ന് അകറ്റുന്നതിന് ഇടയാക്കുന്നു. 1977-ലെ തെരെഞ്ഞെടുപ്പിൽ ഇടതുപക്ഷത്തിന്റെ ശക്തി ദുർഗങ്ങളായും കരുതപ്പെട്ടിരുന്ന പാലക്കാട്ടും, ആലപ്പുഴയിലും ഉണ്ടായ തെരഞ്ഞെടുപ്പ് തിരിച്ചടികൾ ഈ പ്രവണതയുടെ സൂചനകൂടിയായിരുന്നു. ഇവിടെ രണ്ടിടങ്ങളിലും അറുപതുകളുടെ ഉത്തരാർധത്തിലെ ഏറ്റവും പ്രധാനപ്പെട്ട രാഷ്ട്രീയ ചലനം കർഷക തൊഴിലാളി പ്രസ്ഥാനത്തിന്റെ വളർച്ചയായിരുന്നു. ഭൂപരിഷ്കാരത്തിന്റെ ഫലമായി ഭൂമി സ്വന്തമായി കിട്ടിയ കൃഷിക്കാരിൽ പലരും ചേരിമാറുന്ന പ്രവണത ഇവിടങ്ങളിൽ വളരെ പ്രകടമായിരുന്നു.

ഉത്പന്ന വിലവർധനക്കായുള്ള മുദ്രാവാക്യം കർഷകതൊഴിലാളികളെയും കൃഷിക്കാരെയും യോജിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളിൽ മുഖ്യമായി തീർന്നു. എന്നാൽ കേരളത്തിലെ വാണിജ്യ വിളകളുടെ വിലകൾ അന്തർദ്ദേശീയ കമ്പോളത്തിൽ നിശ്ചയിക്കപ്പെടുന്നവയാണ് എന്നതിനാൽ വില നിർണ്ണയത്തിൽ ഇടപെടുന്നതിന് ശക്തമായ പരിധികൾ ഉണ്ട്. ഈ പശ്ചാത്തലത്തിലാണ് ഉത്പാദന ക്ഷമതയുടെ പ്രശ്നം പ്രസക്തമായി തീരുന്നത്. കർഷക പ്രസ്ഥാനത്തെ ചരിത്രപരമായി അവലോകനം ചെയ്തു കൊണ്ടുള്ള എസ്. രാമചന്ദ്രൻ പിള്ളയുടെ പ്രബന്ധം കേരളത്തിലെ കാർഷിക പ്രശ്ന നിർവചനത്തിൽ പ്രധാനപ്പെട്ട ഒന്നായി ഉത്പാദനക്ഷമതയുടെ പ്രശ്നത്തെ വിലയിരുത്തി. ചെറുകിട ഉത്പാദനത്തിന്റെ വരുമാനത്തെ സംബന്ധിച്ചിടത്തോളം എന്തു വില ലഭിക്കുന്നു എന്നുള്ളതുപോലെ തന്നെ പ്രധാനമാണ് എത്രമാത്രം ഉദ്പാദിക്കപ്പെടുന്നുവെന്നുള്ളതും. ഉത്പാദനക്ഷമത ഉയർത്തിക്കൊണ്ടു മാത്രമേ ദീർഘനാളിൽ കൂലി വർധനയ്ക്കായുള്ള ആവശ്യങ്ങളെ തൃപ്തിപ്പെടുത്താനാവൂ. ടി.എൻ.കൃഷ്ണൻ ചൂണ്ടിക്കാണിക്കുന്നതുപോലെ ഉത്പാദനക്ഷമതാ വർധന നിരക്കിനേക്കാൾ കൂടുതൽ വേഗത്തിൽ യഥാർത്ഥ കൂലി നിരക്കുയർന്നാൽ അത് തൊഴിൽ ലഭ്യതയെ പ്രതികൂലമായി ബാധിക്കും. കേരളത്തിന്റെ പരമ്പരാഗത വ്യവസായങ്ങളെയും നല്ലൊരു വിഭാഗം കാർഷിക വിളകളെയും സംബന്ധിച്ച് ഇതാണ് സ്ഥിതിയെന്ന് ചില പണ്ഡിതന്മാർ അഭിപ്രായപ്പെട്ടു. കൃഷിക്കാർ തൊഴിൽ സാധ്യത കുറഞ്ഞ വിളകളിലേക്ക് മാറുന്നു. അതല്ലെങ്കിൽ അവരുടെ ഭൂമി തരിശിടുന്നു. പരമ്പരാഗത വ്യവസായങ്ങളുടെ പ്രതികരണങ്ങൾ പ്യാരേലാൽ രാഘവന്റെ പ്രബന്ധത്തിൽ പരിശോധിക്കപ്പെടുകയുണ്ടായി. ഉത്പാദന വികേന്ദ്രീകരണം, യന്ത്രവൽക്കരണം മറ്റും സംസ്ഥാനങ്ങളിലേക്കുള്ള കുടിയേറ്റം തുടങ്ങിയ പല മാറ്റങ്ങളും പരമ്പരാഗത വ്യവസായ തലമുറകളിൽ ദൃശ്യമാണ്. സഹകരണാടിസ്ഥാനത്തിലുള്ള പരമ്പരാഗത വ്യവസായ പുനഃസംഘടന പോലും വഴിമുട്ടി നിൽക്കുന്ന സ്ഥിതിയാണുള്ളത്.

കർഷക പ്രസ്ഥാനത്തെക്കുറിച്ചും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ കുറിച്ചും നടന്ന പ്രത്യേക സമ്മേളനങ്ങൾ മുകളിൽ വിവരിച്ച പല പ്രവണതകളുടെയും പ്രായോഗിക വൈഷമ്യങ്ങളെ പുറത്തുകൊണ്ടുവന്നു. സമകാലീന വർഗ പ്രസ്ഥാനങ്ങളുടെ പ്രശ്നങ്ങൾ സംബന്ധിച്ച പ്രബന്ധങ്ങളിൽ മുഴച്ചു നിന്നത് രണ്ടു പ്രശ്നങ്ങൾ ആയിരുന്നുവെന്ന് പറയാം. ഒന്ന്, പുത്തൻ സാമ്പത്തിക നയത്തിന്റെ പ്രത്യാഘാതങ്ങളും ഇവയ്ക്കെതിരെ ഏറ്റവും വിപുലമായ ബഹുജന

ഐക്യം വളർത്തിയെടുക്കേണ്ടതിന്റെ ആവശ്യകതയും. രണ്ട്, ഉത്പാദനക്ഷമതയുടെ മാന്ദ്യവും അതു തൊഴിൽ അവസരങ്ങളിലും വരുമാനത്തിലും ബഹുജന ഐക്യത്തിലും സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങളുമായി ബന്ധപ്പെടുന്ന പ്രശ്നങ്ങളും വർഗ്ഗ പ്രസ്ഥാനങ്ങളെക്കുറിച്ചുള്ള പ്രബന്ധങ്ങൾ സമകാലീന പ്രശ്നങ്ങളിൽ ഒതുങ്ങി നിന്നില്ല. ഈ പ്രസ്ഥാനങ്ങളുടെ ചരിത്രപരമായ വളർച്ചയും പരിശോധിക്കപ്പെട്ടു. ഈ ചരിത്രാന്വേഷണത്തിൽ പൊതുവെ പരാമർശ വിഷയമായ ഒരു കാര്യം കേരളത്തിലെ വർഗ പ്രസ്ഥാനങ്ങളും മറ്റു പൊതു സാമൂഹ്യ രാഷ്ട്രീയ ഒഴുക്കുകളും തമ്മിൽ, പ്രത്യേകിച്ച് ദേശീയ പ്രസ്ഥാനവുമായി, ഉണ്ടായിരുന്ന ബന്ധമാണ്. ഇതിന്റെ ഫലമായി സങ്കുചിതമായ സാമ്പത്തിക താല്പര്യങ്ങൾക്കപ്പുറം വിശാലമായ ജനകീയ പ്രതിബന്ധതയുടെ കാഴ്ചപ്പാടും കേരളത്തിലെ വർഗ സംഘടനകളുടെ ഒരു സ്വഭാവ വിശേഷമായിരുന്നു. ഇതു ആധുനിക കേരളത്തിന്റെ സാമൂഹിക രാഷ്ട്രീയ വികാസനത്തിൽ വലിയ സ്വാധീനം ചെലുത്തിയിട്ടുമുണ്ട്.

ബഹുജനങ്ങൾ പ്രത്യക്ഷകക്ഷി രാഷ്ട്രീയ ബന്ധങ്ങളില്ലാതെ ഒട്ടേറെ സാംസ്കാരിക പ്രസ്ഥാനങ്ങൾക്കും ഗ്രൂപ്പുകൾക്കും രൂപം നൽകുകയുണ്ടായി. ഇവയെ ചരിത്രപരമായി അപഗ്രഥിക്കുന്നതിന് ഒരു പ്രത്യേക സമ്മേളനം വിനിയോഗിക്കപ്പെട്ടു. ഈ പ്രസ്ഥാനങ്ങളിൽ, ഒരു പക്ഷേ ഏറ്റവും പഴക്കമേറിയതും സമ്പന്നവുമായ ഒന്നാണ് കേരളത്തിലെ ഗ്രന്ഥശാലാ പ്രസ്ഥാനം. കേരളത്തിലെ ലൈബ്രറികളെക്കുറിച്ച് ഒരു ഡസനോളം പ്രബന്ധങ്ങളുണ്ടായിരുന്നു. ജനകീയ ശാസ്ത്ര പ്രസ്ഥാനമായ കേരള ശാസ്ത്ര-സാഹിത്യ പരിഷത്തിന്റെ പ്രവർത്തനങ്ങളും പല പ്രബന്ധങ്ങൾക്കും വിഷയീഭവിച്ചു. സാക്ഷരത പ്രസ്ഥാനവും പ്രത്യേകം വിലയിരുത്തപ്പെട്ടു. കൈകാര്യം ചെയ്യുന്ന വിഷയങ്ങളുടെ പ്രത്യേകതകൾ കൊണ്ടുതന്നെ പരിഷത്തിന്റെയും മറ്റു പല നിലപാടുകളും വിവാദപരമായിട്ടുണ്ട്. അതോടൊപ്പം തന്നെ ഇവ ഏറ്റെടുത്തു നടത്തിയിട്ടുള്ള സാക്ഷരത, വിഭവ ഭൂപട നിർമ്മാണം, ഇന്ധനക്ഷമത കൂടിയ അടുപ്പിന്റെ വ്യാപനം, വിദ്യാഭ്യാസ പരീക്ഷണങ്ങൾ തുടങ്ങിയ ഒട്ടേറെ വികസന മുൻകൈകൾ പ്രാദേശികാടിസ്ഥാനത്തിൽ ഉപയോഗശൂന്യമായി പോകുന്ന വിഭവ സാധ്യതകളെക്കുറിച്ചും ജനപങ്കാളിത്തത്തോടെ ഉള്ള വികസനത്തിന് നമ്മുടെ സമൂഹത്തിന്റെ ജനാധിപത്യവൽക്കരണത്തിൽ വഹിക്കാനാകുന്ന പങ്കിനെക്കുറിച്ചും പുതിയൊരു അവബോധം നൽകുന്നതിന് സഹായകരമാണ്.

ബഹുജനബോധവും സമരങ്ങളാണ്, അത്യന്തിക വിശകലനത്തിൽ രാഷ്ട്രീയ മണ്ഡലത്തിലെ ഗതി വിഗതികൾ നിർണ്ണയിക്കുക. കേരളത്തിന്റെ ഇടതുപക്ഷ പ്രസ്ഥാനങ്ങളുടെ ചരിത്രാനുഭവങ്ങളെക്കുറിച്ചുള്ള സിംപോസിയവും സമകാലീന രാഷ്ട്രീയത്തെക്കുറിച്ചുള്ള പ്രത്യേക സമ്മേളനവും ബന്ധത്തെക്കുറിച്ചാണ് വിരൽ ചൂണ്ടിയത്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടായി കേരളത്തിന്റെ ഇടതുപക്ഷ പ്രസ്ഥാനം അഭിമുഖീകരിക്കുന്ന വളർച്ചയിലുള്ള മുരടിപ്പ് പ്രത്യേക പരാമർശ വിഷയമാണ്. ഇടതുപക്ഷ സഖ്യത്തിന്റെ പിന്തുണ 1961-ൽ നേടിയ 40 ശതമാനത്തിനപ്പുറത്തേയ്ക്ക് ഏറെ ഉയർന്നിട്ടില്ല. ഇടതുപക്ഷ പാർട്ടികളും മതേതര പ്രതിപക്ഷ പാർട്ടികളും ഇടതുപക്ഷ മുന്നേറ്റത്തിന് 70-കളിൽ മുഖ്യ തടസ്സമായിരുന്നു. എന്നാൽ ഈ അവസ്ഥ ഇന്ന് ഇല്ലാതായിട്ടുണ്ട്. 80-കളോടെ ഇടതുപക്ഷ പാർട്ടികൾ, മതേതര പ്രതിപക്ഷ പാർട്ടികൾ, ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ കൊടിക്കീഴിൽ, തുടർച്ചയായി അണിനിരക്കുകയുണ്ടായി. കേരളത്തിലെ ഇടതുപക്ഷ പാർട്ടികളുടെ സമുന്നത നേതാക്കന്മാരായ ഇ.കെ. നായനാർ, വി.എസ്. അച്യുതാനന്ദൻ, ഇ. ബാലാനന്ദൻ, പി.കെ.വാസുദേവൻ നായർ, ബേബിജോൺ തുടങ്ങിയവർ ഈ ചർച്ചകളിൽ സജീവമായി പങ്കെടുക്കുകയുണ്ടായി. കേരളത്തിലെ മാറിയ വസ്തുനിഷ്ഠ സാഹചര്യങ്ങളെക്കുറിച്ച് ആഴത്തിലുള്ള വിലയിരുത്തൽ ആവശ്യമാണെന്ന് ചർച്ചയിൽ അഭിപ്രായങ്ങൾ ഉയർന്നുവന്നു. താഴെ പറയുന്ന പ്രശ്നങ്ങൾ വിശേഷിച്ചും പരാമർശ വിഷയമാണ്. ഭൂപരിഷ്കരണത്തിന് ശേഷമുള്ള കേരളത്തിലെ കാർഷിക പ്രശ്നത്തിന്റെ സ്വഭാവം, ഗൾഫ് പണവരുമാനത്തിന്റെ സാമ്പത്തിക സാങ്കേതിക പരിഹാരങ്ങൾ, വിദ്യാഭ്യാസ വ്യാപനത്തിന്റെ തൊഴിൽ മേഖലയിലെ സ്വാധീനങ്ങൾ, പുത്തൻ സാമ്പത്തിക നയങ്ങളുടെ പ്രാദേശിക ആഘാതം, ഇത്തരത്തിലുള്ള സമഗ്രമായ ഒരു പരിശോധനയിലൂടെ മാത്രമെ ഇടതുപക്ഷത്തിന്റെ കാര്യപരിപാടിയിൽ ആവശ്യമായ ഭേദഗതികൾ വരുത്താൻ പറ്റൂ.

**അഞ്ച്**

## പുതിയ വികസന തന്ത്രം

ഇന്നു തുടരുന്ന വികസന നയങ്ങളെ വിമർശനപരമായി പരിശോധിക്കുന്നതിനും കാർഷിക വ്യാവസായിക പശ്ചാത്തല സൗകര്യ, പരിസ്ഥിതിക പ്രശ്നങ്ങളെ പഠിക്കുന്നതിനും രണ്ടു ഡസനോളം സമ്മേളനങ്ങൾ വിനിയോഗിക്കപ്പെട്ടു. ഇവിടെ നടന്ന ചർച്ചകളുടെ പൊതു ദിശകളെ വിവരിക്കുന്നതിനു മുൻപ് സംസ്ഥാന തലത്തിലുള്ള ബദൽ ആസൂത്രണത്തിന്റെ സാധ്യതകളെയും പരിമിതികളെയും കുറിച്ച് ചിലത് പറയേണ്ടതുണ്ട്. ഇന്ത്യാ യൂണിയനുള്ളിൽ ഇത്തരം എന്തെങ്കിലും ഒരു ബദൽ മാർഗ്ഗം നേടുന്നതിന് ഒരു സംസ്ഥാനത്തിന് മാത്രമായി കഴിയുമോ? ചെയ്യാൻ കഴിയുന്നതിന് കർശനമായ പരിമിതികൾ ഉണ്ടെന്ന് തുറന്നു സമ്മതിക്കട്ടെ. പ്രതിബന്ധങ്ങളിലും ചർച്ചകളിലും പലരും ചൂണ്ടിക്കാണിച്ചതുപോലെ കേന്ദ്ര സർക്കാരിന്റെ പുതിയ സാമ്പത്തിക നയങ്ങൾ ഇന്നു നിലവിലുള്ള സാധ്യതകളെപ്പോലും പരിമിതിപ്പെടുത്തി ക്കൊണ്ടിരിക്കുകയാണ്. എന്നാൽ ദേശീയ നയങ്ങൾ തിരുത്തപ്പെടുന്നതു വരെയും അല്ലെങ്കിൽ നമ്മുടെ സാമൂഹിക വ്യവസ്ഥയുടെ വിപ്ലവകരമായ പുനഃസംഘടന പൂർത്തിയാക്കുന്നതുവരെയും ഒന്നും

ചെയ്യാൻ കഴിയില്ല എന്ന നിലപാടു സ്വീകരിക്കുന്നത് ആത്മഹത്യാപരമായിരിക്കും. മുതലാളിത്ത വികസനത്തിന്റെ സാധ്യതകൾ പരിപൂർണ്ണമായി ഇന്ത്യ പോലുള്ള രാജ്യത്തിന് നടന്നു കഴിഞ്ഞുവെന്ന നിഗമനത്തിലെത്തി ചേർന്നാൽ അതു ശരിയാവില്ല. അത്തരം സാധ്യതകൾ നിലനിൽക്കു ന്നിടത്തോളം കാലം വ്യവസ്ഥയ്ക്കുള്ളിൽ തന്നെ നീക്കുപോക്കുകൾക്കുള്ള സാധ്യത തുടരും. അവ ബോധപൂർവ്വം ഉപയോഗിച്ചേ പറ്റൂ. ഇത്തരം അന്വേഷത്തിനുള്ള പശ്ചാത്തലം ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ആമുഖ അവതരണം ഒരുക്കി. അന്തർദേശീയ-ദേശീയ ഘടനകൾ അടിച്ചേൽപ്പിക്കുന്ന പരിധിക്കുള്ളിൽ നിന്നുകൊണ്ട് ഇന്നു നമ്മുടെ സംസ്ഥാനം അഭിമുഖീകരിക്കുന്ന പല പ്രശ്നങ്ങൾക്കും പ്രായോഗിക പരിഹാരം കണ്ടെത്തേണ്ടതുണ്ട്. ഇന്നത്തെ സ്ഥിതിവിശേഷം തുടരാൻ അനുവദിക്കാൻ പാടുള്ളതല്ല. ഭൂതകാലത്തിന്റെ ജനാധിപത്യ പൈതൃകമോ ക്ഷേമ നേട്ടങ്ങളോ ബലികഴിക്കാതെ സാമ്പത്തിക വളർച്ച ത്വരിതഗതിയിൽ ആക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കണമെന്നാലോചിച്ച് സംസ്ഥാനത്ത് ഒരു ആശയ സമന്വയം സൃഷ്ടിക്കേണ്ടിയിരിക്കുന്നു."

വ്യവസായ വികസനത്തിന്റെ പൊതു പ്രശ്നങ്ങളെ കൈകാര്യം ചെയ്ത ഒരു സമ്മേളനത്തിനു പുറമെ വിവിധ വ്യവസായങ്ങളെ പ്രത്യേകം പരിശോധിച്ച മറ്റൊരു സമ്മേളനവും കൂടി കോൺഗ്രസ്സിൽ നടക്കുകയുണ്ടായി. കേരള സർക്കാരിന്റെ പുതിയ വ്യവസായ നയം പ്രത്യേക വിമർശന വിഷയമായി. വ്യവസായ വളർച്ചയ്ക്ക് മുഖ്യ തടസ്സം സമരോൽസുക ട്രേഡ് യൂണിയൻ പ്രസ്ഥാനമാണെന്ന തെറ്റായ ധാരണയാണ് ഈ നയത്തിനു പിന്നിലുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളെ കാര്യക്ഷമമായി പുനഃസംഘടിപ്പിക്കുന്നതിനു പകരം അടച്ചു പൂട്ടലും സ്വകാര്യ വൽക്കരണവുമാണ് ഉത്തരമായി ഈ നയം കാണുന്നത്. ഇവിടെത്തെ വ്യവസായ പ്രോത്സാഹന സംവിധാനങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതിനെക്കാൾ കൂടുതൽ ധനകാര്യ ഇളവുകൾ അനുവദിക്കുന്നതിനാണ് ശ്രദ്ധ പതിപ്പിക്കുന്നത്. തൊഴിൽ സമരവും ഉയർന്ന കൂലിയും വ്യവസായ വൽക്കരണവുമായുള്ള ബന്ധവും പല പ്രബന്ധങ്ങളും പരിശോധിക്കുകയുണ്ടായി. ചില ഭിന്നാഭിപ്രായങ്ങൾ പ്രകടിക്കപ്പെട്ടെങ്കിലും ചർച്ചകൾ മൊത്തത്തിൽ ആധുനിക വളർച്ചയ്ക്ക് പ്രതിബന്ധം കേരളത്തിലെ ഉയർന്ന കൂലിയാണ് എന്ന വാദം പാടെ തിരസ്കരിക്കുകയാണുണ്ടായത്. എസ്.മോഹൻ കുമാറിന്റെ അന്തർ-സംസ്ഥാന താരതമ്യം എഴുപതുകളുടെ മധ്യം മുതൽ- കേരളത്തിലെ വ്യവസായ ബന്ധങ്ങൾ ശ്രദ്ധേയമായി മെച്ചപ്പെടുകയുണ്ടായി എന്നു വിലയിരുത്തി. ഇത് ദേശീയ ശരാശരിയെക്കാൾ മെച്ചമാണ്. ഇടതുപക്ഷ ഭരണ കാലങ്ങളിലേക്ക് വ്യവസായ വൽക്കരണം കൂടുതൽ ശക്തിപ്പെടുന്നത് എന്ന കെ. കെ. സുബ്രഹ്മണ്യത്തിന്റെ നിരീക്ഷണം നേരത്തെ സൂചിപ്പിച്ചുവല്ലോ. അദ്ദേഹം ഇതിനെ കേരളത്തിലെ വ്യവസായ വൽക്കരണത്തിലെ ഗതി ചക്രങ്ങൾ എന്നാണ് വിശേഷിപ്പിച്ചത്. എന്നാൽ ചർച്ചയിൽ ട്രേഡ് യൂണിയൻ ബാഹുല്യവും സങ്കുചിത മൽസരങ്ങളും സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ എടുത്തുകാട്ടിയിരിക്കുന്നു. യാഥാർത്ഥ്യമെന്തുതന്നെയായാലും വ്യവസായികൾക്കിടയിൽ ഒരു ലേബർഫോബിയ നിലനിൽക്കുന്നതായി വി. നന്ദമോഹൻ ചൂണ്ടിക്കാട്ടി. ബീനപിൽ-ന്റെയും മറ്റും പ്രബന്ധങ്ങൾ കേരളത്തിലെ വ്യവസായിക മാനേജ്മെന്റിന്റെ പിന്നോക്കാവസ്ഥയെ നിശിതമായി വിമർശിക്കുകയുണ്ടായി.

ഉരുത്തിരിഞ്ഞു വന്ന വ്യവസായവൽക്കരണ പരിപ്രേക്ഷ്യത്തിന്റെ മുഖ്യഘടകങ്ങൾ നിലവിലുള്ള പൊതുമേഖലയുടെ നവീകരണവും പുനഃസംഘടനയും, സ്വകാര്യ മുതൽ മുടക്കിനെ പ്രോത്സാഹിപ്പിക്കുന്ന പ്രത്യേക നടപടികൾ, വ്യവസായ പ്രോത്സാഹന സംവിധാനത്തിന്റെ ഉടച്ചു വാർക്കൽ, ഉത്പാദനക്ഷമത ഉയർത്തൽ തുടങ്ങിയവയായിരുന്നുവെന്നു പറയാം. കേന്ദ്ര മൂലധന നിക്ഷേപം ഗണ്യമായി ഉയർത്തേണ്ടത് പരമപ്രധാനമാണ്. വ്യവസായ ബന്ധങ്ങളെ മെച്ചപ്പെടുത്തുന്നതിൽ മാനേജ്മെന്റിൽ തൊഴിലാളി പങ്കാളിത്തം നൽകുന്നതിലൂടെ കഴിയും. രഹസ്യ ബാലറ്റിലൂടെ ഒരു മിനിമം പിന്തുണ ലഭിക്കുന്ന യൂണിയനുകളെ മാത്രം അംഗീകരിക്കുന്നതു വഴി ട്രേഡ് യൂണിയൻ ബാഹുല്യം കുറയ്ക്കാനാവും. ചെറുകിട വ്യവസായ മേഖലയിൽ അസംസ്കൃത വിഭവങ്ങളുടെ കാര്യത്തിലോ തൊഴിൽ വൈദഗ്ധ്യത്തിന്റെ കാര്യത്തിലോ കേരളത്തിന് താരതമ്യേന നേട്ടമുള്ള മേഖലകളിൽ ആൻസറലൈസേഷൻ, വ്യവസായ പാർക്കുകൾ തുടങ്ങിയ സംഘടനാ സംവിധാനങ്ങൾക്ക് പ്രത്യേക പ്രോത്സാഹനം നൽകേണ്ടതുണ്ട്. പരമ്പരാഗത വ്യവസായങ്ങളുടെ പടിപടിയായുള്ള ആധുനിക വൽക്കരണവും ഉത്പന്ന വൈവിധ്യവൽക്കരണവും പ്രധാനമാണ്. ഇവയുടെ അസംസ്കൃത ഉൽപ്പന്ന കമ്പോളങ്ങളിൽ പലപ്പോഴായി നടത്തിയിട്ടുള്ള അഡ്ഹോക്ക് ഇടപെടലുകളെ മൊത്തത്തിൽ ഒരു പുനർവിലയിരുത്തലിന് വിധേയമാക്കേണ്ടതുണ്ട്. സാമൂഹിക നിയന്ത്രിതമായ ആധുനികവൽക്കരണം എന്നതായിരിക്കണം ഈ മേഖലയിലെ വികസന കാഴ്ചപ്പാട്.

പശ്ചാത്തല മേഖലയിലുള്ള രൂക്ഷമായ അസൗകര്യം വ്യവസായ വൽക്കരണത്തിന് കനത്ത പ്രതിബന്ധമായി തീർന്നിരിക്കുന്നുവെന്ന് കെ. വിജയൻ ചൂണ്ടിക്കാണിച്ചു. ഇതിനുള്ള പ്രതിവിധികളെക്കുറിച്ച് രണ്ടു സമ്മേളനങ്ങളിൽ ചർച്ച ചെയ്തു. ഗതാഗത ചേരുവയിലെ അസന്തുലിതാവസ്ഥയിലേക്ക് ഏതാണ്ട് ഏകകണ്ഠമായി തന്നെ വിരൽചൂണ്ടി. റയിൽവേ വികസനത്തിന്റെ അപര്യാപ്തതയും അതു പരിഹരിക്കുന്നതിനുള്ള മർഗങ്ങളെയും കുറിച്ചായിരുന്നു എം.എൻ. പ്രസാദ് വിശദീകരിച്ചത്. ജലഗതാഗത മാർഗ്ഗങ്ങൾക്ക് ഇനി വലിയ പങ്കു വഹിക്കാനാകും. പക്ഷേ, ഇതിന് ഇവയുടെ നവീകരണം കൂടിയേ തീരൂ. അന്തർദേശീയ കുടിയേറ്റവും ടൂറിസത്തിന്റെ വളർച്ചയും മൂലം വ്യോമഗതാഗത സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടത് ആവശ്യതന്നെ. പക്ഷേ, മൂന്ന് അന്തർദേശീയ വിമാനത്താ

വളങ്ങൾ എന്ന സങ്കൽപ്പനം സാർവ്വത്രിക പരിഹാസത്തിന് വിധേയമായി ഇവയ്ക്കായി ഇന്നു നടക്കുന്ന യഞ്ജം വികലമായ മുൻഗണനാക്രമങ്ങളുടെ ഏറ്റവും നല്ല ഉദാഹരണമാണ് അനിൽകുമാറിന്റെ പ്രബന്ധം. കൊച്ചി തുറമുഖത്തിന്റെ മൊത്തം ഉത്പാദന ക്ഷമതകുറഞ്ഞു വരുന്നതിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് തുറമുഖ നവീകരണത്തിന് അമാന്തിയ്ക്കും തോറും തിരിച്ചു വരാനാവാത്തവിധം കൊച്ചി പിൻതള്ളപ്പെടുമെന്ന് ചൂണ്ടിക്കാണിച്ചു.

ഏറ്റവും നിർണ്ണായകമായ പശ്ചാത്തല സൗകര്യം ഊർജ്ജ ലഭ്യതയാണ്. എണ്ണയോ കൽക്കരിയോ സ്വന്തമായി ഇല്ലാത്ത കേരളത്തിന് തെർമ്മൽ ആവശ്യങ്ങൾക്ക് വിറകിനെയും വൈദ്യുതിക്ക് ജല ശ്രോതസ്സിനെയും ആശ്രയിക്കേണ്ടി വരുന്നു. കേരളത്തിന്റെ പ്രതിശീർഷ വൈദ്യുതി ഉപഭോഗം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ താഴ്ന്ന ഒന്നാണ്. വൈദ്യുതി കമ്മി ആവട്ടെ പ്രതിവിധിയില്ലാതെ ഒരു പതിറ്റാണ്ടായി വർദ്ധിച്ചു വരികയാണ്.നിലവിലുള്ള പദ്ധതികൾ അനന്തമായി നീളുന്നു. പുതിയ പദ്ധതികൾക്കാകട്ടെ അംഗീകാരവും ലഭിക്കുന്നില്ല. രൂക്ഷമായ അഭിപ്രായ സംഘട്ടനങ്ങൾ ഉണ്ടായെങ്കിലും താഴെ പറയുന്ന കാര്യങ്ങളിൽ പൂർണ്ണമായ അഭിപ്രായ ഐക്യം ഉളവായി.ഒന്ന്, കേരളത്തിലെ വൈദ്യുതി ഉത്പാദന ശേഷി അടിയന്തിരമായും ഗണ്യമായും ഉയർത്തേണ്ടതുണ്ട്. രണ്ട്, പുതിയ വൈദ്യുതി ഊർജ്ജ ശ്രോതസ്സുകൾ തേടേണ്ടതുണ്ട്. മൂന്ന്, വിതരണ നഷ്ടം ഇനിയും കുറക്കാനാകും. ഡിമാന്റ് മാനേജ്മെന്റിന്റെ പ്രാധാന്യത്തിലേക്കും ചർച്ചകൾ വിരൽ ചൂണ്ടി. പരസ്ഥിതി സംരക്ഷണ ഉപാധികളോടെ പൂയംകുട്ടി പദ്ധതി നടപ്പിലാക്കുന്നതിനും യോജിപ്പുണ്ടായി. എന്നാൽ ഈ ഉപാധികൾ പാലിക്കപ്പെടുന്നതിനുള്ള ഉറപ്പ് വേണമെന്ന ശക്തമായ അഭിപ്രായം ഉണ്ടായി. താപനിലയം സ്ഥാപിക്കുന്നതിന് മുൻഗണന നൽകുന്നത് പ്രതിസന്ധിയെ എത്രയും പെട്ടെന്ന് ലഘൂകരിക്കുന്നതിന് സഹായകരമായി ത്തീരുമെന്ന് ചിലർ ചൂണ്ടിക്കാണിച്ചു. വിവിധ പദ്ധതികളുടെ കാലക്രമ മുൻഗണനയെക്കുറിച്ചും അഭിപ്രായ വ്യത്യാസങ്ങൾ പ്രകടമായിരുന്നു. എന്നാൽ പൊതുവെ പറഞ്ഞാൽ ഈ സമ്മേളനത്തിലെ ചർച്ചകളുടെ പ്രത്യേകത,അഭിപ്രായ വ്യത്യാസങ്ങൾ പലതും ഉണ്ടായിരുന്നിട്ടും ഊർജ്ജ ക്ഷാമം പരിഹരിക്കുന്നതിന് പ്രായോഗികമായ ഒരു കർമ്മ പരിപാടിയിലേക്ക് നീങ്ങുന്നതിൽ പ്രകടമായ താൽപര്യമായിരുന്നു.

കാർഷിക വികസന തന്ത്രത്തെക്കുറിച്ചുള്ള ചർച്ചകൾ സമീപകാലത്ത് കാർഷിക വളർച്ചയിൽ പ്രകടമായ ഉന്മേഷത്തേയും അതേസമയം കേന്ദ്ര സർക്കാരിന്റെ പുതിയ നയങ്ങളിൽ നിന്ന് ഉളവാകുന്ന ഭിതിയേയും പ്രതിഫലിപ്പിച്ചു. ചിരകാല വിളകൾക്ക് പ്രാമുഖ്യമുള്ള കേരളം പോലുള്ള ഒരു സംസ്ഥാനത്ത് കാർഷിക ഘടനാ പരിഷ്കാരം നീണ്ട വേദനാ ജനകമായ ഒരനുഭമായി തീരാമെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടു. കൃഷി ഭൂമിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള സാധ്യതകൾ കേരളത്തിൽ ഏതാണ്ട് അടഞ്ഞ് കഴിഞ്ഞതിനാൽ കാർഷിക വികസനത്തിന്റെ മാർഗ്ഗം ഉത്പാദന ക്ഷമതയിൽ ഊന്നിയുള്ളതാണ്. പ്രത്യേക വിളകളെ അടിസ്ഥാനമാക്കിയുള്ള പരിശോധന ഇതിനുള്ള സാധ്യകളിലേക്ക് വിരൽ ചൂണ്ടുന്നു. നാളികേരത്തിന്റെ ഉത്പാദനക്ഷമത ഉയർത്തുന്ന പ്രാധാന്യത്തെയാണ് ഡോ. കെ.എൻ.രാജ് ഊന്നിയത്. ഇതിനാവട്ടെ കനാൽ ജലസേചനത്തെ അടിസ്ഥാനമാക്കിയതും നെൽകൃഷിയെ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ളതു മായ ഇന്നത്തെ വൻകിട ജലസേചന സംവിധാനമാകെ ഒരു പുനരവലോകനത്തിന് വിധേയമാക്കേണ്ടതുണ്ട്. പ്രദേശിക സ്ഥലജല മാനേജ്മെന്റ് ഇന്ന് പാടെ അവഗണിക്കപ്പെടുന്നു എന്ന വസ്തുതയിലേക്ക് ജനവിഭവങ്ങൾ സംബന്ധിച്ച സമ്മേളനത്തിൽ ഇ.ജെ. ജെയിംസും, കെ.ഡി. നമ്പൂതിരിപ്പാടും മറ്റും അഭിപ്രായപ്പെട്ടു.

കേരളത്തിലെ ഭൂപ്രകൃതിയും വിഭവ വിതരണത്തിലെ വൈവിധ്യവും സംസ്ഥാനത്തെ ഒട്ടേറെ ചെറു പാരിസ്ഥിതികനീർമറി പ്രദേശങ്ങളായി വിഭജിച്ചിരിക്കുന്നുവെന്ന് കെ.എൻ.ശ്യാമാസുന്ദരൻ നായർ സമർത്ഥിച്ചു. ആയതിനാൽ പ്രാദേശിക ആസൂത്രണവും ഇടപെടലും കാർഷിക വികസനത്തിന് നിർണ്ണായകമായ പങ്കു വഹിക്കാൻ കഴിയും. മണ്ണൊലിപ്പ് നീർവാർച്ച ജലസേചനം ഇവയെല്ലാം കണക്കിലെടുത്തു കൊണ്ടുള്ള സമഗ്രമായ പ്രാദേശിക സ്ഥലജല മാനേജ്മെന്റ് പദ്ധതികളാണ് ഇന്ന് ആവശ്യമെന്ന് എം.പി. പരമേശ്വരൻ ശക്തിയായി അഭിപ്രായപ്പെട്ടു. ഡാർളി ജോസഫ് ആവട്ടെ കേരളത്തിലെ ഇടകലർന്ന വിളകളും, ത്രിതല കൃഷിയും അടങ്ങുന്ന പരമ്പരാഗത പുരയിട കൃഷി സമ്പ്രദായത്തെ ആസൂത്രകരും വിദഗ്ദൻമാരും അവഗണിച്ചതുമൂലം വന്നു ചേർന്ന വൈകല്യങ്ങളിലേക്ക് വിരൽ ചൂണ്ടി. കാർഷിക സാങ്കേതിക വിദ്യകൾ സംബന്ധിച്ച് രണ്ട് സമ്മേളനങ്ങൾ ഉണ്ടായിരുന്നു. ഇവിടെ നടന്ന ചർച്ചകൾ ശാസ്ത്രീയ ഗവേഷണ ഫലങ്ങൾ കൃഷിക്കാരിലേക്ക് എത്തിക്കുന്നതിനുള്ള അപര്യാപ്തതകളെ വെളിവാക്കി.

കേരളത്തിലെ സമകാലീന കാർഷിക ഘടനയും അത് ഉല്പാദന ക്ഷമതയിൽ സൃഷ്ടിക്കുന്ന പ്രശ്നങ്ങളുമായിരുന്നു ഗൗരവമായ ശ്രദ്ധയ്ക്ക് വിഷയീഭവിച്ച മറ്റൊരു പ്രശ്നം. കൃഷിക്കാർക്ക് ബഹുമുഖ വരുമാന മാർഗ്ഗങ്ങളുള്ളത് കൃഷിയിൽ നിന്നുള്ള വരുമാനം പരമാവധി വർദ്ധിപ്പിക്കുന്നതിനുള്ള നിർബന്ധം കുറയ്ക്കുന്നു. മാത്രമല്ല പ്രതികൂലമായ സാഹചര്യങ്ങളിൽ തൊഴിൽ സാന്ദ്രമായ കൃഷികളിൽ നിന്ന് പിൻ വലിയുന്നതിന് ഇത് പ്രേരിപ്പിക്കുന്നു. ഈ സാഹചര്യങ്ങളെ നേരിടുന്നതിന് പുതിയ സ്ഥാപനങ്ങൾക്ക് രൂപം നൽകേണ്ടതുണ്ട്. രണ്ടു കാര്യങ്ങളെക്കറിച്ച് അഭിപ്രായ സമന്വയം ആവശ്യമായി തീർന്നിരിക്കുന്നു. ഒന്നാമത്തേത് കേരളത്തിൽ ഇന്ന് വ്യാപകമായി കൊണ്ടിരിക്കുന്ന അനൗപചാരികമായ പാട്ട സമ്പ്രദായത്തോട് എന്ത് നിലപാട് എടുക്കണമെന്നതാണ്. രണ്ടാമത്തേത് ഗ്രൂപ്പ് ഫാമിംഗ് സംബന്ധിച്ച് നടന്ന പരീക്ഷണത്തെ എങ്ങനെ

ഭാവിയിൽ മുന്നോട്ട് കൊണ്ടു പോകണം എന്നത് സംബന്ധിച്ചുള്ളതാണ്. ഭൂമിയുടെ ഉടമസ്ഥതയിൽ മാറ്റം വരുത്താതെ ഒരു പ്രദേശത്തെ കൃഷിക്കാരുടെ സംഘം ഒരുമിച്ച് കാർഷിക തീരുമാനങ്ങൾ എടുക്കുകയും കൃഷിപ്പണികൾ ചെയ്യിക്കുകയും വിപണം നടത്തുകയും ചെയ്യുന്നതിലൂടെ തുണ്ടുവൽക്കരണത്തിന്റെ ദൂഷ്യങ്ങൾ ഒഴിവാക്കി ശാസ്ത്രീയ കൃഷിയുടെ നേട്ടങ്ങൾ കൊയ്യുന്നതിനുള്ള ഒരു പരീക്ഷണമായിരുന്നുവല്ലോ ഗ്രൂപ്പ് ഫാമിംഗ്. ഒട്ടേറെ പ്രതീക്ഷകൾക്ക് ഇടനൽകിയെങ്കിലും ഇന്ന് ഈ കാർഷിക പരിഷ്കാരം മുരടിച്ച് നിൽക്കുകയാണ്. കർഷക തൊഴിലാളി സംഘടനകളുടെ വേണ്ടത്ര പങ്കാളിത്തമില്ലായ്മ പുതിയ വലതു മുന്നണി ഗവൺമെന്റിന്റെ താല്പര്യമില്ലായ്മ പ്രാദേശിക ആസൂത്രണത്തിനും ശാസ്ത്രീയ സ്ഥലജല മാനേജ്മെന്റിനും അർഹമായ പ്രാധാന്യം നൽകാതിരുന്നത് തുടങ്ങിയവയെല്ലാം ഈ മുരടിപ്പിന് കാരണമായിട്ടുണ്ടെന്ന് വിലയിരുത്തപ്പെട്ടു.

ശാസ്ത്രവും സാങ്കേതികവിദ്യാ വികസനവും തമ്മിലുള്ള പരസ്പര ബന്ധമായിരുന്നു ഒരു ഉദ്ഘാടന സിമ്പോസിയത്തിലെ പ്രതിപാദ്യ വിഷയം. ശാസ്ത്രവും സാങ്കേതിക വിദ്യാ വികസനവും തമ്മിലുള്ള പരസ്പര ബന്ധമായിരുന്നു ഒരു ഉദ്ഘാടന സിമ്പോസിയത്തിലെ പ്രതിപാദ്യ വിഷയം. കേരളത്തിന്റെ വ്യവസായ മേഖലയുടെ സാങ്കേതിക നവീകരണത്തിന് പ്രത്യേക പ്രാധാന്യം ചർച്ചകളിൽ ലഭിച്ചു. ഇന്നത്തെ ശാസ്ത്ര സാങ്കേതിക ഗവേഷണ പരിപാടികളിലെ പല ദുർബല കണ്ണികളിലേക്കും ചർച്ചകൾ വിരൽചൂണ്ടുകയുണ്ടായി. എം. വിജയനും പി കെ അയ്യങ്കാരും ഉന്നത ഗവേഷണത്തിന്റെ മികവിനെ പ്രോത്സാഹിപ്പിക്കുന്ന അന്തരീക്ഷം കേരളത്തിൽ സൃഷ്ടിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന്റെ പ്രാധാന്യം പ്രത്യേകം എടുത്തുപറഞ്ഞു.

വികസനതന്ത്രങ്ങളെക്കുറിച്ചുള്ള ചർച്ചകളുടെ ഒരു ഗുണകരമായവശം പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ച് പ്രകടമായ പുതിയ അവബോധമായിരുന്നു. വികസനം വേണോ പ്രകൃതി സംരക്ഷണം വേണോ എന്നതരത്തിലുള്ള ബാലിശമായ ചോദ്യങ്ങൾ ചർച്ചകൾക്കന്യമായിരുന്നു. സാമ്പത്തിക വളർച്ചയെ സ്ഥായിയാക്കുന്നതിനുവേണ്ടി എപ്രകാരം പാരിസ്ഥിതിക താത്പര്യങ്ങളെ വികസന തന്ത്രത്തിൽ ഉദ്ഗ്രഥിതമാക്കിതീർക്കണം എന്നതായിരുന്നു പൊതുവേ പ്രകടമായ സമീപനം. പ്രകൃതി വിഭവങ്ങളെയും പാരിസ്ഥിതിക പ്രശ്നങ്ങളെയും കുറിച്ചുള്ള രണ്ട് സമ്മേളനങ്ങളിൽ കേരളത്തിലെ ജനിതക വിഭവങ്ങളുടെ പ്രധാന്യത്തെക്കുറിച്ച് പി.കെ.കെ നായരുടെയും, പി എൻ രവീന്ദ്രന്റെയും ശ്രദ്ധേയമായ പ്രബന്ധങ്ങൾ ഉണ്ടായിരുന്നു. വിഭവ വിനിയോഗത്തിലെ പല വൈകല്യങ്ങളെയും കറിച്ച് പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. വനനശീകരണം,വയൽഭൂമി നികത്തൽ, മണൽവാറ്റൽ, വ്യവസായ മലിനീകരണം, നഗര മാലിന്യ നിർമ്മാർജ്ജനം, തുടങ്ങിയ പ്രശ്നങ്ങളെകുറിച്ചുമാത്രമല്ല ഇവയുടെ ജനകീയവും ശാസ്ത്രീയവുമായ പരിഹാരങ്ങൾക്കു വേണ്ടിയുള്ള പ്രവർത്തന പ്രക്ഷോഭ അനുഭവങ്ങളെ കുറിച്ചും പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു.ജീരകപ്പാറ സമരവും അതിൽവന സമീപ പ്രദേശങ്ങളിലെ ജനങ്ങൾവഹിച്ച പങ്കും കേരളത്തിലെ പാരിസ്ഥിതിക പ്രസ്ഥാന ചരിത്രത്തിൽ ഒരു വഴിത്തിരിവാണെന്ന് പലരും അഭിപ്രായപ്പെട്ടു.

**ആറ്**

## ആരോഗ്യവും വിദ്യാഭ്യാസവും

ആരോഗ്യ വിദ്യാഭ്യാസ മേഖലകളെകുറിച്ച് നടന്ന സമ്മേളനങ്ങളിൽ പൊതുവേ പ്രകടമായ ഒരു വികാരം ഈ മേഖലകളിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ പ്രത്യേകിച്ച് ബഹുജന വിദ്യാഭ്യാസത്തിലും ബഹുജന ആരോഗ്യ പരിരക്ഷയിലും ഉണ്ടായ നേട്ടങ്ങൾക്ക് തിരിച്ചടി ഏറ്റുകൊണ്ടിരിക്കുന്നു എന്നുള്ളതാണ്. സാമൂഹ്യനീതിയുടെയും ജനസാമാന്യത്തിന് മൊത്തത്തിൽ മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന്റെയും താൽപ്പര്യങ്ങൾ അവഗണിച്ചുകൊണ്ടുള്ള സ്വകാര്യവത്ക്കരണ നയമാണ് ഇന്ന് അധികൃതർ അംഗീകരിച്ചുവരുന്നത്. ആരോഗ്യമേഖലയിലാണെങ്കിൽ ശുചീകരണം, പോഷകാഹാരം തുടങ്ങിയ ഘടകങ്ങളിൽ ഊന്നിക്കൊണ്ടുള്ള സമഗ്രമായ പ്രതിരോധ തന്ത്രത്തിൽ നിന്ന് വ്യക്തിനിഷ്ടവും വളരെചെലവേറിയതുമായ ചികിത്സാ സമ്പ്രദായത്തിലേക്കുള്ള നീക്കം വളരെ പ്രകടമാണ്. ആരോഗ്യ മേഖലയിലുള്ള ഈ പുതിയ അശാസ്ത്രീയ പ്രവണതകളെക്കുറിച്ച് അന്തിയയെപ്പോലുള്ള പണ്ഡിതർ അസ്വസ്ഥത പ്രകടിപ്പിച്ചു. അനാരോഗ്യകരവും അശാസ്ത്രീയവും ജനവിരുദ്ധവുമായ പുതിയ പ്രവണതകളെ എതിർക്കപ്പെടേണ്ടതാണ് എന്നഭിപ്രായപ്പെട്ടപ്പോൾ തന്നെ ഇന്നത്തെ സ്ഥിതിവിശേഷത്തിന്റെ പോരായ്മകളെക്കുറിച്ച് ചർച്ചകൾ വിരൽചൂണ്ടി. ഒന്ന്, അടിസ്ഥാന വിദ്യാഭ്യാസ ആരോഗ്യ സൗകര്യങ്ങൾ ഇന്നും എത്തിച്ചേരാത്ത പല വിഭാഗങ്ങളും കേരളത്തിലുണ്ട്. രണ്ട്, ആരോഗ്യ വിദ്യാഭ്യാസ സംവിധാനങ്ങളുടെ ഗുണനിലവാരം ഒട്ടേറെ മെച്ചപ്പെടാനുണ്ട്. മൂന്ന്, മാറിവരുന്ന ആവശ്യങ്ങൾക്കനുസൃതമായി വിദ്യാഭ്യാസ ആരോഗ്യ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതും വൈവിദ്ധ്യവത്ക്കരിക്കേണ്ടതും ആവശ്യമാണ്.

ദേശീയ പ്രാദേശിക ആവശ്യങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ള മനുഷ്യ വിഭവശക്തി ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ വിദ്യാഭ്യാസത്തെ പുന:സംഘടിപ്പിക്കേണ്ടതുണ്ട്. ഇത്തരം ഒരാസൂത്രണം സൂക്ഷ്മമായി നടത്തുന്നതിന് പ്രായോഗികമായ വൈഷമ്യങ്ങൾ ഒട്ടനവധിയാണ്. എന്നാൽ ഒരു പൊതു അവലോകനം തന്നെ ഇന്നത്തെ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിലും പൊതുഘടനയിലുമുള്ള അടിസ്ഥാന വൈകല്യങ്ങളിൽ വിരൽ ചൂണ്ടാൻ പര്യാപ്തമാകുന്നു. വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കം തൊഴിൽ ആഭിമുഖ്യം സൃഷ്ടിക്കാൻ ഉതകുന്നതല്ല. സാമാന്യ വിദ്യാഭ്യാസത്തിന് കോളേജ്

തലത്തിൽ പോലും നൽകുന്ന ഊന്നൽ യാതൊരു തൊഴിൽ പരിശീലനവും വിദ്യാർത്ഥികൾക്ക് നൽകുന്നില്ല. സ്ക്കൂൾ വിദ്യാഭ്യാസ മേഖലയിലെ പൊതുസംവിധാനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ഒരു ജനകീയ യജ്ഞം തന്നെ വേണ്ടിയിരിക്കുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ പൊതു ആർട്സ് & സയൻസ് കോളേജുകൾ ആവശ്യത്തിലധികമുണ്ട്. അവയിൽ പലതിനെയും എങ്ങനെ തൊഴിലധിഷ്ഠിതമാക്കാംഎന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനോടൊപ്പം തന്നെ സാങ്കേതിക പരിശീലനത്തിനായുള്ള സർട്ടിഫിക്കറ്റ് ഡിപ്ലോമാ സൗകര്യങ്ങൾ പലമടങ്ങ് വിപുലമാക്കുന്നു. സാർവ്വത്രികമായ ഉന്നത വിദ്യാഭ്യാസം ഒരു ലക്ഷ്യമല്ല. പക്ഷെ, അതിലേക്കുള്ള പ്രവേശനം മെറിറ്റ് അടിസ്ഥാനത്തിലാക്കേണ്ടതുണ്ട്.

വിദ്യാഭ്യാസ ഗുണനിലവാരം ഉയർത്തുന്നതിനുവേണ്ടിയിട്ട് അദ്ധ്യാപകരുടെയും രക്ഷാകർതൃ സംഘടനകളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും പരിഷത്ത് പോലുള്ള ജനകീയ ശാസ്ത്ര സംഘടനകളുടെയും ആഭിമുഖ്യത്തിൽ കേരളത്തിൽ നടന്ന ഒട്ടേറെ പരീക്ഷണങ്ങളെ വിലയിരുത്തുന്ന പ്രബന്ധങ്ങൾ വിദ്യാഭ്യാസ സമ്മേളനങ്ങളിൽ അവതരിപ്പിക്കപ്പെട്ടു. ഏറ്റവും കൂടുതൽ ചർച്ച ചെയ്യപ്പട്ട ഒരു പരീകഷണം School Complex കളായിരുന്നു. ഈ അനുഭവത്തെ അടിസ്ഥാനമാക്കി സ്ക്കൂൾ വിദ്യാഭ്യാസത്തിന്റെ നിലവാരം ഉയർത്തുന്നതിന് അഖില കേരള അടിസ്ഥാനത്തിൽ പുതിയൊരു ജനകീയ പ്രസ്ഥാനം കെട്ടിപ്പടുക്കുന്ന സാദ്ധ്യതകളിലേക്ക് ചർച്ചകൾ വിരൽ ചൂണ്ടി. അനൗപചാരിക വിദ്യാഭ്യാസത്തിൽ ഗ്രന്ഥശാലകൾ ഒരുകാലത്ത് വഹിച്ചിരുന്ന പങ്ക് വീണ്ടെടുക്കുന്നതിനെകുറിച്ചും ചർച്ചകൾ നടന്നു.

വിദ്യാഭ്യാസ മേഖലയെക്കാൾ ഭയാനകമായ വേഗതയിലാണ് ആരോഗ്യ മേഖലയുടെ വാണിജ്യവത്ക്കരണം കേരളത്തിൽ സംഭവിച്ചു കൊണ്ടിരിക്കുന്നത്. കേരളത്തിലെ ജനങ്ങളുടെ ആരോഗ്യ അവബോധത്തെയും ഉയർന്ന പ്രതിശീർഷ ആരോഗ്യ ചെലവിനെയും ചൂഷണം ചെയ്ത് ലാഭം ഉണ്ടാക്കുന്നതിനുള്ള നിക്ഷിപ്ത താത്പര്യങ്ങളുടെ വിഹാരകേന്ദ്രമായി തീർന്നിട്ടുണ്ട് ആരോഗ്യമേഖല. ആരോഗ്യചെലവ് ദുർവഹമായി ഉയർന്നിരിക്കുന്നു. അലോപ്പതിക്കു മാത്രമല്ല ആയുർവ്വേദത്തിനും ഈ പ്രവണതകൾ ബാധകമാണ്. ആയുർവ്വേദത്തിന് കേരളത്തിൽ ഇന്നുള്ള സ്വാധീനവും കേരളത്തിലെ ആരോഗ്യ നിലവാരം മെച്ചപ്പെടുത്തുന്നതിൽ അതുവഹിച്ച പങ്കും പ്രത്യേകം പരാമർശിക്കപ്പെട്ടിട്ടുണ്ട്. കേരളത്തിനനുയോജ്യമായ പുതിയൊരു ആരോഗ്യ നയത്തിന്റെ രൂപരേഖ ഡോ: ബി. ഇക്ബാൽ അവതരിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഗുണനിലവാരം ഉയർത്തുന്നതിനാണ് നാം ഇനിമേൽ ഊന്നേണ്ടത്. പുതിയ ആരോഗ്യനയം പൊതുമേഖലയുടെ പങ്കിനെ കൃത്യമായി നിർവ്വഹിക്കുകയും കുടുംബക്ഷേമ പ്രവർത്തനങ്ങൾക്ക് പുനർദിശാനിർണ്ണയം നടത്തുകയും വേണം. സർക്കാർ വകയിരുത്തലിനു പുറത്ത് ധനാഗമ മാർഗ്ഗങ്ങൾ തുടരേണ്ടതുണ്ട്. മെഡിക്കൽ വിദ്യാഭ്യാസത്തിൽ Para medical-പരിശീലനത്തിന് കൂടുതൽ ഊന്നൽ വേണം. എല്ലാത്തിനുമുപരി വിദ്യാഭ്യാസകാര്യത്തിലെന്നപോലെ ആരോഗ്യമേഖലയിലും വികേന്ദ്രീകരണം വളരെ പ്രധാന്യം അർഹിക്കുന്ന ഒരു പരിഷ്ക്കാരമാകണം.വികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിലല്ലാതെ കേരളത്തിലെ പൊതു വിദ്യാഭ്യാസത്തെയും ആരോഗ്യ സംവിധാനത്തെയും ഇനി മുന്നോട്ട് കൊണ്ടുപോവാനാവില്ലെന്ന കാര്യത്തിൽ ഏതാണ്ട് എല്ലാവരും ഏകാഭിപ്രായക്കാരായിരുന്നു.

**ഏഴ്**

## വികേന്ദ്രീകരണം

ഭരണത്തിലും വികസന പ്രവർത്തനത്തിലും അധികാര വികേന്ദ്രീകരണത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കോൺഗ്രസ്സിൽ ഏതാണ്ട് എല്ലാവരും ഏകാഭിപ്രായക്കാരായിരുന്നു.വികസന പ്രശ്നങ്ങളെക്കുറിച്ചുള്ള സമ്മേളനങ്ങളിൽ ഓരോന്നിലും പുതിയ വികസന തന്ത്രം നടപ്പാക്കുന്നതിന് ഒരു മുൻ ഉപാധിയായി അധികാര വികേന്ദ്രീകരണം ചൂണ്ടിക്കാണിക്കപ്പെട്ടു. അധികാര വികേന്ദ്രീകരണത്തിനായി സംസ്ഥാനത്തു നടന്നിട്ടുള്ള പ്രവർത്തനങ്ങളെ അവലോകനം ചെയ്യുവാനും ഒരു പ്രത്യേക സമ്മേളനം ഉണ്ടായിരുന്നു. മറ്റു പലകാര്യങ്ങളിലും മുന്നിലെന്ന് അഭിമാനിക്കാവുന്ന കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഇക്കാര്യത്തിൽ വളരെ പിന്നിലാണെന്ന് ചൂണ്ടിക്കാണിച്ചു. കർണ്ണാടകവും കേരളവും തമ്മിലുള്ള ജോസ് റാഫേലിന്റെ താരതമ്യ പഠനം ശ്രദ്ധേയമായിരുന്നു.

കേരളത്തിലെ അധികാര വികേന്ദ്രീകരണത്തിന്റെ ചരിത്രം പരാജയപ്പെട്ട പരിശ്രമങ്ങളുടെ ഒരു നീണ്ട പട്ടികയാണെന്ന് പറയാം. 1957–59 കാലത്തെ ഭരണ പരിഷ്ക്കാര കമ്മറ്റിയുടെ നിർദ്ദേശങ്ങളാണ് തുടക്കം. സംസ്ഥാന സർക്കാരിനെ കേന്ദ്രം പിരിച്ചുവിട്ടതിലാൽ ഇവ നടപ്പായില്ല. 1967ലും 1979 ലും1980 ലും ഈ ദിശയിലേക്കുള്ള ചില പ്രവർത്തനങ്ങൾ നടന്നുവെങ്കിലും 1990 ൽ ആണ് ഇവ ഫലപ്രദമായത്. ജില്ലാകൗൺസിൽ രൂപീകരിക്കപ്പെട്ടു. 18 ഡിപ്പാർട്ടുമെന്റുകളിലായി 143 വിഷയങ്ങൾ ജില്ലാകൗൺസിലിനായി നീക്കിവെച്ചിട്ടുണ്ട്. കൂടുതൽ അധികാരങ്ങൾ കൈമാറുന്നത് സംബന്ധിച്ച് ഒരു പ്രത്യേക ഉന്നതതല കമ്മറ്റിയും മതിയായ പണം ഉറപ്പുവരുത്തുന്നതിന് സംസ്ഥാന ഫിനാൻസ് കമ്മീഷനും നിയമിക്കപ്പെട്ടു. എന്നാൽ 1991 ൽ ഉണ്ടായ ഭരണ മാറ്റം ജില്ലാ കൗൺസിലുകളെ നാമാവശേഷമാക്കി. അവയുടെ അധികാരങ്ങൾ ഒന്നൊന്നായി നാമാവശേഷമാക്കി.

എന്നിട്ടുപോലും നാനാവിധ പരിമിതിക്കുള്ളിൽ നിന്നുകൊണ്ട് കേരളത്തിലെ ജില്ലാകൗൺസിലുകൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനും വിഭവ ഭൂപട നിർമ്മാണത്തിനും ജലസേചന വികസനത്തിനും മറ്റും ജനകീയ പങ്കാളിത്തത്തോടെ നടപ്പാക്കിയ പഴുതുകളെ

റ്റി.കെ.ബാലൻ അവലോകനം ചെയ്യുകയുണ്ടായി.വികേന്ദ്രീകൃത അടിസ്ഥാനത്തിൽ ജനകീയ പങ്കാളിത്തത്തോടെയുള്ള വികസന പ്രവർത്തനങ്ങളുടെ വമ്പിച്ച സാദ്ധ്യതകളിലേക്ക് ഇതു വിരൽ ചൂണ്ടുന്നുണ്ട്. വിവിധ മേഖലകളിൽ വികസനത്തെ ത്വരിതപ്പെടുത്തുന്നതിനായി കേരളത്തിൽ നടന്നിട്ടുള്ള പല ജനകീയ പരീക്ഷണങ്ങളെകുറിച്ചും പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. ഇതിലേറ്റവും ശ്രദ്ധേയമായത് കല്ല്യാശ്ശേരിയിലെ പഞ്ചായത്ത് ആസൂത്രണത്തിനായുള്ള പരീക്ഷണമാണ്. ഈ കാലഘട്ടത്തിൽ ശാസ്ത്രജ്ഞൻമാരുടെ ലോകത്തിൽ വിപുലമായ ജന പങ്കാളിത്തത്തോടെ പഞ്ചായത്തിലെ വിഭവങ്ങളെകുറിച്ച് വിശദമായ വിവരങ്ങൾ ഭൂപടങ്ങളെ അടിസ്ഥാനമാക്കി ശേഖരിച്ചു. സാമൂഹ്യ-സാമ്പത്തിക കാര്യങ്ങളെയും കുറിച്ച് സർവ്വേ നടത്തി. ഈ വിവരശേഖരണ പ്രക്രിയയെ തന്നെ ജന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിലൂടെ ഒരു പുതിയ അവബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിന് സാധ്യമായി വികസനാസൂത്രണത്തിനു കെൽപ്പുള്ള ഒരു സംഘത്തെ പഞ്ചായത്തിനുള്ളിൽതന്നെ കരുപിടിപ്പിക്കുന്നതിനാണ് ശ്രമിച്ചത്.ഇവരുടെ മുൻകൈയ്യോടെ ശേഖരിച്ച വിവരങ്ങൾ അടിസ്ഥാനമാക്കി സമഗ്രമായ ഒരു ഗ്രാമീണ പദ്ധതിക്ക് കല്ല്യാശ്ശേരിയിൽ രൂപം നൽകി. എന്നുമാത്രമല്ല ചില സ്ക്കീമുകളെങ്കിലും നടപ്പാക്കാനും തുടങ്ങിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലെല്ലാം കല്ല്യാശ്ശേരി പഞ്ചായത്തുസമിതി വഹിച്ച പങ്ക് പ്രത്യേകം പരാമർശ വിഷയമായി പല പ്രബന്ധങ്ങളിലും വിരൽ ചൂണ്ടുകയുണ്ടായി.

73, 74 ഭരണഘടനാ ഭേദഗതികളും അവയെ തുടർന്നുണ്ടായ മറ്റുനിയമനിർമ്മാണങ്ങളും വികേന്ദ്രീകരണ പരിഷ്ക്കാരത്തെ വീണ്ടും അജൻഡയിൽ കൊണ്ടുവന്നിരിക്കുന്നു. ഈ നിയമങ്ങൾ വിമർശനപരമായി പരിശോധിക്കപ്പെട്ടു. മൂന്ന് അടിസ്ഥാന വിമർശനങ്ങളാണ് ഭരണഘടനാ ഭേദഗതിയെക്കുറിച്ചുണ്ടായത്.ഒന്നാമതായി കേന്ദ്ര സംസ്ഥാന ബന്ധങ്ങളുടെ പു:സംഘടന പരിഗണിക്കാൻ തയ്യാറല്ല. രണ്ടാമതായി കേരളം പോലുള്ള സംസ്ഥാനങ്ങളിലും മൂന്ന് തട്ടുകൾ അനാവശ്യമായി നിർബന്ധിതമാക്കിയിരിക്കുന്നു. മൂന്നാമതായി പട്ടണങ്ങളെയും ഗ്രാമങ്ങളെയും വെള്ളംകയറാത്ത അറകളായിതിരിക്കുക വഴി ജില്ലാതല സർക്കാർ എന്ന സമഗ്രമായ കാഴ്ചപ്പാട് അസാദ്ധ്യമാക്കി തീർത്തിരിക്കുന്നു. കേരളത്തിലെ നിയമമാവട്ടെ കേന്ദ്ര മൂല നിയമത്തിന്റെ അന്തഃസത്തക്കുപോലും വിരുദ്ധമാണ്. ഇത് സംബന്ധിച്ച് താഴെനിന്നുണ്ടായ എല്ലാനിർദ്ദേശങ്ങളെയും സർക്കാർ അവഗണിക്കുകയാണുണ്ടായത് എന്ന് ഡോ.കെ.എൻ രാജിനെപ്പോലുള്ളവർ ചൂണ്ടിക്കാണിച്ചു. രാഷ്ട്രീയ ഇച്ഛയില്ലായ്മ, ഐക്യമുന്നി പ്രവർത്തനത്തിന്റെ പരിമിതികൾ,ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം, നിയമനിർമ്മാണത്തിലെ വൈകല്യങ്ങൾ തുടങ്ങിയവയാണ് അധികാര വികേന്ദ്രീകരണ പരാജയത്തിനു കാരണങ്ങളായി ചർച്ചകളിൽ മുഴച്ചുനിന്നത്. കേരളത്തിൽ ഇടതുപക്ഷത്തിനുള്ള അന്യാദൃശ്യമായ സ്വാധീനവും രാഷ്ട്രീയ ഊർജ്ജവും അധികാര വികേന്ദ്രീകരണം ഫലപ്രദമാക്കുന്നതിലേക്ക് മതിയാം വണ്ണം വിനിയോഗിക്കുകയുണ്ടായിട്ടില്ലെന്ന് കെ പി കണ്ണന്റെ പ്രബന്ധത്തിൽ ചൂണ്ടിക്കാണിച്ചു.

എട്ട്

## ജാതിയുടെയും വർഗ്ഗീയതയുടെയും വിപത്ത്

സാമൂഹ്യരാഷ്ട്രീയ പ്രക്രിയയിൽ ജാതീയതയും വർഗ്ഗീയതയും ചെലുത്തുന്ന സ്വാധീനമായിരുന്നു കോൺഗ്രസ്സിന്റെ ചർച്ചക്ക് വിഷയീഭവിച്ചമറ്റൊരു പ്രധാനപ്പെട്ട പ്രതിഭാസം. 'ജാതി ഘടനകളും സാമൂഹ്യ പ്രക്രിയയും', 'ജാതി, സമുദായം, രാഷ്ട്രീയം' എന്നിങ്ങനെ രണ്ട് പ്രത്യേക സമ്മേളനങ്ങളിൽ മാത്രമല്ല സമകാലീന രാഷ്ട്രീയ പ്രശ്നങ്ങൾ എന്ന സമ്മേളനത്തിലെ പ്രബന്ധങ്ങളിലും ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ചചെയ്യുകയുണ്ടായി.

നമ്മൾ മുൻപു കണ്ടതുപോലെ കേരളത്തിൽ ആധുനിക സാമൂഹ്യ-രാഷ്ട്രീയ പ്രവർത്തനങ്ങൾക്ക് ഉദ്ഘാടനം കുറിച്ചത് ജാതി-സാമുദായിക സംഘടനകളുടെ ആവിർഭാവമായിരുന്നു. മലബാറിൽ ജാതി -മത പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ ദേശീയ പ്രസ്ഥാനത്തിൽ ലയിച്ചുചേർന്നു. എന്നാൽ സവിശേഷമായ കാരണങ്ങളാൽ തിരു-കൊച്ചി പ്രദേശത്ത് അവ സാമൂഹ്യ രാഷ്ട്രീയ പ്രസ്ഥാനത്തിൽ നിർണ്ണായകമായി പിന്നെയും തുടർന്നു. ജാതീയ-മത സ്വാധീനങ്ങളുടെ ഈ ഉത്തര ദക്ഷിണ വ്യത്യാസം ഇന്നും കേരളത്തിൽ നമുക്ക് കാണാവുന്നതാണ്.

വിവിധ സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങളിൽ ഇടതുപക്ഷക്കാർ വളരെ സജീവമായിരുന്നു. ഇടതുപക്ഷം എന്ന നിലയിൽതന്നെ ഈ കീഴ്ജാതിക്കാരുടെ സവർണ്ണ വിരുദ്ധ പ്രക്ഷോഭങ്ങളെ പിന്തുണക്കുകയും ചെയ്തു.എന്നാൽ അതോടൊപ്പം ജാതി മത പരിഗണനകൾക്ക് അതീതമായി വർഗ്ഗ ബഹുജന സംഘടനകളെ വളർത്തിയെടുക്കുന്നതിനും അവർ പരിശ്രമിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ ഇടതുപക്ഷ മതേതര വേദിയിൽ നിന്നുകൊണ്ട് ജന്മി വിരുദ്ധ പൊതുസമരത്തിന്റെ ഭാഗമെന്ന നിലയിൽ സവർണ്ണമേധാവിത്വ വിരുദ്ധ മുദ്രാവാക്യം ഉയർന്നുവന്നു. ഇത്തരത്തിലുള്ള ഒരു ജാതി വിരുദ്ധ വേദിയുടെ സ്വതന്ത്രമായ വളർച്ച സാമൂഹ്യ പരിഷ്ക്കരണപ്രസ്ഥാനങ്ങളിൽ അണിനിരക്കുന്ന ജനങ്ങളെ ഇടതുപക്ഷത്തേക്ക് ആകർഷിച്ച് പഴയ സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ തങ്ങളുടെ ജാതീയ സമുദായങ്ങളിലെ പ്രമാണിമാരുടെ പിടിയിൽ ആമർന്ന് കേവലം വിഭാഗീയ സംഘടനകളായി സ്വാതന്ത്ര്യാനന്തരകാലത്ത് കൂടുതൽ അധഃപതിച്ചു. വി.ജെ ചെറിയാന്റയും ,ജോർജ്ജ് മാത്യുവിന്റെയും മറ്റും പ്രബന്ധങ്ങളിൽ കേരള ചരിത്രത്തിലെ ഈ വൈരുദ്ധ്യം വിശദമായി പരിശോധിക്കപ്പെട്ടു.

മുകളിൽ വിവരിച്ചതിന് വ്യത്യസ്തമായി 70-കളുടെ മധ്യം മുതൽ ഉള്ള കാലം കേരളത്തിന്റെ സാമൂഹ്യ

രാഷ്ട്രീയ ജീവിതത്തിൽ ജാതി-മത സ്വാധീനങ്ങൾ അടിക്കടി വർദ്ധിച്ചുവരുന്നതായി പലരും ചൂണ്ടിക്കാണിച്ചു. സാമൂഹ്യമായ ഈ തിരിച്ചുപോക്കിന്റെ കഥ പൂർണ്ണമായും ഇനിയും അനാവരണം ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്. ഒരുകാര്യം തീർച്ചയാണ്. ജാതി-മത വിഭജനങ്ങളുടെ ഭൗതിക അടിത്തറ ദുർബ്ബലപ്പെട്ടുകൊണ്ടിരിക്കുകയാണ്. വിവിധ ജാതികൾക്കുള്ളിലെ വർഗ്ഗീകരണം, പരമ്പരാഗത തൊഴിലും ജാതിയും തമ്മിലുള്ള ബന്ധവും ദുർബ്ബലപ്പെട്ടുവരികയാണ്. സംവരണം ഇവയെല്ലാം ഈ പ്രക്രിയക്ക് പങ്കു വഹിച്ചിട്ടുണ്ട്. എന്നാൽ തങ്ങളുടെ നിക്ഷിപ്ത താത്പര്യങ്ങൾക്കുചുറ്റും സാധാരണക്കാരെ അണിനിരത്താനുള്ള ജാതിമത പ്രമാണിമാരുടെ കഴിവ് കുറയുകയല്ല,കൂടുകയാണ് 70-കളുടെ മധ്യം മുതൽ ഉണ്ടായത്. ഈ പ്രഹേളികയ്ക്ക് കാരണം തേടേണ്ടത് സാമൂഹ്യ അടിത്തറയിലല്ല ഉപരിഘടനയിലായിരിക്കണമെന്ന് വ്യക്തമാണല്ലോ.

ഇന്ത്യൻ നാഷണൽ കോൺഗ്രസ്സാണ് കാലഹരണപ്പെട്ട ജാതിമത ഗ്രൂപ്പുകൾക്കു 1959-ൽ കമ്യൂണിസ്റ്റ് വിരുദ്ധ സഖ്യത്തിന്റെ പേരിൽ ഒരു പുതുജീവൻ നൽകിയത്. ഈ സഖ്യത്തിന്റെ അടിസ്ഥാനത്തിൽ തങ്ങളുടെ വോട്ടിങ്ങ് ശതമാനം ഇടിഞ്ഞെങ്കിലും കമ്മ്യൂണിസ്റ്റുകാരെ തോൽപ്പിക്കുന്നതിന് അവർക്ക് കഴിഞ്ഞു. കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ഭിന്നിപ്പും ചൈനീസ് വിരുദ്ധ അപസ്മാരവും സൃഷ്ടിച്ച സവിശേഷ സാഹചര്യത്തിൽ കമ്മ്യൂണിസ്റ്റ വിരുദ്ധ മുന്നണിയിൽ വിള്ളലുണ്ടാക്കുന്നതിനുവേണ്ടി 1965-ലെ ഇടക്കാല തെരഞ്ഞെടുപ്പിൽ സി.പി.ഐ.(എം) മുസ്ലീംലീഗുമായി ഒരു ധാരണയിൽ എത്തി. 60-കളുടെ മധ്യത്തിൽ അലയടിച്ചുയർന്ന സമരങ്ങളും കേൺഗ്രസ്സ് വിരുദ്ധ വികാരവും ലീഗുമായുള്ള ഒരു ധാരണയെ1967-ൽ ഒരു ഐക്യമുന്നണിയുടെ പദവിയിലേക്കുയർത്തി. അങ്ങനെ സി.പി.ഐ.(എം) 1967-ലെ ഐക്യമുന്നണി സർക്കാരിൽ ലീഗുമായി അധികാരം പങ്കിട്ടു. എന്നാൽ അധികം താമസ്സിയാതെ ലീഗ് കോൺഗ്രസ്സും മറ്റുചില ഇടതുപക്ഷ പാർട്ടികളുമായി ഒത്തുചേർന്ന് പുതിയൊരു കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിക്ക് രൂപം നൽകി. ജനകീയ ബലാബലത്തിൽ തങ്ങൾക്കനുകൂലമായി ഗണനീയമായ മാറ്റം വരുത്തുന്നതിനുള്ള പോരായ്മകളും പശ്ചിമ ബംഗാളിലെ അർദ്ധ ഫാസിസ്റ്റ് ഭീകരതപോലുള്ള പല കാരണങ്ങളും കൊണ്ട് ലീഗിലെയും കേരള കോൺഗ്രസ്സിലെയും വിവിധ വിഭാഗങ്ങളുമായി ഐക്യമുന്നണിയിലേർപ്പെടുന്നതിന് സി.പി.ഐ.(എം) തയ്യാറായി. ഇപ്രകാരം 1965-ൽ താൽക്കാലികമായ ഒരടവെന്ന നിലയിൽ ആരംഭിച്ചതിനു സ്ഥിരമായ ഒരു രാഷ്ട്രീയ സഖ്യത്തിന്റെ രൂപം കൈവന്നു.

1980 കളുടെ ആരംഭത്തോടെ ഹിന്ദുവർഗ്ഗീയ ശക്തികൾ ഇന്ത്യൻ രാഷ്ട്രീയത്തിന് ഒരു ഭീഷണിയായി മാറി. അവയുടെ സ്വാധീനം വർദ്ധിപ്പിക്കുന്നതിന് ന്യൂനപക്ഷ വർഗ്ഗീയ കക്ഷികളുടെ സാന്നിദ്ധ്യം കാരമാകുന്നു എന്ന് സി.പി.ഐ (എം) കണ്ടു. മാത്രമല്ല, ഇവയുമായുള്ള പാർടിയുടെ ഐക്യം മൂലം ന്യൂനപക്ഷ മതങ്ങളിലെ മതനിരപേക്ഷ ജനാധിപത്യ വാദികൾ പാർടിയുമായി ബന്ധപ്പെടുന്നതിനു മടിച്ചു. പാവപ്പെട്ടവരും സാധാരണക്കാരും ന്യൂനപക്ഷ പാർടികൾ സ്വന്തം കൊടിക്കുള്ളിൽ അണിനിരത്തുന്നതിന് ഇടതുപക്ഷ ബന്ധത്തെ ഉപയോഗിക്കുകയും ചെയ്തു. മതമൗലികവാദികൾക്ക് സമുദായങ്ങളുടെ വക്താക്കളായും മാറുന്നതിനുള്ള സാഹചര്യം അതു സൃഷ്ടിച്ചു. മലബാറിൽ ഒതുങ്ങി നിന്നിരുന്ന മുസ്ലീംലീഗിന്റെ സ്വാധീനം തെക്കൻകേരളത്തിലേക്കും വ്യാപിച്ചു. ഇരുമുന്നണികളിലുമായി വിലപേശി ലീഗ് ഉണ്ടാക്കിയ നേട്ടങ്ങൾ രാഷ്ട്രീയ രംഗത്ത് നേരിട്ടിറങ്ങാൻ ജാതി സംഘടനകൾക്കും പ്രചോദനമായി. ജാതി സംഘടനകളുമായുള്ള കൂട്ടുകെട്ടിൽനിന്ന് ഇടതുപക്ഷം സ്വതന്ത്രമായി തുടർന്നെങ്കിലും അവരെയെല്ലാം തങ്ങളുടെ കമ്മ്യൂണിസ്റ്റ് വിരുദ്ധ മുന്നണിയിൽ ഉൾക്കൊള്ളിക്കുവാൻ കോൺഗ്രസ്സ് സദാസമയവും സന്നദ്ധമായി. 1982-ലെ തെരഞ്ഞെടുപ്പിനുവേണ്ടി അവർപടച്ചുണ്ടാക്കിയ മുന്നണി ഇതിന് ഉത്തമോദാഹരണമാണ്. കേരള രാഷ്ട്രീയത്തിലെ ഈ വർഗ്ഗീയവത്ക്കരണത്തെ ചെറുക്കുന്നതിന് വിമത ലീഗുമായി സി പി ഐ (എം) ന് ഉണ്ടായിരുന്ന ബന്ധം ഒരു തടസ്സമായിരുന്നു.ജനങ്ങൾക്കിടയിൽ രാഷ്ട്രീയമായി സാർവ്വത്രികപൂർവ്വം പ്രകടമായി. എല്ലാത്തിനുമുപരി ന്യൂനപക്ഷ വർഗ്ഗീയതക്കെതിരായ ഹിന്ദുക്കളുടെ വികാരത്തെ മുതലെടുത്തുകൊണ്ട് ഹിന്ദു ഭൂരിപക്ഷ വർഗ്ഗീയത രാഷ്ട്രീയരംഗത്തേക്ക് സംഘടിതമായി കടന്നുവരാൻ തുടങ്ങി.

ഈ സന്ദർഭത്തിലാണ് എല്ലാ വർഗ്ഗീയ ഗ്രൂപ്പുകളുമായുള്ള തങ്ങളുടെ സകല ബന്ധവും വിച്ഛേദിക്കുന്നതിന് സി പി ഐ (എം) തീരുമാനിച്ചത്. ഇത് കേരള രാഷ്ട്രീയത്തിലെ ഒരു വഴിത്തിരിവായി. ജാതി-മത സംഘടനകളുമായുള്ള യാതൊരു കൂട്ടുകെട്ടിലും ഏർപ്പെടാതെ 1987-ലെ തെരഞ്ഞെടുപ്പിലൂടെ ഇടതുപക്ഷം വീണ്ടും അധികാരത്തിലേറി.രാജീവ് ഗാന്ധിയുടെ വധം സൃഷ്ടിച്ച ആകസ്മിക സാഹചര്യത്തിൽ ഇടതുപക്ഷത്തിന് കഴിഞ്ഞ തിരഞ്ഞെടുപ്പിലേറ്റ തിരിച്ചടി വർഗ്ഗീയ ശക്തികൾക്ക് വീണ്ടും ഒരുണർവ്വ് നൽകിയിരിക്കുകയാണ്. അയോദ്ധ്യാസംഭവങ്ങളും സംവരണത്തെ ആസ്പദമാക്കി ജാതീയശക്തി സമാഹരണവും വർഗ്ഗീയ-ജാതീയ വെല്ലുവിളികളെ കൂടതൽ ഗൗരവതരമാക്കിയിരിക്കുന്നു. ഇതു സമകാലീന കേരളത്തിൽ പുരോഗമന ശക്തികൾ നേരിടുന്ന പ്രധാന വെല്ലുവിളികളിൽ ഒന്നായിതീർന്നിരിക്കുന്നു.

**ഒൻപത്**

## മതന്യൂനപക്ഷങ്ങളും പുരോഗമന പ്രസ്ഥാനങ്ങളും

എന്നാൽ മത വിശ്വാസത്തെയും വർഗ്ഗീയതയും വേർതിരിച്ചുകാണേണ്ടതുണ്ട്. അന്താരാഷ്ട്ര പഠന കോൺഗ്രസ്സിന്റെ വിമർശകരായി ഭാരതീയ വിചാര കേന്ദ്രം പോലുള്ള വർഗ്ഗീയ താത്പര്യക്കാർ മുന്നോട്ടു വരികയുണ്ടായി എന്നത് അർത്ഥഗർഭമാണ്. എന്നാൽ

നിത്യചൈതന്യയതിയെയും പൗലോസ് മാർ ഗ്രിഗോറിയസ്സിനെയും പോലുള്ള മത പണ്ഠിതൻമാർ കോൺഗ്രസ്സിൽ സജീവമായി പങ്കെടുക്കുകയുണ്ടായി. ഫാദർ സാമുവൽ റയനെപ്പോലുള്ള ഒരു ഡസനോളം കത്തോലിക്കാപുരോഹിതരും കോൺഗ്രസ്സിൽ പങ്കാളികളായിരുന്നു.തൻമൂലം മതവും സാമൂഹ്യവും,സാമൂഹ്യ പരിവർത്തനത്തിൽ പ്രത്യയശാസ്ത്രങ്ങൾ തുടങ്ങിയ സമ്മേളനങ്ങൾ പുതിയൊരു മത സംവാദത്തിന് തുടക്കമായി.

സംസ്ഥാനത്തെ ജനസംഖ്യയുടെ 40 ശതമാനം വരുന്ന ക്രിസ്ത്യൻ-മുസ്ലീം മതവിശ്വാസികൾക്കിടയിൽ ഇടതുപക്ഷസ്വാധീനം തുച്ഛമാണെന്ന് ഇ.എം.എസിന്റെ ഉദ്ഘാടന പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു.സംസ്ഥാനത്ത് പുരോഗമന ശക്തികൾക്കനുകൂലമായി രാഷ്ട്രീയ ബലാബലത്തിൽ നിർണ്ണായകമായ ഒരു മാറ്റം കൈവരിക്കുന്നതിന് ഈ ദൗർബല്യം ഒരു പ്രധാന പ്രതിബന്ധമായി തുടരുന്നു.

ഈ പ്രതിഭാസത്തിനു ചരിത്രപരമായ കാരണങ്ങൾ ഉണ്ടെന്നു ചൂണ്ടിക്കാണിക്കപ്പെട്ടു. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിന്റെ ആദ്യ പകുതിയിലുമായി വിവിധ ഹിന്ദു സമുദായങ്ങളിൽ ഉണ്ടായ മതനവീകരണ പ്രസ്ഥാനങ്ങൾ മത ന്യൂനപക്ഷങ്ങൾക്കിടയിൽ ഉണ്ടായില്ല. സാമൂഹ്യ പരിഷ്ക്കരണ പ്രസ്ഥാനങ്ങൾ ഉഴുതുമറിച്ച മണ്ണിലായിരുന്നുവല്ലോ ഉല്പതിഷ്ണുത്വത്തിന്റെ വിത്തുകൾ വിതറപ്പെട്ടതും വളർന്നതും. എന്നാൽ മതന്യൂനപക്ഷങ്ങളെ സംബന്ധിച്ചിടത്തോളം സാമൂഹ്യപരിഷ്ക്കരണ കാലഘട്ടം കൂടുതൽ വ്യവസ്ഥാപിതവൽക്കരണത്തിന്റെയും ഉൾവലിയലിന്റെയും കാലമായി പരിണമിച്ചു.

ക്രിസ്ത്യാനികൾക്കിടയിലും മുസ്ലീങ്ങൾക്കിടയിലും യാതൊരു പുരോഗമന മത പാരമ്പര്യങ്ങളും ഉടലെടുക്കുകയുണ്ടായില്ല എന്നല്ല വാദിക്കുന്നത്. സ്വദേശാഭിമാനി രാമകൃഷ്ണപ്പിള്ളയുടെ സഹപ്രവർത്തകനായിരുന്ന വക്കം അബ്ദുൾ ഖാദർ മൗലവിയെകുറിച്ച് കെ എം സീതി അവതരിപ്പിച്ച പ്രബന്ധം ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാണ്. ഇഹലോക വ്യാപാരങ്ങളെകുറിച്ചുള്ള ഇസ്ലാം പ്രബോധനങ്ങൾ ശാശ്വതമല്ലെന്ന് മൗലവി അഭിപ്രായപ്പെട്ടു. സ്ഥല-കാല സാഹചര്യങ്ങൾക്കനുസൃതമായി അവയിൽ മാറ്റങ്ങൾ വരാം. ഇസ്ലാം മതമൗലിക വാദികൾക്കെതിരെ "ഇജ്തിഹദ്ഇതലിന്റെ തത്വം അദ്ദേഹം ഉയർത്തിപ്പിടിച്ചു.എന്നാൽ വക്കം മൗലവിയെപ്പോലുള്ളവർ പ്രചരിപ്പിച്ച മതനവീകരണ ആശയങ്ങൾ മുസ്ലീം സമുദായത്തിലെ മുഖ്യധാരയായിതീർന്നില്ല, പ്രത്യേകിച്ച് മലബാറിൽ. നിരന്തരമായ ബ്രിട്ടീഷ് അടിച്ചമർത്തലുകൾക്കും വിവേചനങ്ങൾക്കും പാത്രീഭവിച്ച മലബാറിലെ മുസ്ലീം സമുദായം സ്വയം പ്രതിരോധത്തിനായി കൂടുതൽ കൂടുതൽ തങ്ങളിലേക്കുതന്നെ ഉൾവലിഞ്ഞതായിട്ടാണു കാണുന്നത്. എം.ഗംഗാധരന്റെ യും എം.കബീറിന്റെയും മറ്റും പ്രബന്ധങ്ങൾ യാഥാസ്ഥിതിക ഉലമകൾ എപ്രകാരമാണ് എല്ലാ നവീകരണ ശ്രമങ്ങൾക്കും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുപോലും, എതിരായി നിലപാടെടുത്തതെന്ന് പരിശോധിക്കുന്നുണ്ട്.

കൊളോണിയലിസത്തിന്റെയും വാണിജ്യവൽക്കരണത്തിന്റെയും പ്രത്യാഘാതമായി പരമ്പരാഗത കൃസ്ത്യൻ സമുദായത്തിലും പള്ളിയുടെ വ്യവസ്ഥാപന വത്ക്കരണ പ്രക്രിയ ശക്തിപ്പെടുകയുണ്ടായി. ആയതിനാൽ പരമ്പരാഗത ക്രിസ്ത്യാനികളിൽ നിന്നു വിഭിന്നമായ സാമൂഹ്യ-ദൈവശാസ്ത്ര പാരമ്പര്യങ്ങളിൽ നിന്നുവന്ന മിഷനറിമാരിൽനിന്നായിരുന്നു പുരോഗമന ക്രിസ്ത്യൻ ദൈവശാസ്ത്ര ധാരണകൾ രൂപം കൊണ്ടത്. കേരളവും മിഷനറിമാരും എന്നൊരു പ്രത്യേക സമ്മേളനം തന്നെ കോൺഗ്രസ്സിൽ ഉണ്ടായിരുന്നു. യേശുദാസ് അതിൽ ചൂണ്ടിക്കാണിച്ചതുപോലെ മുഖ്യമായും ഉയർന്ന സമുദായാഗംങ്ങളായ സുറിയാനികൃസ്ത്യാനികളുടെ ഉൾവലിയുടെ സമുദായബോധത്തിൽ നിന്നു വ്യത്യസ്തമായി മിഷണറിമാർ കൂടുതലും പിന്നോക്ക ജാതികൾക്കിടയിലും അവരുടെ ഉന്നമനത്തിനായും ആണ് പ്രവർത്തിച്ചത്. അതേസമയം ചന്ദ്രമോഹൻ പി സമർത്ഥിച്ചപോലെ മിഷണറിമാർക്കു കൊളോണിയൽ ആധിപത്യവുമായി ഉണ്ടായിരുന്ന ബന്ധങ്ങളും അതിൽനിന്നുളവായ യാഥാസ്ഥിതികത്വവും അവരുടെ പ്രവർത്തനങ്ങളുടെ വിമോചന സാദ്ധ്യതകളെ ഒട്ടേറെ ചോർത്തികളയുകയുണ്ടായി.

മതന്യൂനപക്ഷങ്ങളുടെ യാഥാസ്ഥിതിക മനോഭാവത്തിന്റെ പശ്ചാത്തലത്തിൽ ബൂർഷ്വായുക്തിവാദത്തിന്റെ മതനിഷേധ മനോഭാവത്തിന്റെ ഒട്ടേറെ സ്വാധീനങ്ങൾ വളരെ പ്രകടമായിട്ടുള്ള ഇടതുപക്ഷ പ്രചാരണം അവർക്കിടയിൽ ഏശാതെ പോയതിൽ അത്ഭുതപ്പെടാനില്ല. വ്യവസ്ഥാപിത മത ചട്ടക്കൂടുകളുടെ ഉന്നതശ്രേണിയിലെ നിക്ഷിപ്ത താത്പര്യക്കാർക്ക് ഈ സമുദായാംഗങ്ങളെ ഇഹലോക കാര്യങ്ങളെപ്പറ്റിയുള്ള തീരുമാനങ്ങളിൽ വിശ്വാസികളും അവിശ്വാസികളുമായി ചേരിതിരിക്കുന്നതിനു കേവല യുക്തിവാദപരമായ സമീപനങ്ങൾ സഹായിച്ചു. പാവപ്പെട്ടവർക്ക് ഭൂമിയും വിദ്യാഭ്യാസവും മിനിമം കൂലിയും മറ്റും ഉറപ്പുവരുത്തുന്നതിനായി 1957 ലെ ഇടതുപക്ഷ സർക്കാർ നടത്തിയ പരിശ്രമങ്ങളെ തകർക്കുന്നതിനുള്ള വിമോചന സമരത്തിൽ പാവപ്പെട്ടവരെ തന്നെ അണിനിരത്തുന്നതിന് നിക്ഷിപ്ത താത്പര്യക്കാർക്കു കഴിഞ്ഞു. പിന്നീടുള്ള തെരഞ്ഞെടുപ്പുകളിൽ പലതിലും ഈ വിശ്വാസി-അവിശ്വാസി ചേരിതിരിവ് കുത്തിപ്പൊക്കുന്നതിന് പള്ളി ശ്രമിച്ചതായി കാണാം. വിശ്വാസികൾക്കും അവിശ്വാസികൾക്കും ഇടയിൽ നിക്ഷിപ്ത താത്പര്യങ്ങൾ ഉയർത്തിയിരിക്കുന്ന ചൈനീസ് മതിൽ തകർക്കുന്നതിനും. മതത്തോട് ചരിത്രപരവും വൈരുദ്ധ്യവാധാധിഷ്ഠിതവുമായ സമീപനം ഇടതുപക്ഷം സ്വീകരിക്കേണ്ടതുണ്ട്.

പ്രശസ്ത ബെൽജിയൻ സോഷ്യോളജി പണ്ഡിതനായ ലെമൻസിനയറും ഫാദർ ഹൂട്ടാർട്ടും ചേർന്നവതരിപ്പിച്ച പ്രബന്ധം ഈയവസരത്തിൽ വളരെ പ്രസക്തമാണ്. കേരള ചരിത്രത്തിൽ മതത്തിന്റെ സാമൂഹ്യധർമ്മത്തിൽ കാലാനുസൃതമായി വന്നു

ചേർന്ന പരിണാമങ്ങളെയാണ് അവർ വിലയിരുത്താൻ ശ്രമിച്ചത്. നേരത്തെ സൂചിപ്പിച്ചിട്ടുള്ളതുപോലെ മതന വീകരണത്തിന്റെ കൊടിക്കൂറക്കു കീഴിലായിരുന്നുവ ല്ലോ കേരളത്തിലെ നാടുവാഴിയാധിപത്യത്തിനെതിരെ യുള്ള ആദ്യകാല മുന്നേറ്റം തന്നെ രൂപംകൊണ്ടത്. ഫലപ്രദമായ ക്രിസ്ത്യൻ-മാർക്സിസ്റ്റ് സംവാദം വേ ണമെങ്കിൽ 'വിമോചനത്തിന്റെയും പരിവർത്തനത്തി ന്റെയുംആത്മിയതയുടെ സാധുതകളെ' അംഗീകരിക്ക ണമെന്ന് യേശുദാസ് അഭിപ്രായപ്പെട്ടു.കേരളത്തിലെ വിമോചന വൈദ്യശാസ്ത്ര ചിന്താധാരകളും മത്സ്യ തൊഴിലാളികൾ ക്കിടയിലും മറ്റും അവ സൃഷ്ടിച്ച മാറ്റങ്ങളും ചർച്ച് ഓഫ് സൗത്തും ഇന്ത്യയിലെ ഫെ യ്ത്ത് മൂവ്മെന്റും പ്രത്യേകം പരാമർശ വിഷയമാ യി. വ്യവസ്ഥാപിത പള്ളിയും ദൈനംദിന രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടുന്ന പതിവിൽനിന്നു മാറിക്കൊ ണ്ടിരിക്കുകയായിരുന്നെന്നും ജോസ് കുരിയെടത്ത് ചൂ ണ്ടിക്കാണിച്ചു. മാറ്റങ്ങൾ മുസ്ലീം സമുദായത്തിലും ദൃ ശ്യമാണ്. പ്രത്യേകിച്ച് അയോദ്ധ്യാസംഭവത്തിനുശേഷം നിത്യചൈതന്യ യതിയെപ്പോലുള്ള ഋഷിവര്യൻമാർ ഹിന്ദുമതത്തെ സംഘടനാവത്ക്കരിക്കുന്നതിനെയും ഹിന്ദു മതമൗലികവാദ ചിന്തകളെയും എതിർത്തു കൊണ്ടുള്ള എതിർത്തുകൊണ്ടുള്ള നിലപാടു സ്വീ കരിച്ചുവരുന്നു എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. പരസ്പര ബഹുമാനത്തിലും സ്വയം വിമർശനത്തിലും അധിഷ്ടിതമായ പുതിയൊരു സംവാദം മാർക്സിസ്റ്റു കാരും മത വിശ്വാസികളും തമ്മിൽ നടക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്ക് പലരും വിരൽചൂണ്ടി.

**പത്ത്**

## സ്ത്രീയുടെ പദവി

കേരള സമൂഹത്തിൽ സ്ത്രീയുടെ പദവി കോൺ ഗ്രസ്സിൽ വളരെയേറെ സജീവമായി ചർച്ചചെയ്യപ്പെട്ട വിഷയമായിരുന്നു.കേരള മാതൃകയുടെ സൃഷ്ടിയിൽ സ്ത്രീകളുടെ പങ്ക് നേരത്തെ സൂചിപ്പിച്ചിട്ടുള്ളതാണ ല്ലോ.ആരോഗ്യനിലയുടെ പുരോഗതിയിൽ സ്ത്രീ സാ ക്ഷരത സുപ്രധാന പങ്കുവഹിക്കുകയുണ്ടായി. ആരോ ഗ്യ പുരോഗതിയാവട്ടെ ജനസംഖ്യാ പരിണാമത്തിനും അടിത്തറയിട്ടു. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ സ്ത്രീകളുടെ ആരോഗ്യ വിദ്യാഭ്യാസ നില മെച്ചമാണ്. അടിച്ചമർത്തലിന്റെയും വിവേചനത്തിന്റയും പല ബീഭത്സ മുഖങ്ങളും ഇവിടെ കാണാനുമാവില്ല. ജനസംഖ്യയിലെ സ്ത്രീപുരുഷാ നുപാതം സ്ത്രീകൾക്കനുകൂലമായ ചുരുക്കം ചില സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം.1000 പുരുഷൻ മാർക്ക് ഇന്ത്യയിൽ 928 സ്ത്രീകൾ മാത്രമുള്ളപ്പോൾ കേരളത്തിൽ 1400 സ്ത്രീകൾ വീതമുണ്ട്.

ഇവ ചെറിയ നേട്ടങ്ങൾ അല്ല. അവയുടെ പ്രാധാ ന്യം കുറച്ചുകാണാനും പാടില്ല.എന്നാൽ ഇതുകൊ ണ്ട് കേരളത്തിലെ സ്ത്രീകൾ വിമോചിതരാണെന്നു പറയാമോ.ആരോഗ്യ വിദ്യാഭ്യാസ സൂചികകളെയും മരുമക്കത്തായ പാരമ്പര്യങ്ങളെയും അടിസ്ഥാനമാക്കി മാത്രം സ്ത്രീകളുടെ പദവി സംബന്ധിച്ച് പ്രഖ്യാപ നങ്ങൾ നടത്തുന്നതിനെതിരെ മൂന്നു സാമൂഹ്യ-സാ മ്പത്തിക പ്രവണതകൾ ചർച്ചകളിൽ നിരത്തപ്പെട്ടു.

1. ഉയർന്ന വിദ്യാഭ്യാസമുണ്ടായിട്ടും താഴ്ന്ന പ്രജ നന നിരക്കായിരുന്നിട്ടും കേരളത്തിലെ സ്ത്രീകളുടെ തൊഴിൽ പങ്കാളിത്ത നിരക്ക് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും താഴ്ന്ന ഒന്നാണ്. ഇതിനുകാരണം സ്ത്രീകളുടെ വളരെ ഉയർന്ന തൊഴിലില്ലായ്മയാണ്. എത്രതേടിയാലും തൊഴിൽ ലഭിക്കില്ല എന്നതിനാൽ സ്ത്രീകൾ തൊഴിൽ സേനയിൽനിന്നുതന്നെ പിൻവാ ങ്ങുന്നതിനിടയാകുന്നു എന്ന് മൃദുൽ ഈപ്പനും റേച്ചൽ കുമാറും അഭിപ്രായപ്പെട്ടു. മഹാഭൂരിപക്ഷം സ്ത്രീകളും വളരെ താഴ്ന്ന കൂലിമാത്രം ലഭിക്കുന്ന, അവിദഗ്ധ താത്ക്കാലിക പണികളിലാണ് ഏർപ്പെടുന്നത്. ഷീ ല വർഗ്ഗീസ് ദാരിദ്ര്യത്തിന്റെ സ്ത്രൈണവത്ക്കരണം എന്ന പ്രതിഭാസത്തെ സ്ത്രീ നായക കുടുംബങ്ങളെ അടിസ്ഥാനമാക്കി വിശദീകരിക്കുകയുണ്ടായി.

2. ബഹുജനപ്രസ്ഥാനങ്ങളുടെ പ്രാഥമിക തലങ്ങ ളിൽ സ്ത്രീകൾ വളരെ സജീവമാണെങ്കിലും ഈ പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനങ്ങളിലും പൊതു രാഷ്ട്രീയ മണ്ഡലങ്ങളിലും സ്ത്രീകൾ താരതമ്യേന അദൃശ്യരാണെന്ന് കണക്കുകൾ വച്ച് പാർവതിദേവി സമർഥിക്കുകയുണ്ടായി.

3. സമീപകാലത്താവട്ടെ സ്ത്രീധന സമ്പ്രദായം, പ ർദ്ദ, മാധ്യമങ്ങളിലെ സ്ത്രീ അവഹേളനം, ലൈംഗിക പീഡനവും സ്ത്രീകൾക്കെതിരായ ബലപ്രയോഗങ്ങളും മുതലായവ കേരളത്തിൽ വ്യാപകമായി ക്കൊണ്ടിരി ക്കുകയാണെന്ന് ജോസഫൈന്റെയും മറ്റും പ്രബന്ധ ങ്ങൾ ചൂണ്ടിക്കാണിച്ചു. സ്ത്രീകളോടുള്ള പുരോഗമന വീക്ഷണത്തിൽ ഒട്ടേറെ ചോർച്ചകൾ സംഭവിച്ചുകൊ ണ്ടിരിക്കുകയാണ്.

എന്തുകൊണ്ട് മരുമക്കത്തായ പാരമ്പര്യങ്ങളും ഉയർ ന്ന വിദ്യാഭ്യാസ- ആരോഗ്യ നിലയും ഇടതുപക്ഷ സ്വാധീനവും എല്ലാം ഉണ്ടായിട്ടും കേരളത്തിലെ സ് ത്രീകളുടെ അധികാരകേന്ദ്രത്തിലേക്കുള്ള വരവ് ഒരു മരീചികയായി തുടരുന്നു. സ്ത്രീയുടെ പദവിയുമായി ബന്ധപ്പെട്ട മൂന്നു സമ്മേളനങ്ങളിൽ ഈ പ്രശ്നം ചർച്ച ചെയ്യപ്പെടുകയുണ്ടായി.

മരുമക്കത്തായവും ആധുനികതയും എന്നതു സം ബന്ധിച്ച സമ്മേളനം കേരളത്തിലെ ലിംഗപദവിയുടെ സാമൂഹ്യ നിർമ്മിതിയെ ചരിത്രപരമായി പരിശോധി ച്ചു. മരുമക്കത്തായം സ്ത്രീകൾക്കു എന്തു പ്രത്യേക നേട്ടങ്ങൾ നൽകിയിട്ടുണ്ട്? മരുമക്കത്തായ സമ്പ്രദാ യത്തിന്റെ കാലദേശ വ്യത്യാസങ്ങൾ ലളിതമായ ഒരു ഉത്തരം ശ്രമകരമാക്കുന്നുണ്ട് എന്നു ജി. അരുണിമ അഭിപ്രായപ്പെട്ടു. പിതൃദായ ക്രമത്തിലധിഷ്ഠിതമായ കാർഷിക വ്യവസ്ഥകളിലുണ്ടായിരുന്നതിനേക്കാൾ സ്വാതന്ത്ര്യവും സുരക്ഷിതത്വവും മരുമക്കത്തായം സ്ത്രീകൾക്കു നൽകി എന്ന ജോസഫ് താരമംഗല ത്തിന്റേയും എൽസി താരമംഗലത്തിന്റേയും അഭിപ്രാ

യത്തോട് ഒട്ടെല്ലാവരും യോജിപ്പ് പ്രകടിപ്പിച്ചു. മരുമക്കത്തായ സമ്പ്രദായത്തിന്റെ ഗുണാത്മക പാരമ്പര്യങ്ങൾ സ്ത്രീ വിദ്യാഭ്യാസത്തോടും ആരോഗ്യത്തോടും പുരോഗമനപരമായ നിലപാടുകളെ ശക്തിപ്പെടുത്താൻ സഹായകരമായി. ഔപചാരിക നിയമഭേദഗതികൾ ഉണ്ടായിട്ടും മരുമക്കത്തായ പാരമ്പര്യങ്ങൾ അറുപതുകളിൽ പോലും പ്രബല സ്വാധീനങ്ങളായി എപ്രകാരം തുടർന്നു എന്നതായിരുന്നു പോളിൻ കോളണ്ടയുടെ പ്രബന്ധത്തിലെ പ്രതിപാദ വിഷയം.

എന്നാൽ മരുമക്കത്തായ കാലം സ്ത്രീ-പുരുഷ സമത്വത്തിന്റെ ഒരു സുവർണ്ണ ഘട്ടമായിരുന്നുവെന്നും മറ്റുമുള്ള ഓറിയന്റലിസ്റ്റ് കാല്പനിക ധാരണകളെ തള്ളിക്കളയേണ്ടതുണ്ട്. ജയശ്രീ പ്രസാദും സൂസൻ മാത്യവും മറ്റു എടുത്തു പറഞ്ഞതു പോലെ ആത്യാന്തികമായി സ്ത്രീ കാരണവർക്കു കീഴ്പ്പെട്ടിരുന്നു. നായന്മാരുടെ മരുമക്കത്തായമാവട്ടെ നമ്പൂതിരി പിതൃദായ സമ്പ്രദായത്തിന്റെ അനുബന്ധവും കൂടിയായിരുന്നു. എല്ലാറ്റിലുമുപരി ഫ്യൂഡൽ സാംസ്കാരിക തകർച്ചയുമായി മരുമക്കത്തായം കെട്ടുപിണഞ്ഞിരിക്കുന്നു.

മുതലാളിത്തത്തിന്റെ വളർച്ച വ്യക്തിയുടെ മുൻകയ്യിനും സാമ്പാദ്യ അഭിവാഞ്ഛയ്ക്കും തടസ്സം നിന്നിരുന്ന കൂട്ടുകുടുംബ മര്യാദകൾക്കും പാരമ്പര്യങ്ങൾക്കും എതിരായ മനോഭാവത്തെ ശക്തിപ്പെടുത്തി. ഫ്യൂഡൽ അധഃപതനം പ്രേമത്തിനും ചെറുകുടുംബത്തിനും പണ്ടില്ലാതിരുന്ന ഒരു റൊമാന്റിക് ഭാവം നൽകി. പഴമയെക്കുറിച്ച് സാമൂഹ്യ പരിഷ്കരണ പ്രസ്ഥാനങ്ങൾ ഉയർത്തിയ വിമർശനം നിശിതമായിരുന്നു. പരമ്പരാഗത കുടുംബ-പിന്തുടർച്ചാ നിയമങ്ങൾ പൊളിച്ചെഴുതപ്പെട്ടു. എന്നാൽ ഈ പഴമയുടെ വിമർശന പദ്ധതിക്ക് രണ്ടു പ്രധാന ദൗർബല്യങ്ങൾ ഉണ്ടായിരുന്നു എന്ന് ടി.കെ. രാമചന്ദ്രൻ വിവരിച്ചു. ഒന്നാമതായി, ജൻമിത്തത്തിനെതിരെയുള്ള വിമർശനം ബൂർഷ്വാ നിലപാടിൽ നിന്നുകൊണ്ടുള്ളതായിരുന്നു. രണ്ടാമതായി, വിമർശകർ കൂടുതലും പുരുഷന്മാരായിരുന്നു. മരുമക്കത്തായ സമ്പ്രദായത്തിന്റെ ഗുണാത്മക വശങ്ങൾ വിസ്മരിക്കപ്പെട്ടു.

ഒന്നാം ലോക മഹായുദ്ധത്തിനു ശേഷം രൂപം കൊണ്ട കൊളോണിയൽ വിരുദ്ധ-ജൻമി വിരുദ്ധ പ്രസ്ഥാനങ്ങൾ കീഴ് ജാതികൾക്കും വർഗങ്ങൾക്കും അവരുടെ താല്പര്യങ്ങൾ പരസ്യമായി പ്രകാശിപ്പിക്കുന്നതിനുള്ള ഒരു പൊതുമണ്ഡലം സൃഷ്ടിച്ചു. ഈ പൊതുമണ്ഡലത്തിലെ ഒരു പ്രധാന ഘടകമായി സ്ത്രീകളും രംഗപ്രവേശം ചെയ്തു. നാനാ ബഹുജനപ്രസ്ഥാനങ്ങളിലെ സ്ത്രീപങ്കാളിത്തവും ആശയ വിവാദങ്ങളും ഇതിനെങ്ങനെ കാരണമായി എന്നതു മീരാ വേലായുധൻ തിരുവിതാംകൂറിനെ ഉദാഹരിച്ചുകൊണ്ട് വിവരിക്കുകയുണ്ടായി. എന്നാൽ ഫ്യൂഡൽ അധഃപതനത്തിനു പകരമായി ഉയർന്നു വന്ന ബൂർഷ്വാ പിതൃദായ കുടുംബം ആദർശവൽക്കരിക്കപ്പെട്ടു. ബൂർഷ്വാ കുടുംബ പ്രത്യയ ശാസ്ത്രത്തിനെതിരെയുള്ള വിമർശനം അവഗണിക്കപ്പെട്ടു എന്നു ടി.കെ. രാമചന്ദ്രൻ ചൂണ്ടിക്കാണിച്ചു. അമ്പതുകളിലും അറുപതുകളിലും ഇടതുപക്ഷത്തിനു കേരളത്തിൽ മേധാവിത്വം നേടാനായെങ്കിലും ബൂർഷ്വാ പുരുഷ മേധാവിത്വ ആശയഗതികൾക്കെതിരായോ കുടുംബ സങ്കല്പങ്ങൾക്കെതിരായോ ഉള്ള വിമർശനം ദുർബലമായിരുന്നു. ഇടതുപക്ഷ ആശയ അധീശശത്വത്തിനു ഇളക്കം തട്ടിയതും ജനകീയ സാംസ്കാരിക അധഃപതനവും കൺസ്യൂമറിസത്തിന്റെ ഉയർച്ചയും സ്ത്രീയെ ചരക്കാക്കുന്ന പ്രക്രിയയുടെ ആക്കം കൂട്ടുന്നതിനും സ്ത്രീകളോടുള്ള പുരോഗമനപരമായ കാഴ്ചപ്പാടുകൾക്കു തിരിച്ചടിയേൽക്കുന്നതിനും പശ്ചാത്തലമൊരുക്കി.

സ്ത്രീ സങ്കല്പങ്ങളുടെ സാമൂഹ്യ നിർമിതിയെ കുറിച്ചുള്ള സമ്മേളനം സമകാലീന കേരളീയ സമൂഹത്തിൽ രൂഢമൂലമായിരിക്കുന്ന പുരുഷമേധാവിത്വ ആശയഗതികളെ തുറന്നു കാട്ടുന്നതിനു പര്യാപ്തമായിരുന്നു. ഇടുപക്ഷ നിലപാടുകളിൽ നിന്നുകൊണ്ട് ഇവ സംബന്ധിച്ച നിശിതമായ പരിശോധനയും വിമർശനവും അനിവാര്യമാണെന്നു അംഗീകരിക്കപ്പെട്ടു. അതുപോലെ തന്നെ വികസന പ്രക്രിയയിൽ സംഭവിച്ചുകൊണ്ടിരിക്കുന്ന സ്ത്രീയുടെ സാമ്പത്തിക തൃണവൽക്കരണം നാം പിന്തുടരുന്ന വികസനനയങ്ങളെ സ്ത്രീപക്ഷപാതിത്വത്തിന്റെ അടിസ്ഥാനത്തിൽ വിമർശന വിധേയമാക്കേണ്ടതിന്റെ പ്രാധാന്യത്തിലേക്കു വിരൽ ചൂണ്ടുന്നുണ്ട്. സ്ത്രീകൾക്കു വേണ്ടിയുള്ള ചില പ്രത്യേക വികസന സ്കീമുകളല്ല ആവശ്യം, മറിച്ച്, വികസന നയങ്ങൾ ആകെ തന്നെ ലിംഗപരമായ ഒരു കാഴ്ചപ്പാട് ഉൾക്കൊള്ളേണ്ടിയിരിക്കുന്നു.

മുകളിൽ വിവിരിച്ച പ്രശ്നങ്ങളും സാംസ്കാരിക മണ്ഡലത്തിലെ സമകലീന പ്രവണതകളുമായി ബന്ധപ്പെട്ടിരിക്കുന്നു. കേരളത്തിലെ പുരോഗമനപരമായ ജനകീയ സംസ്കാര പാരമ്പര്യം ഗൗരവമായ വെല്ലുവിളിയെ നേരിട്ടുകൊണ്ടിരിക്കുകയാണ്. ജനകീയ സംസ്കാരവും ജനപ്രിയ സംസ്കാരവും തമ്മിൽ വേർതിരിച്ചറിയേണ്ടതുണ്ട്. ഭാഷാ സാഹിത്യം, സംസ്കാരം തുടങ്ങിയ മേഖലകളെ അധികരിച്ച് ആറു സമ്മേളനങ്ങൾ ഉണ്ടായിരുന്നെങ്കിലും വേണ്ടവിധം ആഴത്തിലുള്ള പരിശോധനയും ചർച്ചയും സാംസ്കാരിക പ്രശ്നങ്ങൾ സംബന്ധിച്ചുണ്ടായില്ല എന്നൊരു പൊതു വിമർശനം കോൺഗ്രസിനെ സംബന്ധിച്ചു ഉയർന്നു വരികയുണ്ടായി.

## ഉപസംഹാരം

അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് കേരള പഠനങ്ങളെ കുറിച്ചുള്ള കേവലമൊരു അവലോകനം മാത്രമായിരുന്നില്ല. അക്കാദമിക് പണ്ഡിതന്മാർ തമ്മിലും അവരും സാമൂഹ്യപ്രവർത്തകർ തമ്മിലും വിപുലമായൊരു സംവാദനത്തിനുള്ള തുടക്കം കുറിക്കലായിരുന്നു അത്. ഇനിയും തുടരേണ്ടുന്ന ഈ സംവാദത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ഒരു പുതിയ പ്രവർത്തന പരിപാടി, പ്രത്യേകിച്ച് കേരളത്തിന്റെ വികസനത്തിനായുള്ള ഒരു പുതിയ

പരിപാടി, ഉരുത്തിരിഞ്ഞു വരുമെന്നാണു പ്രതീക്ഷ. ഒന്നാമത്തെ ലക്ഷ്യത്തെ സംബന്ധിച്ചിടത്തോളം പ്രതികരണം അഭൂതപൂർവ്വമായിരുന്നുവെന്നു തന്നെ പറയാം. കോൺഗ്രസിൽ അവതരിപ്പിക്കപ്പെട്ട പ്രബന്ധങ്ങളെല്ലാം കൂട്ടിചേർത്താൽ അതു കേരള പഠനങ്ങളുടെ ശരിക്കുള്ള ഒരു പരിച്ഛേദമായിരിക്കും.

കേരളത്തിന്റെ വികസനാനുഭവം തെളിയിക്കുന്നത് ഉചിതമായ സാമൂഹ്യ ഇടപെടലുകളിലൂടെ സാമ്പത്തിക വളർച്ചയുടെ താഴ്ന്ന ഘട്ടങ്ങളിൽ പോലും സാധാരണ ജനങ്ങളുടെ ജീവിത നിലവാരം ഉയർത്താനാവു മെന്നാണ്. ഇന്ത്യയിലെ പാവപ്പെട്ടവർക്ക് സ്കൂൾ വിദ്യാഭ്യാസവും പ്രാഥമിക ആരോഗ്യ പരിരക്ഷയും മിതമായ വിലയ്ക്കു ഭക്ഷണ സാധനങ്ങളും, കിടക്കാൻ സ്വന്തമായി ഒരിടവും മറ്റും ലഭിക്കുന്നതിനു സാമ്പത്തിക വളർച്ചയുടെ ഉന്നതിയിലെത്തുന്നതുവരെ കാത്തിരിക്കേണ്ടതില്ല. അവയെല്ലാം ഇന്നുതന്നെ സാധിക്കാവുന്ന അവകാശങ്ങൾ ആണ്. അവ നേടുന്നതിനുള്ള പ്രക്ഷോഭങ്ങൾക്കു ബഹുജനങ്ങളെ സംഘടിതരാക്കുന്നതിൽ ഒരു പങ്കു വഹിക്കാൻ കഴിയും.

എന്നാൽ, കേരളത്തിന്റെ സമകാലീന പ്രതിസന്ധി ഇന്നത്തെ വ്യവസ്ഥക്കുള്ളിൽ നേടാവുന്നതിന്റെ പരിമിതികളെയും വെളിപ്പെടുത്തുന്നുണ്ട്. സാമ്പത്തിക വളർച്ചയുടെ അഭാവത്തിൽ ഭൂതകാല ക്ഷേമ നേട്ടങ്ങളെ വിപുലീകരിക്കുന്നതു പോകട്ടെ നിലനിർത്തുന്നതു തന്നെ ശ്രമകരമായി തീരും. എപ്രകാരം സംസ്ഥാനത്തെ ജനങ്ങളുടെ സംഘടനാ ശേഷിയേയും ഉയർന്ന അവകാശബോധത്തേയും ഇന്നത്തെ സാമ്പത്തിക മുരടിപ്പ് മറിച്ചു കടക്കുന്നതിനുള്ള ഉപകരണമാക്കാം എന്നതു ജനാധിപത്യ പ്രസ്ഥാനങ്ങളുടെ മുന്നിൽ ഒരു വെല്ലുവിളിയായിരിക്കുന്നു. സാമൂഹ്യ-സാംസ്കാരിക മേഖലകളിലെ വൈകല്യങ്ങളും തിരുത്തേണ്ടതുണ്ട്.

ഔപചാരികമായ ഒരഭിപ്രായ സമന്വയം കോൺഗ്രസ്സിൽ ഉണ്ടായില്ല എന്നതു ശരിയാണ്. അത്തരമൊരു ഏകീകൃത നിഗമനം കോൺഗ്രസ് ലക്ഷ്യമിട്ടുമിരുന്നുമില്ല എന്നാൽ ചില പൊതു കാഴ്ചപ്പാടുകൾ ഉരുത്തിരിയുകയുണ്ടായി. സംവാദത്തിന്റെ അവസാനമായിട്ടല്ല, മറിച്ച് തുടക്കമായിട്ടാണ് സമാപന സമ്മേളനത്തെ കാണേണ്ടതെന്നു പൗലോസ് മാർഗ്രിഗോറിയോസ് തിരുമേനി ഉപസംഹാര പ്രസംഗത്തിൽ പറഞ്ഞതിനു സാർവത്രികമായ അംഗീകാരം ഉണ്ടായിരുന്നു.

(എക്കണോമിക് & പൊളിറ്റിക്കൽ വീക്കിലി, 1994)

# രണ്ടാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് അവലോകനം

''അന്താരാഷ്ട്ര കേരള പഠനകോൺഗ്രസ്സ് നടന്നിട്ട് ഒരു ദശകം പിന്നിട്ടിരിക്കുന്നു. ഇക്കാലത്ത് കേരളത്തിലെ ഇടതുപക്ഷത്തിന് അഞ്ചുവർഷം അധികാരത്തിലിരുന്നതിന്റെയും അഞ്ചുവർഷം പ്രതിപക്ഷത്തിരുന്നതിന്റെയും അനുഭവമുണ്ട്. ഫലപ്രദമായ ചർച്ചകളിൽ നിന്നും അനുഭവങ്ങളിൽ നിന്നും സംസ്ഥാന വികസനത്തെക്കുറിച്ച് ഞങ്ങളൊരു കാഴ്ചപ്പാടിൽ എത്തിയിട്ടുണ്ട്. ഇത് വികസനപരിപാടി കൂടുതൽ വിപുലമായ ചർച്ചക്കും സംവാദത്തിനുമായി ബുദ്ധിജീവികൾ, നയരൂപീകരണ കർത്താക്കൾ, സാമൂഹ്യ-രാഷ്ട്രീയ നേതാക്കൾ തുടങ്ങി എല്ലാവിഭാഗം ജനങ്ങളുടെയും മുമ്പിൽ അവതരിപ്പിക്കുകയാണ്'' എന്ന മുഖവുരയോടെയാണ് രണ്ടാം കേരള പഠനകോൺഗ്രസ് 2005ൽ തിരുവനന്തപുരത്തു സമ്മേളിച്ചത്.

കേരളത്തിന് ഒരു പുത്തൻ വികസന അജണ്ട കരുപ്പിടിപ്പിക്കുന്നതിനു നിർണ്ണായകമായ സംഭാവനകൾ നൽകിക്കൊണ്ട് അന്താരാഷ്ട്ര കേരള പഠനകോൺഗ്രസ് വിജയകരമായി പര്യവസാനിച്ചു. 2466 രജിസ്റ്റർ ചെയ്ത പ്രതിനിധികൾ അടക്കം 3000ലേറെപ്പേർ പങ്കെടുത്ത വികസന സംഗമമായിത്തീർന്നു പഠനകോൺഗ്രസ്. ചർച്ചയ്ക്ക് അവതരിപ്പിച്ച വികസന അജണ്ടയുടെ കരട് രേഖയെക്കുറിച്ച് പ്ലീനറി സമ്മേളനങ്ങൾ അടക്കം 78 വേദികളിലായി 160 മണിക്കൂർ ചർച്ചകൾ നടന്നു. 430 പണ്ഡിതന്മാരും വിദഗ്ദ്ധന്മാരും നേതാക്കളും വിവിധ പാനൽ അംഗങ്ങൾ എന്ന നിലയിൽ അവതരണങ്ങൾ നടത്തി. ഇതിനു പുറമെ ആയിരത്തിൽ പരംപേർ ചർച്ചകളിൽ പങ്കെടുത്തു.

ഒന്നും രണ്ടും പഠനകോൺഗ്രസുകളുടെ സ്വഭാവത്തിൽ അടിസ്ഥാനപരമായ വ്യത്യാസമുണ്ട്. സാമ്പത്തിക വളർച്ചയുടെ രൂക്ഷമായ ദീർഘകാല മുരടിപ്പിന്റെ പശ്ചാത്തലത്തിലായിരുന്നു ഒന്നാം പഠനകോൺഗ്രസ് സമ്മേളിച്ചത്. സാമ്പത്തിക മാന്ദ്യത്തിനു പരിഹാരം കണ്ടേ കേരള വികസന മാതൃകയുടെ സാമൂഹ്യക്ഷേമ നേട്ടങ്ങളെ നിലനിർത്താനാകൂ എന്ന തിരിച്ചറിവാണ് ഇത്തരമൊരു നൂതന വികസന സംവാദം സംഘടിപ്പിക്കുന്നതിനു പ്രേരിപ്പിച്ച ഒരു സുപ്രധാന ഘടകം. ഇതിനു പരിഹാരമായി ഒരു സമഗ്ര രേഖ സംഘാടകർ അവതരിപ്പിച്ചില്ല. സംസ്ഥാനത്തിന്റെ വികസന പ്രതിസന്ധിയ്ക്കുള്ള പരിഹാരം സംബന്ധിച്ച് തങ്ങളുടെ അഭിപ്രായം പ്രകടിപ്പിക്കുന്നതിനും സംവാദത്തിൽ പങ്കെടുക്കുന്നതിനും കേരളത്തെ കുറിച്ച് പഠിച്ചിട്ടുള്ള ഏതാണ്ടെല്ലാ അക്കാദമിക് പണ്ഡിതന്മാരെയും ക്ഷണിച്ചിരുന്നു. കേരളത്തിനകത്തും പുറത്തുമുള്ള സർവകലാശാലകളിലും ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും പ്രബന്ധങ്ങൾ സമർപ്പിച്ചിട്ടുള്ള മുഴുവൻ പണ്ഡിതന്മാർക്കും അവരുടെ പഠന വിഷയം നേരിട്ടു പരാമർശിച്ചുകൊണ്ടു ഇഎംഎസ് വ്യക്തിപരമായ കത്തുകളയച്ചു. ആയിരത്തിൽ പരം കത്തുകൾ സ്വയം ഒപ്പിട്ട് ഇപ്രകാരം അയച്ചു എന്നത് ഇന്ന് അവിശ്വസനീയമായി തോന്നുന്നു. അക്കാദമിക് പണ്ഡിതർക്കു പുറമെ പ്രമുഖ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകരെയും ക്ഷണിച്ചിരുന്നു. ഇവർ സമർപ്പിച്ച രേഖകൾ വിഷയാടിസ്ഥാനത്തിൽ വേർതിരിച്ചു വ്യത്യസ്ത സമ്മേളനങ്ങളിലായി അവതരിപ്പിച്ചു ചർച്ച ചെയ്തു. സമവായം

സൃഷ്ടിച്ച് എന്തെങ്കിലും രേഖ പൊതുവായി അംഗീകരിക്കുക എന്നത് കോൺഗ്രസിന്റെ ലക്ഷ്യമായിരുന്നില്ല. എങ്കിലും ചർച്ചകൾക്കു വിസ്മയകരമായ ഒരു ദിശാബോധം ഉണ്ടായിരുന്നു. ഒരു പൊതുകാഴ്ചപ്പാടും ഉരുത്തിരിഞ്ഞു.

എന്നാൽ രണ്ടാം പഠനകോൺഗ്രസിലാവട്ടെ, വ്യക്തമായ ഒരു വികസന രേഖ സംഘാടകർ തന്നെ മുൻകൂട്ടി അച്ചടിച്ചു പ്രതിനിധികൾക്കു ലഭ്യമാക്കിയിരുന്നു. വിവിധ വിഷയങ്ങൾ സംബന്ധിച്ച ഈ രേഖയെ ആസ്പദമാക്കിയായിരുന്നു കോൺഗ്രസിൽ ചർച്ച നടന്നത്. സംവാദനരീതിയിൽ മാത്രമല്ല, സംവാദത്തിന്റെ ഉള്ളടക്കത്തെ സ്വധീനിച്ച മറ്റു രണ്ടു കാര്യങ്ങളിൽ കൂടി രണ്ടാം പഠനകോൺഗ്രസ് വ്യത്യസ്തത പുലർത്തിയിരുന്നു. ഒന്നാമത്തേത്, സാമ്പത്തിക വളർച്ചയുടെ ഗതിവേഗം ഉയർന്നതും രണ്ടാമത്തേത് ആഗോളവത്കരണ പരിഷ്കാരങ്ങളുമായിരുന്നു.

## വളർച്ചയും നിക്ഷേപവും

1980കളുടെ ഉത്തരാർദ്ധത്തിൽ കേരളത്തിലെ സാമ്പത്തിക വളർച്ചയുടെ ആക്കം കൂടി. ഒന്നാം പഠന കോൺഗ്രസ് 1994ലാണ് നടന്നതെങ്കിലും ഈ പ്രവണത അന്നു സ്വഷ്ടമായിരുന്നില്ല. എന്നാൽ രണ്ടാം പഠന കോൺഗ്രസ് കാലമായപ്പോഴേയ്ക്കും കേരളത്തിന്റെ വളർച്ചാനനിരക്ക് ദേശീയ ശരാശരിയുടെ മുകളിലേയ്ക്ക് ഉയർന്നു എന്നു വ്യക്തമായിരുന്നു.

പക്ഷേ 1987–88 മുതൽ കൈവരിക്കാൻ കഴിഞ്ഞ 6.1 ശതമാനം വളർച്ചാനിരക്ക് പോലും സംസ്ഥാനത്തിന്റെ വികസന പ്രശ്നങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ തികച്ചും അപര്യാപ്തമാണ്. ഒന്നാമതായി വിദ്യാസമ്പന്നർക്ക് പുതിയ തൊഴിൽ സൃഷ്ടിക്കാൻ കൂടുതൽ നിക്ഷേപം വേണ്ടിവരും. രണ്ടാമതായി, വിദ്യാഭ്യാസ–ആരോഗ്യ ക്ഷേമമേഖലകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിനും ആധുനിക പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും കൂടുതൽ വേഗതയിൽ സാമ്പത്തിക വളർച്ച കൈവരിച്ചേ തീരൂ. മൂന്നാമതായി, സംസ്ഥാന സർക്കാരിന്റെ കടഭാരം കുറയ്ക്കുന്നതിനുള്ള ഏകമാർഗ്ഗം കൂടുതൽ വേഗതയിൽ വളരുക എന്നതുമാത്രമാണ്.

കൂടുതൽ വേഗതയിൽ വളരണമെങ്കിൽ നിക്ഷേപം വർദ്ധിപ്പിക്കുകയല്ലാതെ മറ്റ് മാർഗ്ഗമില്ല. ഇപ്പോൾ 6 ശതമാനം വേഗതയിൽ വളരുന്നതിന് സംസ്ഥാന വരുമാനത്തിന്റെ ഏതാണ്ട് 23 ശതമാനം നാം മുതൽമുടക്കുന്നുണ്ട്. ഇത് 8 ശതമാനം ഉയർത്തണമെങ്കിൽ നിക്ഷേപ തോത് 32 ശതമാനം മുതൽമുടക്കേണ്ടിവരും. 12 ശതമാനം വേഗതയിൽ വളരണമെങ്കിൽ 48 ശതമാനം മുതൽമുടക്കേണ്ടിവരും.

തൽക്കാലം 10 ശതമാനം വേഗതയിൽ വളരുന്നതിന് തീരുമാനിച്ചെന്നിരിക്കട്ടെ. ഈ വേഗതയിൽ വളർന്നാൽ 2005–06 ൽ 26405 രൂപ പ്രതിശീർഷവരുമാനമുള്ളത് 10 വർഷം കഴിയുമ്പോൾ 57438 രൂപയായി ഉയരും. പക്ഷേ 10 വർഷം കൊണ്ട് 711369 കോടി രൂപ അധികമായി മുതൽമുടക്കേണ്ടിവരും. ഇതിന്റെ അർത്ഥം 2006–07 ൽ നമ്മുടെ മുതൽമുടക്ക് 20763 കോടി രൂപയായിരിക്കുന്നത് തൊട്ടടുത്ത വർഷം 38423 കോടി രൂപയായി ഉയർത്തണം.

എവിടെ നിന്നാണ് ഈ അധിക നിക്ഷേപം വരിക? 2003–014ൽ (സംസ്ഥാന–കേന്ദ്ര സർക്കാരുകളുടെ) പൊതുമേഖല നിക്ഷേപം ഏകദേശം 5000 കോടി രൂപയായിരുന്നു. അതായത് മൊത്തം സ്ഥിരമൂലധന രൂപീകരണത്തിന്റെ 20% സംസ്ഥാനത്തിന്റെ ഗുരുതരമായ ഞെരുക്കങ്ങളുടെയും കേന്ദ്രസർക്കാരിന്റെ നവ ഉദാരവത്ക്കരണ നയങ്ങളുടെയും പശ്ചാത്തലത്തിൽ ഇന്നത്തെ നിരക്ക് നിലനിർത്താൻ കഴിയുമെന്ന് മാത്രമേ നമുക്ക് പ്രതീക്ഷിക്കാൻ വകയുള്ളൂ. ഈ നിരക്ക് നിലനിർത്തുന്നതു തന്നെ വലിയൊരു കടമ്പയായിരിക്കും. കൂടുതൽ ഉയർന്ന കേന്ദ്രനിക്ഷേപത്തിനു വേണ്ടിയുള്ള മുദ്രാവാക്യം പരമപ്രധാനമാണ്. ഏതായാലും അധിക നിക്ഷേപത്തിന്റെ 80 ശതമാനവും സ്വകാര്യ മേഖലയിൽ നിന്നാണ് വരേണ്ടത്. ലളിതമായ ഈ ഉദാഹരണത്തിൽ നിന്നു തന്നെ സാമ്പത്തിക വളർച്ചയുടെ ആക്കം കൂട്ടുന്നതിന് സ്വകാര്യ നിക്ഷേപം വഹിക്കേണ്ട സുപ്രധാനമായ പങ്കാണ് വ്യക്തമാക്കുന്നത്.

സ്വകാര്യ നിക്ഷേപത്തിന്റെ മുഖ്യ ഘടകങ്ങൾ നേരിട്ടുള്ള വിദേശ നിക്ഷേപം (FDI), സ്വകാര്യ കോർപ്പറേറ്റ് മേഖല ചെറുകിട മേഖല എന്നിവയാണ്. നിക്ഷേപത്തിന്റെ ആവശ്യത്തിലെ കുറവ് പരിഹരിക്കുന്നതിൽ നേരിട്ടുള്ള വിദേശ നിക്ഷേപത്തിന് പ്രധാനമായ സംഭാവന ചെയ്യാൻ കഴിയുമെന്ന് കരുതുന്നത് യാഥാർത്ഥ്യ ബോധമുള്ളതായിരിക്കില്ല. ദേശീയതലത്തിൽ പോലും സ്ഥിര വിദേശമൂലധന രൂപീകരണത്തിൽ വിദേശമൂലധനത്തിന്റെ പങ്ക് 3 ശതമാനത്തിൽ താഴെയാണ്. കേരളത്തിലാകട്ടെ, ഇപ്പോഴത്തെ (FDI), നിരക്ക് ഏറെ പരിമിതമാണ്. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാങ്കേതിക വിദ്യാ നവീകരണത്തിനും വേണ്ടി ഉല്പാദന സംരംഭങ്ങൾ ആരംഭിക്കുന്നതിനും വിദേശ നിക്ഷേപം വരുന്നതിനെ സ്വാഗതം ചെയ്യേണ്ടതായി വരാം. അത്തരം നിലപാട് ഏറ്റെടുക്കുമ്പോൾ തന്നെ സ്വകാര്യ നിക്ഷേപത്തിലെ സിംഹഭാഗവും ഇന്ത്യൻ സ്വകാര്യ കോർപ്പറേറ്റ് മേഖലയിൽ നിന്നും ഏറ്റവും പ്രധാനമായി കേരളത്തിലെ ചെറുകിട മേഖലയിൽ നിന്നേ സാധ്യമാകൂ എന്നു തിരിച്ചറിയേണ്ടതാണ്. നാം കണ്ടതുപോലെ കേരള സമ്പദ് വ്യവസ്ഥയുടെ സുപ്രധാന ശക്തികളിലൊന്ന് വിദേശ ഇന്ത്യാക്കാരിൽ നിന്നുമുള്ള കൈമാറ്റം വഴി ലഭ്യമാകുന്ന സമ്പാദ്യത്തിന്റെ ഉയർന്ന നിലവാരമാണ്. ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് സംസ്ഥാനത്ത് ഇത്തരത്തിലുള്ള സമ്പാദ്യത്തെയും നിക്ഷേപമാക്കി മാറ്റുക എന്നതും പ്രധാനമായിരിക്കും. ഇതുവഴി ചെറുകിട ആഭ്യന്തര സമ്പാദ്യം കൃഷിയിലും വ്യവസായത്തിലും നിക്ഷേപമായി മാറുന്നതിന് വഴി തെളിക്കും.

ഇത്തരം ഒരു അന്തരീക്ഷത്തിന്റെ സൃഷ്ടിക്ക് ഇപ്പോൾ പിന്തുടർന്നു വരുന്ന മേഖലാ വികസന സമീപനങ്ങളെ പുനരവലോകനം ചെയ്യേണ്ടതായുണ്ട്. മെച്ചപ്പെട്ട തൊഴിൽ സംസ്കാരവും, ആരോഗ്യകരമായ വ്യവസായ ബന്ധങ്ങളും കൂടിയേ തീരു. ഭരണ നിർവ്വഹണം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കണം. ഒപ്പം നാം നേരത്തേ സൂചിപ്പിച്ചതുപോലെ കൃഷിയിലും പരമ്പരാഗത വ്യവസായങ്ങളിലും പശ്ചാത്തല സൗകര്യങ്ങൾ മെച്ചപ്പെടുത്തുക തുടങ്ങിയ കാര്യങ്ങളുമുണ്ട്.

വികസനത്തിന് ദ്രുതഗതിയിലുള്ള സാമ്പത്തികവളർച്ച അത്യന്താപേക്ഷിതമാണ്. എന്നാൽ ഈ സാമ്പത്തിക വളർച്ചയോടൊപ്പം മൂന്ന് കാര്യങ്ങൾ കൂടി ഉറപ്പു വരുത്തേണ്ടതായിട്ടുണ്ട്. ആദ്യത്തേത് സാമ്പത്തിക നീതിയുമായി ബന്ധപ്പെട്ടതാണ്. തൊഴിലാളികളുടെ തൊഴിലവകാശങ്ങളും മെച്ചപ്പെട്ട സേവനവേതന വ്യവസ്ഥകളും ഉറപ്പു വരുത്തണം. ദാരിദ്ര്യം കുറയ്ക്കണം, ഇതുവരെയുള്ള വികസന പ്രക്രിയയിൽ നിന്ന് ഒറ്റപ്പെട്ടു കിടക്കുന്ന ആദിവാസികൾ, പട്ടികജാതിക്കാർ, മത്സ്യത്തൊഴിലാളികൾ എന്നിവരെ മുഖ്യധാരയിലേക്ക് കൊണ്ടുവരണം. സാമ്പത്തികവളർച്ച നീതി പൂർവ്വകമായിരിക്കണം.

രണ്ടാമത്തെ കാര്യം സാമ്പത്തിക വളർച്ച സ്ഥായിയായിരിക്കണമെന്നുള്ളതാണ്. ഈ പഠനകോൺഗ്രസിന്റെ രേഖയുടേയും ചർച്ചകളുടെയും ഒരു പ്രധാനപ്പെട്ട സവിശേഷത ഗൗരവമായ പരിസ്ഥിതി പരിഗണനയായിരുന്നു. എല്ലാ മേഖലകളിലും പരിസ്ഥിതി പ്രശ്നങ്ങൾ പരാമർശവിഷയമാക്കിയതിനു പുറമെ, ഇതിനെക്കുറിച്ച് പ്രത്യേക സമ്മേളനങ്ങളും അദ്ധ്യായങ്ങളും ഉണ്ടായിരുന്നു. സംസ്ഥാനത്ത് ഉയർന്നു വന്ന പുതിയ പരിസ്ഥിതി അവബോധം നല്ല രീതിയിൽ പഠനകോൺഗ്രസിൽ പ്രതിഫലിച്ചു.

മൂന്നാമത്തെ കാര്യം സാമ്പത്തിക വളർച്ചയുടെ ഭാഗമായി സ്ത്രീ പദവിമെച്ചപ്പെടുത്താൻ കഴിയണമെന്നുള്ളതാണ്. പുരുഷന് തുല്യമായ പരിഗണന സാമ്പത്തിക വളർച്ചയ്ക്ക് ഉപയോഗപ്പെടുത്തുന്ന വികസന തന്ത്രങ്ങളിൽ ഉൾച്ചേർക്കണം. സ്ത്രീപദവിയെക്കുറിച്ചുള്ള പ്രത്യേക അദ്ധ്യായത്തിനു ഒട്ടേറെ വികസന മേഖലകളിൽ ജെന്റർ പ്രശ്നങ്ങൾ പുറമേ പരാമർശ വിഷയമായി. ഏറ്റവും സജീവ ചർച്ച നടന്ന സമ്മേളനങ്ങളായിരുന്നു സ്ത്രീ പദവിയുമായി ബന്ധപ്പെട്ട മൂന്ന് സമ്മേളനങ്ങൾ.

## ആഗോളവ്തകരണ വെല്ലുവിളികൾ

വികസ്വര രാജ്യങ്ങളുടെ ഗുണപരമായ ഒരു വളർച്ചാ രീതിക്ക് സാമ്രാജ്യത്വ ആഗോളവൽക്കരണം മുമ്പെന്നത്തേക്കാളും വെല്ലുവിളി ഉയർത്തുന്നുണ്ടെന്ന കാര്യം നാം കണക്കിലെടുത്തേ പറ്റൂ. അസമത്വം വർദ്ധിപ്പിക്കുന്നതിലേക്കും ബഹുഭൂരിപക്ഷത്തിന്റെ വൻതോതിലുള്ള ദാരിദ്ര്യവൽക്കരണത്തിലേക്കും ആണ് ആഗോളവൽക്കരണം വികസ്വര രാജ്യങ്ങളെ നയിച്ചുകൊണ്ടിരിക്കുന്നത്. ആഗോളധന മൂലധനത്തിന്മേലുള്ള വർദ്ധിച്ചുവരുന്ന ആശ്രിതത്വം വികസ്വരരാജ്യങ്ങൾക്ക് സ്വതന്ത്ര പാത തെരഞ്ഞെടുക്കുന്നതിനുള്ള സാധ്യതകൾ വെട്ടിച്ചുരുക്കുന്നു. ഈ സാഹചര്യത്തിൽ താഴെപ്പറയുന്ന ഭീഷണികൾ വ്യക്തമായി തിരിച്ചറിയേണ്ടതുണ്ട്.

ഒന്നാമതായി, അന്താരാഷ്ട്ര വിപണിയിൽ കാർഷിക ഉൽപ്പന്നങ്ങളുടെ വൻ മാറ്റങ്ങൾ ആഭ്യന്തര വളർച്ചയെ ഗുരുതരമായി ബാധിക്കുന്നു. ദീർഘകാല വിളകളുടെ പ്രാമുഖ്യം മൂലം വില മാറ്റങ്ങൾക്കനുസൃതമായി വിളകളിൽ മാറ്റം വരുത്തുക ശ്രമകരമാണ്. 1999–2000ന് ശേഷം കാർഷിക വരുമാനത്തിൽ കേവലമായ കുറവുണ്ടായി. ഉൽപ്പന്നങ്ങളുടെ വിലയിടിവ്, ഭക്ഷ്യസുരക്ഷയുടെ തകർച്ച, സബ്സിഡികൾ എടുത്തുകളയൽ, വായ്പ ചെലവിന്റെ വർദ്ധന, പൊതുനിക്ഷേപത്തിലുണ്ടായ കുറവ് എന്നിവ മൂലം ഉണ്ടായ കാർഷിക തകർച്ച നൂറുകണക്കിന് കർഷകരെ ആത്മഹത്യയിലേക്ക് നയിച്ചു.

രണ്ടാമതായി, പരമ്പരാഗത വ്യവസായങ്ങളും മത്സ്യബന്ധനവും സ്തംഭനാവസ്ഥയിലാണ്. കശുവണ്ടി, കയർ, മത്സ്യബന്ധനം തുടങ്ങിയവയ്ക്ക് ഇപ്പോൾ നല്ല വിപണിയുണ്ട്. എന്നാൽ സാമ്പത്തിക ആഗോളവൽക്കരണത്തിന്റെ ഭാഗമായി തൊഴിലെടുക്കുന്ന ജനവിഭാഗങ്ങൾക്ക് ഇതിന്റെ നേട്ടം ലഭിക്കുന്നില്ല. മാത്രമല്ല വരുമാനത്തിൽ കുറവാണ് അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്.

മൂന്നാമതായി, ഇപ്പോഴത്തെ വികസന പ്രക്രിയയെ അൽപമൊന്ന് പെരുപ്പിച്ച് പറഞ്ഞാൽ 'തൊഴിൽരഹിത വളർച്ച'യെന്ന് വിളിക്കാം. സംഘടിത മേഖലയിൽ തൊഴിൽ സാധ്യതകൾ ഏറെകുറെ ഇല്ലാതാകുകയും സേവന മേഖലയെ തൊഴിൽ ലഭ്യത കുറയുകയും ചെയ്തു. തൊഴിലില്ലായ്മ ഭീകരമായി വളരുകയാണ്. സ്ത്രീകൾക്കിടയിൽ അഭൂതപൂർവ്വമായ തൊഴിലില്ലായ്മനിരക്കാണ് നിലനിൽക്കുന്നത്. ഗ്രാമപ്രദേശങ്ങളിൽ 26% വും നഗരപ്രദേശങ്ങളിൽ 28% വും ആണത്. സ്ത്രീ തൊഴിൽ പങ്കാളിത്ത നിരക്ക് കുറവായിരിക്കുന്നതിന് മുഖ്യകാരണം സ്ത്രീകൾക്കിടയിലെ വൻതോതിലുള്ള തൊഴിലില്ലായ്മയാണ്.

നാലാമതായി, ഒരു പ്രതിസന്ധി ഘട്ടത്തെ ഫലപ്രദമായി തരണം ചെയ്യാൻ കഴിയാത്ത വിധത്തിലേക്ക് സംസ്ഥാനത്തിലെ സാമ്പത്തിക നില എത്തിച്ചേർന്നിരിക്കുന്നു. കേന്ദ്രത്തിൽ നിന്ന് ആവശ്യമായ വിഹിതം കൈമാറ്റം ചെയ്യപ്പെടാത്തതാണ് സാമ്പത്തിക പ്രതിസന്ധിക്കുള്ള മുഖ്യകാരണം. കേന്ദ്രഗവൺമെന്റിന്റെ നികുതി പരിഷ്കാരങ്ങൾ, ചിലവു നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ധന ഉത്തരവാദിത്വ നിയമം ഉണ്ടാക്കിയ പരിമിതികൾ, ധന കമ്മീഷന്റെ നിർദ്ദേശങ്ങൾ എന്നിവ ആഭ്യന്തര വിഭവ സമാഹരണത്തിൽ സംസ്ഥാനത്തിന്റെ ശേഷി വെട്ടിക്കുറയ്ക്കുന്നു. സാമൂഹിക–സാമ്പത്തിക മേഖലകളിലെ ചിലവുകളിൽ ഉണ്ടാകുന്ന കുറവും കൃഷി–പരമ്പരാഗത വ്യവസായങ്ങൾ എന്നിവയിലുണ്ടായ നിക്ഷേപകുറവുമാണ് ഇതിന്റെ ആത്യന്തിക ഫലം.

യു.ഡി.എഫ് ഭരണകാലത്തെ വികസനാനുഭവങ്ങൾ ഒരു കാര്യം വ്യക്തമാക്കുന്നുണ്ട്. സാമ്പത്തിക ആഗോളവൽക്കരണം ഉണ്ടാക്കുന്ന സാമൂഹിക വിനാശവും അതിന്റെ ജനദ്രോഹമുഖവുമാണത്. സംസ്ഥാന വരുമാനത്തിന്റെ കണക്കുകൾ വ്യക്തമാക്കുന്നത് കാർഷിക മേഖലയിൽ (ആകെ തൊഴിലാളികളുടെ 32% ജോലിയെടുക്കുന്ന മേഖലയാണിത്) നിന്നുള്ള വരുമാനം 1999–2000നും 2003–04നു മിടയിൽ 15% കുറഞ്ഞു. തൊഴിലില്ലായ്മ വൻ തോതിൽ വർദ്ധിച്ചു. കൃഷിയുടെ വരുമാനം വിഹിതം 1993–94ൽ 21% ആയിരുന്നത്, 1999–2000ൽ 14.6%വും ആയി. ജില്ലകൾക്കിടയിലെ വരുമാന അസമത്വം വർദ്ധിച്ചു. ലഘുവായ്പാ പദ്ധതികൾക്ക് അസമത്വം വർദ്ധിക്കുന്നത് തടയുവാനും ജനങ്ങൾ ദരിദ്രവൽക്കരിക്കപ്പെടുന്നത് ഇല്ലാതാക്കുവാനോ കഴിഞ്ഞില്ല. ഇതിന്റെ ഭാഗമായി ഉണ്ടായ സാമൂഹിക ആഘാതങ്ങൾ ജനാധിപത്യപരമായി തിരിച്ചുവിടാൻ കഴിയാത്തിടങ്ങൾ ജാതി–വർഗ്ഗീയ–വിഭാഗീയ– വിഘടനശക്തികളുടെ വിഹാരകേന്ദ്രങ്ങളായി മാറി.

സ്വാശ്രയ വിദ്യാഭ്യാസനയം മെരിറ്റിനെയും സാമൂഹികനീതിയെയും തകർത്തു. സംസ്ഥാനത്തിലെ പൊതുജനാരോഗ്യ വ്യവസ്ഥ ലാഭകരമല്ലെന്നു പറഞ്ഞ് അതിനെ തകർക്കുന്നതിലേക്കാണ് സർക്കാർ നീങ്ങുന്നത്. പൊതുവിദ്യാഭ്യാസ സമ്പ്രദായത്തെയും ഇതേ നിലയിലേക്ക് മാറ്റി തീർക്കുന്നതിനാണ് ശ്രമിക്കുന്നത്. ജനാധിപത്യപരമായ അധികാരവികേന്ദ്രീകരണം തടസ്സപ്പെടുത്തുകയും സാമൂഹിക പങ്കാളിത്തത്തെ സ്വകാര്യവൽക്കരണം കൊണ്ട് പകരം വയ്ക്കുകയും ചെയ്യുന്നു. പൊതുമേഖല ഒന്നടങ്കം സ്വകാര്യവൽക്കരിക്കണമെന്ന് സംരംഭക പുനരുദ്ധാരണ കമ്മിറ്റിയുടെ നിർദ്ദേശം സർക്കാർ അംഗീകരിച്ചു. ഉദ്യോഗസ്ഥരെ വെട്ടിക്കുറച്ചുകൊണ്ട് സാമ്പത്തിക പ്രതിസന്ധി പരിഹരിക്കണമെന്ന് നിർദ്ദേശിച്ചു. ധനവിനിയോഗ ഉത്തരവാദിത്വ– മാനേജ്മെന്റ് നിയമത്തിന്റെ പേര് പറഞ്ഞ് തൊഴിലാളികളുമായി ഉണ്ടാക്കിയ കരാറുകൾ ഏകപക്ഷീയമായി റദ്ദു ചെയ്തു.

പൊതുസേവനങ്ങളുടെ യൂസർ ഫീസ് വർദ്ധന, സാമൂഹിക സാമ്പത്തിക സ്വകാര്യവൽക്കരണം, പൊതുമേഖല വിറ്റഴിക്കൽ, വിദ്യാഭ്യാസ വ്യവസ്ഥകളെ വാണിജ്യവൽക്കരണം, അന്തർദ്ദേശീയ വായ്പാദായകരുടെ നിർദ്ദേശാനുസരണമുള്ള ഘടനാപരമായ നീക്കുപോക്കുകൾ തുടങ്ങിയ ജനവിരുദ്ധനയങ്ങൾക്കെതിരെ സംസ്ഥാനത്ത് ശക്തമായ ബഹുജന പോരാട്ടങ്ങൾ ഉയർന്നുവന്നതിൽ അത്ഭുതമില്ല. സാമ്രാജ്യത്വ ആഗോളവൽക്കരണത്തിനെതിരെ ഇടതുപക്ഷം നിലകൊള്ളുന്നു. നവലിബറൽ സാമ്പത്തിക നയങ്ങൾ തിരുത്തണമെന്ന് അത് ദേശീയതലത്തിൽ ആവശ്യപ്പെടുന്നു. ഇന്ന് നിലവിലുള്ള സാമ്രാജ്യത്വ നിയന്ത്രിത ആഗോള സാമ്പത്തികക്രമം മാറ്റുന്നതിന് വേണ്ടി കൂടിയാണ് അത് പ്രവർത്തിക്കുന്നത്. അത്തരത്തിൽ ആഗോളതലത്തിലും ദേശീയതലത്തിലും മാറ്റമുണ്ടാക്കേണ്ടത് കേരളത്തിന്റെ വികസനത്തിന് അത്യന്താപേക്ഷിതമാണ്. എങ്കിലേ ജനാധിപത്യപരമായ വികസന സാദ്ധ്യതകൾ പൂർണമായും ഉപയോഗിക്കുന്നതിന് മനുഷ്യ വിജ്ഞാനത്തിലുണ്ടായിട്ടുള്ള പുതിയ മുന്നേറ്റങ്ങൾ ഉപയോഗിച്ച് നേട്ടങ്ങൾ ഉണ്ടാക്കുന്നതിനും കഴിയൂ.

സാമ്രാജ്യത്വ ആഗോളവൽക്കരണമില്ലാതാകുന്നതുവരെ ഒന്നും ചെയ്യാനാവില്ല എന്ന് ഈ പറഞ്ഞതിനർത്ഥമില്ല. നിലനിൽക്കുന്ന ലോക യാഥാർത്ഥ്യങ്ങളിൽ ഇടപെട്ട് പ്രതികരിച്ചുകൊണ്ടു മാത്രമേ ആഗോളവൽക്കരണത്തിനെതിരായ പോരാട്ടം മുന്നോട്ടുകൊണ്ടുപോകാനാവൂ. കോളനി ഭരണകാലത്തും അതിനുശേഷവും കേരളത്തിലെ പുരോഗമനശക്തികൾ ജനങ്ങൾക്ക് ഒരു നല്ല ജീവിതമുണ്ടാക്കികൊടുക്കുവാൻ വേണ്ടി എങ്ങനെയാണോ ഇടപെട്ട് പ്രതികരിച്ചത് അതുപോലെ സാമ്പത്തിക ആഗോളവൽക്കരണത്തിൽ ഇടപെടുന്നതിന് കേരളത്തിലെ ഇടതുപക്ഷ പ്രസ്ഥാനം ഒരു പരിപാടി തയ്യാറാക്കണം. കേരളത്തിലെ എല്ലാ വികസന പ്രശ്നങ്ങളും പ്രതിസന്ധി നിറഞ്ഞ സാമ്രാജ്യത്വ ചട്ടക്കൂടിനുള്ളിൽ പരിഹരിക്കാമെന്ന യാതൊരു വ്യാമോഹവുമില്ലാതെ തന്നെ അതിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് പരമാവധി പുരോഗതിയുണ്ടാക്കുന്നതിനാവശ്യമായ ഒരു പരിപാടി നമുക്ക് മുന്നോട്ട് വയ്ക്കാനാവണം.

## ഉല്പാദനവും ഉല്പാദന ക്ഷമതയും

ഉല്പാദന മേഖലയിൽ കൃഷി, പരമ്പരാഗത വ്യവസായങ്ങൾ, നിലവിലുള്ള വൻകിട,ചെറുകിട സ്വകാര്യ, കോർപ്പറേറ്റ്, പൊതു മേഖലാ സംരംഭങ്ങൾ, അതുപോലെ തന്നെ സേവനാധിഷ്ഠിത വ്യവസായങ്ങളുൾപ്പടെയുള്ള സുപ്രധാനമായ പുത്തൻ വളർച്ചാ മേഖലകളാണ് ഉൾപ്പെടുന്നത്. ഈ മേഖലയിലെ പ്രധാന ലക്ഷ്യം ഉല്പാദനത്തിന്റെ വർദ്ധനയും ഉൽപാദനക്ഷമതയുടെ മെച്ചപ്പെടുത്തലാണ്.

കാർഷിക പരമ്പരാഗത മേഖലകളിൽ ഇപ്പോഴുള്ള മുരടിപ്പ് അനുവദിക്കാവുന്നതല്ല. കാർഷിക വളർച്ച വേഗത്തിലാക്കുന്നതിന് വൻകിട ജലസേചന പദ്ധതികളിൽ നിന്നും നീർത്തടാധിഷ്ടിത പദ്ധതികളിലേക്കുള്ള മാറ്റം ആവശ്യമായി വരും. വിള അടിസ്ഥാനമാക്കിയുള്ള ആസൂത്രണത്തിൽ നിന്നും സംയോജിത കൃഷി രീതിയിലുള്ള ആസൂത്രണം വഴി ഒരു യൂണിറ്റ് നിലത്തിൽ നിന്നും പരമാവധി നേട്ടമുണ്ടാക്കുന്നതിലേക്ക് മാറേണ്ടതാണ്. ഭൂ–ദല മാനേജ്മെന്റിനു വേണ്ടിയുള്ള പുത്തൻ കാർഷിക സ്ഥാപനങ്ങളുടെ ആവിഷ്കാരം. ലേബർ ബാങ്ക് പോലുള്ള സംവിധാനങ്ങൾ, ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്ന സ്ഥായിയായ സാങ്കേതിക വിദ്യകളുടെ വ്യാപനം, ഗ്രാമീണ വിദ്യാഭ്യാസ പ്രചാരണ പരിപാടികളുടെ പുനരാവിഷ്കരണം എന്നിവയും അത്യന്താപേക്ഷിതമാണ്. പ്രധാനപ്പെട്ട കാർഷിക ഉൽപന്നങ്ങളുടെ വിലകളിലെ വർദ്ധിച്ചുവരുന്ന അസ്ഥിരതയുടെ പ്രശ്നം പരിഹരിക്കുന്നതിനുള്ള നടപടികൾ കേരളത്തിന് ഗൗരവമായി ഏറ്റെടുക്കേണ്ടതുണ്ട്,ഈ

ബുദ്ധിമുട്ടുള്ള കാര്യമാണെങ്കിലും പൂർത്തീകരിക്കേണ്ടത് അത്യാവശ്യമാണ്. മത്സ്യമേഖലയിൽ പ്രധാനപ്പെട്ട ജലപരിഷ്ക്കാരങ്ങൾ(അക്വേറിയൻ റിഫോംസ്) ആവശ്യമാണ്.

പരമ്പരാഗത വ്യവസായ മേഖലയിൽ ആധുനികവത്ക്കരണം,വൈവിധ്യവൽക്കരണം, സഹകരണ സംരംഭങ്ങളെ ശക്തമാക്കൽ തുടങ്ങിയവ പ്രധാനമാണ്. ഇപ്പോൾ നിലവിലുള്ള പൊതുമേഖലാ സംരംഭങ്ങളിൽ നില നില്പുള്ളതും ജീവനക്ഷമമാക്കാൻ കഴിയുന്നതുമായവയെ പുത്തൻ നിക്ഷേപവും സാങ്കതിക വിദ്യയും ഉപയോഗപ്പെടുത്തി പുനഃസംഘടിപ്പിക്കണം. കൂടാതെ പ്രവർത്തന സ്വയംഭരണവും മാനേജ്മെന്റിന്റെ പ്രൊഫഷണലിസവും ഉറപ്പുവരുത്തുകയും ചെയ്യേണ്ടതാണ്.

സംസ്ഥാന ആഭ്യന്തര ഉല്പാദനത്തിന്റെ വളർച്ചാനിരക്കിന്റെ ആക്കം കൂട്ടുന്നതിന് വിവരസാങ്കേതിക വിദ്യ (ഐ.ടി) ജൈവസാങ്കേതിക വിദ്യ (ബി ടി), വിനോദ സഞ്ചാരം (ടൂറിസം) എന്നീ പുത്തൻ മേഖലകളിലെ സാധ്യതകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിന് കൂടുതൽ പ്രയത്നം ആവശ്യമാണ്. ഈ പുത്തൻ മേഖലകളിൽ ഉയർന്ന വളർച്ചാ നിരക്ക് കൈവരിക്കുന്നതുവഴി സംസ്ഥാന സമ്പദ് വ്യവസ്ഥയ്ക്ക് മൂന്നു മുഖ്യ പ്രയോജനങ്ങൾ പ്രതീക്ഷിക്കാവുന്നതാണ്. ഒന്നാമതായി, അഭ്യസ്തവിദ്യരായ തൊഴിൽ സേനയ്ക്ക് കൂടുതൽ തൊഴിലവസരങ്ങൾ അത് സൃഷ്ടിക്കും. രണ്ടാമതായി, ഈ മേഖലകളിലെ ഉയർന്ന വളർച്ചയുടെ ഫലങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് സേവനങ്ങൾ പ്രദാനം ചെയ്യുന്നതിലെ കാര്യക്ഷമത മെച്ചപ്പെടുത്താനും ആഭ്യന്തര സമ്പദ്ഘടനയിൽ വളർച്ചയുടെ ആക്കം കൂട്ടുന്നതിനും സാധിക്കും. മൂന്നാമതായി, ഐടി, ബിടി മേഖലകളിൽ കയറ്റുമതി ലക്ഷ്യമാക്കിയുള്ള വളർച്ചയ്ക്കും അതുവഴി വിദേശനാണ്യം നേടുന്നതിനും വമ്പിച്ച സാദ്ധ്യതയുണ്ടാകും.

അന്താരാഷ്ട്ര പഠനകോൺഗ്രസ്സ് ഉണ്ടാക്കിയ പുതിയ അവബോധം1996–2001ൽ വന്ന ഇടത്പക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ നയങ്ങളിൽ നിർണ്ണായകമായ സ്വാധീനം ചെലുത്തി. ഏറ്റവും പ്രധാനപ്പെട്ട നേട്ടം ജനകീയാസൂത്രണം നടപ്പിലാക്കിയതായിരുന്നു. അതുപോലെ തന്നെ പുതിയ വികസന മേഖലകളായ വിവര സാങ്കേതിക വിദ്യയിലും വിനോദ സഞ്ചാരത്തിലും കൂടുതൽ ശ്രദ്ധ ചെലുത്തിയിരുന്നു. ഈ മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനും സ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കാനും ലക്ഷ്യമിട്ട് പ്രത്യേക നടപടികളുമുണ്ടായി. പുതിയ മേഖലകൾക്ക് ഊന്നൽ നൽകുമ്പോൾ തന്നെ കൃഷിയോ പരമ്പരാഗത വ്യവസായങ്ങളോ അവഗണിക്കപ്പെടാത്ത സ്ഥിതിയും ഉറപ്പുവരുത്തി. പരമ്പരാഗത വ്യവസായങ്ങളുടെ പുനഃസംഘാടനം, പൊതുമേഖലാ സ്ഥാപനങ്ങളുടെ നവീകരണം, കൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് പ്രോത്സാഹിപ്പിക്കൽ സാമൂഹികക്ഷേമ പദ്ധതി വ്യാപകമാക്കൽ, വിദ്യാർത്ഥി കേന്ദ്രീകൃത സ്കൂൾ പാഠ്യപദ്ധതി നവീകരണം എന്നിവയ്ക്ക് പ്രാധാന്യവും കൊടുത്തു. വികസനനയങ്ങളെക്കുറിച്ച് സമവായമുണ്ടാക്കുന്നതിനായി പ്രത്യേക താൽപര്യമെടുക്കുകയും അതിദ്രുത വികസനത്തിനുള്ള സാമൂഹിക പശ്ചാത്തലമെരുക്കുകയും ചെയ്തു.

നവ-ലിബറൽ പരിഷ്കാരങ്ങൾക്ക് ഊന്നൽ നൽകിക്കൊണ്ട് 2001ൽ അധികാരത്തിൽ വന്ന ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റ് ഉയർന്നുവന്നിരുന്ന ഈ സമവായ ശ്രമങ്ങൾക്ക് കനത്ത തിരിച്ചടി നൽകി.

## സാമൂഹ്യനീതി

വളർച്ച പരമാവധി വർദ്ധിപ്പിക്കുന്നതിന് ഊന്നൽ നൽകുന്ന മേൽപ്പറഞ്ഞ സാമ്പത്തിക പരിപാടികളോടൊപ്പം കേരളത്തിൽ അവശേഷിക്കുന്ന പരമ ദാരിദ്ര്യത്തിന്റെ തുരുത്തുകൾ ഇല്ലാതാക്കുക, വികസന പ്രക്രിയയിൽ ലിംഗ നീതി (Gender Justice) ഉറപ്പുവരുത്തുക, വിഭവശോഷണവും പരിസ്ഥിതി വിനാശവും ഉണ്ടാകാതെ നോക്കുക എന്നതും ഉറപ്പുവരുത്തേണ്ടതുമാണ്.

ഭൂരിപക്ഷത്തിന് ലഭ്യമായ സാമൂഹ്യ വികസന നേട്ടങ്ങളുടെ നിലവാരത്തിലേയ്ക്ക് അത് ലഭ്യമല്ലാത്ത സാമൂഹിക-സാമ്പത്തിക വിഭാഗങ്ങളെ ഉയർത്തേണ്ടതുണ്ട്. ഈ വിഭാഗങ്ങളിൽ ആദിവാസികൾ, മത്സ്യത്തൊഴിലാളി സമൂഹം, പാവപ്പെട്ടവരിലെ അശരണരായ ആൾക്കാർ എന്നിവരുൾപ്പെടുന്നു. ദളിത് ജനവിഭാഗത്തിലെ ഗണ്യമായ ശതമാനവും പരമദാരിദ്ര്യവിഭാഗത്തിൽ പെടുന്നവരാമ്. കായികാദ്ധ്വാനത്തിനായി അന്യസംസ്ഥാനങ്ങളിൽ നിന്ന് കുടിയേറിപ്പാർക്കുന്ന വർദ്ധിച്ചുവരുന്ന തൊഴിലാളികളുടെ ക്ഷേമത്തിന്റെ കാര്യത്തിലും കേരളത്തിന് കണ്ണടയ്ക്കാനാവില്ല.

ക്ഷേമഫണ്ടുകൾ ഉൾപ്പടെയുള്ള സാമൂഹിക സുരക്ഷാ വ്യവസ്ഥ ഗുണപരമായി മെച്ചപ്പെടുത്തുന്നതിനായിരിക്കണം ഊന്നൽ നൽകേണ്ടത്. നവ ഉദാരവത്ക്കരണ നയങ്ങളുടെ ഫലമായി വമ്പിച്ച പ്രതിസന്ധി നേരിടുന്ന പൊതുവിതരണ സമ്പ്രദായം പുനരുജ്ജീവിപ്പിക്കുക എന്നതായിരിക്കും ഒരു പ്രധാന വെല്ലുവിളി. വികേന്ദ്രീകരണത്തിന്റെ ഭാഗമായി നടപ്പാക്കിയ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതികൾ, അടിസ്ഥാന ആവശ്യങ്ങൾക്കായുള്ള പരിപാടികൾ, ലഘുവായ്പ സ്കീമുകൾ എന്നിവയിലൂടെ ദരിദ്ര ജനവിഭാഗങ്ങളുടെ ജീവിതം മെച്ചപ്പെടുത്താൻ ഒരു പരിധിവരെ കഴിയും. ഈ നേട്ടങ്ങൾ ഉറപ്പിക്കുന്നതിനും മുന്നോട്ടു കൊണ്ടുപോകുന്നതിനും കഴിയേണ്ടതാണ്.

വിദ്യാഭ്യാസത്തിന്റെയും ആരോഗ്യത്തിന്റെയും കാര്യത്തിൽ കേരളത്തിലെ സ്ത്രീകൾ ആർജ്ജിച്ചിട്ടുള്ള ചരിത്രപരമായ നേട്ടങ്ങളുമായി തട്ടിച്ചു നോക്കുമ്പോൾ സാമൂഹിക രാഷ്ട്രീയ മേഖലകളിലും സാമ്പത്തിക മേഖലയിലും സ്ത്രീകൾക്കുള്ള പങ്കും സ്ത്രീപദവി

യും പിന്നിലാണ്. ഇന്ത്യയിൽ സ്ത്രീകളുടെ ഏറ്റവും ഉയർന്ന തൊഴിലില്ലായ്മാ നിരക്കും ഏറ്റവും കുറഞ്ഞ തൊഴിൽ പങ്കാളിത്ത നിരക്കും കേരളത്തിലാണ്. തൊഴിൽ മേഖലയിലെ സ്ത്രീപുരുഷ അദ്ധ്വാനത്തിലെ ലിംഗപദവി വിഭജനവും വിവേചനവും രൂക്ഷമാണ്. ഈയവസ്ഥ മുറിച്ചു കടക്കുന്നതിന് സാമ്പത്തികാസൂത്രണത്തെ ബോധപൂർവ്വം ഉപയുക്തമാക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വനിതാഘടക പദ്ധതികൾ നടപ്പിലാക്കിയതിലെ അനുഭവം പ്രോത്സാഹനാജനകമാണ് ഇതു ശക്തമാക്കണം. ജെൻഡർ ബഡ്ജറ്റിംഗ് ആരംഭിക്കണം. പഞ്ചായത്തിന്റെ കീഴിലുള്ള സ്വയം സഹായ സംഘങ്ങളുടെ ശൃംഖലകൾ (കുടുംബശ്രീ പദ്ധതി) സാർവ്വത്രികമാക്കുകയും കൂടുതൽ ലിംഗ പദവി അവബോധത്തോടുകൂടി നടപ്പിലാക്കുകയും വേണം. നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥ ശരിയായ ലിംഗപദവി ധാരണ സൃഷ്ടിക്കുന്നതായിരിക്കണം. സംസ്ഥാന വനിതാ കമ്മീഷനു കീഴിലുള്ള സ്ത്രീകളുടെ ജാഗ്രത സമിതികൾ പ്രാദേശിക പദ്ധതികളുടെ ഭാഗമായി സംഘടിപ്പിക്കണം.

ഗുരുതരമായ വിഭവശോഷണം (വന സമ്പത്തിന്റെയും സമുദ്രവിഭവങ്ങളുടെയും അമിത ചൂഷണം, അമിത മണൽ വാരൽ) മണ്ണിന്റെ ഫലഭൂയിഷ്ഠതയിലുള്ള ഇടിവ്, ജലചംക്രമണത്തിലെ തടസ്സങ്ങൾ, മണ്ണൊലിപ്പ്, ഉരുൾപ്പൊട്ടൽ, ജൈവവൈവിധ്യത്തിന്റെ നഷ്ടം, പരിസരമലിനീകരണം തുടങ്ങിയ പ്രശ്നങ്ങളിൽ ദൃശ്യമാകുന്നത് സംസ്ഥാനത്തിലെ പാരിസ്ഥിതിക നേട്ട-കോട്ട വിശകലനം നിർബന്ധമാക്കുക, അവശേഷിക്കുന്ന വനങ്ങളുടെ സംരക്ഷണം പൊതു ഉടമസ്ഥയിലുള്ള വിഭവങ്ങളുടെ നിയമനിർമ്മാണത്തോടെയുള്ള സാമൂഹിക മാനേജ്മെന്റ് എന്നിവ അടിയന്തിരമായി നടപ്പിലാക്കണം. ശുചിത്വവും മാലിന്യ. സംസ്കരണവും ക്യാമ്പയിൻ അടിസ്ഥാനത്തിലുള്ള ഇടപെടലുകൾ ആവശ്യമുള്ള പ്രധാന മേഖലകളായിരിക്കും.

## ഭരണനിർവ്വഹണത്തിന്റെ പരിഷ്കാരം

മേൽപ്പറഞ്ഞ വികസന മാർഗ്ഗം സർക്കാരിന്റെ പിൻവലിയലല്ല, മറിച്ച് കൂടുതൽ സർക്കാർ പങ്കാളിത്തമാണ്. പൊതുമുതൽ മുടക്കും സ്വകാര്യ മുതൽ മുടക്കും പരസ്പര പൂരകങ്ങളാണ്. പൊതു നിക്ഷേപമാണ് സ്വകാര്യ നിക്ഷേപത്തെ ആകർഷിക്കുന്നത്. പശ്ചാത്തല സൗകര്യങ്ങളുടെ വളർച്ച ത്വരിതപ്പെടുത്തുന്നതിലും സ്വകാര്യ നിക്ഷേപം ആകർഷിക്കുന്നതിലും വളർച്ചയ്ക്കും സാമൂഹിക അംഗീകാരം നേടുന്നതിനും സർക്കാരിന് സുപ്രധാനമായ ഒരു പങ്ക് വഹിക്കാനുണ്ട്. ഭരണപരിഷ്കാരങ്ങളോടുള്ള നമ്മുടെ സമീപനം മുൻമുഖ്യമന്ത്രി ഇ.കെ. നായനാർ അധ്യക്ഷനായിരുന്ന മൂന്നാം ഭരണ പരിഷ്കാര കമ്മീഷന്റെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലായിരിക്കും. ജീവനക്കാരുടെ പുനർവിന്യാസം പൂർത്തിയാക്കികൊണ്ട് വികേന്ദ്രീകരണ പ്രക്രിയയുടെ സ്ഥാപനവത്ക്കരണം, ചട്ടങ്ങളും, നിയമങ്ങളും ഭേദഗതി ചെയ്യൽ, പ്രാദേശികതലത്തിലുള്ള ഓഫീസുകൾ പ്രവർത്തിക്കുന്നതിനുള്ള പുതിയ മാർഗ്ഗ രേഖകളും നടപടിക്രമങ്ങളും രൂപീകരിക്കൽ, പഞ്ചായത്ത് ഭരണത്തിന്റെ കമ്പ്യൂട്ടർവത്കരണം, കൂടുതൽ ഫലപ്രദമായ ജനാധിപത്യ സംവിധാനങ്ങൾ ഏർപ്പെടുത്തൽ തുടങ്ങിയവ ഏറ്റവും അടിയന്തിര കടമകളായിരിക്കും. ജില്ലാ ആസൂത്രണ സമിതികൾ ശക്തമാക്കണം. പ്രാദേശിക പദ്ധതികൾ സംയോജിപ്പിച്ചുകൊണ്ട് ജില്ലാപദ്ധതിക്ക് രൂപം നൽകുക. നീർത്തടാധിഷ്ഠിത സമീപനം വഴി കാർഷികാസൂത്രണം മെച്ചപ്പെടുത്തുക, ഗ്രാമസഭകളും അയൽക്കൂട്ടങ്ങളും ശക്തമാക്കുക തുടങ്ങിയവയും അടിയന്തിര ശ്രദ്ധയർഹിക്കുന്നു. ജനാധിപത്യവികേന്ദ്രീകരണം നല്ല പൗരത്വത്തിനും മെച്ചപ്പെട്ട ഭരണനിർവ്വഹണത്തിനും അത്യാവശ്യമായിരിക്കുന്നതു പോലെ തന്നെ സാമ്പത്തിക വളർച്ചയുടെ ആക്കം കൂട്ടുന്നതിനും അത്യന്താപേക്ഷിതമാണ്.

(ചിന്ത വാരിക, 2005)

# മൂന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് സംവാദം ഒറ്റനോട്ടത്തിൽ

സമീപകാലത്ത് കേരളത്തിൽ നടന്ന ഏറ്റവും ബൃഹത്തായ വികസന സംവാദമായ മൂന്നാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ് സമാപിച്ചു. പത്തു സിമ്പോസിയങ്ങളിലും 78 സമ്മേളനങ്ങളിലുമായി എഴുന്നൂറോളം അവതരണങ്ങൾ നടന്നു. അത്രതന്നെ പ്രതിനിധികൾ ചർച്ചയിലും പങ്കെടുത്തു. മൂവായിരത്തോളം പ്രതിനിധികൾ സമ്മേളനത്തിൽ രജിസ്റ്റർചെയ്തതും അഞ്ഞൂറോളംപേർ അല്ലാതെയും പങ്കെടുത്തു. നാലു വാല്യങ്ങളിലായി സമീപനരേഖയും അനുബന്ധ പ്രബന്ധങ്ങളും പ്രസിദ്ധീകരിച്ചിരുന്നു. ആകെ 200 മണിക്കൂറിലേറെ വിവിധ വേദികളിലായി സംവാദം നടന്നു. കേരളത്തിന് അകത്തും പുറത്തുമുള്ള അക്കാദമിക് പണ്ഡിതന്മാർ, രാഷ്ട്രീയ നേതാക്കന്മാർ, സാമൂഹ്യ പ്രവർത്തകർ, വിദ്യാർത്ഥികൾ, സർക്കാർ ജീവനക്കാർ എല്ലാം മൂന്നുദിവസമായി നടന്ന ഈ സംവാദത്തിൽ പങ്കാളികളായി.

നീതിപൂർവ്വവും സ്ഥായിയുമായ ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ചയാണ് വികസനം. ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ചു കൂടുതൽ നീതിപൂർവമായ വിതരണം

ഉറപ്പുവരുത്താൻ നമുക്കു കഴിഞ്ഞു. ഇതാണു കേരളവികസന അനുഭവത്തിന്റെ തനിമ. അതേസമയം 1980 കളുടെ ഉത്തരാർദ്ധം വരെ സംസ്ഥാനത്തെ സാമ്പത്തിക വളർച്ച വളരെ മന്ദഗതിയിലായിരുന്നു. അഖിലേന്ത്യാതലത്തിലുള്ള ശരാശരി വളർച്ചയെക്കാൾ വളരെ താഴെയായിരുന്നു നാം. സാമ്പത്തിക വളർച്ചയും സാമ്പത്തിക നീതിയും ഒരുമിച്ചു കൊണ്ടുപോകാനാവില്ല എന്നുള്ള നിഗമനത്തിൽ പലരും എത്തിച്ചേർന്നു. ഈ ആശങ്കകളുടെ പശ്ചാത്തലത്തിലാണ് 1994 ൽ ഒന്നാം കേരള പഠന കോൺഗ്രസ് വിളിച്ചു ചേർത്തത്. 1987 മുതൽ സാമ്പത്തിക വളർച്ചയുടെ വേഗത വർദ്ധിച്ചുവെങ്കിലും കേരളത്തിന്റെ വികസനം ഒരു പുതിയ ഘട്ടത്തിലേയ്ക്കു കടന്നു എന്ന നിഗമനത്തിലെത്തിച്ചേരാൻ അന്നു കഴിയുമായിരുന്നില്ല. കേരളത്തിന്റെ സാമൂഹ്യക്ഷേമ നേട്ടങ്ങൾ നിലനിർത്തിക്കൊണ്ട് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുന്നതിനായി ഒരു വികസന അജണ്ട രൂപീകരിക്കാനുള്ള പരിശ്രമത്തിന്റെ ഭാഗമായിരുന്നു ഈ പഠനകോൺഗ്രസ്.

2005 ലെ രണ്ടാം കേരള പഠനകോൺഗ്രസിന്റെ കാലമായപ്പോഴേക്കും കേരളത്തിന്റെ സാമ്പത്തിക വളർച്ച പുതിയൊരു വിതാനത്തിലേക്ക് ഉയർന്നു എന്നു വ്യക്തമായിരുന്നു. അഖിലേന്ത്യാ ശരാശരിയെക്കാൾ വേഗതയിൽ നമ്മുടെ സമ്പദ്ഘടന വളർന്നു. ആഗോളവത്കരണ പരിഷ്കാരങ്ങൾ ഉയർത്തിയ വെല്ലുവിളികളും സാമൂഹ്യക്ഷേമ നേട്ടങ്ങളെ ദുർബലപ്പെടുത്തുന്ന യുഡിഎഫ് സർക്കാരിന്റെ നടപടികളും പുതിയ മുന്നേറ്റത്തിനു മുന്നിൽ ആശങ്കകൾ ഉയർത്തി. ഈ സാഹചര്യത്തിൽ സംസ്ഥാനത്തിനു മൂർത്തമായ ഒരു ജനകീയ വികസന അജണ്ട മുന്നോട്ടു വെയ്ക്കുന്നതിനുള്ള ചർച്ചകളാണ് രണ്ടാം പഠനകോൺഗ്രസിൽ നടന്നത്.

അങ്ങനെ രൂപം കൊണ്ട കാഴ്ചപ്പാട് വലിയൊരു പരിധിവരെ പ്രാവർത്തികമാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ അനുഭവങ്ങളെ വിമർശനപരമായി പരിശോധിക്കാനും ദൗർബല്യങ്ങൾ തിരുത്താനുമാണ് മൂന്നാം പഠനകോൺഗ്രസ് ലക്ഷ്യമിടുന്നത്. സാമ്പത്തിക വളർച്ചയുടെ വേഗത ഉയർന്നെങ്കിലും ഈ അധ്യായത്തിന്റെ അവസാനം വിശദീകരിക്കുന്നതു പോലെ ഗൗരവമായ വൈരുദ്ധ്യങ്ങൾ ഈ വളർച്ചയിൽ അടങ്ങിയിരിക്കുന്നു. സേവന മേഖലകളിലൂന്നിയാണ് സാമ്പത്തിക കുതിപ്പ്. ഇതിന് അനുസൃതമായി ഉൽപാദന മേഖലകളിൽ മുന്നേറ്റമുണ്ടാകുന്നില്ല. അഭ്യസ്തവിദ്യരായ യുവതലമുറ ആഗ്രഹിക്കുന്ന തോതിൽ പുതിയ തൊഴിൽത്തുറകൾ ശക്തിപ്പെടുത്തേണ്ടതുണ്ട്. പരമ്പരാഗത മേഖലകളെ സംരക്ഷിച്ചാൽ മാത്രം പോര, വളർച്ചയുടെ വേഗതയും ഉയർത്തണം. പൊതു സാമൂഹ്യക്ഷേമ സൗകര്യങ്ങൾ ഇനിയും ശക്തിപ്പെടുത്തണം. ആഗോളവത്കരണം സൃഷ്ടിക്കുന്ന അസമത്വത്തിന്റെ പശ്ചാത്തലത്തിൽ സമഗ്രമായ സാമൂഹിക സുരക്ഷിതത്വ പരിപാടിക്ക് രൂപം നൽകാൻ കഴിയണം. സർവോപരി ഇപ്പോൾ കൈവന്നിരിക്കുന്ന ഉയർന്ന വളർച്ചാനിരക്കുകൾ സ്ഥായിയാണ് എന്നു ഉറപ്പാക്കേണ്ടതുണ്ട്. ഇതിനെല്ലാമുള്ള കരടു പരിപാടിയാണ് മൂന്നാം പഠനകോൺഗ്രസിൽ ചർച്ചയ്ക്ക് അവതരിപ്പിച്ച രേഖ.

ഒന്ന്) പൊതുവിൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ ശക്തിസ്രോതസ് സേവനത്തുറകളായി തുടരുകയാണ്. ഭൗതിക ഉല്പാദന രംഗങ്ങളിൽ വളർച്ചയുണ്ടാകാതെ നിലനിർത്താനാകില്ല. സേവന മേഖലയിലെ ഇപ്പോഴത്തെ വളർച്ച നിലനിർത്താനാകില്ല. സേവന മേഖലയിലെ ഇപ്പോഴത്തെ വളർച്ച വിദേശത്തുനിന്നുള്ള വരുമാനത്തെയാണ് പ്രധാനമായും ആശ്രയിച്ചിരിക്കുന്നത്. ഈ വരുമാനത്തിലുള്ള ഇടിവ് പ്രശ്നങ്ങളുണ്ടാക്കും. ഗൾഫിലുള്ള തൊഴിൽ സാധ്യതകൾ കുറഞ്ഞുവരികയാണ്. വിദേശത്തുനിന്നുള്ള വരുമാനം കുറയുമ്പോൾ സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയിൽ കടുത്ത സമ്മർദ്ദം ഉണ്ടാകുമെന്നത് കഴിഞ്ഞകാലത്തും അനുഭവപ്പെട്ടിട്ടുള്ളതാണ്. ഉദാഹരണത്തിന്, 1991 ലെ ഗൾഫ് യുദ്ധത്തെ തുടർന്നുള്ള സ്ഥിതി. അതിനാൽ ഉൽപ്പാദന മേഖലകളിലെ വളർച്ചയുടെ അനുപൂരകമായി സേവന മേഖലയിലെ വളർച്ചയും ഉണ്ടാകുന്ന ഒരു പ്രക്രിയയാണ് സ്ഥായിയാകുക.

രണ്ട്) ഏറ്റവും പ്രധാനപ്പെട്ട കാര്യം കാർഷിക മേഖലയിലെ മുരടിപ്പാണ്. വാണിജ്യവിളകളുടെ വിലകൾ മെച്ചപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ വരുമാന വളർച്ച ഗണ്യമായി ഉയരും എന്നതിനു സംശയമില്ല. പക്ഷേ, വിലത്തകർച്ചയുടെ ചക്രം എന്നാണിനി തിരിഞ്ഞെത്തുക എന്നു പ്രവചിക്കാനാവില്ല. ഭക്ഷ്യവിളകളുടെ പിന്നോട്ടടിക്കു വിരാമമിടാൻ കഴിഞ്ഞെങ്കിലും ആവശ്യത്തിന്റെ നാലരികിലെത്താൻ കഴിഞ്ഞിട്ടില്ല. 1987–88 ൽ സംസ്ഥാന വരുമാനത്തിൽ കാർഷിക മേഖലയുടെ വിഹിതം 5.21 ശതമാനമായിരുന്നത് ഇന്നു 1.53 ശതമാനമായി താണിരിക്കുന്നു. എന്നാൽ കാർഷിക മേഖലയിൽ ഉപജീവനം നടത്തുന്നവരുടെ എണ്ണത്തിൽ ഗണ്യമായ കുറവുണ്ടായി എന്നു പറയാനാവില്ല. ഇത് അവരുടെ വരുമാനത്തെയും ജീവിതനിലവാരത്തെയും പ്രതികൂലമായി ബാധിക്കുന്നു.

മൂന്ന്) വ്യവസായ വളർച്ചയ്ക്കായി നാം തിരഞ്ഞെടുത്ത പാത വഴിമുട്ടിക്കൊണ്ടിരിക്കുന്നകയാണ്. കേരളത്തിൽ നാം ഊന്നിയത് മുഖ്യമായും രണ്ടുമേഖലകളിലാണ്. ഒന്ന്, തൊഴിൽപ്രധാനമായ പരമ്പരാഗത വ്യവസായങ്ങൾ, രണ്ട്, ഊർജപ്രധാനമായ രാസവ്യവസായങ്ങൾ. പരമ്പരാഗത വ്യവസായങ്ങളെ നിലനിർത്തിയിരുന്ന കുറഞ്ഞകൂലി എന്നെന്നേയ്ക്കുമായി ഇല്ലാതായിക്കഴിഞ്ഞു. വളരെയേറെ തൊഴിലാളികൾ ഇന്ന് ഉപജീവനത്തിന് ആശ്രയിക്കുന്ന പരമ്പരാഗത വ്യവസായങ്ങളെ സംരക്ഷിക്കുന്നതിന്റെ പ്രാധാന്യം അംഗീകരിക്കുമ്പോൾ തന്നെ ഈ മേഖലകൾ പരമ്പരാഗത രീതിയിൽ ഇനി തുടരാനാവില്ല എന്ന യാഥാർത്ഥ്യവും മനസ്സിലാക്കണം. കേരളത്തിൽ ശക്തിപ്പെടുന്ന പാരിസ്ഥിതിക അവബോധം അനിവാര്യമാക്കുന്ന കർശനമായ മലിനീകരണ നിയന്ത്രണങ്ങളും സംസ്ഥാനത്തെ ഊർജദാരിദ്ര്യവും രാസവ്യവസായങ്ങളുടെ അടിസ്ഥാനത്തിലുള്ള വളർച്ചയ്ക്കു വളരെയേറെ പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു. അഭ്യസ്തവിദ്യരായ യുവതലമുറയുടെ പ്രതീക്ഷകൾക്ക് അനുസരിച്ചുള്ള തൊഴിലുകൾ സൃഷ്ടിക്കുന്നതിനും വരുമാനം ഉറപ്പുവരുത്തുന്നതിനും അനുബന്ധ വ്യവസായങ്ങൾക്കു കൂടുതൽ സാധ്യതകൾ ഉള്ളതും പാരിസ്ഥിതികമായി അനുയോജ്യവുമായ വ്യവസായങ്ങളെ ബോധപൂർവ്വം പ്രോത്സാഹിപ്പിക്കണം. രണ്ടാം കേരള പഠനകോൺഗ്രസ് ചൂണ്ടിക്കാണിച്ചതുപോലെ ഐടി പോലുള്ള വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ, ടൂറിസം പോലുള്ള സേവന പ്രധാനമായ വ്യവസായങ്ങൾ, ലൈറ്റ് എഞ്ചിനീയറിംഗ് പോലെ വൈദഗ്ധ്യാധിഷ്ഠിത വ്യവസായങ്ങൾ, കാർഷിക മൂല്യവർദ്ധിത വ്യവസായങ്ങൾ തുടങ്ങിയവയാണ് നമ്മൾ ഊന്നേണ്ടുന്ന മേഖലകൾ. ഈ തുറകളിലെ മുന്നേറ്റം എങ്ങനെ ഉറപ്പുവരുത്താം?

നാല്) കേരളത്തിൽ ഇന്നുണ്ടായിക്കൊണ്ടിരിക്കുന്ന സാമ്പത്തിക വളർച്ചയുടെ ഒരു മുഖ്യദൗർബല്യം വേണ്ടത്ര തൊഴിലുകൾ സൃഷ്ടിക്കപ്പെടുന്നില്ല എന്നുള്ളതാണ്. ഉദാഹരണത്തിനു 2007–08 ൽ നാഷണൽ സാമ്പിൾ സർവെയുടെ കണക്കുപ്രകാരം സർവെ നടത്തുന്നതിനു മുമ്പുള്ള ഒരു വർഷത്തിനിടയിൽ സാധാരണഗതിയിൽ, അതായത്, വർഷത്തിൽ കൂടുതൽ ദിവസം തൊഴിലില്ലാതിരുന്നവർ കേരളത്തിൽ 8.5 ശതമാനവും ഇന്ത്യയിൽ 2.2 ശതമാനവും ആണ്. സർവെയുടെ തലേ ആഴ്ച തൊഴിൽ അന്വേഷിച്ചിട്ടും ഒരുദിവസം ഒരു മണിക്കൂർപോലും ലഭിക്കാത്തവർ കേരളത്തിൽ 11.4 ശതമാനവും ഇന്ത്യയിൽ 4.3 ശതമാനവുമാണ്. സർവെയുടെ തലേദിവസം തൊഴിൽ തേടിയിട്ടും ഒരു മണിക്കൂർ പോലും തൊഴിൽ ലഭിക്കാ

ത്തവരുടെ എണ്ണം കേരളത്തിൽ തൊഴിൽസേനയുടെ 23.4 ശതമാനവും ഇന്ത്യയിൽ 8.9 ശതമാനവുമാണ്.

വിദ്യാഭ്യാസം കഴിഞ്ഞു വർഷങ്ങൾ കാത്തിരുന്നാലേ ഒരു ജോലി ലഭിക്കൂ. ഈ കാത്തിരിപ്പു വേളയിൽ പുതിയ ഡിഗ്രിയും സർട്ടിഫിക്കറ്റുകളും കൈക്കലാക്കാനുള്ള ശ്രമത്തിലാണ് തൊഴിലില്ലാത്തവർ. ഏതു പുതിയ കോഴ്സും പഠിക്കാൻ ആളുണ്ട്. പഠിത്തത്തിന് അനുസൃതമായ ജോലി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നില്ലെങ്കിലും ഉയർന്ന ഡിഗ്രിയും സർട്ടിഫിക്കറ്റും ഉള്ളത് എന്തെങ്കിലും മെച്ചപ്പെട്ട ജോലി കിട്ടുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു. അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമാകുമ്പോഴും ഉന്നത വിദ്യാഭ്യാസത്തിനുള്ള തിക്കും തിരക്കും കൂടാൻ കാരണമിതാണ്.

അനുയോജ്യമായ ജോലിക്കു വേണ്ടിയുള്ള കാത്തിരിപ്പിനിടയിൽ ഉപജീവനത്തിനായി എന്തെങ്കിലും തൊഴിലിൽ ഏർപ്പെടാൻ പലരും നിർബന്ധിതരാവും. അങ്ങനെ അഭ്യസ്തവിദ്യർക്കുള്ള അനൗപചാരിക തൊഴിൽമേഖലകൾ നിരന്തരം സൃഷ്ടിക്കപ്പെടുന്നു. പാരലൽ കോളെജുകൾ ഇതിനു നല്ല ഉദാഹരണമാണ്. കൂലിപ്പണിക്കു പോകാൻ തയ്യാറല്ലെങ്കിലും കൂലി കുറവായ സെയിൽസ് ഗേളായി ജോലി ചെയ്യാൻ പെൺകുട്ടികൾ തയ്യാറാണ്.

അതേസമയം തൊഴിൽ തേടി കേരളത്തിലേയ്ക്കു ഒഴുകുന്ന അന്യസംസ്ഥാനക്കാരുടെ എണ്ണം പെരുകുകയാണ്. ഇവരുടെ സാന്നിദ്ധ്യം നഗരങ്ങളിൽ മാത്രമല്ല, നാട്ടിൻപുറത്തും ഇന്ന് സജീവമാണ്. അഭ്യസ്തവിദ്യരായ പുതിയ തലമുറ കായികാദ്ധ്വാനം ആവശ്യമുള്ള പരമ്പരാഗത തൊഴിലുകളിൽ ഏർപ്പെടാൻ വിസമ്മതിക്കുന്നതാണ് ഇതിനു കാരണം.

ഈ സ്ഥിതി വിശേഷത്തിന്റെ മുഖ്യ ഇര സ്ത്രീകളാണ്. സാധാരണഗതിയിലുള്ള തൊഴിലില്ലാത്തവരുടെ നിർവചന പ്രകാരം കേരളത്തിൽ പുരുഷന്മാരുടെ തൊഴിലില്ലായ്മ 6.1 ശതമാനമാണ്. സ്ത്രീകളുടേത് 25 ശതമാനവും. രൂക്ഷമായ തൊഴിലില്ലായ്മ മൂലം കേരളത്തിൽ അഭ്യസ്തവിദ്യരായ സ്ത്രീകൾ പോലും തൊഴിലന്വേഷണം അവസാനിപ്പിച്ച് വീട്ടിൽ ഒതുങ്ങുന്നു. അതുകൊണ്ടാണ് കേരളം ഏറ്റവും കുറഞ്ഞ ശതമാനം സ്ത്രീകൾ തൊഴിലെടുക്കുന്ന സംസ്ഥാനമായിരിക്കുന്നത്. താരതമ്യേന വേതനം കുറഞ്ഞ തൊഴിലുകളാണ് സ്ത്രീകൾക്കായി നീക്കിവെയ്ക്കപ്പെടുന്നത്.

തൊഴിലില്ലായ്മ, സാമ്പത്തിക പ്രശ്നം മാത്രമല്ല സാമൂഹ്യ സാംസ്കാരിക പ്രശ്നം കൂടിയാണ്.

അഞ്ച്) പുതിയ സാമ്പത്തിക മുന്നേറ്റത്തിന്റെ കാലത്ത് കേരളത്തിലെ അസമത്വം ഭീതിജനകമായി ഉയർന്നുകൊണ്ടിരിക്കുകയാണ്. കൃഷിയും കാർഷികേതര മേഖലയും തമ്മിൽ, നഗരവും നാട്ടിൻപുറവും തമ്മിൽ, വിവിധ ജില്ലകൾ തമ്മിൽ എല്ലാമുള്ള അന്തരം ഈ പുതിയ കാലഘട്ടത്തിൽ വളർന്നു. കുടുംബങ്ങൾ തമ്മിലുള്ള ഉപഭോഗനിലവാരത്തിലെ വ്യത്യാസമെടുത്താൽ ഈ പ്രവണത വ്യക്തമായി മനസ്സിലാക്കാനാവും. 1983 നും 2004–05 നും ഇടയ്ക്കു ഉപഭോഗ നിലവാരത്തിലെ അസമത്വ സൂചികയിൽ വന്ന മാറ്റങ്ങൾ ശ്രദ്ധേയമാണ്. എല്ലാവരും സമന്മാരാണെങ്കിൽ സൂചിക പൂജ്യമായിരിക്കും. ഒന്നിനോട് അടുക്കുന്തോറും അസമത്വം കൂടുതൽ രൂക്ഷമായി മാറും. 1983 നും 1999–2000നും ഇടയ്ക്ക് കേരളത്തിലെ അസമത്വസൂചിക 0.35 ആയി വലിയ മാറ്റമില്ലാതെ തുടർന്നു. എന്നാൽ 2004–05 ആകുമ്പോഴേയ്ക്കും അസമത്വ സൂചിക 0.39 ആയി ഉയർന്നു. പുതിയ കാലഘട്ടത്തിൽ കേരളത്തിലെ ഉയർന്ന വരുമാനം ലഭിക്കുന്ന 20 ശതമാനത്തോളം കുടുംബങ്ങളുടെ വരുമാനത്തിൽ ഗണ്യമായ ഉയർച്ച ഉണ്ടായിട്ടുണ്ട്. എന്നാൽ ഏറ്റവും താഴെയുള്ള 30 ശതമാനത്തിലേറെ വരുന്നവരുടെ യഥാർത്ഥ വരുമാനം ഇടിയുകയാണ് ഉണ്ടായിട്ടുള്ളത്. ഇത്തരത്തിൽ വർദ്ധിക്കുന്ന അസമത്വം കേരളത്തെ സംബന്ധിച്ചിടത്തോളം പുതിയ അനുഭവമാണ്.

ഈ പശ്ചാത്തലത്തിൽ കേരളത്തിന്റെ സമകാലിക വെല്ലുവിളികളെ താഴെ പറയുംവിധം സംക്ഷേപിക്കാം.

1. ഭൂരിപക്ഷം ജനങ്ങളും ഇന്നും ഉപജീവനം നടത്തുന്നത് കാർഷിക മേഖലയിലും പരമ്പരാഗത വ്യവസായങ്ങളിലുമാണ്. എന്നാൽ ആഗോളവത്ക്കരണം അവയെ തകർത്തുകൊണ്ടിരിക്കുകയാണ്. അവയെ സംരക്ഷിച്ചുകൊണ്ടല്ലാതെ ഭൂരിപക്ഷം ജനങ്ങളുടെ ജീവിതനിലവാരം പിടിച്ചുനിർത്താനാവില്ല. ഈ മേഖലകളിൽ ഉൽപാദനക്ഷമതയും ഉൽപാദനവും എങ്ങനെ ഉയർത്താം?
2. പരമ്പരാഗത മേഖലകളിലെ ഉൽപാദനം താരതമ്യേന പതുക്കെ മാത്രെ ഉയരുകയുള്ളൂ. ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കണമെങ്കിൽ നമുക്ക് അനുയോജ്യമായ, എന്നാൽ അതിവേഗം വളരാൻ സാധ്യതയുള്ള ആധുനിക വ്യവസായങ്ങൾ കണ്ടെത്തി പ്രോത്സാഹിപ്പിക്കണം. ഇത്തരം വ്യവസായത്തുറകൾ ഏതെല്ലാം? ഇവിടങ്ങളിലേയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിന് എന്തുനടപടികൾ സ്വീകരിക്കണം? അനിവാര്യമായ പശ്ചാത്തലസൗകര്യങ്ങൾ എങ്ങനെ സൃഷ്ടിക്കാം?
3. സ്കൂളുകളുടെയും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളുടെയും വിപുലമായ ശൃംഖല കേരളത്തിനുണ്ട്. എന്നാൽ ഇവയുടെ ഗുണനിലവാരം ഗണ്യമായി ഉയർത്തിയേ തീരൂ. ജനങ്ങളുടെ ആവശ്യത്തിനും പ്രതീക്ഷകൾക്കുമനുസരിച്ച് പൊതുവിദ്യാഭ്യാസവും ആരോഗ്യസംവിധാനങ്ങളും പൊതുക്ഷേമ സൗകര്യങ്ങളും ഉയരുന്നില്ല. ഈ പരിമിതി മറികടക്കേണ്ടിയിരിക്കുന്നു.
4. പൊതുവിൽ ജീവിതനിലവാരം മെച്ചമാണെങ്കിലും ദാരിദ്ര്യത്തിന്റെ തുരുത്തുകൾ ഇന്നും അവശേഷിക്കുന്നുണ്ട്. ദളിതർ, ആദിവാസികൾ, മത്സ്യത്തൊഴിലാളികൾ, പരമ്പരാഗത വ്യവസായ തൊഴിലാളികൾ, അഗതികൾ, അന്യസംസ്ഥാന തൊഴിലാളികൾ എന്നിവരുടെ നില ഇപ്പോഴും പരിതാപകരം തന്നെ

യാണ്. ഇവരെ എത്രയും പെട്ടെന്ന് മുഖ്യധാരയിലേക്ക് കൊണ്ടുവരിക എന്നത് സുപ്രധാനകടമയാണ്. സമ്പൂർണവും സമഗ്രവുമായ സാമൂഹ്യസുരക്ഷിതത്വ പരിപാടിക്ക് എങ്ങനെ രൂപം നൽകാം?

5. പുരുഷന്മാർക്കൊപ്പം വിദ്യാസമ്പന്നരും ആരോഗ്യമുള്ളവരുമാണ് കേരളത്തിലെ സ്ത്രീകൾ. ഇന്ത്യയിലെ മറ്റേതു സംസ്ഥാനത്തെയും അപേക്ഷിച്ച് അവരുടെ സ്ഥിതി മെച്ചമാണ്. എന്നാൽ സാമ്പത്തിക മേഖലയിലെ സ്ത്രീകളുടെ പങ്കാളിത്തവും സാമൂഹ്യപദവിയും പരിശോധിച്ചാൽ മറ്റ് സംസ്ഥാനങ്ങളിലേതു പോലെ കേരളത്തിലും സ്ത്രീകളുടെ നില പിന്നോക്കമാണ്. ജാതി അനാചാരങ്ങൾ വലിയ അളവു വരെ നിർത്തലാക്കുകയും പാവങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുകയും ചെയ്ത കേരളം ഏറ്റെടുക്കേണ്ട സുപ്രധാന സാമൂഹ്യചുമതല സ്ത്രീപുരുഷ സമത്വം കൈവരിക്കലാണ്.
6. വീണ്ടുവിചാരമില്ലാത്ത പ്രകൃതിവിഭവ ചൂഷണവും മലിനീകരണവും മൂലം നമ്മുടെ സംസ്ഥാനം പാരിസ്ഥിതിക തകർച്ച നേരിടുകയാണ്. പരിസ്ഥിതിയെ സംരക്ഷിച്ചുകൊണ്ട് ദ്രുതഗതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുക എന്നതായിരിക്കണം നമ്മുടെ ലക്ഷ്യം.

എന്നാൽ ശക്തിപ്പെട്ടു കൊണ്ടിരിക്കുന്ന ആഗോളവത്കരണപ്രക്രിയ കേരളത്തിന്റെ വികസനത്തിന് ഇന്നും വലിയ വെല്ലുവിളികൾ ഉയർത്തി നിൽക്കുകയാണ്. കേരളത്തിന്റെ കാർഷിക മേഖലയ്ക്കു വൻ ആഘാതങ്ങൾ സൃഷ്ടിച്ചേക്കാവുന്ന ആസിയാൻ കരാറിൽ കേന്ദ്രം ഒപ്പുവെച്ചിരിക്കുന്നു. ഈ കരാറിന്റെ ദോഷഫലങ്ങൾ കേരളം അനുഭവിക്കാനിരിക്കുന്നതേയുള്ളൂ. മാറിക്കൊണ്ടിരിക്കുന്ന ലോകസാഹചര്യത്തിൽ കൂട്ടായ ഇടപെടലിന്റെയും സാമൂഹ്യ നിയന്ത്രണങ്ങളുടെയും പ്രസക്തി പതിന്മടങ്ങു വർദ്ധിച്ചിരിക്കുകയാണ്.

പഠന കോൺഗ്രസിൽ അവതരിപ്പിച്ച വികസനരേഖ ചർച്ചകളുടെ അടിസ്ഥാനത്തിൽ വേണ്ട ഭേദഗതികളും കൂട്ടിച്ചേർക്കലുകളും നടത്തി സമ്പുഷ്ടമാക്കേണ്ടതുണ്ട്. ഈ രേഖകൾ പൂർണമായും പഠന കോൺഗ്രസിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കും. അവിടെയും ചർച്ചകൾക്ക് അവസരമുണ്ടായിരിക്കും. അവകൂടി പരിഗണിച്ചാണ് വികസനരേഖയ്ക്ക് അവസാനരൂപം നൽകുക. ഇത് മാർക്സിസ്റ്റ് സംവാദത്തിന്റെ മാർച്ച് ലക്കം പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കുന്നതാണ്.

കേരളത്തിന്റെ സാമ്പത്തിക വളർച്ച ഒരു പുതിയ വിതാനത്തിലേക്ക് ഉയർന്നു കഴിഞ്ഞു എന്ന് കോൺഗ്രസ് വിലയിരുത്തി. സാമ്പത്തിക വളർച്ചയുടെ നിരക്ക് അനുക്രമം ഉയരുകയാണ്. കഴിഞ്ഞ അഞ്ചുവർഷക്കാലത്ത് കേരളത്തിന്റെ സമ്പദ്ഘടനയുടെ വളർച്ച സ്ഥിരവിലയിൽ 10 ശതമാനമാണ്. ഇത് താമസിയാതെ 12–13 ശതമാനമായി ഉയരുമെന്നാണ് കണക്കുകൂട്ടൽ. ഈ വളർച്ചയിലെ വൈരുദ്ധ്യങ്ങളെ തിരിച്ചറിയുന്നതിനും അവ പരിഹരിക്കുന്നതിന് ഒരു ജനപക്ഷ വികസന പരിപാടിക്കു രൂപം നൽകുന്നതിനുമാണ് കോൺഗ്രസ് ശ്രമിച്ചത്.

ഇടതുപക്ഷം മുന്നോട്ടുവെയ്ക്കുന്ന ഈ വികസന പരിപാടിക്ക് സാമ്രാജ്യത്വ ആഗോളവത്കരണം വലിയ ഭീഷണി ഉയർത്തുന്നുണ്ട്. ആഗോള ധന മൂലധനത്തിനുമേലുള്ള ആശ്രിതത്വം വർദ്ധിക്കുന്നത് കേരളവും ഇന്ത്യയും പോലുള്ള വികസ്വരപ്രദേശങ്ങൾക്ക് സ്വതന്ത്രവികസനപാത തെരഞ്ഞെടുക്കുന്നതിനുള്ള സാധ്യതകൾ വെട്ടിച്ചുരുക്കുന്നു. എന്നാൽ ആഗോളവത്കരണം എല്ലാ ബദൽ സാധ്യതകളെയും ഇല്ലാതാക്കുന്നു എന്ന് ഇതിനർത്ഥമില്ല. നിലനിൽക്കുന്ന ലോക യാഥാർത്ഥ്യങ്ങളിൽ ഇടപെട്ടും സക്രിയമായി പ്രതികരിച്ചും മാത്രമേ ആഗോളവത്കരണത്തിനെതിരായ പോരാട്ടം മുന്നോട്ടു കൊണ്ടുപോകാനാകൂ. പ്രതിസന്ധിനിറഞ്ഞ സാമ്രാജ്യത്വ ചട്ടക്കൂടിനുള്ളിൽ കേരളത്തിന്റെ എല്ലാ വികസനപ്രശ്നങ്ങളും പരിഹരിക്കാം എന്ന വ്യാമോഹമില്ലാതെ തന്നെ അതിന്റെ പരിമിതിക്കുള്ളിൽനിന്ന് പരമാവധി പുരോഗതി നേടാനാവശ്യമായ ഒരു വികസന അജണ്ടയാണ് കോൺഗ്രസ് ചർച്ച ചെയ്തത്.

പഠനകോൺഗ്രസ് വിഭാവനം ചെയ്യുന്ന ഈ ഭാവി പരിപാടിയുടെ വിജയത്തിന്റെ നിർണായകമായ ഒരു മുന്നുപാധി കേരള സമൂഹത്തിന്റെ മതനിരപേക്ഷതയാണ്. മതം രാഷ്ട്രീയത്തിലും രാഷ്ട്രീയം മതത്തിലും ഇടപെടാത്ത തരത്തിലുള്ള മതനിരപേക്ഷത ഉയർത്തിക്കൊണ്ടുള്ള പ്രവർത്തനം കേരളീയ സമൂഹത്തിൽ കൂടുതൽ ശക്തമായി നടത്തേണ്ടതുണ്ട്.

ഉപഭോക്തൃ സേവനത്തുറകളെ അടിസ്ഥാനമാക്കിയുള്ളതാണ് ഇപ്പോൾ ഉണ്ടായിക്കൊണ്ടിരിക്കുന്ന വളർച്ച. ഉൽപാദനമേഖലകളുടെ അടിത്തറയും വളർച്ചയും ശക്തിപ്പെടുത്തേണ്ടതുണ്ട്. അഭ്യസ്തവിദ്യരായ യുവജനങ്ങളുടെ പ്രതീക്ഷകൾക്കനുസൃതമായ തൊഴിലവസരങ്ങൾ വേണ്ടതോതിൽ തുറക്കുക എന്നതും ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യമാണ്. കൂടുതൽ മത്സരശേഷിയുള്ളതും അനുയോജ്യവുമായ വിജ്ഞാനാധിഷ്ഠിത വ്യവസായങ്ങൾ, സേവന പ്രധാനമായ വ്യവസായങ്ങൾ, വൈദഗ്ധ്യാധിഷ്ഠിത വ്യവസായങ്ങൾ, കാർഷിക-ഖനിജ മൂല്യവർദ്ധിത ഉൽപ്പന്ന വ്യവസായങ്ങൾ എന്നിവയിൽ ഊന്നണം. ഇതിനുവേണ്ടി മൂർത്തമായൊരു കർമ്മപരിപാടി കോൺഗ്രസ് അംഗീകരിച്ചു.

മേൽപ്പറഞ്ഞ മേഖലകളിലെല്ലാം ഫലപ്രദമായ സർക്കാർ പ്രോത്സാഹനവും നേതൃത്വവും അനിവാര്യമാണ്. അതോടൊപ്പം വലിയതോതിൽ സ്വകാര്യ മൂലധനനിക്ഷേപം ആകർഷിക്കേണ്ടതുണ്ട്. കേരളത്തിലെ പൊതുമേഖലകൾ മുഴുവൻ ലാഭത്തിലാക്കാൻ കഴിഞ്ഞതോടെ കേരളത്തിൽ നിക്ഷേപസൗഹൃദ അന്തരീക്ഷമില്ല എന്ന വാദം പൊളിഞ്ഞു.

പുത്തൻ വളർച്ചാമേഖലകളിൽ ശ്രദ്ധേയമായ വളർച്ച സമീപവർഷങ്ങളിൽ നേടാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും മുന്നോട്ടുപോകേണ്ടതുണ്ട്. ഇങ്ങനെ

യുള്ള പുതിയ സമീപനങ്ങളോടും നിർദ്ദേശങ്ങളോടും ബന്ധപ്പെട്ട് സംവാദങ്ങൾ അനിവാര്യമാണ്. എന്നാൽ, ഇവ വിവാദങ്ങളായി പരിണമിച്ച് വികസന സാദ്ധ്യത കളെ കൊട്ടിയടയ്ക്കുന്ന അനുഭവങ്ങൾ വൈദ്യുതി, ടൂറിസം, റോഡ്, വിവര-വിനിമയ സാങ്കേതികവിദ്യ തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ടുണ്ടായത് സമ്മേ ളനത്തിൽ ചർച്ചചെയ്തു. വിവാദമല്ല സംവാദമാണ് ആവശ്യം. പൊതുധാരണകളുടെ അടിസ്ഥാനത്തിൽ പ്രവർത്തനപഥത്തിലേക്ക് നീങ്ങുകയാണ് വേണ്ടത്. ഇതിനായി കേരളത്തിലെ രാഷ്ട്രീയപാർട്ടികൾ, നയ രൂപീകരണവക്താക്കൾ, മാധ്യമങ്ങൾ തുടങ്ങിയവർക്കി ടയിൽ ഒരു സമന്വയം അടിയന്തിരമായി ഉണ്ടാക്കേണ്ട തുണ്ട്. അതിന് നേതൃത്വം നൽകാൻ കേരളത്തിലെ ഇടതുപക്ഷത്തിന് കഴിയുമെന്നുള്ള ആത്മവിശ്വാസ മുണ്ട്. നിരുത്തരവാദപരമായ രാഷ്ട്രീയ മുതലെടുപ്പ് അവസാനിപ്പിക്കാൻ തയ്യാറായാൽ പരിസ്ഥിതിയുടെ യും തൊഴിലവകാശങ്ങളുടെയും പുനരധിവാസത്തി ന്റെയും പ്രശ്നങ്ങൾ പരിഹരിച്ചുകൊണ്ട് വികസന പദ്ധതികൾ നടപ്പാക്കാനാകും.

മേൽപ്പറഞ്ഞ വ്യവസായക്കുതിപ്പ് ഉറപ്പുവരുത്ത ണമെങ്കിൽ കേരളത്തിലെ പശ്ചാത്തല സൗകര്യങ്ങൾ ദ്രുതഗതിയിൽ വികസിക്കേണ്ടതുണ്ട്. വല്ലാർപ്പാടം ക ണ്ടെനിയർ ടെർമിനൽ, എൽഎൻജി ടെർമിനൽ, പ്രകൃ തിവാതക ശൃംഖല, കൊച്ചി മെട്രോ, കണ്ണൂർ എയർ പോർട്ട്, താപ-ജലവൈദ്യുതി നിലയങ്ങൾ, വിഴിഞ്ഞം ഹാർബർ, ദേശീയപാതകളും സംസ്ഥാന പാതകളും നാലുവരിയാക്കൽ, തെക്കു-വടക്ക് അതിവേഗ റെയിൽ വെ തുടങ്ങിയവ പൂർത്തിയാക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ വയിൽ സ്വകാര്യ പങ്കാളിത്തമാകാമെങ്കിലും നമ്മുടെ ഗ്രാമ-ബ്ലോക്ക്-ജില്ലാ സംസ്ഥാനതല റോഡുകളുടെ അതിബൃഹത്തായ ശൃംഖല നവീകരിക്കുന്നതിന് സർ ക്കാർതന്നെ മുതൽമുടക്കണം. ഇതിനായി അടുത്ത അഞ്ചുവർഷം 10,000 കോടിയോളം രൂപയുടെ നിക്ഷേ പം വേണ്ടിവരും. യാഥാസ്ഥിതിക ധനനയംവെടിഞ്ഞ് വികസനോന്മുഖ ധനനയം സ്വീകരിച്ചാൽ മാത്രമേ ഇതിന് ആവശ്യമായ വിഭവങ്ങൾ കണ്ടെത്താൻ കഴി യൂ. ഒപ്പം നിർമ്മാണരംഗത്ത് ഇന്ന് നേരിടുന്ന പ്രശ്ന ങ്ങൾ, വിശേഷിച്ചും നിർമ്മാണ സാമഗ്രികളുടെ ക്ഷാമം, പരിഹരിക്കുന്നതിന് ഹ്രസ്വ-ദീർഘകാല പരിപാടികൾ ആവിഷ്കരിക്കേണ്ടതുണ്ട്.

പുതിയൊരു വികസനോന്മുഖ ധനനയത്തിനു കേ രളത്തിൽ തുടക്കംകുറിക്കാൻ കഴിഞ്ഞിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ യാഥാസ്ഥിതിക ധനനയമാണ് ഇതു നേരിടുന്ന ഏറ്റവും പ്രധാന പ്രശ്നം. കേരളത്തിന്റെ പശ്ചാത്തലസൗകര്യ പാക്കേജിന് 10,000 കോടി രൂപ യെങ്കിലും വായ്പയെടുക്കാൻ കേന്ദ്രസർക്കാർ അനു വദിക്കണം. കേരളം കടക്കെണിയിലാണെന്നും മറ്റു മുള്ള വാദങ്ങൾ പഠന കോൺഗ്രസ് തള്ളിക്കളഞ്ഞു. വ്യവസ്ഥാപിതമായ മാനദണ്ഡങ്ങൾ അനുസരിച്ച് അനുവദനീയമായതിലും ഏറെ താഴെയാണ് കേരള ത്തിന്റെ ഇന്നത്തെ കടബാധ്യത. ഒപ്പം, കടഭാരം സം ബന്ധിച്ച സാമ്പത്തികശാസ്ത്രത്തിലെ തീർപ്പുകളുടെ അടിസ്ഥാനത്തിൽ പരിശോധിക്കുമ്പോൾ മൂലധനച്ചെ ലവിനായി ഇപ്രകാരം വായ്പയെടുക്കുന്നതുകൊണ്ട് ഒരു തകരാറും വരാനുമില്ല. കേരളത്തിന്റെ റവന്യൂ വരുമാനവും ഗണ്യമായി ഉയരുന്നതിനുള്ള സാധ്യത കൾ നിലനിൽക്കുകയാണ്.

വളരുന്ന സാമ്പത്തിക അസമത്വമാണ് ഇന്നത്തെ സാമ്പത്തിക വളർച്ചയുടെ പ്രമുഖ ദൗർബല്യം. താഴേ ക്കിടയിലുള്ള 30 ശതമാനം ജനങ്ങളുടെ ജീവിതനില വാരം ഭീഷണി നേരിടുകയാണ്. ഇതിന്റെ പശ്ചാത്ത ലത്തിൽ സാധാരണക്കാരെ മുഴുവൻ ഉൾപ്പെടുത്തുന്ന ഒരു സമഗ്ര സാമൂഹ്യ സുരക്ഷാ പദ്ധതിക്ക് പഠന കോൺഗ്രസ് രൂപം നൽകി. ജനനംമുതൽ മരണംവ രെ സാധാരണക്കാരെ സംരക്ഷിക്കുന്ന ഒരു ക്ഷേമ സമൂഹമായി കേരളം മാറണം. ഏറ്റവും അടിയന്തിര മായി ഏറ്റെടുക്കേണ്ട ഒരു കാര്യമാണിത്. ഇതുമായി ബന്ധപ്പെട്ട് ദളിതർ, ആദിവാസികൾ, മത്സ്യത്തൊഴിലാ ളികൾ തുടങ്ങിയ ദുർബ്ബല വിഭാഗങ്ങളുടെ പ്രശ്നങ്ങൾ, ലിംഗനീതിയുടെ പ്രശ്നങ്ങൾ എന്നിവ ചർച്ചചെയ്യ പ്പെട്ടു. വ്യത്യസ്ത ശേഷികളുള്ള ജനവിഭാഗങ്ങളുടെ പ്രശ്നങ്ങളാണ് പഠനകോൺഗ്രസ് വിശദമായി ചർ ച്ചചെയ്ത മറ്റൊരു മേഖല. എല്ലാവർക്കും ഭക്ഷ്യസു രക്ഷ, ആരോഗ്യസുരക്ഷ, വീട്, കുടിവെള്ളം, വെളിച്ചം, ശുചിത്വം എന്നതാവണം കേരളത്തിന്റെ ലക്ഷ്യമെന്ന് പഠന കോൺഗ്രസ് വിലയിരുത്തി.

പ്രവാസി മലയാളികളുടെ ക്ഷേമത്തിനും സുര ക്ഷയ്ക്കുമായി ഇതുവരെ സ്വീകരിച്ച നടപടികളുടെ പോരായ്മയും കേരളത്തിന്റെ വികസനത്തിന് പ്രവാ സത്തിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴി യാത്തതിന്റെ പ്രശ്നങ്ങളും പഠനകോൺഗ്രസ് ചർച്ച ചെയ്തു. നയ രൂപീകരണത്തിൽ ഈ രംഗത്ത് സമീപ ഭാവിയിൽത്തന്നെ വലിയ മാറ്റങ്ങൾ അനിവാര്യമാണ്.

പാവങ്ങൾക്ക് സംരക്ഷണം നൽകുന്നതിനൊപ്പം തന്നെ അവർ പണിയെടുക്കുന്ന പരമ്പരാഗത വ്യവ സായങ്ങൾ, കൃഷി, മത്സ്യബന്ധനം, മൃഗപരിപാലനം തുടങ്ങിയ മേഖലകളെ സംരക്ഷിക്കേണ്ടതുണ്ട്. 1999 -2004 ലെ കാർഷികത്തകർച്ചയുടെ കെടുതിയിൽനിന്ന് കഴിഞ്ഞ വർഷം മുതലാണ് കേരളം കരകയറിത്തുട ങ്ങിയത്. ഈ അനുകൂല സാഹചര്യത്തിൽ കേരളത്തി ലെ ഭക്ഷ്യസുരക്ഷാ പരിപാടി കൂടുതൽ ഫലപ്രദമായി നടപ്പാക്കുകയും നാണ്യവിളകളുടെ ഉൽപാദനക്ഷമത ഉയർത്തുകയും കൃഷിക്കാർക്ക് വിലസ്ഥിരത ഉറപ്പുവ രുത്തുകയും ചെയ്യുന്ന ഒരു കർമ്മപരിപാടിക്ക് രൂപം നൽകേണ്ടതുണ്ട്. മണ്ണ്-ജല സംരക്ഷണത്തിനും വിള പരിപാലനത്തിനും ജനകീയ സംവിധാനങ്ങൾ വ്യാ പിപ്പിക്കണം. പരമ്പരാഗത വ്യവസായങ്ങളുടെ സമയ ബന്ധിതമായ ആധുനികവൽക്കരണം പ്രധാനമാണ്.

ഇന്ത്യയിലെ മൈക്രോ ഫിനാൻസ് രംഗത്തെ കോർപ്പറേറ്റ്വത്കരണത്തിന്റെ പശ്ചാത്തലത്തിൽ കുടുംബശ്രീ വ്യത്യസ്തമായ ഒരു ജനകീയ മാതൃക

ഉയർത്തിപ്പിടിക്കുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോട് ബന്ധപ്പെടുത്തി സ്ത്രീ ശാക്തീകരണത്തിന് ഊന്നൽനൽകി എങ്ങനെ മൈക്രോക്രെഡിറ്റും ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളും നടപ്പാക്കാം എന്നതിന് കുടുംബശ്രീ മാതൃകയാവുകയാണ്. ഇതിനകം ബാങ്കേതര ധനകാര്യ ഏജൻസിയായി രജിസ്ട്രേഷന് അപേക്ഷ സമർപ്പിച്ചിട്ടുള്ള ജനശ്രീ തികച്ചും പ്രതിലോമകരമാണെന്ന് ആന്ധ്രയുടെ അനുഭവത്തിന്റെ പശ്ചാത്തലത്തിൽ പഠന കോൺഗ്രസ് വിലയിരുത്തി.

പരിസ്ഥിതി സൗഹൃദ സമീപനത്തിന്റെ കാര്യത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട് എന്ന് കോൺഗ്രസ് വിലയിരുത്തി. ഉയർന്ന വളർച്ച സ്ഥായിയാക്കാൻ ഇത് കുടിയേ തീരു. എല്ലാ മേഖലകളിലെയും ലിംഗനീതിയുടെ പ്രശ്നങ്ങളും കോൺഗ്രസ് ചർച്ച ചെയ്തു. കേരളത്തിൽ അടുത്തതായി നടക്കേണ്ട സാമൂഹ്യമാറ്റത്തിന്റെ ഏറ്റവും പ്രധാനമായ പ്രശ്നം ലിംഗനീതിയുടേതാണ്.

വൈജ്ഞാനിക സമൂഹമായി കേരളം മാറേണ്ടത് നമ്മുടെ വികസന സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിന് അത്യന്താപേക്ഷിതമാണ്. വിദ്യാഭ്യാസ-ആരോഗ്യ മേഖലകൾക്ക് കേരളം നൽകിക്കൊണ്ടിരുന്ന മുൻഗണന തുടരണം. ഇടക്കാലത്തുവന്ന അവഗണന തിരുത്തുന്നതിന് ഈ മേഖലയിലെ നിക്ഷേപം സമീപകാലത്ത് ഗണ്യമായി ഉയർത്തുകയുണ്ടായി. ഈ സമീപനം ശക്തിപ്പെടുത്തണം. ഉന്നത വിദ്യാഭ്യാസമേഖലയിൽ വലിയതോതിൽ മുതൽമുടക്ക് കൂടിയേതീരു. സ്കൂൾ വിദ്യാഭ്യാസത്തിന്റെയും പ്രാഥമിക ആരോഗ്യ സൗകര്യങ്ങളുടെയും ഗുണനിലവാരത്തിലുണ്ടായ വലിയ ഉയർച്ച ഇനിയും മുന്നോട്ടുകൊണ്ടുപോകണം. ആരോഗ്യകരമായ കായിക സംസ്കാരത്തിനായി ആവിഷ്കരിച്ച സ്കീമുകൾ സമയബന്ധിതമായി നടപ്പാക്കപ്പെടണം.

മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പിലാക്കുന്നതിന് നിർണ്ണായക പങ്ക് സർക്കാരിനുണ്ട്. ഇതിന് സർക്കാരിന്റെ വിഭവശേഷി ഗണ്യമായിട്ടുയരണം. അതോടൊപ്പം കർമ്മശേഷിയിലും സമൂലമാറ്റം വേണ്ടതുണ്ട്. വിവിധ ഭരണ മേഖലകളിലെ പരിഷ്കാരങ്ങളെക്കുറിച്ച് കോൺഗ്രസ് വിലയിരുത്തി. അവയെല്ലാം സംയോജിപ്പിച്ച് ഒരു സമഗ്ര ഭരണപരിഷ്കാര സമയബന്ധിത പരിപാടി ആവിഷ്കരിക്കുകയാണ് ഇനിയുള്ള ലക്ഷ്യം. ഈ കടമ ഇനി നീട്ടിവയ്ക്കാനാകില്ല. സ്വതന്ത്ര സോഫ്റ്റ്വെയറിനെ അടിസ്ഥാനമാക്കിയുള്ള ഈ ഗവേണൻസാണ് കേരളം ലക്ഷ്യമിടേണ്ടത്. സമഗ്ര നിയമപരിഷ്കാര നടപടികൾ സ്വീകരിക്കേണ്ടതിന്റെ പ്രാധാന്യവും പഠനകോൺഗ്രസ് വിലയിരുത്തി. ഭരണപരിഷ്കാരരംഗത്തെ ഏറ്റവും പ്രധാന കാൽവയ്പായി അധികാരവികേന്ദ്രീകരണരംഗത്തെ ഇതുവരെയുള്ള നേട്ടങ്ങളെ കണക്കാക്കണം. എന്നാൽ ജനപങ്കാളിത്തം ഉറപ്പാക്കിയും ഉദ്യോഗസ്ഥ പുനർവിന്യാസം പൂർത്തിയാക്കിയും വികസന വകുപ്പുകളുടെ വിവിധതലങ്ങളിലെ ഏകോപനം സാധ്യമാക്കിയും ഈ രംഗത്തെ കടമകൾ പൂർത്തിയാക്കേണ്ടതുണ്ട്.

ഭരണസംവിധാനംപോലെ വികസനത്തിൽ സുപ്രധാനപങ്ക് കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിനും വഹിക്കാനുണ്ട്. വൈദ്യനാഥൻ കമ്മിറ്റി റിപ്പോർട്ട് തിരസ്കരിക്കുമ്പോൾതന്നെ കേരളത്തിലെ സഹകരണ പ്രസ്ഥാനത്തിന്റെ പുനഃസംഘടന സുപ്രധാന കടമയാണെന്ന് വിലയിരുത്തി.

പുത്തൻ വികസന സംസ്കാരത്തിന്റെ ആവശ്യകത ഇ എം എസ് പല വട്ടം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. രാഷ്ട്രീയഭേദങ്ങൾ നിലനിൽക്കും. ആഗോള വൽക്കരണ പരിഷ്കാരങ്ങളോടുള്ള എതിർപ്പും തുടരും. എന്നാൽ അതേ സമയം സംസ്ഥാനത്തിന്റെ വികസനത്തിന് പ്രായോഗികമായ ഒരു പരിപാടിയുടെ അടിസ്ഥാനത്തിൽ വിപുലമായ യോജിപ്പ് വളർത്തിയെടുക്കാൻ കഴിയണം. ഇത്തരമൊരു സമീപനത്തിന് ജനാധിപത്യപരവും മതനിരപേക്ഷവുമായ സംസ്കാരം അത്യന്താപേക്ഷിതമാണ്. സാംസ്കാരിക മണ്ഡലത്തിലെ പ്രശ്നങ്ങൾ, പ്രത്യേകിച്ച് മാധ്യമ മേഖലയെക്കുറിച്ച് പഠനകോൺഗ്രസ് വിശദമായി ചർച്ചചെയ്യുകയുണ്ടായി. സമവായങ്ങൾ രൂപപ്പെടുത്തുന്നതിൽ മാധ്യമങ്ങൾക്കും സുപ്രധാനമായ പങ്കുണ്ട്. മാധ്യമരംഗത്തെ അനാരോഗ്യകരമായ മത്സരവും നിക്ഷിപ്തതാൽപര്യങ്ങളും ഇതിനു തടസ്സം നിൽക്കരുത്.

പഠനകോൺഗ്രസ് മുന്നോട്ടുവെച്ച വികസന പരിപാടിയുടെ അടിത്തറ നിലവിലുള്ള ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാർ സൃഷ്ടിച്ചുകഴിഞ്ഞു. ഇതിനുള്ള തുടർച്ചയാണ് ഇനി വേണ്ടത്. ഈ തുടർച്ച ഉറപ്പുവരുത്തുന്ന രാഷ്ട്രീയ പൊതുജനാഭിപ്രായം ഉണ്ടാകണം.

(ചിന്ത വാരിക)

# കേരള വികസന അജണ്ട

## തുടർ അദ്ധ്യായങ്ങൾ




MG ROAD, **TRIVANDRUM** T: 0471 2461631, 2463645 | LMS JUNCTION, **ATTINGAL** T: 0470 2626777, 2620777
CENTRAL JUNCTION, **ADOOR** T: 04734 223310, 223320 | AVVAI SHANMUGHAM SALAI, MEENAKSHIPURAM, **NAGERCOIL** T: 04652 224466, 224486
S.V. MALL, PAMMAM, **MARTHANDAM** T: 04651 272182, 272183 | 137, WEST MASI STREET, **MADURAI** T: 0452 4231500, 4231600

**SHOWROOMS OPEN ON ALL SUNDAYS**

അധ്യായം 27

# പരിസ്ഥിതിയും സുസ്ഥിരവികസനവും

ഇന്നത്തെ മൂന്നരക്കോടി മലയാളികൾക്കു മാത്രമല്ല, വരാൻപോകുന്ന തലമുറകൾക്കും വാസയോഗ്യമായ ഭൂപ്രദേശമായി കേരളത്തെ സംരക്ഷിക്കേണ്ടതുണ്ട്. കേരളത്തിന്റെ പാരിസ്ഥിതികവും സാമൂഹികവുമായ സവിശേഷതകളാണ് നമ്മുടെ നാടിനു ദൈവത്തിന്റെ സ്വന്തം നാട് (God's Own Coutnry) എന്ന വിശേഷണം ലഭിക്കാൻ ഇടയാക്കിയത്. സുഖദമായ കാലാവസ്ഥയും ഉല്ലാസദായകമായ ജലമേഖലയും മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ മൂന്നു സ്വാഭാവിക ഭൌമമേഖലകളിലായി പരിലസിക്കുന്ന വ്യതിരിക്തമായ ജൈവസമ്പത്തും കൊണ്ട് അനുഗ്രഹീതമാണ് കേരളം. വൃക്ഷലതാദികളാൽ ഹരിതാഭമായ കുന്നുകളും ജലസമൃദ്ധമായ താഴ്വാരങ്ങളും ഇടകലർന്നതാണ് കേരളത്തിന്റെ സൂക്ഷ്മ പരിസ്ഥിതി. നിയന്ത്രിതമായ ജീവിതവൃത്തിയും വിനാശകമല്ലാത്ത വികസന ഇടപെടലുകളും താങ്ങുന്നതിന് ഇവിടത്തെ പരിസ്ഥിതിക്ക് ഉയർന്ന വാഹക ശേഷിയാണുള്ളത്. എന്നാൽ ആർത്തിപിടിച്ച വിഭവക്കൊള്ളയും കടന്നുകയറ്റങ്ങളും താങ്ങാനുള്ള കരുത്ത് ഈ പ്രകൃതിക്ക് ഇല്ലതാനും. അതുകൊണ്ടുതന്നെ നമ്മുടെ സംസ്ഥാനത്തെ വികസനപ്രവൃത്തികൾ, ഇവിടത്തെ സവിശേഷമായ പാരിസ്ഥിതിക വ്യവസ്ഥകളുടെ സ്വാംശീകരണ ശേഷിയും ആഘാതങ്ങൾ താങ്ങുന്നതിനുള്ള കഴിവും കണക്കിലെടുത്തുകൊണ്ടുമാത്രം ആസൂത്രണം ചെയ്യേണ്ടതുണ്ട്.

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യമാണ് മനുഷ്യ വികാസത്തിനും പ്രകൃതിയുടെ നിലനിൽപ്പിനും ആധാരം. മൂലധനത്തിന്റെ ആർത്തി പൂണ്ട താൽപര്യങ്ങളാണ് ഈ പാരസ്പര്യം തകർത്ത് പ്രകൃതി നാശത്തിനും ദുരന്തങ്ങൾക്കും വഴി വയ്ക്കുന്നത്. പ്രകൃതി വിഭവങ്ങളുടെ നേരിട്ടുള്ള കൊള്ളയ്ക്കുതകുന്ന നയങ്ങളാണ് കേന്ദ്ര കേരള സർക്കാരുകൾ കൈക്കൊള്ളുന്നത്. വിഭവകൊള്ളയിലൂന്നിയ വികസന രീതിയുടെ ഇരയായി കേരളം മാറിക്കഴിഞ്ഞു. പ്രകൃതി വിഭവങ്ങൾ വിനിയോഗപ്പെടുത്തി തന്നെയാണ് മുന്നോട്ട് പോകേണ്ടത്. എന്നാൽ അത് മൂലധനത്തിന്റെ ലാഭയുക്തിക്ക് കീഴടങ്ങിയല്ല, മറിച്ചു പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യത്തിന് അനുഗുണമായി വേണം വികസന നയം രൂപപ്പെടുത്തേണ്ടത്. ഇതിനു കടക വിരുദ്ധമാണ് ഇന്ന് കേരളത്തിൽ നടക്കുന്ന കാര്യങ്ങൾ. ഈ നയങ്ങൾ കേരളത്തെ വാസയോഗ്യമല്ലാത്ത ഭൂമിയായി മാറ്റും.

## 1. കേരളത്തിന്റെ പ്രകൃതി സവിശേഷതകൾ

രാജ്യത്തിന്റെ ഭൂ വിസ്തൃതിയുടെ 1.8 ശതമാനം വരുന്ന കേരളത്തിന്റെ ജനസംഖ്യ ഇന്ത്യൻ ജനതയുടെ 2.76 ശതമാനമാണ്. രാജ്യത്തെ ജനസാന്ദ്രതയുടെ ഏതാണ്ട് മൂന്ന് മടങ്ങാണ് കേരളത്തിന്റെ ജനസാന്ദ്രത. 11309 sq. KM ആണ് ഔദ്യോഗിക രേഖകൾ പ്രകാരമുള്ള വന വിസ്തൃതി. ഇത് ഭൂ വിസ്തൃതിയുടെ 29.09 ശതമാനം വരും. ഇത് ദേശീയ ശരാശരിയായ 19.5നേക്കാൾ ഗണ്യമായി ഉയർന്നതാണ്. ഈ വന വിസ്തൃതിയുടെ ഗുണ നിലവാരം സംബന്ധിച്ച തർക്കം

ഉണ്ട് . അത് കാണാതിരിക്കുന്നില്ല. ഇങ്ങനെ ഉയർന്ന വന വിസ്തൃതിയും മറ്റും നമ്മുടെ നാടിനെ കൂടുതൽ നല്ല പ്രദേശമാക്കി നിലനിർത്തുന്നതിൽ നിർണ്ണായ കമായ പങ്ക് വഹിക്കുന്നുണ്ട്. ജലാശയങ്ങളുടെ വിസ്തൃതി ഏതാണ്ട് 160590 ഹെക്ടർ ആണ്(1605.9.sq. KM). ഇത് ഭൂ വിസ്തൃതിയുടെ 4.1 ശതമാനം വരും. പശ്ചിമഘട്ട മലനിരകളിൽ നിന്നും അറബിക്കടൽ തീരത്തേക്ക് ചാഞ്ഞിറങ്ങുന്ന ഭൂപ്രകൃതി. 1500 മീറ്റർ ഉയരത്തിൽ നിന്നും സമുദ്രനിരപ്പിലേക്ക് .. ശരാശരി വീതി ഏതാണ്ട് 80 കി.മീറ്റർ മാത്രം എന്ന് വരുമ്പോൾ എത്ര മാത്രം ചരിഞ്ഞ പ്രകൃതിയാണ് നമ്മുടെ നാടിന്റേത് എന്ന് വ്യക്തം. ദേശീയ ശരാശരിയേക്കാൾ ഏതാണ്ട് മൂന്നിരട്ടി മഴ കിട്ടുന്ന നാട്. 120140 ദിവസം മഴയാണ്. ഈ പ്രത്യേകതകൾക്കു അനുസരിച്ചാണ് നമ്മുടെ നാടിന്റെ ഭൂ പ്രകൃതിയും മറ്റും രൂപപ്പെട്ടിട്ടുള്ളത്. മലനാട്, ഇടനാട്, തീരനാട് എന്നിവയാണ് കേരളത്തിന്റെ പ്രകൃതി രൂപങ്ങൾ. പശ്ചിമഘട്ട മലനിരകളിൽ നിന്നും ഉത്ഭവിക്കുന്ന നദികൾ ഇടനാടും കടന്ന് തീരത്തേക്ക് എത്തുകയാണ്. ഇടനാട്ടിലെ വയലുകളും മറ്റും പ്രകൃതിക്ക് ഇണങ്ങുന്ന വിധം മനുഷ്യർ നടത്തിയ ഇടപെടലുകളാണ്. അത് ജല സമൃദ്ധിക്കും ജല സംരക്ഷണത്തിനുമെല്ലാം ഹേതുവായി. മനുഷ്യൻ പ്രകൃതിയുമായി പ്രതിപ്രവർത്തിക്കുമ്പോൾ അത് പരസ്പരം പുന നിർമ്മിക്കുന്നതെങ്ങിനെ എന്നതിന് നല്ല ഉദാഹരണമാണിത്. ഈ വ്യത്യസ്ത ഭൂപ്രദേശങ്ങളിൽ അധിവസിച്ച ജനങ്ങൾ തമ്മിലുള്ള വിവിധങ്ങളായ വിനിമയങ്ങളാണ് കേരളത്തിലെ സമൂഹനിർമ്മിതിക്ക് ആധാരം എന്നും കാണേണ്ടതുണ്ട്.

## പാരിസ്ഥിതികാഘാതങ്ങൾ

സമൂഹവും പ്രകൃതിയും തമ്മിലുള്ള ബന്ധത്തിലുണ്ടായ വലിയ മാറ്റങ്ങളുടെ അനുരണനങ്ങളായി കേരളത്തിലെ പരിസ്ഥിതിയിൽ ത്വരിതമായ വ്യതിയാനങ്ങളാണ് ഇപ്പോഴും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ജനസംഖ്യാ വർദ്ധനവ് അതിന്റെ ഉയർന്ന സന്തുലനനിലയിലെത്തി നിന്നപ്പോൾ, കേരളത്തിന് നമ്മുടെ ഭൂമിയുടെ ഉയർന്ന ഉത്പാദന ശേഷിയെയും വെല്ലുന്ന ജനസാന്ദ്രതയേയാണ് കൈകാര്യം ചെയ്യേണ്ടതായി വന്നിട്ടുള്ളത്. 1980കൾവരെ ഭക്ഷ്യവിളകളും, (ദേശീയ അന്തർദേശീയ വിപണികളുമായി ബന്ധപ്പെട്ടു നിൽക്കുന്ന) നാണ്യവിളകളും ഒരുപോലെയടങ്ങിയ ഒരു കാർഷിക സമ്പദ് വ്യവസ്ഥയുടെ വികസനം ഒട്ടേറെ പാരിസ്ഥിതിക വ്യതിയാനങ്ങൾക്ക് നിദാനമായി. ജലസേചന വൈദ്യുതോത്പാദന സംവിധാനങ്ങളുടെ വളർച്ച നമ്മുടെ നദികളിലും വനങ്ങളിലും ജലവ്യവസ്ഥയിലൊട്ടാകെയും പ്രത്യാഘാതങ്ങളുണ്ടാക്കി. വിവിധ തുറകളിലുള്ള വ്യവസായവികസന നിക്ഷേപങ്ങൾ പരിസ്ഥിതിയിലുണ്ടാക്കിയ ആഘാതം പ്രകൃതിവിഭവങ്ങളുടെ അമിത ചൂഷണത്തോടൊപ്പം വായുജലമലിനീകരണങ്ങൾക്ക് വേഗത കൂട്ടുന്നതിനും ഇടയാക്കി. എന്നാൽ വികസനപ്രവർത്തനങ്ങളുടെ ഭാഗമായുണ്ടാകുന്ന ദോഷകരമായ എല്ലാ പാരിസ്ഥിതിക പ്രത്യാഘാതങ്ങളെയും, അതുകൊണ്ടുള്ള ദുരിതങ്ങൾ അത്യാഹിതങ്ങളായി മാറാത്തിടത്തോളം കാലം, അവ നമുക്ക് ഒഴിച്ചുകൂടാനാകാത്ത മാറ്റങ്ങൾ മാത്രമാണെന്നു മൃദുവായി ചിത്രീകരിക്കപ്പെട്ടു.

കാർഷിക, വ്യാവസായിക സമ്പദ് വ്യവസ്ഥകളുടെ വികസനത്തിന്റെ ഭാഗമായി ഉടലെടുത്ത പാരിസ്ഥിതിക പ്രശ്നങ്ങളോടൊപ്പം കേരളത്തിലെ കെട്ടിടനിർമ്മാണത്തിലെ അഭൂതപൂർവമായ വികാസവും ഉപഭോക്തൃ സംസ്ക്കാര വളർച്ചയും ബഹുമുഖമായ ആഘാതങ്ങളാണ് നമ്മുടെ പരിസ്ഥിതിയിൽ ഉണ്ടാക്കിയത്. കേരളത്തിന്റെ സ്വഭാവത്തിൽ വന്നിരിക്കുന്ന ഈ മാറ്റം നാം കാണണം. ചിലത് സാമൂഹിക പുരോഗതിയുടെ സ്വാഭാവിക പ്രതിഫലനമാണ്. എന്നാൽ പലതും രാജ്യത്ത് നടപ്പിലാക്കുന്ന നയങ്ങളുടെ പ്രതിഫലനമാണ് എന്ന് മനസ്സിലാക്കിയേ ഒരു ബദൽ ഇടപെടൽ നടത്താൻ കഴിയൂ. ഐക്യ കേരള രൂപീകരണ സമയത്ത് കേരള സമ്പദ്ഘടനയിൽ കൃഷിയുടെ പങ്ക് ഏതാണ്ട് 60 ശതമാനം വരുമായിരുന്നു. ഇന്ന് അത് 10 ശതമാനത്തിൽ താഴെയാണ്. സേവന മേഖല ഏതാണ്ട് 70 ശതമാനം വരും. നിർമ്മാണം, റിയൽ എസ്റ്റേറ്റ് എന്നിവയുടെ പങ്കും കാര്യമായി ഉയർന്നിരിക്കുന്നു. സമ്പദ് വ്യവസ്ഥയുടെ മുഖ്യഘടകമായ കെട്ടിട നിർമ്മാണമേഖലയിൽ ദൃശ്യമായ കുതിപ്പ് ഭൂമിയുടെ വിലവർദ്ധനവായും ഭൂമി ഉപയോഗത്തിലെ മാറ്റമായും പ്രതിഫലിച്ചു. ഇത് വയലുകളുടെയും തണ്ണീർ തടങ്ങളുടെയും നികത്തലിനും പാറയുടെയും മണലിൻറേയും ഉയര്ന്ന നിരക്കിലുള്ള ഖനനത്തിനും കാരണമായി.. ഭൂമി കൃഷിക്കോ ,അനുബന്ധ പ്രവർത്തനങ്ങൾക്കോ ഉള്ള ഒന്നല്ല, മറിച്ചു ഊഹക്കച്ചവടത്തിന്റെ ഉപാധിയായി മാറിയിരിക്കുന്നു.

കേരളത്തിന്റെ സവിശേഷമായ ഗ്രാഗര (ഞൗയമി) വ്യവസ്ഥയ്ക്കു പകരം നഗരവത്കരണം ശക്തിപ്രാപിക്കുകയാണ്. ഇവിടെ നഗരവല്കരണംകൊണ്ട് വാസസ്ഥാനത്തിന്റെ മാറ്റത്തെ മാത്രമ ല്ല പ്രത്യേകതരം ഉപഭോഗ ആസക്തിയേയും വിഭവ വിനിയോഗരീതിയേയും അടയാളപ്പെടുത്തുന്നത്. 2011–ലെ കനേഷുമാരി കണക്കുകൾ പ്രകാരം നമ്മുടെ ആകെ ജനസംഖ്യയിൽ(333.9 ലക്ഷം) 46 ശതമാനം (159.3 ലക്ഷം) നഗരവാസികളായിരുന്നു. 2001 ലെ 82.7 ലക്ഷത്തിൽ നിന്നാണ് ഈ വളർച്ച. സംസ്ഥാനത്തെ നഗര ജനസംഖ്യയിൽ ഒരു ദശാബ്ദം കൊണ്ടുണ്ടായ വളർച്ച 92 ശതമാനമാണ്. ഈ തോതിലുള്ള നഗരവല്കരണവും ഉപഭോഗത്വരയും സൃഷ്ടിക്കുന്ന സാമൂഹിക പ്രശ്നങ്ങളാണ് നഗര മാലിന്യ സംസ്കരണം, ജീവിതശൈലീ രോഗങ്ങൾ തുടങ്ങിയവയെല്ലാം. അവയ്ക്കെല്ലാം മുന്നിൽ കൺമിഴിച്ച് നില്പാണ് കേരളം. മാലിന്യ ഉത്പാദനത്തിന്റെ 'പ്രത്യേകിച്ചു ഖരമാലിന്യങ്ങളുടെ' വർദ്ധനവിനും തൻമൂലമുള്ള പ്രശ്നങ്ങൾക്കും (ജലമലിനീകരണം, അടഞ്ഞു പോകുന്ന ഓടകൾ, വെള്ളക്കെട്ട്, ജലജന്യ കൊതുക് ജന്യരോഗങ്ങളുടെ വർദ്ധനവ് എന്നിങ്ങനെ) കൂടി ഇത് കാരണമായി.

ഈ മാറ്റങ്ങളെല്ലാം പ്രത്യക്ഷമായും പരോക്ഷമായും ജനജീവിതത്തെ ബാധിക്കുന്നവയാണ്. എന്നാൽ കാടിനെ ആശ്രയിച്ച് ജീവിക്കുന്ന ആദിവാസി സമൂഹങ്ങളും തീരദേശ പാരിസ്ഥിതിക വ്യവസ്ഥയെ ആശ്രയിച്ച് ജീവിക്കുന്ന മത്സ്യബന്ധന സമൂഹങ്ങളും അടങ്ങുന്ന 'എക്കോസിസ്റ്റം പീപ്പിൾ' എന്ന് വിശേഷിപ്പിക്കാവുന്ന ജനതയാണ് ഇതിന്റെ പ്രത്യാഘാതങ്ങൾ ഏറ്റവും രൂക്ഷമായി ഏൽക്കേണ്ടിവരുന്നത്. പ്രകൃതിവിഭവ വിനിയോഗത്തിലെ കടുത്ത മാറ്റങ്ങൾ ഇവരുടെ ഉപജീവന അടിത്തറയാണ് ഇളക്കുന്നത്. പാരിസ്ഥിതിക തകർച്ചയുടെ ദുഷ്ഫലങ്ങൾ എല്ലാത്തരത്തിലും ഏറ്റുവാങ്ങേണ്ടിവരുന്നതും ഇവർ തന്നെ.

ജലഗുണനിലവാര തകർച്ചയും പകർച്ചവ്യാധികളുടെ വർദ്ധനവും തുടങ്ങി പല പാരിസ്ഥിതിക സൂചകങ്ങളും കേരളത്തിന്റെ തകരുന്ന സുസ്ഥിതിയുടെ മുന്നറിയിപ്പുകളാണ്. 3107 mm മഴ കിട്ടിയിട്ടും വേനൽക്കാലത്ത് ജനങ്ങൾക്ക് കുടിവെള്ളത്തിനായി നെട്ടോട്ടം ഓടുന്നു എങ്കിൽ അത് നമ്മെ ഇരുത്തി ചിന്തിപ്പിക്കുക തന്നെ വേണം. കാലാവസ്ഥാ വ്യതിയാനം അതിനൊരു പുതിയ മാനം കൂടി നൽകുകയാണ്. കാലാവസ്ഥാ മാറ്റം ഇന്ന് അനുഭവപ്പെട്ടു തുടങ്ങിക്കഴിഞ്ഞിരിക്കുന്നു; പ്രകൃതി ക്ഷോഭങ്ങളുടെ രൂക്ഷതയും ആവർത്തനവും അടിക്കടി ഏറി വരുന്നു. കാലാവസ്ഥാ വ്യതിയാനം എന്ന പ്രതിഭാസം മയപ്പെടുത്തുന്നതിന് കേരളത്തിന് വഹിക്കാവുന്ന പങ്ക് വളരെ ചെറുതാണെങ്കിലും അതിന്റെ പ്രാദേശികമായ ആഘാതങ്ങൾ തടയുന്നതിനും അവ ജനജീവിതം ദുരിതമയമാക്കാതെ കാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് നാം പ്രാധാന്യം നല്കേണ്ടതുണ്ട്.

## 2. വനം

ഔദ്യോഗിക കണക്കനുസരിച്ച് കേരളത്തിലെ വന മേഖലയുടെ വിസ്തൃതി ആകെ ഭൂ വിസ്തൃതിയുടെ 29% ആണ്. എന്നാൽ എൻക്രോച്ച്മെൻറ്, വനനശീകരണം, വനേതര ഭൂവിനിയോഗം എന്നിവയാൽ വന ആവാസവ്യവസ്ഥയുടെ ധർമ്മങ്ങൾ നിർവഹിക്കുന്ന ഭൂവിസ്തൃതി ഇതിലും വളരെ കുറവാണ്. പശ്ചിമഘട്ട മല നിരകളും വനവും കേരളത്തിന്റെ സുപ്രധാന പാരിസ്ഥിതിക മേഖലയാണ്. തെക്കൻ ഇന്ത്യയുടെ ജല ഗോപുരം എന്ന് വിശേഷിപ്പിക്കപ്പെടുന്ന പശ്ചിമഘട്ട പ്രദേശം അതീവ ജൈവസമ്പന്നമായ മേഖലയാണ്. കേരളത്തിന്റെ കാലാവസ്ഥാ നിർണ്ണയത്തിലും ജല സുരക്ഷയിലും പശ്ചിമഘട്ട വനപ്രദേശത്തിന്റെ സ്വാധീനം നിർണ്ണായകമാണ്. പശ്ചിമഘട്ട പ്രദേശത്തേക്ക് കുടിയേറിയ കർഷകർ ഈ പ്രദേശത്തിന്റെ മണ്ണ്_ ജല സംരക്ഷണത്തിന് ഊന്നൽ നൽകി പോന്നിരുന്നു. കൃഷിചെയ്യുന്നതിന് ഇത് അനിവാര്യമായിരുന്നു. എന്നാൽ ലാഭ താല്പര്യങ്ങൾ മല കയറിയതോടെ ഈ സംരക്ഷണമൊക്കെ പോകുകയും പ്രകൃതി വിഭവങ്ങളുടെ കൊള്ള മാത്രം ലക്ഷ്യമാകുകയും ചെയ്തു. വനത്തിന്റേയും വനത്തോടു ചേർന്നുള്ള പ്രദേശത്തിന്റേയും പരിപാലനം പരമപ്രധാനമാണ്. തദ്ദേശവാസികളായ ജനങ്ങളുടെ മുൻകയ്യിലുള്ള പരിപാലന സംരക്ഷണ പ്രവർത്തനങ്ങൾ കരുപ്പിടിപ്പിക്കേണ്ടതുണ്ട്. ജനജീവിത സുരക്ഷയ്ക്കും നാടിന്റെ നിലനില്പിനും കാർഷിക അഭിവൃദ്ധിക്കും പശ്ചിമഘട്ട മലനിരകളുടേയും വനത്തിന്റേയും സംരക്ഷണം അനിവാര്യമാണ് എന്ന തിരിച്ചറിവിലേക്ക് എത്തേണ്ടതുണ്ട്. ഇന്നത്തെ സർക്കാർ ഇക്കാര്യത്തിൽ തികഞ്ഞ നയരാഹിത്യവും അഡ്ഹോക്കിസവുമാണ് പുലർത്തുന്നത്.

കേരളമുൾപ്പെടെയുള്ള പശ്ചിമഘട്ട മലനിരകൾ വ്യാപകമായ കയ്യേറ്റത്തിന് സാക്ഷ്യം വഹിക്കുകയാണ്.. കയ്യേറ്റത്തിന്റെ വിസ്തൃതി പരിശോധിച്ചാൽ ഒൻപതാം സ്ഥാനമാണ് കേരളത്തിന്റേത്. . കയ്യേറ്റങ്ങൾ ഒഴിപ്പിച്ച് നാശോന്മുഖമായ നൈസർഗിക വനങ്ങളെ സംരക്ഷിക്കാൻ നമ്മുടെ നിയമവ്യവസ്ഥിതി പര്യാപ്തമാണ്. എന്നാൽ വനപരിപാലനം സംരക്ഷണത്തിലേക്ക് മാത്രം ഒതുങ്ങിപോകുന്നുവെന്നും പരാതിയുണ്ട്. പരമ്പരാഗത വനപരിപാലന രീതികൾക്കു പകരം വന സ്ഥിതിയും ജീവശാസ്ത്ര പ്രത്യേകതയും കണലെടുക്കുന്ന ആവാസവ്യവസ്ഥാ പരിപാലനരീതി (Eco System Conservation) വരണം. എല്ലാ സംരക്ഷിത വനമേഖലകളും മൂന്നു സോണുകളായി തിരിക്കണം. കോർ സോൺ, ബഫർ സോൺ, മാനിപ്പുലേഷൻ സോൺ എന്നിങ്ങനെ. കോർ സോണിനു ചുറ്റും ഒരു ബഫർ സോണുണ്ടാകുകയും അവിടെ നിയന്ത്രണങ്ങൾ കർശനമാക്കുകയും വേണം. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മറ്റും കർശന നിയന്ത്രണത്തോടെ മാനിപ്പുലേഷൻ സോണിൽ മാത്രമേ അനുവദിക്കാവൂ. ഇവിടത്തെ നിർമ്മാണങ്ങൾ കർശന പരിസ്ഥിതി മാനദണ്ഡ പ്രകാരമാകണം.

പാട്ടക്കാലാവധി കഴിഞ്ഞ തോട്ടങ്ങൾ സർക്കാർ ഏറ്റെടുക്കണം. ഓരോന്നിന്റേയും സാഹചര്യം കണക്കിലെടുത്ത് അവയെ തോട്ടമായി നിലനിർത്തുകയോ ആദിവാസി ജനവിഭാഗങ്ങൾക്ക് നല്കുകയോ സ്വാഭാവിക വനമായി പരിവർത്തിക്കപ്പെടാൻ അനുവദിക്കുകയോ ചെയ്യാം.

തടി ആവശ്യം നിറവേറ്റാൻ കാടിനു പുറത്ത് കാർഷിക വനവൽക്കരണം നടപ്പിലാക്കാം. വനാവകാശ നിയമം കർശനമായി നടപ്പിലാക്കുകയും തടിയേ തര വനവിഭവങ്ങൾ ശേഖരിക്കാനും വിൽക്കാനുമുള്ള അവകാശം ആദിവാസികൾക്ക് ഉറപ്പാക്കുകയും വേണം. മുറിഞ്ഞു പോയ നൈസർഗിക വന പ്രദേശങ്ങൾ ഭൂമി ഏറ്റെടുത്ത് സംയോജിപ്പിക്കണം. പല സംരക്ഷിതവനങ്ങളിലും തോട്ടങ്ങളിലും തുറന്ന പ്രദേശങ്ങളും നിലനിൽക്കുന്നു. ഇക്കോടൂറിസം ചിലയിടങ്ങളിലെങ്കിലും അതിരുവിട്ട വ്യാവസായിക താൽപര്യങ്ങൾക്ക് അടിപ്പെടുന്നുണ്ട്. 2006 ലെ കേന്ദ്ര വനാവകാശ നിയമം വനങ്ങളുടെ സ്വാഭാവിക ആവാസവ്യവസ്ഥക്ക് കോട്ടം തട്ടാതെ നടപ്പാക്കുകയെന്നതും വെല്ലുവിളിയാണ്. ഓരോ സംരക്ഷിത വനങ്ങൾക്കും കോർ മേഖലയും കരുതൽ മേഖലയും മാനിപ്പുലേഷൻ സോണും അനിവാര്യമാണ്.

ഇക്കോടൂറിസം പദ്ധതികൾ മൂന്നാമത്തെ മേഖലയിൽ മാത്രമായി പരിമിതപ്പെടുത്തണം. കോർ മേഖല മനുഷ്യവാസ മുക്തമായി തന്നെ തുടരണം. വനവാസികളെയും വനാശ്രിതരെയും ഉൾപ്പെടുത്തിയുള്ള ഇക്കോ ഡെവലപ്മെന്റ് മാതൃകകൾ ഏറെ അനുകരണീയമാണ്. ആഗോളതലത്തിൽ ചർച്ച ചെയ്യപ്പെട്ട പരിസ്ഥിതി തകർച്ചയും ആഘാതപഠനങ്ങളും ഇരുപത്തൊന്നാം നൂറ്റാിൽ കേരളത്തിലും ചലനങ്ങൾ സൃഷ്ടിച്ചു. നമ്മുടെ വനസംരക്ഷണ ഉദ്യമങ്ങളിലും ഈ മാറ്റങ്ങൾ ദൃശ്യമാണ്. പ്രായോഗിക തലത്തിലുള്ള മാറ്റമാണ് ഇനിയുണ്ടാകേണ്ടത്.

കേരളത്തിലെ രേഖപ്പെടുത്തപ്പെട്ട വനവിസ്തൃതി 38863 ചതുരശ്ര കിലോമീറ്ററാണ്. ഇത് കേരളത്തിന്റെ ഭൂവിസ്തൃതിയുടെ 29 ശതമാനം വരും. 11123 ചതുരശ്ര കിലോമീറ്റർ റിസർവ് ഫോറസ്റ്റാണ്. 142 ചകിമി സംരക്ഷിതവനങ്ങളാണ്. 11265 ചകിമി, ക്ലാസിഫൈ ചെയ്യാത്ത വനഭൂമിയും. ഈ വനഭൂമിയിൽ 23 ശതമാനം നിത്യഹരിത വനങ്ങളാണ്. 20 ശതമാനം അർദ്ധ നിത്യഹരിത വനങ്ങളാണ്. 16 ശതമാനം ഇലപൊഴിയും കാടുകളാണ്. 38 ശതമാനം തോട്ടങ്ങളും. കേരളത്തിലെ വനഭൂമിയിൽ നല്ലൊരു പങ്കും തോട്ടങ്ങളാണ്. ഈ തോട്ടങ്ങളുടെ ഭൂവിനിയോഗത്തിൽ സ്വാതന്ത്ര്യം നൽകാനാണ് കേരള സർക്കാർ ശ്രമിക്കുന്നത്.

## 3. പരിസ്ഥിതിക പ്രതിസന്ധി

മുൻ ഇടതുപക്ഷ സർക്കാർ പാരിസ്ഥിതിക സംരക്ഷണത്തിനായി വിവിധ നടപടികൾ സ്വീകരിച്ചത്. പരിസ്ഥിതി, ജല, ഭൂവിനിയോഗ, പ്രകൃതി ദുരന്ത പരിപാലനത്തിനായി ഒരു പുരോഗമനാത്മക നയസമീപനം ഇടതുപക്ഷ സർക്കാർ രൂപീകരിച്ചു. ഭൂമിയുടെ അടിസ്ഥാന സ്വഭാവങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് എക്കാലത്തും ഇടതുപക്ഷം സ്വീകരിച്ചിട്ടുള്ളത്. ഭൂപരിഷ്ക്കരണം, തോട്ടം മേഖലയുടെ സംരക്ഷണം, EFL നിയമം, നെൽവയൽ തണ്ണീർതട നിയമം എന്നിങ്ങനെ നിരവധി ഉദാഹരണങ്ങൾ കാണാൻ കഴിയും.

### തെറ്റായ നയങ്ങൾ

എന്നാൽ ഇതെല്ലാം അട്ടിമറിച്ചു , ഊഹ കച്ചവടത്തിനും ലാഭാധിഷ്ഠിത വിനിയോഗത്തിനും ഭൂമിയെ തീറെഴുതുന്ന നിലപാടാണ് ഇന്ന് സർക്കാർ സ്വീകരിക്കുന്നത്. അടിസ്ഥാന സൌകര്യ വികസനത്തിനും മറ്റും നിയന്ത്രിതമായി ഭൂമി ഉപയോഗിക്കേണ്ടി വരും. എന്നാൽ ഭൂമി തന്നെ മൂലധനത്തിന് തീറെഴുതി , നാടിന്റെ പാരിസ്ഥിതിക സവിശേഷതകൾ ഒന്നും കണക്കാക്കാതെ ഉള്ള സമീപനങ്ങൾ നമ്മുടെ ദീർഘകാല താൽപ്പര്യങ്ങളെ ഹനിക്കുകയെ ഉള്ളൂ. നെൽവയൽ തണ്ണീർതട നിയമത്തിലായാലും തോട്ടഭൂമി കാർഷികേതര ആവശ്യങ്ങൾക്ക് വിനിയോഗിക്കുന്നതിനുള്ള അനുമതി നൽകുന്ന കാര്യത്തിലുമെല്ലാം UDFന്റെ കള്ളക്കളി കാണാം. മത്സ്യബന്ധന മേഖലയിലെ അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും വനസംരക്ഷണത്തിനും വയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നത് നിയന്ത്രിക്കുന്നതിനും കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും നടപടികൾ സ്വീകരിച്ചു; എൻഡോസൾഫാൻ ദുരിത ബാധിതർക്ക് സഹായകമായ നടപടികൾ നടപ്പാക്കി. രാജ്യത്തു ആദ്യമായി ഒരു 'ഹരിത ബജറ്റ്' തന്നെ ആവിഷ്ക്കരിച്ചു കൊണ്ട് എൽഡിഎഫ് സർക്കാർ പരിസ്ഥിതി സംരക്ഷണത്തിൽ തങ്ങളുടെ പ്രതിബദ്ധത തെളിയിച്ചു. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ വികസനപ്രവർത്തനങ്ങളിലും പാരിസ്ഥിതിക സൌഹാർദതയും സുസ്ഥിരയും ഉറപ്പാക്കുന്നത്തിനുള്ള നിർദേശങ്ങളും ഉണ്ടായി. സുസ്ഥിര വികസന മാതൃകയിലൂന്നിയ വികസന ആസൂത്രണത്തിൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് മാർഗ്ഗ നിർദേശകമാകുന്നതിനായി മികച്ച പ്രവർത്തനങ്ങളെ അവതരിപ്പിക്കുന്ന ഒരു റിയാലിറ്റി ഷോ അടിസ്ഥാനമായുള്ള നൂതന അവബോധന " സാമൂഹിക ഓഡിറ്റ് പ്രവർത്തനത്തിനും സർക്കാർ നേതൃത്തം നല്കി. രാജ്യത്താദ്യമായി സംസ്ഥാനതല സംപൂർണ്ണ ശുചിത്വം കൈവരിക്കുക എന്ന ലക്ഷ്യവുമായി മാതൃകാ പ്രവർത്തനങ്ങളെയും സ്ഥാപനതല ഇടപെടലുകളെയും കൂട്ടിയിണക്കിയുള്ള മാലിന്യ മുക്ത കേരളം എന്ന സമഗ്ര പദ്ധതി രൂപീകരിച്ചതും ഈ സർക്കാരായിരുന്നു. ഈ പ്രവർത്തനങ്ങളിലൂടെ ഇടതുപക്ഷ സർക്കാർ പരിസ്ഥിതി സംരക്ഷണത്തിലും സുസ്ഥിര വികസനന്തിലും തങ്ങൾക്കുള്ള പ്രതിബദ്ധത വ്യക്തമാക്കി.

എന്നാൽ ഇന്ന് നവലിബറൽ നയങ്ങളും സ്വകാര്യ താത്പര്യങ്ങൾക്ക് മുന്നിൽ വഴങ്ങിക്കൊടുക്കുന്ന സമീപനങ്ങളും പാരിസ്ഥിതിക ദുഃസ്ഥിതിയിലേക്ക് സംസ്ഥാനത്തെ നയിച്ചിരിക്കുന്നു. അതിന്റെ ഫലമായി, സുപ്രധാന പ്രകൃതി വിഭവങ്ങളായ മണ്ണും ജലവും വനവും ജൈവ വൈവിധ്യവും തണ്ണീർ തടങ്ങളും എല്ലാം കടുത്ത പ്രതിസന്ധിയിലേക്ക് നീങ്ങുന്നതിനാണ് ഇന്ന് നാം സാക്ഷ്യം വഹിക്കുന്നത്. നിലവിൽ നയങ്ങളും നിയമങ്ങളും സ്ഥാപന സംവിധാനങ്ങളും ഒക്കെയുണ്ടെങ്കിലും അവ ഒട്ടുമിക്കതും നിഷ്ഫലവും പ്രവർത്തനരഹിതവും ആയിരിക്കുന്നു. യഥാർഥത്തിൽ സമൂഹവും പ്രകൃതിയുമായുള്ള സൌഹാർദത ഉറപ്പാക്കികൊണ്ടുള്ള സുസ്ഥിര വികസന പാത സ്വീകരിക്കുന്നതിന് നിലവിലുള്ള സാമൂഹിക സാമ്പത്തിക ഘടകങ്ങൾ ഒരുക്കമായിട്ടില്ല. ജനസാന്ദ്രത ഏറിയ ഏതൊരു സ്ഥലത്തും കാണാവുന്നത് പോലെ വിഭവങ്ങൾ കയ്യടക്കാനായുള്ള മത്സരവും തന്ത്രങ്ങളുമാണ് മുന്നിട്ടു നിൽക്കുന്നത്. ഗണ്യമായ സാമൂഹിക ഇടപെടലുകലുണ്ടായില്ലെങ്കിൽ ഇനിയും കേരളത്തിന്റെ പരിസ്ഥിതി കൂടുതൽ തകർച്ചയിലേക്ക് നിപതിക്കും.

മുൻ കാലത്ത് പരിസ്ഥിതി സംരക്ഷണ രംഗത്ത് നേടിയ നേട്ടങ്ങൾ അവഗണിക്കുകയും സുസ്ഥിര വികസനത്തിലേക്ക് നീങ്ങുന്നതിനായുള്ള നടപടികളെ തള്ളിക്കളയുകയുമാണ് നിലവിലുള്ള സർക്കാർ ചെയ്തിട്ടുള്ളത്. അവർ നിയമനിർവഹണം പരിഹാ

സ്യമാക്കുകയും പാരിസ്ഥിതിക പരിപാലന ചട്ടക്കൂടുകളെ നിസാരവത്ക്കരിക്കുകയും ചെയ്തിരിക്കുന്നു. ഇത് പ്രകൃതി വിഭവങ്ങളുടെ അനിയന്ത്രിത ചൂഷണത്തിനും തത്ഫലമായ പാരിസ്ഥിതിക തകർച്ചക്കും കാരണമായിരിക്കുന്നു. ഒരു പാരിസ്ഥിതിക ദുരന്തം എപ്പോൾ എവിടെ വേണമെങ്കിലും സംഭവിക്കാമെന്ന നിലയാണിന്ന് സംസ്ഥാനത്തുള്ളത്. പ്രാദേശികവും മേഖലാതലത്തിലുള്ളതുമായ ഒട്ടേറെ തർക്കങ്ങൾക്കും ഇത് കാരണമായിരിക്കുന്നു. ഈ സർക്കാർ സംസ്ഥാനത്തിന്റെ പാരിസ്ഥിതിക ദൌർബല്യങ്ങൾ അവഗണിച്ചു കൊണ്ടു പ്രകൃതിക്കുമേലുള്ള വിനാശകരമായ കടന്നു കയറ്റങ്ങൾക്കും നിലനിൽപ്പിനെ അപകടപ്പെടുത്തുന്ന നടപടികൾക്കും ഗോപ്യമായി അനുവാദം നൽകുന്ന സമീപനം സ്വീകരിക്കുന്നു എന്നത് അക്ഷന്തവ്യമാണ്.

## നിർമ്മാണ മേഖല

നിർമ്മാണം നമ്മുടെ സമ്പദ്ഘടനയുടെ ഒരു പ്രധാന മേഖലയായി മാറിയിരിക്കുന്നു. കാർഷിക മേഖലയുടെ തളർച്ചയുടെ പശ്ചാത്തലത്തിൽ ആളുകൾക്ക് തൊഴിൽ നൽകുന്ന മേഖലയായി ഇത് വികസിച്ചിട്ടുണ്ട്. കേരളത്തിലെ നിർമ്മാണരംഗത്തെ തൊഴിൽ സാധ്യതകളാണ് ഇതര സംസ്ഥാന തൊഴിലാളികളുടെ വരവിനും കാരണം. ഏതാണ്ട് ഒരു 30 ലക്ഷം പേർ ജോലി ചെയ്യുന്ന മേഖലയാണ് നിർമ്മാണം. അടിസ്ഥാന പശ്ചാത്തല സൌകര്യ വികസനത്തിന് വേണ്ട നിർമ്മാണങ്ങൾ ഉണ്ട്. അതെ സമയം വലിയ ഫ്ലാറ്റുകലും മറ്റും ഒരു നിക്ഷേപം എന്ന നിലയിൽ കെട്ടിപ്പൊക്കുന്ന സ്ഥിതിയും ഉണ്ട്. അക്കൂട്ടർക്ക് നാട്ടിലെ നിയമങ്ങൾ ഒന്നും ബാധകമാകുന്നില്ല. കൊച്ചിയിലെ DLF എങ്ങിനെയാണ് തീരദേശ നിയമം മറികടന്നു നിർമ്മാണം നടത്തിയത്? ഇത് ഒരു തരത്തിലുള്ള പൊതു ആവശ്യത്തിനും വേണ്ടിയല്ലല്ലോ? താമസിക്കാൻ വേണ്ടത്ര മാത്രമല്ല, തങ്ങളുടെ സമ്പാദ്യം ഭൂമിയിലും കെട്ടിടങ്ങളിലും നിക്ഷേപിക്കുക എന്ന തരത്തിലുള്ള വൻ നിർമ്മാണങ്ങൾ വ്യാപകമാണ്. ഇത്തരത്തിലുള്ള അനിയന്ത്രിത നിർമ്മാണം ഭൂമിയെ ഊഹ മൂല്യത്തിന്റെ അടിസ്ഥാനത്തിലുള്ള ചരക്കാക്കി മാറ്റുക മാത്രമല്ല ചെയ്യുന്നത്. പാറ, മണൽ തുടങ്ങിയ പ്രകൃതി വിഭവങ്ങൾ വൻതോതിൽ ഇതിനായി ചൂഷണം ചെയ്യേണ്ടിയും വരും.

വേണ്ടത്ര ആസൂത്രണമോ പഠനങ്ങളോ ഇല്ലാതെ നടപ്പാക്കപ്പെടുന്ന വികസന പ്രവർത്തനങ്ങളുടെ വർദ്ധന സംസ്ഥാനത്തെ പാരിസ്ഥിതിക പ്രശ്നങ്ങളെ പലമടങ്ങു രൂക്ഷമാക്കിയിരിക്കുന്നു; അവയുടെ തീവ്രത ഏറിയും വരുന്നു. അധികമധികം വിഭവങ്ങൾക്ക് വേണ്ടിയുള്ള സമ്മർദവും ഖനനം, പാറപൊട്ടിക്കൽ, തണ്ണീർത്തടങ്ങൾ നികത്തൽ തുടങ്ങിയ കടന്നുകയറ്റങ്ങളും സംസ്ഥാനത്തിന്റെ ദുർബലമായ പരിസ്ഥിതിക്കു താങ്ങാനാകുന്നതിലും വളരെ ഏറെയാണ്. വർഷങ്ങളായി തുടർന്ന് വരുന്ന ഭൂഉപയോഗ മാറ്റങ്ങൾ ഭൌമ വ്യവസ്ഥകളെ മാറ്റിമറിക്കുകയും അത് നെൽവയലുകളും കുന്നിൻ പ്രദേശങ്ങളും അടങ്ങുന്ന ലോല പരിസ്ഥിതിയെ അപകടപ്പെടുത്തുകയും ചെയ്തിരിക്കുന്നു. ഭൂ ഉപയോഗത്തിലും സ്വാഭാവിക സസ്യജാലങ്ങളിലും വരുത്തുന്ന മാറ്റങ്ങളിലൂടെ ഭൂമിയുടെ ചരിവുകളും ഭൂപ്രതല സ്ഥിതിയും മാറ്റിമറിക്കപ്പെട്ടത്തിന്റെ അനന്തര ഫലങ്ങളാണ് ആവർത്തിക്കപ്പെടുന്ന ഉരുൾ പൊട്ടൽ, മണ്ണിടിയൽ തുടങ്ങിയ ദുരന്തങ്ങൾ. ശാസ്ത്രീയ പഠനങ്ങളോ ആസൂത്രണമോ ഇല്ലാത്ത ഉയര്ന്ന തോതിലുള്ള പാറപൊട്ടിക്കലും മണ്ണെടുക്കലും പ്രദേശികമായ ജൈവവൈവിദ്ധ്യത്തെ മാത്രമല്ല അവിടത്തെ സാധാരണ ജനങ്ങളുടെ ജീവിതത്തെയും താറുമാറാക്കുന്നവയാണ്.

## ജലസംരക്ഷണം

ജല സുരക്ഷ വളരെ പ്രധാനപ്പെട്ടതാണല്ലോ? ജലത്തിനു വേണ്ടിയുള്ള യുദ്ധമാകും ഇനി ലോകം കാണാൻ പോകുന്നത് എന്ന് പോലും നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്. എല്ലാ വികസന ദശയിലുമുള്ള മനുഷ്യർക്ക് മതിയായ അളവിൽ ഗുണനിലവാരമുള്ള വെള്ളം കിട്ടുക എന്നത് അടിസ്ഥാന മനുഷ്യാവകാശമാണ് എന്ന് ഐക്യ രാഷ്ട്ര സഭയുടെ ആഭിമുഖ്യത്തിൽ നടന്ന ജല കോണ്ഗ്രസ് (1977 Mar Del Plata Conference on Water UN) പ്രഖ്യാപനമാണ്. മറ്റു മനുഷ്യാവകാശങ്ങൾ ആർജിക്കാനുള്ള കെൽപ്പു നൽകുന്ന അടിസ്ഥാന അവകാശമാണിത് എന്നും UNപ്രഖ്യാപിച്ചു. ഐക്യ രാഷ്ട്ര സഭ മനുഷ്യാവകാശമാണ് എന്ന് പ്രഖ്യാപിച്ച വെള്ളം വിലയിട്ടു വിൽക്കേണ്ട ഒരു ചരക്കാണ് എന്നാണ് പിന്നീട് വന്ന വ്യാഖ്യാനം. 1992 ൽ Netherlands ലെ Dublin നടന്ന അന്തർ ദേശീയ ജല പരിസ്ഥിതി സമ്മേളനമാണ് വെള്ളം വിൽപ്പന ചരക്കാണ് എന്ന് പ്രഖ്യാപിച്ചത്. ആഗോള ജല വ്യാപാരത്തിന്റെ ലാഭ സാധ്യതകൾ തുറന്നിട്ട ഒന്നായിരുന്നു Dublin conference . ഇന്ന് വെള്ളം വലിയ ലാഭ സാധ്യതകൾ ഉള്ള ഒരു വിൽപ്പന ചരക്കായിരിക്കുന്നു. പ്രകൃതി വിഭവങ്ങളെ മുതലാളിത്തം ലാഭാധിഷ്ഠിതമായി വിനിയോഗിക്കുന്നതിന്റെ ഉദാഹരണമാണിത്.

നമുക്ക് പ്രകൃതിദത്തമായ ജലം സംരക്ഷിച്ചും എല്ലാവര്ക്കും ലഭ്യമാക്കിയും മാത്രമേ നമ്മുടെ ജനതയെ ഈ കച്ചവടത്തിൽ നിന്നും രക്ഷിക്കാനാകൂ. കേരളത്തെ ദൈവത്തിന്റെ സ്വന്തം നാടാക്കുന്ന ഒരു പ്രധാന ഘടകം നമ്മുടെ മഴയും ജല ലഭ്യതയുമാണ്.നമ്മുടെ നാടിന്റെ ഭൂപ്രകൃതി പ്രത്യേകത മൂലം അതി വേഗം വെള്ളം വാർന്നൊഴുകി കടലിൽ എത്തുന്ന സ്ഥിതിയുണ്ട്. മഴ വെള്ളം ഭൂമിയിൽ പിടിച്ചു നിർത്തുന്നതിനും , വറുതി ക്കാലത്തെ ഉപയോഗത്തിനായി ലഭ്യമാക്കുന്നത്തിനും എല്ലാം നമ്മുടെ കാടും, വയലുകളും ചതുപ്പുകളും കായലുകളും എല്ലാമാണ് നമ്മെ സഹായിക്കുന്നത്.ഈ പ്രകൃതി പ്രത്യേകതകളുടെ സംരക്ഷണം അതിനാൽ തന്നെ നമ്മുടെ ജല സുരക്ഷയുമായി ബന്ധപ്പെട്ടതാണ്. ഇത്രയും മഴ കിട്ടുന്ന നമ്മുടെ നാട്ടിൽ വേനലിൽ ഉണ്ടാകുന്ന കടുത്ത കുടിവെള്ള ക്ഷാമം നമുക്ക് ഗൌരവത്തോടെ കാണേണ്ടതുണ്ട്.

മഴക്കാലത്ത് കനത്ത മഴയാണ് പെയ്യുന്നത്. അധിക ജലം സുരക്ഷിതമായി ഒഴുകി മാറുന്നതിനും , സംഭരിക്കപ്പെടുന്നതിനും ഉള്ള സംവിധാനങ്ങൾ യാതൊരു നിയന്ത്രണവുമില്ലാതെ നശിപ്പിച്ചാൽ ഉണ്ടാകുന്ന ദുരന്തം ചെന്നയിൽ നാം കണ്ടു. ഇത് തന്നെയാണ് 2005ൽ മുംബൈയിലും, 2013ൽ ഉത്തരഘണ്ടിലും നാം കണ്ടത്. ഇത് നാം പാഠമാക്കുക തന്നെ വേണം.

ഉയർന്ന അളവിലും ദൈർഘ്യത്തിലുമുള്ള മഴക്കാലമുണ്ടെങ്കിലും കേരളത്തിന്റെ ജല വിഭവ രംഗം ഇന്ന് ജലലഭ്യതയിലും ജലഗുണനിലവാരത്തിലും പ്രശ്നങ്ങൾ നേരിടുന്നു. ദീർഘ കാല കാലാവസ്ഥാ നിരീക്ഷണ പഠനങ്ങൾ കേരളത്തിന്റെ മഴ ലഭ്യതയിൽ നേരിയ കുറവ് മാത്രമേ കാണിക്കുന്നുള്ളൂ. എന്നാൽ വേനൽക്കാലത്തേക്കുള്ള സ്വാഭാവിക ജലസംഭരണികൾ ആയിരുന്ന, മലനാട്ടിലെയും ഇടനാട്ടിലെയും മണ്ണിന്റെയും സസ്യജാലങ്ങളുടെയും ആവരണത്തിലുണ്ടായ കുറവും വനങ്ങളുടെയും വയലുകളുടെയും തണ്ണീർത്തടങ്ങളുടെയും നാശവും നദികളുടെ അടിത്തട്ടിൽനിന്നുള്ള അനിയന്ത്രിത മണൽ നീക്കലും എല്ലാം കൂടിച്ചേർന്നുണ്ടാക്കുന്ന പാരിസ്ഥിതിക തകർച്ച തോടുകളും അരുവികളും നദികളും വേനലിൽ വറ്റിവരണ്ടു പോകുന്നതിലേക്കു നയിച്ചിരിക്കുന്നു. കേരളത്തിലെ എല്ലാ നദികളിലെയും ഒഴുക്ക് മൺസൂണിതര കാലത്ത് ഗണ്യമായി കുറയുന്നു എന്നു കേന്ദ്ര ജല കമ്മീഷന്റെ പഠന വിവരങ്ങൾ സൂചിപ്പിക്കുന്നു. മധ്യ കേരളത്തിലെ മൂവാറ്റുപുഴയാറു മുതൽ കല്ലടയാറു വരെയുള്ള ആറ് നദികളിലും മൺസൂൺ കാലത്തെ ഒഴുക്കുപോലും കുറഞ്ഞു വരികയാണ്. മൺസൂൺ ഇതരകാലത്ത് പാരിസ്ഥിതിക സന്തുലിതാവസ്ഥ സൂക്ഷിക്കാനാവശ്യമായ ഏറ്റവും കുറഞ്ഞ ഒഴുക്കുപോലും സംസ്ഥാനത്തെ മിക്ക നദികൾക്കും ഇന്നില്ല എന്നതാണു വസ്തുത.

സംസ്ഥാനത്തെ ജല ഗുണനിലവാരവും അപകടകരമായ തോതിൽ തകർച്ച നേരിടുന്നു എന്നു വിവിധ റെഗുലറ്ററി സ്ഥാപനങ്ങളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും പഠനങ്ങൾ ചൂണ്ടിക്കാണിക്കുന്നു. ഖര ദ്രാവക മാലിന്യങ്ങൾ ഒരുപോലെ കേരളത്തിന്റെ ജല പരിസ്ഥിതിയെ തകരാറാക്കുന്നു. സംസ്ഥാനത്തെ ഭൌമ ജല വിനിയോഗം 47% മാത്രമാണെങ്കിലും ഉയർന്ന പ്രദേശങ്ങളിലെ ഭൌമ ജല സ്രോതസുകൾ വേനൽക്കാലത്ത് വറ്റിപ്പോകുന്നവയും തീരദേശത്തെ സ്രോതസുകൾ മാലിന്യത്താലും ലവണാംശത്താലും ഉപയോഗിക്കാൻ കഴിയാത്തവയും ആണെന്നതിനാൽ ഭൌമ ജല ഉപയോഗം ഏറെ വർദ്ധിക്കുക എളുപ്പമല്ല. കേന്ദ്ര ഭൌമ ജല വകുപ്പിന്റെ പഠന പ്രകാരം കേരളത്തിലെ 152 ബ്ലോക്കുകളിൽ ഒന്നു (ചിറ്റൂർ) ഭൌമ ജല വിനിയോഗത്തിൽ അതിരുകടന്നു പോയതും (over exploited) മറ്റ് മൂന്നു ബ്ലോക്കുകൾ (കാസറഗോഡ്, മലമ്പുഴ, കൊടുങ്ങല്ലൂർ) ജലചൂഷണ ഗുരുതരാവസ്ഥയിലുള്ളതും (critical) വേറൊരു 22 ബ്ലോക്കുകൾ അർദ്ധ ഗുരുതരാവസ്ഥയിലുള്ളതും (semi critical) ആണ്. കേരളത്തിലെ പ്രധാന ഭൌമജല സ്രോതസുകളായ തുറന്ന കിണറുകളിലെ ബഹുഭൂരിപക്ഷത്തിലെയും ജലം കോളിഫോം ബാക്ടീരിയകളാൽ മലിനീകൃതവുമാണ്.

## മാലിന്യസംസ്ക്കരണം

കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ തുടർച്ചയായ ശ്രമങ്ങളുടെ ഫലമായി വിസർജ്ജ്യ മാലിന്യങ്ങൾ തുറസ്സായ സ്ഥലത്തു വരാതെ പരിപാലിക്കാനുള്ള കക്കൂസുകൾ എല്ലാ ജനവാസ കേന്ദ്രങ്ങളിലും ഉറപ്പാക്കാനായിട്ടുണ്ട്. എന്നാലിത്തിന്റെ രണ്ടാം തലമുറ പ്രശ്നങ്ങളുടെ ആഘാതം ഇന്ന് നാം നേരിട്ടുവരുന്നു. സംസ്ഥാനത്തുടനീളമുള്ള 25.78 ലക്ഷം സെപ്റ്റിക് ടാങ്ക് കക്കൂസുകളിലും 43.71 ലക്ഷം കുഴി കക്കൂസുകളിലുമായി പ്രതിദിനം 3470 ഘനമീറ്റർ മലിന ജലവും 4635 ഘന മീറ്റർ വിസർജ്ജ്യ മാലിന്യവുമാണ് ശേഖരിക്കപ്പെടുന്നത്. ശരിയായ പരിപാലന നിർമ്മാർജ്ജന സൌകര്യങ്ങളുടെ അഭാവം ഈ മാലിന്യങ്ങൾ ജലസ്രോതസുകൾ മലിനീകരിക്കുന്നതിന് കാരണമാക്കുന്നു.

ഖര മാലിന്യസംസ്കരണത്തിനായി മുൻ സർക്കാരിന്റെ കാലത്ത് സ്വീകരിച്ച വിവിധ നടപടികൾ തുടർ പരിപാലനത്തിന്റെയും ആവശ്യ പിന്തുണാ സൌകര്യങ്ങൾ നൽകുന്നതിന്റെയും അഭാവത്താൽ പരാജയപ്പെടുന്ന സ്ഥിതിയാണ് അടുത്തകാലത്തായി ഉണ്ടായിട്ടുള്ളത്. പല സംവിധാനങ്ങളും പകരം സംവിധാനങ്ങളൊന്നും ഒരുക്കാതെ അടച്ചുപൂട്ടുന്ന സമീപനമാണ് ഇന്നത്തെ സർക്കാർ സ്വീകരിച്ചിട്ടുള്ളത്. നിലവിലുള്ള സർക്കാരിന്റെ ഈ പ്രതിലോമകരമായ സമീപനങ്ങളെ ചെറുക്കുന്നതിന് സിപിഐ (എം) പ്രവർത്തകർ മുന്നിട്ടിറങ്ങി നഗരപ്രദേശങ്ങളിലെ ഖര മാലിന്യ പരിപാലനത്തിനുള്ള ക്രിയാത്മക നടപടികൾ സ്വീകരിക്കുകയുണ്ടായി. ഉറവിട വികേന്ദ്രീകൃത മാലിന്യ സംസ്ക്കരണ പരിപാടികളോട് ഈ സർക്കാർ മുഖം തിരിച്ചു നില്ക്കുകയാണ്. ഇൻസിനറേറ്ററുകൾക്കും പിന്നാലെയാണ് സർക്കാർ. വികേന്ദ്രീകൃത സംവിധാനങ്ങളിൽ കൈകാര്യം ചെയ്യാൻ കഴിയാത്ത സന്ദർഭങ്ങളിൽ മാത്രമേ ഇടത്തരം കേന്ദ്രീകൃത സംസ്കരണസംവിധാനങ്ങ8 ആവശ്യമുള്ളൂ.ഇൻസിനറേഷൻ ലോ കം തള്ളിക്കളയുകയാണ്. അപ്പോഴും ഈ സർക്കാർ ഇതിന്റെ പിന്നാലെയാണ്. ലളിതമായ വികേന്ദ്രീകൃത മാലിന്യ മാനേജ്മെന്റും അനിവാര്യമായഘട്ടങ്ങളിലുംഅപകടകരമായ മാലിന്യങ്ങൾക്കും വേണ്ടി കേന്ദ്രീകൃത സംവിധാനങ്ങളും എന്ന തരത്തിൽ കാലോചിതമായ ഒരു നയം പോലും സർക്കാരിനില്ല. പാരിസ്ഥിതികവും സാമൂഹികവുമായി അസ്വീകാര്യമായ സങ്കേതങ്ങൾക്കു പിന്നാലെ നടന്ന് കാലം കളയുകയാണ് ഈ സർക്കാർ ചെയ്തത്.

## കാലാവസ്ഥാ വ്യതിയാനം

കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലമായുള്ള മാറ്റങ്ങൾ ഇന്ന് അനുഭവപ്പെട്ട് തുടങ്ങിയിരിക്കുന്നു. മഴയുടെ ക്രമത്തിലുള്ള മാറ്റങ്ങളും അന്തരീക്ഷ താ

പനിലയിലുള്ള വർദ്ധനവും ഉയരുന്ന സമുദ്ര നിരപ്പുമൊക്കെ ഇന്ന് അനുഭവവേദ്യമാണ്. 1961 മുതൽ 2003 വരെയുള്ള കാലയളവിനുള്ളിൽ കേരളത്തിലെ അന്തരീക്ഷ താപനിലയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് കൂടിയ താപനിലയിൽ 0.80 ഡിഗ്രി സെൽഷ്യസും കുറഞ്ഞ താപനിലയിൽ 0.20 ഡിഗ്രി സെൽഷ്യസും ശരാശരി താപനിലയിൽ 0.50 ഡിഗ്രി സെൽഷ്യസും ആണ് എന്ന്! പഠനങ്ങൾ കാണിക്കുന്നു. ദീർഘമായ തീരദേശവും അതിലോലമായ ഭൌമ ജല മേഖലകളുമുള്ള കേരളം കാലാവസ്ഥാ വ്യതിയാനം നമ്മുടെ വിഭവങ്ങളിലും ജീവിതത്തിലും ഉണ്ടാക്കാവുന്ന മാറ്റങ്ങളെ കുറിച്ച് കൂടുതൽ ഗൌരവമായി പഠിക്കേണ്ടതുണ്ട്. പ്രത്യകിച്ചും നമ്മുടെ സാമ്പത്തിക വികസനത്തിൽ മുഖ്യ പങ്കുള്ള തീരദേശത്തിന്റെ 76%വും (2910 ച.കി മീ) വെള്ളപ്പൊക്കത്തലും കടലാക്രമണത്താലും മറ്റ് തീരദേശ ദുരിതങ്ങളാലും എളുപ്പത്തിൽ ആഘാത മേൽക്കാവുന്ന താഴ്ന്ന പ്രദേശങ്ങളാണെന്നതിനാൽ ഇത് പ്രാധാന്യമർഹിക്കുന്നു.

കാലാവസ്ഥയുടെ സവിശേഷതയാലും ഉയര്ന്ന തോതിൽ വൃക്ഷങ്ങളുടെ പച്ചില മേലാപ്പുള്ളതിനാലും കേരളത്തിലെ അന്തരീക്ഷത്തിന്റെ സ്വാംശീകരണ ശേഷി പൊതുവേ ഉയർന്നതാണ്. നിലവിൽ വായൂമലിനീകാരിയായ പ്രധാന ഘടകം വാഹനങ്ങളിലെ ഇന്ധനങ്ങളുടെ ദഹനത്തിൽ നിന്നുണ്ടാകുന്ന പൊടിപടലങ്ങളാണ്. വ്യാവസായിക കേന്ദ്രങ്ങളായ കൊച്ചിപോലുള്ള ഇടങ്ങളിൽ പോലും വ്യാവസായിക സ്രോതസ് കളുണ്ടാക്കുന്നതിനെക്കാൾ നാലുമടങ്ങാണു വാഹനങ്ങളുണ്ടാക്കുന്ന വായൂ മലിനീകരണം. കേരളത്തിലെ മോട്ടോർ വാഹനങ്ങളുടെ എണ്ണം 1960ൽ 0.24 ലക്ഷം മാത്രമായിരുന്നത് 1970ഓടെ 0.86 ലക്ഷമായും 1980ത്തിൽ 1.75 ലക്ഷമായും 1990ൽ 5.81 ലക്ഷമായും ഉയർന്നു. എന്നാൽ 1990നു ശേഷം വാഹനങ്ങളുടെ എണ്ണത്തിൽ അഭൂത പൂർവമായ കുതിച്ചു കയറ്റമാണുണ്ടായത്. 2000ത്തിൽ അത് 19.1 ലക്ഷവും 2010ത്തിൽ 53.98 ലക്ഷവുമായി. 2015ലെ കണക്കനുസരിച്ച് കേരളത്തിലെ മോട്ടോർ വാഹനങ്ങളുടെ എണ്ണം 95 ലക്ഷമാണ്. 200506 മുതൽ 201213 വരെയുള്ള കാലയളവിൽ റോഡ് നീളത്തിൽ 66 ശതമാനം വർദ്ധനയാണ് ഉണ്ടായത് (200506 ലെ 1,60,944 കി.മീയിൽ നിന്നും 201213 ലെ 2,43,373 കി.മീ ആയുള്ള വർദ്ധന). എന്നാൽ 2005 മുതൽ 2013 വരെയുള്ള കാലയളവിൽ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിൽ 157.8 ശതമാനം വർദ്ധനയാണ് ഉണ്ടായത് (2005 ൽ 31,22,082 2013 ൽ 80,48,673). ഏറ്റവും പുതിയ കണക്കുകൾ പ്രകാരം കേരളത്തിൽ ഓരോ ദിവസവും 3171 പുതിയ വാഹനങ്ങൾ നിരത്തിലേക്കെത്തുന്നു. 200506നും 201213നുമിടയ്ക്ക് റോഡ് നീളത്തിൽ 82,929 കിലോമീറ്ററിന്റെ വർധനവും വാഹനങ്ങളുടെ എണ്ണതിൽ 49,26,591 ന്റെ വർദ്ധനവുമാണ് ഉണ്ടായത്. 200809ൽ മോട്ടോർ വാഹനങ്ങളുടെ എണ്ണത്തിലുണ്ടാകുന്ന വർദ്ധനവിന്റെ നിരക്ക് 9.8% ആയിരുന്നു; 201213 ആയപ്പോഴേക്കും ഇത് 17% ആയി മാറി. കേരളത്തിലെ കുറഞ്ഞു വരുന്ന റോഡ് സുരക്ഷയുടെ (പ്രതിദിനം 102 വാഹനാപകടങ്ങൾ) ചിത്രം കൂടിയാണ് ഈ കണക്കുകൾ. 200304ൽ കേരളത്തിലെ പ്രതിവർഷ പെട്രോളിയം ഉത്പ്പന്ന ഉപഭോഗം 34,85,355 ടൺ ആയിരുന്നു. എന്നാലിന്ന് സംസ്ഥാനത്ത് ഓരോദിവസവും 3100 റീറ്റൈൽ ഔട്ട്ലെറ്റുകളിലൂടെ 40 ലക്ഷം ലിറ്റർ പെട്രോളും 80 ലക്ഷം ലിറ്റർ ഡീസലും വിറ്റഴിയപ്പെടുന്നു.

ഇരുചക്ര വാഹനങ്ങളും കാറുകളും അടക്കമുള്ള സ്വകാര്യ വാഹനങ്ങളുടെ എന്നതിലുണ്ടായ വർദ്ധനവ് കാരണം അന്തരീക്ഷവായുവിലെ മലിനീകാരികളായ കാർബൺ ഡയോക്സൈഡ്, ഹൈഡ്രോ കാർബൺ, PM10 പൊടിപടലങ്ങൾ, കാർബൺ മോണോക്സൈഡ്, നൈട്രജൻ ഓക്സൈഡ്, ബ്യൂട്ടാഡൈൻ, അസാറ്റാൽഡിഹൈഡ്, ബെൻസീൻ, ഫോർമാൽഡിഹൈഡ്, ആകെ ആൽഡിഹൈഡുകൾ, പോളി ആരോമാറ്റിക് ഹൈഡ്രോ കാർബണുകൾ തുടങ്ങിയവയുടെ അളവ് 1991ലെതിനെക്കാൾ 2015 ആയപ്പോഴേക്കും 16 മടങ്ങ് വർദ്ധിച്ചു എന്നാണ് ചില പഠനങ്ങൾ കാണിക്കുന്നത്. ഇരുചക്ര വാഹനങ്ങളാണ് മൊബൈൽ സോഴ്സ് എയർ ടോക്സിക്കുകൾ (MSATs) എന്നു വിളിക്കുന്ന മലിനീകാരികളുടെ ഫോർമാൽഡിഹൈഡ്(37%), ഹൈഡ്രോകാർബൺസ്, (35%) അസാറ്റാൽഡിഹൈഡ്(64%) പ്രധാന സ്രോതസ്. സ്വകാര്യ കാറുകളാണ് മുഖ്യമായും കാർബൺ മോണോക്സൈഡ്(34%), ബെൻസീൻ (48%), ആകെ ആൽഡിഹൈഡുകൾ (40%) എന്നിവ ഉത്സർജ്ജിക്കുന്നത്. ഹെവി ഡ്യൂട്ടി കൊമേർസ്യൽ വാഹനങ്ങളാണ് (HCVs) പൊടിപടലങ്ങളുടെ 46 ശതമാനവും ഉണ്ടാക്കുന്നത്. കാർബൺ ഡയോക്സൈഡിൽ 3034 ശതമാനവും പുറത്തു വിടുന്നത് കാറുകളാണ്. മർദിത പ്രകൃതിവാതകമോ (CNG), ദ്രവീകൃത പെട്രോളിയം വാതകമോ (LPG) ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ ഡീസൽ വാഹനങ്ങളെക്കാൾ വളരെ കുറവ് ഹരിത ഗൃഹ വാതകങ്ങളെ പുറത്തു വീടുകയുള്ളൂ എന്നും പഠനങ്ങൾ തെളിയിക്കുന്നു.

സുസ്ഥിരവും പുരോഗമനോൻമുഖവുമായ ഒരു സമൂഹ നിർമ്മിതിക്ക് ആവശ്യമായ പൊതു ദർശനത്തിന് പകരം ഹ്രസ്വകാല താത്പര്യങ്ങൾക്ക് മുന്തൂക്കം നൽകുന്ന സമീപനമാണ് ഇന്നതെ സർക്കാർ സ്വീകരിച്ചു വരുന്നത്. തന്മൂലം നിയമങ്ങളും ചട്ടങ്ങളും മാറ്റിവെക്കപ്പെടുകയും ചുരുക്കം ചിലരുടെ ലാഭത്തിനായി മറ്റുള്ളവർ ദുരിതങ്ങൾ ഏറ്റ് വാങ്ങേണ്ടി വരികയും ചെയ്യുന്നു. വിശാല വീക്ഷണത്തോടെയും ജനങ്ങളെ ഒന്നിപ്പിച്ചും ഒരു നല്ല ലോകം കെട്ടിപ്പടുക്കുന്നതിന് പകരം ഏതാനം പേരുടെ സമ്മർദത്തിന് വഴങ്ങി പൊതു നന്മയെ കുരുതി കൊടുക്കുന്നു. കഴിഞ്ഞ രണ്ടു വർഷമായി സർക്കാരിന്റെ ഇത്തരം വീഴ്ചകൾ അതിന്റെ ഉച്ചസ്ഥായിയിൽ എത്തിയിരിക്കുന്നു; അത് സംസ്ഥാനത്തിന്റെ പാരിസ്ഥിതിക സുസ്ഥിതിയെ തകർത്തു കൊണ്ടിരിക്കുകയും ചെയ്യുന്നു.

പാരിസ്ഥിതിക പ്രശ്നങ്ങൾ വലിയ പ്രശ്നങ്ങളുടെ അടയാളങ്ങൾ മാത്രമാണ്.. അതുകൊണ്ട്തന്നെ പരിസര ദിനത്തിലൊരു മരം നടുന്നതുപോലെ ഭാഗികവും തുടർച്ചയില്ലാത്തതുമായ നടപടികൾ കൊണ്ട് ഈ പ്രശ്നങ്ങള്ക്ക് പരിഹാരം കാണാനാകില്ല. സുസ്ഥിര വികസനനടപടികൾ ചെലവുള്ളവയാണ്. ഹ്രസ്വ കാലാടിസ്ഥാനത്തിൽ ചെലവേറിയ നടപടികളെങ്കിലും ദീർഘ കാലാടിസ്ഥാനത്തിൽ തികച്ചും ലാഭകരമായ സുസ്ഥിര വികസന പാത സ്വീകരിക്കുന്നതിന് ജനങ്ങളെ സജ്ജരാക്കുകയും അവർക്ക് അതിനുള്ള അവബോധം പകർന്നു കൊടുക്കുകയുമാണ് സർക്കാർ ചെയ്യേണ്ടത്. എന്നാൽ അടുത്തകാലത്ത് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള പല നടപടികളും 'വയലുകളും തണ്ണീർത്തടങ്ങളും നികത്തുന്നത് സംബന്ധിച്ച നയങ്ങളിൽ അയവുവരുത്തിയതും, നിർമ്മാണ പ്രവർത്തികളിലെ സുരക്ഷാ നടപടികൾ ദുർബലപ്പെടുത്തിയതും, വിവിധ പാരിസ്ഥിതിക നിയമങ്ങളും ചട്ടങ്ങളും മറികടന്നു പോകുന്നതും' സർക്കാരിന് സമൂഹത്തിന്റെയും പരിസ്ഥിതിയുടെയും സുസ്ഥിതി നിലനിർത്തുന്നതിലുള്ള അശ്രദ്ധയും അവഗണനയും ചുരുക്കം ചിലരുടെ ലാഭേച്ഛ ക്കായി സമൂഹ നന്മ മറക്കുന്ന സമീപനവുമാണ് വ്യക്തമാകുന്നത്.

## 3. പാരിസ്ഥിതിക സുരക്ഷക്കായി ഇടപെടലുകൾ

ഇന്നത്തേയും ഭാവിയിലെയും തലമുറകളുടെ സുസ്ഥിതി ലക്ഷ്യമാക്കുന്ന സുസ്ഥിരവികസനവും ശാസ്ത്രീയത കൈവിടാത്ത ആസൂത്രണവും സാമൂഹിക നീതിയും ജനാധിപത്യപരവും സുതാര്യവും ഉത്തരവാദിത്ത ബോധമുള്ളതുമായ മുൻഗണനാ നിർണ്ണയവും ആവണം പാരിസ്ഥിതിക പരിപാലന പ്രവർത്തനങ്ങളുടെ അടിസ്ഥാന തത്ത്വം. ഇക്കാര്യത്തിൽ ഒരു വിധത്തിലുമുള്ള കുറുക്കുവഴികൾ അനുവദിക്കരുത്. പരിസ്ഥിതി സംരക്ഷണത്തിനും അവബോധനത്തിനുമായി വിവിധ സ്ഥാപനങ്ങളും സംഘടനകളും നടത്തിയിട്ടുള്ള ശ്രമങ്ങൾ ശ്രദ്ധിക്കപ്പെടണം. ജലസംരക്ഷണം, വനവത്ക്കരണം, മാലിന്യ പരിപാലനം, ജൈവകൃഷി, അക്ഷയ ഊർജ്ജോത്പാദനം, നവീന സ്ഥാപനതല സംവിധാനങ്ങൾ തുടങ്ങിയ രംഗങ്ങളിൽ മാതൃകാപരമായ ഒട്ടേറെ പ്രാദേശിക പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. ഇവ പിന്തുണ നല്കുകയും ഇത്തരം പ്രവർത്തനങ്ങൾ മറ്റിടങ്ങളിലേക്കും വ്യാപിപ്പിക്കുകയും ചെയ്യാനുള്ള നടപടികൾ ഉണ്ടാകണം.

1. കേരളത്തിലെ പാരിസ്ഥിതിക സംരക്ഷണത്തിന് ഏറെ പ്രധാനപ്പെട്ടതാണ് പശ്ചിമഘട്ട സംരക്ഷണം എന്നത്. പശ്ചിമഘട്ട സംരക്ഷണവുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ വർത്തമാനകാലത്ത് ഉയർന്നു വന്നിട്ടുണ്ട്. ഗാഡ്ഗിൽ റിപ്പോർട്ടും കസ്തൂരിരംഗൻ റിപ്പോർട്ടുമെല്ലാം ഏറെ ചർച്ച ചെയ്യപ്പെട്ടിട്ടുള്ളതാണ്. ഈ റിപ്പോർട്ടിലെ ശുപാർശകൾ കർഷകർക്കിടയിൽ വമ്പിച്ച ആശങ്കയാണ് ഉയർത്തിവിട്ടിട്ടുള്ളത്. ഇത്തരം ആശങ്കകൾ പരിഗണിക്കപ്പെടേണ്ടതുമാണ്. അതിനാൽ, പശ്ചിമഘട്ട സംരക്ഷണത്തിന് കർഷകരെ ഉൾപ്പെടുത്തിക്കൊണ്ട് പദ്ധതികൾ ആവിഷ്കരിക്കപ്പെടേണ്ടതുണ്ട്. അതിനായി, ഇത്തരം ജനവിഭാഗങ്ങളേയും ജനപ്രതിനിധികളേയും ചേർത്തുകൊണ്ടുള്ള ചർച്ച രൂപപ്പെടുത്തേണ്ടതുണ്ട്. കർഷക ജനവിഭാഗത്തെ ഉൾപ്പെടെ പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനത്തിൽ കൊണ്ടുവരുന്നതിനുള്ള ഇടപെടലാണ് നടക്കേണ്ടത്. ജനങ്ങളെ പങ്കെടുപ്പിക്കാതെ ഇത്തരം പ്രവർത്തനങ്ങൾ നടത്താനാവില്ല എന്ന് തിരിച്ചറിയപ്പെടേണ്ടതുണ്ട്. യു.ഡി.എഫ് സർക്കാർ മലയോര മേഖലയിൽ ഉൾപ്പെടെയു5ള്ള ഭൂമി റിയൽ എസ്റ്റേറ്റുകാർക്ക് പതിച്ചുനൽകുന്നതിനുള്ള ശ്രമങ്ങൾ നടന്നപ്പോൾ അതിനെതിരെ ശക്തമായി രംഗത്തുവന്നത് കർഷക ജനവിഭാഗങ്ങളാണെന്ന് നാം തിരിച്ചറിയണം. പാരിസ്ഥിതിക സംരക്ഷണ പ്രവർത്തനത്തിന് കർഷക ജനവിഭാഗം മുൻപന്തിയിൽ തന്നെ ഉണ്ടാകും എന്നതിന്റെ തെളിവാണിത്. കർഷക ജനവിഭാഗത്തെ വിശ്വാസത്തിലെടുത്തുകൊണ്ട് പശ്ചിമഘട്ട സംരക്ഷണ പ്രക്രിയ നടപ്പിലാക്കുന്നതിന് മുൻകൈയെടുക്കേണ്ടതുണ്ട്.
2. കേരളത്തിലെ വൻകിട രാസവ്യാവസായ സംരംഭങ്ങൾ ഉയർന്ന മലിനീകരണം സൃഷ്ടിക്കുന്നുണ്ട്. മലിനീകരണം ഒഴിവാക്കുന്നതിനുള്ള ശാസ്ത്ര സാങ്കേതികവിദ്യകൾ ലഭ്യമാണ്. എന്നാൽ അവ ഉപയോഗപ്പെടുത്തുന്നില്ല. ഇക്കാര്യത്തിൽ കർശനമായ നിലപാടു സ്വീകരിക്കണം. കൂടുതൽ പരിസ്ഥിതി സൌഹൃദമായ വ്യവസായങ്ങളിലാണ് ഭാവിയിലേയ്ക്കു വേണ്ടി വികസന അജണ്ട ഊന്നുന്നത്. അക്ഷയ ഊർജ്ജ രൂപങ്ങളെ അടിസ്ഥാനമാക്കിയുള്ള വികേന്ദ്രീകൃത ഊർജ്ജോത്പാദനത്തിനും കിണറുകളും കുളങ്ങളും അടങ്ങുന്ന പ്രാദേശിക ജലസ്രോതസുകളെ അടിസ്ഥാനമാക്കിയുള്ള ജലവിനിയോഗ/ പരിപാലനത്തിനും ഊന്നൽ കൊടുക്കുന്ന മാർഗ്ഗം കേരളത്തിൽ സാദ്ധ്യമാണ്. വികേന്ദ്രീകൃത മാലിന്യ പരിപാലനത്തിനും ബയോമെത്തനേഷൻ രീതിയിലുള്ള ഗാർഹിക/ സ്ഥാപന തല വിസർജ്ജ്യമാലിന്യ സംസ്കരണത്തിനും പ്രാമുഖ്യം നൽകുന്നത് ഗാർഹിക ഇന്ധനലഭ്യത ഉയർത്താനും ജലമലിനീകരണ സാദ്ധ്യത കുറക്കാനും സഹായകവുമാകും. ഊർജ്ജലഭ്യതയും ജലലഭ്യതയും മാലിന്യ പരിപാലനവും ഇത്തരത്തിൽ വികേന്ദ്രീകൃതമായി കൈകാര്യം ചെയ്യാൻ കഴിയും.
3. ഖനിജങ്ങളുടെ ഉപയോഗം സംബന്ധിച്ച സമീപനവും പ്രധാനമാണ്. പാറ മടകളുടെ ഖനനം ശാസ്ത്രീയമായിരിക്കണം. എത്ര പാറ പൊട്ടിക്കാം, എവിടുന്നൊക്കെ ആകാം, എന്തെല്ലാം പരിസ്ഥിതി പരിഗണനകൾ കൈക്കൊള്ളണം എന്നതെല്ലാം പരിഗണിക്കണം. എന്നാൽ ഇന്ന് നിയമപ്രകാരമുള്ള പരിസ്ഥിതി അനുമതി പോലും വേണ്ട എന്ന

സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. മണൽ വാരലിന്റെ കാര്യവും ഇതുപോലെതന്നെയാണ്. ശാസ്ത്രീയതയുടെയും സാമൂഹ്യനിയന്ത്രത്തിന്റെയും അടിസ്ഥാനത്തിലേ പാറ, മണൽ ഖനനം പാടുള്ളൂ. അതിനുള്ള അറിവും സങ്കേതങ്ങളും നമുക്കുണ്ട്.

ഉദാഹരണത്തിന് നദികളിൽ നിക്ഷേപിക്കപ്പെടുന്ന മണലിന്റേയും ഇപ്പോൾ വാരുന്ന മണലിന്റേയും എല്ലാം കണക്ക് ഭൗമ ശാസ്ത്ര പഠന കേന്ദ്രം തയ്യാറാക്കിയിട്ടുണ്ട്. ഈ വിവരങ്ങളെല്ലാം ഉപയോഗപ്പെടുത്തണം.

4. കേരളത്തിന്റെ അമൂല്യധാതു സമ്പത്തായ കരിമണൽ നാം ഉപയോഗപ്പെടുത്തണം. അസംസ്കൃത വസ്തുവായി കയറ്റുമതി ചെയ്യാനല്ല, കേരളത്തിൽ ത്തന്നെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായി മാറ്റണം. പക്ഷേ, പാരിസ്ഥിതികമായി ദുർബലമായ മേഖലയിൽ ശരിയായ സുരക്ഷ ഉറപ്പാക്കാതെ ഖനനം പാടില്ല. ഖനനം പൊതുമേഖലയിലായിരിക്കണം. UDF അധികാരത്തിൽ വന്നപ്പോഴെല്ലാം കരിമണൽ ഖനനം സ്വകാര്യ മേഖലയ്ക്കു തീറെഴുതാൻ നീക്കം നടന്നിട്ടുണ്ട്. തന്ത്രപ്രധാന മൂലകങ്ങൾ അടങ്ങിയ കരിമണൽ ഖനനം പൊതു മേഖലയ്ക്കു മാത്രമായി പരിമിതപ്പെടുത്തിയിരുന്നതാണ്. ആഗോളവൽക്കരണ നയങ്ങളുടെ ഭാഗമായി കോൺഗ്രസാണ് ഈ നയം തിരുത്തിയത്. ആവശ്യമായ പാരിസ്ഥിതിക സംരക്ഷണം ഉറപ്പുവരുത്തി, പൊതുമേഖലയുടെ മുൻകൈയിൽ മൂല്യവർദ്ധിത ഉൽപാദനത്തിനു വേണ്ടിയാകണം കരിമണൽ ഖനനം.

5. പ്രകൃതി വിഭവ സംരക്ഷണത്തിനും മാലിന്യ പരിപാലനത്തിനും മലിനീകരണ നിയന്ത്രണത്തിനുമായി വിഭവ ദുരുപയോഗവും പാഴാക്കലും തടയുന്ന പരിപാലന സംവിധാനമാണ് നമുക്ക് ആവശ്യം. മാലിന്യ സംസ്കരണ ചെലവ് മാലിന്യ ഉത്പാദകർ തന്നെ വഹിക്കണമെന്ന തത്ത്വം (Polluter Pays Principle) എല്ലാ തലത്തിലുമുള്ള ഭരണനിർവഹണ കേന്ദ്രങ്ങൾ നിർബന്ധമാക്കണം. മലിനീകാരികളായ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുക, പരമാവധി പുനരുപയോഗിക്കുക, സാധ്യമായിടത്തോളം പുനചംക്രമണം നടത്തുക എന്ന്! രീതി നടപ്പാക്കണം. ജൈവവിഘടന സാധ്യമായ (ചീഞ്ഞളിയുന്ന) മാലിന്യങ്ങൾ അവയുടെ ഉറവിടത്തിൽ തന്നെയോ പ്രാദേശികമായോ സുരക്ഷിതമായി സംസ്കരിക്കപ്പെടണം. അജൈവ മാലിന്യങ്ങളുടെ ശേഖരണത്തിനും സുരക്ഷിത നിർമ്മാർജ്ജനത്തിനും കുടുംബശ്രീ സംരംഭങ്ങളുടെ മാതൃകയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ലാഭകരമായി പ്രവർത്തിക്കാനാകുന്ന റിസോഴ്സ് റിക്കവറി സംരംഭങ്ങൾ സ്ഥാപിക്കണം. ജൈവവള ഉത്പ്പാദനവും വിപണനവും, ഗാർഹിക സ്ഥാപനതലങ്ങളിൽ ഉണ്ടാകുന്ന ഹാനികരമായ മാലിന്യങ്ങളുടെയും ഇലക്ട്രോണിക മാലിന്യങ്ങളുടെയും സുരക്ഷിത നിർമ്മാർജ്ജനവും കൈകാര്യം ചെയ്യാൻ ഈ സംരംഭങ്ങളെ പ്രാപ്തമാക്കണം. വിസർജ്ജ്യ മാലിന്യ പരിപാലനത്തിനും അതിന്റെ സുരക്ഷിതമായ സംസ്കരണത്തിനും നിർമ്മാർജ്ജനത്തിനും വ്യക്തമായ പ്രോട്ടോകോളും നിയമങ്ങളും കർമ്മപരിപാടിയും രൂപീകരിച്ച് നടപ്പാക്കണം. നഗരസഭകളുടെ സീവെജ് ട്രീറ്റ്മെൻറ് പദ്ധതികളും വികേന്ദ്രീകൃത വിസർജ്ജ്യ മാലിന്യ സംസ്കരണ / മലിന ജല പരിപാലന സംവിധാനങ്ങളും ഗാർഹിക തല സംവിധാനങ്ങളും സംയോജിപ്പിച്ചുള്ള സമഗ്ര പരിപാടിയാണ് ലക്ഷ്യമിടേണ്ടത്. ഇവയുടെ വിശദാംശങ്ങൾ മാലിന്യസംസ്കരണം സംബന്ധിച്ച അധ്യായത്തിൽ നൽകിയിട്ടുള്ളവ ഇവിടെ ആവർത്തിക്കുന്നില്ല.

6. കേരളം നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ് ജല മലിനീകരണം. ജൈവ അജൈവ മാലിന്യങ്ങളും ഘനലോഹ മാലിന്യങ്ങളും എല്ലാം ഇതിന് കാരണമാകുന്നു. ഖര ദ്രവ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ അപര്യാപ്തതയാണ് ഇതിലേക്ക് നയിക്കുന്നത്. ജല ഗുണനിലവാര പരിശോധനയും മലിനീകരണ നിയന്ത്രണ നടപടികളും ഈ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമാണ്. നിലവിൽ മലിനീകരണ നിയന്ത്രണ ബോർഡ്, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിന് കീഴിലുള്ള വിവിധ ഗവേഷണ സ്ഥാപനങ്ങൾ, കേരള വാട്ടർ അതോറിറ്റി, കേന്ദ്രസംസ്ഥാന ഭൂജല വകുപ്പുകൾ, സർവ്വകലാശാല വിഭാഗങ്ങൾ തുടങ്ങി പലരും ജലഗുണനിലവാര പഠനങ്ങൾ നടത്തുന്നുണ്ടെങ്കിലും അവയൊന്നും പൊതുവേ ഭരണ നിർവഹണ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുകയോ ആ പഠന വിവരങ്ങൾക്കനുസരിച്ച് ജല ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കപ്പെടുകയോ ചെയ്യാറില്ല. ഇക്കാരണത്താൽ നിശിത ഇടവേളകളിൽ ജലഗുണനിലവാര പരിശോധനയും അതിനനുസരിച്ചുള്ള ജലസ്രോതസ് പരിപാലനവും ഉറപ്പാക്കാനാവശ്യമായ സ്ഥാപനതല സംവിധാനം എല്ലാ തലത്തിലുമുള്ള തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കും ഉണ്ടാകണം. ഇത് നിലവിലുള്ള ജലമേഖലാ സ്ഥാപനങ്ങളുടെയും ഹയർ സെക്കണ്ടറി സ്കൂളുകളുടെ ലാബർട്ടറികളുടെയും ഏകോപനത്തിലൂടെ നടപ്പാക്കാവുന്നതാണ്.

7. 2008 ലെ കേരള വാട്ടർ പോളിസി നദീതട പാരിസ്ത്തിക വ്യവസ്ഥയുടെ ആരോഗ്യകരമായ പരിപാലനത്തിനുള്ള അടിസ്ഥാൻ ഘടകമായി നീർത്തടങ്ങളെ നിർദേശിക്കുന്നു. ചെറു നീർത്തടങ്ങളെ അടിസ്ഥാനമാകിയുള്ള ജലസംരക്ഷണ ജലവിനിയോഗ വികസന പരിപാലന കർമ്മപരിപാടികൾ തയ്യാറാകുകയും അവ സംയോജിപ്പിച്ച് കൊണ്ട് നദീതടതല ജലപരിപാലന പദ്ധതിയും സംസ്ഥാനതല ജലപരിപാലന പദ്ധതിയുമാണ് ഉണ്ടാകേണ്ടത്. സംസ്ഥാനത്തിന്റെ ജല സുരക്ഷാ ഉറപ്പാക്കുന്നതിനുള്ള പ്രധാന നടപടിയാണിത്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ ഉത്തര വാദിത്തത്തിൽ ആവണം നീർത്തട

തല പരിപാടികൾ നാടത്തപ്പെടേണ്ടത്. എല്ലാ തലത്തിലുമുള്ള പ്രവർത്തനങ്ങൾക്കുള്ള സാങ്കേതിക പിന്തുണ ഉറപ്പാക്കാൻ സംസ്ഥാനതല നടപടികളും വേണം. ഗാർഹിക – സ്ഥാപനതല വ്യാവസായിക സംരംഭ തലങ്ങളിലെല്ലാം മഴവെള്ളകൊയ്ത്, ജല പുനരുപയോഗം തുടങ്ങിയ നടപടികൾ അടങ്ങുന്ന കർമ്മ പരിപാടിയാണ് നടപ്പാക്കപ്പെടേണ്ടത്.

8. കേരളത്തിലെ വർദ്ധിതമാകുന്ന വെള്ളപ്പൊക്ക പ്രശ്നങ്ങൾക്കു പ്രധാന കാരണം വയലുകളുടെയും തണ്ണീർ തടങ്ങളുടെയും നാശത്തിലൂടെ ഉണ്ടായിട്ടുള്ള പാരിസ്ഥിതിക സ്വാംശീകരണ ശേഷി തകർച്ചയാണ്. കേരളത്തിന്റെ ഭക്ഷ്യ സുരക്ഷയും ജല സുരക്ഷയും ഉറപ്പാക്കുന്ന പ്രധാന ആവാസ വ്യവസ്ഥയാണ് ഇത്. നാഷ്ണൽ സെൻറർ ഫോർ അഡ്വാൻസെഡ് എക്കണോമിക് റേസർച്ച് 2014ൽ കണക്കാക്കിയിട്ടുള്ളത് കേരളത്തിന്റെ പ്രതിവർഷ അരി ആവശ്യം 35 ലക്ഷം സൽ ആണെന്നാണ് എന്നാൽ ഇതിൽ 5.22 ലക്ഷം ടൺ മാത്രമാണു നമ്മുടെ ആഭ്യന്തിര ഉത്പാദനശേഷി. ഭക്ഷ്യ ധാന്യത്തിനായി അന്യ സംസ്ഥാനങ്ങളെ ഏറെ ആശ്രയിക്കുന്നത് ദീർഘ കാലാടിസ്ഥാനത്തിൽ ഗുണകരമല്ല. സംസ്ഥാനത്തിണ്ടെ ജലലഭ്യത നിലനിർത്തുന്നതിൽ സുപ്രധാന പങ്കാണ് വയലുകൾക്കും തണ്ണീർ തടങ്ങൾക്കുമുള്ളത്. എന്നാൽ ഈ പാരിസ്ഥിതിക വ്യവസ്ഥയുടെ ശരിയായ പാരിസ്ഥിതിക മൂല്യം നാം കണക്കിലെടുത്തിട്ടില്ല. അവിടെ ഉത്പാദിപ്പിക്കാനാകുന്ന നെല്ലിന്റെയും മീനിന്റെയും മൂല്യം മാത്രമാണു ഇപ്പൊഴും നാം പരിഗണിക്കുന്നത്.. ഇത് നെൽവയലുകളെ വിലകുറഞ്ഞ സ്വത്തായി പരിഗണിക്കാൻ ഇടയാക്കുന്നു. നെൽവയലുകളും തണ്ണീർ തടങ്ങളും നികത്തി കെട്ടിടം പണിയുന്നതിന് പ്രേരിപ്പിക്കുന്ന ഘടകം ഇതാണ്. നമ്മുടെ പാരിസ്ഥിതിക സുസ്ഥിതിക്ക് ഇടുണ്ടാക്കുന്ന ആഘാതം വലുതാണ്. അതിനാൽ ഇനി ബാക്കിയുള്ള നെൽവയലുകളും തണ്ണീർ തടങ്ങളും സംരക്ഷിക്കുന്നതിന് നിയമ നിർവഹണം കർശനമാക്കണം. ഇതിന് അവിടെയുണ്ടാകുന്ന ഉത്പന്നങ്ങൾ ലാഭകരമായി വിപണനം ചെയ്യുന്നതിനും ഈ ആവാസ വ്യവസ്ഥ നൽകുന്ന എക്കോ സിസ്റ്റം സേവനങ്ങളുടെ വിലയ്ക്കു പരിഗണന നൽകുന്നതിനും സംവിധാനം ഉണ്ടാകണം.

9. ജൈവ വൈവിദ്ധ്യ സംരക്ഷണത്തിനും കാലാവസ്ഥാ ക്രമീകരണത്തിനും നദികളുടെ നിലനിൽപ്പിനും ലോല പരിസ്ഥിതി സംരക്ഷണത്തിനും വനങ്ങൾ നൽകുന്ന സംഭാവനകളുടെ പ്രാധാന്യം കണക്കിലെടുത്ത് ബാക്കിയുള്ള വനങ്ങൾ പോറലേൽക്കാതെ സംരക്ഷിക്കാൻ നടപടികൾ വേണം. പാരിസ്ഥിതിക പ്രാധാന്യമുള്ള ഈ ഭൂവിഭാഗങ്ങളുടെ സംരക്ഷണത്തിന് തദ്ദേശ ഭരണ സ്ഥാപനങ്ങളെ ശാക്തീകരിക്കണം. പരിസ്ഥിതി ലോല പ്രദേശങ്ങളിലെ അനുവദനീയ പ്രവർത്തനങ്ങളെക്കുറിച്ചുള്ള തർക്കങ്ങൾ ഇന്ന് ഏറി വരികയാണ്. വിശാല കാഴ്ചപ്പാടില്ലാത്ത പ്രവർത്തന പരിപാടികളുടെയും പരസ്പരബന്ധമില്ലാത്ത നയങ്ങളുടെയും ഭരണനിർവഹണത്തിന്റെയും അവബോധന നടപടികളുടെ അഭാവത്തിന്റെയും ഫലമാണു ഈ തർക്കങ്ങൾ. ഒരു സമഗ്ര പ്രകൃതിവിഭവ സംരക്ഷണ പരിപാലന നയം നടപ്പാക്കുന്നതിലൂടെ വിവിധ സെക്ടറുകൾ തമ്മിലുള്ള തർക്കങ്ങൾ കുറക്കുകയും ഭൂമിയുടെയും വനങ്ങളുടെയും ജലപരിസ്ഥിടിയുടെയും പരസ്പര ബന്ധവും അവയ്ക്ക് സമൂഹത്തിന്റെ സുസ്ഥിതിയുമായുള്ള ബന്ധവും കണക്കിലെടുക്കുന്ന പ്രവർത്തന സമീപനം സ്വീകരിക്കുകയും ചെയ്യാനാകണം.

10. പരമ്പരാഗത വനപരിപാലന രീതികൾക്കു പകരം വനസ്ഥിതിയും ജീവശാസ്ത്ര പ്രത്യേകതയും കണലെടുക്കുന്ന ആവാസവ്യവസ്ഥാ പരിപാലനരീതി (Eco System Conservation) വരണം. എല്ലാ സംരക്ഷിത വനമേഖലകളും മൂന്നു സോണുകളായി തിരിക്കണം. കോർ സോൺ, ബഫർ സോൺ, മാനിപ്പുലേഷൻ സോൺ എന്നിങ്ങനെ. കോർ സോണിനു ചുറ്റും ഒരു ബഫർ സോണുണ്ടാകുകയും അവിടെ നിയന്ത്രണങ്ങൾ കർശനമാക്കുകയും വേണം. ഇക്കോ ടൂറിസം പ്രവർത്തനങ്ങളും മറ്റും കർശന നിയന്ത്രണത്തോടെ മാനിപ്പുലേഷൻ സോണിൽ മാത്രമേ അനുവദിക്കാവൂ. ഇവിടത്തെ നിർമ്മാണങ്ങൾ കർശന പരിസ്ഥിതി മാനദണ്ഡ പ്രകാരമാകണം.

11. തടി ആവശ്യം നിറവേറ്റാൻ കാടിനു പുറത്ത് കാർഷിക വനവൽക്കരണം നടപ്പിലാക്കാം. വനാവകാശ നിയമം കർശനമായി നടപ്പിലാക്കുകയും തടിയേതര വനവിഭവങ്ങൾ ശേഖരിക്കാനും വിൽക്കാനുമുള്ള അവകാശം ആദിവാസികൾക്ക് ഉറപ്പാക്കുകയും വേണം. മുറിഞ്ഞുപോയ നൈസർഗിക വന പ്രദേശങ്ങൾ ഭൂമി ഏറ്റെടുത്ത് സംയോജിപ്പിക്കണം.

12. വനങ്ങൾക്ക് പുറമെ കണ്ടൽ കാടുകൾ, കാവുകൾ, നദീതീരസ്വാഭാവിക സസ്യജാലങ്ങൾ, ജലാശയങ്ങളുടെ വാഹകപ്രദേശങ്ങൾ തുടങ്ങിയവയുമൊക്കെ സംരക്ഷിക്കപ്പെടേണ്ടതാണ്. പൊതു ഉടമസ്ഥതയിൽ ലഭ്യമായ മറ്റ് എല്ലാ ഉചിതമായ പ്രദേശങ്ങളിലും വനവത്ക്കരണത്തിനും ഹരിതവത്ക്കരണത്തിനും തദ്ദേശ ഭരണ സ്ഥാപന തലത്തിൽ പരിപാടിയുണ്ടാകണം. ഇത് അന്തരീക്ഷത്തിലെ കാർബൺ സന്തുലനത്തിനും നിർമ്മാണഇന്ധനാവശ്യങ്ങൾക്കുള്ള തടിയുടെ പുനരുത്പാദനത്തിനും സഹായകവുമാകും.

13. അനിയന്ത്രിത നിർമ്മാണ പ്രവർത്തനങ്ങളും പാറയുടെയും മണ്ണിന്റെയും നദികളുടെ അടിത്തട്ടിലെ മണലിന്റെയും അശാസ്ത്രീയമായ ഖനനവും നിർമ്മാണ ആവശ്യങ്ങൾക്കായി ഉയർന്ന തോതിൽ മരങ്ങൾ മുറിക്കുന്നതിന്റെയും ഫലമായി കേരളത്തിന്റെ ഭൂജല വിഭവസമ്പത്തിലും ആവാസവ്യവസ്ഥകളിലും ആഘാതമുണ്ടാകുന്നു. ഒരേ കുടുംബം ഒന്നിലേറെ

വീടുകൾ നിർമ്മിക്കുന്നത് നിരുത്സാഹപ്പെടുത്തണം. പാറ ഖനനം കൊണ്ട് പ്രാദേശികമായുണ്ടാകുന്ന ത്ര്!ക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് പാറ ഖനനം നടത്താവുന്ന പ്രദേശങ്ങളുടെയും ഖനനം ചെയ്യാവുന്ന പാറയുടെ അളവിന്റെയും ശാസ്ത്രീയമായ കണക്കെടുപ്പും അതിനനുസരിച്ചുള്ള ഖനന മാസ്റ്റര് പ്ലാനും നടപ്പാക്കണം. പാറഖനനത്തിന് സുരക്ഷിതമായ ലാർജ് സ്കൈൽ ഓപ്പൺ കാസ്റ്റ് മൈനിങ്, ഡീപ് മൈനിങ് തുടങ്ങിയവയുടെ സാദ്ധ്യത് പഠിക്കണം. നിർമ്മാണാവശ്യങ്ങൾക്കായി രാജസ്ഥാൻ ഗുജറാത്ത് തുടങ്ങിയ പ്രദേശങ്ങളിൽ നിന്നു മണൽ എത്തിക്കാനുള്ള നടപടികളും പരിഗണിക്കണം. സംസ്ഥാനത്തെ എല്ലാ നിർമ്മാണ വസ്തുക്കളുടെയും ആവശ്യവും ലഭ്യതയും കണക്കിലെടുക്കുന്ന ഒരു മാസ്റ്റര് പ്ലാൻ തയ്യാറാക്കപ്പെടണം. നിർമ്മാണ വസ്തുക്കൾ കഴിയുന്നിടത്തോളം പുനരുപയോഗിക്കുന്ന രീതിയും പ്രോത്സാഹിപ്പിക്കപ്പെടണം.

14. കാലാവസ്ഥാ വ്യതിയാനത്തിന്റേയും കടൽ, കായൽ മലിനീകരണത്തിന്റേയും ദൂഷ്യഫലങ്ങൾ തീര ജനതയുടെ തൊഴിലിനേയും ജീവിതത്തേയും പ്രതികൂലമായി ബാധിക്കുന്നത് തടയുക എന്നതാണ് തീരദേശ നിയന്ത്രണ വിജ്ഞാപനത്തിന്റെ പ്രധാന ഉദ്ദേശം. വിജ്ഞാപനം ഇറങ്ങി രണ്ടു പതിറ്റാണ്ട് പിന്നിട്ടിട്ടും ഇതിലെ വ്യവസ്ഥകൾ സംബന്ധിച്ച അവ്യക്തതകൾ നീങ്ങിയിട്ടില്ല. തന്മൂലം തീരവാസികളുടേയും മത്സ്യത്തൊഴിലാളികളുടേയും അടിസ്ഥാന ആവശ്യ നിർവഹണങ്ങൾ പോലും തടസപ്പെടുന്ന സ്ഥിതിയുണ്ട്. അതേ സമയം നിയമം ലംഘിച്ച് നടത്തുന്ന വൻകിട നിർമ്മാണങ്ങൾ, നികത്തലുകൾ, കണ്ടൽ നശീകരണം എന്നിവക്ക് പിൻവാതിലിൽ കൂടി അംഗീകാരം കിട്ടുകയും ചെയ്യുന്ന സ്ഥിതിയാണ് നിലവിലുള്ളത്. തീരദേശ പരിപാലന നിയമം തന്നെ വേണ്ടതില്ല എന്ന നിലയിലേക്ക് കാര്യങ്ങളെ എത്തിക്കാൻ നിക്ഷിപ്ത താല്പര്യക്കാർ ശ്രമിക്കുകയാണ്. 590 കി.മീ കടൽത്തീരവും 34773 ഹെക്ടർ കായൽ പ്രദേശവും ഉള്ള കേരളത്തിന് തീര പരിസ്ഥിതി അതിപ്രധാനമാണ്. ഏകദേശം 11 ലക്ഷം മത്സ്യത്തൊഴിലാളികളാണ് കേരളത്തിലുള്ളത്. അതിനാൽ തന്നെ കേരളത്തിന്റെ സവിശേഷ സാഹചര്യങ്ങൾ കണക്കിലെടുത്ത് അനുയോജ്യമായ പുതുക്കലുകളോടെ തീരപരിപാലന നിയമം കർശനമായി നടപ്പിലാക്കണം. തീരദേശ അഥോറിറ്റിയുടെ പ്രവർത്തനം വികേന്ദ്രീകരിക്കുകയും സുതാര്യമാക്കുകയും വേണം. പുതുക്കലുകൾ വരുത്തുന്ന നിയമത്തിന്റെ അടിസ്ഥാനത്തിൽ കോസ്റ്റൽ സോൺ മാപ്പിംഗ് പൂർണമാക്കി പ്രസിദ്ധീകരിക്കുന്നതിനുള്ള പരിപാടി മിഷൻ മോഡിൽ നടപ്പിലാക്കണം. കണ്ടൽ പ്രദേശങ്ങളുടെ സംരക്ഷണം അതിപ്രധാനമായി കണ്ട് പ്രത്യേക പരിപാടി നടപ്പിലാകണം.

15. . കേരളത്തിന്റെ പരിസ്ഥിതി പ്രത്യേക തകളും സ്വച്ഛതയുമൊക്കെയാണ് കേരളം ആകർഷണീയമായ ഒരു ടൂറിസം ഡസ്റ്റിനേഷനായി നില നില്ക്കുന്നതിനു കാരണം. ടൂറിസത്തിന്റെ സ്ഥായിയായ വളർച്ചയ്ക്ക് നമ്മുടെ പരിസ്ഥിതിയുടെ സംരക്ഷണവും മെച്ചപ്പെടുത്തലും അനിവാര്യമാണ്. ഒഴുക്ക് അടഞ്ഞ്, മാലിന്യം നിറഞ്ഞ ജലാശയങ്ങളും തീരവും കോൺക്രീറ്റ് കാടുകൾ തിങ്ങി നിറഞ്ഞ മലയോരവും ഒന്നും ദീർഘകാലത്തേക്ക് സഞ്ചാരികളെ ആകർഷിക്കില്ല. പരിസ്ഥിതി സംരക്ഷണം ഇത്തരത്തിലുള്ള പുതു വളർച്ചാ മേഖലകളുടെ വികാസത്തിനും അനിവാര്യമാണ്. കേരളീയരുടെ ഭക്ഷ്യ സുരക്ഷ, സുരക്ഷിത ഭക്ഷ്യവസ്തുക്കൾ എന്നിവ ഉറപ്പാക്കണമെങ്കിൽ കൃഷി തിരിച്ചുപിടിക്കാനാകണം. മണ്ണും ജലവും സംരക്ഷിച്ചും ഭൂതല പ്രത്യേക തകളെ മാനിച്ചുമല്ലാതെ കാർഷിക സമൃദ്ധി കൈവരിക്കാൻ കഴിയില്ല. കൃഷി പരിസ്ഥിതിയെയും പരിസ്ഥിതി കൃഷിയെയും പരസ്പരം ശക്തിപ്പെടുത്തുന്ന ഒന്നാകണം. ആധുനിക കാർഷിക വിജ്ഞാനം ഇതിന്ഉപയോഗപ്പെടുത്തുന്നപരിപാടിയുണ്ടാകണം. പരിസ്ഥിതി പരിപാലനം സുസ്ഥിര വികസനത്തിനുള്ള മുൻ ഉപാധിയാണ്.

## അധ്യായം 28

# ഗതാഗതം

മുഖ്യഗതാഗത മാർഗ്ഗങ്ങളെല്ലാം (റോഡ്, റെയിൽ, ജല, വായു) നിലവിലുള്ള സംസ്ഥാനങ്ങളിലൊന്നാണ് കേരളം. ദേശീയ ശരാശരിയുമായി തട്ടിച്ചു നോക്കുമ്പോൾ കേരളത്തിലെ റോഡ് സാന്ദ്രത വളരെ ഉയർന്നതാണ്. 100 ശതമാനം ഗ്രാമങ്ങളും ഗതാഗതയോഗ്യമായ റോഡുകളാൽ ബന്ധിക്കപ്പെട്ടിരിക്കുന്നു എന്ന സവിശേഷതയും ഈ സംസ്ഥാനത്തന് അവകാശപ്പെട്ടതാണ്. വാഹനഗതാഗതത്തിനായി നാഷണൽ ഹൈവേ (7 ശതമാനം), സ്റ്റേറ്റ് ഹൈവേ (20 ശതമാനം) മേജർ ഡിസ്ട്രിക്റ്റ് റോഡ് (73 ശതമാനം) എന്നിവ ഉൾക്കൊള്ളുന്ന റോഡ് ശൃംഖലയുണ്ട്. ഇവയെല്ലാം സംസ്ഥാന പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലാണ്. പ്രാദേശികമായി റോഡ് ശൃംഖല വികസിപ്പിക്കുന്നതിൽ പ്രാദേശിക സർക്കാരുകൾക്ക് സുപ്രധാന പങ്കുണ്ട്. എന്നാൽ പ്രാദേശിക സർക്കാരുകൾ നിർമ്മിക്കുന്ന റോഡുകളുടെ രൂപകൽപന, നിലവാരം, നിർവഹണ ഗുണനിലവാരം എന്നിവയിൽ പ്രശ്നങ്ങളുണ്ട്.

## 1. കേരളത്തിന്റെ ഗതാഗത ഘടന

### റോഡു ഗതാഗതം

കേരളത്തിൽ വാഹനങ്ങളുടെ എണ്ണം കുതിച്ചുയരുകയാണ്. ഓരോ 6.5 വർഷത്തിലും വാഹനങ്ങളുടെ എണ്ണം ഇരട്ടിയാകുന്നു. 1980 ൽ 2 ലക്ഷം വാഹനങ്ങളാണ് ഉണ്ടായിരുന്നതെങ്കിൽ 2014 ൽ അവ 80 ലക്ഷമായി വർദ്ധിച്ചു. രജിസ്റ്റർ ചെയ്തിട്ടുള്ളവയിൽ 63 ശതമാനവും ഇരുചക്രവാഹനങ്ങളാണ്. ഓരോ വർഷവും ശരാശരി 5 ലക്ഷം പുതിയ വാഹനങ്ങൾ നിരത്തിലിറങ്ങുന്നുണ്ട്. ഇവയിൽ ബഹുഭൂരിപക്ഷവും ഓടുന്നത് നഗര പ്രദേശങ്ങളിലാണെന്നത് ഗതാഗത കുരുക്കുകൾ സൃഷ്ടിക്കുന്നു. വാഹനങ്ങളുടെ എണ്ണം വർദ്ധിക്കുന്നതിന് ആനുപാതികമായി റോഡുകളും ഗതാഗതസൗകര്യങ്ങളും വിപുലീകരിക്കപ്പെടുന്നില്ല. ഗതാഗതത്തിനുള്ള ചോദനയും ഗതാഗത അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതയും തമ്മിൽ വലിയ വിടവ് നിലനിൽക്കുന്നു. ഗതാഗതകുരുക്ക്, പാർക്കിംഗ് സ്ഥലത്തിന്റെ അപര്യാപ്തത, റോഡപകടങ്ങൾ, സുരക്ഷാ പ്രശ്നങ്ങൾ, വർദ്ധിച്ചുവരുന്ന അന്തരീക്ഷ മലിനീകരണം തുടങ്ങിയ വാഹനവത്ക്കരണത്തിന്റെ ദൂഷ്യ ഫലങ്ങൾ നിരവധി നഗരപ്രദേശങ്ങളിൽ ഇതിനകം തന്നെ അനുഭവപ്പെട്ടു തുടങ്ങിയിട്ടുണ്ട്.

സർക്കാരിന്റെ നയപരമായ പ്രശ്നങ്ങൾമൂലം കഴിഞ്ഞ കുറച്ചു വർഷങ്ങളായി കേരളത്തിലെ നാഷണൽ ഹൈവേ, സംസ്ഥാന ഹൈവേ റോഡ് വികസനം നാമമാത്രമായാണ് നടന്നത്. കേന്ദ്ര പിന്തുണയോടെ അനുവദിച്ച പണം ഉപയോഗപ്പെടുത്തി നടത്തപ്പെടുന്ന എൻ.എച്ച് ബൈപാസ് പദ്ധതികൾ പൂർത്തീകരിക്കുന്നതിന് കഴിഞ്ഞിട്ടില്ല. പ്രധാൻമന്ത്രി ഗ്രാമീൺ സടക് യോജന (പി.എം.ജി.എസ്.വൈ) യിലും ഇപ്പോഴത്തെ ഭാരത് നിർമ്മാൺ പദ്ധതികളിലും ഉൾപ്പെടുത്തിയിട്ടുള്ള ഗ്രാമീണ റോഡ് നിർമ്മാണ പദ്ധതികളിൽപ്പോലും ചെറിയ പുരോഗതി മാത്രമാണ് ആർജ്ജിക്കാനായിട്ടുള്ളത്. ലോകബാങ്ക് സഹായത്തോടെ നടന്നുവരുന്ന

കെ.എസ്.ടി.പി പ്രോജക്ടുകളിലും ചെലവും സമയവും പരിധിവിട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നു. ദേശീയപാതകൾ നാലുവരി/ആറുവരി നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനും അനുബന്ധ റോഡുകളുടെ ശേഷി വർദ്ധിപപിക്കുന്നതിനുമായി പ്രധാന നഗരങ്ങളിൽ നടത്തേണ്ട വികസന പ്രവർത്തനങ്ങളും ദീർഘകാലമായി നീണ്ടുപോവുകയാണ്. പാത മുറിച്ചുകടക്കേണ്ട ആവശ്യം വർദ്ധിക്കുകയും ട്രാഫിക് സിഗ്നൽ ഏർപ്പെടുത്തൽ ഉദ്ദേശിച്ച ഫലം നൽകാതിരിക്കുകയും ചെയ്യുന്നു. പാർക്കിംഗിന് ആവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിലും വൻ വീഴ്ചയാണ് നിലനിൽക്കുന്നത്. നഗരങ്ങളിൽ നടപ്പാതകളും മുറിച്ചുകടക്കൽ സംവിധാനങ്ങളും നന്നേ കുറവാണ്.

### കെഎസ്ആർടിസി

ഏതൊരു പ്രദേശത്തിന്റെയും സാമ്പത്തിക-സാമൂഹിക വളർച്ചയിൽ യാത്രക്കാരുടെ ഗതാഗതത്തിന് സുപ്രധാന സ്ഥാനമുണ്ട്. നഗരപ്രദേശങ്ങളിലും ഗ്രാമപ്രദേശങ്ങളിലും ജനങ്ങൾക്ക് താങ്ങാൻ കഴിയുന്ന നിരക്കിൽ സുരക്ഷിതവും ആശ്രയിക്കാവുന്നതുമായ ബസ് സർവീസ് ഏർപ്പെടുത്തുകയെന്നത് സാമൂഹ്യ ഉത്തരവാദിത്വത്തിന്റെ ഭാഗമായാണ് കരുതപ്പെടുന്നത്. സംസ്ഥാനത്ത് ഏതാണ്ട് 24,000 ബസുകളാണ് നിരത്തിലുള്ളത്. ഇവയിൽ ആറായിരത്തോളം കെ.എസ്.ആർ.ടി.സി ബസുകളും ബാക്കി 18,000 ൽ ഭൂരിഭാഗവും സ്വകാര്യ ഓപ്പറേറ്റർമാരുടെ ഉടമസ്ഥതയിലുള്ളതുമാണ്. ഗതാഗത മേഖലയിൽ ഉപഭോക്താക്കളുടെ മുൻഗണകളിൽ വന്നിട്ടുള്ള മാറ്റങ്ങൾക്കനുസൃതമായി ജീവനക്കാരുടെ ഉപഭോക്താക്കളോടുള്ള സമീപനം മെച്ചപ്പെടുത്തുന്ന ദൗത്യം കെ.എസ്.ആർ.ടി.സി ഏറ്റെടുക്കേണ്ട ആവശ്യകതയുണ്ട്. ബസുകളുടെയും ഡിപ്പോകളുടെയും വൃത്തിയും വെടിപ്പും കാലാനുസൃതമായി മെച്ചപ്പെടുത്തേണ്ടതുണ്ട്. ഉപഭോക്താക്കൾക്ക് ആദ്യാവസാന ഗതാഗത സേവനങ്ങൾ നൽകാൻ കഴിയുന്നവിധത്തിൽ വിവിധ ഗതാഗതമാർഗങ്ങളെ സംയോജിപ്പിക്കാൻ കഴിയുന്ന ഘടകമായി തങ്ങളുടെ ആഭ്യന്തര ഗതാഗത ശൃംഖലയെയും അടിസ്ഥാന സൗകര്യങ്ങളെയും വികസനപ്പിക്കുന്നതിനും കെ.എസ്.ആർ.ടി.സി ശ്രമിക്കേണ്ടതുണ്ട്.

തമിഴ്നാട്, കർണാടക, ആന്ധ്രപ്രദേശ് പോലുള്ള സംസ്ഥാനങ്ങളിൽ ബസുകളുടെ 50 ശതമാനത്തിലധികം സർക്കാർ ഉടമസ്ഥതയിലുളവയാണെങ്കിൽ കേരളത്തിൽ ആകെ ബസുകളുടെ 70 ശതമാനം വരെ സ്വകാര്യമേഖലയിലാണുള്ളത്. കഴിഞ്ഞ 10 വർഷമായി ബസുകളുടെ എണ്ണം കാര്യമായി വർദ്ധിച്ചിട്ടില്ല. പഴയ ബസുകൾ മാറ്റേണ്ടതില്ല എന്ന സർക്കാർ നയമാണ് ഇതിന്റെ പ്രധാനകാരണം. യാത്രക്കാർ കൂടുതലായി സ്വകാര്യ ബസുകളിലേയ്ക്ക് ചേക്കേറിയെന്നും ഇതിന്റെ ഫലമായി കളക്ഷൻ കുറഞ്ഞെന്നും അത് കെ.എസ്.ആർ.ടി.സി.യുടെ വിപുലീകരണത്തെ ബാധിച്ചെന്നും ന്യായമായും കരുതാവുന്നതാണ്. ഇന്നത്തെ നിലയിൽ കേരളത്തിൽ ഉയർന്ന ബസ് ടിക്കറ്റ് നിരക്കാണുള്ളത്. എന്നാൽ ഇന്ധനവില കുറഞ്ഞിട്ടും കെ.എസ്.ആർ.ടി.സിയ്ക്ക് സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതേസമയം സ്വകാര്യമേഖല വളരെ ലാഭകരമായാണ് പ്രവർത്തിക്കുന്നത്. കെ.എസ്.ആർ.ടി.സിയിലെ മനുഷ്യവിഭവശേഷി ഉൽപാദനക്ഷമത, ബസ് ഉൽപാദനക്ഷമത, ഡീസൽ ഉൽപാദനക്ഷമത എന്നിവ ഇനിയും മെച്ചപ്പെടുത്താനാവും. ടേൺ എറൗണ്ട് ടൈം കുറയ്ക്കേണ്ടതുണ്ട്. മേൽപ്പറഞ്ഞ ഘടകങ്ങളുടെ ഉൽപാദനക്ഷമത വർദ്ധിപ്പിക്കാനും ആഗോള സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രൊസീജിയർ അനുസരിച്ച് പ്രവർത്തിക്കാനും കഴിയണം. ഇതൊക്കെ സാധ്യമാണ് എന്ന് എൽഡിഎഫ് സർക്കാരിന്റെ കാലത്ത് ഓരോ മേഖലയിലും കൈവരിക്കാൻ കഴിഞ്ഞ പുരോഗതി തെളിയിക്കുന്നുണ്ട്.

ഇവ സംബന്ധിച്ച് എത്ര നേട്ടങ്ങളുണ്ടാക്കിയാലും കെഎസ്ആർടിസി ലാഭകരമാകണമെങ്കിൽ അടിന്തരമായി ധനപരമായ പുനഃസംഘടന കൂടിയേ തീരൂ. കാലാകാലങ്ങളിലുണ്ടായ നഷ്ടം ബജറ്റിൽനിന്ന് പണം നൽകി നികത്തുന്നതിനു പകരം ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പയെടുത്തു നികത്തിയതിന്റെ ഫലമായി അതിഭീമമായ കടബാധ്യത നിലനിൽക്കുകയാണ്. ഈ കടബാധ്യതയുടെ പലിശ മാത്രം പ്രതിമാസം 30 കോടിയിൽപ്പരം രൂപ വരും. ഈ പലിശഭാരം വെച്ചുകൊണ്ട് കോർപറേഷൻ ഒരിക്കലും ലാഭകരമാക്കാൻ കഴിയില്ല. അതുകൊണ്ട് ഈ കടഭാരത്തിന്റെ ഗണ്യമായ ഭാരം സർക്കാർ ഏറ്റെടുക്കണം. ഇതൊരു പാക്കേജായിട്ടാണ് നടപ്പാക്കേണ്ടത്. കോർപറേഷന്റെ വിനിയോഗിക്കപ്പെടാത്ത ചില ആസ്തികൾ സർക്കാരിനു കൈമാറണം. ബാക്കി ആവശ്യമുള്ള പണം സർക്കാരിന്റെ ബാധ്യതയായിരിക്കും. ഇതോടൊപ്പം സേവനക്ഷമത ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിക്കണം. കോർപറേഷനെ ലാഭകരമാക്കുന്നതിനു വേണ്ടിയുള്ള ഒരു പാക്കേജായിരിക്കും. ഇനിമേൽ ആവർത്തനച്ചെലവുകൾക്ക് വായ്പ ഉപയോഗപ്പെടുത്താൻ പാടില്ല. വായ്പ പൂർണമായും പുതിയ ബസുകൾ നിരത്തിലിറക്കാൻ വേണ്ടിയുള്ളതായിരിക്കണം. അങ്ങനെ കോർപറേഷന്റെ നവീകരണവും വിപുലീകരണവും തൊഴിലാളിക്ഷേമവും ഉറപ്പുവരുത്തിക്കൊണ്ടുള്ള ഒരു സമഗ്ര പരിപാടിയാണ് വേണ്ടത്.

### റെയിൽ ഗതാഗതം

13 റെയിൽവേ റൂട്ടുകളിലായി 1257 കിലോമീറ്റർ നീളുന്നതാണ് സംസ്ഥാനത്തെ റെയിൽവേ ശൃംഖല. സംസ്ഥാനത്ത് ഓടുന്ന എക്സ്പ്രസ് ട്രെയിനുകളുടെ ശരാശരി വേഗത 60 കിലോമീറ്ററിൽ താഴെയാണ്. കേരളത്തിലെ ഗതാഗത മേഖലയിൽ പ്രമുഖസ്ഥാനമാണുള്ളത്. റോഡ് സൗകര്യമുണ്ടെങ്കിലും ദീർഘദൂര യാത്രകൾക്ക് ജനങ്ങൾ തീവണ്ടി ഉപയോഗിക്കുന്നുണ്ട്. സംസ്ഥാനത്തെ റെയിൽ ഗതാഗാത സംവിധാനത്തിന്റെ ശേഷിയിലുമധികമാണ് ഇന്ന് അതിന്റെ ഉപയോഗം.

ഇതിന്റെ ഫലമായി നീണ്ട ക്യൂ ഉണ്ടാവുകയും യാത്ര സുഖകരമല്ലാതാവുകയും ചെയ്യുന്നു.

പാത ഇരട്ടിപ്പിക്കുന്നതിനും ഗേജ് വീതികൂട്ടുന്നതിനും പല റെയിൽവേ പദ്ധതികളും ഇഴഞ്ഞു നീങ്ങുകയാണ്. സർവെ പൂർത്തിയാക്കിയിട്ടുള്ള പുതിയ ലൈനുകൾക്കു വേണ്ടിയുള്ള പ്രവർത്തനങ്ങളും ഭൂമി ഏറ്റെടുക്കുന്നതിനുള്ള പ്രയാസവും എതിർപ്പും മൂലം തുടങ്ങാൻ കഴിയുന്നില്ല. അങ്കമാലിയ്ക്കും അഴുതയ്ക്കും ഇടയിൽ നിർദ്ദേശിക്കപ്പെട്ട പാത അഴുതയ്ക്ക് തൊട്ട് മുമ്പുള്ള എരുമേലി വരെയേ സർവെ പ്രകാരമുള്ളൂ. അഴുതയിലേയ്ക്കുള്ള മാർഗം റിസർവ് വനത്തിനുള്ളിലൂടെയാണ് എന്നതാണ് പ്രശ്നം. എരുമേലിയ്ക്കും അഴുതയ്ക്കും ഇടയിലുള്ള സ്ഥലം ഒട്ടും നിരപ്പില്ലാത്തതും ഈ ഭാഗത്ത് ഒട്ടേറെ ടണലുകൾ ആവശ്യമായി വരുന്നതുമാണ്. എരുമേലിയ്ക്കുംപുനലൂരിനും ഇടയ്ക്കുള്ള നിർദ്ദിഷ്ട പാത സംബന്ധിച്ച സർവ്വെ നേരത്തേ പൂർത്തിയാക്കിയതാണ്. ഈ രണ്ട് പാതകൾ തമ്മിൽ ബന്ധിപ്പിക്കുന്നതിലൂടെ അങ്കമാലി - എരുമേലി - പുനലൂർ പാതയ്ക്ക് ഉൾനാടുകളെ ബന്ധിപ്പിക്കുന്ന ഒരു മൂന്നാം റെയിൽ കോറിഡോർ ആകാനും അതോടൊപ്പം ചെങ്കോട്ട വഴി തമിഴ്നാട്ടിലേയ്ക്ക് എത്താനുള്ള എളുപ്പവഴിയാകാനും കഴിയും.

### തുറമുഖങ്ങൾ

585 കിലോമീറ്റർ നീണ്ട തീരപ്രദേശമുള്ള കേരളത്തിൽ കൊച്ചിയിൽ ഒരു പ്രധാന തുറമുഖവും 17 ഇടത്തരം/ചെറിയ തുറമുഖങ്ങളുമുണ്ട്. പ്രതിവർഷം 10 ദശലക്ഷം ടൺ ഇറക്കുമതി കാർഗോയും 3 ദശലക്ഷം ടൺ കയറ്റുമതി കാർഗോയും കൊച്ചിൻ പോർട്ട് കൈകാര്യം ചെയ്യുന്നു. വിഴിഞ്ഞത്തെ നിർദ്ദിഷ്ട അന്താരാഷ്ട്ര കണ്ടെയിനർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ തുടക്കത്തിൽ 8000 ടി.ഇ.യു.വും അന്തിമഘട്ടത്തിൽ 12,000 ടി.ഇ.യു.വും വരുന്ന കപ്പലുകൾ കൈകാര്യം ചെയ്യുമെന്ന് കരുതപ്പെടുന്നു (ടി.ഇ.യു - ട്വന്റി ഫുട്ട് ഇക്വലന്റ് യൂണിറ്റ്. കണ്ടെയ്നർ കപ്പലിന്റെയും കണ്ടെയിനർ ടെർമിനലിന്റെയും പോർട്ടിലെ കണ്ടെയിനർ കൈകാര്യം ചെയ്യുന്നതിന്റെയും ശേഷി അളക്കുന്ന യൂണിറ്റ്).

### ജലഗതാഗതം

ഒരു കാലത്ത് പ്രബലമായിരുന്ന ആഭ്യന്തര ജലാഗതാഗതം വേഗതയേറിയ ഗതാഗത മാർഗങ്ങളുടെ ആവിർഭാവത്തോടെ പിന്തള്ളപ്പെട്ടുപോയി. തെക്കൻ കേരളത്തിലെയും മധ്യകേരളത്തിലെയും കായലുകളിൽ ഇന്നും ജലഗതാഗതം കാര്യക്ഷമമായി നടക്കുന്നുണ്ട്. ഏറ്റവുമധികം ഇന്ധനക്ഷമതയുള്ള പരിസ്ഥിതി സൗഹൃദവുമായ ഗതാഗതമാർഗമാണിത്. കടത്തായും ടൂറിസ്റ്റ് മേഖലയിലുമാണ് ജലഗതാഗതം കൂടുതൽ ഉപയോഗിക്കപ്പെടുന്നത്. ഇൻലാന്റ് വാട്ടർ വേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയുടെ കീഴിൽ കൊല്ലം മുതൽ കോട്ടപ്പുറം വരെ നീളുന്ന ദേശീയ ജലപാത - 3 സംസ്ഥാന ജലസേചന വകുപ്പിന് കീഴിലുള്ള മറ്റ് ഫീഡർ കനാലുകൾ എന്നിവ ഉൾക്കൊള്ളുന്ന 1687 കിലോമീറ്റർ ജലഗതാഗത ശൃംഖലയുണ്ട്. വെള്ളത്താൽ ചുറ്റപ്പെട്ടു കിടക്കുന്ന കുട്ടനാട് പ്രദേശത്തെ ജനങ്ങൾക്ക് 50 ബോട്ടുകൾ ഉപയോഗിച്ച് സ്റ്റേറ്റ് വാട്ടർ ട്രാൻസ്പോർട്ട് ഡിപ്പാർട്ട്മെന്റ് ഗതാഗത സൗകര്യം നൽകുന്നു. ഈ സേവനങ്ങളെ അത്യാധുനിക രീതിയിൽ മാറ്റുകയെന്നത് തീർച്ചയായും സാധ്യമാണ്. കൊച്ചിയിലെ ജലഗതാഗതം മെച്ചപ്പെടുത്തുന്ന ദൗത്യം കൊച്ചിൻ മെട്രോ റെയിൽ കോർപ്പറേഷൻ ഏറ്റെടുത്തിട്ടുണ്ട്. ഇത് മറ്റ് ഭാഗങ്ങളിലേയ്ക്കും വ്യാപിപ്പിക്കാനാവും. 12 ബാർജുകളും 11 ബോട്ടുകളും 2 ജങ്കാറുകളുമായി കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷനും ഈ രംഗത്ത് സജീവമാണ്.

കേരളത്തിന് 1,680 കിലോമീറ്റർ ദൂരമുള്ള ഒരു ജലഗതാഗത പാതയുണ്ട്. അതിൽ ഏതാണ്ട് 20 ശതമാനം ഇപ്പോഴും ഗതാഗതയോഗ്യമാണ്. 70-കൾ വരെ വെസ്റ്റ്-കോസ്റ്റ് കനാൽ സംവിധാനം മുഖ്യജലഗതാഗത പാതയായി സംസ്ഥാനത്ത് ഉപയോഗിക്കപ്പെട്ടിരുന്നു. ദീർഘകാലമായി അവഗണിക്കപ്പെടുകയും അറ്റകുറ്റപ്പണികൾ നടത്താതിരിക്കുകയും ചെയ്തതിനാൽ കനാലിന്റെ പ്രധാനഭാഗം ഇപ്പോൾ ഉപയോഗശൂന്യമായിരിക്കുകയാണ്. റോഡുകളിലെ തിരക്ക് കുറയ്ക്കുന്നതിന് ജലഗതാഗതപാത വികസനത്തിന് വലിയ പങ്ക് നിർവ്വഹിക്കാനാകും. എന്തൊക്കെയായാലും അതിന്റെ സാധ്യതകൾ കുറഞ്ഞ തോതിലാണ് ഉപയോഗിക്കപ്പെട്ടിട്ടുള്ളത്. ഈ പാതയിൽ മനുഷ്യനിർമ്മിതമായിട്ടുള്ള നിരവധി തടസ്സങ്ങൾ ചരക്കുവാഹന ഗതാഗതത്തെയും ബോട്ടുകളുടെ സഞ്ചാരത്തേയും തടസ്സപ്പെടുത്തുന്നു. ഈ തടസ്സങ്ങളിൽ താഴെപ്പറയുന്നവ ഉൾപ്പെടുന്നു.

1. പാലങ്ങളും ക്രോസ് സ്ട്രക്ച്ചറുകളും നിർമ്മിക്കുന്നതുമൂലം തിരശ്ചീനവും ലംബമാനവുമായ തടസ്സങ്ങൾ സൃഷ്ടിക്കപ്പെടുന്നു.
2. ബോട്ടുജട്ടികൾക്കും കാർഗോടെർമിനലുകൾക്കും റോഡ്, റെയിൽ ബന്ധങ്ങൾ ഇല്ലാത്ത സ്ഥിതിയുണ്ട്.
3. കനാൽ തീരങ്ങളിൽ താമസിക്കുന്നവർ സ്ഥാപിച്ചിട്ടുള്ള ചീനവലകളും നടത്തിയ കയ്യേറ്റങ്ങളും കനാലുകളുടെ സുഗമമായ ഉപയോഗത്തിന് തടസ്സമുണ്ടാക്കുന്നു.

ജലഗതാഗത പാതകളെ പുനരുദ്ധരിക്കുന്നതിന് വേണ്ടി നടത്തുന്ന ഏതൊരു ശ്രമവും ഈ മേഖലയിലെ ജനങ്ങളുടെ സാമ്പത്തികമായ മുന്നേറ്റത്തിൽ ഗുണകരമായ പങ്ക് നിർവ്വഹിക്കും. ബോട്ടുജട്ടികൾക്കും കാർഗോ ലാന്റിംഗ് സ്ഥലങ്ങൾക്കും ചുറ്റും നടക്കുന്ന സാമ്പത്തിക പ്രവർത്തനങ്ങൾ പ്രാദേശികമായി ജനങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ഇടവരുത്തും.

### വ്യോമയാനം

സംസ്ഥാനത്ത് മൂന്ന് അന്താരാഷ്ട്ര വിമാനത്താവളങ്ങളുണ്ട്. നാലാമതൊരെണ്ണം കണ്ണൂരിൽ പൂർത്തിയായി

വരുന്നു. 2013-14 ൽ മൂന്ന് വിമാനത്താവളങ്ങളിലുമായി 74,533 വിമാനങ്ങൾ ഓപ്പറേറ്റ് ചെയ്തു. 8 ലക്ഷം ആഭ്യന്തര യാത്രികരും 50 ലക്ഷം അന്താരാഷ്ട്ര യാത്രികരുമാണ് ആ വർഷത്തിൽ ഉണ്ടായിരുന്നത്. ഈ വിമാനത്താവളങ്ങളിൽ പ്രതിവർഷം ഒരു ലക്ഷം ടൺ ചരക്ക് കൈകാര്യം ചെയ്യുന്നുണ്ട്.

### റോഡിനു മേലുള്ള അമിത ആശ്രിതത്വം

റോഡ് ഗതാഗതത്തെ അമിതമായി ആശ്രയിക്കുന്നതും വ്യക്തിഗത ഗതാഗത സൗകര്യങ്ങളെ കൂടുതൽ ആശ്രയിക്കുന്നതും പെട്രോളിയം ഇന്ധനങ്ങളെ ആശ്രയിക്കുന്നതുമായ ഇന്നത്തെ ഗതാഗത വികസനമാതൃക കൂടുതൽ കൂടുതൽ നഗരപ്രദേശങ്ങളെ പ്രതിസന്ധിയിലേയ്ക്ക് നയിക്കുകയാണ്. ഫലപ്രദമായ പൊതുഗതാഗതസംവിധാനങ്ങൾ വികസിപ്പിക്കുകയും റോഡ് അധിഷ്ഠിതമായി ഗതാഗതത്തെ ജലഗതാഗതം പോലുള്ള കൂടുതൽ ഇന്ധനക്ഷമതയുള്ളതും പരിസ്ഥിതി സൗഹൃദപരവുമായ ഗതാഗത മാർഗങ്ങളിലേയ്ക്ക് തിരിച്ചുവിടുകയും ചെയ്യുന്നതിലൂടെ മാത്രമേ റോഡുകളിലെ ഗതാഗതകുരുക്കുകൾ അവസാനിപ്പിക്കാൻ കഴിയൂ.

## 2. പുതിയ മുൻഗണനകളും നിർദ്ദേശങ്ങളും

'എന്റെ പിന്നാമ്പുറത്ത് വേണ്ട'' എന്ന മനോഭാവവും സാമ്പത്തികബാദ്ധ്യതയെപ്പറ്റി അവബോധമില്ലാതെ ഏറ്റവുമുയർന്ന അടിസ്ഥാന സൗകര്യനിലവാരവും സേവനഗുണനിലവാരവും പ്രതീക്ഷിക്കുകയും ചെയ്യുന്നത് കേരളത്തിലെ ജനതയുടെ പ്രത്യേകതയായി പലരും ചൂണ്ടിക്കാണിച്ചിട്ടുണ്ട്. വിവിധ ഗതാഗതമാർഗങ്ങളെപ്പറ്റിയും അവയുടെ പാരിസ്ഥിതിക ഫലങ്ങളെപ്പറ്റിയും ചെലവിനെപ്പറ്റിയും ശരിയായ അവബോധം സൃഷ്ടിക്കുകയും സമയബന്ധിതമായി പ്രദേശികതലത്തിലും മേഖലാതലത്തിലും അഭിപ്രായ സമന്വയത്തിന്റെ അടിസ്ഥാനത്തിൽ പരിഹാരം കണ്ടെത്തുന്ന സംസ്കാരം വികസിപ്പിക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്.

### റോഡുകൾ

1 സംസ്ഥാനം മുഖ്യമുൻഗണന എന്ന നിലയിൽ അതിന്റെ പ്രാഥമിക റോഡുകളുടെയും (എൻ.എച്ച് - 47, എൻ.എച്ച് - 17) ദ്വിദീതയ ശൃംഖലകളുടെയും (മറ്റ് എൻ.എച്ചുകൾ, സ്റ്റേറ്റ് ഹൈവേകൾ, എം.ഡി. ആറുകൾ, പ്രധാന ജില്ലാ റോഡുകൾ) ശേഷി വികസിപ്പിക്കുന്നതിന് ഊന്നൽ നൽകണം.

2 എൻ.എച്ച് 47 ഉം എൻ.എച്ച് 17 ഉം നാലുവരി പാതയുടെ നിലവാരത്തിൽ ശക്തിപ്പെടുത്തുകയും വീതി കൂട്ടുകയും ചെയ്യുക. ഇവ നഗരപ്രദേശങ്ങളിലൂടെ കടന്നുപോകുന്നിടത്തെല്ലാം സർവ്വീസ് റോഡുകൾ ആവശ്യമാണ്. എൻ.എച്ച് 49, എൻ.എച്ച് 208, എൻ.എച്ച് 212, എൻ.എച്ച് 213, എൻ.എച്ച് 220 തുടങ്ങിയ മറ്റെല്ലാ നാഷണൽ ഹൈവേകളും രണ്ട് വരി നിലവാരത്തിലേയ്ക്ക് ഉയർത്തി വീതി കൂട്ടേണ്ടത് ആവശ്യമാണ്. ആവശ്യാനുസരണം എൻ.എച്ച്/എസ്.എച്ച് ഭാഗങ്ങൾ നാലുവരി പാതയായി ഉയർത്തേണ്ടതാണ് (ആദ്യ മുൻഗണന എം.സി റോഡ്). മറ്റെല്ലാ സംസ്ഥാന ഹൈവേകളും ചുരുങ്ങിയ രണ്ട് വരി നിലവാരത്തിലേയ്ക്ക് ഉയർത്തേണ്ടത്.

3 നഗരങ്ങളിലുള്ള അപൂർണ്ണമായ എല്ലാ ബൈപ്പാസുകളും എല്ലാ റെയിൽവേ ഓവർബ്രിഡ്ജുകളും യുദ്ധകാലാടിസ്ഥാനത്തിൽ പൂർത്തിയാക്കണം. വിനോദ സഞ്ചാരകേന്ദ്രങ്ങളിലേയ്ക്കും തീർത്ഥാടന കേന്ദ്രങ്ങളിലേയ്ക്കും റോഡ് ലഭ്യത നടപ്പാക്കപ്പെടണം.

4 തിരുവനന്തപുരം - കാസർഗോഡ് ജില്ലകളെ ബന്ധിപ്പിക്കുന്ന ഹിൽഹൈവേ വികസനം (ഇതിനകം തന്നെ സർക്കാർ ഇങ്ങനെയൊരു ഹിൽഹൈവേ പ്രഖ്യാപിച്ചിരിക്കുകയാണ്)

5 പൊന്നാനി മുതൽ കോഴിക്കോട് വരെയുള്ള (വെങ്ങളം) തീരദേശ ഹൈവേ അതിവേഗം പൂർത്തിയാക്കുക

6 പട്ടണങ്ങൾക്കായുള്ള സമഗ്രമായ പാർക്കിംഗ് പോളിസിയും പാർക്കിംഗ് മാനേജ്മെന്റ് പദ്ധതിയും വികസിപ്പിക്കുക

7 ഗ്രാമീണ റോഡുകളും ജില്ലാതല റോഡുകളുമാണ് സംസ്ഥാനത്തെ മഹാഭൂരിപക്ഷം റോഡുകളും. ഇവയുടെ വീതിയും യാത്ര ചെയ്യാൻ ഉപയോഗിക്കുന്ന ഉപരിതലവും ആവശ്യത്തിന് അനുസരിച്ച് ഉയർന്നതല്ല. ചെറു ഗ്രാമീണ റോഡുകളല്ലാത്തവയെ സ്വീകാര്യമായ നിലവാരത്തിലേയ്ക്ക് - 8 മീറ്റർ വീതിയും 5.50 മീറ്റർ വാഹനയാത്രാസൗകര്യവും - ഉള്ളവയായി ഉയർത്തേണ്ടത് അത്യാവശ്യമാണ്. കാർഷിക ഉൽപന്നങ്ങൾക്കും മലയോര ഉൽപന്നങ്ങൾക്കും നല്ല വിലയും വിപണി സാധ്യതയും ഉറപ്പ് വരുത്തുന്നതിലൂടെ ഇത് ഗ്രാമീണ സമ്പദ്‌വ്യവസ്ഥയെ മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കും.

8 ഭാവി ആവശ്യകത മനസിലാക്കിക്കൊണ്ട് ബദൽ റൂട്ടുകൾ രൂപപ്പെടുത്തണം. നഗരങ്ങളിലെ ബൈപ്പാസുകൾക്കും ദേശീയപാതകൾക്കും 45-60 മീറ്റർ വീതിയും സംസ്ഥാന ഹൈവേകൾക്ക് 30-45 മീറ്റർ വീതിയും മുഖ്യജില്ലാതല റോഡുകൾക്ക് 18-24 മീറ്റർ വീതിയും മറ്റു ജില്ലാതല റോഡുകൾക്ക് 12-18 മീറ്റർ വീതിയും അല്ലാതുള്ള പ്രധാന റോഡുകൾക്ക് 8-12 മീറ്റർ വീതിയും ഉറപ്പാക്കണം. ഇതിനും അറ്റകുറ്റപ്പണിയ്ക്കു വേണ്ടിയും റോഡു മേഖലയിലെ നിക്ഷേപങ്ങളെ ക്രമീകരിക്കാൻ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്.

9 പ്രധാനപ്പെട്ട നഗരകേന്ദ്രങ്ങളിൽ ഗതാഗത തടസ്സവും തിരക്കും ഒഴിവാക്കുന്നതിന് ബൈപ്പാസുകൾ നിർമ്മിക്കണം. എൻ.എച്ച് 47-ൽ പാലക്കാട്, തൃശ്ശൂർ, ചാലക്കുടി, കൊച്ചി എന്നിവിടങ്ങളിൽ ബൈപ്പാസ് നിർമ്മിക്കുകയും അവ ഗതാഗതത്തിനായി തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്. തിരുവനന്തപുരം,

കൊല്ലം, ആലപ്പുഴ നഗരങ്ങളിൽ നാഷണൽ ഹൈവേ ബൈപ്പാസുകൾ നിർമ്മിക്കുന്നതിനായി ആസൂത്രണം നടത്തിയെങ്കിലും വിവിധ കാരണങ്ങളാൽ അത് അപൂർണ്ണമായി തുടരുന്നു. നാഷണൽ ഹൈവേ 17 ൽ വടകര ബൈപ്പാസ് ഇതിനകം തന്നെ ഗതാഗതത്തിനായി തുറന്നു കൊടുത്തെങ്കിലും കണ്ണൂർ, തലശ്ശേരി – മാഹി, കോഴിക്കോട്, കൊടുങ്ങല്ലൂർ ബൈപ്പാസുകൾ ഇനിയും പൂർത്തിയാകേണ്ടതായിട്ടാണിരിക്കുന്നത്. അതേപോലെ എൻ.എച്ച് 49 ൽ (കൊച്ചി – മധുര ഹൈവേ) തൃപ്പൂണ്ണിത്തുറ, മൂവാറ്റുപുഴ, കോതമംഗലം നഗരങ്ങളിൽ ബൈപ്പാസുകളുടെ പണി പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്. അടുത്ത അഞ്ച് വർഷത്തിനകം ഇവയുടെ പണി പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ പൂർത്തീകരിക്കേണ്ടതുണ്ട്. ആറ്റിങ്ങൽ, കൊട്ടാരക്കര, ചങ്ങനാശ്ശേരി, കോട്ടയം നഗരങ്ങൾക്ക് ബൈപ്പാസുകൾ നിർമ്മിക്കുന്നതിൽ മുൻഗണന നൽകേണ്ടതുണ്ട്.

10 അവസാനമായി റോഡ് ശൃംഖല വികസനത്തിലുള്ള അനാസ്ഥമൂലം ആധുനിക വ്യവസായങ്ങളെയും നിർണ്ണായകമായ അടിസ്ഥാനസൗകര്യങ്ങളെയും ആകർഷിക്കാൻ സംസ്ഥാനത്തിനു കഴിയുന്നില്ല. സംസ്ഥാനത്തിന്റെ തെക്കും വടക്കും ഭാഗങ്ങളെ യോജിപ്പിച്ചുകൊണ്ടുള്ള ഉയർന്ന നിലവാരത്തിലുള്ള ഒരു പാത ഉണ്ടായേ തീരൂ. ഭൂലഭ്യത യാണ് മുഖ്യപ്രതിബന്ധം. എം.സി റോഡുപോലുള്ള റോഡു വികസനത്തിന്റെ ഏറ്റവും വലിയ പ്രതിബന്ധം ഇതുതന്നെയാണ്. മറ്റ് സംസ്ഥാന ഹൈവേകളുടെ സ്ഥിതിയും ഇതുതന്നെയാണ്.

## റോഡ് – പുത്തൻ രീതികൾ

11 കേരളത്തിലെ പശ്ചാത്തലവികസനം നേരിടുന്ന മുഖ്യമായ വെല്ലുവിളി ഭൂമി ലഭ്യമല്ലായെന്നതാണ്. റോഡ് വികസനകാര്യത്തിൽ ഭൂമിയുടെ ലഭ്യത ഭാവി വികസന കാര്യത്തിൽ ക്രിയാത്മകമായ ഘടകമായിരിക്കും. ഭൂമിയുടെ ലഭ്യതയുടെ കാര്യത്തിലുള്ള തടസ്സങ്ങൾ ദീർഘവീക്ഷണമുള്ള നിക്ഷേപങ്ങൾക്ക് തെറ്റായ സൂചനയാണ് നൽകുക. ഭൂലഭ്യതയുടെ കാര്യത്തിൽ വ്യക്തതയില്ലാത്തതിനാൽ സംസ്ഥാനത്തിന് നിരവധി ദേശീയ പാത വികസന പദ്ധതികളാണ് നഷ്ടമായത്. ഗതാഗത വികസനത്തിന്റെ ഭാഗമായി ജനങ്ങളെ കുടിയൊഴിപ്പിക്കേണ്ടതും വസ്തുവകകൾ ഏറ്റെടുക്കേണ്ടതുമായ പ്രശ്നങ്ങൾ വരുമ്പോൾ ബന്ധപ്പെട്ട മുഴുവൻ പേരുമായും ചർച്ച ചെയ്ത് പുനരധിവാസമടക്കമുള്ള നഷ്ടപരിഹാര പാക്കേജ് ആവിഷ്കരിക്കേണ്ടതാണ്.

12 സംസ്ഥാനത്തെ ഹൈവേകളുടെയും റോഡുകളുടെയും അറ്റകുറ്റപ്പണിയും സംരക്ഷണവും തൃപ്തികരമല്ല. പാലങ്ങളുടെയും തോടുകളുടെയും അറ്റകുറ്റപ്പണികൾക്ക് ഉപയോഗപ്പെടുത്തുന്ന മാർഗ്ഗങ്ങൾ ശാസ്ത്രീയമല്ല. ടെലികോം, ടെലിഫോൺ, വൈദ്യുതി, ജലവിതരണ തുടങ്ങിയ സേവനദാതാക്കൾ റോഡുകൾ കുഴിക്കുന്നതും റോഡ് നന്നാക്കലും തമ്മിൽ ഏകോപനമില്ല. നിശ്ചിതകാല അറ്റകുറ്റപ്പണി നടത്തിപ്പിന് ദീർഘകാലാടിസ്ഥാനത്തിൽ കരാർ നൽകുന്ന സംവിധാനം ഉണ്ടാക്കുന്നത് അത്യാവശ്യമാണ്.

13 പലപ്പോഴും റോഡ് വികസനം നടപ്പാതകളെ ഉപയോഗപ്പെടുത്തിയാണ്. ഇത് പാർക്കിംഗ് സ്ഥലങ്ങളായി മാറുന്നു. ഫലത്തിൽ റോഡ് വികസനത്തിന്റെ ലക്ഷ്യം തന്നെ പരാജയപ്പെടുന്നു. പാർക്കിംഗിന് തെരുവിനു പുറത്ത് പ്രത്യേക സ്ഥലം കണ്ടെത്തിയും തെരുവിലെ പാർക്കിംഗ് സംവിധാനത്തിനെതന്നെ പുനക്രമീകരിച്ചും ഈ പ്രശ്നത്തിന് അടിയന്തിര പരിഹാരമുണ്ടാക്കണം. അതേപോലെ റോഡരികിൽ താമസിക്കുന്നവരെ മാറ്റിപ്പാർപ്പിക്കുന്നതിന് റീസെറ്റിൽമെന്റ്, റീഹാബിലിറ്റേഷൻ പദ്ധതികൾ രൂപപ്പെടുത്തിയ ശേഷം മാത്രമേ നഗരപ്രദേശങ്ങളിലെ പ്രധാനപ്പെട്ട റോഡുകളുടെ വീതി കൂട്ടൽ ഏറ്റെടുക്കാനാവൂ.

14 ആശ്രയിക്കാൻ കഴിയുന്നതും മതിയായ അളവിലുള്ളതുമായ പൊതുഗതാഗത സംവിധാനം ഏർപ്പെടുത്തുകയുമാണ് നഗരങ്ങളിലെ ഗതാഗതക്കുരുക്ക് അവസാനിപ്പിക്കുന്നതിനുള്ള ഫലപ്രമായ മാർഗം. യാത്രക്കാരെ പരമാവധി പൊതുബസുകളിലേയ്ക്കും ട്രെയിനുകളിലേയ്ക്കും തിരിച്ചുവിടുന്നതിലൂടെ റോഡിലെ വാഹനങ്ങളുടെ എണ്ണം കുറയ്ക്കാം. വൈദ്യുതി/ബാറ്ററി കൊണ്ട് ഓടുന്ന വാഹനങ്ങൾ, കംപ്രസ്ഡ് നാചറൽ ഗ്യാസ് (സി.എൻ.ജി) ബസുകൾ, മെട്രോ റെയിൽ/ലൈറ്റ് റാപിഡ് ട്രാൻസ്പോർട്ട് (എൽ.ആർ.റ്റി) സംവിധാനം മെമു സർവീസ് തുടങ്ങിയ പരിസ്ഥിതി സൗഹൃദ ഗതാഗതമാർഗങ്ങൾ ഘട്ടംഘട്ടമായി അവതരിപ്പിക്കുന്നത് റോഡിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിന് ഗണ്യമായി സഹായിക്കും.

15 ബാറ്ററിയുള്ള ഹൈബ്രിഡ് കാറുകൾ, വൈദ്യുതിയിൽ ഓടുന്ന കാറുകൾ, കേബിൾ കാർ, ഏരിയൽ ട്രാംവേ, വൈദ്യുതിയിൽ ഓടുന്ന ബസുകളുടെ ശൃംഖല, ബാറ്ററിയിൽ ഓടുന്ന റിക്ഷ/ടാക്സി എന്നിവ പരിഗണിക്കേണ്ടതും സുപ്രധാനവുമാണ്. മലമ്പ്രദേശത്തും വെള്ളത്താൽ ചുറ്റപ്പെട്ടിടങ്ങളിലും ദുർഗമ പ്രദേശങ്ങളിലും ഏരിയൽ ലിഫ്റ്റ് സിസ്റ്റത്തിന് ഏറെ പ്രാധാന്യമുണ്ട്.

16 സംസ്ഥാനത്തെ ഉയർന്ന തോതിലുള്ള നഗരവൽക്കരണവും റോഡുകൾക്കിരുവശുമായി റിബൺ പോലുള്ള വികസനവും അടിസ്ഥാന സൗകര്യത്തിൽ വെല്ലുവിളികൾ ഉയർത്തുകയും ഒപ്പം അവസരങ്ങൾ ഒരുക്കുകയും ചെയ്യുന്നു. നഗര ഇടനാഴികൾക്ക് പുറത്ത് ഉപയോഗിക്കപ്പെടാതെ കിടക്കുന്ന സ്ഥലങ്ങൾ നഗരപ്രദേശങ്ങളിൽ പോലുമുണ്ട്. ഇത്തരം സ്ഥലങ്ങൾ മാപ്പ് ചെയ്യുന്നതിനും അവയെ പ്രാദേ

ശികാവശ്യങ്ങൾക്കായി അടയാളപ്പെടുത്തുന്നതിനും ലാന്റ് പൂളുകൾ സൃഷ്ടിക്കുന്നതിനും കൈമാറ്റം ചെയ്യാവുന്ന വികസനാവകാശ സംവിധാനങ്ങൾ വികസിപ്പിക്കുന്നതും താൽപര്യമുള്ളവാക്കുന്ന വിഷയങ്ങളാണ്.

17 സൈക്കിൾ യാത്രക്കാർക്കും കാൽക്കാർക്കുമുള്ള പ്രത്യേക പാതകൾ, പാർക്കുകളുടെ ശൃംഖല, ഹരിത ഇടനാഴികൾ, കാൽനടക്കാർക്കുള്ള ഫുട്ഓവർ ബ്രിഡ്ജുകൾ, പാർക്കിംഗ് സോൺ, ഫ്ളൈ ഓവർ, സബ് വേകൾ എന്നിവ ഒരു സമഗ്രപദ്ധതിയുടെ ഭാഗമായി വികസിപ്പിക്കുന്നത് സംസ്ഥാനത്തെ നഗരങ്ങളിലും ഹൈവേകളിലും അനുഭവപ്പെടുന്ന ഗതാഗതക്കുരുക്കിന് പരിഹാരം കാണുന്നതിലും സംസ്ഥാനത്തെ ഹരിതാഭാമാക്കുന്നതിനും സഹായിക്കും. കൊളംബിയയിലെ ബൊഗോട്ട, ബ്രസീലിലെ കുരുറ്റിബയിലെ പങ്കാളിത്ത നഗരവികസനം, ടെക്സാസിലെ സാൻ അന്റോണിയയിലെ നഗര പുനരുദ്ധാരണവും ജലാഭിമുഖ വികസനവും തുടങ്ങിയ സുസ്ഥിര ഗതാഗത മാതൃകകൾ ഗൗരവപൂർവ്വം പരിശോധിക്കേണ്ടതുണ്ട്.

18 അന്ധന്മാരും വൃദ്ധരും ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ളവർക്ക് തടസമില്ലാതെ കടന്നുവരുവാൻ കഴിയുന്നതും അവർക്ക് ചലനസ്വാതന്ത്ര്യമുള്ളതുമാകണം സംസ്ഥാനത്തെ അടിസ്ഥാന സൗകര്യവികസന പദ്ധതി. അത്യാധുനികമായതും സ്മാർട്ട് ആയതും സംസ്ഥാനത്തിന് അനുയോജ്യമായതുമായ അതേസമയം മാനുഷികവും സുസ്ഥിരവും പരിസ്ഥിതി സൗഹൃപരവും ആധുനികവുമായ ബദൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുകയെന്നതിലാവണം നമ്മുടെ ശ്രദ്ധ.

19 വ്യവസ്ഥാപനമായ യോജിപ്പുകൾ വികസിപ്പിക്കുന്നതിനും സംസ്ഥാനത്തിന് കേന്ദ്ര സംസ്ഥാന-പ്രാദേശികതല സർക്കാരുകളുടെ പങ്കാളിത്തം സംയോജിപ്പിക്കുന്ന വൈവിധ്യപൂർണ്ണമായ സ്ഥലപരമായ ഒരു പദ്ധതിയുടെ ആവശ്യകതയുണ്ട്. ജില്ലാതല ആസൂത്രണ സമിതികളും നഗര-ഗ്രാമ സർക്കാരുകളുടെ ജില്ലാ പദ്ധതി രൂപീകരണത്തിലുള്ള അവയുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനാവശ്യമായ യാതൊരു ശ്രമങ്ങളും നടക്കുന്നില്ല. എന്ന് മാത്രമല്ല സമഗ്രമായ ഒരു സ്ഥലവികസന തന്ത്രം രൂപീകരിക്കുന്നതിനായി മേഖലാപരവും സംസ്ഥാനതലത്തിലുള്ളതുമായ നിക്ഷേപങ്ങളെ ഏകീകരിക്കുന്നതിനോ ജില്ലാതല പദ്ധതികളെ ഏകോപിപ്പിക്കുന്നതിനോ ഉള്ള ശ്രമങ്ങളും നടക്കുന്നില്ല.

20 നഗരമേഖലകളിൽ പൊതുവായി 30 ശതമാനം യാത്രകളും നടക്കുന്നത് കാൽനടയായാണ്. പരിസ്ഥിതിയ്ക്ക് കാര്യമായ പ്രത്യാഘാതങ്ങളൊന്നുംതന്നെ ഉളവാക്കാത്തതാണ് നടത്തവും സൈക്ക്ളിംഗും. അതിനാൽ കാൽനടക്കാരും സൈക്കിൾ യാത്രക്കാരും ഗതാഗത സംവിധാനത്തിന്റെ ഭാഗമായി അംഗീകരിക്കപ്പെടുകയും അവർക്ക് സുരക്ഷിതമായ പരിതസ്ഥിതി ഉറപ്പാക്കിക്കൊടുക്കുകയും വേണം. എന്തൊക്കെയായാലും നഗരങ്ങളിൽ കാൽനടക്കാർക്കുള്ള സൗകര്യങ്ങൾ തീർത്തും അപര്യാപ്തമാണ്. എപ്പോഴൊക്കെ റോഡുകൾ വികസിപ്പിക്കപ്പെടുന്നുവോ അപ്പോഴൊക്കെ നടപ്പാതകൾക്ക് മേൽ കോടാലി വീഴുന്നു.

21 മോട്ടോർരഹിത ഗതാഗത സംവിധാനങ്ങൾ കുറഞ്ഞ ദൂരത്തേയ്ക്ക് പ്രോത്സാഹിപ്പിക്കപ്പെടുന്നതിലൂടെ ഊർജ്ജസംരക്ഷണത്തിനു പുറമെ യാത്രക്കാരുടെ ആരോഗ്യവും സംരക്ഷിക്കപ്പെടുന്നു. ഇത്തരം യാത്രകൾ പ്രോത്സാഹിപ്പിക്കുന്നതിനായി റോഡുകളിൽ ആവശ്യമായത്ര നടപ്പാതകളും മുറിച്ചുകടക്കുന്നതിനുള്ള സംവിധാനങ്ങളും ഏർപ്പെടുത്തണം. കാൽനടക്കാർക്കും സൈക്കിൾ യാത്രികർക്കും ബസ് സ്റ്റോപ്പിലേയ്ക്കും റെയിൽവേ സ്റ്റേഷനിലേയ്ക്കും അഭിഗമ്യതയുണ്ടാക്കുന്നത് പൊതുയാത്രാ സംവിധാനങ്ങൾക്ക് ഏറെ ഗുണം ചെയ്യും. ഇത് വ്യക്തിപരമായ വാഹനങ്ങളുടെ എണ്ണം റോഡിൽ കുറയ്ക്കുകയും അതുവഴി ഊർജ്ജസംരക്ഷണത്തിനും മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനും ഇടയാക്കും. വാഹനഗതാഗതം വർദ്ധിപ്പിക്കാതെ അഭിഗമൃത മെച്ചപ്പെടുത്തുന്നതിനുള്ള ഒരു തന്ത്രമാണ് മോട്ടോർരഹിത ഗതാഗത പ്രോത്സാഹനം.

22 കമ്യൂണിറ്റി കേന്ദ്രീകൃത സോഷ്യൽ ഓഡിറ്റ് വികസിപ്പിക്കുന്നതിനും റോഡിലൂടെ സഞ്ചരിക്കുന്നതിനും റോഡരികിലുള്ള ജല നിർഗമനപാതകൾ സംരക്ഷിക്കുന്നതിനും കമ്യൂണിററി അടിസ്ഥാനത്തിലുള്ള വിജിലൻസ് സംവിധാനം വേണം. വഴി കയ്യേറ്റം തടയുമെന്ന് ഉറപ്പാക്കുന്നതിനും ജലനിർഗമനം പ്രവർത്തനക്ഷമമാക്കി തടസ്സങ്ങൾ ഉണ്ടാക്കില്ലെന്ന് ഉറപ്പാക്കുന്നതിനും അവർക്കു ചുമതലയുണ്ടാകണം. ബിറ്റുമിനസ് മെക്കാഡം അസ്ഫാൾട്ട് കോൺക്രീറ്റ് (ബി.എം.എ.സി) അധിഷ്ഠിത സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി റോഡുകൾ ദീർഘകാലം നിലനിൽക്കുമെന്ന് ഉറപ്പാക്കുന്നതിനുമൊക്കെ പി.ഡബ്ല്യു.ഡി തയ്യാറായാണ് ഈയിടെ മാത്രമാണ്.

23 കെഎസ്ആർടിസിയുടെ പുനരുദ്ധാരണത്തിനുവേണ്ടി പ്രത്യേക പാക്കേജ് നടപ്പാക്കേണ്ടതാണ്. ഇതേക്കുറിച്ച് നേരത്തെ വിശദീകരിച്ചു കഴിഞ്ഞു. തൊഴിലാളി യൂണിയനുകളും മാനേജുമെന്റും സർക്കാരും ചേർന്ന ഒരു ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽവേണം പുനരുദ്ധാരണ പാക്കേജ് നടപ്പാക്കാൻ.

### ജലഗതാഗതം

24 ഇതുവരെ നാം പ്രാധാന്യം നൽകിയിരുന്നത് റോഡ് ഗതാഗതത്തിനാണ്. എന്നാൽ ഈ ഗതാഗത ഭാരത്തിന്റെ ന്യായമായ ഒരുഭാഗം വഹിക്കാൻ കഴിയത്തക്ക രീതിയിൽ ഉൾനാടൻ ജലഗതാഗതം

പ്രോത്സാഹിപ്പിക്കേണ്ട ആവശ്യകതയുണ്ട്. മൂല്യം കുറഞ്ഞതും അളവിൽ കൂടുതലുള്ളതുമായ ചരക്ക് കുറഞ്ഞ നിരക്കിൽ കൊണ്ടുപോകാൻ കഴിയുമെന്നത് ജലഗതാഗതത്തിനുള്ള മെച്ചമാണ്. വിവിധ ഗതാഗതമാർഗങ്ങൾക്കുള്ള അടിസ്ഥാനസൗകര്യങ്ങൾ വികസിപ്പിക്കുന്നത് വൻതോതിലുള്ള ചരക്ക് ഗതാഗതത്തിന് സഹായകരമാണ്. റോഡ്, റെയിൽ, ജലഗതാഗത മാർഗങ്ങളുടെ അനുയോജ്യമായ മിശ്രണത്തിലൂടെ സംസ്ഥാനത്ത് കാര്യക്ഷമമായ ഗതാഗത സംവിധാനം ഒരുക്കാൻ കഴിയും.

25 കണക്കുകൾ കാണിക്കുന്നത് ചരക്കുകടത്തിൽ ജലഗതാഗത പാതകളുടെ വിഹിതം 2 ശതമാനം മാത്രമാണെന്നും യാത്രക്കാരുടേത് ഒരു ശതമാനത്തിൽ താഴെയാണെന്നുമാണ്. ജലപാതകളും ആഭ്യന്തര ജലഗതാഗത സംവിധാനങ്ങളും പുനരുദ്ധരിക്കുക വഴി 2020 ൽ മൊത്തം ഗതാഗതത്തിന്റെ 5 ശതമാനമായും 2030 ൽ 12 ശതമാനമായും ഇത് വർദ്ധിപ്പിക്കാനാകും. വെസ്റ്റ്-കോസ്റ്റ് കനാൽ ഗതാഗത യോഗ്യമായിത്തീർന്നാൽ റോഡിലൂടെ നടക്കുന്ന ചരക്കുകടത്തിന്റെ 17-24 ശതമാനം വരെ ജലഗതാഗത പാതയിലേയ്ക്ക് മാറ്റാൻ കഴിയുമെന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. ഇതേപോലെ ആഭ്യന്തര ജലഗതാഗതപാത പുനരുദ്ധരിച്ചാൽ 2020 ൽ 6 ശതമാനം യാത്രക്കാരെ ഇതിലേയ്ക്ക് മാറ്റാനും 2030 ആകുമ്പോഴേയ്ക്ക് അത് 10 ശതമാനമായി ഉയർത്താനും കഴിയും. അതിനാൽ സുസ്ഥിരമായ ഈ ഗതാഗത സംവിധാനത്തിൽ ഗൗരവമായ ഊന്നൽ നൽകുന്നതിന് കഴിയണം.

26 കേരളത്തിലെ ജലപാതകളുടെ, പ്രത്യേകിച്ച് എൻ. ഡബ്ല്യു. - 3 ന്റെയും അനുബന്ധ കനാലുകളുടെയും പുനരുജ്ജീവനത്തിന് പ്രധാന മുൻഗണന നൽകേണ്ടതാണ്. മികച്ച ജലപാതയും ജലയാനങ്ങൾക്ക് വേണ്ട ഘടകങ്ങളും വികസിപ്പിക്കുകയും ചോദനവും ലഭ്യതയും തമ്മിലുള്ള അന്തരം കുറച്ചുകൊണ്ടുവരികയും ചെയ്യുമ്പോൾ മാത്രമേ ചരക്കുകടത്ത് റോഡ്/റെയിൽ മാർഗ്ഗത്തിൽ നിന്ന് ജലമാർഗ്ഗത്തിലേയ്ക്ക് മാറുകയുള്ളൂ. ഉൾനാടൻ ജലഗതാഗത പ്രയോജനപ്പെടുത്തുന്നതിനും തീരദേശ കപ്പൽ ഗതാഗതത്തിനായി ഉൾനാടൻ ജലഗതാഗതത്തെ ബന്ധിപ്പിക്കുകയും പരസ്പര പൂരകങ്ങളായി അവയെ പ്രവർത്തിപ്പിക്കുകയും വേണം.

27 ഹൈവേകളുടെയും ജലപാതകളെയും സംവിധാനങ്ങളെ ഏകോപിപ്പിക്കണം. ജലപാതകളുടെ അറ്റകുറ്റപ്പണി കാലാകാലങ്ങളിൽ നടത്തുന്നതിനും ക്രോസ് സ്ട്രക്ച്ചറുകളുടെ സംരക്ഷണത്തിനും വർദ്ധിച്ച തോതിലുള്ള ഫണ്ട് വകയിരുത്തുക.

28 കോട്ടപ്പുറം മുതൽ കൊല്ലം വരെയുള്ള ദേശീയ ജലപാത 3നെ പ്രവർത്തനസജ്ജമാക്കുകയും തെക്കോട്ട് വിഴിഞ്ഞം വരെയും വടക്കോട്ട് കാസർഗോഡ് വരെയും എൻ.ഡബ്ല്യു - 3 വിപുലീകരിക്കുക. ഇതിന് ഇന്ത്യാ ഗവൺമെന്റിന്റെ പ്രഖ്യാപനം ആവശ്യമാണ്.

29 ജലപാതകളുടെ ഗുണനിലവാരവും ജലയാനങ്ങളുടെ സുരക്ഷയും ഉറപ്പാക്കുന്നതിനുള്ള സ്ഥിരം സംവിധാനത്തിനും രൂപം നൽകുക, ക്രമീകരണങ്ങളും ചട്ടങ്ങളും നിയന്ത്രണ നടപടികളും സ്ഥാപിക്കുക. ചെളി നീക്കം ചെയ്യലും ആഴം കൂട്ടലും വീതി കൂട്ടൽ, കര സംരക്ഷണം എന്നിവയ്ക്കുള്ള തടസ്സങ്ങൾ നീക്കം ചെയ്യുകയും എൻ.ഡബ്ല്യു - 3 ന്റെ മാനദണ്ഡ പ്രകാരം മികച്ച ജലപാതകൾ നിർമ്മിക്കുക. കനാൽ ആന്റ് ഫെറീസ് ആക്ട് പ്രകാരം കനാൽ സംരക്ഷണത്തിന് / മെയിന്റനൻസിന് വേണ്ട ചട്ടങ്ങൾ പരസ്യപ്പെടുത്തുക.

30 ബോട്ട്ജെട്ടികളുടെയും കാർഗോ ടെർമിനലുകളുടെയും ആധുനികവൽക്കരണം. ഒഴിവുസമയ വിനോദങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും നദീമുഖ കനാൽ നടത്തത്തിനുമുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതാണ്.

31 തണ്ണീർമുക്ക്/തൃക്കുന്നപ്പുഴയിലെ ലോക്കുകൾ പുതുക്കുകയും കേടുപാടുകൾ തീർക്കുകയും വേണം.

32 കേരള ഷിപ്പിംഗ് ആന്റ് ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷന്റെ ഫ്ളീറ്റ് വികസിപ്പിക്കേണ്ടതാണ്. ഷിപ്പർ കാരിയർ, ഉൾനാടൻ ജലഗതാഗത സംരംഭകർ, സംസ്ഥാന സർക്കാർ എന്നിവർ ജലപാതകളിലൂടെയുള്ള ചരക്ക് നീക്കവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ ധാരണയെത്തണം.

33 ചരക്കു നീക്കത്തിന് റോഡിൽ നിന്ന് ജലപാതയിലേയ്ക്കുള്ള മാറ്റത്തിന് ഇൻസെന്റീവുകൾ നൽകുക.

34 കൈയ്യേറ്റക്കാരിൽ നിന്നും മലിനീകരണത്തിൽ നിന്നും ജലാശയങ്ങൾക്ക് സംരക്ഷണം നൽകുക. ഹൗസ് ബോട്ടുകൾക്കായി കായലുകളിൽ സുരക്ഷയ്ക്കായുള്ള ട്രാഫിക് ലൈനുകൾ സ്ഥാപിക്കുക.

35 ജലഗതാഗതത്തെ ഒരൊറ്റ മന്ത്രാലയത്തിന് കീഴിൽ കൊണ്ടുവരിക. അതായത്, എസ്.ഡബ്ല്യു.റ്റി.ഡി, ഐ.ഡബ്ല്യു.റ്റി ഡയറക്ടറേറ്റ്, തീരദേശ കപ്പൽ ഗതാഗതം, ഇൻലാന്റ് നാവിഗേഷൻ ഡിപ്പാർട്ട്മെന്റ്, തുറമുഖം, ജലവിഭവ വകുപ്പ് എന്നിവയെ സംയോജിപ്പിക്കുക. കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (കെ.എസ്.റ്റി.പി) ഒന്നാം ഘട്ടം, ഐ.ഡബ്ല്യു.റ്റി ഘടകത്തിന്റെ പണി പൂർത്തിയാക്കുക, തടസ്സങ്ങൾ നീക്കം ചെയ്യുക.

36 സ്വകാര്യമേഖലയിലെ പങ്കാളിത്തം ആകർഷിക്കുന്നതിനായി സംസ്ഥാന സർക്കാർ ഫെസിലിറ്റേറ്ററായി പ്രവർത്തിക്കണം. പ്രത്യേകിച്ച് - ട്രാൻസ്ഷിപ്പ്മെന്റ് സൗകര്യങ്ങൾ, ഫ്ളീറ്റ് മാനേജ്മെന്റ്, ജലഗതാഗത സൗകര്യങ്ങളുടെ നടത്തിപ്പും മെയിന്റനൻസും എന്നിവയുടെ വികസനത്തിൽ ഇതു പ്രധാനമാണ്.

## റെയിൽവേ

37 അടിയന്തരമായി ഏറ്റെടുത്തു പൂർത്തീകരിക്കേണ്ട റെയിൽവേ പദ്ധതികൾ ഇവയാണ്: ചെങ്ങന്നൂർ – പിറവം പാത ഇരട്ടിപ്പിക്കൽ, ഹരിപ്പാട് – എറണാകുളം പാത ഇരട്ടിപ്പിക്കൽ, പാലക്കാട് – പൊള്ളാച്ചി ഗേജ് മാറ്റം, പുനലൂർ – ചെങ്കോട്ട ഗേജ് മാറ്റം, തിരുവനന്തപുരം – നാഗർകോവിൽ പാത ഇരട്ടിപ്പിക്കൽ, ഷൊർണ്ണൂർ – മംഗലാപുരം വൈദ്യുതീകരണം, റോഡ് ഓവർബ്രിഡ്ജുകൾ, നേമത്തും എറണാകുളത്തും ചരക്കുവണ്ടികളുടെ കോച്ചിംഗ് ടെർമിനലുകൾ, ഷൊർണ്ണൂർ യാർഡ് നവീകരണം, പാലക്കാട് – പൊള്ളച്ചി പാതയ്ക്കായി പാലക്കാട് വൈ കണക്ഷനുള്ള വ്യവസ്ഥ, ഭാരതപ്പുഴ സ്റ്റേഷൻ മെച്ചപ്പെടുത്തൽ,

38 ഇതിനു പുറമെ, തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് സ്റ്റേഷനുകൾ ലോകനിലവാരത്തിലാക്കുന്നതിനുള്ള നടപടികളുണ്ടാകണം. കൊല്ലത്തും പാലക്കാടുമുള്ള മെമു ഷെഡിന്റെ നവീകരണവും മുൻഗണന ആവശ്യമുള്ളതാണ്. കഞ്ചിക്കോട്ട് റെയിൽ കോച്ച് ഫാക്ടറി പൂർത്തീകരിച്ചു പ്രവർത്തനമാരംഭിക്കണം.

39 മേൽപ്പറഞ്ഞ മുൻഗണനാ പ്രവർത്തനങ്ങൾ കഴിഞ്ഞാൽ ഏറ്റെടുക്കേണ്ട പ്രവൃത്തികളിൽ മുൻഗണന ആർഒബികൾക്കുണ്ടാകും. കേരളത്തിലെ ഒരുലക്ഷത്തിലധികം റ്റി.വി.യു.2 ഉള്ള 48 ലെവൽ ക്രോസുകളുണ്ട്. അവയൊന്നുംതന്നെ ആർ.ഒ.ബി.കളായി മാറ്റുന്നതിന് അനുമതി നൽകപ്പെട്ടവയല്ല. ആർ.ഒ.ബി.കൾ ഇല്ലാത്തത് റോഡ് ഉപയോഗിക്കുന്നവരെ സംബന്ധിച്ചിടത്തോളം സുരക്ഷാഭീഷണിയ്ക്കൊപ്പം ട്രാഫിക് തടസ്സം സൃഷ്ടിക്കുന്നതുമാകയാൽ ആർ.ഒ.ബി.കളിലേയ്ക്കുള്ള മാറ്റത്തിന് മുൻഗണനാക്രമത്തിൽ ആസൂത്രണം ചെയ്യണം.

40 ഭാവിയിലെ ട്രാഫിക് ആവശ്യങ്ങൾ കണക്കിലെടുത്ത് എറണാകുളം ജംഗ്ഷൻ – ഷൊർണ്ണൂർ സെക്ഷനിൽ പാത നാലുവരിയാക്കുകയും മൂന്നാംപാലം നിർമ്മിക്കുകയും വേണം.

41 ഭാവിയിലെ ട്രാഫിക് ആവശ്യങ്ങൾ നിറവേറ്റുന്നതിന് ഷൊർണ്ണൂർ – കോയമ്പത്തൂർ സെക്ഷനിൽ അഡീഷണൽ ലൈൻ ആവശ്യമാണ്. ഭാവിയിൽ നാലുവരിപ്പാത വേണ്ടി വരും. അതുപോലെതന്നെ ഷൊർണ്ണൂർ – മംഗലാപുരം സെക്ഷനിൽ അഡീഷണൽ ലൈനും വേണ്ടിവരും.

42 ട്രാഫിക് വർദ്ധനയോടെ കായംകുളം – തിരുവനന്തപുരം സെക്ഷനിൽ നിലവിലുള്ള പാതയുടെ ശേഷി വരുംവർഷങ്ങളിലെ ആവശ്യത്തിന് തികയില്ല. ഈ ഇടനാഴിയിൽ ഭാവി ട്രാഫിക് ആവശ്യങ്ങൾ നിറവേറ്റുന്നതിന് പാത മൂന്നുവരിയോ നാലുവരിയോ ആക്കുന്നതിനുള്ള ഏർപ്പാട് ഉണ്ടാകണം.

43 ഈ പ്രോജക്ടിന്റെ പണി തുടങ്ങാൻ പറ്റിയിട്ടില്ല. പാതയുടെ അലൈൻമെന്റിനോടുള്ള പ്രാദേശിക എതിർപ്പാണ് ഇതിന്റെ മുഖ്യകാരണം. ഗുരുവായൂർ മുതൽ തിരുനാവായ വരെയുള്ള അലൈൻമെന്റ് സംബന്ധിച്ച് ഇതിനകം സമവായത്തിലെത്തിയിട്ടുണ്ട്. ഈ അലൈൻമെന്റ് പ്രകാരം വിശദമായ സർവ്വെ നടത്തണം. എറണാകുളം – മംഗലാപുരം സെക്ഷനിൽ തൃശ്ശൂരിനും തിരുനാവായയ്ക്കും ഇടയിൽ ഇത് ഒരു അധിക ഇടനാഴി ആയിരിക്കും. ഉടൻവരുന്ന പൊന്നാനി തുറമുഖത്തിന്റെ പശ്ചാത്തലത്തിൽ തൃശ്ശൂർ – തിരുനാവായ പാതയ്ക്ക് സവിശേഷമായ പ്രാധാന്യമാണുള്ളത്.

44 എരുമേലിയേയും പുനലൂർ – ചെങ്കോട്ട പാതയേയും ബന്ധിപ്പിക്കുകയും അതുവഴി അങ്കമാലിയിൽ നിന്നു തുടങ്ങുന്ന ഒരു മൂന്നാം റെയിൽ കോറിഡോറിനു രൂപം നൽകുകയും ചെയ്യാം. സർക്കാരിന്റെ അനുമതിയോടുകൂടി 2013 ൽ നിർദ്ദിഷ്ട പാതയ്ക്കുള്ള മാർഗ്ഗരേഖയ്ക്ക് അവസാനരൂപം നൽകിയിരുന്നതാണ്. എന്നാൽ പദ്ധതി നീണ്ടു പോകുന്നതിനുള്ള കാരണം പദ്ധതി ചെലവിൽ സംസ്ഥാന സർക്കാരിന്റെ വിഹിതം സംബന്ധിച്ചുള്ള തർക്കമാണ്. മൊത്തം ചെലവ് 1,566 കോടി രൂപയാണ്. അതായത് 5–7 വർഷക്കാലയളവിനിടയിൽ സംസ്ഥാന സർക്കാർ നിർവ്വഹിക്കേണ്ട തുക 783 കോടി രൂപ. അടിയന്തരമായി റെയിൽവേയുമായി ധാരണയിലെത്തി പ്രവർത്തനം ആരംഭിക്കണം.

45 നെഗറ്റീവ് ആർ.ഒ.ആർ ഉയർത്തിക്കാണിച്ചതുകൊണ്ട് നിലമ്പൂരിനും നഞ്ചൻകോടിനും ഇടയിലുള്ള 236 കിലോമീറ്റർ പുതിയ പാതയ്ക്കുള്ള നിർദ്ദേശം കോൾഡ് സ്റ്റോറേജിലായിരുന്നു. റെയിൽവേകളുടെ ഏകാംഗ കമ്മിറ്റിയുടെ (ഡോ. ഇ. ശ്രീധരൻ കമ്മിറ്റി) ഉപദേശം അനുസരിച്ച് റെയിൽവേയ്ക്ക് സംസ്ഥാന സർക്കാർ ശുപാർശ ചെയ്തിരിക്കുന്നത് കുന്നിൻ പ്രദേശങ്ങളിൽ ഒന്നിന് 50 പ്രകാരമുള്ള അലൈൻമെന്റും സമതല പ്രദേശങ്ങളിൽ ഒന്നിന് 80 ഉം റൂളിംഗ് ഗ്രേഡിയന്റ് അതനുസരിച്ചും അന്തിമരൂപം നൽകുന്നതിനാണ്. മേൽ ഉപദേശം അനുസരിച്ച് ഒരു നടപടിയും ഇതുവരെ കൈക്കൊണ്ടിട്ടില്ല.

46 തിരുവനന്തപുരം – മംഗലാപുരം അതിവേഗ റെയിൽ ഇടനാഴി സംസ്ഥാനത്തിന്റെ ചലനാത്മകതയിൽ വിപ്ലവാത്മകമായ മാറ്റങ്ങൾ ഉണ്ടാക്കും. തിരുവനന്തപുരം, കൊല്ലം, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ്, മംഗലാപുരം സ്റ്റേഷനുകളും നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. അടുത്തഘട്ടത്തിൽ ചെങ്ങന്നൂർ, തൃശ്ശൂർ, തലശ്ശേരി എന്നീ മൂന്ന് സ്റ്റേഷനുകൾക്ക്കൂടി പദ്ധതിയുണ്ട്. വേണമെങ്കിൽ തിരുവനന്തപുരത്തുനിന്നും എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ സ്ഥലങ്ങളിൽ യഥാക്രമം 53, 93, 119, 142 മിനിറ്റുകൾ കൊണ്ട് എത്താൻ സാങ്കേതികമായി സാധിക്കും. സ്പീഡു കൂടുന്തോറും ചെലവും കൂടും. എന്നാൽ ഇത്ര വേഗത വേണോ എന്ന് നാം ചിന്തിക്കണം. കിലോമീറ്ററിന് 80 കോടി രൂപയോളം ചെലവു വരും.

## അർബൻ ട്രാൻസ്പോർട്ട് സിസ്റ്റം

47 കൊച്ചി മെട്രോയുടെയും തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികളുടെ പൂർത്തീകരണമാണ് ഏറ്റവും പ്രധാനപ്പെട്ടത്.

48 കൊച്ചിയിൽ മൾട്ടീ മോഡ് ലോജിസ്റ്റ് പാർക്കിന്റെയും പ്രധാനപ്പെട്ട വ്യാപാര കേന്ദ്രങ്ങളിൽ ഏകീകൃത ചരക്ക് ഗതാഗത സൗകര്യമൊരുക്കണം.

49 പ്രധാന നഗരങ്ങളിൽ ട്രാൻസിറ്റ് ഹബുകൾ ഉണ്ടാകണം. ട്രാഫിക് തിരക്ക് കുറയ്ക്കാൻ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും മുനിസിപ്പാലിറ്റികളിലും ബൈപ്പാസുകൾ ആരംഭിക്കുക.

50 നഗരഭാഗങ്ങളിൽ ട്രാഫിക് തിരക്ക് നിയന്ത്രിക്കുന്നതിന് തളിപ്പറമ്പ് ജനകീയ വികസന സമിതി മാതൃകയിൽ ജനകീയ പങ്കാളിത്തത്തോടെ ട്രാഫിക് മാനേജ്മെന്റ് മാതൃകകൾ ആവിഷ്ക്കരിക്കണം. മാളുകൾ, പ്രധാനപ്പെട്ട സിനിമാ പ്രദർശന ഹാളുകൾ, റെസ്റ്റോറന്റുകൾ തുടങ്ങി (അവധി ദിവസങ്ങളിലും വൈകുന്നേരങ്ങളിലും ആളുകൾ കൂടുന്ന) വയ്ക്കടുത്തുള്ള പൊതുയിടങ്ങൾ, പ്രാദേശിക സമിതികൾ കണ്ടെത്തുകയും ആൾ തിരക്കുള്ള സ്ഥലങ്ങളിലെ പൊതുയിടങ്ങൾ ഒരുക്കുന്നതിന് വ്യാപാരികളുടെയും മറ്റും പ്രാദേശിക സമിതികൾ രൂപീകരിച്ച് സംയുക്തമായി യോജിച്ച് അനുയോജ്യമായ റവന്യൂ മാതൃകകളിലൂടെ ഈ പൊതു ഇടങ്ങൾ വികസിപ്പിക്കണം. കേരള പോലീസ് ആക്ടിന് കീഴിലുള്ള ട്രാഫിക് റെഗുലേറ്ററി കമ്മിറ്റികൾ വഴി ജനകീയ പങ്കാളിത്തത്തോടെ, തളിപ്പറമ്പ് മുനിസിപ്പാലിറ്റിയിലെ തിരക്ക് ഫലപ്രദമായി സമിതി കൈകാര്യം ചെയ്യുന്നു.

## വിഭവസമാഹരണം

51 പരമ്പരാഗതമായി റോഡ് വികസനം സർക്കാരിന്റെ ഉത്തരവാദിത്വമായാണ് പരിഗണിക്കപ്പെട്ടുവരുന്നത്. എന്തൊക്കെയായാലും വിഭവ ലഭ്യതക്കുറവുമൂലം വളരെ കുറവ് വൻകിട റോഡ് പദ്ധതികൾ മാത്രമാണ് ബജറ്റിൽ നിന്നും നേരിട്ട് പണം ചെലവിട്ട് നടപ്പിലാക്കപ്പെട്ടിട്ടുള്ളത്. ചെലവും സമയവും അധികരിക്കുന്നതുമൂലം റോഡ് വികസന പദ്ധതികൾക്ക് വലിയ പുരോഗതി ഉണ്ടാക്കാനായിട്ടില്ല. വിന്റ്ഫാൾ ടാക്സ്, റോഡ് സർച്ചാർജ്ജ്, ഫ്യൂവൽ സെസ്, സ്വത്ത് നികുതി സർച്ചാർജ്ജ് എന്നിവയൊന്നും തന്നെ ഗൗരവതരമായി ഗതാഗത പദ്ധതികൾക്കായി സംസ്ഥാനത്ത് ഉപയോഗപ്പെടുത്തപ്പെട്ടിട്ടില്ല. ഈ പ്രശ്നംമൂലമാണ് സ്വകാര്യ പങ്കാളിത്തം റോഡ് നിർമ്മാണത്തിൽ ഉപയോഗിക്കുന്നതിന് ആലോചനയുണ്ടായത്. സർക്കാർ വിഭവങ്ങൾക്കുവേണ്ടി കടുത്ത മത്സരം വിവിധ കോണുകളിൽനിന്നുണ്ടെങ്കിലും റോഡ് പശ്ചാത്തല സൗകര്യത്തെ സാമൂഹിക പ്രതിബദ്ധതയുടെ വിഷയമായാണ് സർക്കാർ കാണുന്നത്. എന്നാൽ സ്വകാര്യ പങ്കാളിത്തം ഈ വിഷയത്തെ കാണുന്നത് ലാഭാധിഷ്ഠിതമായാണ്. വായ്പയായി സർക്കാർ സമാഹരിക്കുന്ന പണം പൂർണമായും പശ്ചാത്തല സൗകര്യ സൃഷ്ടിക്കുവേണ്ടി ഉപയോഗപ്പെടുത്തേണ്ടതാണ്.

52 സാമ്പത്തികവിശകലനത്തിൽ ഡെബ്റ്റ് – ഇക്വിറ്റി – ഫൈനാൻസിംഗ് അടിസ്ഥാനത്തിലാണ് പശ്ചാത്തല മേഖലയിൽ പണം ചെലവഴിക്കുന്നതിനെ പരമ്പരാഗതമായി കണ്ടുവരുന്നത്. സർക്കാർ ഗ്യാരന്റിയോടെ ഫണ്ട് ശേഖരിക്കുന്നതിനായി സർക്കാരിന് ഇൻഫ്ളേഷൻ ഇൻഡെക്സ്ഡ് ബോണ്ട് വിതരണം നടത്താവുന്നതാണ്. ഈ ബോണ്ടുകൾ വിദേശത്ത് എൻ.ആർ.ഐ.കൾക്കും സോവറിൻ ഫണ്ടുകൾക്കും ഇടയിൽ വിറ്റഴിക്കാം. സ്വകാര്യ വ്യക്തികൾക്ക് ഇക്വിറ്റി ഓഹരികൾ, ഡിവഞ്ചറുകൾ എന്നിവ വിതരണം ചെയ്യുകയും ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസിംഗ് ഏജൻസികളായ എസ്.ബി.ഐ, അന്താരാഷ്ട്ര ബാങ്കുകൾ എന്നിവയ്ക്ക് അത് വാങ്ങുകയും ചെയ്യാം. ഈ ബാങ്കുകൾക്ക് തന്നെ ഐ.ഐ.എഫ്.സി മുതലായവയുമായി ബന്ധങ്ങളുണ്ടാക്കി ഇവയ്ക്ക് മേൽ റീഫൈനാൻസിംഗ് നടത്തുകയും ചെയ്യാം.

53 കഴിഞ്ഞ ദശകത്തിൽ ടോൾ റോഡുകളുടെ നിർമ്മാണം, മാനേജ്മെന്റ്, അറ്റകുറ്റപ്പണി എന്നിവയ്ക്കായി രാജ്യം സ്വകാര്യമേഖലയിലേയ്ക്ക് തിരിയുകയുണ്ടായി. ഉയർന്ന തോതിലുള്ള ഗതാഗതം ടോൾ റോഡുകളിലെ പൊതു-സ്വകാര്യ പങ്കാളിത്തം വൻനഗരങ്ങളെ ബന്ധിപ്പിക്കുന്ന റോഡുകളിലാണ് നടപ്പിലാക്കിയത്. എന്തായാലും ഉയർന്ന റിസ്കുള്ള പദ്ധതികളിൽ സ്വകാര്യ നിക്ഷേപകരെ ബന്ധപ്പെടുത്തിക്കൊണ്ടുള്ള നവീനമായ സമ്പ്രദായങ്ങളും സാമ്പത്തിക സഹകരണവും ഇന്ന് സാധാരണമായിക്കൊണ്ടിരിക്കുകയാണ്. എന്നാൽ കേരളത്തിൽ ടോളധിഷ്ഠിത വികസനം പ്രയാസമാണ്. ജില്ലാ റോഡുകളും ദേശീയ പാതകളും പ്രവേശനം അനുമതിയില്ലാത്ത മാർഗങ്ങളായി മാറ്റാനാവില്ല. മാത്രമല്ല, അവയിലൂടെ എത്രയോ നാളായി യാത്ര ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഇത്തരം റോഡുകളിൽ വാണിജ്യാടിസ്ഥാനത്തിലുള്ള നിർമ്മാണം അഭികാമ്യമല്ല.

54 പബ്ലിക് – പ്രൈവറ്റ് പാർട്ടിസിപ്പേഷൻ പ്രോജക്ടുകളിൽ കൺസഷനയറും സർക്കാരും നിരവധി ആപൽസാധ്യതകളെ അഭിമുഖീകരിക്കേണ്ടതായി വരുന്നു. ബിഒടി-ക്കു കീഴിലെ പ്രധാനപ്പെട്ട അപകടസാധ്യതാ ഘടകങ്ങൾ, വികസനഘട്ടവും നിർമ്മാണഘട്ടവും പ്രവർത്തനഘട്ടവും പ്രോജക്ടിന്റെ ജീവിത കാലാവധിയുമായി ബന്ധപ്പെട്ടതാകുന്നു. പദ്ധതി നടപ്പിലാക്കുന്നതിനായി അന്തിമമായി ഏറ്റെടുക്കുന്നതിന് മുമ്പ് ഈ ഓരോന്നിനെയും സംബന്ധിച്ച് വിശദമായ വിലയിരുത്തൽ നടത്തേണ്ടതുണ്ട്.

55 കൺസഷൻമാർക്കിടയിൽ പദ്ധതി നടത്തിപ്പിന്റെയും പ്രസക്തവും അപ്രസക്തവുമായ നിരവധിതലത്തി

ലുള്ള ആപൽസാധ്യകൾ ഉയർത്തിക്കാണിക്കുന്നതിനുള്ള ഒരു പ്രവണതയുണ്ട്. അത് വച്ച് അവർ കൂടുതൽ ഇളവുകൾ ആവശ്യപ്പെടും. മിക്കവാറും സംഗതികളിൽ ഈ റിസ്ക് കണക്കിലെടുക്കുകയും അത് പ്രോജക്ട് ചെലവിലും ഇളവുകൾ ചെയ്യുന്ന ഘട്ടത്തിലും ഉൾപ്പെടുത്തിയിരിക്കും. റിസ്കിനെയും അതിന്റെ അളവിനെയും സംബന്ധിച്ച കൃത്യമായ അറിവിന്റെ അഭാവം ഉപഭോക്താവിനെയും സർക്കാരിനെയും സംബന്ധിച്ചിടത്തോളം തിരിച്ചടിയാകും. ഇപ്പോൾ ആനുകൂല്യ കാലാവധി, വാർഷിക ആദായം തുടങ്ങിയവ തീരമാനിക്കുന്നതിനുള്ള പ്രോജക്ട് നടത്തിപ്പ് മാനദണ്ഡങ്ങൾ പുനപരിശോധിക്കുന്നതിന് ഉഭയസമ്മതപ്രകാരമുള്ള മാർഗ്ഗരേഖയൊന്നും നിലവിലില്ല.

56 പശ്ചാത്തല വികസന ധനസമാഹരണത്തിന്റെ വിവിധ മാതൃകകൾ ചുവടെ ചേർക്കുന്നു. ബിൽഡ് – ഓൺ – ഓപ്പറേറ്റർ (ബി.ഒ.ഒ), ബിൽഡ് – ഡെവലപ്പ്മെന്റ് – ഓപ്പറേറ്റർ (ബി.ഡി.ഒ), ഡിസൈൻ – കൺസ്ട്രക്ട് – മാനേജ് – ഫിനാൻസ് (ഡി.സി.എം.എഫ്), ബൈ (വാങ്ങുക) – ബിൽഡ് – ഓപ്പറേറ്റ് (ബി.ബി.ഒ), ലീസ് (പാട്ടം) – ഡെവലപ്പ് – ഓപ്പറേറ്റ് (എൽ.ഡി.ഒ), റാഷ് – എറൗണ്ട്സ് – അഡീഷൻ (ഡബ്ല്യു.എ.എ), ബിൽഡ് – ഓപ്പറേറ്റ് – ട്രാൻസ്ഫർ (ബി.ഒ.റ്റി), ഡിസൈൻ – ബിൽറ്റ് – ഫിനാൻസ് – ഓപ്പറേറ്റ് – ട്രാൻസ്ഫർ (ഡി.ബി.എഫ്.ഒ.റ്റി). നടപ്പിലുള്ള ബി.ഒ.പി/പി.പി.പി പ്രോജക്ടുകളാണ് വിഴിഞ്ഞം തുറമുഖവും കൊച്ചയിലെ സ്മാർട്ട് സിറ്റി പ്രോജക്ടും. വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ ബി.ഒ.റ്റി പ്രകാരം നിർമ്മിച്ച് വരികയാണ്. രാജ്യത്തെ ഏറ്റവും വലിയ സിംഗിൾ ഓപ്പറേറ്റർ കണ്ടെയ്നർ ടെർമിനലാണിത്. പ്രത്യേക സാമ്പത്തിക മേഖലയിൽ ആദ്യമായി പ്രവർത്തിക്കുന്നതുമാണിത്. ഇതിനെ രാജ്യത്തെ ആദ്യത്തെ പി.പി.പി സംരംഭത്തിലുള്ള ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലായി വികസിപ്പിച്ചുവരികയാണ്; ഇതിന്റെ ബി.ഒ.റ്റി പങ്കാളി ഡി.പി വേൾഡാണ്. കൊച്ചീൻ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ് (സിയാൽ) ആണ് ഇന്ത്യയിലെ ആദ്യത്തെ പി.പി.പി എയർപോർട്ട്. ഇന്ത്യയിലെ പി.പി.പി പ്രോജക്ടുകളുടെ ചരിത്രത്തിലെ വിജയഗാഥകളിൽ ഒന്നാണിത്. കണ്ണൂരിനടുത്ത് സ്വകാര്യ പങ്കാളിത്തത്തോടെ ഒരു ഗ്രീൻഫീൽഡ് എയർപോർട്ട് നിർമ്മിക്കുന്നതിന് ഇപ്പോൾ കേരള സർക്കാർ മുൻകൈ എടുത്തിരിക്കുകയാണ്. പി.പി.പി അടിസ്ഥാനത്തിലും ബിൽഡ് – ഓൺ – ഓപ്പറേറ്റ് (ബി.ഒ.ഡി) മോഡലിലും ആയിരിക്കും ഈ പ്രോജക്ട് നടപ്പാക്കപ്പെടുന്നത്. ഈ സംയുക്ത സംരംഭത്തിൽ 24 ശതമാനം സർക്കാർ ഓഹരി ഉണ്ടാകും എന്ന കാഴ്ചപ്പാടാണുള്ളത്.

57 റോഡു പ്രോജക്ടുകൾക്ക് ടോൾ അടിസ്ഥാനത്തിലുള്ള വിഭവസമാഹരണ പദ്ധതികൾ കേരളത്തിൽ പൊതുവേ സ്വീകാര്യമല്ല. നിലവിലുള്ള ടോൾ പദ്ധതികളുടെ അധികലാഭത്തെക്കുറിച്ചും അനേകം വിമർശനങ്ങളുണ്ട്. എന്നു മാത്രമല്ല, സംസ്ഥാന ജില്ലാപാതകൾ തുറന്ന റോഡുകളാണ്. അവയിലേയ്ക്കുള്ള പ്രവേശനം തടയാൻ കഴിയില്ല. അതുകൊണ്ട് കേരളത്തിലെ റോഡുകളുടെ നവീകരണത്തിന് സങ്കീർണമായ മേൽപ്പറഞ്ഞ പദ്ധതികൾ പ്രായോഗികമല്ല. ഇതിന് മുന്നോട്ടു വെയ്ക്കുന്ന ബദൽ മാർഗം റോഡ് നിർമ്മാണത്തിന് പ്രത്യേക ഫണ്ടിനോ ഏജൻസിയ്ക്കോ രൂപം നൽകുകയാണ്. ഇവർക്ക് നിയമം മുഖേനെ മോട്ടോർ വാഹന നികുതിയുടെ 25–50 ശതമാനം തുക വർഷം തോറും സർക്കാർ കൈമാറും എന്നുറപ്പു നൽകണം. ഈ ഭാവി വരുമാനത്തെ സെക്യൂരറ്റൈസ് ചെയ്ത് ഇന്ന് റോഡു പണിയുന്നതിന് ആവശ്യമായ പണം ഇവർക്കു സമാഹരിക്കാനാവും. പണമല്ല പ്രശ്നം, എത്ര കാര്യക്ഷമമായി ഈ ഏജൻസിയ്ക്ക് പദ്ധതി നിർവഹണം നടത്താനാവും എന്നുള്ളതാണ്. ഇതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

അധ്യായം 29

# ഭരണപരിഷ്ക്കരണം – നിയമപരിഷ്ക്കരണം

സർക്കാർ രൂപീകരിക്കുന്ന കാഴ്ചപ്പാടുകൾ നടപ്പിലാക്കപ്പെടേണ്ടത് ഭരണയന്ത്രത്തിലൂടെയാണ്. അതുകൊണ്ടുതന്നെ ഭരണയന്ത്രം ജനകീയ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ രൂപീകരിക്കപ്പെടുക എന്നത് ഏത് പദ്ധതിയേയും അതിന്റെ ജനകീയത നിലനിർത്തിക്കൊണ്ടുപോകുന്നതിന് അത്യാവശ്യമാണ്. ഭരണയന്ത്രത്തെ ജനകീയമാക്കി മാറ്റുക എന്നത് ഏതു വികസനവും ജനപക്ഷ രീതിയിലേക്ക് മാറ്റപ്പെടുന്നതിലുള്ള മുന്നുപാധിയാണ് എന്ന് തിരിച്ചറിഞ്ഞ് ഈ രംഗത്ത് ഇടപെടാനാവണം. ഈ പഠന കോൺഗ്രസ്സിൽ അവതരിപ്പിക്കപ്പെട്ട രേഖയിലെ കാഴ്ചപ്പാടുകൾ നടപ്പിലാക്കപ്പെടേണ്ടത് സർക്കാരിന്റെ ഭരണസംവിധാനത്തിലൂടെയാണ് എന്നതിനാൽ ഭരണയന്ത്രത്തെ ശരിയായ രീതിയിൽ രൂപപ്പെടുത്തുക എന്നത് മർമ്മപ്രധാനമായ ഉത്തരവാദിത്വമാണെന്ന് തിരിച്ചറിഞ്ഞുകൊണ്ട് ഇടപെടാൻ കഴിയണം.

### സവിശേഷതകൾ

കേരളത്തിന്റെ ഭരണയന്ത്രം കാര്യക്ഷമത കൂടിയതും അഴിമതി കുറഞ്ഞതും പ്രതിബദ്ധതയുള്ളതുമായ ഒന്നെന്ന നിലയിലായിരുന്നു അറിയപ്പെട്ടിരുന്നത്. വിദ്യാഭ്യാസത്തിലും ഉദ്യോഗത്തിലുമുള്ള സംവരണ സംവിധാനത്തിലൂടെ കീഴാളർക്ക് ഭരണയന്ത്രത്തിൽ സ്ഥാനം ലഭിച്ചതും ഇടതുപക്ഷ സർക്കാരുകളുടെ ഇടപെടലും ബഹുജനങ്ങളുടെ സമ്മർദ്ദവും കേരളത്തിലെ ഇടതുപക്ഷ മനസ്സും പ്രതിബദ്ധതയുള്ള ജീവനക്കാരുടെ പ്രസ്ഥാനങ്ങളും ഇത്തരമൊരു സ്ഥിതിവിശേഷം നിലനിർത്തുന്നതിന് ഇടയാക്കിയിട്ടുണ്ട്. കേരളത്തിലെ ഭരണയന്ത്രം ക്ഷേമപ്രവർത്തനങ്ങൾക്കും വിദ്യാഭ്യാസാദി സേവനങ്ങളും അവയുമായി ബന്ധപ്പെട്ട പരിഷ്കാരങ്ങൾ നടപ്പാക്കുന്നതിനും വളരെ കാര്യക്ഷമമായി പ്രവർത്തിച്ചിട്ടുണ്ട്. മറ്റു പല സംസ്ഥാനങ്ങളിൽനിന്നും ഗുണപരമായി വ്യത്യാസപ്പെട്ട ഭരണയന്ത്രമാണ് കേരളത്തിലേത് എന്ന് ചില പണ്ഡിതന്മാർ നിരീക്ഷിച്ചിട്ടുണ്ട്.

### ദൗർബല്യങ്ങളുടെ ലക്ഷണങ്ങൾ

കേരളത്തിലെ ഭരണസംവിധാനത്തിന് മേൽപ്പറഞ്ഞ നേട്ടങ്ങൾ ഉണ്ട് എന്നത് യാഥാർത്ഥ്യമാണെങ്കിലും നിരവധി പോരായ്മകൾ അതിനുണ്ട്. അതിന്റെ തെളിവുകളിലൊന്നാണ് അനിശ്ചിതമായി നീണ്ടുപോകുന്ന നിരവധി പദ്ധതികൾ. പല കേന്ദ്ര സഹായ പദ്ധതികളും ലാപ്സായി പോകുന്ന അവസ്ഥയും പുതിയ പ്രോജക്ടുകൾ തയ്യാറാക്കി പണം നേടിയെടുക്കുന്നതിൽ വരുന്ന ദൗർബല്യവും ഇതിന്റെ ഭാഗം തന്നെയാണ്. സേവന നിലവാരത്തിന്റെ ഗുണങ്ങളെ സംബന്ധിച്ചുള്ള ജനങ്ങളുടെ പരാതിയും ഭരണയന്ത്രത്തിനു നേരെയുള്ള വിമർശനം തന്നെയാണ്. പല പ്രോജക്ടുകളുടെയും രൂപീകരണത്തിന് കൺസൾട്ടന്റുമാരെ ആശ്രയിക്കേണ്ടി വരുന്ന സ്ഥിതിയും ഇതിലേക്ക് തന്നെയാണ് വിരൽ ചൂണ്ടുന്നത്.

ജനങ്ങൾ ഇടപെടുന്ന പൊതുസേവന സംവിധാനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലുള്ള സേവനത്തിന്റെ ദൗർബല്യങ്ങളും ഇത്തരം

സംവിധാനത്തിന്റെ പരിമിതിയാണ് എന്ന് നാം തിരിച്ചറിയപ്പെടേണ്ടതുണ്ട്. സർക്കാരിന്റെ പണം ചെലവഴിക്കപ്പെടാതെ പോകുമ്പോൾ അവ മറ്റു പദ്ധതികൾക്ക് ഉപയോഗിക്കാമെങ്കിലും കേന്ദ്ര സ്കീമുകൾ ശരിയായ രീതിയിൽ ചെലവഴിച്ചില്ലെങ്കിൽ അടുത്ത ഗഡു കിട്ടാത്ത സ്ഥിതിയും, ചിലതിൽ പണം തന്നെ നഷ്ടപ്പെടുന്ന സ്ഥിതിയും നിലനിൽക്കുന്നുണ്ട്. സംസ്ഥാനത്ത് ഇപ്പോൾ തന്നെ കേന്ദ്ര സ്കീമുകൾ പലതും ഉപയോഗപ്പെടുന്നില്ല എന്നത് സർക്കാരിന്റെ പിടിപ്പുകേടിനൊപ്പംതന്നെ ഇത്തരം സംവിധാനത്തിന്റെ പോരായ്മയുടെ കൂടി ഫലമാണ് എന്നും തിരിച്ചറിയപ്പെടേണ്ടതുണ്ട്.

ഭരണസംവിധാനത്തിന്റെ ഇത്തരം ദൗർബല്യങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടാണ് സ്വകാര്യവൽക്കരണ അജണ്ടകൾ ജനങ്ങളുടെ മനസ്സിൽ അടിച്ചേൽപ്പിക്കാനുള്ള ശ്രമം നടക്കുന്നത് എന്നും തിരിച്ചറിയപ്പെടേണ്ടതുണ്ട്. പൊതുമേഖലയെയും പൊതു സംവിധാനങ്ങളെയും സംരക്ഷിക്കുന്നതിനുള്ള പോരാട്ടത്തിന്റെ ഭാഗം തന്നെയാണ് ഭരണയന്ത്രത്തെ ജനകീയവൽക്കരിക്കുന്നതിനുള്ള ഉത്തരവാദിത്വം.

പൊതുനിയന്ത്രണത്തിലും നേതൃത്വത്തിലുമുള്ള ഇത്തരമൊരു സേവന സംവിധാനത്തിന്റെ പ്രസക്തിയും സാധ്യതയും ആവശ്യകതയും വെളിപ്പെടുന്ന ഒന്നിലേറെ അനുഭവങ്ങൾ സമീപ ഭൂതകാലത്ത് ചൂണ്ടിക്കാട്ടാനാകും. ഒഡീഷയിൽ 'ഫൈലിൻ' ചുഴലിക്കാറ്റിനെ അതിജീവിച്ചതും മുംബൈ വെള്ളപ്പൊക്ക നിവാരണ പ്രവർത്തനം സാധ്യമാക്കിയതും പൊതുസേവന സംവിധാനം കയ്യൊഴിയാതെ നിലനിർത്തിയതിന്റെ നേട്ടമാണ്. എന്നാൽ സ്വകാര്യസേവനരംഗം തഴച്ചു വളരാനിട നല്കിയ അമേരിക്കയിൽ 'കത്രീന' ആഞ്ഞടിച്ച 1851 പേരുടെ ജീവിതം കവർന്നു. 25 ലക്ഷം പേരുടെ അതിജീവനം തകർത്തു. റിലയൻസ് എന്ന സ്വകാര്യസ്ഥാപനവും 'ബസ്റ്റ്'എന്ന പൊതുമേഖലാ സംരംഭവും മുംബൈ നഗരത്തിലെ വാർത്താവിനിമയം പുനഃസ്ഥാപിക്കുന്നതിൽ സൃഷ്ടിച്ച ചരിത്ര വ്യത്യാസം ഇവിടെ പ്രകടമാണ്.

### ഈ രംഗത്തെ ഇടപെടലുകൾ

കാലോചിതമായി നടത്തേണ്ട പരിഷ്കരണങ്ങൾ ഈ രംഗത്ത് നടന്നില്ല എന്നതിന്റെ ഫലമായാണ് നമ്മുടെ ഭരണയന്ത്രം ജനസൗഹാർദ്ദപരമായി മാറാത്ത അവസ്ഥ സൃഷ്ടിച്ചത്. ഭരണപരിഷ്കരണവുമായി ബന്ധപ്പെട്ട ചരിത്രം പരിശോധിച്ചാൽ ഇടതുപക്ഷ സർക്കാരുകൾ ഇത്തരം പരിശ്രമങ്ങൾ ഓരോ ഘട്ടത്തിലും സ്വീകരിച്ചിരുന്നു എന്നും വലതുപക്ഷ സർക്കാരുകൾ അതിനെ ഉൾക്കൊണ്ടുകൊണ്ട് മുന്നോട്ടുപോകാൻ തയ്യാറായിരുന്നില്ല എന്നും കാണാനാകും.

1957 ലെ സർക്കാരാണ് ആദ്യത്തെ ഭരണപരിഷ്കാര കമ്മീഷനെ നിയോഗിച്ചത്. കൊളോണിയൽ കാലഘട്ടത്തിൽ രൂപംകൊണ്ട ഭരണസംവിധാനങ്ങളെ ജനകീയവും വികസനോന്മുഖവുമാക്കുക എന്ന ലക്ഷ്യത്തോടെയാണ് അത് രൂപീകരിക്കപ്പെട്ടത്. കാര്യക്ഷമമായ ഭരണസംവിധാനത്തിന് അത്യന്താപേക്ഷിതമായ കാര്യം താഴെ തലത്തിലേക്ക് അധികാരം വിന്യസിക്കുകയാണെന്ന് അത് വ്യക്തമാക്കുകയുണ്ടായി. സർക്കാർ ഉദ്യോഗം എന്നത് ജനങ്ങളോടുള്ള ചുമതല നിർവ്വഹിക്കുന്നതിനുള്ള അവസരമായി കണ്ടുകൊണ്ടുള്ള ഇടപെടലാണ് ഉണ്ടാകേണ്ടതെന്നും അത് വ്യക്തമാക്കി. സാമൂഹ്യബോധവും ദേശാഭിമാനബോധവും ഉൾക്കൊണ്ട് ചലിക്കുന്ന ഒന്നാണെന്നും നിർദ്ദേശിക്കപ്പെട്ടു. എന്നാൽ, വിമോചനസമരത്തെത്തുടർന്ന് സർക്കാരിനെ പിരിച്ചുവിട്ടതുകൊണ്ട് ഈ ഉദ്ദേശ്യം നടപ്പിലാക്കപ്പെട്ടില്ല.

1965-ൽ വെള്ളോടിയുടെ നേതൃത്വത്തിൽ രണ്ടാം ഭരണപരിഷ്കാര കമ്മീഷൻ നിയോഗിക്കപ്പെട്ടിരുന്നു. കേരളത്തിൽ പ്രത്യേക സിവിൽ സർവ്വീസ് വേണമെന്നതുപോലുള്ള നിർദ്ദേശങ്ങളും ഉയർന്നുവന്നു. 1997 -ൽ അധികാരവികേന്ദ്രീകരണത്തിന്റെ ക്യാമ്പയിൻ നടക്കുന്ന പശ്ചാത്തലത്തിലാണ് മൂന്നാം ഭരണപരിഷ്കാര കമ്മീഷൻ നിലവിൽ വന്നത്. അധികാരവികേന്ദ്രീകരണത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ വകുപ്പുകളിലും സെക്രട്ടേറിയറ്റിലും വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ചായിരുന്നു കമ്മീഷന്റെ പ്രധാന പരിഗണന. ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ നടപ്പിലാക്കുന്നതിന് തുടർന്ന് അധികാരത്തിൽ വന്ന യു.ഡി.എഫ് സർക്കാർ തയ്യാറായില്ല. ഭരണസംവിധാനത്തെ കാര്യക്ഷമമാക്കുന്നതിനു പകരം സിവിൽ സർവ്വീസിനെ തന്നെ ആഗോളവൽക്കരണ സമീപനത്തിന്റെ പശ്ചാത്തലത്തിൽ വെട്ടിച്ചുരുക്കുന്നതിനുവേണ്ടിയായിരുന്നു അവർ പരിശ്രമിച്ചത്. സിവിൽ സർവ്വീസ് കൂടുതൽ പ്രശ്നസങ്കീർണ്ണമായ അവസ്ഥയിൽ എത്തിക്കുക എന്നല്ലാതെ മറ്റൊരു നേട്ടവും ഇതുകൊണ്ടുണ്ടായില്ല. ഭരണപരിഷ്കരണത്തിന് അത്യന്താപേക്ഷിതമായ വികേന്ദ്രീകരണ പ്രക്രിയയും അട്ടിമറിക്കുന്ന സ്ഥിതിയാണുണ്ടായത്.

എൽ.ഡി.എഫ് സർക്കാർ അധികാരത്തിൽ വന്നതോടെ ഈ സമീപനങ്ങൾ ഉപേക്ഷിക്കുകയും പുതിയ തസ്തികകൾ ഉൾപ്പെടെ കൊണ്ടുവരികയും ഇ-ഗവേണൻസ് മേഖലയിൽ വലിയ പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ട് മുന്നോട്ടുപോയി. സംതൃപ്തമായ സിവിൽ സർവ്വീസ് എന്ന ലക്ഷ്യം കൈവരിക്കാനായി ജീവനക്കാരുടെ ആനുകൂല്യങ്ങൾ കുടിശ്ശിക ഇല്ലാതെയും സമയബന്ധിതമായും നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ജനമൈത്രി പോലീസ് പോലുള്ള സംവിധാനം കൊണ്ടുവന്നു. ട്രഷറി വകുപ്പ് പൗരാവകാശ രേഖ പ്രസിദ്ധീകരിച്ച് അതിനു കീഴിലുള്ള എല്ലാ ഓഫീസുകളിലും സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കി.

ആഗോളവൽക്കരണ നയങ്ങൾ രൂപപ്പെട്ടതോടെ പൊതുസേവനമേഖലയുടെയും ഭരണസംവിധാനത്തിന്റെയും സ്വഭാവം തന്നെ പരിവർത്തിതമായി. ഉത്തരവാദിത്വപൂർണവും ദക്ഷതയുള്ളതുമായ സിവിൽ സർവീസ് എന്നതിനൊപ്പം ഭരണസംവിധാനത്തെ ചുരുക്കിയെടുക്കുകയും വലിപ്പം കുറയ്ക്കുകയും എന്ന നിർദേശവും നടപ്പിലാക്കുന്നതിനുള്ള ഒരു സമീപനം വലതുപക്ഷ സർക്കാരുകൾ സ്വീകരിച്ചു. എന്നാൽ, നിലനിൽക്കുന്ന പരിമിതികൾക്കകത്തുനിന്നുകൊണ്ട് ഭരണയന്ത്രത്തെ

ജനക്ഷേമകരമായി പരിവർത്തനം ചെയ്യിക്കുന്നതിനുള്ള ബദൽ സമീപനങ്ങൾ നടപ്പിലാക്കുന്നതിനുള്ള ഇടപെടൽ ഇടതുപക്ഷ സർക്കാരുകളുടെ ഭാഗത്തുനിന്നുണ്ടായി. മറ്റെല്ലാ മേഖലയിലുമെന്നപോലെ ഇതിന്റെ അടിസ്ഥാനത്തിലുള്ള സംഘർഷങ്ങൾ ഭരണപരിഷ്കാരത്തിന്റെ മേഖലയിലും രൂപീകരിക്കപ്പെട്ടു.

ഒന്നും രണ്ടും എ.ആർ.സി.കളുടെ ശുപാർശകൾ നടപ്പാക്കാതെ പോയ സാഹചര്യം മൂന്നാം ഭരണപരിഷ്ക്കരണകമ്മിറ്റി കണ്ടെത്തിയിട്ടുണ്ട്. എസ്.ബി.സെൻ കമ്മിറ്റിയുടെ കാര്യത്തിലും ചട്ടങ്ങളുടെ പരിഷ്ക്കരണത്തിനായി ശുപാർശകൾ സമർപ്പിച്ച വി.ജെ.തങ്കപ്പൻ കമ്മിറ്റി റിപ്പോർട്ടിന്റെ കാര്യത്തിലും നിയമ-ചട്ട പരിഷ്ക്കാരത്തിന്റെ നിർദേശങ്ങൾ സമർപ്പിച്ച ജസ്റ്റിസ് കൃഷ്ണയ്യർ കമ്മിറ്റിയുടെ കാര്യത്തിലും ഈ സാഹചര്യം കാണാനാകും. ഇതിനിടയാക്കുന്ന കാര്യങ്ങൾ തിരുത്തപ്പെടാതെ അധികാര വികേന്ദ്രീകരണ-ഉദ്യോഗസ്ഥ പുനർവിന്യാസ വിഷയങ്ങൾ പഠിക്കുന്നതിന് കുട്ടി അഹമ്മദ് കുട്ടി കമ്മിറ്റിയെ നിയോഗിക്കുകയാണ് ഇപ്പോഴത്തെ സർക്കാർ ചെയ്തത്. നേരത്തെ ആഗോളവൽക്കരണ നയങ്ങൾക്ക് അനുസൃതമായി സിവിൽ സർവ്വീസിനെ മാറ്റിമറിക്കുന്നതിനുള്ള ഇടപെടലുകളും ഇതിന്റെ തുടർച്ചയായി നടന്നുകൊണ്ടിരിക്കുകയാണ്. നിയമന നിരോധനം ഉൾപ്പെടെയുള്ള സംവിധാനങ്ങളും തസ്തിക വെട്ടിക്കുറയ്ക്കലുമെല്ലാം ഇതിന്റെ ഭാഗമാണ്.

അധികാരവികേന്ദ്രീകരണത്തെ അട്ടിമറിക്കുക, അഴിമതി പ്രാവർത്തിക വല്ക്കരിക്കുക,ഉദ്യോഗസ്ഥ ദുഷ്പ്രഭുത്വം പുനഃസ്ഥാപിക്കുക, കാര്യക്ഷമത ഇല്ലാതാക്കുക, പൊതു ഉടമസ്ഥത നിഷേധിക്കുക, തൊഴിൽ സ്ഥിരതയും കൂലി സ്ഥിരതയും നിഷേധിക്കുക എന്നിവയാണ് ഇക്കഴിഞ്ഞ അഞ്ചുവർഷത്തെ നേട്ടങ്ങൾ. ഒപ്പം ദേശീയതലത്തിൽ എൻ.ഡി.എ.അധികാരത്തിൻകീഴിൽ സംഭവിക്കുന്ന മാറ്റങ്ങൾ കൂടി പരിശോധിക്കുക. തൊഴിൽ ബന്ധ നിയമങ്ങൾ പൊളിച്ചെഴുതുന്നു, സ്വകാര്യ-സമാന്തരവല്ക്കരണം പ്രാവർത്തികമാകുന്നു, 'പ്ലഷർ ഡോക്ട്രിൻ' പുനഃസ്ഥാപിക്കുന്നു, 'ഹയർ ആന്റ് ഫയർ' സമ്പ്രദായം നിയമമാക്കുന്നു, മുപ്പത് വർഷമോ അമ്പത് വയസ്സോ സേവന കാലാവധി നിർദേശിക്കുന്നു, ദക്ഷതാമാനദണ്ഡം നിർബന്ധിതമാക്കുന്നു, നിർവഹണ ക്ഷമത പരിഗണിച്ചു മാത്രം തൊഴിൽ സ്ഥിരത സംജാതമാകുന്നു, വേതന പരിഷ്ക്കരണം നിഷേധിക്കുന്നു ഇതെല്ലാം ചേർന്ന് പൊതുസേവനമേഖല അനാകർഷകമാക്കുന്നു.

നാളിതുവരെയുള്ള ഭരണപരിഷ്ക്കരണ ശുപാർശകളുടെ പരിമിത നടത്തിപ്പും തുടർ നിർവഹണവും, സിവിൽ സമൂഹ നിരീക്ഷണത്തിന്റെയും അവലോകനത്തിന്റെയും അഭാവം, പൊതുസേവനമേഖലയുടെ ഉൽപാദനക്ഷമതയുടെ കുറവ്, ദീർഘകാല അടിസ്ഥാനത്തിൽ പൊതുസേവനമേഖലയുടെ സ്ഥായിത്വകുറവ്, മികവിനും യോഗ്യതയ്ക്കും അംഗീകരണവും പ്രോത്സാഹനവും ലഭ്യമാകാതിരിക്കുക, ദുർഭരണത്തെ പ്രതിരോധിക്കുക, നഷ്ടോത്തരവാദിത്വം ഉറപ്പാക്കാതിരിക്കുക തുടങ്ങിയ പ്രശ്നങ്ങൾ ഇപ്പോൾ സജീവമായി ഉയർന്നുവന്നിട്ടുണ്ട്.

## വർത്തമാനകാലത്ത് ഉയർന്നുവരുന്ന ആശയങ്ങൾ

പൗരസമൂഹത്തോട് ഉത്തരവാദിത്വമുള്ളതും സുതാര്യവും അറിയാനുള്ള അവകാശവും ഉറപ്പാക്കുന്നതും നിർവഹണ നിരീക്ഷണവും പരിഹാരവും ഉറപ്പാക്കുന്നതുമായ പൊതുസേവനമെന്ന സങ്കൽപ്പം ഇപ്പോൾ ഉയർന്നുവന്നിട്ടുണ്ട്. പൗരസമൂഹത്തിന്റെ ജീവിതത്തിലും ജനാധിപത്യബോധത്തിലും വന്നിട്ടുള്ള മാറ്റങ്ങൾ കൂടിയാണ് ഇത്തരമൊരു വളർച്ചയിലേക്ക് സമൂഹത്തെ എത്തിച്ചിട്ടുള്ളത്. ഇതിന്റെ ഭാഗമായി ഭരണസംവിധാനത്തിന്റെ സുതാര്യതയ്ക്കായുള്ള പല നിയമങ്ങളും കാഴ്ചപ്പാടുകളും വളർന്നുവന്നിട്ടുണ്ട്.

പൗരവകാശരേഖ, പരാതി പരിഹാര പ്രക്രിയ, നിയമ-ചട്ട പരിഷ്ക്കരണം, സുതാര്യതയും വിവരാകാശവും, സാമൂഹ്യ നിരീക്ഷണവും ഓഡിറ്റും അധികാര വികേന്ദ്രീകരണവും ജനപങ്കാളിത്തവും ഉൾപ്പെടെ ഭരണരംഗത്ത് കൂടുതൽ കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത് ഈയൊരു പശ്ചാത്തലത്തിലാണ്. ഭരണസംവിധാനത്തിന് ജനവിശ്വാസം ആർജിക്കാനും സേവനസംവിധാനത്തിന്റെ അന്തസ്സ് ഉയർത്താനും പൊതുസേവനമേഖല വിപുലീകരച്ച് ശക്തിപ്പെടുത്താനും ഇത്തരം ഗുണകരമായ ഉപാധികൾ പ്രായോഗികമായി പ്രാവർത്തികമാക്കപ്പെടണം. ഈ മാറ്റം അംഗീകരിക്കപ്പെടുമ്പോഴും അതിനെല്ലാം വഴങ്ങാൻ തികച്ചും പരമ്പര്യാധിഷ്ടതവും സങ്കുചിതവും സ്ഥാപനവൽകരണവുമായ നമ്മുടെ ഭരണകൂട ഉപാധികൾ ഇപ്പോഴും സന്നദ്ധമായിട്ടില്ല. ഇതെങ്ങനെ ഉടച്ചു വാർക്കും എന്നതാണ് മുഖ്യം.

മികച്ച ഭരണസേവന സവിശേഷതകൾ ഉത്തരാവാദിത്വപൂർണം, സംവേദനക്ഷമത, നഷ്ടോത്തരവാദിത്വപൂർണം, മാറ്റി സ്ഥാപിക്കാവുന്നത്, തിരിച്ചു വിളിക്കപ്പെടാവുന്നത് എന്നിവയെല്ലാമാണ്. സദ്ഭരണ പരിഗണനകൾ കൂടി ഇതിനൊപ്പം ചേർത്താൽ ഔദ്യോഗിക നഷ്ടോത്തരവാദിത്വം, സംഘടനയ്ക്കും പങ്കാളിത്തതിനും അവകാശം, നിയതമായ നിയമ-ചട്ടക്രമം, ഭരണകാര്യ സുതാര്യത, അറിയാനുള്ള സ്വാതന്ത്ര്യം, കാര്യക്ഷമതയും ദക്ഷതയും, നിർവഹണ ചെലവു സമീകരണം, ധനകാര്യ ഉത്തരവാദിത്വം ഉൾപ്പെടെയുള്ള സംഗതികൾ കൂടി പരിഗണിക്കേണ്ടതായി വരും.

സ്ഥാനവും പദവിയും എന്നതിനുപരി വൈദഗ്ധ്യവും പാരസ്പര്യവും എന്നതിലേയ്ക്കും, തട്ടുകളിലും തലങ്ങളിലും ആശ്രയിക്കുന്ന കാര്യനിർവഹണത്തിനു പകരം ക്രിയാത്മക നവീകരിണത്തെ ആശ്രയിക്കുന്ന നിർവഹണരീതി കൈവരിക്കുന്നതിലേയ്ക്കും ഭരണസംവിധാനം മാറേണ്ടതുണ്ട്. നടപടിക്രമ ചട്ടവിധേയമായ ഫലപ്രാപ്തിക്കുപരി, ഗുണപരമായ ഫലലഭ്യത ലക്ഷ്യം വെച്ചുള്ള നിർഹണത്തിലേയ്ക്കും ചട്ടപ്പടി

കൃത്യ നടത്തിപ്പിനു പകരം പരിവർത്തിതവും സ്വാത ന്ത്ര്യവുമായ കൃത്യനിർവഹണവും കൈവരിക്കേണ്ട തുണ്ട്. മേൽ-കീഴ് ഘടനയിലുള്ള നിർവഹണ ശൃംഖ ലയ്ക്കു പകരം നേരിട്ടിള്ള നടത്തിപ്പിലേയ്ക്കും നി യന്ത്രണാധിഷ്ഠിത കൽപ്പനകൾക്കും ഉത്തരവുകൾക്കും പകരം പ്രേരണാത്മകമായ പ്രമേയങ്ങൾക്കും നിർദേ ശങ്ങൾക്കും വഴി മാറാൻ കഴിയണം. ഈ കാഴ്ചപ്പാ ടിന് അനുയോജ്യമായ വിധം ഭരണസംവിധാനത്തെ മാറ്റുക എന്നതാണ് പ്രധാനം.

## ഭരണ-സേവനപരിഷ്ക്കരണ പശ്ചാത്തലം

വർത്തമാനകാലത്ത് ഉയർന്നുവരുന്ന ഇത്തരം പൗര ബോധത്തോട് ക്രിയാത്മകമായി പ്രതികരിക്കാൻ നമ്മുടെ ഭരണസംവിധാനത്തിന് കഴിഞ്ഞിട്ടുണ്ടോ എന്ന കാര്യമാണ് ഗൗരവമായി പരിഗണിക്കേണ്ടത്. അതിന്റെ അടിസ്ഥാനത്തിൽ നേടിയ നേട്ടങ്ങൾ മുറുകെപ്പിടിച്ചു കൊണ്ട് പുതിയ പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്ന രീതിയിൽ ഭരണസംവിധാനത്തെ പുനഃക്രമീകരിക്കേ ണ്ടതുണ്ട്. അതിന്റെ ഭാഗമായി ചില കാര്യങ്ങൾ സ്വയം പരിശോധനയ്ക്ക് വിധേയമാക്കണം. ഉത്പാദന-പ ശ്ചാത്തല-സേവനമേഖലകളിലെ വികസനലക്ഷ്യം ഉറപ്പാക്കുന്നതിന് ഉതകുന്നതാണോ നമ്മുടെ സെക്ര ട്ടേറിയറ്റ്-വകുപ്പ്-സ്ഥാപനതല ഉദ്യോഗസ്ഥ ശൃംഖല? ഏൽപിക്കപ്പെടുന്ന പരമാധികാര(സോവറിൻ) ധർമങ്ങൾ ഉത്തരവാദിത്വ പൂർണമായും കാര്യക്ഷമമായും നിറവേ റ്റാൻ തക്കവിധം അഴിമതിരഹിതവും നിഷ്പക്ഷവും നി സ്വാർത്ഥവുമാണോ കാര്യനിർവഹണ വിഭാഗം? നവഉ ദാരീകരണ പരിഷ്ക്കാരങ്ങളുടെ ഭാഗമായി നടപ്പാക്കി വരുന്ന സ്വകാര്യവത്ക്കരണ-കരാർ വൽക്കരണ-സമാ ന്തര സേവന നടപടികൾ എത്രകണ്ട് സ്വീകാര്യമാണ്? സ്ഥിരം തൊഴിൽ സംവിധാനം ഉപേക്ഷിച്ച് മിഷൻ മാതൃകയും കൺസൾട്ടൻസി ഏജൻസി സമ്പ്രദായവും നടപ്പാക്കുന്നത് നേട്ട-കോട്ട വിശ്ലേഷണ വിധേയമാ ക്കേണ്ടതില്ലേ? പേപ്പർ ലസ് ഗവേർണൻസ് എത്രകണ്ട് പ്രയോജനകരമാണ്? പരിമിത സർക്കാരും പരമാവധി ഭരണവും എന്ന തത്വത്തിന്റെ പ്രായോഗികത എന്ത്? വിവരാകാശം, സേവനാവകാശം, കേൾക്കപ്പെടാനുള്ള അവകാശം, പരാതി പരിഹാര അവകാശം, നഷ്ടോ ത്തര ഉത്തരവാദിത്വവകാശം മുതലായവ തത്വത്തിലല്ല, പ്രാവർത്തികമായി നടപ്പാക്കാനുതകുന്ന അടിസ്ഥാന ഉപാധികൾ ഉണ്ടായിട്ടുണ്ടോ? സംതൃപ്തമായ സിവിൽ സർവീസിന്റെ ഘടകങ്ങളായ വേതന പരിഷ്ക്കാരം, സേവന പ്രോത്സാഹനം, അംഗീകരണം മുതലായവ ഇപ്പോഴും സാധ്യമായിട്ടുണ്ടോ? ഇത്തരം പ്രശ്നങ്ങൾ പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ ഉണ്ടാക്കേണ്ട തുണ്ട്. ഇക്കാര്യത്തിൽ വന്നിട്ടുള്ള ദൗർബല്യങ്ങൾ പ രിശോധിച്ച് തിരുത്തുന്നതിന് കഴിയേണ്ടതുണ്ട്. വന്ന പോരായ്മകൾ എന്തെന്ന് തിരിച്ചറിയുക എന്നത് ഏറെ പ്രധാനമാണ്.

1. മധ്യതല മാനേജ്മെന്റ് സർവീസിന് ഉതകും വിധം സെക്രട്ടേറിയറ്റ് വകുപ്പുതല ഏകോപനം സാധിത മാക്കിയുള്ള അഡ്മിനിസ്ട്രേറ്റീവ് സർവീസ് സ്ഥാപി തമായില്ല. പകരം വികലവും അശാസ്ത്രീയവും അ സംതൃപ്തി ഉളവാക്കുന്നതും ഭാഗികവുമായ സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവീസിലേയ്ക്ക് വഴിമാറി.
2. സെക്രട്ടേറിയറ്റ്-വകുപ്പുതല തട്ടുകൾ പ്രായോഗിക മായി കുറച്ചു കൊണ്ടുവരാൻ കഴിഞ്ഞില്ല. വകുപ്പ് അദ്ധ്യക്ഷനിൽ നിന്ന് നേരിട്ട് സെക്രട്ടറി തലത്തി ലേയ്ക്ക് ഫയൽ നീക്കം സാധിതമാക്കണം. സെക്ര ട്ടേറിയറ്റിലെ ആവർത്തികതട്ടുകൾ ഒഴിവാക്കണം എന്നത് സാധ്യമായില്ല.
3. പദ്ധതി ആസൂത്രണം, നടത്തിപ്പ്, അവലോകനം എന്നിവ പ്രൊഫഷണലൈസ് ചെയ്യാനാകുന്നില്ല.
4. അഴിമതി-ദുർഭരണ നിയന്ത്രണം പ്രായോഗികമായി ല്ല. അഴിമതി വ്യാപകവും ദുർഭരണം വ്യവസ്ഥാപിത വുമായി നിലനിൽക്കുന്ന സ്ഥിതിയാണുള്ളത്.
5. ഭരണ-വിഭവ-സാങ്കേതിക അഴിമതി, ഭരണസ്ഥാപന ത്തിനുപരി ഉദ്യോഗസ്ഥതലത്തിൽ ആവർത്തിക്കുന്ന സ്ഥിതി തുടരുന്നു.
6. നിർവഹണ ഓഡിറ്റ് പ്രായോഗികമായി ഫലവത്താ ക്കാനോ തെറ്റു തിരുത്തലും പരാതിപരിഹാരവും നിയമമാക്കാനും കഴിയുന്നില്ല.
7. ഇ-ഗവേർണൻസ്, എം-ഗവേർണൻസ് പരിഷ്ക്കരണ ങ്ങൾ, തദനുസരണമുള്ള നിയമചട്ട പരിവർത്തനം എന്നിവ കാലോചിതമായി നടക്കുന്നില്ല.
8. നിരീക്ഷണ-അവലോകന-നഷ്ടോത്തരവാദിത്വ സ്ഥാപനങ്ങൾ നിർവഹണ പ്രാപ്തമാകുന്നില്ല.
9. സെക്രട്ടേറിയറ്റ്-വകുപ്പുതല അന്തരം വർദ്ധിക്കുന്നു, തട്ടുവല്ക്കരണം ഗുരുതരമായി ബാധിക്കുന്നു. അഴി മതി ആദർശവല്കൃതമാകുന്നു, നഷ്ടോത്തരവാ ദിത്വം നാമമാത്രമാകുന്നു,

## എടുക്കേണ്ട നടപടികൾ

ഇത്തരം പ്രശ്നങ്ങൾ നിലനിൽക്കുന്നു എന്ന് തിരി ച്ചറിഞ്ഞുകൊണ്ട് അവ പരിഹരിക്കാനുതകുന്ന മാറ്റ ങ്ങൾ ഉണ്ടാകേണ്ടതുണ്ട്. അതിന് ഉതകുന്ന രീതിയിൽ ഭരണയന്ത്രത്തെ രൂപപ്പെടുത്തുക എന്ന തരത്തിലുള്ള ഇടപെടൽ അടിയന്തരമായും ഈ മേഖലയിൽ നടപ്പി ലാക്കപ്പെടേണ്ടതുണ്ട്. അതിനാവശ്യമായ നടപടികളിൽ താഴെ പറയുന്നവയിൽ നാം കേന്ദ്രീകരിക്കേണ്ടതുണ്ട്.

1. പൊതുവിദ്യാഭ്യാസം, പൊതുജനാരോഗ്യം, പൊതു ജനാധിപത്യ വികേന്ദ്രീകരണം, പൊതു റവന്യൂ-നി കുതി വരുമാനം, കലാ-സാംസ്കാരിക-സർഗാത്മക മേഖല മുതലായവയിൽ തീർച്ചയായും ഏകോപിത സംവിധാനങ്ങൾ പ്രാവർത്തികമാക്കണം. ഇതിനെ ല്ലാം ഉതകും വിധം പരിഷ്കൃതമായ സർവീസ് മാന്വ ലുകൾക്കും തദ്ദേശഭരണഘടകസ്ഥാപന മാന്വലിനും രൂപം നല്കാനാകണം. പങ്കാളിത്ത നിർവഹണ ഓഡി റ്റ്, തിരുത്തൽ, പരിഹാരം, പരിഷ്ക്കരണം എന്നിവ സമയബന്ധിതമാക്കണം. ശമ്പളപരിഷ്ക്കാരം സമ യബന്ധിത അവകാശമായി മാറ്റണം.

2. സെക്രട്ടേറിയറ്റ് ഭരണതലവും വകുപ്പ് ഭരണതലവും പരസ്പരപൂരകമായും ആവർത്തിത തട്ടുകൾ ഒഴിവാക്കിയും പുനഃസംഘടിപ്പിക്കുക.
3. ഏകോപിതമാക്കാവുന്ന വകുപ്പുകൾ സമാഹരിച്ച് കമ്മീഷണറേറ്റുകളും ഘടകവകുപ്പ് ഡയറക്ടറേറ്റുകളും എന്ന നിലയിൽ നേരിട്ട് ബന്ധിപ്പിക്കുക. ഉദാ: തദ്ദേശഭരണം, വിദ്യാഭ്യാസം, (ആരോഗ്യവിദ്യാഭ്യാസം-സാങ്കേതിക വിദ്യാഭ്യാസം-നിയമ വിദ്യാഭ്യാസം)-പ്രൊഫഷണൽ വിദ്യാഭ്യാസം- പൊതുജനാരോഗ്യം-റവന്യൂ-നികുതി.
4. വ്യത്യസ്ത ബോർഡുകൾ, കോർപ്പഷനുകൾ, അർദ്ധസർക്കാർ സംവിധാനങ്ങൾ മുതലായവ സമാനസ്വഭാവമുള്ളതും ആവർത്തന സ്വഭാവമുള്ളവും സംയോജിപ്പിക്കുക.
5. സംസ്ഥാന സിവിൽ സർവീസ് രൂപീകരിക്കുകയും അതിന്റെ ഭാഗമായി സമഗ്ര സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റീവ് സർവീസ് രൂപീകരിക്കുകയും ചെയ്യുക.
6. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സംവിധാനത്തെ നീതിന്യായ പരിഹാരവേദിയെന്നതിനു പകരം ബദൽ തർക്കപരിഹാര സ്ഥാപനമായി പുനഃസംവിധാനം സാധ്യമാക്കുക.
7. സേവന പ്രോത്സാഹനവും ഇൻസെന്റീവുകളും അംഗീകാരവും സാധ്യമാകും വിധം ചട്ടങ്ങൾ പരിഷ്ക്കരിക്കുക.
8. തെരഞ്ഞെടുപ്പ് പരിശീലനം, നിരീക്ഷണം എന്നിവ സാധ്യമാകും വിധം എല്ലാ പൊതുസേവനതുറയ്ക്കും ബാധകമാകുന്ന പി.എസ്.സി./തത്തുല്യ സംവിധാനം ഉറപ്പാക്കുക.
9. യോഗ്യത-ശേഷി-സീനിയോറിറ്റി എന്നിവ അർത്ഥപൂർണവും മാനദണ്ഡാധിഷ്ഠിതവുമായി പരിഗണിച്ച് സമയബന്ധിത സ്ഥാനക്കയറ്റം ഉറപ്പാക്കുക-തൊഴിൽ സ്ഥിരതയും വേതന പരിഷ്ക്കരണവും നിയമപരമായി ഉറപ്പാക്കുക.
10. ഭരണയന്ത്രം മെച്ചപ്പെടുത്തുന്നതിനായി ശാസ്ത്രീയ പ്രവൃത്തി അവലോകന മാനദണ്ഡപ്രകാരമുള്ള ജീവനക്കാരുടെ പുനർവിന്യാസം, സ്ഥാപനസേവന സംവിധാനത്തിന്റെ ഏകോപനവും പരിപാലനവും എന്നിവയിലൂടെ മാത്രമേ ഈ രംഗത്തെ കാര്യക്ഷമതയും സേവനമികവും ഉറപ്പാക്കാനാകൂ എന്ന് തിരിച്ചറിഞ്ഞുകൊണ്ടുള്ള നടപടികൾ സ്വീകരിക്കപ്പെടണം. അതിനായി താഴെ പറയുന്ന തരത്തിലുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.

a. ഭരണപരിഷ്ക്കരണ നടപടികൾക്ക് സമഗ്രതയിലും തുടർച്ചയിലും പ്രാബല്യം നല്കണം.

b. ഭരണപരിഷ്ക്കരണ കമ്മിറ്റി റിപ്പോർട്ടിന്റെ നിർവഹണം ഉറപ്പാക്കിക്കൊണ്ട് തുടർ സംവിധാനം രൂപപ്പെടുത്തണം.

c. അധികാരവികേന്ദ്രീകരണകമ്മീഷൻ ശുപാർശകൾ സമയബന്ധിതവും ശാസ്ത്രീയവുമായി പ്രാവർത്തികമാക്കണം.

d. നിർവഹണ പ്രാബല്യം വിശദവും കൃത്യവുമായ ചർച്ചകളിൽ ഊന്നിക്കൊണ്ടായിരിക്കണം.

e. നിർവഹണ പ്രോത്സാഹനവും പ്രചോദനവും സർക്കാർ തലത്തിൽ ഉറപ്പാക്കണം.

f. അഴിമതി-ദുർഭരണം എന്നിവയ്ക്കെതിരെ നിരന്തര ജാഗ്രത എല്ലാതലത്തിലും ഉറപ്പാക്കണം.

g. ജനവിശ്വാസവും നേതൃത്വവും ഉടമസ്ഥതയും ഭരണ നടത്തിപ്പിൽ ഉറപ്പാക്കണം.

h. അധികാരവികേന്ദ്രീകരണത്തിന്റെ സവിശേഷതകൾ സാധ്യതകൾ, പങ്കാളിത്ത ജനാധിപത്യത്തിന്റെ മൂല്യങ്ങൾ എന്നിവ ജനാവബോധത്തിന്റെ ഭാഗമാക്കാനാകണം.

i. അധികാര ദല്ലാൾ സമ്പ്രദായമല്ല അധികാരസമൂഹ സമ്പ്രദായമാണ് വികേന്ദ്രീകൃത ജനാധിപത്യ അടിത്തറയായി സ്ഥാപിക്കപ്പെടേണ്ടത്.

j. ഉദ്യോഗസ്ഥഭരണം അടിച്ചേല്പിക്കുകയോ ജനപ്രതിനിധികളെ കൈക്കാരാക്കുകയോ അല്ല അധികാരവികേന്ദ്രീകരണം ജനങ്ങൾ തീരുമാനമെടുക്കാനും നടത്താനുമുള്ള ശേഷി ആർജിക്കുകയാണെന്ന സ്ഥിതി കൈവരിക്കണം.

k. സമീപനത്തിലും മനോഭാവത്തിലും ഇതിനുതകുന്ന മാറ്റം സംഭവിക്കണം. അനഭിലഷണീയമായ പ്രവണതകൾ ഒഴിവാക്കപ്പെടണം.

l. അധികാരവികേന്ദ്രീകരണ പ്രക്രിയയിൽ ആഭിമുഖ്യവും ആർജവമുള്ള ജനപ്രതിനിധികളും അഭിരുചിയും പ്രതിജ്ഞാബദ്ധതയുമുള്ള ജീവനക്കാരും ഉണ്ടാകണം.

m. തദ്ദേശഭരണമേഖലയെ സെക്രട്ടേറിയറ്റ് തലത്തിൽ ഒരു കുടക്കീഴിൽ-തദ്ദേശഭരണ കമ്മീഷണറേറ്റ് -കൊണ്ടു വരുകയും ഗ്രാമ/മുൻസിപ്പൽ ഡയറക്ടറേറ്റുകളായി പുനഃസംവിധാനം ചെയ്യുകയും ഗ്രാമ/നഗര ആസൂത്രണം, സ്ഥിതിവിവരകണക്ക് ശേഖരണം, ജില്ലാ ഗ്രാമവികസന അതോറിറ്റി, ജില്ലാ പ്ലാനിംഗ് എന്നിവയെ ഏകോപിപ്പിച്ച് ജില്ലാതല കാര്യനിർവഹണ സെക്രട്ടേറിയറ്റായും വ്യവസ്ഥാപനം ചെയ്യണം.

## പ്രാദേശികാസൂത്രണവും നിർവഹണവും

അധികാരവികേന്ദ്രീകരണത്തിന്റെ സ്വാഭാവിക തുടർച്ചയും വളർച്ചയുമാണ് ആസൂത്രണവികേന്ദ്രീകരണം. എന്നാൽ കേന്ദ്രീകൃതാസൂത്രണത്തിന്റെ ചെറുപകർച്ചയോ യാന്ത്രികാനുകരണമോ അല്ല. നടപടിക്രമങ്ങൾ, മാനദണ്ഡങ്ങൾ, നിബന്ധനകൾ, അവകാശങ്ങൾ, നിയന്ത്രണങ്ങൾ എന്നിവയെപ്പറ്റിയെല്ലാം അടിസ്ഥാനതലത്തിൽ പ്രത്യക്ഷ തീരുമാനങ്ങൾ എടുത്ത് ബാധകമാക്കേണ്ടി വരുന്ന വേദികളാണ് തദ്ദേശഭരണ

സ്ഥാപനങ്ങൾ. ആ നിലയിൽ നയപരവും നീതിന്യായപരവുമായ തീർപ്പുകൾ ഇപ്പോഴും തദ്ദേശഭരണതലത്തിന് പ്രാപ്യമല്ല. നിർവഹണപരമായി ഏല്പിക്കപ്പെട്ട ചുമതലകൾ വികസനം-നിർവഹണം-ക്ഷേമ-സുരക്ഷ -നിയന്ത്രണം എന്നീ കാര്യങ്ങളിൽ പ്രാവർത്തിക ഉപകരണ മാത്രമാണിന്നത്തെ സ്ഥിതി. ഇതിൽ തന്നെ ജൈവതലത്തിലുള്ള ഉദ്ഗ്രഥവും വൈദഗ്ദ്ധ്യ വിനിയോഗവും പങ്കാളിത്തവും സൃഷ്ടിക്കാതെ ചിട്ടപ്പടിയാക്കുന്നു. സവിശേഷ പരിഗണനാ പദ്ധതികൾ നിസ്സാരവല്ക്കരിക്കപ്പെടുന്നു. വികേന്ദ്രീകൃതാസൂത്രണത്തിനു പകരം വാചകവല്ക്കരണം മാത്രമായി പരിണമിക്കുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ കേവലവും യാന്ത്രികവുമായി ഉപകരണവല്ക്കരിക്കപ്പെടുന്നു. ഇരട്ട നിയന്ത്രണവും മേൽത്തട്ട് സ്വാധീനവും ശക്തിപ്പെടുന്നു. നിർബന്ധിത നിർവഹണം വ്യാപകമാകുന്നു. ധനപരവും പ്രായോഗികവുമായ ചരടുകൾ മുറുകുന്നു. തനതു വരുമാന സ്രോതസ്സുകളും പദ്ധതി വിഹിത സ്രോതസ്സും പരിമിതപ്പെടുത്തുന്നു. നിർവഹണ നിരീക്ഷണവും സാമൂഹ്യാവലോകനവും ഗുണത്തിലുപരി ബാധ്യതയായി മാറുന്നു. ഇത് പരിഹരിച്ചു മാത്രമേ അടുത്ത ഘട്ടം ജനാധിപത്യ വികേന്ദ്രീകരണം സുസാധ്യമാക്കാനാകൂ. അതിനായി,

1. തദ്ദേശഭരണ മാന്വൽ അടിയന്തിര പ്രാധാന്യത്തോടെ പ്രാവർത്തികമാക്കണം.
2. ധനവിഭവ ലഭ്യത കൃത്യതയും മുന്നറിവും ഉള്ളതാക്കണം.
3. ബഡ്ജറ്റും ഓഡിറ്റും ആസൂത്രണവും പരസ്പരപൂരകമാക്കണം.
4. ഉദ്യോഗസ്ഥ പുനർവിന്യാസം സമയബന്ധിതമാക്കണം.
5. സദ്ഭരണ ഉപാധികൾ നിയാവകമായി പ്രാവർത്തികമാക്കണം.
6. ഗുണഭോക്തൃ നിർണയവും വിതരണവും പ്രാഥമികതലത്തിൽ മാത്രമായി വ്യവസ്ഥപ്പെടുത്തണം.
7. കേന്ദ്ര-സംസ്ഥാന ജനപ്രതിനിധി പ്രാദേശിക വികസനനിധി നിർവഹണം തദ്ദേശഭരണ സ്ഥാപനം വഴി മാത്രമാക്കണം.
8. കേന്ദ്രാവിഷ്കൃത-സംസ്ഥാനാവിഷ്കൃത പദ്ധതികൾ തദ്ദേശഭരണ സ്ഥാപന ചുമതലകളിൽ ഒഴിവാക്കപ്പെടുകയും അവയുടെ വിഹിതം പ്രാദേശിക ഭരണകൂടം വഴി നിർവഹണക്ഷമമാക്കുകയും ചെയ്യുക.
9. തീരുമാനം എടുക്കുന്നതിലും നടത്തുന്നതിലും ജനപങ്കാളിത്തം ഉറപ്പാക്കുകയും നിർബന്ധിതമാക്കുകയും ചെയ്യുക.
10. ചട്ട-വ്യവസ്ഥകൾ പരിഷ്ക്കരിക്കുക, ഇ-സാങ്കേതികത പരമാവധി ഉൾച്ചേർക്കുക.
11. ഓഡിറ്റ് പ്രക്രിയ ലഘൂകരിച്ച് ഏകീകരിച്ച് ഏകമുഖമുള്ളതും ഫലപ്രാപ്തിദായകവുമാക്കുക.
12. നിരീക്ഷണ-അവലോകന സ്ഥാപനങ്ങൾക്ക് പ്രായോഗിക ഇടപെടലും ഫലപ്രാപ്തിയും ഉറപ്പാക്കുക.

## വിവരസാങ്കേതികതയുടെ സാധ്യതകൾ വികേന്ദ്രികരണപ്രക്രിയയിൽ

ജനാധികാര നിർവഹണത്തിൽ വിവരസാങ്കേതിക വിദ്യയുടെ വിനിയോഗം പരക്കെ അംഗീകൃതമായ സംഗതിയാണ്. കേരളത്തിൽ 1998-ൽ നടപ്പാക്കിയ 'സ്ലൈഡ്' പ്രോജക്ട് (കോട്ടയം) മുതൽ 2009-ൽ പ്രാവർത്തികമാക്കിയ 'ഐ.കെ.എം' (കേരള സംസ്ഥാന വ്യാപകം) വരെ ഒട്ടേറെ പ്രായോഗിക പ്രവർത്തനങ്ങൾ ഈ രംഗത്ത് പരാമർശിക്കാനാകും. ഉപയോക്തൃ കേന്ദ്രീകൃത-പങ്കാളിത്ത രീതിശാസ്ത്രം അനുവർത്തിക്കുന്ന മൃദുസാമഗ്രികൾ (സോഫ്ട്‌വേയ്റുകൾ) പ്രാപ്യമാക്കുകയാണിതിൽ മുഖ്യമായി നടന്നത്. ഭരണകാര്യക്ഷമതയും സേവനഗുണമേന്മയും ഉയർത്താനുതകുന്ന വിവരസാങ്കേതിക വിദ്യാ വിനിയോഗമാണ് മുന്നിൽ കണ്ടത്. അതിനായി,

1. വിവരസാങ്കേതിക വിദ്യ വഴി സ്ഥാപനശ്യംഖലവല്ക്കരണം സൃഷ്ടിക്കുക.
2. ഉപയോക്തൃ കേന്ദ്രീകൃത-പങ്കാളിത്ത സ്വഭാവ സോഫ്ട്‌വേയ്ർ വികസിപ്പിച്ചെടുക്കുക.
3. പദ്ധതി രൂപീകരണ-ധനവിനിയോഗ വിശദാംശങ്ങൾ വിവരസാങ്കേതികതയിൽ അധിഷ്ഠിതമാക്കുക.
4. വികസന-ക്ഷേമ-നിർമാണ പ്രവൃത്തി വിവരങ്ങൾ, നടപടിക്രമം എന്നിവ ലളിത വിവരസാങ്കേതികാധിഷ്ഠിതമാക്കുക.
5. ആവശ്യമായ പരിശീലനവും പിന്തുണയും ഉറപ്പാക്കുക.

എന്നിവയാണ് പ്രധാനമായും പ്രാവർത്തികമാക്കിയത്. ഇതിനകം ഇരുപതിൽ അധികം മൃദുസാമഗ്രികൾക്ക് സൂക്ഷ്മതല പ്രായോഗികത നല്കാൻ കഴിഞ്ഞു. സേവനപ്രദാനം മെച്ചപ്പെടുത്താനും അവലോകനം കൃത്യമാക്കാനും വലിയളവ് സാധിച്ചു. എന്നാൽ നിയമ-ചട്ടങ്ങൾ ഇതിന് ഉപോത്ബലകമായി പരിഷ്ക്കരിക്കുന്നതിന് ഇപ്പോഴും കഴിഞ്ഞിട്ടില്ല. നടപടിക്രമതലങ്ങൾ കുറയ്ക്കുന്നതിനും വിജയിച്ചിട്ടില്ല. സെക്രട്ടേറിയറ്റ് -വകുപ്പുതല തട്ടുകൾ പരിമിതപ്പെടുത്താനും കഴിഞ്ഞിട്ടില്ല.

1. സുതാര്യതയും തത്സ്ഥിതി വിവരവും ഉറപ്പാക്കാനാകണം.
2. ക്രമ വിരുദ്ധതയും അഴിമതി സാധ്യതയും ഇല്ലാതാക്കണം.
3. പ്രാദേശിക സർക്കാരുകളുടെ സാന്നിദ്ധ്യത്തിൽ വകുപ്പ്-സെക്രട്ടേറിയറ്റ് സമ്പ്രദായം പരിമിതപ്പെടുത്തണം.
4. വെബ് അധിഷ്ഠിത സേവനപ്രദാന ശൃംഖല സ്ഥാപിതമാക്കണം.

5. പൗരാവകാശ-സേവനാവകാശ-അവലോകനാവകാശ-പരാതിപരിഹാര അവകാശ സാധ്യത ഉറപ്പാക്കണം.
6. നഷ്ടോത്തരവാദിത്വ നിർവഹണവും വിവരസാങ്കേതിക വിദ്യ കേന്ദ്രീകരിച്ച് പ്രാവർത്തികമാക്കണം- വിവേചനപരമായ തീർപ്പുകൾ കുറയ്ക്കാനാകണം.
7. പരിശീലന-പുനഃപരിശീലന പ്രക്രിയ ശക്തമാക്കണം.
8. നിയമ-ചട്ട പരിഷ്ക്കാരം ത്വരിതപ്പെടുത്തണം.
9. തദ്ദേശഭരണ മാന്വൽ വിവരസാങ്കേതികതാ സൗഹൃദമായി തയ്യാറാക്കണം.
10. താലൂക്ക് കേന്ദ്രങ്ങളിൽ സർക്കാരിന്റെ സേവനങ്ങളേയും മറ്റും മനസ്സിലാക്കാൻ ഉതകുന്ന കിയോസ്കുകൾ സ്ഥാപിക്കുന്ന നടപടി ഉണ്ടാകണം. അതിലൂടെ സർക്കാർ സേവനങ്ങളെക്കുറിച്ച് ജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും.

### ഇ-ഗവേണൻസും ഭരണഭാഷയും

ഭരണഭാഷ മലയാളത്തിലാവുക എന്നത് പൊതുവിൽ നാം അംഗീകരിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ഭരണയന്ത്രത്തെ സുതാര്യമാക്കുന്നതിനും ചലനാത്മകമാക്കുന്നതിനും അഴിമതി വിമുക്തമാക്കുന്നതിനും സഹായകമായ രീതിയിലാണ് ഇ-ഗവേണൻസ് വിഭാവനം ചെയ്തിട്ടുള്ളത്. അത് ഈ രംഗത്ത് കൂടുതൽ ശക്തമായി നടപ്പിലാക്കപ്പെടേണ്ടതുണ്ട്. എന്നാൽ, ഇ-ഗവേണൻസിലൂടെ നടത്തുന്ന ഇടപെടലുകൾ മാതൃഭാഷയിലാകുന്നില്ല എന്ന പ്രശ്നം സജീവമായി ഉയർന്നുവന്നിട്ടുണ്ട്. ഇ-ഗവേണൻസിന്റെ രീതികൾ മാതൃഭാഷയിലേക്ക് കൊണ്ടുവരുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങളും നടക്കേണ്ടതുണ്ട്. ജനങ്ങൾ ഇടപെടുന്ന അക്ഷയ കേന്ദ്രങ്ങളിൽ നിന്നുള്ള സേവനങ്ങളിൽ പോലും മലയാള ഭാഷ ഉപയോഗിക്കപ്പെടുന്നില്ല എന്ന വിമർശനവും വ്യാപകമായി ഉയർന്നുവന്നിട്ടുണ്ട്. ഇത് പരിഹരിച്ചാൽ മാത്രമേ ഭരണഭാഷ മലയാളം എന്ന ലക്ഷ്യം പൂർത്തീകരിക്കാനാകൂ.

### നിയമപരിഷ്കാരം

നിയമനിർമ്മാണത്തിലും നീതിനിർവ്വഹണത്തിലും മാതൃകാപരമായ ശൈലി പിന്തുടരുന്ന സംസ്ഥാനമാണ് കേരളം. ഇതേമേഖലകളിലുണ്ടായിട്ടുള്ള മുന്നേറ്റം പോലെതന്നെ നിയമനിർമ്മാണ രംഗത്തും സംസ്ഥാനത്തിന് മുന്നേറാൻ കഴിഞ്ഞിട്ടുണ്ട്. സ്വാതന്ത്ര്യാനന്തര കാലത്ത് സോഷ്യലിസ്റ്റ് ആശയത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് സൃഷ്ടിക്കപ്പെട്ട നിയമനിർമ്മാണങ്ങൾ പലതും ആദ്യമായി ഫലവത്തായത് കേരളത്തിലാണ്. ഇടതുപക്ഷ സർക്കാരുകൾ നടപ്പിലാക്കിയ ഭൂപരിഷ്ക്കരണ നിയമവും അതിന്റെ സാധ്യത സംരക്ഷിക്കാൻ ഭരണഘടനയുടെ പ്രത്യേക പട്ടികയിൽപ്പെടുത്തിയതുമുൾപ്പെടെ രാജ്യമാകെ ശ്രദ്ധിച്ച നിരവധി നിയമങ്ങൾ പുരോഗമന രാഷ്ട്രീയ ഇടപെടലിന്റെ ഫലമാണ്. 70 കളുടെ അവസാനകാലത്തും 80 കളിലും ശക്തിപ്പെട്ട ജുഡീഷ്യൽ ആക്ടിവിസവും പൊതുതാൽപ്പര്യ ഹർജികൾ വഴിയുള്ള പുരോഗമന വിധി പ്രസ്താവങ്ങളും ബഹുഭൂരിപക്ഷം വരുന്ന സാമാന്യ ജനങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതായിരുന്നു.

സോഷ്യലിസ്റ്റ് ചേരിയുടെ തകർച്ചയെതുടർന്ന് ലോകമാകെ വന്ന നവലിബറൽ നയങ്ങൾ രാഷ്ട്രീയ, സാമൂഹ്യ, സാമ്പത്തിക രംഗത്തുണ്ടാക്കിയ മാറ്റങ്ങൾ നീതിന്യായ വ്യവസ്ഥയെയും ബാധിച്ചു. നിയമനിർമ്മാണം വൻകിട മുതലാളിമാരുടെയും കോർപ്പറേറ്റ് കമ്പനികളുടെയും താൽപര്യം സംരക്ഷിക്കുന്നതിനായി മാറി. സാമൂഹ്യ സുരക്ഷാ നിയമങ്ങളും തൊഴിൽ നിയമങ്ങളും സാമ്രാജ്യത്വ നിയന്ത്രിത ആഗോളവൽക്കരണ നിയമങ്ങൾക്കനുസരിച്ച് തിരുത്തിയെഴുതാൻ കേന്ദ്രത്തിൽ അധികാരത്തിലിരുന്ന കോൺഗ്രസ് തയ്യാറായി. കോൺഗ്രസും ബി.ജെ.പി.യും പിന്തുടരുന്ന നയങ്ങൾക്കനുസൃതമായി വ്യാപകമായ നിയമപരിഷ്കാരങ്ങൾക്ക് രാജ്യം വിധേയമാകുന്ന കാഴ്ചയാണിപ്പോൾ ദൃശ്യമാകുന്നത്.

ആഗോളവൽക്കരണ നയങ്ങൾ കോടതിയുടെ തീരുമാനങ്ങളേയും സ്വാധീനം ചെലുത്തുന്ന സ്ഥിതിയാണുള്ളത്. ഉണ്ണികൃഷ്ണൻ കേസിൽ വിദ്യാഭ്യാസം എന്നത് അവകാശമായിരുന്നു എങ്കിൽ ടി.എം. പൈ ഫൗണ്ടേഷൻ കേസ് ആകുമ്പോഴേക്കും വാണിജ്യവും വ്യവസായവും പോലെ നടത്തേണ്ട ഒന്നാണ് ഇത് എന്ന കാഴ്ചപ്പാടും വളർന്നുവന്നിരിക്കുകയാണ്. അതിന്റെ ഭാഗമായി നിരവധി വിധികൾ നടപ്പിലാക്കപ്പെടുകയാണ്. സംഘടനാ സ്വാതന്ത്ര്യ നിരോധനം, പണിമുടക്ക്, ബന്ദ് നിരോധനം, പൊതുയിടങ്ങളിലെ കൂട്ടായ്മയും പൊതുയോഗവും നിരോധനം, വിദ്യാഭ്യാസ-ആരോഗ്യ സേവനമേഖലകൾ ലാഭാധിഷ്ഠിത വ്യവസായങ്ങളെപ്പോലെ പരിഗണിക്കുന്ന വിധിന്യായങ്ങൾ തുടങ്ങി അരാജകവാദ പ്രവണതകൾ ജുഡീഷ്യറിയുടെ ഭാഗത്തുനിന്ന് ഏറി വരുന്നു.

കേന്ദ്ര സർക്കാരിന്റെ ഫെഡറൽ വിരുദ്ധ നയങ്ങളും ജുഡീഷ്യറിയുടെ വിശ്വാസ തകർച്ചയും, അഭിഭാഷക വൃത്തിയുടെ കോർപ്പറേറ്റ് വൽക്കരണവും ഉൾപ്പെടെ നീതിന്യായ നിർവ്വഹണരംഗത്തെ പുതിയ പ്രവണതകൾ രൂപപ്പെടുകയാണ്. വലിയ സാമൂഹ്യമാറ്റങ്ങൾക്ക് തുടക്കമിടുക വഴി ജനാധിപത്യവൽക്കരണത്തിന്റെ അടിസ്ഥാന ശക്തിയായി മാറിയ ഭൂപരിഷ്ക്കരണ നിയമം, കുടിയൊഴിപ്പിക്കൽ നിയമം, നെൽവയൽ നീർത്തട സംരക്ഷണ നിയമം, കേരള നദീസംരക്ഷണ നിയമം തുടങ്ങിയവ കൃഷിയെയും കാർഷിക സംസ്കാരത്തെയും സംരക്ഷിക്കുന്നതിലുപരി കേരളത്തിൽ നിലനിന്നിരുന്ന ഭൂവുടമാബന്ധത്തിൽ കാതലായ മാറ്റം വരുത്താനുതകിയവയാണ്.

ഈ നേട്ടങ്ങളെയാകെ തകർക്കുന്നതിനാണ് കാലാകാലങ്ങളിൽ അധികാരത്തിൽ വന്ന യു.ഡി.എഫ് സർക്കാർ ശ്രമിച്ചത്. 2004 ൽ ഉമ്മൻചാണ്ടി മന്ത്രിസഭ

യുടെ കാലത്ത് കെ.എം മാണി കൊണ്ടുവന്ന ഭേദഗതി യിലൂടെ തോട്ടങ്ങളെ മുഴുവൻ ഭൂപരിഷ്ക്കരണത്തിന്റെ പരിധിയിൽ നിന്നൊഴിവാക്കി, ടൂറിസം, ഒഴിവാക്കി. പ രിധിയിൽ നിന്നൊഴിവാക്കിയ സ്ഥലത്തിന്റെ 5 ശത മാനം വേണമെങ്കിൽ ഇതര ആവശ്യങ്ങൾക്കുപയോ ഗിക്കാമെന്നും വ്യവസ്ഥ ചെയ്തു. 2008 ലെ നെൽവ യൽ സംരക്ഷണ നിയമത്തിൽ പ്രത്യക്ഷത്തിലും പ രോക്ഷത്തിലും വെള്ളം ചേർക്കുകയാണ്. പൊതു ആവ ശ്യങ്ങൾക്കും കമ്പനി ആവശ്യങ്ങൾക്കു വേണ്ടിയും സ്ഥലം ഏറ്റെടുക്കുന്നതിനായി കൊണ്ടുവന്ന കേരള ലാന്റ് അക്വിസിഷന്റെ മറവിൽ വൻകൃഷിയിടങ്ങളും പടശേഖരങ്ങളും മാത്രമല്ല വിഴിഞ്ഞം ഉൾപ്പെടെയുള്ള കണ്ണായ തീരഭൂമിയും കോർപ്പറേറ്റുകൾക്ക് തീറെഴു തുകയാണ്. നിലനിൽക്കുന്ന സംവിധാനത്തിനകത്ത് ചെയ്യാൻ പറ്റുന്ന നിയമങ്ങൾ നടപ്പിലാക്കാനാവണം.

കോടതി സംവിധാനത്തെ ജനാധിപത്യവൽക്കരി ക്കുന്നതിന്റെ ഭാഗമായി കോടതി ഭാഷയും മലയാള ത്തിലേക്ക് കൊണ്ടുവരേണ്ടതുണ്ട്. 1973-ൽ കോടതി ഭാഷയായി മലയാളം ഉപയോഗിക്കണം എന്ന വിജ്ഞാ പനം ഉണ്ടായിരുന്നു. 1978-ൽ ഇത്തരം കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കപ്പെടുകയുണ്ടായി. 1988 ലെ പി.കെ. നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ടിൽ ഇക്കാര്യം ഊന്നി പ്പറഞ്ഞിട്ടുണ്ട്. എന്നാൽ, അത് അത്തരത്തിൽ പ്രാ യോഗികമാക്കുന്നതിന് ഇതുവരെ കഴിഞ്ഞിട്ടില്ല. പു തിയ നിയമത്തിനകത്ത് അത്തരം ചില സൂചനകളു ണ്ടെങ്കിലും ശരിയായ അർത്ഥത്തിൽ നടപ്പിലാക്കുന്ന വിധം നിർദ്ദേശിക്കുന്നില്ല. ഈ സാഹചര്യത്തിൽ ജില്ലാ കോടതി വരെയുള്ള നടപടികൾ മലയാള ഭാഷയിലാ ക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ ഉണ്ടാകേണ്ടതു ണ്ട്. അതിനായുള്ള നടപടികൾ സ്വീകരിക്കപ്പെടണം.

## നിർദ്ദേശങ്ങൾ

### ഭരണഭാഷയുമായി ബന്ധപ്പെട്ടത്

1. ജില്ലാ കോടതി വരെയുള്ള വ്യവഹാരങ്ങൾ മലയാ ളത്തിലാക്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം.

ഭൂമിയും പരിസ്ഥിതിയുമായി ബന്ധപ്പെട്ടവ

1. നാടിന്റെ പൊതു താൽപ്പര്യം കണക്കിലെടുത്ത് ഭൂവിനിയോഗത്തെ നിയന്ത്രിക്കാനാവണം. സ്വന്ത മായുള്ള ഭൂമി എങ്ങനെയും ഉപയോഗിക്കാൻ ഉടമ സ്ഥന് അധികാരമുണ്ടാകരുത്. പാരിസ്ഥിതിക പ്ര ത്യേകതകൾ നിലനിർത്തി നിയന്ത്രണവിധേയമായി ഉപയോഗിക്കപ്പെടണം.
2. കൃഷി ഭൂമി തരിശിടൽ പൂർണ്ണമായും നിരോധിക്ക ണം.
3. ഒരു നിശ്ചിത കാലാവധിക്കുപരിയായി തരിശിടുന്ന കൃഷിഭൂമിയിൽ കൃഷിയിറക്കാനുള്ള അനുവാദം താൽപര്യമുള്ള കർഷക ഗ്രൂപ്പുകൾക്ക് നൽകണം.
4. ജി.വി.ആർ കൃഷ്ണയ്യർ അധ്യക്ഷനായുള്ള ലാ റിട്ടേൺസ് കമ്മീഷൻ നിർദ്ദേശിച്ചതുപോലെ ദി കേരള റൈറ്റ് ടു എ സ്മാൾ ഫാം ആന്റ് ഷെൽട്ടർ ബിൽ പാസ്സാക്കണം. മിനിമം 5 സെന്റ് വസ്തുവും പാർപ്പിടവും ഭൂരഹിത, ദരിദ്രരുടെ അവകാശമാക്ക ണം.
5. കേരളാ പ്രിസർവേഷൻ ഓഫ് ട്രീസ് ആക്ട് 1986 നി ലവിൽ വന്നശേഷവും അനധികൃതമായ മരംവെട്ട് അനുസ്യൂതം തുടരുന്നു. പുതിയ മരം വച്ചു പിടിപ്പി ക്കുന്നുമില്ല. അനധികൃത മരം വെട്ടിനനുമതി നൽ കുന്ന ഉദ്യോഗസ്ഥരെ ശിക്ഷിക്കുന്നതോടൊപ്പം ഒരു മരം വെട്ടുന്നതിന് അനുമതി നൽകണമെങ്കിൽ പു തിയ രണ്ട് മരമെങ്കിലും വച്ചു പിടിപ്പിക്കണമെന്നും മിനിമം 5 വർഷത്തേയ്ക്ക് അവ പരിപാലിക്കണമെ ന്നതും നിർബന്ധമാക്കണം.
6. കേരള നദീതട സംരക്ഷണ നിയമത്തിൽ യു.ഡി. എഫ് കൊണ്ടുവന്ന ഭേദഗതി എടുത്തുകളയണം. അനധികൃത ഖനനം നിരോധിക്കണം, നദീസംര ക്ഷണ അതോറിറ്റികൾ രൂപീകരിച്ച് മലിനീകരണം തടയണം.
7. കനാലുകളും ജലസ്രോതസുകളും ഉൾനാടൻ ജല ഗതാഗതവും സംരക്ഷിക്കപ്പെടണം. തിരുവിതാംകൂർ കനാൽ ആന്റ് പബ്ലിക് റിവേഴ്സ് ആക്ട്, കൊച്ചീൻ ഫെറീസ് ആന്റ് ടോൾസ് ആക്ട് തുടങ്ങിയവയി ലെല്ലാം സമൂലമായ മാറ്റം വരുത്തി പൊതുതോ ടുകൾ, ജലസ്രോതസ്സുകൾ, കുളങ്ങൾ ഇവ സംര ക്ഷിക്കപ്പെടണം. Stringent provisions are to be incorporated to ensure safe navigation through backwaters to avoid trage dues like Thattekkat and Alappuzha.
8. പ്ലാസ്റ്റിക് നിരോധനം: 50 മൈക്രോണിൽ കുറവുള്ള പു നരുപയോഗിക്കാൻ കഴിയാത്ത പ്ലാസ്റ്റിക് വസ്തുക്ക ളുടെ നിർവ്വഹണം, വിതരണം, ഉപയോഗം എന്നിവ നിയന്ത്രിക്കണം. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങ ളുടെ ഉത്തരവാദിത്വത്തിൽ ഇതര പ്ലാസ്റ്റിക് വസ്തു ക്കൾ ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യണം. പ്ലാസ്റ്റിക് കത്തിക്കുന്നവർക്കെതിരെ പിഴ ചുമത്തണം.
9. കണ്ടൽകാടുകളെ സംരക്ഷിക്കാനുള്ള നടപടിയു ണ്ടാവണം.
10. പാട്ടക്കാലാവധി കഴിഞ്ഞ സർക്കാർ ഭൂമി കൈവശം വച്ചിട്ടുള്ളവരിൽ നിന്നും പിടിച്ചെടുത്ത് വിതരണം ചെയ്യണം (ദി കേരള റിക്കവറി ആന്റ് ഡിസ്ട്രിബ്യൂ ഷൻ ഓഫ് ഗവൺമെന്റ് ലാന്റ് ബിൽ പാസ്സാക്കണം).
11. ശബ്ദ മലിനീകരണവും പരിസ്ഥിതി മലിനീകര ണവും തടയുന്നതിനുള്ള നിയമങ്ങൾ രൂപീകരി ക്കണം.
12. ഖരമാലിന്യ നിർമ്മാർജ്ജനം: മുനിസിപ്പാലിറ്റീസ് ആക്ടിസും ഖരമാലിന്യ മാനേജ്മെന്റ് റൂളും നില വിലുണ്ടെങ്കിലും ഫലപ്രദമായ ഇടപെടലുണ്ടാകു ന്നില്ല. 'Municipality'. (AIR 1980 SC1622) എന്ന കേസിൽ സുപ്രിംകോടതി അഭിപ്രായപ്പെട്ടതുപോലെ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വമാണ് മാലിന്യ നിർമ്മാർജ്ജനമെങ്കിലും ഏകീകൃത നിയമം വേണം. ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളും നിയമപരിധിയിൽ കൊണ്ടുവരണം. ഗാർഹിക മാലിന്യങ്ങൾ, വളർത്തുമൃഗ മാലിന്യങ്ങൾ, സ്വീവറേജ്, ഡ്രെയിനേജ് എന്നിവയെ സംബന്ധിച്ച് വ്യക്തമായ നിർദ്ദേശമുണ്ടാകണം.

## സാമൂഹ്യ സാംസ്കാരിക മേഖലയുമായി ബന്ധപ്പെട്ടവ

ഭരണഘടനയിൽ Art 51 (A) (h) പ്രകാരം ശാസ്ത്രീയ മനോഭാവം, മാനവികത, അന്വേഷണത്തിനും, പരിവർത്തനത്തിനും വേണ്ടിയുള്ള പ്രവണത വളർത്തിയെടുക്കുക എന്ന നിർദ്ദേശകതത്വങ്ങളുടെ ലംഘനമാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്.

1. പൗരാവകാശ സംരക്ഷണ നിയമം - പാർശ്വവൽകൃത മേഖലയ്ക്കും സ്ത്രീകൾക്കും പൂർണ്ണ പൗരാവകാശം ഉറപ്പാക്കണം.
2. തൊഴിൽ നിഷേധം, ഭൂമിയിൽ വിവേചനം, ജോലി/താമസ സ്ഥലങ്ങളിലെ പ്രാഥമിക സ്വകാര്യനിഷേധം, ചികിത്സ, വിദ്യാഭ്യാസം, ഗതാഗത സൗകര്യം തുടങ്ങിയവ നിഷേധിക്കൽ എന്നിവ കുറ്റകരമാക്കണം. സ്വകാര്യ ആശുപത്രി, സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയും നിയമപരിധിയിൽ കൊണ്ടുവരണം.

## സ്ത്രീകളുമായി ബന്ധപ്പെട്ടവ

1. ഏറ്റവും കൂടുതൽ പരസ്യമായ ലംഘനം നടന്നുകൊണ്ടിരിക്കുന്ന സ്ത്രീധന നിരോധന നിയമം കർശമാക്കണം. 'ഗിഫ്റ്റ്' എന്നതിനെ സ്ത്രീധനത്തിന്റെ പരിധിയിൽ കൊണ്ടുവരണം.
2. സ്ത്രീകളുടെ മാന്യതയും സ്വകാര്യതയും സംരക്ഷിക്കുന്ന നിയമം മാറ്റങ്ങൾക്ക് വിധേയമായി പാസ്സാക്കണം.
3. സ്വത്തിൽ സ്ത്രീകൾക്ക് തുല്യാവകാശം ഉറപ്പാക്കണം. നിയമപരമായി പുരുഷനുള്ള അവകാശങ്ങൾ സ്ത്രീകൾക്കും ഉറപ്പുവരുത്തണം.
4. ഗാർഹിക തൊഴിലാളികളുടെ അവകാശങ്ങൾ, തൊഴിൽ സാഹചര്യങ്ങൾ, സാമൂഹ്യ സുരക്ഷിതത്വം, ചൂഷണം തടയൽ തുടങ്ങിയവ ഉൾപ്പെടുത്തി സമഗ്രനിയമം പാസ്സാക്കണം.
5. അസംഘടിത തൊഴിലാളി സംരക്ഷണം ഉറപ്പാക്കണം.
6. ജാതിമതഭേദമന്യേ ദത്തെടുക്കാനുള്ള അവകാശം ഉറപ്പുവരുത്തണം.
7. അവിഹിത സന്തതികൾ (Illegitimate Children)ക്ക് അവകാശ സംരക്ഷണം ഉറപ്പാക്കണം.
8. വിധവകളുടെ താമസം, ജീവനാംശം തുടങ്ങിയവ ഉറപ്പാക്കുന്ന Kerala Widow`s Right to Shulter and Maintenance നിയമം ഉണ്ടാവണം.

## കോടതികളുമായി ബന്ധപ്പെട്ട്

1. കൂടുതൽ ഫാസ്റ്റ് ട്രാക്ക് കോടതികൾ ആരംഭിക്കണം.
2. കുട്ടികൾക്ക് പ്രത്യേകം കോടതികൾ (Protection of Children from Sexual Offcence Act, 2013ൽ പറഞ്ഞിട്ടുള്ള കോടതി, Rehabilitation Centre Juvinal Police Unit എന്നിവ നടപ്പാക്കണം)
3. സ്ത്രീകൾക്ക് വേണ്ടി പ്രത്യേക കോടതി സ്ഥാപിക്കണം.
4. എല്ലാ താലൂക്കുകളിലും കുടുംബ കോടതി സ്ഥാപിക്കണം.
5. പരിസ്ഥിതി കോടതി / ട്രിബ്യൂണൽ ആരംഭിക്കാനാവണം.

## ഭരണരംഗത്ത് വരുത്തേണ്ട നിയമ പരിഷ്കാരങ്ങൾ

1. ഭരണപരിഷ്ക്കരണത്തിന് ഉതകുന്ന വിധത്തിൽ അടിയന്തര പ്രാധാന്യമുള്ള നിയമങ്ങളും ചട്ടങ്ങളും ലളിതവും ഋജുവുമായി പരിഷ്ക്കരിക്കണം.
2. ഭരണനിർവഹണ മാന്വലുകൾ സമഗ്രമായി പരിഷ്ക്കരിക്കണം. ഉദാ: പഞ്ചായത്ത് മാന്വൽ, സെക്രട്ടേറിയറ്റ് മാന്വൽ.
3. ഇ-ഗവേർണൻസ്-എം.ഗവേർണൻസ് മുൻനിർത്തിയുള്ള ചട്ട പരിഷ്ക്കരണം ഉറപ്പാക്കുക.
4. ട്രിബ്യൂണൽ-ഓംബുഡ്സ്മാൻ-ലോകായുക്ത-വിജിലൻസ് സംവിധാനങ്ങൾ സമഗ്രമാക്കുക.
5. ഓഡിറ്റ് കമ്മീഷൻ സംവിധാനം നിയമപരമാക്കുക.
6. അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ ഘടനയും നടപടിക്രമവും ബദൽ തർക്ക പരിഹാരസമ്പ്രദായത്തിലാക്കുക.

# അധ്യായം 30

# ധനകാര്യം

കേരള പഠന കോൺഗ്രസ് മുന്നോട്ടു വെയ്ക്കുന്ന കേരള വികസന അജണ്ട സർക്കാർ ചെലവുകൾ ഗണ്യമായി ഉയർത്തിക്കൊണ്ടേ നടപ്പാക്കാനാവൂ. പൊതുവിദ്യാഭ്യാസ, ആരോഗ്യ സംരക്ഷണവും പുതിയ സാമൂഹ്യസുരക്ഷാ പദ്ധതികളുമെല്ലാം റവന്യൂ ചെലവുകളുടെ ഗണ്യമായ വർദ്ധന അനിവാര്യമാക്കുന്നു. അതേസമയം വലിയ തോതിൽ പശ്ചാത്തലസൗകര്യങ്ങൾ നിർമ്മിക്കാനുള്ള പരിപാടികൾ മൂലധനച്ചെലവും ഗണ്യമായി ഉയർത്തും. ഇന്ന് സംസ്ഥാന വരുമാനത്തിന്റെ 14-16 ശതമാനമായിരിക്കുന്ന സംസ്ഥാന സർക്കാർ ചെലവുകൾ 17-18 ശതമാനമായി ഉയർത്തിയേ തീരൂ. ഇത് അഭികാമ്യമാണോ എന്ന് സംശയിക്കുന്നവർക്കുള്ള ഉത്തരം വികസിത രാജ്യങ്ങളുടെ അനുഭവം പരിശോധിച്ചാൽ ലഭിക്കും. യൂറോപ്യൻ രാജ്യങ്ങളിൽ, പ്രത്യേകിച്ച് സ്കാൻഡനേവിയൻ രാജ്യങ്ങളിൽ സർക്കാരിന്റെ ചെലവുകൾ ദേശീയ വരുമാനത്തിന്റെ 45-50 ശതമാനം വരും. നമ്മുടെ സംസ്ഥാനത്താവട്ടെ, കേന്ദ്രസർക്കരിന്റെ ചെലവുകൾ കൂടി കണക്കിലെടുത്താലും മൊത്തം സർക്കാർ ചെലവുകൾ സംസ്ഥാന വരുമാനത്തിന്റെ 30-33 ശതമാനത്തിൽ അധികരിക്കില്ല.

എന്നാൽ കേരളത്തിന്റെ വികസന ചർച്ചകളിൽ അപൂർവമായേ ധനകാര്യം സ്ഥാനം പിടിക്കാറുള്ളൂ. ഉദാഹരണത്തിന് ആസൂത്രണബോർഡിന്റെ പദ്ധതി പരിപ്രേക്ഷ്യം 2030-ന്റെ അറുനൂറു പേജുള്ള റിപ്പോർട്ടിൽ ധനകാര്യത്തിനുവേണ്ടി ഏതാണ്ട് 20 വരികൾ മാത്രമാണ് നീക്കിവെച്ചിട്ടുള്ളത്. അതിൽപ്പറഞ്ഞിരിക്കുന്നതാവട്ടെ, ഏതാനും പൊതുപ്രസ്താവനകളും പിന്നെ അപ്രസക്തമായ ചില വാചകക്കസർത്തും. പ്രഖ്യാപിക്കുന്ന വമ്പൻ വികസന പദ്ധതികൾ നടപ്പാകാതെ പോകുന്നതിനു മുഖ്യകാരണം പണമില്ലാത്തതാണ്. ബജറ്റുണ്ടാക്കുമ്പോൾ വരവിന് അനുസരിച്ച് ചെലവ് മുറിക്കുമ്പോൾ പ്രഖ്യാപനങ്ങൾ ഉൾക്കൊള്ളിക്കാൻ കഴിയില്ല. ഈയിടെയായി പുതിയൊരു പ്രതിഭാസം കൂടി പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. ബജറ്റ് കണക്കുകൾ തയ്യാറാക്കിക്കഴിഞ്ഞ് വരുമാന സാധ്യതകൾ കണക്കിലെടുക്കാതെ ഒട്ടേറെ ബജറ്റ് പ്രഖ്യാപനങ്ങൾ പുതുതായി നടത്തുന്നു. കഴിഞ്ഞ രണ്ടു വർഷമെടുത്താൽ അവയൊന്നും നടപ്പായിട്ടില്ലെന്നു കാണാം. അങ്ങനെ ബജറ്റ് പ്രക്രിയതന്നെ പരിഹാസ്യമായി മാറുകയാണ്. ഈ പശ്ചാത്തലത്തിലാണ് കേരളത്തിന്റെ ധനസ്ഥിതിയയും പുത്തൻ വികസന അജണ്ട നടപ്പാക്കാൻ ആവശ്യമായ വികസനോന്മുഖ ധനനയത്തെയും കുറിച്ച് ഈ അധ്യായത്തിൽ ചർച്ച ചെയ്യുന്നത്.

## 1. ധനകാര്യം : പൊതുചിത്രം

കേരളത്തിന്റെ ധനകാര്യം പരിശോധിക്കുമ്പോൾ ആദ്യം ശ്രദ്ധയിൽവരുന്ന കാര്യം താരതമ്യേന ഉയർന്ന റവന്യൂ ചെലവാണ്. ഇതിനു കാരണം കേരളം പിന്തുടർന്ന വിദ്യാഭ്യാസ ആരോഗ്യമേഖലകളിലൂന്നിയുള്ള വികസന നയമാണ്. എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ശമ്പളവും സർക്കാരാണ് നൽകുന്നത്. 2011 - 12/ 2013-14 വർഷത്തിൽ കേരളത്തിന്റെ റവന്യൂ ചെലവ് സംസ്ഥാന വരുമാനത്തിന്റെ 15.21

ശതമാനമായിരുന്നു. എന്നാൽ ദേശീയ ശരാശരി 14.46 ശതമാനമായിരുന്നു. റവന്യൂ ചെലവ് താരതമ്യേനെ ഉയർന്നതാണെന്നു മാത്രമല്ല, ഇതിൽ ഗണ്യമായ പങ്ക് വിദ്യാഭ്യാസ ആരോഗ്യ മേഖലകളിലെ ശമ്പളവും പെൻഷനുമാണ് എന്നുള്ളതുകൊണ്ട് കേരളത്തിലെ റവന്യൂ ചെലവു ഗണ്യമായി കുറയ്ക്കുക സാധ്യമല്ല.

**പട്ടിക 30.1**
**ചില ധനകാര്യ സൂചകങ്ങൾ, കേരളവും ഇതര സംസ്ഥാനങ്ങളും 2011-12/2013-14. (സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ ശതമാനമായി)**

| ഇനം | കേരളം | സംസ്ഥാന ശരാശരി |
|---|---|---|
| റവന്യൂ ചെലവ് | 15.21 | 14.46 |
| മൂലധനച്ചെലവ് | 1.21 | 2.55 |
| വികസനേതര ചെലവ് | 7.75 | 5.48 |
| സ്വന്തം നികുതി വരുമാനം | 8.32 | 7.54 |

അതേസമയം, കേരള സർക്കാരിന്റെ മൂലധനച്ചെലവ് താരതമ്യേനെ വളരെ താഴ്ന്നതാണ്. സംസ്ഥാന വരുമാനത്തിന്റെ 1.21 ശതമാനം മാത്രമേ ഇതു വരൂ. അതേസമയം അഖിലേന്ത്യാ സംസ്ഥാന ശരാശരി 2.55 ശതമാനമാണ്. എന്നുവെച്ചാൽ, സ്ഥിരമായ ആസ്തികൾ സൃഷ്ടിക്കുകയും ഭാവി സാമ്പത്തിക വളർച്ചയ്ക്ക് ഉത്തേജനമാവുകയും ചെയ്യുന്ന ഭൗതിക പശ്ചാത്തല മേഖലയിൽ കേരള സർക്കാരിന്റെ ചെലവ് താരതമ്യേനെ തുച്ഛമാണ്. ഇതു തന്നെ സമീപകാലത്തുണ്ടായ വർദ്ധനയാണ്. രണ്ടായിരങ്ങളുടെ പൂർവാർദ്ധത്തിൽ മൂലധന ചെലവ് സംസ്ഥാന വരുമാനത്തിന്റെ 0.66 ശതമാനം മാത്രമായിരുന്നു.

## സർക്കാരിന്റെ തനതു വരുമാനം

താരതമ്യേനെ ഉയർന്ന റവന്യൂ ചെലവ് ആണ് കേരളത്തിന്റെ സവിശേഷതയെങ്കിലും അതിന് അനുസരിച്ച് റവന്യൂ വരുമാനം വർദ്ധിപ്പിക്കുന്നതിന് ചില ഘടനാപരമായ പരിമിതികൾ നമുക്കുണ്ട്. ഭരണഘടന പ്രകാരം സംസ്ഥാനങ്ങളുടെ മുഖ്യവരുമാന മാർഗം വിൽപന നികുതിയാണ്. കേരളത്തിന്റെ നികുതി വരുമാനത്തിൽ 70 ശതമാനത്തിലേറെ വാറ്റ് വിൽപന നികുതികളാണ്. കയറ്റുമതി ഉൽപന്നങ്ങളുടെ മേൽ നികുതി ചുമത്താൻ സംസ്ഥാനങ്ങൾക്ക് അവകാശമില്ല. മാത്രമല്ല, മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് വിൽക്കുന്ന ചരക്കുകളുടെ മേൽ താഴ്ന്ന നിരക്കിലുള്ള കേന്ദ്രവിൽപന നികുതിയേ പറ്റൂ. മറ്റു സംസ്ഥാനങ്ങളിൽനിന്ന് കേരളത്തിലേയ്ക്കു കൊണ്ടുവരുന്ന ചരക്കുകൾ സ്വന്തം ആവശ്യത്തിനാണ് എന്ന് കൊണ്ടുവരുന്ന ആൾ സാക്ഷ്യപ്പെടുത്തിയാൽ അതിനുമേൽ നികുതി ചുമത്താനാവില്ല. കേരള സമ്പദ്ഘടനയുടെ പ്രത്യേകത കേരളത്തിൽ ഉൽപാദിപ്പിക്കുന്ന ചരക്കുകളുടെ 60-65 ശതമാനത്തിലേറെ നാം വിദേശത്തേയ്ക്കോ മറ്റു സംസ്ഥാനത്തേയ്ക്കോ കയറ്റുമതി ചെയ്യുന്നു എന്നതാണ്. അതേസമയം, നമ്മുടെ ഉപഭോഗ ചരക്കുകളുടെ 70-75 ശതമാനം വിദേശത്തു നിന്നോ മറ്റു സംസ്ഥാനങ്ങളിൽനിന്നോ ഇറക്കുമതി ചെയ്യുന്നതാണ്. ഈ സ്ഥിതിവിശേഷം നമ്മുടെ വിൽപനനികുതി വിഭവസമാഹരണത്തിന് ചില കടിഞ്ഞാണുകളിടുന്നുണ്ട്.

എന്നിട്ടും ഇന്ത്യയിൽ ഏറ്റവും നല്ല തോതിൽ നികുതി പിരിവു നടക്കുന്ന സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. കേരള സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 8.32 ശതമാനം നികുതിയായി സർക്കാർ പിരിക്കുന്നതാണ്. അഖിലേന്ത്യാ സംസ്ഥാന ശരാശരി 7.54 ശതമാനം മാത്രമാണ്. പക്ഷേ, ഇത് പൂർണമായും പിരിവിന്റെ കേമത്തമാണെന്നു പറയാനാവില്ല. സംസ്ഥാന ആഭ്യന്തര വരുമാനത്തിൽ ഗൾഫ് പണവരുമാനം പെടുന്നില്ല. ഇത് സംസ്ഥാനത്തെ ആഭ്യന്തര വരുമാനത്തിന്റെ 36 ശതമാനം വരെ ഇന്നു വരും. അതു കൂടി കണക്കിലെടുക്കുകയാണെങ്കിൽ കേരളത്തിന്റെ നികുതി പിരിവിന്റെ ശതമാനം താഴേയ്ക്കു പോകും. കേരളത്തിലെ ഉപഭോഗം വരുമാനത്തേക്കാൾ ഉയർന്നതാണ്. ഉപഭോഗച്ചെലവിന്റെ ശതമാനമായി നികുതി കണക്കാക്കിയാൽ കേരളം അഖിലേന്ത്യാ ശരാശരിയെക്കാൾ താഴെയാണെന്നു കാണാം.

### കേന്ദ്രസഹായം

സംസ്ഥാനത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിൽ 70-75 ശതമാനം സംസ്ഥാന സർക്കാരിന്റെ തനതു വരുമാനമാണ്. ബാക്കി വിവിധ രൂപത്തിൽ ലഭിക്കുന്ന കേന്ദ്രസഹായമാണ്.

എല്ലാ ഫെഡറൽ രാജ്യങ്ങളിലും ഏറിയും കുറഞ്ഞും സ്ഥിതി ഇതായിരിക്കും. ദേശവ്യാപകമായി പിരിക്കുന്ന മുഖ്യ റവന്യൂ നികുതി വരുമാനങ്ങൾ കേന്ദ്രസർക്കാരുകളുടെ നിയന്ത്രണത്തിലായിരിക്കും. കാരണം ദേശീയതലത്തിലാണ് ഇവ കാര്യക്ഷമമായി പിരിച്ചെടുക്കാനാവുക. സ്വാഭാവികമായും കേന്ദ്രസർക്കാരുകൾ പിരിക്കുന്ന നികുതിയിൽ ഒരുഭാഗം സംസ്ഥാനങ്ങൾക്ക് കൈമാറുന്നതിനുള്ള വ്യവസ്ഥകൾ എല്ലാ ഫെഡറൽ ഭരണഘടനയിലും ഉണ്ട്. ഇന്ത്യയിൽ ഇതിനുള്ള സംവിധാനം ധനക്കമ്മീഷനുകളാണ്. അയ്യഞ്ചു വർഷം കൂടുമ്പോഴാണ് ഇവയെ നിയോഗിക്കുക. സംസ്ഥാന സർക്കാരുകളുടെ റവന്യൂ വരുമാനവും ചെലവും പരിശോധിച്ച് അടുത്ത അഞ്ചുവർഷത്തേയ്ക്ക് കേന്ദ്രസർക്കാരിൽ നിന്ന് സംസ്ഥാനങ്ങൾക്ക് നൽകേണ്ട ധനസഹായം സംബന്ധിച്ചുള്ള തീർപ്പ് ഈ ധനക്കമ്മീഷനുകളാണ് നിർദേശിക്കുക. ഇങ്ങനെ നിർദേശിക്കുന്ന ധനസഹായത്തിൽ മുക്കാൽപങ്കിലേറെ കേന്ദ്രസർക്കാർ പിരിക്കുന്ന നികുതിയുടെ വിഹിതമായിട്ടാണ് നൽകുന്നത്. ഇപ്പോൾ പതിനാലാം ധനകാര്യ കമ്മീഷന്റെ തീർപ്പു പ്രകാരം കേന്ദ്രസർക്കാരിന്റെ നികുതി വരുമാനത്തിന്റെ 42 ശതമാനം സംസ്ഥാനങ്ങൾക്കു വീതം വെയ്ക്കും. ഇതിൽ നിന്ന് ഓരോ സംസ്ഥാനത്തിനും എത്ര തുക വീതം ലഭിക്കും എന്നുള്ളത് ധനക്കമ്മീഷൻ തീർച്ച

പ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ വീതം വെയ്ക്കുന്നതിന് ഓരോ ധനക്കമ്മീഷനും വ്യത്യസ്തമായ മാനദണ്ഡങ്ങളാണ് സ്വീകരിക്കുക. ഇവയനുസരിച്ച് സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന നികുതി വിഹിതത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടാകും.

പത്താം ധനകാര്യ കമ്മിഷൻ കേരളത്തിന് 3.88 ശതമാനം വിഹിതം അനുവദിച്ചു. എന്നാൽ പതിമൂന്നാം ധനകാര്യ കമ്മിഷൻ ആയപ്പോഴേയ്ക്കും അത് അനുക്രമമായി കുറഞ്ഞ് 2.34 ശതമാനമായി. ഇത് കേരളത്തിന്റെ മൊത്തം റവന്യൂ വരുമാനത്തിന്റെ വളർച്ചയെ പ്രതികൂലമായി ബാധിച്ചുവെന്ന് പറയേണ്ടതില്ലല്ലോ. ജനസംഖ്യാനുപാതികമായിപ്പോലും കേരളത്തിന് നികുതിവിഹിതം കിട്ടാത്തതിനു കാരണം, ജനസംഖ്യയുടെ അടിസ്ഥാനത്തിലല്ല, പിന്നാക്കാവസ്ഥയുടെ സൂചകങ്ങളുടെ അടിസ്ഥാനത്തിലാണ് മുഖ്യമായും കേന്ദ്രനികുതി വിഹിതം പങ്കുവെയ്ക്കുന്നത് എന്നതു കൊണ്ടാണ്. അടിസ്ഥാനപരമായി രണ്ടു ഘടകങ്ങളെയാണ് ഫോർമുല തയ്യാറാക്കുന്നതിന് വേണ്ടി ഉപയോഗിക്കുന്നത്. ഒന്നാമത്തേത്, ജനസംഖ്യയാണ്. രണ്ടാമത്തേത്, സാമ്പത്തിക പിന്നാക്കാവസ്ഥയാണ്. കേന്ദ്ര നികുതിവിഹിതം മുഴുവൻ ജനസംഖ്യാനുപാതത്തിൽ വിതരണം ചെയ്താൽ കേരളത്തിന് 3.9 ശതമാനം ലഭിക്കും. (1971ലെ ജനസംഖ്യാനുപാതമാണ് കണക്കുകൂട്ടലിന് ധനകാര്യ കമ്മിഷനുകൾ ഉപയോഗിക്കുക). എന്നാൽ സാമ്പത്തിക പിന്നാക്കാവസ്ഥയ്ക്കാണ് ഊന്നൽ എന്നുവന്നാൽ കേരളത്തിന് ലഭിക്കുന്നത് കുറയും. കാരണം, എൺപതുകളുടെ ഉത്തരാർധം മുതൽ കേരളത്തിന്റെ സാമ്പത്തിക വളർച്ചയുടെ വേഗത കൂടിയിട്ടുണ്ട്. അതോടൊപ്പം ജനസംഖ്യാവർധന കുറഞ്ഞു കൊണ്ടിരിക്കുകയാണ്. സ്വാഭാവികമായും ദേശീയ ശരാശരിയെക്കാൾ കേരളത്തിന്റെ പ്രതിശീർഷവരുമാനം ഉയരും. സ്വാതന്ത്ര്യം ലഭിച്ച കാലത്ത് ജനസംഖ്യാ അനുപാതത്തിനാണ് മുൻതൂക്കം നൽകിയിരുന്നത്. എന്നാലിപ്പോൾ പിന്നാക്കാവസ്ഥയ്ക്കാണ് കൂടുതൽ ഊന്നൽ.

ധനകാര്യ കമ്മിഷനുകൾ നികുതി വിഹിതത്തിനു പുറമെ ഗ്രാന്റുകളും അനുവദിക്കാറുണ്ട്. ഇക്കാര്യത്തിലും കേരളത്തിനു തിരിച്ചടിയാണ്. ഒരു പ്രധാന ഗ്രാന്റ് രൂക്ഷമായ ധനപ്രതിസന്ധി നേരിടുന്ന സംസ്ഥാനങ്ങൾക്കുള്ള പ്രത്യേക ധനസഹായമാണ്. പക്ഷേ, ധനകമ്മീഷന്റെ കണക്കുകൂട്ടലിൽ കേരളത്തിനു അതിരൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയില്ല. ഇതിന് കാരണം, സർക്കാരിന്റെ വരവും ചെലവും അടുത്ത അഞ്ചുവർഷത്തേയ്ക്ക് കണക്കുകൂട്ടുന്നത് ദേശീയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഫിനാൻസ് കമ്മിഷനുകൾ സ്വീകരിക്കുന്ന മാനദണ്ഡങ്ങൾ കേരളത്തിലെ ഉയർന്ന പെൻഷൻ ചെലവ്, അധ്യാപകർക്കുള്ള ശമ്പളച്ചെലവ് തുടങ്ങിയവയെ പരിഗണിക്കുന്നില്ല. അതുകൊണ്ട് നമുക്ക് ഈ ഇനത്തിൽ പ്രത്യേക ഗ്രാന്റു ലഭിക്കാറില്ല. രണ്ടു ദശാബ്ദങ്ങൾക്കു ശേഷം പതിനാലാം ധനകാര്യകമ്മിഷൻ മാത്രമാണ് ധനപ്രതിസന്ധി പരിഹരിക്കാനായി എന്തെങ്കിലും പ്രത്യേക ഗ്രാന്റ് അനുവദിച്ചത്.

ഫിനാൻസ് കമ്മിഷൻ സഹായം കഴിഞ്ഞാൽ ഏറ്റവും പ്രധാനപ്പെട്ട വരുമാനസ്രോതസ് കേന്ദ്രാവിഷ്കൃത പദ്ധതികളാണ്. പക്ഷേ, ഈയിനത്തിൽ കേരളത്തിന് ഏതാണ്ട് ഒന്നര ശതമാനമേ വിഹിതമായി ലഭിക്കാറുള്ളൂ. ഇതിനു കാരണം ഭൂരിപക്ഷം കേന്ദ്രാവിഷ്കൃത പദ്ധതികളുടെയും മുഖ്യ മാനദണ്ഡം സാമൂഹ്യ സാമ്പത്തിക പിന്നാക്കാവസ്ഥയാണ്. സാമൂഹ്യക്ഷേമ രംഗത്ത് കേരളമാണെങ്കിൽ മുന്നിലാണുതാനും. കേരളത്തിന്റെ രണ്ടാംതലമുറ പ്രശ്നങ്ങൾ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ പരിഗണനാവിഷയവുമല്ല.

ഫിനാൻസ് കമ്മീഷൻ പോലെതന്നെ പദ്ധതി സംബന്ധിച്ച ധനസഹായത്തെക്കുറിച്ച് തീരുമാനമെടുക്കുന്നത് പ്ലാനിംഗ് കമ്മിഷനാണ്. പദ്ധതിയുടെ കാര്യത്തിലും കേരളം പിന്നിലാണ്. കേരളത്തിന്റെ പ്രതിശീർഷ പദ്ധതി അടങ്കൽ ദേശീയ ശരാശരിയെക്കാൾ എല്ലായ്പോഴും താഴ്ന്നതാണ്. ഇതിനു കാരണം കേന്ദ്രപദ്ധതി ധനസഹായം സംസ്ഥാനങ്ങൾക്കിടയിൽ വീതം വെയ്ക്കുമ്പോൾ സംസ്ഥാനത്തിന് സ്വന്തമായി പദ്ധതിയ്ക്കു വേണ്ടി എത്ര പണം സമാഹരിക്കാനാവും എന്നത് പരിശോധിക്കപ്പെടുന്നില്ല. ഗാഡ്ഗിൽ ഫോർമുലയുടെ അടിസ്ഥാനത്തിലാണ് പദ്ധതി സഹായം വിതരണം ചെയ്തുകൊണ്ടിരുന്നത്. ഇങ്ങനെ കേരളത്തിനു ലഭിക്കുന്ന പ്രതിശീർഷത്തുകയും അഖിലേന്ത്യാ ശരാശരിയെക്കാൾ താഴ്ന്നതാണ്. എന്നാലിപ്പോൾ പ്ലാനിംഗ് കമ്മിഷൻ നിലവിലില്ല. കേന്ദ്ര ധനമന്ത്രാലയത്തിന്റെ സ്വേച്ഛാപരമാണ് പദ്ധതികളുടെ വിഹിതം തീരുമാനിക്കുന്നത്.

മൂന്നാമതൊരിനം ഗ്രാന്റുകളുണ്ട്. അത് കേന്ദ്ര സർക്കാർ തന്നിഷ്ടപ്രകാരം തീരുമാനിക്കുന്നതാണ്. ഏറ്റവും കൂടുതൽ രാഷ്ട്രീയവിവേചനം ഈ ധനസഹായത്തിലാണ് ഉണ്ടാവുക. കേരളത്തിന് ചെറിയ സഹായമേ ഈയിനത്തിൽ ലഭിക്കാറുള്ളൂ. പദ്ധതിയ്ക്ക് പുറത്ത് കേന്ദ്രസർക്കാർ നൽകുന്ന തന്നിഷ്ട പ്രകാരമുള്ള ഗ്രാന്റുകളുടെ കാര്യത്തിലാണ് ഏറ്റവും വലിയ വിവേചനം നിലനിൽക്കുന്നത്. രാഷ്ട്രീയ സമ്മർദത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഗ്രാന്റുകൾ സാധാരണഗതിയിൽ അനുവദിക്കുക. കേന്ദ്രത്തിൽ കേരളത്തിന്റെ വിലപേശൽ അപൂർവം സന്ദർഭങ്ങളിലൊഴികെ വളരെ ദുർബലമായിരുന്നു. കേന്ദ്രസർക്കാരിന്റെ പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപമെടുത്താലും കേരളത്തോടുള്ള അവഗണന കാണാം.

കേന്ദ്ര അവഗണന കേരളത്തിന്റെ റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നു. 2011 – 12 / 2013–14 കാലത്തെ ഫിനാൻസ് കമ്മിഷൻ നികുതി പിരിവിന് കേരളത്തിന്റെ ആഭ്യന്തര വരുമാനത്തിന്റെ 1.2 ശതമാനം ആയിരുന്നപ്പോൾ അഖിലേന്ത്യാ സംസ്ഥാന ശരാശരി 3.5 ശതമാനം ആയിരുന്നു. ഗ്രാന്റുകളുടെ കാര്യമെടുത്താൽ കേരളത്തിന്റെ തോത് 1.03 ശതമാനവും അഖിലേന്ത്യാ

സംസ്ഥാന ശരാശരി 1.1 ശതമാനവുമാണ്. മൊത്തത്തിൽ കേരളത്തിന്റെ തോത് 2.5 ശതമാനമായിരിക്കുമ്പോൾ മറ്റു സംസ്ഥാനങ്ങളുടെ ശരാശരി 4.41 ശതമാനമാണ്.

## റവന്യൂ കമ്മിയും ധനപ്രതിസന്ധിയും

ഒരു വശത്ത് സംസ്ഥാന സർക്കാരിന്റെ റവന്യൂ ചെലവ് ഉയർന്നതാണെന്നു മാത്രമല്ല, കൂടുതൽ വേഗതയിൽ വളരുകയും ചെയ്യുന്നു. ഇതനുസരിച്ച് സംസ്ഥാന നികുതിവരുമാനം ഉയർത്തുന്നതിന് പരിമിതികൾ ഉണ്ടെന്നും കണ്ടു. കേന്ദ്രസഹായമാണെങ്കിൽ ജനസംഖ്യാനുപാതികമായി സംസ്ഥാനത്തിനു ലഭിക്കുന്നുമില്ല. ഇതിന്റെ ഫലമായി കേരളത്തിന്റെ റവന്യൂ ചെലവ് നടത്താനുള്ള റവന്യൂ വരുമാനം ഇല്ലാത്ത അവസ്ഥ വന്നു ചേർന്നു. അഥവാ സംസ്ഥാന ബജറ്റ് റവന്യൂ കമ്മിയിലായി. ഈ റവന്യൂ കമ്മി ആദ്യമായി പ്രത്യക്ഷപ്പെട്ടത് എൺപതുകളുടെ മധ്യത്തിലാണ്. പിന്നീട് ഓരോ വർഷം കഴിയുന്തോറും റവന്യൂ കമ്മി കൂടിക്കൂടി വന്നു. എൺപതുകളുടെ പൂർവാർധത്തിൽ സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 0.6 ശതമാനായിരുന്ന റവന്യൂ കമ്മി പടിപടിയായി ഉയർന്ന് 2000 – 01ൽ 4.5 ശതമാനമെത്തി.

റവന്യൂ കമ്മി നികത്തുക വായ്പയെടുത്തിട്ടാണ്. സംസ്ഥാന സർക്കാരിന് ഓരോ വർഷവും എത്ര വായ്പ എടുക്കാമെന്നത് കേന്ദ്ര സർക്കാരാണ് തീരുമാനിക്കുക. സ്വതന്ത്രമായി വായ്പയെടുക്കാനുള്ള അധികാരം സംസ്ഥാനങ്ങൾക്കില്ല. വായ്പ ഭാവിയിലേയ്ക്കുള്ള ബാധ്യത സൃഷ്ടിക്കുന്നതാണ്. അതുകൊണ്ട് സ്ഥിരം ആസ്തികൾ സൃഷ്ടിക്കുന്നതിനു വേണ്ടിയേ വായ്പ അല്ലെങ്കിൽ മൂലധനവരുമാനം ഉപയോഗിക്കാൻ പാടുള്ളൂ എന്നാണ് സാമാന്യ ബജറ്റ് തത്ത്വം. എന്നാൽ റവന്യൂ കമ്മി കൂടുന്തോറും വായ്പയെടുക്കുന്നത് കൂടുതൽ കൂടുതൽ റവന്യൂ ചെലവുകൾക്കു വേണ്ടി നീക്കിവെയ്ക്കുന്നതിന് കേരളം നിർബന്ധിതമായി. 2000–01ൽ വായ്പയുടെ 81 ശതമാനവും റവന്യൂ ചെലവുകൾക്കു വേണ്ടി നീക്കിവെയ്ക്കേണ്ടി വന്നു. കുറച്ചു ലളിതവത്കരിച്ചു പറഞ്ഞാൽ വായ്പയെ ധനക്കമ്മിയെന്നു വിളിക്കുന്നു. കേരളത്തിന്റെ ധനക്കമ്മി ഉയരാൻ തുടങ്ങി. എൺപതുകളുടെ പൂർവാർദ്ധത്തിൽ ധനക്കമ്മി 2.7 ശതമാനമായിരുന്നത് 2000–01ൽ 5.6 ശതമാനമായി ഉയർന്നു. വായ്പയും കിട്ടാതെ വന്നതോടെ ട്രഷറി തന്നെ പൂട്ടേണ്ട നിലയിലായി. അങ്ങനെ കേരള ധനകാര്യാവസ്ഥ രണ്ടായിരാമാണ്ടായപ്പോഴേയ്ക്കും അതീവഗുരുതരമായ പ്രതിസന്ധിയിലായി.

## ധന ഉത്തരവാദിത്ത നിയമങ്ങൾ

ഇത് അസാധാരണമായ ഒരു സാഹചര്യമായിരുന്നു. ധനക്കമ്മി ക്രമാതീതമായി ഉയർന്നതു കൊണ്ടു മാത്രമല്ല, എടുക്കുന്ന വായ്പയുടെ 81 ശതമാനം റവന്യൂക്കമ്മി നികത്താനായിരുന്നു ചെലവഴിച്ചിരുന്നത്. സംസ്ഥാന ധനകാര്യ നയത്തിൽ ഗൗരവമായ തിരുത്തലുകൾ അനിവാര്യമായിത്തീർന്നു. പക്ഷേ, ഈ സ്ഥിതിവിശേഷം ഇത്രമാത്രം ഗൗരവമാക്കിയതിന്റെ പിന്നിൽ കാർഷികത്തകർച്ച മൂലം നികുതി വരുമാനം കുറഞ്ഞതും പതിനൊന്നാം ധനകാര്യ കമ്മീഷന്റെ തീർപ്പിൽ സംസ്ഥാനത്തിന്റെ വിഹിതം അപ്രതീക്ഷിതമായി കുറഞ്ഞതും സുപ്രധാന കാരണങ്ങളായിരുന്നു. ഇവയൊക്കെ കണക്കിലെടുത്ത് വേണ്ടിയിരുന്നു, തിരുത്തലുകൾ വരുത്താൻ. എന്നാൽ ഇവയൊക്കെ വിസ്മരിച്ചുകൊണ്ട് ഒരു ധന ഉത്തരവാദിത്ത നിയമം (എശരെമഹ ഞലുെീിശെയശഹശ്യേ മിറ ആൗറഴലേ ങമിമഴലാലിേ അരേ) 2003ൽ യുഡിഎഫ് സർക്കാർ പാസാക്കി. സർക്കാരിന് എത്ര റവന്യൂ കമ്മിയാകാം? എത്ര ധനക്കമ്മിയാകാം? ഈ ചോദ്യങ്ങൾക്ക് ധന ഉത്തരവാദിത്ത നിയമം നിബന്ധിച്ചത് ഇപ്രകാരമായിരുന്നു. അഞ്ചു വർഷം കൊണ്ട് റവന്യൂ കമ്മി ഇല്ലാതാക്കണം. അഞ്ചുവർഷം കൊണ്ട് ധനക്കമ്മി ഒന്നര ശതമാനമാക്കി മാറ്റണം (നിയമം പാസാക്കിയപ്പോൾ ഇത് രണ്ടു ശതമാനമാക്കി). കൂടാതെ അർദ്ധ സർക്കാർ സ്ഥാപനങ്ങളും വായ്പയെടുക്കുന്നതിന് സർക്കാർ ഗ്യാരണ്ടി നിൽക്കുമായിരുന്നു. ഇത് 14,000 കോടി രൂപയിൽ കൂടുതൽ പാടില്ല എന്ന് മറ്റൊരു നിയമവും കൂടി പാസാക്കി. കേന്ദ്ര സർക്കാരിന്റെ ആഗോളവത്കരണ പരിഷ്കാരത്തിന്റെ ഭാഗമായി എല്ലാ സംസ്ഥാനങ്ങളും ഇത്തരത്തിലുള്ള നിയമങ്ങൾ പാസാക്കേണ്ടിവന്നു. പക്ഷേ, വിരോധാഭാസമെന്ന് പറയട്ടെ, ഏറ്റവും വലിയ ധനപ്രതിസന്ധി നേരിട്ട കേരള സർക്കാരായിരുന്നു ഏറ്റവും കർക്കശമായ നിയമം പാസാക്കിയത്.

നിയമം പാസാക്കുക മാത്രമല്ല, അതു വാശിയോടെ നടപ്പാക്കാനും അവർ ഒരുമ്പെട്ടു. ഒരു ധവളപത്രമിറക്കി നാട്ടുകാരെയാകെ ഞെട്ടിച്ചുകൊണ്ട് കർശനമായ ചെലവുചുരുക്കൽ പരിപാടിയ്ക്കു തുടക്കമിട്ടു. ജീവനക്കാരുടെ അവകാശങ്ങൾ വെട്ടിക്കുറച്ചു. ക്ഷേമപദ്ധതികൾ കുടിശികയിലാക്കി. വികസനപ്രവർത്തനങ്ങളുടെ ചെലവു ചുരുക്കി. പൊതുമേഖല സ്വകാര്യവത്കരിക്കാനൊരുമ്പെട്ടു. വൈദ്യുതി ചാർജും വെള്ളക്കരവും വർദ്ധിപ്പിച്ചു. അങ്ങനെ ചെലവു ചുരുക്കി റവന്യൂ കമ്മി കുറയ്ക്കാനുള്ള കർക്കശമായ നിലപാടുകൾക്കു തുടക്കമിട്ടു. ചാഞ്ചാട്ടങ്ങളോടു കൂടിയാണെങ്കിലും റവന്യൂ കമ്മി കുറഞ്ഞു. 2002–0ൽ റവന്യൂ കമ്മി 4.7 ശതമാനമായിരുന്നത് 2005–06 ആയപ്പോഴേയ്ക്കും 2.29 ശതമാനമായി കുറഞ്ഞു.പക്ഷേ, റവന്യൂ കമ്മി ഇല്ലാതാക്കാമെന്നുള്ളത് ദിവാസ്വപ്നം മാത്രമാണെന്നും തെളിഞ്ഞു.

പ്രതിപക്ഷത്തിന്റെ എതിർപ്പുകൾ തള്ളിക്കളഞ്ഞ് ഏറ്റവും കർക്കശമായ ധന ഉത്തരവാദിത്ത നിയമം പാസാക്കിയ യുഡിഎഫ് സർക്കാരിന് രണ്ടു വർഷം കഴിഞ്ഞ് പന്ത്രണ്ടാം ധനകാര്യ കമ്മീഷന് മെമ്മോറാണ്ടം നൽകേണ്ടി വന്നപ്പോൾ കേന്ദ്രസർക്കാർ കൂടുതൽ ധനസഹായം നൽകിയാലല്ലാതെ റവന്യൂ കമ്മി ഇല്ലാതാക്കാൻ കഴിയില്ലെന്നും തുറന്ന് സമ്മതിക്കേണ്ടി വന്നു. മറ്റ് സംസ്ഥാന സർക്കാരുകൾ ക്ഷേമച്ചെലവുകളും വിക

സനച്ചെലവുകളും ഗണ്യമായി കുറച്ചു കൊണ്ട് ലക്ഷ്യം കൈവരിച്ചു. കേരളത്തിൽ ഇതുപോലെ സർക്കാർ ചെലവുകൾ കുറയ്ക്കുന്നതിന് നടത്തിയ ശ്രമങ്ങൾ വലിയ ജനകീയ എതിർപ്പുമൂലം തിരുത്തേണ്ടി വന്നു. സംസ്ഥാന സർക്കാരുകൾക്ക് മാത്രമല്ല, കേന്ദ്രസർക്കാരിനും ആഗോളമാന്ദ്യം പൊട്ടിപ്പുറപ്പെട്ടതോടെ ധന ഉത്തരവാദിത്ത നിയമത്തിന്റെ ലക്ഷ്യങ്ങൾ തള്ളിപ്പറയേണ്ടി വന്നു. ഇപ്പോൾ വീണ്ടും പൂർവാധികം ശക്തിയോടെ ധന ഉത്തരവാദിത്ത നിയമങ്ങൾ അടിച്ചേൽപ്പിക്കാൻ വീണ്ടും ശ്രമിച്ചു തുടങ്ങിയിട്ടുണ്ട്.

റവന്യൂ കമ്മി കുറച്ചു കൊണ്ടുവരണം, കഴിയുമെങ്കിൽ ഇല്ലാതാക്കണം എന്ന ലക്ഷ്യം വളരെ ശരിയാണ്. പക്ഷേ, കേരളം പോലൊരു സംസ്ഥാനത്ത് ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ കൂടുതൽ കേന്ദ്രസഹായം ലഭിച്ചേ തീരൂ. കേന്ദ്ര-സംസ്ഥാന ബന്ധങ്ങളിൽ ഒരു പൊളിച്ചെഴുത്തു വേണം. റവന്യൂ കമ്മി കുറയ്ക്കുന്നതിന് വേണ്ടി സാമൂഹ്യക്ഷേമച്ചെലവ് വെട്ടിക്കുറയ്ക്കാൻ കഴിയുകയില്ല. ഇത്തരം നടപടി ജനങ്ങളുടെ ക്ഷേമത്തിന് തുരങ്കം വെയ്ക്കുമെന്ന് മാത്രമല്ല വിദ്യാഭ്യാസ ആരോഗ്യാദി മേഖലകളുടെ വികസനത്തിന് തടസ്സവുമാണ്. എന്നിരുന്നാൽ തന്നെയും റവന്യൂ കമ്മി കുറച്ചു കൊണ്ടുവരുന്നതിന് ഒരു സമയബന്ധിത പരിപാടി വേണം. എന്നാൽ എല്ലാ സംസ്ഥാനങ്ങൾക്കും ഒരേ സമയദൈർഘ്യം നിശ്ചയിക്കുന്നത് പ്രായോഗികമല്ല.

ധനഉത്തരവാദിത്ത നിയമങ്ങൾ സംസ്ഥാന സർക്കാരുകളുടെ ധനകാര്യത്തിൽ സൃഷ്ടിച്ചിട്ടുള്ള വിചിത്രമായ ഒരു പ്രത്യാഘാതത്തെക്കുറിച്ച് സൂചിപ്പിക്കട്ടെ. ഇന്ത്യയിൽ ഇന്ന് സംസ്ഥാനങ്ങൾക്ക് ഒരു ലക്ഷം കോടിയിലേറെ രൂപ ചെലവാക്കാതെ മിച്ചമായുണ്ട്. ഇത്തരത്തിൽ മിച്ചം വരുന്ന പണം മുഴുവൻ റിസർവ് ബാങ്ക് ബോണ്ടുകളിലേയ്ക്കു നിക്ഷേപിക്കും. ഇന്ത്യയിൽ സ്കൂളുകളും ആശുപത്രികളും ഇല്ലാതെ കൊടിയ ദാരിദ്ര്യത്തിൽ ജനങ്ങൾ കഴിയുമ്പോൾ എന്തുകൊണ്ട് സംസ്ഥാന സർക്കാരുകൾക്ക് ഈ പണം സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കായി ചെലവഴിക്കാൻ കഴിയുന്നില്ല? ഇതിനു കാരണം റവന്യൂ കമ്മി പൂജ്യമാക്കണമെന്നുള്ള നിർബന്ധമാണ്. വായ്പയെടുക്കുന്ന പണം റവന്യൂ ചെലവുകൾക്കായി ഉപയോഗിക്കാൻ പാടില്ലല്ലോ. ഉയർന്നതോതിൽ മൂലധനച്ചെലവു നടത്തുന്നതിനുള്ള കഴിവ് പല സംസ്ഥാന സർക്കാരുകൾക്കും ഇല്ല. ഇതിന്റെ ഫലമായി വലിയ പലിശയ്ക്കു വാങ്ങുന്ന വായ്പാ പണം തുച്ഛമായ പലിശയ്ക്ക് ഇന്ത്യാ സർക്കാരിന്റെ ബോണ്ടുകളിൽ നിക്ഷേപിക്കേണ്ടി വരുന്നു. അങ്ങനെ കേന്ദ്രസർക്കാരിന് ചുരുങ്ങിയ പലിശയ്ക്ക് വായ്പ കിട്ടുന്നു.

റവന്യൂ കമ്മി കുറച്ചുകൊണ്ടു വരുന്നതിനോട് പൂർണമായി യോജിക്കാമെങ്കിലും ധനക്കമ്മി 3 ശതമാനമായി പരിമിതപ്പെടുത്തുന്നതിനോട് വിയോജിക്കേണ്ടിയിരിക്കുന്നു. കടം വാങ്ങുന്നത് റവന്യൂ ചെലവിനല്ലെങ്കിൽ പിന്നെ അതുപയോഗിക്കുക പശ്ചാത്തല സൗകര്യങ്ങളും മറ്റും സൃഷ്ടിക്കുന്നതിനുള്ള മൂലധനച്ചെലവിനായിരിക്കുമല്ലോ. കേരളത്തിലെ സാമ്പത്തിക വളർച്ചയുടെ വേഗത കൂട്ടുന്നതിന് വൈദ്യുതി, റോഡ്, പാലം, തുറമുഖം, വിമാനത്താവളം, വ്യവസായ പാർക്കുകൾ തുടങ്ങിയവയിൽ വലിയ തോതിൽ മുതൽമുടക്കിയേ പറ്റൂ. ഇതിനുള്ള മാർഗം വായ്പയെടുക്കലാണ്. ഇന്ന് നടത്തുന്ന മുതൽമുടക്ക് നാളെ സർക്കാരിന്റെ വരുമാനമുയർത്തും. അപ്പോൾ വായ്പ തിരിച്ചടയ്ക്കുകയും ചെയ്യാം. കേരളത്തിന് മേൽ 3 ശതമാനത്തിന്റെ ധനക്കമ്മി നിശ്ചയിച്ചിരിക്കുന്നത് വികസനത്തിന് തടസമാണ്.

## 2. ഇടതുപക്ഷ സർക്കാരും ബദൽ നയങ്ങളും

ധനഉത്തരവാദിത്ത നിയമത്തിന്റെ ഈ പരിമിതികളെ മറികടന്നുകൊണ്ടല്ലാതെ ഇടതുപക്ഷ ബദൽ ധനകാര്യനയം ആവിഷ്കരിക്കാനാവില്ല. ഇത്തരമൊരു ബദൽ നയം ആവിഷ്കരിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ് 2006 – 2011 കാലത്തെ നേട്ടങ്ങളിലൊന്ന്. വികസന ചെലവുകൾ വർദ്ധിപ്പിച്ചേ തീരൂ. എന്നാൽ റവന്യൂ കമ്മി വർദ്ധിക്കാനും പാടില്ല. ഈ ലക്ഷ്യം കൈവരിക്കണമെങ്കിൽ ഒറ്റ മാർഗമേയുള്ളൂ. വരുമാനം ഉയർത്തുക.

**പട്ടിക 30.2**
**സംസ്ഥാന റവന്യൂ വരുമാന വർദ്ധന %**
**എൽഡിഎഫ് – യുഡിഎഫ് സർക്കാരുകളുടെ താരതമ്യം**

| കാലയളവ് | യുഡിഎഫ് 2001–05 | എൽഡിഎഫ് 2006–2010 | യുഡിഎഫ് 2011–14 |
|---|---|---|---|
| സംസ്ഥാന തനതു നികുതി വരുമാനം | 10.98 | 17.6 | 12.96 |
| സംസ്ഥാന തനതു നികുതിയേതര വരുമാനം | 8.42 | 19.5 | 32.50 |
| സംസ്ഥാന തനതു റവന്യൂ വരുമാനം | 10.68 | 17.7 | 14.91 |
| കേന്ദ്ര സഹായം | 16.08 | 12.1 | 19.93 |
| മൊത്തം റവന്യൂ വരുമാനം | 11.96 | 16.1 | 15.81 |

പട്ടിക 30.2ൽ കാണാവുന്നതുപോലെ 2001–05ലെ യുഡിഎഫ് ഭരണകാലത്ത് 10.98 ശതമാനം വേഗതയിലാണ് സംസ്ഥാന തനതു നികുതിവരുമാനം വർദ്ധിച്ചത്. അതേസമയം 2006–10 എൽഡിഎഫ് ഭരണകാലത്ത് ഇതു 17.6 ശതമാനം പ്രതിവർഷം വർദ്ധിച്ചു. വാണിജ്യനികുതി മാത്രമെടുത്താൽ വർദ്ധനനിരക്ക് 19 ശതമാനത്തോളം വരും. സംസ്ഥാന നികുതിയേതര വരുമാന വർദ്ധന നിരക്ക് യുഡിഎഫ് ഭരണത്തിൽ 8.42 ശതമാനം ആയിരുന്നത് എൽഡിഎഫ് ഭരണകാലത്ത്, 19.5 ശതമാനമായി വളർന്നു. അങ്ങനെ മൊത്തം തനതു റവന്യൂ വരുമാനമെടുത്താൽ റവന്യൂ വർദ്ധനയുടെ

തോത് യുഡിഎഫ് കാലത്ത് 10.68 ശതമാനം വീതം ആയിരുന്നത് 17.7 ശതമാനമായി ഉയർന്നു.

എന്നാൽ കേന്ദ്രസഹായത്തിന്റെ വളർച്ച ഗണ്യമായി കുറഞ്ഞതിനാൽ മൊത്തം വരുമാനത്തിലെ അന്തരം കുറച്ചു കുറയുന്നു. യുഡിഎഫ് ഭരണകാലത്ത് മൊത്തം റവന്യൂ വരുമാനം 11.96 ശതമാനം വീതം വളർന്നത് എൽഡിഎഫ് ഭരണകാലത്ത് 16.1 ശതമാനം വീതം വളർന്നു.

എങ്ങനെയാണ് റവന്യൂ വരുമാനം ഇത്തരത്തിൽ വർദ്ധിപ്പിക്കാൻ കഴിഞ്ഞത്? നികുതി ഭരണത്തിൽ വരുത്തിയ പരിഷ്കാരങ്ങളാണ് ഇതിനു സഹായിച്ചത്. സമ്പൂർണ കമ്പ്യൂട്ടറൈസേഷൻ നികുതി വകുപ്പിൽ കൊണ്ടുവന്നു. എല്ലാ വ്യാപാരികളും ഇ റിട്ടേണി ലേയ്ക്കുള്ള ഇ പെയ്മെന്റിലേയ്ക്കും നീങ്ങി. സ്റ്റാറ്റ്യൂട്ടറി ഫോറങ്ങൾ നേരിട്ടു ഡൗൺലോഡു ചെയ്യാൻ തുടങ്ങി. ഇതിന്റെ ഫലമായി അഴിമതി കുറയുക മാത്രമല്ല, വളരെ വിശദമായ നികുതി സ്ഥിതിവിവരക്കണക്കുകൾ ഓരോ വ്യാപാരിയെയും കുറിച്ച് എളുപ്പത്തിൽ ലഭ്യമായി. വാറ്റു സമ്പ്രദായത്തിന്റെ സ്വയം പോലീസിംഗ് സ്വഭാവത്തെ ഉപയോഗപ്പെടുത്തി നികുതി ഓഫീസിലിരുന്ന് നികുതിവെട്ടിപ്പ് കണ്ടുപിടിക്കാൻ കഴിയും. ഈയൊരു രീതിയിലേയ്ക്ക് ഉദ്യോഗസ്ഥർ മാറിത്തുടങ്ങിയതോടെ നികുതി വെട്ടിപ്പു കുറഞ്ഞു. അതുപോലെതന്നെ അഴിമതി ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞു. അഴിമതി രഹിത വാളയാർ പാലക്കാടെ ചെക്ക് പോസ്റ്റുകളെ അഴിമതി മുക്തമാക്കി. ഇതും നികുതി വരുമാനം വർദ്ധിക്കാൻ സഹായിച്ചു.

ഇതോടൊപ്പം പറയേണ്ടുന്ന ഒരു കാര്യമുണ്ട്. ഒരിക്കൽപ്പോലും നികുതി നിരക്കുകൾ വർദ്ധിപ്പിക്കാൻ തയ്യാറായില്ല. മറ്റെല്ലാ സംസ്ഥാനങ്ങളും വാറ്റ്നികുതിയിലെ 4 ശതമാനം 5 ശതമാനമാക്കി. 12.5 ശതമാനം 1415 ശതമാനമായും വർദ്ധപ്പിച്ചു. ഇത്തരമൊരു നടപടി സ്വീകരിക്കണമെന്ന് കേന്ദ്രസർക്കാർ സംസ്ഥാനങ്ങളെ നിർബന്ധിക്കുകയായിരുന്നു. എന്നു മാത്രമല്ല, പഞ്ചസാരയുടെയും തുണിയുടെയും മേൽ നികുതി ചുമത്താനുള്ള അവകാശവും സംസ്ഥാനത്തിനു നൽകി. എന്നാൽ കേരളം മാത്രമാണ് ഇത്തരമൊരു നടപടി സ്വീകരിക്കാതെ കാര്യക്ഷമത ഉയർത്തിക്കൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള പാത സ്വീകരിച്ചത്.

## ധനദൃഢീകരണം – രണ്ടു മാതൃകകൾ

എൽഡിഎഫ് ഭരണകാലത്ത് ചെലവുകൾ ചുരുക്കിയില്ല. ക്ഷേമാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു. വിലക്കയറ്റം തടയാൻ പൊതുവിതരണസമ്പ്രദായത്തിന് വലിയ തോതിൽ പണം അനുവദിച്ചു. ഏറ്റവും വലിയ ശമ്പള പരിഷ്കരണം നടപ്പാക്കി. എന്നിട്ടും വരുമാനം കൂടിയതുകൊണ്ട് റവന്യൂ കമ്മി കുറഞ്ഞു. 2001–05 യുഡിഎഫ് ഭരണകാലത്ത് ശരാശരി റവന്യൂ കമ്മി 3.45 ശതമാനം ആയിരുന്നത് 2006–10 എൽഡിഎഫ് ഭരണകാലത്ത് 1.86 ശതമാനമായി താണു. ധനക്കമ്മിയിലും ഗണ്യമായ കുറവുണ്ടായി. അത് 4.49ൽ നിന്ന് 3.09 ആയി താണു. സംസ്ഥാന ആഭ്യന്തര വരുമാനം നല്ല വേഗതയിൽ വളർന്നതുകൊണ്ട് കടം കൂടിയെങ്കിലും ദേശീയ വരുമാനത്തിന്റെ അനുപാതമായി കടബാധ്യത 35.55 ശതമാനത്തിൽ നിന്ന് 31.17 ശതമാനമായി താഴ്ന്നു. യുഡിഎഫ് ഭരണകാലത്ത് തൊട്ടു മുമ്പുള്ള വർഷങ്ങളെ അപേക്ഷിച്ച് സാമ്പത്തിക ദൃഢീകരണമുണ്ടായി എന്നതു വസ്തുതയാണ്. റവന്യൂ കമ്മിയും ധനക്കമ്മിയും 2000–01ൽ യഥാക്രമം 3.34ഉം 4.42ഉം ആയിരുന്നത് 2.29ഉം 3.06 ഉം ആയി താണു. എന്നാൽ ചെലവുകൾ ഞെരുക്കാതെ തന്നെ വരുമാനം വർദ്ധിപ്പിച്ചുകൊണ്ട് കൂടുതൽ മെച്ചപ്പെട്ട സാമ്പത്തിക ദൃഢീകരണം കൈവരിക്കാൻ എൽഡിഎഫ് സർക്കാരിനു കഴിഞ്ഞു.

**പട്ടിക 30.3**
**റവന്യൂ കമ്മി, ധനക്കമ്മി, കടം എന്നീവ സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ ശതമാനത്തിൽ എൽഡിഎഫ് – യുഡിഎഫ് സർക്കാരുകളുടെ താരതമ്യം**

| കാലയളവ് | റവന്യൂ കമ്മി | ധനക്കമ്മി | കടബാധ്യത |
|---|---|---|---|
| യുഡിഎഫ് 2001–05 | 3.45 | 4.49 | 35.55 |
| എൽഡിഎഫ്2006–10 | 1.86 | 3.09 | 31.17 |
| യുഡിഎഫ് 2011–14 | 2.59 | 3.95 | 28.23 |

## മൂലധനച്ചെലവിലെ കുതിച്ചുകയറ്റം

റവന്യൂ കമ്മി കുറഞ്ഞതുകൊണ്ട് വായ്പയെടുക്കുന്ന പണം കൂടുതലായി മൂലധനച്ചെലവിനായി ഉപയോഗിക്കാൻ കഴിഞ്ഞു. നിർമ്മാണ പ്രവൃത്തികൾക്കും മറ്റും വേണ്ടി ചെലവാക്കിയ അടങ്കൽ യുഡിഎഫ് ഭരണത്തിൽ വരുമ്പോൾ 2000–01ൽ 577 കോടി രൂപയായിരുന്നത് 2005–06 ആയപ്പോൾ 817 കോടി രൂപയായി അതായത് 42 ശതമാനമാണ് ഉയർന്നത്. എന്നാൽ എൽഡിഎഫ് ഭരണം അവസാനിച്ച 2010–11ൽ ഇത് 3193 കോടി രൂപയായി ഉയർന്നു. എൽഡിഎഫ് ഭരണകാലത്ത് മൂലധനച്ചെലവിലുണ്ടായത് 291 ശതമാനം വർദ്ധനയാണ്. മൂലധന അടങ്കലിലും സംസ്ഥാന ആഭ്യന്തര വരുമാനവുമായുള്ള തോതിലും ഈ മാറ്റം തെളിഞ്ഞു കാണാം. 2005–06ൽ ഇത് 0.6 ശതമാനമായിരുന്നു. 2010–11ൽ 1.2 ശതമാനമായി ഉയർന്നു.

മാന്ദ്യവിരുദ്ധ പാക്കേജിന്റെ ഭാഗമായി 5000 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾക്കാണ് അനുവാദം നൽകിയത്. ഇതു നിരുത്തരവാദപരമായ ഒരു പ്രവൃത്തിയായി പിന്നീട് യുഡിഎഫ് ഇറക്കിയ ധവളപത്രത്തിൽ വിമർശിക്കുകയുണ്ടായി. ദീർഘവീക്ഷണത്തോടു കൂടിയ ധന ഇടപെടലായിരുന്നു ഇത്. കേരളത്തിന്റെ റവന്യൂ കമ്മി പൂർണമായും ഇല്ലാതായില്ലെങ്കിലും 1.48 ശതമാനത്തിലേയ്ക്കു താഴ്ന്നിരുന്നു. കേന്ദ്രസർക്കാരിന്റെ ധനഉത്തരവാദിത്ത നിയമം മൂലം റവന്യൂ കമ്മി ഒന്നോ രണ്ടോ വർഷം

കൊണ്ട് ഇല്ലാതാക്കുകയല്ലാതെ നമുക്ക് നിർവാഹമില്ല. ഈ പശ്ചാത്തലത്തിൽ ഒന്നോ രണ്ടോ വർഷങ്ങൾ കഴിയുമ്പോൾ വായ്പയെടുക്കുന്ന പതിനായിരത്തിലേറെ കോടി രൂപ പൂർണമായും മൂലധന ച്ചെലവുകൾക്കായി നീക്കിവെയ്ക്കണം. ഇതിന് നേരത്തെ തന്നെ ഭരണാനുമതി നൽകി പ്രവൃത്തികൾ ടെൻഡർ വിളിച്ച് പണി ആരംഭിച്ചില്ലെങ്കിൽ വായ്പയെടുക്കുന്ന പണം ട്രഷറിയിൽ മിച്ചമായി വരും. മറ്റു സംസ്ഥാനങ്ങളെപ്പോലെ കേന്ദ്രസർക്കാരിന്റെ ബോണ്ടുകളിൽ നിക്ഷേപിക്കേണ്ടി വരും. ഇത് അസാധാരണമായ ഒരു സന്ദർഭമാണ്. അതുകൊണ്ട് മാമൂൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കാതെ തന്റേടത്തോടെ മൂലധനച്ചെലവ് വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കേണ്ടിയിരുന്നു. സാധാരണഗതിയിൽ ബജറ്റിൽ മരാമത്തു വകുപ്പിനു വകയിരുത്തുന്ന പണത്തിന്റെ 150 ശതമാനത്തിനാണ് ഭരണാനുമതി നൽകുക. പക്ഷേ, പുതിയ സാഹചര്യത്തിൽ കൈയിലിരിക്കുന്ന പണം നോക്കിയിട്ടല്ല തീരുമാനമെടുക്കേണ്ടത്. മറിച്ച് ഭാവിയിലുണ്ടാകാൻ പോകുന്ന വരുമാനം കണക്കിലെടുത്തുവേണം ഇപ്പോഴേ മൂലധനച്ചെലവുകൾക്കു തുടക്കം കുറിക്കാൻ എന്ന നിലപാടാണ് എൽഡിഎഫ് സർക്കാർ സ്വീകരിച്ചത്.

മാന്ദ്യവിരുദ്ധ പാക്കേജ് മാത്രമല്ല, ഗ്രാമീണ റോഡുകൾ ഒറ്റത്തവണ പുനരുദ്ധരിക്കുന്നതിനുള്ള സ്കീമും ആരംഭിച്ചു. കുടിവെള്ള മേഖലയിലും മൂലധനച്ചെലവ് ഉയർത്തി. പൊതുമേഖലാ സ്ഥാപനങ്ങളുടെ നിക്ഷേപം വർദ്ധിപ്പിച്ചു. കേരളത്തെ സംബന്ധിച്ചടത്തോളം ഇത്തരത്തിൽ മൂലധനച്ചെലവ് ഉയരുന്നത് പുതിയൊരു അനുഭവമായിരുന്നു.

## ബജറ്റിനു പുറമെ വായ്പകൾ

ഇപ്രകാരം സംസ്ഥാന സർക്കാർ നേരിട്ട് വായ്പയെടുത്ത് നിക്ഷേപം നടത്തുക മാത്രമല്ല ചെയ്തത്. ബജറ്റിനു പുറത്ത് പരമാവധി വായ്പയെടുത്ത് ചെലവഴിക്കുന്നതിനും ശ്രമിച്ചു. ഇതിന് കേരളത്തിൽ ഏറ്റവും ഫലപ്രദമായ മാർഗമുണ്ട്. നമുക്കു മാത്രമാണ് ട്രഷറിയിൽ ഒരു സേവിംഗ്സ് ബാങ്കുള്ളത്. വായ്പയെടുക്കുന്നതിന് കേന്ദ്രസർക്കാരിന്റെ അനുവാദം വേണം. പക്ഷേ, ട്രഷറി സേവിംഗ്സ് ബാങ്കു വഴി ഡെപ്പോസിറ്റു സ്വീകരിക്കുന്നതിന് അനുവാദം ആവശ്യമില്ല. കാരണം അത് വായ്പയായിട്ടല്ല, സൂക്ഷിക്കുന്നതിനു വേണ്ടി സർക്കാരിനെ ഏൽപ്പിക്കുന്ന ഡെപ്പോസിറ്റ് ആയിട്ടാണ് പരിഗണിക്കുക. ഒരുപടി കൂടി കടന്ന് സർക്കാർ ജീവനക്കാരുടെ ശമ്പളവും പെൻഷനും ട്രഷറിയിലുള്ള അവരുടെ അക്കൗണ്ടു വഴി നൽകാൻ തീരുമാനിച്ചു. ഇതു നടപ്പായാൽ രണ്ടായിരം കോടി രൂപയെങ്കിലും പലിശയില്ലാതെ സർക്കാരിന് ഡെപ്പോസിറ്റായി കിട്ടും. കാരണം, ശമ്പളക്കാരും പെൻഷൻകാരും മാസാദ്യം അവരുടെ അക്കൗണ്ടിലേയ്ക്കു വരുന്ന പണം ഒറ്റയടിക്കു പിൻവലിക്കുകയില്ല. കാഷ് ബാലൻസ് ട്രഷറിയിൽത്തന്നെ കിടക്കും. ഇതെല്ലാം നടക്കണമെങ്കിൽ ട്രഷറികളുടെ കാര്യക്ഷമത ഉയർത്തണം. ഇതിന് കോർ ബാങ്കിംഗും കമ്പ്യൂട്ടറൈസേഷനും തുടങ്ങി. അഴിമതിയില്ലാതാവണം. ഇതിനായി ഏതാണ്ട് 60,000ത്തിൽപ്പരം ഇടപാടുകാർ പങ്കെടുത്ത സോഷ്യൽ ഓഡിറ്റും തുടർനടപടികളും സ്വീകരിച്ചു. ട്രഷറിയുടെ വിശ്വാസ്യത വർദ്ധിക്കണം. മറ്റേത് ധനകാര്യ സ്ഥാപനവും പോലെ ട്രഷറി ആകർഷകമാക്കുന്നതിന് 100 കോടി രൂപയുടെ പദ്ധതി അംഗീകരിച്ചു.

ഇങ്ങനെ ട്രഷറി വഴി മാത്രമല്ല, മറ്റ് സർക്കാർ അർദ്ധ സർക്കാർ ഏജൻസികളെക്കൊണ്ടും വായ്പയെടുത്ത് ചെലവഴിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചു നടപ്പാക്കി. ഇതിലേറ്റവും പ്രധാനം ഇഎംഎസ് പാർപ്പിട പദ്ധതിയാണ്. കേരളത്തിലെ തദ്ദേശ ഭരണസ്ഥാപനങ്ങൾ സഹകരണ ബാങ്കുകളിൽ നിന്ന് ഏതാണ്ട് 2500 കോടി രൂപ വായ്പയെടുത്താണ് ഈ സമ്പൂർണ പാർപ്പിട പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിച്ചത്. ഇതുപോലെ പൊതുമേഖലാ സ്ഥാപനങ്ങൾ വഴിയും വായ്പയെടുത്തും നിക്ഷേപം വർദ്ധിപ്പിച്ചു. കെഎഫ്സി പോലുള്ള ധനകാര്യസ്ഥാപനങ്ങൾ പുനഃസംഘടിപ്പിച്ച് കമ്പോള വായ്പ എടുക്കുന്നതിന് അർഹമാക്കി.

## 3. 2011–15 യുഡിഎഫ് സർക്കാരും ധനകാര്യത്തകർച്ചയും

മേൽപ്പറഞ്ഞതുപോലെ കേരള ധനകാര്യസ്ഥിതി കൂടുതൽ സുസ്ഥിരവും വികസനോന്മുഖവുമായ ഒരു പാതയിലേയ്ക്ക് പ്രവേശിച്ചത് ഇന്നത്തെ യുഡിഎഫ് സർക്കാർ അട്ടിമറിച്ചിരിക്കുകയാണ്. ഇതിന്റെ സൂചകങ്ങൾ പട്ടിക 30.3ൽ കാണാം. എൽഡിഎഫ് ഭരണകാലത്ത് 1.86 ശതമാനമായിരുന്നു ശരാശരി റവന്യൂ കമ്മി 2011–12/2014–15 കാലത്തേത് 2.59 ശതമാനമായി ഉയർന്നു. ധനക്കമ്മിയാകട്ടെ 3.09 ശതമാനത്തിൽ നിന്ന് 3.95 ശതമാനമായി ഉയർന്നു. ബജറ്റിൽ പ്രഖ്യാപിക്കുന്ന ലക്ഷ്യങ്ങളും ധനകാര്യ വർഷം അവസാനം കൈവരിക്കുന്ന സ്ഥിതിയും തമ്മിൽ വലിയ ബന്ധമില്ലാത്ത അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ വളർന്നു. പട്ടിക 30.4ൽ യുഡിഎഫ് ഭരണകാലത്തെ ബജറ്റ് ലക്ഷ്യങ്ങളും നേട്ടങ്ങളും താരതമ്യപ്പെടുത്തിയിരിക്കുന്നു.

2011–12ൽ റവന്യൂ 5534 കോടി രൂപ ആയിരിക്കുമെന്നായിരുന്നു ബജറ്റ് പ്രവചനം. യഥാർത്ഥകണക്കു വന്നപ്പോൾ 8034 കോടി രൂപ. 2012–13ൽ ബജറ്റിൽ പറഞ്ഞ 3464 കോടി രൂപ ഏതാണ്ട് മൂന്നു മടങ്ങായി വർദ്ധിച്ച് 9351 കോടി രൂപയായി. 2013–14ൽ വീണ്ടും ബജറ്റിൽ റവന്യൂ കമ്മി 1202 കോടി രൂപയായി കുറച്ചു. പക്ഷേ, കമ്മി ഏതാണ്ട് പത്തുമടങ്ങു വർദ്ധിച്ച് 11308 കോടിയായി. ഇതിൽ നിന്ന് പാഠം പഠിച്ച് 2014ൽ കമ്മി ഉയർത്തി 7132 കോടിയായി ബജറ്റിൽ ക്രമീകരിച്ചു. എന്നാൽ ധനകാര്യ വർഷം അവസാനിച്ചപ്പോൾ ഇത് 12916 കോടിയെന്ന സർവകാല റെക്കോഡിലെത്തി. ധനക്കമ്മി ഇത്ര പ്രകടമായിട്ടില്ലെങ്കിലും പ്രഖ്യാപിച്ചതിനെക്കാൾ വളരെ ഉയർന്നാണ് വർഷാവസാനം

യഥാർത്ഥത്തിൽ എത്തിച്ചേർന്നത് എന്നും പട്ടിക 30.4ൽ കാണാം.

സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ ശതമാന മായി കമ്മി കണക്കാക്കിയാലും ബജറ്റും യാഥാർത്ഥ്യവും തമ്മിലുള്ള അകലം കാണാം. പട്ടിക 30.5ൽ അക്കാര്യം ന ൽകിയിരിക്കുന്നു. യുഡിഎഫ് ഭരണത്തിന്റെ ആദ്യത്തെ മൂന്നു വർഷവും റവന്യൂ കമ്മി ഏതാണ്ട് 4 ശതമാനം വരും. 2014–15ൽ 3.5 ശതമാനവും. മൂന്നു ശതമാന മാണ് അനുവദനീയമായ ധനക്കമ്മി. ബജറ്റ് മതിപ്പു കണക്കുതന്നെ ഇതിനെക്കാൾ ഉയർന്നതാണ്. പക്ഷേ, വർഷാവസാനം യഥാർത്ഥ സ്ഥിതിയാകട്ടെ, നാലു ശതമാനത്തോട് അടുത്തു വരും.

ധനദൃഢീകരണത്തിന്റെ ആവശ്യം തന്നെ തള്ളിക്കളഞ്ഞ നിരുത്തരവാദപരമായ അരാജക നയമാണ് യുഡിഎഫ് സർക്കാർ പിന്തുടർന്നത്. കഴിഞ്ഞ യുഡിഎഫ് സർക്കാരിനെപ്പോലെ ചെലവു ചുരുക്കലിനൊന്നും ഇന്നത്തെ സർക്കാർ തയ്യാറായിട്ടില്ല. സംസ്ഥാന റവന്യൂ ചെലവ് മുൻകാലത്തെ അപേക്ഷിച്ച് വർദ്ധിച്ചിട്ടുണ്ട്. പക്ഷേ, ജനക്ഷേമ ചെലവുകളിൽ വീണ്ടും മരവിപ്പുണ്ടായി. ക്ഷേമപെൻഷനുകൾ വീണ്ടും കുടിശികയിലായി. പൊതുവിതരണം സ്തംഭിച്ചു. മത്സ്യ കടാശ്വാസം വേണ്ടെന്നു വെച്ചു. കാർഷിക സംഭരണ പരിപാടികൾ അട്ടത്തായി. എന്നിട്ടും റവന്യൂ ചെലവ് എന്തുകൊണ്ട് ഉയർന്നു. ബജറ്റിൽ പറയുന്ന മുൻഗണന അനുസരിച്ചല്ല സർക്കാരിന്റെ ചെലവ്. ആഴ്ചതോറും കൂടുന്ന കാബിനെറ്റിൽ എടുക്കുന്ന തീരുമാനങ്ങൾ അനുസരിച്ചാണ് ഗണ്യമായൊരു ഭാഗം ചെലവും നടത്തുന്നത്. ഇത് അരാജകത്വമാണ്. അങ്ങനെ പു തിയ സ്ക്കൂളുകൾ, പുതിയ താലൂക്കുകൾ, ശമ്പള പ രിഷ്കരണത്തിൽ ചില വിഭാഗങ്ങൾക്കു നൽകുന്ന അധിക ആനുകൂല്യങ്ങൾ, ആശ്രിതരെ വളർത്താനു ള്ള ദുരിതാശ്വാസ സഹായങ്ങൾ, പിന്നെ ധൂർത്തും ചേരുമ്പോൾ ചിത്രം പൂർത്തിയാകും.

എന്തു ചെലവിനാണ് മുൻഗണന വേണ്ടത് എന്നു തീരുമാനിക്കാനുള്ള സ്വാതന്ത്ര്യം സർക്കാരിനുണ്ട്. അതു കൊണ്ട് ചെലവു വർദ്ധനയെക്കുറിച്ചല്ല ഞങ്ങളുടെ വിമർശനം. മറിച്ച് വർദ്ധിക്കുന്ന ചെലവിനുള്ള വരുമാനം കണ്ടെത്തുന്നതിലെ പരാജയത്തെക്കുറിച്ചാണ്. പട്ടിക 30.4ൽ ബജറ്റിൽ ലക്ഷ്യമിട്ട നികുതിവരുമാനവും യഥാർത്ഥത്തിൽ നേടിയതിന്റെയും കണക്കുകൾ കൊടുത്തിട്ടുണ്ട്. ആദ്യത്തെ രണ്ടു വർഷം മഴ കഴിഞ്ഞ് മരം പെയ്യുന്നതുപോലെ എൽഡിഎഫ് സർക്കാരിന്റെ കാലത്ത് സ്വീകരിച്ച നടപടികളുടെ തുടർച്ചയായി വരുമാനം ഏതാണ്ട് ലക്ഷ്യത്തോടടുത്ത് വളർന്നു. എന്നാൽ 2013–14ൽ 38771 കോടി രൂപ ലക്ഷ്യമിട്ട സ്ഥാനത്ത് 31995 കോടിയേ പിരിക്കാൻ കഴിഞ്ഞുള്ളൂ.

**പട്ടിക 30.4**

**ബജറ്റ് മതിപ്പു കണക്കും യഥാർത്ഥ സ്ഥിതിയും തമ്മിലുള്ള അന്തരം 2011–12/2014–15 (കോടി രൂപയിൽ)**

| ഇനം (കോടി രൂപയിൽ) | 2011–12 | | 2012–13 | | 2013–14 | | 2014–15 | |
|---|---|---|---|---|---|---|---|---|
| | ബജറ്റ് ലക്ഷ്യം | യഥാർത്ഥ സ്ഥിതി | ബജറ്റ് ലക്ഷ്യം | യഥാർത്ഥ സ്ഥിതി | ബജറ്റ് ലക്ഷ്യം | യഥാർത്ഥ സ്ഥിതി | ബജറ്റ് ലക്ഷ്യം | യഥാർത്ഥ സ്ഥിതി |
| നികുതി വരുമാനം) | 26641 | 25718 | 32122 | 30076 | 38771 | 31995 | 46557 | 34226 |
| റവന്യൂ കമ്മി | 5534 | 8034 | 3464 | 9351 | 1202 | 11308 | 7132 | 12916 |
| ധനക്കമ്മി | 10507 | 12814 | 10727 | 15002 | 11872 | 16944 | 14398 | 17507 |
| മൂലധന ചെലവ് | 3834 | 3853 | 6554 | 4603 | 8635 | 4294 | 6636 | 3997 |

**പട്ടിക 30.5**

**ബജറ്റ് മതിപ്പു കണക്കും യഥാർത്ഥ സ്ഥിതിയും – റവന്യൂ കമ്മി, ധനക്കമ്മി, മൂലധന ചെലവ് എന്നിവ സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ ശതമാനത്തിൽ**

| ഇനം | 2011–12 | | 2012–13 | | 2013–14 | | 2014–15 | |
|---|---|---|---|---|---|---|---|---|
| | ബജറ്റ് ലക്ഷ്യം | യഥാർത്ഥ സ്ഥിതി | ബജറ്റ് ലക്ഷ്യം | യഥാർത്ഥ സ്ഥിതി | ബജറ്റ് ലക്ഷ്യം | യഥാർത്ഥ സ്ഥിതി | ബജറ്റ് ലക്ഷ്യം | യഥാർത്ഥ സ്ഥിതി |
| റവന്യൂ കമ്മി | 1.81 | 2.55 | 0.89 | 2.68 | 0.54 | 2.63 | 1.6 | 2.5 |
| ധനക്കമ്മി | 3.43 | 4.07 | 2.74 | 4.29 | 2.82 | 3.94 | 3.1 | 3.5 |
| മൂലധന ചെലവ് | 1.65 | 1.54 | 1.88 | 1.64 | 2.32 | 1.64 | 1.6 | 0.8 |

അതായത് 18 ശതമാനം കുറവ്. അടുത്ത വർഷം സ്ഥിതി കൂടുതൽ ഗുരുതരമായി. 46557 കോടി രൂപ ലക്ഷ്യമിട്ട സ്ഥാനത്ത് 34226 കോടി രൂപയേ പിരിഞ്ഞുള്ളൂ. അതായത്, 27 ശതമാനം കുറവ്.

പട്ടിക 30.1 നോക്കിയാൽ നികുതിപിരിവിലെ വീഴ്ച വ്യക്തമാകും. എൽഡിഎഫ് കാലത്ത് 18 ശതമാനം വേഗത്തിൽ വളർന്നുകൊണ്ടിരുന്ന നികുതി 13 ശതമാനനിരക്കിലേയ്ക്കു താണു. വാറ്റു/ വിൽപന നികുതി വളർച്ചാനിരക്ക് 11–12 ശതമാനം മാത്രമാണ്. അതേസമയം, സർക്കാരിന്റെ നികുതിേയതര വരുമാനങ്ങളിൽ കുതിച്ചുകയറ്റമുണ്ടായി. 19.5 ശതമാനം നിരക്കിൽ വളർന്നുകൊണ്ടിരുന്ന നികുതിേയതര വളർച്ചാനിരക്ക് ഇപ്പോൾ 32.5 ശതമാനമാണ്. ഇതിനുള്ള കാരണം ലോട്ടറിയിൽനിന്നുള്ള വിറ്റുവരുമാനമാണ്. പക്ഷേ, യഥാർത്ഥ വർദ്ധന ഇതിനെക്കാൾ താഴെയായിരിക്കും. കാരണം, ലോട്ടറിയിൽനിന്നുള്ള സമ്മാനത്തുകയും മറ്റു ചെലവുകളുമടക്കമുള്ള വിറ്റുവരുമാനമാണ് ഖജനാവിൽ വരവായി വെച്ചിട്ടുള്ളത്. അതേസമയം, കേന്ദ്രസർക്കാരിൽനിന്നുള്ള ധനസഹായം കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 12 ശതമാനം വേഗത്തിലാണ് വളർന്നതെങ്കിൽ ഇപ്പോഴത് ഏതാണ്ട് 20 ശതമാനം വേഗത്തിലായി. പുതിയ ധനകാര്യ കമ്മിഷന്റെ തീർപ്പാണ് ഇതിനു കാരണം. ഇത്തരത്തിൽ കേന്ദ്രസർക്കാർ സഹായം വർദ്ധിച്ചില്ലായിരുന്നെങ്കിൽ കേരള ഖജനാവ് കുത്തുപാളയെടുക്കേണ്ടി വന്നേനെ.

## നികുതി വരുമാനത്തിലെ കുറവ് എന്തുകൊണ്ട്?

നികുതിവരുമാനത്തിലുണ്ടായ ഇടിവാണ് കേരളത്തിലെ ഇന്നത്തെ ധനപ്രതിസന്ധിയുടെ അടിസ്ഥാന കാരണം. ഇത് അവിശ്വസനീയമായ ഒരു സ്ഥിതിവിശേഷമാണ്. കാരണം, നികുതിനിരക്കിൽ കേരള ചരിത്രത്തിലെ ഏറ്റവും വലിയ വർദ്ധന വരുത്തിയത് യുഡിഎഫ് സർക്കാരാണ്. വാറ്റ് നികുതി നിരക്കുകൾ ശരാശരി ഏതാണ്ട് 20 ശതമാനം വർദ്ധിപ്പിച്ചു. എല്ലാ ബജറ്റിലും മദ്യത്തിന്റെ നികുതി കൂട്ടി. കഴിഞ്ഞ ബജറ്റിൽ തുണിക്കും നികുതി ഏർപ്പെടുത്തി.

എന്നിട്ടും നികുതിപിരിവ് മന്ദഗതിയിലാകുന്നത് എന്തുകൊണ്ട്? ഇന്ത്യയിലെ സാമ്പത്തികമുരടിപ്പാണ് കാരണം എന്ന വിശദീകരണമൊന്നും അംഗീകരിക്കാനാവില്ല. കാരണം ഗൾഫ് പണവരുമാനത്തെ അടിസ്ഥാനമാക്കിയാണ് കേരളത്തിലെ ഉപഭോഗം. അത് ഇപ്പോൾ ഒരു ലക്ഷം കോടി കവിഞ്ഞ് സർവകാല റെക്കോഡിലാണ്. അപ്പോൾപ്പിന്നെ നികുതിവരുമാനം ഇടിയുന്നതിന് കാരണം കെടുകാര്യസ്ഥതയും അഴിമതിയും മൂലമുള്ള നികുതിച്ചോർച്ചയാണെന്ന് വ്യക്തം.

കേരളത്തിലുപയോഗിക്കുന്ന ചരക്കുകളുടെ 85 ശതമാനവും സംസ്ഥാനത്തിന് പുറത്തുനിന്നാണ് വരുന്നത്. ഓരോ കച്ചവടക്കാരനും കേരളത്തിലേക്ക് കൊണ്ടുവരുന്ന ചരക്കുകളുടെ കണക്ക് ചെക്പോസ്റ്റിൽ വെച്ചുതന്നെ തിട്ടപ്പെടുത്തിയാൽ പിന്നെ വെട്ടിപ്പ് അസാധ്യമാകും. അതുകൊണ്ട് ചെക്പോസ്റ്റുകളെ അഴിമതിവിമുക്തമാക്കുന്നതിനുവേണ്ടി ഒരു യജ്ഞംതന്നെ കഴിഞ്ഞ സർക്കാറിന്റെ കാലത്ത് നടത്തി. 25,000 രൂപ ഇനാം പ്രഖ്യാപിച്ചിട്ടുപോലും പ്രധാനപ്പെട്ട ഒരു ചെക്പോസ്റ്റില്പ്പോപലും അഴിമതി കണ്ടുപിടിക്കാൻ ആർക്കു മായില്ല. എന്നാൽ, ഇന്ന് എല്ലാം തലകീഴായിരിക്കുന്നു.

നികുതിഭരണത്തിന്റെ സർവതലങ്ങളിലും മന്ത്രിയോഫീസ് മുതലുള്ള വിവിധ തട്ടുകളിലെ രാഷ്ട്രീയനേതാക്കൾ ഇടപെട്ടു. ഇതിന് രണ്ട് പ്രത്യാഘാതങ്ങളുണ്ടായി. ഒന്ന്, സത്യസന്ധരായ ഉദ്യോഗസ്ഥർ നിഷ്ക്രിയരായി. രണ്ട്, അല്ലാതുള്ളവർ തങ്ങൾക്കും കൈയിട്ടുവാരാനുള്ള അവസരമായി ഇതുപയോഗിക്കുന്നു. രണ്ടായാലും ഫലം അരാജകത്വം.

രജിസ്ട്രേഷൻ വരുമാനം കുറയാൻ കാരണം നിക്ഷിപ്ത താല്പര്യങ്ങള്ക്ക് വേണ്ടി സ്റ്റാമ്പ് ഡ്യൂട്ടി കുറച്ചതാണ്. നിയമസഭാ ബജറ്റ് ചര്ച്ചാവേളയിൽ ഇതിന്റെ ഫലമായി നികുതിവരുമാനം കുത്തനെ ഇടിയും എന്നു ചൂണ്ടിക്കാണിച്ചതാണ്. പ്രതിപക്ഷം സാധാരണഗതിയിൽ നികുതി നിരക്കു കൂടുതൽ കുറയ്ക്കണമെന്ന് ആവശ്യപ്പെടുകയാണ് ചെയ്യേണ്ടത്.

വൻകിടക്കാരുടെ ഭാഗാധാരങ്ങൾക്കു പോലും 1000 രൂപ പരമാവധി നൽകിയാൽ മതി എന്നത് വൻകിടക്കാരെ സഹായിക്കാൻ വേണ്ടിയാണെന്ന് പ്രതിപക്ഷം ചൂണ്ടിക്കാണിച്ചു. പത്തുസെന്റുകാരുടെ പേരു പറഞ്ഞായിരുന്നു ഈ ഭേദഗതി. എങ്കിൽ ഈ നാമമത്രായ ഫീസു ഈടാന്ന സമ്പ്രദായം ഈ പാവപ്പെട്ടവരിലേയ്ക്കു മാത്രമായി ചുരുക്കുന്നതല്ലേ ശരി എന്ന ചോദ്യത്തിനു നിയമസഭയിലോ പുറത്തോ മറുപടിയുണ്ടായില്ല.

## സിഎജി റിപ്പോർട്ടുകൾ പറയുന്നത്

നികുതിപിരിവു സംവിധാനത്തിന്റെ തകർച്ചയുടെ ചില സൂചനകൾ ഇവയാണ്. കൃത്യമായ റിട്ടേണുകൾ സമർപ്പിക്കുന്ന കച്ചവടക്കാരുടെ എണ്ണം കുറയുന്നു. നൽകിയവരിൽ മഹാഭൂരിപക്ഷം പേരുടെയും റിട്ടേണുകളുടെ പരിശോധന കുടിശികയാണ്. ഈ പരിശോധനയിലൂടെ നേടുന്ന അധികവരുമാനവും നാമമാത്രമാണ്. നികുതി റിട്ടേണുകളുടെ സ്ക്രൂട്ടണി കഴിഞ്ഞാൽ നികുതിവെട്ടിപ്പു തടയാനുള്ള പ്രധാന മാർഗം ഓഡിറ്റു വിസിറ്റാണ്. പ്രഥമദൃഷ്ട്യാ സംശയമുള്ള കടക്കാരുടെ കടയിൽ പോയി കണക്കുകൾ പരിശോധിക്കണം. ഇതിനുള്ള പ്രതിമാസ ടാർജെറ്റുപോലും അയ്യായിരത്തിലധികം വരില്ല. ഇതിന്റെ 10–15 ശതമാനമാണ് യഥാർത്ഥത്തിൽ പരിശോധിക്കുന്നത്. ഉണ്ടായിട്ടുള്ള അധികവരുമാനം നാമമാത്രമാണ്. അസെസ്മെന്റ് പ്രകാരം നികുതി അടയ്ക്കാത്തവരിൽ നിന്ന് റവന്യൂ റിക്കവറി പ്രകാരം നടപടി സ്വീകരിച്ച് നികുതി വസൂലാക്കണം. എന്നാൽ റവന്യൂ റിക്കവറി

നടപടികളെല്ലാം മന്ദഗതിയിലാണ്. സർക്കാർ സ്റ്റേയും കോടതിക്കേസുകളും അപ്പീൽ താമസവുമെല്ലാമാണ് ഇതിനു പ്രധാന കാരണം.

സി.എ.ജി.യുടെ 2014ലെ ഏഴാം റിപ്പോർട്ട് വാറ്റ് നികുതി പിരിവിന്റെ ഇന്നത്തെ അവസ്ഥയെക്കുറിച്ചുള്ള അവലോകനമാണ്. അതിൽ, കോടതിയുടെയോ സർക്കാറിന്റെയോ സ്റ്റേയില്ലാത്ത പിരിക്കാവുന്ന പന്തീരായിരം കോടി രൂപയുടെ കണക്കുകൊടുത്തിട്ടുണ്ട്. 2008"09 മുതൽ 2012"13 വരെ ഓരോ കച്ചവടക്കാരനും വെട്ടിച്ച നികുതിയുടെ കണക്കും പെനാല്ട്ടിയും സെക്യൂരിറ്റി ഡെപ്പോസിറ്റുമെല്ലാം സി.ഡി.യിലാക്കി കഴിഞ്ഞ മാർച്ചു മാസത്തിൽ സർക്കാ റിന് നല്കികയതാണ്. ബന്ധപ്പെട്ട നികുതിക്കണക്കുകൾ പുനഃപരിശോധിച്ചാൽ ഈ കുടിശ്ശിക പിരിക്കാം. ഒരു നിയമതടസ്സവുമില്ല. എന്നാൽ ഇതൊന്നും ചെയ്യാതെയാണ് ജനങ്ങളെ പിഴിഞ്ഞത്.

മറ്റൊരു സംസ്ഥാനത്തിനുമില്ലാത്ത ഒരു പ്രത്യേകത കേരളത്തിനുണ്ട്. രജിസ്ട്രേഷൻ, ചെക്പോസ്റ്റുകളിലൂടെ വരുന്ന ചരക്കുകളുടെ കണക്കുകൾ, കച്ചവടക്കാർ സമർപ്പി ക്കുന്ന നികുതിറിട്ടേണുകൾ തുടങ്ങിയവയെല്ലാം ഇപ്പോൾ കമ്പ്യൂട്ടർ മുഖേനെയാണ്. അഞ്ചുവർഷയത്തെ ഈ കണക്കുകളെല്ലാം സി.എ.ജി. നികുതിവകുപ്പില്നിതന്ന് വാങ്ങി. എന്നിട്ട് അവയിലെ പൊരുത്തക്കേടുകൾ കമ്പ്യൂട്ടറിനെക്കൊണ്ടുതന്നെ പരിശോധിപ്പിച്ചു. മുഖ്യമായും താഴെ പറയുന്ന തട്ടിപ്പുകളാണ് എ.ജി. പരിശോധിച്ചത്. ഇത് മഞ്ഞുമലയുടെ അറ്റം മാത്രമാണ്. ഇനിയും പരിശോധിക്കാൻ ഏറെ ബാക്കിയുണ്ട്.

എല്ലാ വ്യാപാരികളും പാൻ കാർഡ് കാണിച്ച് രജിസ്റ്റർ ചെയ്യണം. വിറ്റുവരുമാനം പത്തുലക്ഷത്തിനു മുകളിലാണെങ്കിലേ നികുതി കൊടുക്കേണ്ടൂ. 60 ലക്ഷത്തിൽ താഴെയാണെങ്കിൽ ചെറിയൊരു തുക മാത്രം നികുതിയായി നല്കിതയാൽ മതി. ഒട്ടേറെ കച്ചവടക്കാർ ഒരേ പാൻ കാർഡ്ി ഉപയോഗിച്ച് പല രജിസ്ട്രേഷൻ നമ്പറുകളിൽ കണക്ക് ഹാജരാക്കി വിറ്റുവരുമാനം അറുപതുലക്ഷത്തിൽ താഴെയാക്കി നികുതി വെട്ടിക്കുന്നു.

നാം ഉപയോഗിക്കുന്ന ചരക്കുകളിൽ 75 ശതമാനത്തിലേറെയും പുറത്തുനിന്നാണ് വരുന്നത്. ചെക്പോസ്റ്റുകളിൽ ഓരോ വ്യാപാരിയുടെയും കണക്ക് ശേഖരിച്ച് കമ്പ്യൂട്ടർ വിവരശേഖരത്തിൽ ഉള്പ്പെിടുത്തുന്നുണ്ട്. എന്നാൽ, ഒട്ടേറെ കച്ചവടക്കാർ തെറ്റായ പിൻ നമ്പർ നല്കിുയാണ് ചരക്കുകൾ കൊണ്ടുവരുന്നത്. മറ്റുചിലർ ചെക്പോസ്റ്റ് വഴി കൊണ്ടുവന്നു എന്നുപറയുന്ന ചരക്കുകൾ അവരുടെ നികുതി റിട്ടേൺ കണക്കിൽ ഉൾക്കൊള്ളിക്കുന്നില്ല. ഇങ്ങനെ പലവിധ തട്ടിപ്പുകൾ. ചെക്പോസ്റ്റ് ക്രമക്കേടുകൾ പുനഃപരിശോധിക്കുകയാണെങ്കിൽ 1,900 കോടി രൂപ നികുതിയും 2,900 കോടി രൂപ പിഴയും 300 കോടി രൂപ സെക്യൂരിറ്റി ഡെപ്പോസിറ്റായും ഈടാക്കാം.

വ്യാപാരികൾ സമർപ്പിക്കുന്ന റിട്ടേണുകളുടെ 11 ശതമാനം മാത്രമാണ് 2011–12ൽ ഉദ്യോഗസ്ഥർ സ്ക്രൂട്ട്ണി ചെയ്തത്. കമ്പ്യൂട്ടർ വഴി എ.ജി. ഇവ പുനഃപരിശോധിച്ചപ്പോൾ പലരും തെറ്റായ നികുതിനിരക്കിലാണ് കണക്കുകൂട്ടിയത് എന്ന് കണ്ടുപിടിച്ചു. നിയമപരമായിട്ടുള്ള പല ബാധ്യതകളും കണക്കിലെടുക്കാതെയാണ് നികുതി നിർണതയിക്കപ്പെട്ടിട്ടുള്ളത്. പലരും റിട്ടേണുകളേ അടയ്ക്കാറില്ല. ഇത്തരം കേസുകളെല്ലാം റീ ഓപ്പൺ ചെയ്യുകയാണെങ്കിൽ നികുതിയായി 2,700 കോടി രൂപയും പിഴയായി 4,400 കോടി രൂപയും പിരിച്ചെടുക്കാനാവും.

പ്രത്യക്ഷത്തിൽ കമ്പ്യൂട്ടർ ഉപയോഗപ്പെടുത്തി കണ്ടെത്താവുന്ന പൊരുത്തക്കേടേ എ.ജി. പരിശോധിച്ചിട്ടുള്ളൂ. ഉദാഹരണത്തിന് ചെക്പോസ്റ്റിലൂടെ കൊണ്ടുവന്നു എന്ന് ഡിക്ലയർ ചെയ്തിട്ടുള്ള വ്യാപാരം നികുതി റിട്ടേൺ കണക്കിൽ ഉള്പ്പെതടുത്തിയിട്ടുണ്ടോ എന്ന് കമ്പ്യൂട്ടർ പരിശോധനയിലൂടെ കണ്ടെത്തി. അതേസമയം, ചെക്പോസ്റ്റിൽ തെറ്റായ വിവരങ്ങൾ നല്കിി കടത്തിക്കൊണ്ടുവരുന്ന ചരക്കുകളെ കമ്പ്യൂട്ടറിന് കണ്ടുപിടിക്കാനാവില്ലല്ലോ. യഥാർത്ഥത്തിൽ ഇതുവഴിയാണ് കൂടുതൽ നികുതിപ്പണം ചോരുന്നത്. അതുപോലെത്തന്നെ നികുതി റിട്ടേണിലെ പൊരുത്തക്കേടുകളേ കമ്പ്യൂട്ടറിന് കണ്ടുപിടിക്കാനാവൂ. എന്നാൽ, വളരെ ആസൂത്രിതമായി പ്രത്യക്ഷത്തിൽ പൊരുത്തക്കേടില്ലാത്ത കണക്കുകൾ സമർപ്പിച്ച് നികുതിവെട്ടിക്കാൻ കഴിയും. ഉദാഹരണത്തിന് ഒരു കച്ചവടക്കാരൻ എല്ലാ വർഷവും താൻ വാങ്ങിയ ചരക്കുകളുടെ കണക്ക് ഊതിവീർപ്പിച്ച് അവതരിപ്പിക്കുന്നു എന്നിരിക്കട്ടെ. അതേസമയം, വില്പന കുറച്ചുകാണിക്കാം. സർക്കാരിന് താൻ ചരക്കുകൾ വാങ്ങിയപ്പോൾ കൊടുത്ത നികുതിയെന്ന് പറഞ്ഞ് ഭീമമായ ഇൻപുട് ടാക്സ് വാങ്ങിയെടുക്കാം. കമ്പ്യൂട്ടർ പരിശോധിക്കുക, വിൽക്കാനായി വാങ്ങിയ ചരക്കുകൾ വിറ്റിട്ടില്ലെങ്കിൽ അത് സ്റ്റോക്കിന്റെ കണക്കിലുണ്ടോ എന്ന് മാത്രമായിരിക്കും. സ്റ്റോക്ക് യഥാർത്ഥത്തിൽ കടയിലുണ്ടോയെന്ന് കമ്പ്യൂട്ടറിന് പരിശോധിക്കാനാവില്ലല്ലോ. അതുകൊണ്ടാണ് ഇത് മഞ്ഞുമലയുടെ അരികുമാത്രമാണെന്ന് പറയുന്നത്. എന്നിട്ടുപോലും എ.ജി.യുടെ പ്രാഥമികകണക്കിൽ ഏതാണ്ട് 20,000 കോടി രൂപയുടെ നികുതിച്ചോര്ച്ചയുണ്ട്. സംശയത്തിന്റെ ആനുകൂല്യം നൽകാൻ പറ്റുന്നവയൊക്കെ മാറ്റിനിർത്തി കണക്കുകൂട്ടിയപ്പോഴാണ് അത് 12,000 കോടിയായി കുറഞ്ഞത്.

## ധനപ്രതിസന്ധിയും വികസന മുരടിപ്പും

കേരളത്തിന്റെ ധനപ്രതിസന്ധി സംസ്ഥാനത്തെ സാമ്പത്തികമായി തളർത്തിയതിന്റെ നഖചിത്രം ഒന്നാം അധ്യായത്തിൽ കൊടുത്തിട്ടുണ്ട്. അതിവിടെ ആവർത്തിക്കുന്നില്ല. ഉൽപാദന മേഖലകളിലെ മുരടിപ്പു രൂക്ഷമാണ്. കാർഷിക മേഖലയിൽ വളർച്ച കേവലമായി കുറഞ്ഞു. ഗൾഫ് പണത്തിന്റെ വരവു വർദ്ധിച്ചതുകൊണ്ട് സേവന മേഖല വളർന്നു. ഈ സ്ഥിതിവിശേഷത്തിൽ ഇടപെടുന്നതിന് ധനപ്രതിസന്ധി മൂലം കേരള സർക്കാർ നിസഹായമായിത്തീർന്നു.

ഇതിന്റെ ഏറ്റവും നല്ല തെളിവ് മൂലധനച്ചെലവിൽ വന്ന ഇടിവാണ്. പട്ടിക 30.1ൽ കാണാവുന്നതുപോലെ അഖിലേന്ത്യാ സംസ്ഥാന ശരാശരിയെക്കാൾ താഴ്ന്നതാണ് നമ്മുടെ മൂലധനച്ചെലവ്. 2005–06ൽ മൂലധനച്ചെലവ് സംസ്ഥാന ആഭ്യന്തര വരുമാനത്തിന്റെ 0.6 ശതമാനം മാത്രമായിരുന്നു. എന്നാലിത് പിന്നീടുള്ള വർഷങ്ങളിൽ പടിപടിയായി ഉയർന്ന് 2010–11ൽ 1.2 ശതമാനമായി. 2011–12ൽ ഇത് 1.6 ശതമാനമായി. പിന്നെ വളർച്ചയുണ്ടായിട്ടില്ല. 2011–12ൽ 3834 കോടി രൂപയാണ് മൂലധനച്ചെലവായി സർക്കാർ മുതൽമുടക്കിയത് 2013–14ൽ അത് 3997 കോടി രൂപയായി തുടർന്നു. പ്രഖ്യാപനങ്ങൾ പലതും പലവർഷങ്ങളിലുമുണ്ടായി. ഉദാഹരണത്തിന് 2013–14ൽ ബജറ്റിൽ മൂലധനച്ചെലവ് 8635 കോടിയാണ് വകയിരുത്തിയത്. ചെലവാക്കിയത് 4294 കോടി മാത്രം. മരാമത്തു കോൺട്രാക്ടർമാരുടെ ബില്ലുകൾ ഒരു വർഷത്തിലേറെയായി കുടിശികയായി. ഒരുഘട്ടത്തിൽ തുക 2000 കോടിയിലധികമായി ഉയർന്നു. പണികളേറ്റെടുക്കാൻ പലരും വിസമ്മതിച്ചു. ഇതെല്ലാം വികസനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്.

## അടച്ചുപൂട്ടലിന്റെ വക്കത്ത്

2015 ഏപ്രില്മാസത്തിൽ ട്രഷറി പൂട്ടേണ്ട സ്ഥിതിയുണ്ടാകുമെന്ന് എന്ന് ധനവകുപ്പുതന്നെ രേഖാമൂലം കാബിനെറ്റിനെ അറിയിക്കുന്ന സ്ഥിതിയുണ്ടായി. ഇതു സംബന്ധിച്ച് നൽകിയ കാബിനറ്റ് കുറിപ്പിൽ ഇങ്ങനെ മുന്നറിയിപ്പു നൽകി: ''വർഷാവസാനം റവന്യൂകമ്മി 16,533 കോടി രൂപയ്ക്കും 23,724 കോടി രൂപയ്ക്കും ഇടയ്ക്കായിരിക്കും. 2014–15ലെ വർഷാന്ത്യ ട്രഷറി നീക്കിബാക്കി മൈനസ് 1000 കോടി രൂപയായിരിക്കും. സാധാരണഗതിയിൽ ഏപ്രില്മാസത്തിലെ വരുമാന ഒഴുക്ക് വളരെ മന്ദഗതിയിലായിരിക്കും. ഈ പശ്ചാത്തലത്തിൽ 2015 ഏപ്രിൽമാസം ആദ്യം ട്രഷറി അടയ്ക്കേണ്ടിവരും.''

എന്നാലിതുണ്ടായില്ല. സംസ്ഥാനത്തിന്റെ വരുമാനത്തിലൊരു എടുത്തുചാട്ടമുണ്ടായതുകൊണ്ടല്ല അടച്ചുപൂട്ടൽ ഒഴിവാക്കാൻ കഴിഞ്ഞത്. പ്രതിസന്ധിയുടെ പേരുപറഞ്ഞ് 2166 കോടി രൂപയുടെ അധികനികുതിഭാരം ചുമത്തണമെന്ന ധനവകുപ്പ് നടപ്പിലായതുകൊണ്ടാണ്. ഇതിനുപുറമെ വാട്ടർ ചാർജ് വർധനപോലുള്ള നികുതിയിതര മാർഗങ്ങളിലൂടെയും പണം സമാഹരിക്കുന്നതിന് വലിയ ശ്രമം നടന്നു. ഇതൊക്കെയുണ്ടായിട്ടും ബജറ്റിൽ പ്രതീക്ഷിച്ചതിന്റെ അടുത്തെങ്ങും വരുമാനമെത്തിയില്ല എന്നു നാം കണ്ടു. 2013–14നെ അപേക്ഷിച്ച് 32.7 ശതമാനം നികുതിവരുമാനം വർധിക്കുമെന്ന അനുമാനത്തിലാണ് ബജറ്റ് തയ്യാറാക്കിയത്. എന്നാൽ, യഥാർഥത്തിൽ വർധിച്ചത് കേവലം 8.5 ശതമാനം മാത്രമാണ്. ഏറ്റവും പ്രധാനപ്പെട്ട നികുതിവരുമാനമായ വില്പനനികുതിയിൽ 11.5 ശതമാനമേ വർധനയുണ്ടായുള്ളൂ. എക്സൈസും സ്റ്റാമ്പ് ഡ്യൂട്ടിയുമാകട്ടെ, ഏതാണ്ട് എട്ടുശതമാനംവീതം മുൻവർഷത്തെ അപേക്ഷിച്ച് കുറഞ്ഞു. ബജറ്റിലും ബജറ്റിനുപുറത്തും അടിച്ചേൽപ്പിച്ച നികുതിനിരക്കു വർധനയില്ലായിരുന്നെങ്കിൽ എന്തായിരുന്നേനെ സ്ഥിതി!, ഭരണത്തിലെ കെടുകാര്യസ്ഥതയും അഴിമതിയും മൂലം ആകെ നികുതിപിരിവ് കുത്തഴിഞ്ഞു.

വരുമാനം വർധിക്കാതിരുന്നിട്ടും റവന്യൂവരുമാനം മുരടിച്ചുനിന്നിട്ടും എങ്ങനെയാണ് ധനവകുപ്പുതന്നെ പ്രവചിച്ച പ്രതിസന്ധി ഒഴിഞ്ഞുപോയത്? പദ്ധതിച്ചെലവ് മരവിപ്പിച്ചുകൊണ്ടാണ് ട്രഷറിയെ രക്ഷപെടുത്തിയത്.

ധനകാര്യവർഷംമുഴുവൻപദ്ധതിച്ചെലവുകളുടെമേൽ കർശനമായ നിയന്ത്രണങ്ങളുണ്ടായിരുന്നു. അതുകൊണ്ട് വകുപ്പുകൾക്കും തദ്ദേശ ഭരണസ്ഥാപനങ്ങൾക്കും പണം ചെലവഴിക്കാൻ കഴിഞ്ഞില്ല. സാധാരണ എല്ലാവർഷവും നടക്കുന്നതുപോലെ മാർച്ചുമാസത്തിൽ ഇവരെല്ലാം പണത്തിനുവന്ന് തിക്കും തിരക്കുംകൂട്ടിയാൽ കൊടുക്കാൻ പണമുണ്ടാകില്ല. വകുപ്പുകൾക്കവകാശപ്പെട്ട പണം കൊടുക്കില്ലെന്നുപറഞ്ഞാൽ മന്ത്രിമാരടക്കം പ്രതിഷേധിക്കും. ഇതിനു പരിഹാരമായിട്ടാണ് ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ട് കണ്ടുപിടിച്ചത്. 2014–15ലെ പദ്ധതിയിൽ വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും അനുവദിച്ച പണം മാർച്ചിനകം ചെലവാക്കിയില്ലെങ്കിൽ അത് ലാപ്സാവുകയില്ല. വകുപ്പുകളും സ്ഥാപനങ്ങളും ഈ പണം അടുത്തവർഷം ചെലവഴിക്കാൻ ആവശ്യമുണ്ടെന്നുപറഞ്ഞ് ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിൽ രേഖപ്പെടുത്തിയാൽ മതി. 2015–16ലെ ബജറ്റിൽ ഇവയ്ക്കായി പ്രത്യേക വകയിരുത്തലുകളില്ലെങ്കിലും സാധാരണ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് അവർക്ക് ലെഡ്ജർ അക്കൗണ്ടിലുൾപ്പെടുത്തിയ സ്കീമുകൾക്കുപള്ള പണം പിൻവലിച്ച് ചെലവഴിക്കാം. നിയമസഭ ഒരുവർഷത്തേക്കാണ് ബജറ്റ് പാസാക്കുന്നത്. യുഡിഎഫ് സർക്കാർ അത് രണ്ടുവർഷത്തേക്കു നീട്ടി. ലഭ്യമായ ചില കണക്കുകൾ വെച്ച് പദ്ധതിച്ചെലവ് അടങ്കലിന്റെ 32.38 ശതമാനം മാത്രമാണ്. ട്രഷറി പൂട്ടാതിരുന്നതിനു കാരണമിതാണ്. ഈവർഷത്തെ പദ്ധതിനടത്തിപ്പ് അടുത്ത വർഷത്തേക്കു മാറ്റി. പദ്ധതി വെട്ടിക്കുറച്ചു എന്ന അപഖ്യാതി പ്ലാനിങ് ബോർഡിനുമില്ല.

## ട്രഷറി സേവിംഗ്സ് ബാങ്ക്

ധനവകുപ്പ് മറ്റൊരുകാര്യംകൂടി ചെയ്തു. കേന്ദ്രസർക്കാർ! 14,000 കോടി രൂപ വായ്പയെടുക്കാനാണ് അനുവാദം നൽകിയിരുന്നത്. ഈ വായ്പമുഴുവൻ എടുത്തു. ഇതിനുപുറമേ വലിയതോതിൽ പബ്ലിക് അക്കൗണ്ട് വഴി വായ്പയെടുത്തു. ബജറ്റവതരിപ്പിച്ചപ്പോൾ 821 കോടി രൂപയാണ് ട്രഷറി സേവിങ്സ് ബാങ്കുവഴി ഇങ്ങനെ വായ്പയെടുക്കുമെന്നു പറഞ്ഞിരുന്നത്. എന്നാൽ, പുതുക്കിയ കണക്കുപ്രകാരം 2300 കോടി രൂപയാണ് പബ്ലിക് അക്കൗണ്ടു വഴിയുള്ള വായ്പ. അവസാന കണക്ക് വരുമ്പോൾ ഇതിലും കൂടുതലാകാനാണു സാധ്യത. സാമൂഹികക്ഷേമഫണ്ടുകൾ, കേരള ഫിനാൻഷ്യനൽ കോർപ്പറേഷൻ, സഹകരണസ്ഥാപനങ്ങൾ തുടങ്ങിയവയെല്ലാം ട്രഷറിയിൽ പണം നിക്ഷേപിച്ചു.

തദ്ദേശഭരണസ്ഥാപനങ്ങളുടെ പരിശീലനത്തിനായി സ്ഥാപിച്ചിട്ടുള്ള 'കില'യെക്കൊണ്ട് സ്വത്തുക്കൾ പണയംവെച്ച് ട്രഷറിയിൽ നിക്ഷേപിക്കാനുള്ള ശ്രമംനടത്തി. ഇങ്ങനെ എവിടന്നെല്ലാം കൈയിട്ടുവാരിയെന്ന് നമുക്കിപ്പോഴുമറിയില്ല.

ഏതായാലും ട്രഷറിവഴി വായ്പയെടുക്കാനുള്ള വെപ്രാളത്തിന് ഒരു കാവ്യനീതിയുണ്ടന്നു പറയാതെ നിർവാഹമില്ല. ട്രഷറി സേവിങ്സ് ബാങ്കിനെ പൊളിക്കുന്ന സമീപനമാണ് യു.ഡി.എഫ്. ഇതുവരെ സ്വീകരിച്ചുവന്നത്. സർക്കാർ പണം മറ്റു ധനകാര്യസ്ഥാപനങ്ങളിൽ സൂക്ഷിക്കാൻ പാടില്ലെന്ന് എൽ.ഡി.എഫ്. കർശനമായ നിലപാട് സ്വീകരിച്ചിരുന്നു. എന്നാൽ, ഇക്കാര്യത്തിൽ ബാങ്കുകൾക്ക് അനുകൂലമായ നിലപാടായിരുന്നു യു.ഡി.എഫ്. സർക്കാറിന്റേത്. ജീവനക്കാരുടെ ശമ്പളവും പെൻഷനും ട്രഷറി അക്കൗണ്ടുവഴി നൽകുവന്നതിനുവേണ്ടിയുള്ള വിശദമായൊരു പദ്ധതി കഴിഞ്ഞ സർക്കാർ തയ്യാറാക്കി. ഇതുവഴി പ്രതിവർഷം ശമ്പളത്തിന്റെയും പെൻഷന്റെയും കാഷ് ബാലൻസായി ഒരു 2000 കോടി രൂപയെങ്കിലും സർക്കാരിന് പലിശരഹിതനിക്ഷേപമായി ലഭിക്കുമായിരുന്നു. ട്രഷറി സേവിങ്സ് ബാങ്കിനുപകരം ബാങ്കുകളുടെ അക്കൗണ്ടുവഴി ശമ്പളം നൽകാനാണ് യുഡിഎഫ് തീരുമാനിച്ചത്. പക്ഷേ, ഈ ട്രഷറി സേവിങ്സ് ബാങ്കുതന്നെ പ്രതിസന്ധി ഘട്ടത്തിൽ സർക്കാരിനു തുണയായി മാറി.

2015ൽ കേന്ദ്രസർക്കാരിന്റെ പതിനാലാം ധനകാര്യകമ്മിഷൻ തീർപ്പുപ്രകാരം കേന്ദ്രസർക്കാർ നികുതിവിഹിതത്തിൽ ഗണ്യമായ വർദ്ധനയുണ്ടായി. ഇതിനുമുപരി 4640 കോടി രൂപ അധികമായി കേരളത്തിന്റെ തുടർച്ചയായ റവന്യൂ കമ്മി പരിഗണിച്ച് ധനകാര്യകമ്മിഷൻ അനുവദിക്കുകയുണ്ടായി. കേന്ദ്രസർക്കാർ ധനസഹായം എൽഡിഎഫ് കാലത്തെ അപേക്ഷിച്ച് ഗണ്യമായി ഉയർന്ന കാര്യം ഈ അധ്യായത്തിന്റെ തുടക്കത്തിൽത്തന്നെ കണ്ടുവല്ലോ. ഇതു ധനപ്രതിസന്ധിയ്ക്ക് ചെറിയൊരു സമാശ്വാസം നൽകിയിട്ടുണ്ട്. പക്ഷേ, സംസ്ഥാനത്തിന്റെ ഭാവി അപകടപ്പെടുത്തുന്ന നിലയിലാണ് സർക്കാർ ഈ അധികവരുമാനം ചെലവഴിച്ചുകൊണ്ടിരുന്നത്. 4640 കോടി രൂപ 2015–16ൽ തന്നതുപോലെ 2016–17ൽ 3350 കോടി രൂപയും 2017–18ൽ 1529 കോടി രൂപയും തരുന്നതിന് ഫിനാൻസ് കമ്മിഷൻ ശുപാർശ ചെയ്തിട്ടുണ്ട്. കേരളത്തിന്റെ ധനദൃഢീകരണ പരിപാടിയ്ക്കു വേണ്ടിയാണ് ഈ തുക. ഇതു വിനിയോഗിക്കുന്നതുവഴി റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിനുള്ള ഒരു സമയബന്ധിത പ്ലാനും നൽകിയിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ 2016–17ൽ കേരളം റവന്യൂ കമ്മി ഇല്ലാതാക്കണം. എന്നാൽ 4000 കോടി അധികം കിട്ടിയിട്ടും റവന്യൂ കമ്മി ഇനിയും ഉയരുന്ന അവസ്ഥാവിശേഷമാണ് നിലനിൽക്കുന്നത്. ഇത് ഭാവിയിൽ നമുക്കു കിട്ടേണ്ട ഈ പ്രത്യേക ഗ്രാന്റിനെ പ്രതികൂലമായി ബാധിക്കാം. അങ്ങനെ ധനപരമായ അരാജകത്വം കേരളത്തിന്റെ ഭാവി ധനകാര്യസ്ഥിതിയെയും ദുർബലപ്പെടുത്തുകയാണ്. ഈ പശ്ചാത്തലത്തിലാണ് സംസ്ഥാന ധനകാര്യ വ്യവസ്ഥയെ പുനരുദ്ധരിക്കുന്നതിന് ഒരു കാര്യപരിപാടി മുന്നോട്ടു വെയ്ക്കുന്നത്.

## വികസനോന്മുഖ ധനനയത്തിലേയ്ക്ക്

വരവും ചെലവും യാന്ത്രികമായി കണക്കൊപ്പിച്ചു പോകുന്ന യാഥാസ്ഥിതിക ധനനയത്തിന് പകരം വികസനോന്മുഖ ധനനയമാണ് വേണ്ടത്. അടിസ്ഥാനപരമായി വികസനോന്മുഖ ധനനയം വികസനച്ചെലവുകൾ ചുരുക്കാനല്ല, മറിച്ച് വരുമാനം വർധിപ്പിച്ച് കമ്മി നികത്താനാണ് ശ്രമിക്കുക. സാമൂഹ്യക്ഷേമരംഗത്തെ ചെലവുകൾ പുനരുൽപ്പാദനപരമല്ല എന്ന കാഴ്ചപ്പാട് വികസനോന്മുഖ ധനനയം അംഗീകരിക്കുന്നില്ല. വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ സാമൂഹ്യ പശ്ചാത്തല സൗകര്യങ്ങൾ ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ പോലെ തന്നെ വികസനത്തിന് സുപ്രധാനമാണ്. റവന്യൂ കമ്മി കുറച്ചുകൊണ്ടു വരാൻ ശ്രമിക്കുന്നതോടൊപ്പം ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് പരമാവധി വായ്പ സമാഹരിക്കുന്നതിന് വികസനോന്മുഖ ധനനയം പരിശ്രമിക്കും.

എത്ര കടം വാങ്ങുന്നു എന്നതല്ല പ്രശ്നം. കടം എന്തിന് വേണ്ടി ഉപയോഗിക്കുന്നു എന്നതാണ് പരിഗണിക്കേണ്ടത്. വായ്പയെടുത്ത് റവന്യൂ ചെലവുകൾക്ക് പണം കണ്ടെത്താൻ പാടില്ല. ഒറ്റയടിക്ക് സാധ്യമല്ലെങ്കിലും പടിപടിയായി ഈ സ്ഥിതിവിശേഷം മാറ്റിയെടുക്കാം. എന്നാൽ ഭൗതിക പശ്ചാത്തല സൗകര്യങ്ങൾ ഒരുക്കുന്നതിന് രണ്ടു ശതമാനമെന്നോ മൂന്നു ശതമാനമെന്നോ യാന്ത്രികമായൊരു പരിധി കൽപ്പിക്കുന്നതിന് ന്യായീകരണമില്ല. വികസന പ്രക്രിയയിൽ സർക്കാരിന്റെ സ്ഥാനം ചുരുക്കിക്കൊണ്ടു വരണമെന്ന രാഷ്ട്രീയ കാഴ്ചപ്പാടിന്റെ ഭാഗമാണ് ധനക്കമ്മിയ്ക്ക് പരിധി കൽപ്പിക്കുന്ന നിയമം. എത്ര വായ്പയെടുക്കണം എന്നത് ഭൗതിക പശ്ചാത്തല നിക്ഷേപം എത്രമാത്രം ഉൽപ്പാദനപരമാണ്, ഇതിന് എത്ര തുക വായ്പയായി വേണം, എത്രമാത്രം ഫലപ്രദമായി ചെലവഴിക്കാൻ കഴിയും എന്നിവയെ ആശ്രയിച്ചിരിക്കുന്നു.

1. നികുതിവരുമാനം : നികുതി വർദ്ധിക്കുന്നതിനുള്ള അടിസ്ഥാന ഉപാധി അഴിമതിയില്ലാതാക്കുകയാണ്. ഇതാണ് യുഡിഎഫിന്റെ ധനകാര്യ ദുർഭരണത്തിൽനിന്നും ആദ്യം പഠിക്കേണ്ട പാഠം. ഇതിനു വേണ്ടി അഴിമതിരഹിത വാളയാറിന്റെ ഒരു രണ്ടാംപതിപ്പു നടപ്പാക്കണം. നികുതി ഭരണത്തിനുള്ള അനധികൃത ഇടപെടലുകൾ അവസാനിപ്പിക്കണം. വ്യാപാരികളെ പങ്കാളികളാക്കി, നികുതി ഓഫീസുകളിൽ സോഷ്യൽ ഓഡിറ്റു നടത്തണം. സുതാര്യത ഉറപ്പുവരുത്തുന്ന ഇ ഗവേണൻസ് സമ്പ്രദായം ശക്തിപ്പെടുത്തണം.
2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള സ്ട്രീറ്റ് സർവെകൾ നടത്തണം. നികുതിവലയത്തിന്റെ പരിധിയിലെ

ത്തിയിട്ടും സ്വമേധയാ രജിസ്റ്റർ ചെയ്യാത്തവർക്കെതിരെ കർശനമായ നടപടി സ്വീകരിക്കണം.

3. ഇന്ന് നിലവിലുള്ള നികുതി സോഫ്റ്റ്‌വെയർ ഏഴെട്ടു വർഷം മുമ്പ് രൂപം നൽകിയതിൽ നിന്നും ഒരുപടിപോലും മുന്നോട്ടു പോയിട്ടില്ല. ഇതുവരെയുള്ള അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഒട്ടേറെ പഴുതുകൾ കണ്ടുപിടിക്കാൻ കഴിഞ്ഞിട്ടുണ്ട്. സിഎജി തന്നെ ഇവ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഈ സോഫ്റ്റ്‌വെയർ സമഗ്രമായി പുതുക്കണം.

4. റിട്ടേൺ സ്ക്രൂട്ടണി പൂർണമാക്കണം. കേവലം സാങ്കേതികമായ സ്ക്രൂട്ടണി പോര. ഇതിന് എത്രപേർ വേണമെന്നു പരിശോധിച്ച് ആവശ്യമെങ്കിൽ കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കണം. ഓഡിറ്റു വിസിറ്റു വിഭാഗം കൊണ്ട് പ്രത്യേകിച്ചു കാര്യമൊന്നുമില്ല എന്ന് ഇപ്പോൾ ഒരിക്കൽക്കൂടി തെളിഞ്ഞിരിക്കുകയാണ്. സ്ക്രൂട്ടണിക്കാരുതന്നെ പ്രഥമദൃഷ്ട്യാ തെറ്റു കണ്ടാൽ ഓഡിറ്റു വിസിറ്റു നടത്തുന്നതാണ് അഭിലഷണീയം. പകരം ശക്തിപ്പെടുത്തേണ്ടത് ഇന്റേണൽ ഓഡിറ്റു വിഭാഗത്തെയാണ്. സിഎജിയുടെ സാംപിൾ ചെക്കിൽ ചൂണ്ടിക്കാണിക്കുന്ന ഏതാണ്ടെല്ലാ ക്രമക്കേടും ഡിപ്പാർട്ടുമെന്റ് അംഗീകരിച്ചു നടപടിയെടുക്കുന്നതായിട്ടാണ് കാണപ്പെടുന്നത്. ഇന്റേണൽ ഓഡിറ്റു വിഭാഗം വിപുലീകരിച്ച് ഇത്തരം കൗണ്ടർ ചെക്കു സാർവത്രികമാക്കിയാൽ നികുതി വരുമാനം ഗണ്യമായി ഉയർത്താനാവും.

5. ഇ ഗവേണൻസിലൂടെ ലഭ്യമാകുന്ന അതിവിപുലമായ വിവരശേഖരം ഫലപ്രദമായി ഉപയോഗിക്കുകയാണെങ്കിൽ നികുതിവെട്ടിപ്പു നടത്തുന്ന കച്ചവടക്കാരുടെ കണക്കുകളിലെ പൊരുത്തക്കേടുകൾ എളുപ്പം കണ്ടെത്താനാവും. ഇതിന് ഒരു പ്രത്യേക ഡാറ്റാ മൈനിംഗ് വിഭാഗം ഹെഡ്ക്വാർട്ടേഴ്സിലുണ്ടെങ്കിൽ റിട്ടേണുകളുടെ സ്ക്രൂട്ടണിയും പരിശോധനയും കൃത്യമായി അവലോകനം ചെയ്യുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും കഴിയും.

6. ജിഎസ്ടി കേരളത്തിനു ഗുണകരമായിരിക്കും എന്നു തീർച്ചയാണ്. എന്നാൽ ഇതിനു തുരങ്കം വെയ്ക്കുന്ന ചില നീക്കങ്ങളുണ്ട്. ഒന്നാമത്തേത്, ഉൽപാദന സംസ്ഥാനങ്ങൾക്ക് അധികമായി ഒരു ശതമാനം നികുതി ഏർപ്പെടുത്തുന്നതിനുള്ള നീക്കമാണ്. രണ്ടാമത്തേത്, ഭരണഘടനാഭേദഗതിയിൽത്തന്നെ പരമാവധി ജിഎസ്ടി നികുതിനിരക്കുകൾ നിജപ്പെടുത്താനുള്ള നീക്കമാണ്. ഇത് ഒരു കാരണവശാലും അനുവദിക്കാൻ പാടുള്ളതല്ല. നികുതി നിരക്കുകൾ നിശ്ചയിക്കുന്നതിനുള്ള അന്തർസംസ്ഥാന കൗൺസിലിന് നിയമവ്യവസ്ഥയുണ്ട്. അവർക്ക് ഇതു തീരുമാനിക്കാനുള്ള അധികാരം വിട്ടുകൊടുക്കണം. അല്ലാത്തപക്ഷം സംസ്ഥാനങ്ങളുടെ നികുതി അധികാരം പരിപൂർണമായും ഇല്ലാതാകുന്ന അവസ്ഥയായിരിക്കും സംജാതമാകുക. അതുപോലെ തന്നെ അന്തർസംസ്ഥാന കൗൺസിൽ കേന്ദ്രപിന്തുണയില്ലാതെ ഒരു തീരുമാനവും എടുക്കാൻ പറ്റില്ല എന്നുള്ള അവസ്ഥയിലും മാറ്റം വരണം.

## വായ്പാ വരുമാനം

7. ട്രഷറിയുടെ സമൂലമായ ആധുനികവത്കരണം പരമപ്രധാനമാണ്. കോർ ബാങ്കിംഗ് മാത്രമല്ല, കെട്ടിലും മട്ടിലും ട്രഷറി ആധുനികവത്കരിക്കപ്പെടണം. എടിഎം സംവിധാനം ഏർപ്പെടുത്തും. ശമ്പളവും പെൻഷനും ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടു വഴിയായിരിക്കും. ഇതുവഴി ശമ്പളത്തിന്റെ ഗണ്യമായൊരു കാഷ്ബാലൻസ് സർക്കാരിന് വെയ്സ് ആൻഡ് മീൻസ് അഡ്ജസ്റ്റ്മെന്റിനു ലഭ്യമാകും. വിവിധ മണ്ഡലങ്ങളിൽ ട്രഷറിയിൽ ഡെപ്പോസിറ്റു സമാഹരിക്കുന്നതിന് ആനുപാതികമായി പുതിയ മൂലധനച്ചെലവു പദ്ധതികൾക്ക് അനുവാദം നൽകുന്ന സ്കീം പുനരാരംഭിക്കണം. പ്രത്യേക അനുമതിയില്ലെങ്കിൽ സർക്കാർ വകുപ്പുകളും അർദ്ധസർക്കാർ ഏജൻസികളും അവരുടെ പണം ട്രഷറിയിൽത്തന്നെ സൂക്ഷിക്കണം.

8. ബജറ്റിനു പുറത്തു വായ്പയെടുക്കുന്നതിനുള്ള സ്കീമുകൾ ആവിഷ്കരിക്കണം. അതിലേറ്റവും പ്രധാനം സംസ്ഥാന ജില്ലാ റോഡുകൾ ആധുനികവത്കരിക്കുന്നതിനുള്ള ഏജൻസിയായിരിക്കണം. പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനത്തിന് വായ്പയെടുക്കാൻ അവരെ പ്രാപ്തരാക്കണം. റെയിൽവേ വികസനത്തിനുള്ള സംയുക്ത സംരംഭം വിപുലമാക്കണം. തദ്ദേശ ഭരണസ്ഥാപനങ്ങൾ വായ്പയെടുത്ത് പാർപ്പിട പദ്ധതി പുനരാരംഭിക്കണം.

9. സഹകരണ സംഘങ്ങളുടെ കൈയിൽ വളരെ വലിയ മിച്ചഫണ്ടുണ്ട്. അതിന്റെ ന്യായമായ വിനിയോഗമില്ലാത്തത് അവരുടെ ധനസ്ഥിതിയെയും പ്രതികൂലമായി ബാധിക്കുന്നുണ്ട്. ഇത് ഉപയോഗപ്പെടുത്തി ആനുവിറ്റി സ്കീമിന്റെ അടിസ്ഥാനത്തിൽ ഗ്രാമീണ പശ്ചാത്തല സൗകര്യ സൃഷ്ടിയ്ക്കായി പ്രത്യേക കമ്പനി രൂപീകരിക്കണം. ആനുവിറ്റി സ്കീമായതുകൊണ്ട് സംഘങ്ങളുടെ പണത്തിന് പലിശ കൃത്യമായി ലഭ്യമാക്കാനും തിരിച്ചടവ് ഉറപ്പാക്കാനും പറ്റും.

## നടപടിക്രമങ്ങൾ

10 ധനപരമായ നടപടിക്രമങ്ങൾ ലഘൂകരിക്കണം. ബജറ്റിനു മുമ്പ് വിശദവും കൃത്യവുമായ സ്കീമുകൾ തയ്യാറാക്കി അംഗീകാരം വാങ്ങിയാൽ അതിന്മേൽ പിന്നെ ധനവകുപ്പിന്റെ ഇടപെടലുണ്ടാകാൻ പാടില്ല. സാമ്പത്തിക നടപടിക്രമങ്ങൾ സംബന്ധിച്ച് സമയബന്ധിതമായി പഠനം നടത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തണം.

11. സിഎജി റിപ്പോർട്ടുകളെ കൂടുതൽ ഫലപ്രദമായി ഉപയോഗപ്പെടുത്തണം. നിലവിലുള്ള വ്യവസ്ഥകൾ ആരും പാലിക്കുന്നില്ല. സിഎജി റിപ്പോർട്ട് നിയ

മസഭയിൽ സമർപ്പിച്ചു കഴിഞ്ഞാൽ രണ്ടു മാസത്തിനകം പരിഹാര നടപടികൾ എടുത്തതു സംബന്ധിച്ച് റിപ്പോർട്ടു സമർപ്പിക്കണം. പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ പ്രവർത്തനത്തിൽ കുടിശികകൾ വളരെയധികം കുറഞ്ഞിട്ടുണ്ട്. കമ്മിറ്റി തീരുമാനമെടുത്തു കഴിഞ്ഞാൽ രണ്ടുമാസത്തിനകം ആക്ഷൻ ടേക്കൺ റിപ്പോർട്ടു നൽകേണ്ടതാണ്. അങ്ങനെ പൂർത്തീകരിക്കപ്പെടുന്ന റിപ്പോർട്ടുകളിൽ ചിലതെങ്കിലും നിയമസഭയിൽ ചർച്ച ചെയ്യപ്പെടണം. ഈ നടപടിക്രമത്തിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശനമായ നടപടി സ്വീകരിക്കണം. സിഎജി റിപ്പോർട്ടിന്മേലുള്ള നടപടി ക്രമങ്ങൾ വർഷങ്ങൾ നീട്ടിക്കൊണ്ടുപോയി പരിഹാരനടപടി അപ്രസക്തമാക്കുന്ന സ്ഥിരം ശൈലിയാണ് മരാമത്ത്, ജലസേചനം പോലുള്ള വകുപ്പുകൾക്കുള്ളത്. എക്സെസ് എക്സ്പെൻഡിച്ചർ തൊട്ടടുത്ത വർഷത്തിനുള്ളിൽ റെഗുലറൈസ് ചെയ്തിരിക്കണം. ഇതിൽ വീഴ്ചവരുത്തുന്ന വകുപ്പുകൾക്കെതിരെ നടപടിയുണ്ടാകണം.


12. പഞ്ചായത്തിലേയ്ക്കുള്ള ധനവിന്യാസം പന്ത്രണ്ടു മാസഗഡുക്കളായി മുൻകൂറായി നൽകുന്നത് പുനഃസ്ഥാപിക്കണം.

13. ഭാവിയിൽ ആവശ്യമായി വരുന്ന ചെലവിനെക്കുറിച്ച് ധാരണയില്ലാതെ വൻകിട പദ്ധതികൾ പ്രഖ്യാപിക്കുന്നത് ഇപ്പോൾ പതിവായിട്ടുണ്ട്. ഒരു വർഷത്തിലേറെക്കാലം ദൈർഘ്യം വരുന്ന ഏതു പദ്ധതിയും അഞ്ചുവർഷക്കാല പ്രവർത്തനച്ചെലവ് പ്ലാൻ തയ്യാറാക്കിയാൽ മാത്രമേ അനുവാദം നൽകാൻ പാടുള്ളൂ. ഈ പദ്ധതി നടപ്പാക്കാൻ വേണ്ടി വരും വർഷങ്ങളിൽ വേണ്ടുന്ന തുക, ഭാവി ബജറ്റുകളിൽ ഉൾപ്പെടുത്തപ്പെടും എന്നുറപ്പുണ്ടാക്കണം.

14. ഒട്ടേറെ കാലഹരണപ്പെട്ട സ്കീമുകൾ ബജറ്റിൽ തുടരുന്നത് പതിവാണ്. നിലവിലുള്ള സ്കീമുകൾക്ക് നിശ്ചിതശതമാനം തുക വർദ്ധിപ്പിച്ചു നൽകുന്ന രീതിയാണ് നിലവിലുള്ളത്. ഈ സമ്പ്രദായം മാറ്റി ഔട്ട്കം ബജറ്റിംഗ് സമ്പ്രദായത്തിലേയ്ക്കു മാറണം. ഓരോ പദ്ധതിയിലും പണം ചെലവഴിച്ചോ ഇല്ലയോ എന്നു മാത്രമല്ല, അതു ചെലവഴിച്ചതിന്റെ ഭാഗമായി ഭൗതികനേട്ടങ്ങളെന്തെന്നും അവയുടെ പ്രത്യാഘാതങ്ങളെന്തെന്നും തുടർച്ചയായി പരിശോധിക്കപ്പെടണം. രണ്ടുവർഷത്തെ തയ്യാറെടുപ്പുണ്ടെങ്കിൽ കേരളത്തിന് ഔട്ട്കം ബജറ്റിലേയ്ക്കു പോകാൻ കഴിയും.

15. ജൻഡർ ബജറ്റിംഗ് പുനരാരംഭിക്കേണ്ടതാണ്.. ഇതു സംബന്ധിച്ച് ഒരു രേഖ ബജറ്റിനോടൊപ്പം നിയമസഭയിൽ അവതരിപ്പിക്കണം. അതുപോലെ തന്നെ മുൻ ബജറ്റിനെക്കുറിച്ചുള്ള ഒരു പരിസ്ഥിതി അവലോകന റിപ്പോർട്ടും നിയമസഭയിൽ സമർപ്പിക്കണം. ഇപ്പോൾ പണം ചെലവാക്കിയതിനെക്കുറിച്ചുള്ള റിവ്യൂവും ധനഭാവിയെക്കുറിച്ചുള്ള പദ്ധതിയും മാത്രമേ ബജറ്റിനോടൊപ്പം സമർപ്പിക്കേണ്ടതുള്ളൂ. കേരളത്തിലെ ബജറ്റുകൾ സ്ത്രീ സൗഹൃദവും പരിസ്ഥിതി സൗഹൃദവുമാകേണ്ടതാണ്.



# മാതൃകാപ്രവർത്തനങ്ങളുടെ അനുഭവക്കുറിപ്പുകൾ


When the
travel bug bites,
call us for instant relief.
Intersight Holidays.
Your trusted travel partner for exciting and memorable holidays in world famous destinations,
any time of the year. Be it a honeymoon trip, a family trip or a corporate tour,
Intersight can assure you thrilling moments and seamless services.
www.fullmoon.co.in
Regular Tour packages to : USA · Europe · South Africa · Australia · Thailand · Singapore · Malaysia · Bali
Delhi-Agra-Jaipur · Kashmir · Kullu Manali · North East · Goa and more...
· Approved by Ministry of Tourism, Govt. of India
· Caters to around 100,000 customers every year
· Over 2 decades of expertise
· Tour packages in India and abroad
For more details contact:
93880 77999, 93494 10022, 93888 54433
INTERSIGHT HOLIDAYS PVT. LTD.
Anna Building, Ernakulam Bypass, Thykkoodam, Vyttila, Cochin -682 019,
Tel: +91 484 4056111, Fax: +91 484 2389022, Email: outbound@intersight.in
Intersight
www.intersightholidays.com
Ahmedabad | Bengaluru | Chennai | Delhi | Kolkata | Lucknow | Mumbai | Thiruvananthapuram | UK

# പച്ചക്കറിക്കൃഷിയിലെ കഞ്ഞിക്കുഴി മാതൃക

കേരളത്തിൽ ആദ്യമായി സ്വരാജ് ട്രോഫി നേടിയ ആലപ്പുഴ ജില്ലയിലെ കഞ്ഞിക്കുഴി ഗ്രാമപഞ്ചായത്തിനെ കുറിച്ച് കേൾക്കാത്തവരില്ല. രാസകീടനാശിനിയുടെ ദോഷഫലങ്ങളെക്കുറിച്ച് ഇന്നത്തെയത്ര ഉൽക്കണ്ഠ ഇല്ലാതിരുന്ന 1995  96 കാലഘട്ടത്തിൽ ജൈവപച്ചക്കറിക്കൃഷി പ്രോത്സാഹിപ്പിക്കുകയും എല്ലാവീട്ടിലും കൃഷി ചെയ്യിക്കുകയും ചെയ്തത ഗ്രാമം എന്ന നിലയിലാണ് കഞ്ഞിക്കുഴിയെ എല്ലാവരും ഓർക്കുന്നത്.

ഇന്ന് ജൈവപച്ചക്കറിക്കൃഷി കേരളത്തിൽ വ്യാപകമായി മാറിയിരിക്കുന്നു. ജൈവ പഞ്ചായത്തും ജൈവ കാർഷിക മണ്ഡലവും നിലവിൽവരാൻ തുടങ്ങി. എന്നാലും ജൈവപച്ചക്കറി തേടി മലയാളി എത്തുന്ന സ്ഥലമാണ് കഞ്ഞിക്കുഴി. കഞ്ഞിക്കുഴിയിലെ പച്ചക്കറി ലഭ്യത ഉറപ്പുവരുത്തുന്നതിനും പുതിയ തലമുറയെ ജൈവകൃഷിയുടെ പ്രാധാന്യം മനസിലാക്കിക്കുന്നതിനും പച്ചക്കറിക്കൃഷി വ്യപിപ്പിക്കുന്ന പദ്ധതികൾ ഗ്രാമപഞ്ചായത് ഏറ്റെടുത്തു നടപ്പാക്കുന്നുണ്ട്.

കഞ്ഞിക്കുഴി ഗ്രാമപഞ്ചായത് തൊഴിലുറപ്പ് പദ്ധതിയിലെ വനിതകളെ ഉൾപ്പെടുത്തി ഗ്രൂപ്പുകൾ രൂപീകരിച്ചു പച്ചക്കറി കൃഷി ചെയ്യിച്ചത് എടുത്തു പറയാവുന്ന നേട്ടമാണ്. കഴിഞ്ഞവർഷം നടപ്പാക്കിയ ജനകീയ ജൈവ ഹരിതസമൃദ്ധി പദ്ധതി മറ്റൊരു ഉദാഹരണമാണ്. ഈ പദ്ധതി പ്രകാരം ഓരോ വാർഡിലും പച്ചക്കറി നഴ്സറി ഉണ്ടാക്കി ഒരു ലക്ഷത്തിലധികം തൈകൾ ഉണ്ടാക്കി എല്ലാ വീട്ടിലും വിതരണം ചെയ്തു. ഓരോ വാർഡിലും വാർഡുതല സമിതി, 50 വീടിന് ഒരു അയൽക്കൂട്ടസമിതി എന്നിവ രൂപീകരിച്ചാണ് പദ്ധതി നടപ്പാക്കിയത്.

പദ്ധതികൾ ജനകീയമായി എല്ലാവരുടെയും സഹകരണത്തോടെ നടപ്പാക്കുന്നതാണ് കഞ്ഞിക്കുഴിയുടെ വിജയരഹസ്യം. കൃഷിവകുപ്പ് പദ്ധതികളും വിജയപ്രദമായി നടപ്പാക്കുന്നു. എല്ലാ കാലാവസ്ഥയിലും കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞതും കർഷകർക്ക് നല്ല വില ലഭിക്കുന്നതിനു പച്ചക്കറി സംഭരണ കേന്ദ്രം എല്ലാ വാർഡിലും ആരംഭിച്ചതും യുവാക്കളെ കൃഷിയിലേക്കു കൊണ്ടുവന്നതും പച്ചക്കറിയിൽ കൃത്യതക്കൃഷിയും മഴമറയിലെ കൃഷിയും വ്യാപിപ്പിച്ചതും കർഷകരുടെ ആത്മവിശ്വാസം വർധിപ്പിച്ചു.

രജി ജി വി
കഞ്ഞിക്കുഴി കൃഷി ഓഫീസർ

# ജനനി ഗർഭരക്ഷ പ്രൊജെക്റ്റ്

ആയുർവ്വേദഗ്രന്ഥങ്ങളിലെ പരമ്പരാഗത ഗർഭകാലപരിചരണസമ്പ്രദായം പ്രായോഗികമാക്കുക എന്ന ലക്ഷ്യത്തിൽ 2001 മാർച്ച് 31ന് വൈദ്യരത്നം ആയുർവ്വേദ കോളെജ് ആരംഭിച്ച പദ്ധതിയാണു ജനനി. വല്ലച്ചിറ പഞ്ചായത്തിനെ ബന്ധപ്പെടുത്തി നൂറു ഗർഭിണികൾക്കായാണിതു നടപ്പാക്കിയത്. ചേർപ്പ് ബ്ലോക്ക് പഞ്ചായത്തുമായി ചേർന്ന് 2002ൽ 172 ഗർഭിണികൾക്കു പ്രസവരക്ഷ നൽകി. ആരോഗ്യമുള്ള ശിശുക്കളെയും സുഖപ്രസവത്തെയും സംബന്ധിച്ച വിവരങ്ങളടങ്ങിയ പ്രതികരണങ്ങൾ പ്രോത്സാഹജനകം ആയിരുന്നു. ഈ സാഹചര്യത്തിലാണ് ‘ജനനി സമഗ്രമാതൃശിശുസംരക്ഷണ പദ്ധതി (ആയുർവ്വേദം)’ എന്ന പേരിൽ പുതിയ പദ്ധതി തൃശൂർ ജിലാപ്പഞ്ചായത്തിനു സമർപ്പിക്കുന്നത്. വനിതാ ഘടകപദ്ധതിയുടെ പണമുപയോഗിച്ച് 2003ൽ കൊടകര ബ്ലോക്കിൽ ഇതു നടപ്പിലാക്കി. ഒരു വർഷം 28 മെഡിക്കൽ ക്യാമ്പുകൾ നടത്തി. പ്രവർത്തനനേട്ടം വിലയിരുത്താൻ പദ്ധതിയിൽ പങ്കാളികളായ മുഴുവൻ അമ്മമാരെയും കുഞ്ഞുങ്ങളെയും ചേർത്ത് 2006ൽ മാതൃശിശു സംഗമം നടത്തി. തൃശൂർ കോർപ്പറേഷനും അഞ്ചു ഡിസ്പൻസറികളിൽ പ്രൊജക്റ്റ് നടപ്പാക്കി. പദ്ധതി നടപ്പാക്കുന്ന ഡോക്റ്റർമാർക്കായി പ്രത്യേക പരിശീലനം നൽകി. ആശാ വർക്കർമാർക്ക് പ്രത്യേക പ്രസവശുശ്രൂഷാപരിശീലനവും നൽകി. ചിറയിൻകീഴിൽ കിഴുവിലം പഞ്ചായത്തിൽ 200910ൽ മഹിളാസമാഖ്യയുമായി ചേർന്ന് ഈ പദ്ധതി നടപ്പാക്കുകയുണ്ടായി. ഇവിടെ 193 ഗർഭിണികളെ പരിശോധിച്ച് ആയുർവ്വേദമരുന്നുകൾ നൽകി. 2012 ഡിസംബർ 16നു രണ്ടാമത്തെ മാതൃശിശു സംഗമം നടന്നു.

പ്രൊജക്റ്റിന്റെ അടിസ്ഥാനത്തിലുള്ള നിരീക്ഷണങ്ങൾ ഗർഭശോഷ(Itnra Uterine Growth retardation) ത്തെപ്പറ്റി ശാസ്ത്രസാങ്കേതികവകുപ്പിന്റെ ധനസഹായത്തോടെ ശാസ്ത്രീയഗവേഷണങ്ങൾ നടത്താൻ സഹായകമായി. സാധാരണപ്രസവത്തിൽ ആയുർവ്വേദമരുന്നുകൾക്കുള്ള സ്വാധീനം ശാസ്ത്രീയമായി വിശകലനം ചെയ്യാനുള്ള ഒരു പൈലറ്റ് പ്രൊജക്റ്റ് നടന്നുവരുന്നു. ദേശീയ, രാജ്യാന്തര ആയുർവ്വേദ കോൺഗ്രസുകളിൽ ഇതേപ്പറ്റിയുള്ള പ്രബന്ധത്തിന് അനുമതി ലഭിച്ചിട്ടുണ്ട്. ഇക്കൊല്ലം നടക്കുന്ന മൂന്നാം മാതൃശിശു സംഗമത്തോടനുബന്ധിച്ച് ഗർഭകാലപരിരണ പരിപാടിയെപ്പറ്റി ഒരു ദേശീയസെമിനാറും ആലോചിച്ചുവരുന്നു.

പ്രൊഫ: ഡോ: ഡി. ഷീല
എംഡി, വൈദ്യരത്നം ആയുർവ്വേദ കോളെജ്, ഒല്ലൂർ

# സമഗ്ര ആരോഗ്യരക്ഷ – തളിക്കുളം

തളിക്കുളം ഗ്രാമത്തിന്റെ സമഗ്രവികസനത്തിനായി രൂപം നൽകിയ പൊതു ചാരിറ്റബിൾ ട്രസ്റ്റായ തളിക്കുളം വികാസ് ട്രസ്റ്റിന്റെ മുദ്രാവാക്യം 'എല്ലാവർക്കും ആരോഗ്യം' എന്നതാണ്. തൃശൂർ ജില്ലയിലെ തീരദേശഗ്രാമമായ തളിക്കുളത്തിന്റെ വിസ്തൃതി 10.89 ച.കി.മീ.യും ജനസംഖ്യ 25,507 (2011) ഉം ആണ്. പ്രതിരോധം, ചികിത്സ, സാന്ത്വനം എന്നിവയിൽ ഊന്നുന്ന മികച്ചതും താങ്ങാവുന്നതുമായ ആരോഗ്യരക്ഷ എല്ലാവർക്കും പ്രാപ്തമാക്കുകയാണ് 'എല്ലാവർക്കും ആരോഗ്യം' പദ്ധതിയുടെ ലക്ഷ്യം. ഒരു സമഗ്ര ആരോഗ്യരക്ഷാപദ്ധതി നടപ്പാക്കാനായി പഞ്ചായത്തിനെയും ആരോഗ്യവകുപ്പിനെയും തൃശൂർ ഗവ. മെഡിക്കൽ കോളെജിനെയും ഒരു കുടക്കീഴിൽ കൊണ്ടുവന്നു. പരിശീലനം നൽകിയ 40 ആരോഗ്യസന്നദ്ധസേവകരെ ഉപയോഗിച്ചു നടത്തിയ വിപുലമായ സർവ്വേയോടെ ആയിരുന്നു തുടക്കം.

## 1. കുട്ടികൾ (5–12 വയസ്)

രണ്ടായിരം കുട്ടികളുടെ ബോഡി മാസ് ഇൻഡക്സ് അളന്നു. ഇത് 13ൽ താഴെ ആയിരുന്ന 300 കുട്ടികൾക്കു പ്രോട്ടീനും പോഷണവും നൽകി. ഉച്ചഭക്ഷണത്തിന്റെ ഗുണമേന്മ കൂട്ടാൻ പഞ്ചായത്തിലെ എട്ടു സ്കൂളുകൾക്കും ധനം അനുവദിച്ചു. ഇതിന്റെ ഗുണം 2500 കുട്ടികൾക്കു കിട്ടി.

## 2. സ്ത്രീകൾ (35 വയസിനു മുകളിൽ)

കാൻസർ, വിളർച്ച, പ്രമേഹം, രക്താതിമർദ്ദം, ഗൈനക് പ്രശ്നങ്ങൾ, തൈറോയിഡ് രോഗങ്ങൾ എന്നിവ മുൻകൂട്ടി കണ്ടെത്താനായി മെഡിക്കൽ കോളെജ് ഡോക്ടർമാരുടെ സഹായത്തോടെ മെഡിക്കൽ ക്യാമ്പുകൾ നടത്തി. സൗജന്യമായോ സബ്സിഡി നിരക്കിലോ ലാബ് പരിശോധനകൾ ഏർപ്പാടാക്കി. നിശ്ചിത ഇടവേളകളിൽ തുടർ മെഡിക്കൽ ക്യാമ്പുകളും നടത്തി. അർഹരായവർക്ക് സൗജന്യമായി മരുന്നും നൽകി. ഗൗരവമാർന്ന രോഗമുള്ളവർക്ക് മെഡിക്കൽ കോളെജിൽ ഇൻപേഷ്യന്റ് ചികിത്സയും വാഹനസൗകര്യവും ലഭ്യമാക്കി.

## 3. വാർദ്ധക്യരക്ഷ (Geritaric Care) (60 വയസിനു മുകളിൽ)

സർവ്വേ പ്രകാരം 13% ഈ വിഭാഗമാണ്. അതിൽത്തന്നെ സ്ത്രീകൾ 56%ഉം. (ദേശീയ സ്ത്രീപുരുഷാനുപാതം ഈ പ്രായക്കാരിൽ 48.2% മാത്രമാണ്). പകരാരോഗങ്ങളുടെ മുഖ്യ ഇര സ്ത്രീകളാണ്.

വാർദ്ധക്യരക്ഷയുടെ ഭാഗമായി ആരോഗ്യപ്രവർത്തകരുടെ നിരന്തരമായ ഭവനസന്ദർശനവും ഡോക്ടർമാരുടെ നിശ്ചിത ഇടവേളകളിലുള്ള ഭവനസന്ദർശനവും സംഘടിപ്പിച്ചു. പകൽവീട് എന്ന പേരിൽ വയോജനങ്ങളെ പകൽ പരിപാലിക്കുന്ന ഒരു കേന്ദ്രം തുടങ്ങിയതാണു മറ്റൊരു ചുവട്. ഇവിടെ 65 കഴിഞ്ഞ നാല്പതിൽപ്പരം പേർ പകലേളയിൽ ഏകാന്തതയിൽ നിന്നു മോചനം നേടുന്നു.

## 4. ഭിന്നശേഷിക്കാരും മാനസികവളർച്ച കുറഞ്ഞവരും

ഇക്കൂട്ടരെ കണ്ടെത്തുകയും അവരുടെ പ്രത്യേകാവശ്യങ്ങൾക്കനുസരിച്ച് വിഭാഗങ്ങളായി തിരിക്കുകയും ചെയ്തിട്ടുണ്ട്. ഇവരുടെ പുനരധിവാസത്തിനും ചികിത്സയ്ക്കും സഹായം നൽകുന്നു. പഠിക്കാനും ജോലി ചെയ്യാനുമുള്ള ഉപാധികളും കട്ടിൽ, കിടക്ക, വീൽ ചെയർ തുടങ്ങിയ സൗകര്യങ്ങളും ലഭ്യമാക്കിയിട്ടുണ്ട്. ഗുരുതരമായ കേസുകളിൽ മെഡിക്കൽ കോളെജ് ഡോക്ടർമാരുടെ കൃത്യമായ ഭവനസന്ദർശനവും ഏർപ്പാടാക്കിയിട്ടുണ്ട്.

ആരോഗ്യം സാമൂഹികസുരക്ഷയുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ഞങ്ങളുടെ പ്രാരംഭ സോഷ്യോ ഇക്കണോമിക് സർവ്വേയിൽ 2600 കുടുംബങ്ങൾ (പഞ്ചായത്തിലെ മൊത്തം കുടുംബങ്ങളിൽ പകുതി) ബാഹ്യമായ സഹായം ആവശ്യമുള്ളവരാണെന്നു കണ്ടെത്തിയിരുന്നു വാസയോഗ്യമായ വീട്, തൊഴിൽ, ആരോഗ്യം, സാമൂഹികസുരക്ഷ എന്നിവയിലെല്ലാം. ഇതിൽ ഓരോ കുടുംബത്തിലെയും ഓരോ സ്ത്രീയെവീതം ഉൾപ്പെടുത്തി 58 പേർ വീതമുള്ള 395 സ്ത്രീസൗഹദ ഗ്രൂപ്പുകൾ(JLGS)ക്കു ട്രസ്റ്റ് രൂപം നൽകി. ട്രസ്റ്റിന്റെ എല്ലാ പ്രവർത്തനത്തിനും ഈ ഗ്രൂപ്പുകളാണു മികച്ച മാദ്ധ്യമം.

എല്ലാ ആരോഗ്യരക്ഷാ സേവനങ്ങൾക്കും മെഡിക്കൽ കോളെജ് ഡോക്ടർമാർ നേതൃത്വവും മാർഗ്ഗനിർദ്ദേശവും നൽകുന്നു.

മണപ്പുറം ഫിനാൻസ് CSR പ്രവത്തനത്തിന്റെ ഭാഗമായി വയോജനസുരക്ഷാ പ്രവർത്തനങ്ങളെ പിന്തുണയ്ക്കുന്നു.

ട്രസ്റ്റിന്റെ എല്ലാ ബാങ്കിങ് ആവശ്യങ്ങളും നിറവേറ്റുന്നതും സ്ത്രീകൾക്ക് വായ്പാസേവനം നൽകുന്നതും യൂണിയൻ ബാങ്കാണ്.

ട്രസ്റ്റ് തുടങ്ങിയതു മുതലേ ഗൾഫാർ ഗ്രൂപ്പ് സാമ്പത്തികസഹായം നൽകുന്നു.

ഗ്രാമീണർക്കു വളരെ പ്രയോജനകരമായ ഒരു സൂക്ഷ്മ ഇൻഷുറൻസ് പദ്ധതി എൽ.ഐ.സി. നടപ്പാക്കുന്നു.

രണ്ടു കർഷക ക്ലബ്ബുകൾ തുടങ്ങാനും സ്ത്രീകളുടെ കാർഷികപ്രവൃത്തികൾക്കും നബാർഡ് ജില്ലാ ഓഫീസും പഞ്ചായത്ത് കൃഷിഭവനും സഹായിക്കുന്നു.

ആശ അങ്കണവാടി പ്രവർത്തകരുടെ സേവനം തളിക്കുളം പഞ്ചായത്ത് ട്രസ്റ്റിനു വിട്ടുനൽകുന്നു.

ബന്ധപ്പെട്ട എല്ലാവരും ഇപ്രകാരം ഒറ്റക്കുടക്കീഴിൽ വന്നിരിക്കുന്നു. അതു യാഥാർത്ഥ്യമാക്കുവാൻ ട്രസ്റ്റ് കൈക്കൊണ്ട സമീപനമാണ് പുതിയ ഈ മുൻകയ്യുടെ വിജയം.

IL & FS സംഘടിപ്പിച്ച വൈദഗ്ദ്ധ്യവികസന പരിശീലനത്തിൽ തളിക്കുളം ബ്ലോക്ക് പഞ്ചായത്ത് സഹായിച്ചു.

സ്ത്രീകൾ വീടു കേന്ദ്രമായി തുടങ്ങുന്ന ഗാർമെന്റ് യൂണിറ്റുകൾക്കു സഹായം നൽകാമെന്ന് വ്യവസായ വകുപ്പ് സമ്മതിച്ചിട്ടുണ്ട്.

# തിരുവനന്തപുരം നഗരസഭയുടെ ജനപങ്കാളിത്തപൂർണ്ണമായ ഭവനപരിപാടി

തിരുവനന്തപുരം നഗരസഭ നടപ്പിലാക്കിയ ഭവന പദ്ധതികൾ ദേശീയ തലത്തിൽ തന്നെ ശ്രദ്ധിക്കപ്പെട്ടവയാണ്. ബി.എസ്.യു.പി പദ്ധതിയുടെ ഭാഗമായി 21 കോളനികളിലും 13 തീരദേശ വാർഡുകളിലുമായാണ് പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. 170 കോടി രൂപയാണ് ഈ പദ്ധതിയുടെ ഭാഗമായി ചെലവഴിച്ചിട്ടുള്ളത്. 1899 വ്യക്തിഗത വീടുകളും 1621 ഫ്ളാറ്റുകളും ഈ പദ്ധതിയിൽ ഉൾപ്പെടുന്നുണ്ട്. കണ്ണമ്മൂല ബല്ല് കോളനി, നാലാഞ്ചിറ, കൊല്ലവിള, പോങ്ങുംമൂട്, ആലപ്പുറം, പൂങ്കുളം, വെട്ടുകാട്, ബാലനഗർ തുടങ്ങി നിരവധി കോളനികൾ ഇതിന്റെ ഭാഗമായി ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കരിമഠം കോളനിയിലെ ഈ പദ്ധതി നടത്തിപ്പിന്റെ സവിശേഷതകൾ മാത്രമാണ് ഇവിടെ സൂചിപ്പിക്കുന്നത്.

കരിമഠം കോളനിയിൽ താമസിച്ചിരുന്നവർ പല ഘട്ടങ്ങളിലായി പല സ്ഥലങ്ങളിൽനിന്നു വന്ന് കൈയ്യേറി കുടിൽ കെട്ടി താമസിക്കുന്നവരാണ്. പലതലത്തിൽ സാമൂഹ്യവിരുദ്ധമായ പശ്ചാത്തലമുള്ളവർ വന്നു തമാസിക്കുന്ന ഒരു സ്ഥലം എന്ന നിലയിൽ കരിമഠം കുപ്രസിദ്ധമായിരുന്നു.

കോളനിയിൽ 632 കുടുംബങ്ങളാണ് ഉണ്ടായിരുന്നത്. ഇതിൽ 1997-ൽ സംസ്ഥാന സർക്കാർ 72 കുടുംബങ്ങൾക്ക് ചെറിയ വീടുകൾ അനുവദിച്ചിരുന്നു. ശേഷിക്കുന്ന 560 കുടുംബങ്ങൾ യാതൊരു അടിസ്ഥാന സൗകര്യവുമില്ലാത്ത കുടിലുകളിലാണ് താമസിച്ചിരുന്നത്. ഇവരുടെ ജീവിതസാഹചര്യം വളരെ ദയനീയമായിരുന്നു.

ബി.എസ്.യു.പി പദ്ധതിയ നടപ്പാക്കുന്നതിനായി കരിമഠം കോളനി തെരഞ്ഞെടുത്തപ്പോൾ ഈ കോളനിയിലെ 560 കുടുംബങ്ങളിലായി 2341 പേർ താമസിക്കുന്നുണ്ടായിരുന്നു. ഈ പ്രദേശം നഗരത്തിലെ താഴ്ന്ന ഭാഗമാണ്. റോഡ് ലെവലിനെക്കാൾ 60 സെ.മീ താഴ്ന്ന് വെള്ളക്കെട്ട് നിറഞ്ഞിരുന്ന കോളനിഭാഗം വൃത്തിഹീനവും രോഗാതുരവുമായ സാഹചര്യം നിറഞ്ഞതായിരുന്നു.

ഈ എല്ലാ ഘടകങ്ങളും പരിഗണിച്ചുകൊണ്ടാണ് തിരുവന്തപുരം നഗരസഭ കരിമഠത്തിനായി പദ്ധതി ആവിഷ്ക്കരിച്ചത്. 28 ഫ്ളാറ്റുകളാണ് ഇവിടെ നിർമ്മിച്ചത്. ഓരോ ഫ്ളാറ്റിലും 20 യൂണിറ്റുകളാണ് ഉള്ളത്. ഗ്രൗണ്ട് ഫ്ളോറിൽ 8, ഒന്നാം നിലയിൽ 6, രണ്ടാം നിലയിൽ 4, യൂണിറ്റ് മൂന്നാം നിലയിൽ 2 എന്നിങ്ങനെയായിരുന്നു വീടുകൾ നിർമ്മിച്ചിരുന്നത്. എല്ലാ നിലകളിലും ഓപ്പൺ സ്പെസും ഉറപ്പാക്കിയിട്ടുണ്ട്.

ഒരു വീട് എന്നതിനപ്പുറം ആവാസ സ്വാഭാവമുള്ള സാമൂഹ്യാധിഷ്ഠിത പിൻതുണ ഉറപ്പാക്കുന്ന ഇടമായിട്ടാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടും അവരുമായി ആശയവിനിമയം നടത്തിക്കൊണ്ടുമാണ് പദ്ധതി രൂപകൽപന ചെയ്തത്. താമസക്കാരുടെ നിരവധി ആവശ്യങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി നിറവേറ്റാൻ ശ്രദ്ധിച്ചു. എല്ലാ ഫ്ളാറ്റിലും കുടിവെള്ള സൗകര്യം, എല്ലാവർക്കും ശുചിത്വ കക്കൂസുകൾ, അംഗൻവാടി, മാർക്കറ്റ്, പാത്ത്വേ, കമ്മ്യൂണിറ്റി കിച്ചൺ തുടങ്ങി പല അടിസ്ഥാന സൗകര്യങ്ങളും പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കി.

വലിയ രീതിയിൽ ജനപങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പിലാക്കാൻ ശ്രമിച്ചു. ഈ പദ്ധതി നടത്തിപ്പിലേയ്ക്കായി ക്ലസ്റ്റർ ഡെവലപ്പ്മെന്റ് കമ്മിറ്റികൾക്ക് രൂപം നൽകി. ഗുണഭോക്താക്കളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയാണ് കമ്മിറ്റി രൂപീകരിച്ചത്. ഭവനപദ്ധതിയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ക്ലസ്റ്റർ കമ്മിറ്റി യോഗം ചേർന്ന് പരിഹാരം ഉണ്ടാക്കുന്ന രീതിയാണ് അവലംബിച്ചത്. ക്ലസ്റ്റർ കമ്മിറ്റിയി" പരിഹരിക്കാൻ കഴിയാത്ത പ്രശ്നങ്ങൾ നഗരസഭാതലത്തിൽ യോഗം ചേർന്ന് പരിഹരിക്കുമായിരുന്നു. നഗരസഭയുമായി ഗുണഭോക്താക്കൾക്ക് നല്ലരീതിയിൽ ബന്ധമുണ്ടാക്കുന്നതിന് ഇത് സഹായകരമായി. നഗരസഭാതലത്തിൽ എല്ലാ ആഴ്ചയിലും യോഗം ചേർന്ന് പദ്ധതിപ്രവർത്തനം വിലയിരുത്തുകയും ചെയ്തിരുന്നു. ഇതെല്ലാം അവരുടെ സാമൂഹ്യധാരണയിൽ മാറ്റം വരുത്താൻ സഹായകരമായിരുന്നു.

ചെലവ് കുറഞ്ഞതും പരിസ്ഥിതിക്ക് ഇണങ്ങുന്നതുമായ നിർമ്മാണരീതി ഉപയോഗിച്ചാണ് ഈ ഫ്ളാറ്റുകൾ നിർമ്മിച്ചിട്ടുള്ളത്. അതോടൊപ്പം താമസക്കാരുടെ

സാമൂഹ്യ-സാംസ്കാരിക നിലവാരം മെച്ചപ്പെടുത്തുന്ന തരത്തിലുള്ള ചർച്ചകൾ ഗുണഭോക്താക്കളുമായി നടത്തുന്നതിനും നഗരസഭ ശ്രദ്ധിച്ചിരുന്നു.

മൂന്ന് അവാർഡുകൾ ഈ പദ്ധതിനടത്തിപ്പുമായി ബന്ധപ്പെട്ട് നഗരസഭയ്ക്ക് ലഭിച്ചു. രണ്ടെണ്ണം കമ്മ്യൂണിറ്റി മൊബൈലൈസേഷൻ നടത്തിയതിനും ഒന്ന് കോസ്റ്റ് എഫക്റ്റീവ് ടെക്നോളജി ഉപയോഗിച്ച് പദ്ധതി നടപ്പിലാക്കിയതിനുമാണ് ലഭിച്ചത്.

അഡ്വ. കെ. ചന്ദ്രിക

# സ്ത്രീശാക്തീകരണം – കടമ്പൂർ

കണ്ണൂർ പട്ടണത്തിനു 15 കിലോമീറ്റർ അകലെ 795 ഹെക്ടർ വിസ്തൃതിയുള്ള പ്രദേശമാണു കടമ്പൂർ ഗ്രാമപ്പഞ്ചായത്ത്. ഇവിടത്തെ പച്ചക്കറി ഉല്പാദനം ആവശ്യത്തെ അപേക്ഷിച്ചു നന്നേ കുറവാണ്. പുറത്തുനിന്നു പച്ചക്കറി എത്തുന്ന പട്ടണത്തിലെ വിപണിയാണ് ആശ്രയം. സുരക്ഷിതഭക്ഷണത്തെപ്പറ്റിയും വിപണിയിലുള്ള പച്ചക്കറിയെപ്പറ്റിയുമുള്ള ചിന്ത അടുത്തകാലത്ത് ശക്തമായതോടെ മിക്കവരും വീട്ടുവളപ്പിൽ വീട്ടാവശ്യത്തിനായി ചെറിയതോതിൽ പച്ചക്കറിക്കൃഷി തുടങ്ങി. ഇതോടെ, വീട്ടുകൃഷിയിൽ നല്ല ഉല്പാദനം കിട്ടുന്ന ഇനങ്ങൾക്കുള്ള താല്പര്യം വളർന്നു. എന്നാൽ സർക്കാർ / അർദ്ധസർക്കാർ സ്ഥാപനങ്ങൾ നൽകുന്ന തൈകളുടെ ലഭ്യത ചില സീസണിൽ മാത്രമാണ്. ഈ സാഹചര്യത്തിലാണ് വർഷം മുഴുവൻ ഗുണനിലവാരമുള്ള തൈകൾ ലഭ്യമാക്കാനുള്ള പ്രൊജക്റ്റ് ആവിഷ്ക്കരിക്കുന്നത്.

## മാതൃക വികസിപ്പിക്കാൻ കൈക്കൊണ്ട നടപടികൾ

പദ്ധതിയിൽ പ്രത്യേക ഉത്സാഹം കാട്ടിയ വാർഡ് അംഗം ശ്രീമതി എ. വിമലാദേവിയുടെ അദ്ധ്യക്ഷതയിൽ ഗ്രൂപ്പിന്റെ നിരവധി യോഗങ്ങൾ ചേർന്നു.

തളിപ്പറമ്പിലുള്ള ജില്ലാ കൃഷി ഫാമിൽ ഗ്രൂപ്പംഗങ്ങൾക്കു നഴ്സറി പരിപാലനത്തിലും സസ്യസംവർദ്ധന സാങ്കേതികവിദ്യയിലും പരിശീലനം നൽകി.

ഗ്രൂപ്പംഗങ്ങളെ ശക്തീകരിക്കാനും ഉഷാറാക്കാനും ശേഷിവളർത്തൽ പരിശീലനം നൽകി.

പ്രോജക്റ്റ് തയ്യാറാക്കി എടക്കൽ ബ്ലോക്ക് പഞ്ചായത്തിന്റെ വർക്കിങ് ഗ്രൂപ്പിൽ വയ്ക്കുകയും 12 ആം പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു.

പദ്ധതി കടമ്പൂർ ഗ്രാമപ്പഞ്ചായത്ത് യോഗത്തിൽ ചർച്ച ചെയ്തു. പതിമൂന്നാം വാർഡിൽ തരിശുകിടന്ന 80 സെന്റ് ഗ്രൂപ്പിനു പാട്ടത്തിനു നൽകാൻ തീരുമാനിക്കുകയും ചെയ്തു.

'കതിരൊളി കാർഷിക നഴ്സറി' എന്നു നഴ്സറിക്കു പേരിട്ടു.

സ്ഥലം വൃത്തിയാക്കി, നിരപ്പാക്കി, കമ്പിവേലികെട്ടി.

പമ്പ്, ജലസംഭരണി, നെറ്റ് ഹൗസ്, മഴപ്പന്തൽ തുടങ്ങിയ അത്യാവശ്യ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി 2014 ഡിസംബറിൽ നഴ്സറി പ്രവർത്തനം തുടങ്ങി. 2015 ജനുവരി 8നു കൃഷി മന്ത്രി കെ.പി. മോഹനൻ പദ്ധതി ഉദ്ഘാടനം ചെയ്തു.

## സാമ്പത്തികസ്രോതസ്

| | | |
|---|---|---|
| ആകെ പദ്ധതിച്ചെലവ് | : | 6,00,000 രൂപ |
| കാടാച്ചിറ സഹബാങ്ക് വായ്പ | : | 3,00,000 രൂപ |
| ബ്ലോക്ക് പഞ്ചായത്ത് വക ബായ്ക്ക് എൻഡ് സബ്സിഡി | : | 1,50,000 രൂപ |
| HADA സബ്സിഡി | : | 1,00,000 രൂപ |
| ഭക്ഷ്യസുരക്ഷാധനം (ATMA) | : | 10,000 രൂപ |
| ഉപഭോക്തൃവിഹിതം | : | 3,00,000 രൂപ |
| 2015 ഡിസംബർ വരെ വരുമാനം | : | 2,75,000 രൂപ |

## നേട്ടങ്ങൾ

### ജനങ്ങൾക്കു മെച്ചപ്പെട്ട തൈകൾ സുലഭം.

രണ്ടു മാസത്തിനിടെ എടക്കാടു ബ്ലോക്ക് പ്രദേശത്തെ 4000 കർഷകർക്ക് 75,000 പച്ചക്കറിത്തൈകൾ ഉണ്ടാക്കിനൽകി.

എണ്ണൂറു ഗ്രോബാഗുകളിൽ തൈകൾ നട്ടു വിതരണം ചെയ്തു.

മൂന്നു ടൺ ചകിരിച്ചോറു കമ്പോസ്റ്റ് നിർമ്മിച്ചു കർഷകർക്കു വിതരണം ചെയ്തു.

### നൂതനാശയങ്ങൾ (Innovations)

Protray വിത്തുല്പാദന സാങ്കേതികവിദ്യ.

അത്യുത്പാദനശേഷിയുള്ള പച്ചക്കറിക്കൃഷി.

## മഴപ്പന്തലിന്റെ ഉപയോഗം

ചകിരിച്ചോറു കമ്പോസ്റ്റിങ്ങും ജൈവകീടനാശിനികളുടെയും ജൈവനിയന്ത്രണസങ്കേതങ്ങളുടെയും പ്രയോഗവും.

## ഏകോപനം

കടമ്പൂർ ഗ്രാമപ്പഞ്ചായത്തു വക സ്ഥലം

എടക്കാടു ബ്ലോക്ക് പഞ്ചായത്ത് HADA

MNREGS

കാടാച്ചിറ സഹ. ബാങ്ക്

റയിഡ്കോ, കണ്ണൂർ

# ഉൽപ്പാദനമേഖലയിലെ ബ്രഹ്മഗിരി മാതൃക

ദരിദ്ര കർഷകർ, ഗ്രാമീണ തൊഴിലാളികൾ, ആദിവാസികൾ തുടങ്ങിയ ദുർബല ജനവിഭാഗങ്ങളുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇന്ത്യ (മാർക്സിസ്റ്റ്) വയനാട് ജില്ല കമ്മറ്റിയുടെ പിൻതുണയോടെ ജില്ലയിലെ കർഷക പ്രസ്ഥാനത്തിന്റെ നേതൃത്വത്തിൽ 1990 കളുടെ രണ്ടാം പകുതിയിൽ ദീർഘകാലാടിസ്ഥാനത്തിൽ ആവിഷ്ക്കരിച്ചതാണ് ബ്രഹ്മഗിരി ക്ഷീരവികസന പദ്ധതി. സ. പി. വി വർഗ്ഗീസ് വൈദ്യരാണ് മുൻകൈ എടുത്തത്. 1999 ൽ എൽ.ഡി.എഫ് സർക്കാർ നൽകിയ ഉത്തരവ് പ്രകാരമാണ് ചാരിറ്റബിൾ സൊസൈറ്റി ആക്ട് പ്രകാരം ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി രൂപീകരിച്ചത്. നിലവിൽ 12364 വ്യക്തികളും 27 സ്ഥാപനങ്ങളും അടക്കം 12391 അംഗങ്ങൾ ഉള്ളതിൽ 19 % ആദിവാസികളാണ്. ആകെ 91 ജീവനക്കാർ പ്രവർത്തിക്കുന്നു. വയനാട് കേന്ദ്രീകരിച്ച് രാജ്യമാകെ പ്രവർത്തന പരിധിയുള്ളതാണ് സ്ഥാപനം.

കാർഷിക പ്രതിസന്ധിയുടെ പശ്ചാത്തലത്തിൽ കർഷകകുടുംബങ്ങൾക്ക് സ്ഥിരമായ അധിക വരുമാനം ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെയാണ് പദ്ധതി ആവിഷ്ക്കരിച്ചത്. തീറ്റവസ്തുക്കളുടെ ലഭ്യത, തൊഴുത്ത് നിർമ്മാണം, കിടാരി വളർത്തൽ എന്നിവ കേന്ദ്രീകരിച്ച് ക്ഷീരവികസന വകുപ്പുമായി ചേർന്ന് നടത്തിയ പ്രവർത്തനങ്ങളിലൂടെ ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന ജില്ലയായി വയനാടിനെ മാറ്റുന്നതിന് വലിയ സംഭാവന നൽകാൻ സാധിച്ചു. 1999-2007 കാലഘട്ടത്തിൽ കടബാധ്യതകളും കർഷക ആത്മഹത്യകളും വയനാടിനെ ഗ്രസിച്ച സന്ദർഭത്തിൽ കർഷകർക്ക് തെല്ലെങ്കിലും ആശ്വാസമായത് ക്ഷീരമേഖലയാണ്. 2016 - 2017 ൽ മികച്ച ഇനം കിടാരികളെ വളർത്തുന്ന ഫാമുകൾ സ്ഥാപിച്ച് ഇടത്തട്ടുകാരില്ലാതെ ന്യായവിലയ്ക്ക് കർഷകർക്ക് ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കും.

2006 ലെ എൽ.ഡി. എഫ് സർക്കാർ ബ്രഹ്മഗിരി ഡയറി പദ്ധതിയുടെ ഭാഗമായ വൻകിട മാംസസംസ്ക്കരണ വ്യവസായം ആരംഭിക്കണമെന്ന പദ്ധതിക്ക് അംഗീകാരം നൽകി. കേന്ദ്ര സർക്കാരിൽനിന്ന് 4 കോടിയും സംസ്ഥാന സർക്കാർ ആർ. ഐ. ഡി. എഫ് ഫണ്ടിൽ നിന്ന് 10 കോടിയും അടക്കം 14 കോടി രൂപ അനുവദിച്ചു. കുടുംബശ്രീ യൂണിറ്റുകൾ, ക്ഷീരസംഘങ്ങൾ എന്നിവ നൽകിയ വായ്പ തുക ഉപയോഗിച്ചാണ് പദ്ധതിക്കാവശ്യമായ 11 ഏക്കർ ഭൂമി വാങ്ങിയത്. മൊത്തം 22.5 കോടി മതിപ്പ് ചെലവ് വന്ന പദ്ധതി 2007 നവംബർ 7 ന് തറക്കല്ലിട്ടു. 2013 ഒക്ടോബർ 26 ന് കമ്മീഷൻ ചെയ്തു.

പോത്ത്, ആട്, കോഴി എന്നിവയെ സംസ്ക്കരിച്ച് ശീതീകരിച്ച് കോൾഡ് ചെയിൻ പിൻതുണയോടെ മാംസം വിപണിയിലെത്തിക്കുന്ന മലബാർ മീറ്റ് ഫാക്ടറിയ്ക്ക് ഒരു ഷിഫ്റ്റിൽ 15 ടൺ ഉൽപ്പാദനശേഷിയുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള ഫാക്ടറിക്ക് എഫ്. എസ്. എസ് എ, ഐ. എസ്. ഒ സർട്ടിഫിക്കറ്റുകൾ ലഭിച്ചിട്ടുണ്ട്. 2014 മാർച്ച് 15 നാണ് ഉൽപ്പന്നങ്ങൾ വിപണിയിൽ എത്തിച്ചത്. 2015 ഡിസംബർ വരെ വയനാട്ടിൽ 25, കോഴിക്കോട് 2, കണ്ണൂർ 1 എന്നിങ്ങനെ 28 മലബാർ മീറ്റ് സവിശേഷ ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നു. 26 ഇനം മീറ്റ് ഉൽപ്പന്നങ്ങൾ ലഭ്യമാണ്. 2016 മാർച്ച് 31 നകം വയനാട്, കോഴിക്കോട് ജില്ലകളിലായി 100 ഔട്ട്ലെറ്റുകൾ അനുവദിക്കാനും തുടർന്ന് മലപ്പുറം, കണ്ണൂർ ജില്ലകളിലായി മറ്റൊരു 100 ഔട്ട്ലെറ്റുകൾ അനുവദിക്കാനും ഉള്ള തീരുമാനം പ്രഖ്യാപിച്ചിട്ടുണ്ട്. 2016 ൽ സംസ്ഥാനത്തെ എല്ലാ ജില്ലകളിലും പ്രധാന നഗരങ്ങളിൽ ഔട്ട്ലെറ്റുകൾ നൽകാൻ കഴിയുമെന്നാണ് പ്രതീക്ഷ

മലബാറിലെ ജില്ലകളിൽ കാസർഗോഡ് മുതൽ പാലക്കാട് വരെ മൃഗപരിപാലന ഫാമുകൾ സ്ഥാപിക്കുന്നതിലൂടെ 30,000 കുടുംബങ്ങൾക്ക് ജീവസന്ധാരണപിൻതുണ നൽകുകയാണ് പദ്ധതിയുടെ ലക്ഷ്യം. ആട്, കോഴി, പോത്ത് ഫാമുകൾ സ്ഥാപിക്കാൻ കർഷകർക്ക് വിവിധ ഉരുക്കളെ വിതരണം ചെയ്യുക, വൈദ്യസഹായം, തീറ്റവസ്തുക്കളുടെ ലഭ്യത, പരിശീലനം എന്നിവ ഉറപ്പുവരുത്തുക, വളർച്ചയെത്തിയ ഉരുക്കളെ സംഭരിക്കുക, സംസ്ക്കരിച്ച് വിപണനം ചെയ്യുന്ന മാംസ ഉൽപ്പന്നങ്ങളിലൂടെ ലഭിക്കുന്ന മിച്ചം അധിക വിലയായി കർഷകർക്കും ഫാം തൊഴിലാളികൾക്കും ലഭ്യമാക്കുക, ധനകാര്യ സ്ഥാപനങ്ങളുമായി സഹകരിച്ച് കർഷകർക്ക് വായ്പ വിതരണവും തിരിച്ചടവും ഉറപ്പാക്കുക. എന്നിവയാണ് പദ്ധതിയിലൂടെ നൽകുന്ന സേവനങ്ങൾ. ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിലൂടെ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ കുഞ്ഞുങ്ങളേയും തീറ്റവസ്തുക്കളും ലഭ്യമാക്കാനും ആദായകരമായ വില ഉരുക്കൾക്ക് നൽകാനും കഴിയുന്നുവെന്നതാണ് അനുഭവം. നിലവിൽ 3771 പോത്തുകുട്ടികളെ കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്.

1. പ്രിസിഷൻ ഫാമിംഗ് ഡിവിഷൻ : സൂക്ഷ്മകൃഷി വ്യാപകമാക്കുന്നതിനായി പോളി ഹൗസ്, ഓപ്പൺ ഫാം, മഴമറ, നെറ്റ് ഹൗസ് എന്നിവ കർഷകർക്ക് നിർമ്മിച്ച് നൽകുക, വായ്പയും സർക്കാർ സബ്സിഡിയും ലഭ്യമാക്കുക എന്നതാണ് ഈ ഡിവിഷൻ നിർവ്വഹിക്കുന്നത്.

2. അഗ്രി-കെമിക്കൽ ഡിവിഷൻ : പരിസ്ഥിതി സൗഹാർദ്ദ ഡിറ്റർജന്റ് ഉൽപ്പന്നങ്ങൾ 13 വർഷമായി

ജില്ലയിൽ വിതരണം ചെയ്യുന്നു. വ്യാവസായിക അടിസ്ഥാനത്തിൽ ഉള്ള യൂണിറ്റ് എന്ന രൂപത്തിൽ 2015–16 വർഷം മുതൽ ക്ലോത്തോ വാഷ്, ഡിഷ് വാഷ്, ഓട്ടോഗ്ലിന്റ്, ഫിനോഫ്ളഷ്, ഹാൻഡ് വാഷ്, ഡയറി ക്ലീൻ എന്നീ ഉൽപ്പന്നങ്ങളാണ് നിർമ്മിക്കുന്നത്.

3. ബ്രഹ്മഗിരി ഫാർമേഴ്സ് സൊസൈറ്റി : കർഷകരെയും സംസ്ക്കരണ വ്യവസായ ശാലകളെയും വിപണന കേന്ദ്രനങ്ങളെയും സേവനദാതാക്കളായ ത്രിതലപഞ്ചായത്തടക്കമുള്ള സ്ഥാപനങ്ങളെയും പരസ്പരം ബന്ധപ്പെടുത്താൻ ജില്ലാതലത്തിലും എല്ലാ പഞ്ചായത്തുകളിലും ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രൂപീകരിച്ച സംഘങ്ങളാണിവ. ഭാവിയിൽ ഇതര ജില്ലകളിലും മറ്റ് സംസ്ഥാനങ്ങളിലും സമാനമായ സൊസൈറ്റികൾ രൂപീകരിക്കണമെന്നതാണ് കാഴ്ചപ്പാട്.

4. സ്വയം സഹായ സംഘങ്ങൾ : ബ്രഹ്മഗിരിയുടെ കീഴിൽ 274 ഗ്രാമശ്രീ സ്വയം സഹായ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഏതാണ്ട് 90 ലക്ഷം രൂപയുടെ ത്രിഫ്റ്റ് ശേഖരിച്ചിട്ടുണ്ട്. സംസ്ഥാനത്താദ്യമായി ക്ഷീരകർഷകരുടെ സ്വാശ്രയസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കുന്നു.

5. ബ്രഹ്മഗിരി മാർക്കറ്റിംഗ് ഡിവിഷൻ : നിലവിൽ 31 മലബാർ മീറ്റ് വിപണന കേന്ദ്രങ്ങളും, 5 വയനാട് ഫ്രൂട്സ് & വെജിറ്റബിൾസ് വിപണന കേന്ദ്രങ്ങളും അടക്കം 36 ഔട്ട്ലെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. 2016 മാർച്ച് 31നകം കോഴിക്കോട് വയനാട് ജില്ലകളിൽ മാത്രം 125 ഔട്ട്ലെറ്റുകൾ ആക്കി ഉയർത്താൻ കഴിയുമെന്നാണ് പ്രതീക്ഷ.

6. ഫാം പ്ലാൻ പദ്ധതി : ഉത്പാദന-സംസ്കരണ – വിപണന – സേവന മേഖലകളിൽ നടത്തിയ ഇടപെടലുകളുടെ തുടർച്ചയായി കണിയാംമ്പറ്റ, മീനങ്ങാടി പഞ്ചായത്തുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കി വിജയകരമാണെന്ന് തെളിഞ്ഞ പദ്ധതിയാണിത്.

7. തൊഴിലാളി-കർഷക സാമൂഹ്യ സഹകരണ നിധി : മലബാർ മീറ്റ് പദ്ധതിക്ക് വന്ന ഗുരുതരമായ സാഹചര്യം മറികടക്കാൻ സാധിച്ചത് തൊഴിലാളി -കർഷക സാമൂഹ്യനിധി രൂപീകരിച്ച് പൊതുസമൂഹത്തിൽനിന്നു സമാഹരിച്ച ഉദാരമായ വായ്പകളിലൂടെയാണ്. നിരവധി വ്യക്തികളും സ്ഥാപനങ്ങളും നൽകിയ വായ്പയിലൂടെ 6കോടി രൂപയോളം സമാഹരിക്കാനും ആവശ്യപ്പെട്ടവർക്കെല്ലാം പലിശസഹിതം തിരിച്ചുനൽകാനും സാധിച്ചത് വയനാടിന് ഒരു പുതിയ അനുഭവമായി.

8. തൊഴിലാളി സ്വയംപരിപാലന വ്യവസ്ഥ : ഉദ്യോഗസ്ഥമേധാവിത്വ വ്യവസ്ഥയ്ക്ക് പകരം തൊഴിലാളികളും മാനേജർമാരും ഭരണസമിതിയംഗങ്ങളും ദൈനംദിനം യോഗം ചേർന്നും വാരാന്ത്യ-മാസാന്ത്യ വിലയിരുത്തലുകൾ നടത്തിയും വരവ് ചെലവ് കണക്കുകൾ സുതാര്യമായി അവതരിപ്പിച്ചും പരിപാലനം നിർവ്വഹിക്കുന്ന രീതിയാണ് തൊഴിലാളി സ്വയംപരിപാലന വ്യവസ്ഥ. 2012 സെപ്റ്റംബർ മുതൽ ബ്രഹ്മഗിരിയിലാകെ ഇത് നടപ്പിലാക്കി.

# കണ്ടൽ വനവൽക്കരണം

കേരള മത്സ്യ, സമുദ്ര പഠന സർവ്വകലാശാല (കേരള യൂണിവേഴ്സിറ്റി ഫോർ ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ്) യുടെ കീഴിലുള്ള പുതുവയ്പ്പ് ഫിഷറീസ് സ്റ്റേഷനിൽ ഒരു കണ്ടൽ ഗവേഷണ കേന്ദ്രം പ്രവർത്തിക്കുന്നുണ്ട്. സർക്കാരിന്റെ പ്ലാൻ പദ്ധതി പ്രകാരമാണ് ഇത് രൂപീകരിക്കപ്പെട്ടത്.

## പ്രധാന ദൗത്യങ്ങൾ

കണ്ടലുകളുടെ ജൈവവൈവിധ്യ സംരക്ഷണം, കണ്ടൽക്കാടുകൾ വച്ചുപിടിപ്പിച്ചുള്ള കടലോര / കായലോര വനവൽക്കരണം, പൊതുജനങ്ങളിൽ അവബോധം സൃഷ്ടിക്കൽ, കണ്ടൽ ചെടികളിൽ നിന്നുള്ള ബയോ ആക്ടീവ് സംയുക്തങ്ങളെക്കുറിച്ചുള്ള ഗവേഷണം.

കഴിഞ്ഞ 3 വർഷങ്ങൾക്കുള്ളിൽ 2 ലക്ഷത്തോളം കണ്ടൽ തൈകൾ ഈ സ്റ്റേഷനിൽനിന്ന് വനം വകുപ്പിനും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും സ്വകാര്യ സ്ഥാപനങ്ങൾക്കും മറ്റുമായി വിതരണം ചെയ്തുകഴിഞ്ഞു. കണ്ടൽ കാടുകളുടെ മേന്മകൾ ഇനിയും ഇനിയും പൊതുസമൂഹത്തിലേയ്ക്ക് എത്തേണ്ടതുണ്ട്.

മാനവരാശി പുറത്തുവിടുന്ന കാർബൺഡൈഓക്സൈഡിന്റെ വലിയൊരു സംഭരണ കേന്ദ്രമാണ് കണ്ടലുകൾ (കാർബൺ സ്വീക്വസ്ട്രേഷൻ).

ലോകത്ത് ഏറ്റവും ഫലഭൂയിഷ്ടമായ പാരിസ്ഥിതിക കേന്ദ്രങ്ങളാണ് കണ്ടൽക്കാടുകൾ.

വിവിധതരം മത്സ്യ/ചെമ്മീൻ/ഞണ്ട് കുഞ്ഞുങ്ങളുടെ പ്രകൃത്യായുള്ള നഴ്സറിയാണ് കണ്ടലുകൾ. താഴേക്കിടയിലുള്ള ജനസമൂഹത്തിന്റെ നിത്യജീവിതത്തിൽ വിറകായും മരമായും കണ്ടൽ ഉപയോഗപ്പെടുന്നു.

സുനാമി, കൊടുങ്കാറ്റ് തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളിൽനിന്നു കടലോര / കായലോര വാസികളെ ഒരു പരിധിവരെ സംരക്ഷിക്കുന്നത് കണ്ടൽവനങ്ങളാണ് (തമിഴ്നാട്ടിലെ പിച്ചാവനം എന്ന സ്ഥലം 2004 ലെ സുനാമിയിൽനിന്നു രക്ഷപെട്ട കാര്യം ഓർക്കുക).

ഇത്രയൊക്കെ ഗുണങ്ങൾ പ്രത്യക്ഷമായും പരോക്ഷമായും ചെയ്തിട്ടും കണ്ടലുകൾ ലോകമാകമാനം നശിപ്പിക്കപ്പെട്ടു വരികയാണ്. കേരളത്തിൽത്തന്നെ കെ

ട്ടിടനിർമ്മാണത്തിനും ജലകൃഷിയ്ക്കും വ്യാവസായി കാവശ്യങ്ങൾക്കുമായി അനേകം ഹെക്ടർ കണ്ടൽ ഇതിനോടകം നഷ്ടപ്പെട്ടുകഴിഞ്ഞു. മുമ്പ് 700 ചതുരശ്ര കിലോമീറ്റർ ഉണ്ടായിരുന്ന കണ്ടൽ വനങ്ങൾ ഏറ്റവും പുതിയ കണക്ക് പ്രകാരം 17 ചതുരശ്ര കിലോമീറ്ററായി കുറഞ്ഞിരിക്കുന്നു.

അതുകൊണ്ട്തന്നെ കണ്ടൽ വനവൽക്കരണത്തിനായി സർക്കാർ കാര്യമായ രീതിയിൽ ഇടപെടേണ്ടതുണ്ട്. യാതൊന്നും ചെയ്യാതെതന്നെ ഒരു ഹെക്ടർ കണ്ടൽ വനത്തിന് 400 മുതൽ 500 കിലോഗ്രാം വരെ മത്സ്യം ഉൽപ്പാദിപ്പിക്കുവാൻ കഴിയുമെന്നാണ് കണക്കാക്കപ്പെട്ടിരിക്കുന്നത്. പുതുവയ്പ്പ് ഫിഷറീസ് സ്റ്റേഷന് ഇക്കാര്യത്തിൽ കാര്യമായ സംഭാവനകൾ നൽകാനാകും.

ഡോ. കെ. ദിനേശ്
0484-2502587 / 9446032977

# കൊല്ലം ജില്ലാ പഞ്ചായത്ത് : ആദിവാസി മേഖലയിലെ പ്രവർത്തനം

ശിശുമരണ നിരക്ക് ഏറ്റവും കൂടുതൽ ആദിവാസി വിഭാഗങ്ങളിലാണ്. ആദിവാസി സ്ത്രീ പ്രസവിച്ചശേഷമുള്ള പരിരക്ഷയാണ് ഇന്നും അവർക്ക് ലഭിക്കുന്നത്. അതുകൊണ്ട് ശിശുമരണം ഒഴിവാക്കുവാൻ കഴിയില്ല.

അമ്മ ഗർഭിണി ആകുന്ന നാൾ മുതൽ അമ്മയ്ക്കും കുഞ്ഞിനും സംരക്ഷണം നൽകുന്ന ഒരു പദ്ധതി കൊല്ലം ജില്ലാ പഞ്ചായത്ത് നടപ്പിലാക്കി. കേരളത്തിൽ ആദിവാസി ശിശുമരണം ഇല്ലാത്ത ജില്ല എന്ന ബഹുമതി കൊല്ലം നേടി.

ആദിവാസിഗർഭിണികൾക്ക് 1000 രൂപയുടെ പോഷകാഹാര കിറ്റാണ് എല്ലാ മാസവും ജില്ലാ പഞ്ചായത്ത് സാമൂഹ്യനീതി, ട്രൈബൽ ഡവലപ്പ്മെന്റ് വഴി നൽകുന്നത്. ഹോർലിക്സ്, ചെറുപയർ, വെള്ളക്കടല, ഓട്സ്, നിലക്കടല, കശുവണ്ടിപ്പരിപ്പ് എന്നിവയാണ് നൽകുന്നത്. ഒരു വർഷം കുറഞ്ഞത് 90 പേർക്ക് ഗുണം ലഭ്യമാക്കും.

സെന്റർ ഫോർ പബ്ളിക്ക് ഹെൽത്ത് പ്രോട്ടക്ഷൻ നടത്തിയ പഠനത്തിൽ ആനുകൂല്യം ലഭിച്ച അമ്മമാർ പ്രസവിച്ച കുട്ടികൾ നല്ല ആരോഗ്യമുള്ളവരാണ് എന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ മാതൃക കേരളത്തിലാകെ തുടങ്ങിയാൽ ശിശുമരണം ഇല്ലാതാക്കാൻ കഴിയുമെന്ന് കണ്ടെത്തുകയുണ്ടായി.

ആദിവാസി ഊരുകളിൽ എത്തുന്നതിന് സഞ്ചരിക്കുന്ന മൊബൈൽ ഹോസ്പിറ്റൽ, ആദിവാസി മേഖലകളിലെ ഹോസ്പിറ്റലുകളിൽ ആദിവാസി രക്ഷയ്ക്കുവേണ്ടി പ്രമോട്ടറന്മാരുടെ സേവനം, രോഗ വിവരം അറിഞ്ഞാൽ രോഗിയെ കൂട്ടികൊണ്ട് ഹോസ്പിറ്റലിൽ വരുന്നതിനുള്ള സൗകര്യം എന്നിവ ആദിവാസികൾക്ക് ലഭ്യമാക്കി.

പദ്ധതിയിലൂടെ ആദിവാസി മേഖലയിലെ കുഞ്ഞുങ്ങളുടെ ജനിക്കുമ്പോഴുള്ള ശരീരഭാരത്തിൽ വ്യത്യസങ്ങൾ വന്നിട്ടുണ്ടോയെന്ന് വാൻ സെന്റർ ഫോർ പബ്ലിക് ഹെൽത്ത് പ്രോട്ടഷന്റെ ആഭിമുഖ്യത്തിൽ പഠിക്കുകയുണ്ടായി.

2014 ജനുവരി ഒന്നുമുതൽ 2015 ജൂലൈ 30 വരെയുള്ള 19 മാസക്കാലം കൊല്ലം ജില്ലയിലെ ആദിവാസി മേഖലകളിൽ നടന്നിട്ടുള്ള 72 സജീവ പ്രസവങ്ങളുടെയും വിശദാംശങ്ങൾ പരിശോധിച്ചു. ഇവരിൽ 35 പേർ പോഷകാഹാര പദ്ധതി തുടങ്ങുന്നതിന് മുമ്പ് പ്രസവിച്ച സ്ത്രീകളാണ്. പോഷകാഹാര പദ്ധതി ലഭ്യമായ 37 അമ്മമാരുടെ കുഞ്ഞുങ്ങളുടെ ശരാശരി ജന്മഭാരം 2.73 കിലോഗ്രാമാണ്. ബാക്കി 35 അമ്മമാരുടെ കുഞ്ഞുങ്ങളുടെ ശരാശരി ജന്മഭാരം 2.59 കിലോഗ്രാമാണ്. 120 ഗ്രാം ശരാശരി തൂക്കം കൂടിയിരിക്കുന്നുയെന്ന് സാരം.

കുഞ്ഞുങ്ങൾക്ക് 2.5 കിലോഗ്രാം എങ്കിലും ശരീരഭാരം ജനിക്കുമ്പോൾ ഉണ്ടാവണം. താഴെ പറയുന്ന ടേബിൾ പോഷകാഹാര പദ്ധതി ലഭിച്ച ആദിവാസി സ്ത്രീകളുടെയും പദ്ധതി തുടങ്ങും മുമ്പ് പ്രസവിച്ച ആദിവാസി സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെ ശരീരഭാരത്തിന്റെ നിരക്ക് കൊടുത്തിരിക്കുന്നു.

| | കുഞ്ഞിന്റെ ജന്മഭാരം 2.5 കിലോയിൽ കൂടുതൽ | ജന്മഭാരം 2.5 കിലോയിൽ കുറവ് |
|---|---|---|
| പോഷകാഹാര പദ്ധതി ലഭിച്ച ഗർഭിണികൾ | 11 (29.7%) | 26 (70.3%) |
| പോഷകാഹാര പദ്ധതി ലഭിക്കാത്ത ഗർഭിണികൾ | 16 (45.7%) | 19 (54.3%) |
| ആകെ | 27(37.5%) | 45(62.53%) |

കൊല്ലം ജില്ലയിലെ ആദിവാസി മേഖലയിലെ കുഞ്ഞുങ്ങളുടെ ജന്മഭാരക്കുറവ് (2.5 കിലോയിൽ താഴെ) 45.7% ആയിരുന്നത് ജില്ലാ പഞ്ചായത്തിന്റെ ഗർഭിണികൾക്കുള്ള പോഷകാഹാര പദ്ധതി ആരംഭിച്ച ശേഷം 29.7% ആയി കുറഞ്ഞിരിക്കുന്നു.

| | കുഞ്ഞിന്റെ ജന്മ ഭാരം 3 കിലോയിൽ കുറവ് | ജന്മഭാരം 3 കിലോയിൽ കൂടുതൽ |
|---|---|---|
| പോഷകാഹാര പദ്ധതി ലഭിച്ച ഗർഭിണികൾ | 26 (70.3%) | 11 (29.7%) |
| പോഷകാഹാര പദ്ധതി ലഭിക്കാത്ത ഗർഭിണികൾ | 32 (91.4%) | 3 (8.6%) |
| ആകെ | 58 (80.6%) | 14 (19.4%) |

പോഷകാഹാര പദ്ധതി ആരംഭിക്കും മുമ്പ് ജനിച്ച കുഞ്ഞുങ്ങളിൽ 3 കിലോഗ്രാമിൽ കൂടുതൽ ശരീരഭാരം ഉണ്ടായിരുന്നത് 8.6% പേർ മാത്രം ആയിരുന്നപ്പോൾ പോഷകാഹാര പദ്ധതി ലഭിച്ച അമ്മമാർക്ക് ജനിച്ച കുഞ്ഞുങ്ങളിൽ 29.7% കുഞ്ഞുങ്ങളും 3 കിലോഗ്രാമിൽ കൂടുതൽ ശരീരഭാരം ഉള്ളവരായിരുന്നു.

ഇത്തരത്തിൽ ചുരുങ്ങിയ കാലയളവിൽ തന്നെ പ്രകടമായ മാറ്റങ്ങൾ ആദിവാസിമേഖലയിൽ മാതൃശിശു സംരക്ഷണത്തിൽ വരുത്തുവാൻ പദ്ധതിക്കു കഴിഞ്ഞിട്ടുണ്ട്. നിലവിൽ 30% ആദിവാസി മേഖലയിലെ കുഞ്ഞുങ്ങളും 2.5 കിലോഗ്രാമിൽ താഴെ മാത്രം ജന്മഭാരം ഉള്ളവരാണ്. ഈ പദ്ധതി തുടർന്നാൽ ഇത് നിസംശയം കുറയ്ക്കുവാൻ കഴിയും എന്ന് മാത്രമല്ല ആദിവാസി മേഖലയിലെ പോഷകാഹാരക്കുറവ് എന്ന പ്രശ്നത്തിന് തന്നെ പരിഹാരം കാണാൻ കഴിയും.

ഇതുവരെ 70 പേർ ആണ് ജില്ലാ പഞ്ചായത്തിന്റെ പോഷകാഹാര പദ്ധതിയുടെ ഗുണഭോക്താക്കൾ. അവരിൽ 37 പേർ പ്രസവിച്ചു കഴിഞ്ഞു. ശരാശരി 120 ഗ്രാം ഓരോ കുഞ്ഞിനും തൂക്കം കൂടിയാൽ 8.4 കിലോഗ്രാം എല്ലാ കുട്ടികൾക്കുമായി ജന്മഭാരം ആദിവാസി മേഖലയിൽ കൂടും. അങ്ങനെയെങ്കിൽ ആദിവാസി മേഖലയിലെ എല്ലാ കുഞ്ഞുങ്ങൾക്കുമായി ശരാശരി ഭാരം 1 ഗ്രാം കൂട്ടുവാൻ ജില്ലാ പഞ്ചായത്ത് ചിലവിട്ടത് വെറും 140 രൂപ മാത്രം.

എസ്.ജയമോഹൻ
മുൻ പ്രസിഡന്റ് കൊല്ലം ജില്ലാ പഞ്ചായത്ത്

# ഹോം ഷോപ്പ് – ഒരു കോഴിക്കോടൻ വിജയഗാഥ

കേരളത്തിന്റെ സുസ്ഥിര വികസന ചർച്ചകളിലേക്ക് കോഴിക്കോട് ജില്ലയുടെ സംഭാവനയാണ് പ്രാദേശികമായുണ്ടാക്കുന്ന ഉല്പന്നങ്ങൾക്ക് സുസ്ഥിരമായ വിപണി സൃഷ്ടിക്കുന്ന ഹോം ഷോപ്പ് പദ്ധതി.

കൊയിലാണ്ടിയിൽ 2010 ജൂലൈ 29ന് 25 ഹോം ഷോപ്പ് ഓണർമാരും 9 ഉല്പന്നങ്ങളുമായി തുടക്കം കുറിച്ച ഹോം ഷോപ്പ് പദ്ധതിയ്ക്ക് ഇന്ന് വിവിധ ഗ്രാമപ്പഞ്ചായത്തുകളിൽ പ്രവർത്തിക്കുന്ന ഇരുപത് ഉല്പാദന യൂണിറ്റുകളിലായി മുപ്പതിലേറെ വ്യത്യസ്ത ഉല്പന്നങ്ങളും അവയിൽ പ്രവർത്തിക്കുന്ന 128 കുടുംബങ്ങളും ഉല്പന്നങ്ങൾ വീടുകയറി വിൽക്കുന്ന 485 ഹോം ഷോപ്പ് ഓണർമാരും അവരുടെ കുടുംബങ്ങളും ബ്ലോക്ക് കോ-ഓർഡിനേറ്റർമാർ, മാനേജ്മെന്റ് ടീം അംഗങ്ങൾ, ഓഫീസ് സ്റ്റാഫ് തുടങ്ങി 18 പേരും ആകെ 631 കുടുംബങ്ങൾ പദ്ധതിയിൽ ഉപജീവനം നടത്തിവരുന്നു. ഓരോ വാർഡിലും ഹോം ഷോപ്പുകൾ സ്ഥാപിച്ച് ഗുണനിലവാരമുള്ള കുടുംബശ്രീ ഉല്പന്നങ്ങൾ സ്ഥിരമായി വീടുകളിലെത്തിച്ച് നേർവിപണനത്തിന് പുതിയ മാതൃകകൾ തീർക്കുന്ന ഹോം ഷോപ്പ് പദ്ധതി ജില്ലയിലെ 52 കുടുംബശ്രീ സി.ഡി.എസ്സുകളിലേക്ക് ഇതിനകം വ്യാപിപ്പിച്ചു കഴിഞ്ഞു.

സംസ്ഥാനമൊട്ടാകെ പദ്ധതി വ്യാപിപ്പിക്കുന്നതിന് പദ്ധതിയുടെ വിജയം പ്രചോദനമായി. കോഴിക്കേ ജില്ലയിലെ മാനേജ്മെന്റ് ടീം തന്നെയാണ് മറ്റു ജില്ലകളിലെ പരിശീലനവും മാർഗ്ഗനിർദ്ദേശവും നല്കുന്നതും നല്കുന്നതും.

## ക്ഷേമ പദ്ധതികളും സാമൂഹ്യസുരക്ഷാ പദ്ധതികളും

വീടുകൾ കയറി വിപണനം നടത്തുന്ന ഹോം ഷോപ്പ് ഓണർമാർക്കുവേണ്ടി നിരവധി ക്ഷേമപദ്ധതികളും സാമൂഹ്യ സുരക്ഷാ പദ്ധതികളും ഏർപ്പെടുത്താൻ കഴിഞ്ഞത് ഹോം ഷോപ്പ് പദ്ധതിയുടെ പ്രത്യേകതയാണ്.

മാനേജ്മെന്റ് ടീം വ്യത്യസ്ത പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നു

ഗ്രാമപ്പഞ്ചായത്തുകളിൽ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതോ അല്ലെങ്കിൽ പ്രവർത്തനം നിലച്ചുപോയതോ ആയ ഉല്പാദന യൂണിറ്റുകളെ കണ്ടെത്തുക. രണ്ടും ഇല്ലെങ്കിൽ പുതുതായി ഒരു യൂണിറ്റ് രൂപീകരിക്കുക.

പ്രസ്തുത യൂണിറ്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്ന ഉല്പന്നങ്ങളിൽ നിർമ്മാണപരിശീലനം നടത്തുക. ഉല്പന്നങ്ങൾക്ക് മികച്ച ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനാണ് നിർമ്മാണപരിശീലനം മാനേജ്മെന്റ് ടീമിന്റെ മേൽനോട്ടത്തിൽത്തന്നെ നടത്തുന്നത്.

പൊതു വിപണിയിൽ ലഭിക്കുന്ന ഏതൊരു ഉല്പന്നത്തേയും പോലെ മികച്ച പായ്ക്കിംഗിലാണ് എല്ലാ ഉല്പന്നങ്ങളും ഒരുക്കിയിട്ടുള്ളത്. പായ്ക്കിംഗിലും മേൽനോട്ടത്തിൽ വിദഗ്ദ്ധ പരിശീലനവും ഉല്പന്ന വിൽപനയ്ക്ക് പാകമാകുന്നതുവരെയുള്ള പിന്തുണാ സംവിധാനവും ഉറപ്പുവരുത്തുന്നു.

സമാന്തരമായി നടത്തുന്ന മറ്റൊരു പ്രവർത്തനം ഹോം ഷോപ്പ് ഓണർമാരെ സംഘടിപ്പിച്ചു സജ്ജരാക്കുക എന്നതാണ്. കുടുംബശ്രീ സംഘടനാ സംവിധാനങ്ങൾ വഴി അപേക്ഷ ക്ഷണിച്ച്, ഇന്റർവ്യൂ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്ക് അര ദിവസത്തെ ഓറിയന്റേഷൻ ട്രെയിനിംഗും ആറ് ദിവസത്തെ വിദഗ്ദ്ധ പരിശീലനവും നൽകുന്നു.

മുഴുവൻ ഉല്പന്നങ്ങളും മാനേജ്മെന്റ് ടീമിന്റെ ഗോഡൗണുകളിൽ സംഭരിക്കുകയും മാനേജ്മെന്റ് ടീമിന്റെ വാഹനങ്ങളിൽ ആവശ്യപ്പെടുന്നതിനനുസരിച്ച് എച്ച്.എസ്.ഒ മാരുടെ വീടുകളിൽ എത്തിച്ചു നൽകുകയും ചെയ്യുന്നു.

എല്ലാ മാസവും നടക്കുന്ന റിവ്യൂ മീറ്റിംഗുകൾ ഈ സംവിധാനത്തിന്റെ സവിശേഷതയാണ്. സ്നേഹം പങ്കിടുന്ന വേദികൾ കൂടിയാണ് റിവ്യൂ മീറ്റിംഗുകൾ. മോട്ടിവേഷൻ ക്ലാസ്സുകളും ഉല്പാദകരുമായി മുഖാമുഖങ്ങളും റിവ്യൂ മീറ്റിംഗുകളിൽ നടക്കാറുണ്ട്. നിലവിൽ 7 മേഖലകളിലായാണ് റിവ്യൂ മീറ്റിംഗുകൾ.

## നിർദ്ദേശങ്ങൾ

- ജില്ലയ്ക്ക് പുറത്തുള്ള കുടുംബശ്രീ യൂണിറ്റുകളിൽ നിന്നും സദൃശങ്ങളായ മറ്റ് യൂണിറ്റുകളിൽ നിന്നും ഉൽപ്പന്നങ്ങൾ വിപണത്തിന് എടുക്കാൻ കഴിയണം.
- ഇപ്പോൾ ഇല്ലാത്തതും എന്നാൽ ഉപഭോക്താക്കൾക്ക് ആവശ്യമുള്ളതുമായ ഉല്പന്നങ്ങൾ ഏവ? ഒരു വീട്ടിൽ എത്ര വേണ്ടി വരും? എച്ച്. എസ്. ഒ മാർ സന്ദർശിക്കുന്ന എല്ലാ വീടുകളിൽ നിന്നും ഈ വിവരങ്ങൾ ശേഖരിക്കണം. ഇതിനായി ഒരു പെർഫോർമ അച്ചടിച്ചു നൽകാം. ഒരു തരം മാർക്കറ്റിംഗ് സർവ്വേ ആണിത്. പ്രൊഫോർമ തയ്യാറാക്കാൻ വിദഗ്ദ്ധരുടെ സഹായം തേടാം.
- അസംസ്കൃത പദാർത്ഥങ്ങൾ ഏറ്റവും കുറഞ്ഞ വിലയ്ക്ക്, ഉല്പാദിപ്പിക്കുന്ന ഇടങ്ങളിൽനിന്ന് സംഭരിക്കണം. വില കുറയും. തീരമൈത്രി സദൃശ സംഘടനയാണ്. അവരുമായി ചേർന്ന് അസംസ്കൃത പദാർത്ഥങ്ങൾ കൂടുതൽ വലിയ അളവിൽ സംഭരിക്കാം.
- കോഴിക്കോട് സ്കിൽ ഡവലപ്മെന്റ് സെന്ററിന്റെ ശേഷികളും സാധ്യതകളും പരമാവധി പ്രയോജനപ്പെടുത്തണം.

1. വിദഗ്ദ്ധരുടെ സഹായം ലഭ്യമാക്കൽ
2. സംരംഭക വിരുത് കോഴ്സ് നടത്തുക, സംരംഭങ്ങൾ ആരംഭിക്കുക.
3. സമഗ്രമായ ഒരു തദ്ദേശ പദ്ധതി തയ്യാറാക്കി ജില്ലാ പഞ്ചായത്തിന് സമർപ്പിക്കുക.

- പ്രവർത്തന മൂലധനം ഉല്പാദന യൂണിറ്റിന്റെ മാത്രം ബാധ്യതയായി ഒതുക്കാതെ വിപണന യൂണിറ്റുകൾ കൂടി ഭാഗികമായി വഹിക്കുക. അതിന് ആനുപാതികമായി കമ്മീഷൻ കൂടാം. വിവിധ ഘടകങ്ങൾക്കിടയിൽ വീതം വെപ്പ് പരസ്പരം ബോധ്യപ്പെടണം; സുതാര്യവുമായിരിക്കണം.
- ഒരു മണിക്കൂർ അധ്വാനത്തിന് ലഭിക്കുന്ന പ്രതിഫലത്തിൽ കാര്യമായ അന്തരം ഉണ്ടാകരുത്. പരമാവധി 1 : 3, 1 : 2 ആണ് കൂടുതൽ അഭികാമ്യം. ഇത് മിനിമം 50 രൂപയെങ്കിലും കിട്ടുമെന്ന് ഉറപ്പാക്കണം. 100 രൂപയിൽ കൂടുതലായാൽ സംരംഭം സ്ഥിരമായി നിലനിൽക്കും.
- ശാസ്ത്രീയമായി നടത്തിയ ഉപഭോഗ-ഡിമാന്റ് സർവ്വേയ്ക്കു ശേഷം ജില്ലയ്ക്കാകെ ഒരു ദീർഘകാല കർമ്മ പദ്ധതി ആസൂത്രണം ചെയ്യണം. അതിനായി ഒരു തുറന്ന ചർച്ച - മസ്തിഷ്ക മഥനം - നടത്താം. ഈ പരിപാടിയിൽ ഉപഭോക്താക്കളുടെ കാഴ്ചപ്പാട് രൂപീകരിക്കുന്നതിനായുള്ള പൗരബോധന പരിപാടികളും ഉണ്ടാകണം. കാലാവസ്ഥാ മാറ്റം, കാർബൺ പാദമുദ്ര നമ്മുടേതടക്കമുള്ള ഉപഭോഗ ശീലം എന്നിവ പരസ്പരം ബന്ധിപ്പിക്കണം.
- ഉല്പന്നങ്ങളുടെ എണ്ണം ചുരുങ്ങിയത് നൂറെണ്ണമെങ്കിലും ഉണ്ടാവണം.
- ഫെസിലിറ്റേഷൻ റോൾ മാത്രമേ ഹോം ഷോപ്പിന്റെ കാര്യത്തിൽ സ്റ്റേറ്റ് എടുക്കേണ്ടതുള്ളൂ. ബിസിനസ്സിൽ വളർച്ചയുണ്ടാകുമ്പോൾ ആശങ്കപ്പെടേണ്ടതില്ല. അതിന്റെ വളർച്ചയിൽ അഭിമാനിക്കുകയാണ് വേണ്ടത്.
- ഗ്രാമപ്പഞ്ചായത്ത് അസോസിയേഷൻ, സ്കൂൾ-വിദ്യാഭ്യാസ അധികാരികൾ എന്നിവരിലേക്ക് ആശയങ്ങൾ എത്തിക്കണം.
- കുടുംബശ്രീ വഴി ആരംഭിച്ച മിക്ക ഉൽപാദന യൂണിറ്റുകളും ക്ഷയിച്ച് ഇല്ലാതാവുകയോ, പൂട്ടിപ്പോവുകയോ ചെയ്തിട്ടുണ്ട്. അവ കണ്ടെത്തി പുനരുജ്ജീവിപ്പിക്കാൻ കഴിയണം. അവയെ ഈ പദ്ധതിയുമായി ബന്ധപ്പെടുത്താൻ കഴിയണം.
- ഈ പദ്ധതിയെ മാധ്യമങ്ങൾ വഴി ജനശ്രദ്ധയിലേക്ക് കൊണ്ടുവരണം. ഇത് സാധ്യമാണ് എന്നു തെളിയിക്കാൻ കഴിഞ്ഞു.
- ക്വാളിറ്റി ഉറപ്പുവരുത്തുന്ന സംവിധാനം ഉണ്ടാവണം. വിദഗ്ദ്ധരായവരെ ഉൾപ്പെടുത്തി ലോക്കലായി സെർട്ടിഫൈ ചെയ്യാനുള്ള സംവിധാനമുണ്ടാക്കിയാൽ മതി. സ്കിൽ ഡവലപ്മെന്റ് സെന്ററിനെ പ്രയോജനപ്പെടുത്താം.
- വിവധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ/കുടുംബശ്രീയുടെ വാർഷിക പദ്ധതിയിൽ ഉല്പാദനം, വിപണനം എന്നിവയിൽ ഹോം ഷോപ്പിന്റെ സാധ്യതകൂടി കണ്ട് പദ്ധതി തയ്യാറാക്കുക.

- ജില്ലാ പഞ്ചായത്തിന് പലതും ചെയ്യാൻ കഴിയും. ശില്പശാല നടത്തി പദ്ധതി രൂപപ്പെടുത്താം.
- കുടുംബശ്രീയുടെ പോളിസി ഈ പദ്ധതിയിക്ക് അനുകൂലമാക്കി മാറ്റുന്നതിന് ഇടപെടൽ നടത്തണം.
- ഒരു ബ്ലോക്ക് പഞ്ചായത്തിൽനിന്ന് ഒരു ഉല്പന്ന നിർമ്മാണ യൂണിറ്റെങ്കിലും അടിയന്തിരമായി ഉണ്ടാക്കിയെടുക്കണം. ജില്ലാ പഞ്ചായത്ത് നേതൃത്വം വഹിക്കണം. കെ. എസ് ബന്ധപ്പെടണം.
- മൂലധന അഭാവം പരിഹരിക്കുന്നതിന് ബാങ്കുകളുമായി ബന്ധപ്പെട്ട് പലിശരഹിത വായ്പ, മിനിമം പലിശയുള്ള വായ്പ എന്നിവ ലഭ്യമാക്കണം. വ്യക്തികളേയും സമീപിക്കാവുന്നതാണ്. പിന്നോക്ക വിഭാഗ വികസന കോർപ്പറേഷൻ, വനിതാ വികസന കോർപ്പറേഷൻ എന്നിവരേയും ബന്ധപ്പെടണം.
- പ്രാദേശിക ഉല്പന്നങ്ങളുടെ ഉപഭോഗം വിഷയമാക്കി വിപുലമായ ഒരു പൗരബോധന പരിപാടി സംഘടിപ്പിക്കാം.
- എല്ലാ ടൗണുകളിലും ഒരു കട തുടങ്ങാവുന്നതാണ്. അതിന്റെ സ്ഥിരമായ നിലനിൽപിനുവേണ്ടി ഒരു മാനേജ്മെന്റ് ടീം ഉണ്ടാവുന്നത് നന്ന്. ജില്ലാ പഞ്ചായത്തിന് തുടങ്ങാൻ കഴിയും. ഒന്നാമത്തേത് കൊയിലാണ്ടിയിൽ തുടങ്ങാം.

പി. പ്രസാദ്

# സഹകരണ സംഗീതം: പെരിങ്ങൂർ

സമഗ്രമായ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കിയ ജില്ലയിലെ ആദ്യത്തെ ബാങ്ക്, സംസ്ഥാനത്ത് ആദ്യമായി മെഡിക്കൽ കോളേജിൽ ആരംഭിച്ച നീതി മെഡിക്കൽ സ്റ്റോർ, നബാർഡിന്റെ സഹായത്തോടെ 112 വനിത സ്വയംസഹായ സംഘങ്ങളുടെ രൂപീകരണം എന്നിവ ഇക്കാലത്തുണ്ടായി. നിലവിൽ 120 കോടി രൂപ നിക്ഷേപവും 95 കോടി രൂപ വായ്പയും ഉണ്ട്. 25% ഡിവിഡന്റ് നൽകി വരുന്നു.

## ഇടപെടൽ മേഖലകൾ- നെൽകൃഷി

വടക്കാഞ്ചേരി മോഡൽ എന്ന നെൽക്കൃഷി രംഗത്തെ പ്രസിദ്ധമായ ഇടപെടലിൽ വടക്കാഞ്ചേരി ബ്ലോക്ക് പഞ്ചായത്തിനൊപ്പം സുപ്രധാനമായ പങ്ക് വഹിക്കുവാൻ ബാങ്കിന് കഴിഞ്ഞു. കാർഷികരംഗത്തെ തുണ്ടുവല്ക്കരണത്തിന് പ്രതിവിധിയായി പാടശേഖര സമിതികളുടെ കൂട്ടായ്മയിലൂടെ ഗ്രൂപ്പ് മാനേജ്മെന്റിന്റെ സാദ്ധ്യതകൾക്ക് രൂപം നല്കുകയും യന്ത്രവല്ക്കരണം നടപ്പിലാക്കുകയും ചെയ്തു. ഇതിന്റെ ഭാഗമായാണ് കേരളത്തിലെ ആദ്യത്തെ വിദഗ്ദ തൊഴിലാളികളുടെ ലേബർ ബാങ്ക് 'ഗ്രീൻ ആർമി' രൂപീകരിച്ചത്.

ഇതേസമയം പാടശേഖര സമിതികൾക്ക് പലിശരഹിത വായ്പ നൽകിയും ലേബർ ബാങ്കിലെ അംഗങ്ങളുടെ ശമ്പളം, പെൻഷൻ, ക്ഷേമനിധി എന്നിവ വിതരണം ചെയ്തും ബ്ലോക്ക് പഞ്ചായത്തിന് ബാങ്ക് ഉറച്ച പിന്തുണ നല്കി. പ്രാദേശിക വികസനത്തിന്റെ നട്ടെല്ല് നെൽക്കൃഷിയാണ് എന്ന തിരിച്ചറിവോടെ ഈ രംഗത്ത് പുതിയ കാൽവെയ്പുകൾ നടത്താനായി.

## നാട്ടുപച്ച- പലതുള്ളി കൃഷിയിടം

നെൽക്കൃഷി രംഗത്തെ ഇടപെടലുകളുടെ തുടർച്ചയായി പച്ചക്കറിക്കൃഷി രംഗത്തും സാർത്ഥകമായ ചില പ്രവർത്തനങ്ങളുമായി മുന്നിട്ടിറങ്ങാൻ ബാങ്കിനു സാധിച്ചു.

പച്ചക്കറികളും പഴങ്ങളും കിഴങ്ങുകളും കൃഷി ചെയ്യുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കി.

എല്ലാവർക്കും കൃഷി ചെയ്യാനാവില്ല. കൃഷി ചെയ്യുന്നവർക്ക് സാമ്പത്തികവും അല്ലാത്തതുമായ സഹായങ്ങളും സേവനങ്ങളും പ്രദാനം ചെയ്യുകയും പ്രോത്സാഹനം നല്കുകയും ചെയ്യുക, വിപണനത്തിന് വഴി തുറക്കുക, സംഘകൃഷിയുടേയും സുരക്ഷിത ഭക്ഷണത്തിന്റേയും രാഷ്ട്രീയവും സാമ്പത്തികവുമായ പ്രാധാന്യം പ്രചരിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് ബാങ്ക് ഈ രംഗത്ത് ഇടപ്പെട്ടത്.

- JLGകൾ രൂപീകരിച്ച് വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യാൻ വനിതാസംഘങ്ങൾക്ക് സഹായമെത്തിക്കുന്ന നാട്ടുപച്ച- പലതുള്ളി കൃഷിയിടങ്ങൾ 110 വനിതാ സംഘങ്ങളിലേയ്ക്ക് വ്യാപിപ്പിച്ചു.
- മട്ടുപാവ് പച്ചക്കറി കൃഷി വ്യാപിപ്പിച്ചു.
- കൃത്യതാകൃഷിരീതിയിൽ നടത്തുന്ന കൃഷിക്കും മഴമറയ്ക്കും പ്രത്യേക വായ്പ നല്കി, ആധുനിക വല്ക്കരണത്തിന് കൈത്താങ്ങ്.
- ലേബർ ബാങ്ക് സമ്പ്രദായം പച്ചക്കറിക്കൃഷി രംഗത്തേക്കും വ്യാപിപ്പിക്കുകവഴി ഉല്പാദനപ്രക്രിയ സുഗമമാക്കി.

- ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെ ജൈവകീടനാശിനി, ജൈവവളം, ജീവാണുവളങ്ങൾ എന്നിവ നിർമ്മിക്കുന്നതിൽ 21 ദിവസത്തെ പരിശീലനം.
- ജൈവവളം, കീടനാശിനി എന്നിവയുടെ ഉല്പാദനത്തിനും വിപണനത്തിനുമായി പരിശീലനം നേടിയ പ്രത്യേകം ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ.
- സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ ബാങ്കിന്റെ കീഴിലുള്ള ഗ്രീൻമൈത്രി സൂപ്പർ മാർക്കറ്റിൽ പച്ചക്കറി ഡിവിഷൻ ആരംഭിച്ചു. ജൈവപച്ചക്കറിക്കും സുരക്ഷിത പച്ചക്കറിക്കും പ്രത്യേകം കൗണ്ടർ
- സ്റ്റേറ്റ് ഹോർട്ടി കൾച്ചർ മിഷന്റെ സഹായത്തോടെ റീഫർ വാൻ വാങ്ങിച്ചു.
- ഒമ്പതു വർഷമായി തിരുവാതിരഞാറ്റുവേലക്കാലത്ത് നടത്തുന്ന ഞാറ്റുവേലച്ചന്ത സംസ്ഥാനതലത്തിൽ ശ്രദ്ധ നേടുകയും അത് പിന്നീട് പല ബാങ്കുകളും മാതൃകയാക്കുകയും ചെയ്തു. പരമ്പരാഗത കാർഷികവൃത്തിയുടേയും ആധുനിക കാർഷികസാങ്കേതികവിദ്യയുടേയും സംഗമവേദിയായ ഈ കാർഷികോത്സവം നിരവധിപേരെ ആകർഷിച്ചു വരുന്നു.
- തുമ്പൂർമുഴി മോഡൽ കമ്പോസ്റ്റിംങ്ങ്, ബയോഗ്യാസ് പ്ലാന്റ് എന്നിവയ്ക്ക് പ്രത്യേക വായ്പ സ്കീം.
- ഏറ്റവും കൂടുതൽ വിഷവ്യാപനം നടത്തുന്ന ഇഞ്ചി, കറിവേപ്പ്, പച്ചമുളക് എന്നിവയിൽ സ്വയം പര്യാപ്തിക്ക് പ്രത്യേകം പദ്ധതി.

## ക്ഷീരസാഗരം

നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന സമഗ്ര ക്ഷീരവികസന പദ്ധതിയാണിത്. ക്ഷീരകർഷകരുടെ JLGകൾ രൂപീകരിച്ച് ഏഴ് ശതമാനത്തിന് വായ്പ നല്കി. 1000 ലിറ്റർ അധിക പാലുലപാദനമാണ് ആദ്യഘട്ടലക്ഷ്യം. പിന്നീട് 5000 ലിറ്റർ പാലിലേക്ക്.

## ചെങ്ങാലിക്കോടൻ

ചെങ്ങാലിക്കോടൻ വടക്കാഞ്ചേരിയുടെ തനത് ഇനമാണ്. കാർഷിക സർവ്വകലാശാലയുടെ സഹായത്തോടെ ഭൗമസൂചികാപദവി നേടിയെടുത്തു. ചെങ്ങാലിക്കോടൻ ജൈവരീതിയിൽ കൃഷി ചെയ്യുന്നതിന് ഈ മേഖലയിൽ ആധുനികവല്ക്കരണം നടത്തുന്നതിനും വിപണനസാദ്ധ്യകതൾ മെച്ചപ്പെടുത്തുന്നതിനും പ്രത്യേക പദ്ധതി.

## സമഗ്ര നാളികേരവികസന പദ്ധതി

നാളികേര ഉല്പാദകസംഘങ്ങൾ രൂപീകരിച്ചു. കോക്കനട്ട് ഡവലപ്മെന്റ് ബോർഡിന്റെ പദ്ധതിയായ തെങ്ങിന്റെ ചങ്ങാതികൂട്ടം പദ്ധതിയിൽ ഗ്രീൻആർമി വനിതകളടക്കം 1400 പേരെ പരിശീലിപ്പിച്ചു. നെൽക്കൃഷിയിലെ പോലെ തെങ്ങുകയറ്റത്തിനും ലേബർ ബാങ്ക് പ്രാവർത്തികമായി. ഉല്പാദകഫെഡറേഷൻ യാഥാർത്ഥ്യമായി. 10 സെന്റിന് മുകളിലുള്ള കേരകർഷകരുടെ സേവിങ്ങ്സ് ബാങ്ക് അക്കൗണ്ട് പൂർണ്ണമായും പെരിങ്ങണ്ടൂർ സർവ്വീസ് സഹകരണ ബാങ്കിലാണ്. ഇടവിളക്കൃഷിയുടെ സാദ്ധ്യതകൾ ഉപയോഗിക്കുന്നു. ബാങ്കിന്റെ നേതൃത്വത്തിൽ കോക്കനട്ട് കോംപ്ലക്സ് – ഇതിനു വേണ്ടി 2.5 ഏക്കർ സ്ഥലം വാങ്ങിച്ചു. സ്വന്തമായി വെളിച്ചെണ്ണ, മറ്റ് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിന് പദ്ധതി.

ഗ്രീൻ മൈത്രി സൂപ്പർ മാർക്കറ്റ് അഥവാ പ്രാദേശിക ചന്തയിലേക്ക്.

പ്രാദേശിക സമ്പദ് ഘടനയിൽ ക്രിയാത്മകമായി ഇടപെട്ട് പ്രാദേശിക ഉല്പന്നങ്ങളുടെ ക്രയവിക്രയങ്ങൾക്ക് ഇടമൊരുക്കുക. കർഷകർക്ക് വിപണി. ഉപഭോക്താവിന് വിശ്വസനീയമായ ഉൽപ്പന്നം ഇതോടൊപ്പം 60 ഓളം പേർക്ക് തൊഴിൽ. അതിലുമെത്രയോ പേർക്ക് പരോക്ഷമായും തൊഴിൽ.

പ്രാദേശിക ഉല്പന്നങ്ങളുടെ നിലവാരത്തിലുള്ള ഏകീകരണം, ബ്രാൻഡിങ്ങ് എന്നിവയ്ക്ക് നബാർഡുമായി ചേർന്ന് പ്രത്യേകം പദ്ധതി. മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ സാങ്കേതികവിദ്യ ബാങ്ക് പണം നല്കി വാങ്ങി തൊഴിൽ സംരംഭകർക്ക് നല്കുന്നു.

ബാങ്കിന്റെ മിച്ചം സാമൂഹപ്രതിബദ്ധതയോടെയുള്ള പ്രവർത്തനങ്ങൾക്ക്

സ്ഥിരം രോഗികൾക്കും പ്രായമായവർക്കും 'തണൽ പദ്ധതി'.

ആധുനിക സാങ്കേതികവിദ്യയും വൈജ്ഞാനികതയും സംയോജിപ്പിച്ച് 'മൈ അത്താണി ഡോട്ട് കോം'

കാർഷിക സർവ്വകലാശാലയിലെ CCBM കോളേജിന്റെ സഹായത്തോടെ മനുഷ്യവിഭവശേഷി സർവ്വെ – പാടവം.

സ്കിൽ ഡെവലപ്മെന്റിന് പ്രത്യേകം പരിശീലനപരിപാടികൾ.

പ്രതിഭകളെ പ്രോത്സാഹിപ്പിക്കാൻ അക്കാദമിക് എക്സലൻസ് അവാർഡ്.

വായനയും വിജ്ഞാനവും പ്രോത്സാഹിപ്പിക്കാൻ വിദ്യാലയങ്ങൾക്ക് 'വെൽറീഡ്' പദ്ധതി.

## കിണർ റീചാർജ്ജിംഗ് പദ്ധതി.

ഊർജ്ജ സംരക്ഷണത്തിന് LED ലോൺ.

നമ്മുക്ക് ആവശ്യമുള്ള അരി, വെളിച്ചെണ്ണ, പാൽ, മുട്ട, പച്ചക്കറികൾ, പഴങ്ങൾ, കിഴങ്ങുകൾ കൃഷി, അനുബന്ധ കൃഷി, വ്യവസായങ്ങൾ, ...

പെരിങ്ങണ്ടൂർ ബാങ്കിന് ഒരു വർഷം ഏകദേശം 2 കോടി രൂപ മിച്ചം. അത് 4 കോടിയാക്കാം. സാമൂഹ്യ ഉത്തരവാദിത്വത്തോടെ വികസനം. അതാണ് ലക്ഷ്യമിടുന്നത്.

---

അനൂപ് കിഷോർ

# പൊതുജനാരോഗ്യരംഗത്തെ സവിശേഷമാതൃക

സ്വകാര്യാശുപത്രികളുടെ തള്ളിക്കയറ്റവും സർക്കാരാശുപത്രിയിലെ ഡോക്ടർമാർ തന്നെ റിട്ടയർ ചെയ്യുന്ന മുറയ്ക്ക് പുതിയ സ്വകാര്യാശുപത്രികൾ ആരംഭിക്കുന്നതും പുനലൂരിന്റെ ശാപമായിരുന്നു. ഇതുകൊണ്ടുതന്നെ സാധാരണക്കാർക്ക് സേവനം നൽകേണ്ട സർക്കാർ സംവിധാനം വർഷങ്ങളായി പരാജയപ്പെടുകയായിരുന്നു. എന്നാൽ നഗരസഭയുടെ പൊതുജനാരോഗ്യ രംഗത്തുള്ള ദീർഘവീക്ഷണവും കാര്യക്ഷമതയോടെ പ്രവർത്തിക്കുന്ന ഒരു എച്ച്. എം.സി സംവിധാനവും അതിലുപരി ഡോക്ടർമാർ, നേഴ്സുമാർ, മറ്റ് ജീവനക്കാർ ഉൾപ്പെടെയുള്ളവരുടെ അർപ്പണബോധത്തോടെയുള്ള പ്രവർത്തനങ്ങളും ഒരു സർക്കാരാശുപത്രി സംവിധാനത്തെ എങ്ങനെ മാറ്റി എന്നുള്ളതാണ് ഇവിടെ സൂചിപ്പിക്കുന്നത്.

## ഇവിടുത്തെ സവിശേഷതകൾ

### 1) ഗർഭിണികൾക്കുള്ള സൗകര്യങ്ങൾ

- സ്വകാര്യത ഉറപ്പുവരുത്തുന്ന എയർകണ്ടീഷൻ ചെയ്ത ലേബർ സ്യൂട്ടുകൾ.
- തകരക്കട്ടിലുകൾക്ക് പകരം ഇലക്ട്രോണിക്കലി അഡ്ജസ്റ്റബിൾ ആയിട്ടുള്ള ആധുനിക ലേബർ കട്ടിലുകൾ.
- സർക്കാർ ആശുപത്രികൾക്ക് പരിചിതമല്ലാത്ത വേദനരഹിത പ്രസവശുശ്രൂഷാരീതി.
- ഗർഭിണികളുടെ മാനസികപിരിമുറുക്കം ഒഴിവാക്കാനായി കൗൺസെലിംഗ് ക്ലിനിക്കുകൾ.
- ഇവിടെയെത്തുന്ന എല്ലാ ഗർഭിണികൾക്കും നാപ്ക്കിനുകളും കുഞ്ഞിന് ടൗവ്വലും സൗജന്യം.
- അമ്മയ്ക്കും കുഞ്ഞിനും ആട്ടോക്ലേവ് ചെയ്ത അണുവിമുക്തമായ വസ്ത്രങ്ങൾ

### 2) പൊതുസംവിധാനങ്ങൾ

- സംസ്ഥാനത്തിനുതന്നെ മാതൃകയായ, 10 കിടക്കകളോടുകൂടിയ സർജിക്കൽ ഐ.സി.യു, 4 കിടക്കകളുള്ള മെഡിക്കൽ ഐ.സി.യു, 12 കിടക്കകളുള്ള പാലിയേറ്റീവ് വാർഡ്.
- 3 ഷിഫ്റ്റുകളിലായി പ്രതിമാസം 500 ഡയാലിസിസ് നടത്തുവാൻ കഴിയുന്ന ഡയാലിസ് യൂണിറ്റ്
- സാമ്പത്തിക ബുദ്ധിമുട്ടുകൾ ഉള്ളവർക്കായി വന്ധ്യതാചികിത്സയ്ക്കുള്ള സംവിധാനം.
- അന്തരീക്ഷത്തിലെ സ്വാഭാവിക ഓക്സിജൻ രോഗികൾക്ക് എത്തിക്കാൻ കഴിയുന്ന, പ്രതിദിനം 22 സിലിണ്ടർ ഉൽപാദന ശേഷിയുള്ള കേരളത്തിലെ ആദ്യത്തെ ഓക്സിജൻ ജനറേറ്റർ
- കുറഞ്ഞ റേഡിയേഷനിൽ ഏറ്റവും കൃത്യമായി രോഗ നിർണ്ണയം നടത്താൻ കഴിയുന്ന ജില്ലയിലെ ആദ്യത്തെ കമ്പ്യൂട്ടറൈസ്ഡ് റേഡിയോഗ്രഫി
- കീമോതെറാപ്പി സംവിധാനമുള്ള ജില്ലാ ക്യാൻസർ കെയർ യൂണിറ്റിന് അനുബന്ധമായി ആധുനിക തീവ്രപരിചരണ സംവിധാനങ്ങളോടുകൂടിയ സ്ത്രീകളുടെ ക്യാൻസർ വാർഡ്.
- എല്ലാ വാർഡിലും ഡൈനിംഗ് ഏര്യ, കൂട്ടിരിപ്പുകാർക്ക് സ്റ്റൂളുകൾ, ശുദ്ധജല ലഭ്യതയ്ക്ക് വാട്ടർ പ്യൂരിഫയറുകൾ.
- വാർഡിലും വെയ്റ്റിംഗ് ഏര്യായിലും ടെലിവിഷൻ.
- എല്ലാ രോഗികൾക്കും കിടക്കയും തലയിണയും ബെഡ്ഷീറ്റും. ഇവ വൃത്തിയാക്കാൻ പവർ ലോൻട്രിയും ആട്ടോക്ലേവും.
- എല്ലാ വാർഡുകളിലും സാന്ത്വന സംഗീത പരിപാടിയ്ക്കായി സംവിധാനം.
- സൗജന്യനിരക്കിൽ ഫ്രീസർ മോർച്ചറിയും മൊബൈൽ മോർച്ചറിയും
- പലയിടത്ത് പ്രവർത്തിച്ചിരുന്ന ഇ.സി.ജി റൂം, വിഷ ചികിത്സ, ഡ്രസ്സിംഗ് റൂം, ഒബ്സർവേഷൻ റൂം എല്ലാ ഒറ്റക്കെട്ടിടത്തിലാക്കി. അതിനോട് ചേർന്ന് ആധുനിക അത്യാഹിത വിഭാഗം.
- 10 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള മഴവെള്ള സംഭരണി.
- വിശക്കുന്നവർക്ക് ഉച്ചയ്ക്കും രാത്രിയിലുമായി രണ്ട് നേരത്തെ ഭക്ഷണം.
- കുട്ടികൾക്കുള്ള പാർക്കും ശിശുസൗഹൃദവാർഡും

### 3) മാലിന്യ സംസ്കരണം

- എല്ലാ ദിവസവും 4 നേരം ആശുപത്രി ക്ലീനിംങ്
- ആശുപത്രിയ്ക്കുള്ളിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് നിരോധനം
- ജൈവമാലിന്യം സംസ്കരിക്കാൻ എയ്റോബിക് യൂണിറ്റുകൾ
- അജൈവമാലിന്യങ്ങൾക്ക് റിസോഴ്സ് റിക്കവറി സെന്റർ
- രാത്രി ലൈറ്റിങ്ങിനായി സോളാർ ലൈറ്റുകൾ, ചൂടുവെള്ളത്തിന് സോളാർ വാട്ടർ ഹീറ്ററുകൾ
- സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ്

**4) വിഭവസമാഹരണം**

- എല്ലാ താലൂക്ക് ആശുപത്രികൾക്കും സർക്കാരിൽ നിന്ന് ലഭിക്കുന്ന ഫണ്ട് മാത്രമേ ഇവിടെയും ലഭിക്കുന്നുള്ളൂ.
- ഒ.പി ടിക്കറ്റ് വിൽപ്പന, ഗേറ്റ് പാസ് കളക്ഷൻ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ലാബും ബ്ലഡ്ബാങ്കും ഉൾപ്പെടെയുള്ളവയുടെ കളക്ഷൻ
- ആർ.എസ്.ബി.വൈ പോലുള്ള ഇൻഷ്വറൻസ് വഴി ലഭിക്കുന്ന പണം.
- സുമനസ്സുകൾ നൽകുന്ന സംഭാവന (ഉച്ചഭക്ഷണത്തിന് 18 ലക്ഷം രൂപ കഴിഞ്ഞ വർഷം ലഭിച്ചിരുന്നു, ഡയാലിസിസ് യൂണിറ്റുകൾക്ക് 15 ലക്ഷം രൂപ സംഭാവനയാണ്).
- സ്വിവറേജ് ട്രീറ്റ്മെന്റ് പ്ലാന്റ് ആർ.പി.എൽ.ന്റെ സംഭാവനയാണ്.
- എല്ലാ വാർഡുകളിലും ഏർപ്പെടുത്തിയ മ്യൂസിക് സിസ്റ്റം എൻ.ആർ.ഐ.യുടെ സംഭാവനയാണ്.
- ഇതോടൊപ്പം മുനിസിപ്പൽ വികസന ഫണ്ടും മെയിന്റനൻസ് ഗ്രാന്റും ലഭ്യമാക്കി.
- വിവിധ മേഖലകളിലെ പണം കണ്ടെത്തുന്നതിന് ആശുപത്രി സൂപ്രണ്ട് ഉൾപ്പെടെയുള്ള എച്ച്.എം.സി.യുടെ നേതൃത്വത്തിലുള്ള ടീം കാര്യക്ഷമതയോടെ പ്രവർത്തിച്ചതിന്റെ ഗുണഫലമാണ് ഇവിടെ കാണുന്നത്.

ഇങ്ങനെ ഒരു ആശുപത്രി തങ്ങളുടെ നാട്ടിലെ ജനങ്ങളുടെ ആരോഗ്യസംവിധാനത്തെ എങ്ങനെ സഹായിക്കുന്നു എന്നതിന്റെ ഉത്തമദൃഷ്ടാന്തമാണ് കൊല്ലം ജില്ലയിലെ പുനലൂർ താലൂക്ക് ആശുപത്രി. ഏതൊരാളും ഒരു ആശുപത്രിയിൽ നിന്ന് പ്രതീക്ഷിക്കുന്നത് നൽകാൻ സന്നദ്ധമായ നിലയിൽ ഇവിടം വളർന്നിരിക്കുന്നു. 2000 പേർ ഒ.പി.യിലും സന്ദർശകർ ഉൾപ്പെടെ 7,000 പേർ ദിവസേന വന്നുപോകുന്ന ഈ ആശുപത്രി ഇന്ന് കേരളത്തിലെ ഏറ്റവും നല്ല താലൂക്ക് ആശുപത്രികളിലൊന്നായി നിലകൊള്ളുന്നു.

# സ്ത്രീശക്തികേന്ദ്രം കോസ്റ്റ്ഫോർഡ്

1998 ൽ കോസ്റ്റ് ഫോർഡിന്റെ ആഭിമുഖ്യത്തിൽ തൃശൂർ ജില്ലയിൽ ഒരു "സ്ത്രീ പദവി" പഠനം നടത്തി. സ്ത്രീകൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന മുഖ്യപ്രശ്നങ്ങൾ താഴെ പറയുന്നവയാണെന്ന് ഇതിൽ കണ്ടെത്തി.

1. വിവേചനം
2. ചൂഷണം
3. അവസരനിഷേധം
4. അടിച്ചമർത്തൽ
5. ആഘാതാതുരത
6. തീരുമാനമെടുക്കുന്നതിൽ പങ്കാളിത്തമില്ലായ്മ
7. സ്വത്തുടമസ്ഥതയുടെ അഭാവം

സ്ത്രീശക്തീകരണം വഴി മാത്രമേ സ്ത്രീകളുടെ ഇന്നത്തെ അവസ്ഥ മാറ്റിയെടുത്ത് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരാൻ കഴിയൂ.

## സ്ത്രീശക്തി കേന്ദ്രം

ഗ്രാമതലത്തിൽ സ്വയംസഹായ സംഘങ്ങൾ നടത്തുന്ന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാതലസംവിധാനം അനിവാര്യമാണ്. ഈ ആവശ്യം മുന്നിൽ കണ്ടുകൊണ്ട് ജനകീയാസൂത്രണത്തിന്റെ ഭാഗമായി ജില്ലാതലത്തിലെ ഒരു റിസോർസ് സെന്ററായി സ്ത്രീശക്തികേന്ദ്രം പ്രവർത്തനമാരംഭിച്ചു.

## സ്ത്രീശക്തി കേന്ദ്രം പ്രവർത്തനങ്ങൾ

**(1) പരിശീലനങ്ങൾ**

1. സ്വയംസഹായ സംഘങ്ങൾ : സംഘാടനവും മാനേജ്മെന്റും
2. മൈക്രോ എന്റർപ്രൈസസ് (സൂക്ഷ്മ സംരംഭങ്ങൾ) : സംഘാടനവും മാനേജ്മെന്റും
3. ഉൽപന്നനിർമ്മാണ പരിശീലനം
4. മൈക്രോ ഇൻഷൂറൻസ് പദ്ധതി
5. ബാങ്ക് ഉദ്യോഗസ്ഥർക്കുള്ള പരിശീലനം

**(2) വിവരസാങ്കേതികവിദ്യാകേന്ദ്രം പൊതുജനങ്ങൾക്ക് നൽകുന്ന സേവനം**

ഇന്റർനെറ്റ്, ഇ. മെയിൽ, ഡി.ടി.പി, എൽ. സി.ഡി. പ്രൊജക്ഷൻ, ഫോട്ടോ കോപ്പി, ഡിജിറ്റൽ പ്രിന്റിങ്ങ് സേവനങ്ങൾ ഈ കേന്ദ്രം വഴി പൊതുജനങ്ങൾക്കു നൽകിവരുന്നു.

**കമ്പ്യൂട്ടർ വിദ്യാഭ്യാസം**

കമ്പ്യൂട്ടർ ഫണ്ടമെന്റൽസ്, ഡി.ടി.പി., ഓഫീസ് ആട്ടോമേഷൻ & മാനേജ്മെന്റ്, സി.എ.ഡി. ബേസിക്സ്, ഇന്റർനെറ്റ്, ഇ മെയിൽ കോഴ്സുകൾ ഈ കേന്ദ്രത്തിൽ നടത്തിവരുന്നു.

**(3) സ്വയംതൊഴിൽ അവസരങ്ങൾ**

**(4) ലഘുസമ്പാദ്യ വായ്പാ സംവിധാനം (സ്ത്രീശക്തി അനൗപചാരിക ബാങ്ക്)**

**(5) പാചകഗ്യാസ് വിതരണം**

**(6) വാർത്താപത്രിക**

കൈപ്പുസ്തകങ്ങൾ

1. സ്വയം സഹായസംഘങ്ങൾ : സംഘാടനവും ഏകോപനവും

2. മൈക്രോ എന്റർപ്രൈസസ് : സംഘാടനവും മാനേജ്മെന്റും

**(7) കൗൺസെലിങ്ങ് സെന്റർ**

**(8) സമൂഹ അടുക്കള**

**(9) ഓണച്ചന്ത**

**(10) സർവ്വീസ് പ്രൊവൈഡിംഗ് സെന്റർ**

**(11) സുരക്ഷ ജൈവകൃഷി പദ്ധതി**

**(12) ജെ. എൽ. ജി**

# മെഡികോം: സൂക്ഷ്മ തൊഴിൽസംരംഭ വികസനത്തിന് നൂതന പരിപാടി

കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ നേതൃത്വത്തിലുള്ള സൂക്ഷ്മ തൊഴിൽസംരംഭങ്ങൾക്ക് സാങ്കേതികവിദ്യയും ബ്രാൻഡിങ്ങും വിപണനസംവിധാനവും പൊതുവായി ഒരുക്കിക്കൊടുത്ത് ഗുണനിലവാരവും മേന്മയും ഉറപ്പുവരുത്തുന്നതിനായി നടപ്പിലാക്കിയ പരിപാടിയാണ് മെഡികോം (Microenterprises Development with Innovative Community and Marketing linkages). ആര്യാട്, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്തുകളുടെ സംയുക്ത കമ്മിറ്റിയാണ് മെഡികോം പദ്ധതിയുടെ നടത്തിപ്പുകാർ. പഞ്ചായത്തീരാജ് നിയമത്തിലെ 165-ാം വകുപ്പ് അനുസരിച്ച് രൂപീകരിച്ച പഞ്ചായത്തുകളുടെ സംയുക്ത സമിതി കേന്ദ്രസർക്കാരിന് നൽകിയ പദ്ധതിയാണ് മെഡികോം. സ്പെഷ്യൽ എസ്.ജി.എസ്.വൈ പദ്ധതി പ്രകാരം 7.85 കോടി രൂപ ഈ പദ്ധതിക്കായി കേന്ദ്രസർക്കാർ അനുവദിച്ചിട്ടുണ്ട്.

## ലക്ഷ്യങ്ങൾ

1. സൂക്ഷ്മ തൊഴിൽസംരംഭങ്ങൾക്ക് ആധുനിക സാങ്കേതികവിദ്യയും സാങ്കേതികസൗകര്യങ്ങളും ലഭ്യമാക്കുക. അതിനായി വിവിധ പൊതുസൗകര്യകേന്ദ്രങ്ങൾ (Common Facility Centres).
2. സൂക്ഷ്മ തൊഴിൽസംരംഭങ്ങളുടെ ഉൽപന്നങ്ങൾ പൊതുബ്രാൻഡിൽ വിപണനം നടത്തുക.
3. സംരംഭകർക്ക് പരിശീലനം നൽകുക

## നേട്ടങ്ങൾ

1. 14 കോമൺ ഫെസിലിറ്റി സെന്ററുകൾ നിർമ്മിച്ച് പ്രവർത്തനമാരംഭിച്ചു.
2. 225 ആക്ടിവിറ്റി ഗ്രൂപ്പുകളിൽപ്പെട്ട 2293 പേർക്ക് വ്യത്യസ്ത തൊഴിൽസംരംഭങ്ങളിൽ ആധുനികപരിശീലനം നൽകി.
3. ഉൽപന്നങ്ങളുടെ വിപണനത്തിനായി ഒരു കമ്പനി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നു - മാരാരി മാർക്കറ്റിംഗ് കമ്പനി. പദ്ധതിപ്രദേശത്തെ കുടുംബശ്രീ അയൽക്കൂട്ടങ്ങളുടെ ഉടമസ്ഥതയിലുള്ള കമ്പനിയാണിത്. സൂക്ഷ്മസംരംഭങ്ങളിൽ ഉൽപാദിപ്പിക്കുന്ന വസ്തുക്കൾ കമ്പനി വാങ്ങുകയും ഗുണനിലവാരം ഉറപ്പുവരുത്തി വിപണനം നടത്തുകയും ചെയ്യുന്നു. 2014-15 ൽ 1.15 കോടി രൂപയാണ് കമ്പനിയുടെ വിറ്റുവരവ്.
4. വ്യത്യസ്ത സ്ഥാപനങ്ങളുമായി കമ്പനി സാങ്കേതികവിദ്യാകരാറിൽ ഏർപ്പെട്ടിട്ടുണ്ട്. സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് സാങ്കേതികവിദ്യ ലഭ്യമാക്കുന്നതും ഈ കമ്പനിയാണ്. CIFT, NIFT, IRTC, CTCRI തുടങ്ങിയ സ്ഥാപനങ്ങളാണ് ഇത്തരത്തിൽ സാങ്കേതികവിദ്യ നൽകുന്നത്.
5. വികേന്ദ്രീകൃത ഉൽപ്പാദനവും കേന്ദ്രീകൃത വിപണനവുമെന്ന ലക്ഷ്യമാണ് പദ്ധതി കൈവരിക്കുന്നത്. വിപണനത്തിന്റെയും സാങ്കേതികവിദ്യയുടെയും പൊതുസൗകര്യങ്ങളുടെയും ഭാരം സൂക്ഷ്മതൊഴിൽ സംരംഭങ്ങളിൽനിന്നു കമ്പനി ഏറ്റെടുത്തിരിക്കുന്നു. മെഡികോം പദ്ധതിയിലൂടെ ലഭിച്ച പണം ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ള പശ്ചാത്തലസൗകര്യങ്ങളാണ് ഇതിനായി ഉപയോഗപ്പെടുത്തുന്നത്. മാരാരി കമ്പനി പ്രവർത്തനലാഭത്തിലാണ്.

## വെല്ലുവിളികൾ

1. സൂക്ഷ്മസംരംഭങ്ങളിലെ പ്രൊഫഷണലിസത്തിന്റെ അഭാവം.
2. സാമ്പത്തിക മാനേജ്മെന്റിലെ കാര്യക്ഷമതക്കുറവ്.
3. വൈദഗ്ദ്ധ്യം മെച്ചപ്പെടുത്തുന്നതിനുള്ള സംവിധാനത്തിന്റെ അപര്യാപ്തത.
4. പുതിയ ഉൽപന്നങ്ങളിലേക്ക് നീങ്ങുന്നതിനുള്ള തടസ്സം.

ഈ വെല്ലുവിളികൾ നേരിടുന്നതിനുള്ള ശ്രമമാണ് ഇപ്പോൾ കമ്പനി നടത്തുന്നത്.

എൻ.കെ. പ്രകാശൻ

# സുസ്ഥിര പുതുക്കാട് വികസന പദ്ധതി വികേന്ദ്രീകൃതാസൂത്രണത്തിനൊരു മാതൃക

### എന്താണ് സുസ്ഥിര പദ്ധതി

ആദ്യ 8 വർഷത്തെ ജനകീയയാസൂത്രണത്തിന്റെ അനുഭവത്തിന്റെ വെളിച്ചത്തിൽ ജനകീയാസൂത്രണത്തിന്റെ പ്രധാന സങ്കല്പങ്ങളോടൊപ്പം രണ്ട് ആശയങ്ങൾകൂടി ചേർത്തതാണ് സുസ്ഥിരയുടെ ആശയം.

(1) വിഭവങ്ങളുടെ ഉദ്ഗ്രഥനം.
(2) വകുപ്പുകളുടെ ഉദ്ഗ്രഥനം.

ഇതോടെ പ്രദേശികബദൽ കൂടുതൽ ശക്തമാക്കിത്തീർക്കുവാൻ ആറ് പ്രധാന പരിപാടികൾ വേണമെന്ന് തിരിച്ചറിയുന്നു. അതുകൊണ്ടു തന്നെ സുസ്ഥിരപദ്ധതി ജനകീയാസൂത്രണത്തിന്റെ അനിവാര്യമായ തുടർച്ചയാണെന്ന് തിരിച്ചറിയാം.

### വിഭവങ്ങളുടെ ഉദ്ഗ്രഥനം

നവലിബറൽ വികസന മാതൃകയ്ക്ക് ബദലായി വികസിപ്പിക്കുന്ന പ്രാദേശിക മാതൃകയ്ക്ക് ഏറ്റവും ആവശ്യമായത് മൂലധനമാണ്. സംസ്ഥാനസർക്കാർ നൽകുന്ന വിഹിതം മാത്രമുപയോഗിച്ചുകൊണ്ട് ഗ്രാമപഞ്ചായത്തിന് സ്വാശ്രയത്വത്തിലെത്തിക്കുവാൻ ബുദ്ധിമുട്ടാണ്. തനതുവരുമാനം കുറഞ്ഞ പഞ്ചായത്തുകളിൽ 5 വർഷംകൊണ്ട് പരമാവധി 10 കോടി രൂപ മാത്രമാണ് ലഭിക്കുക. ഈ തുക അപര്യാപ്തമായതിനാൽ പ്രാദേശിക ആസൂത്രണം എന്ന സങ്കല്പം പരാജയമാണെന്ന് വിമർശകർക്ക് പറയുവാൻ കഴിയും. അതേസമയം അതേ ഗ്രാമപഞ്ചായത്തിൽ സമാന്തരമായി നിരവധി പണം എത്തുന്നുണ്ട്. അവയൊന്നും പരസ്പരപൂരകമല്ല. അതുകൊണ്ട് ഒരു പഞ്ചായത്തിലേക്ക് എത്തിച്ചേരുന്ന വിവിധ സാമ്പത്തികസ്രോതസ്സുകളെ ഉദ്ഗ്രഥിച്ചാൽ പരസ്പരപൂരകമായി നിക്ഷേപിക്കാവുന്ന വിഭവത്തിന്റെ അളവ് കൂടും. ഉദാ: ഗ്രാമ, ബ്ലോക്ക്, ജില്ല പഞ്ചായത്തുകളുടെ വിഹിതം എം.എൽ.എ, എം.പി ഫണ്ടുകൾ, സംസ്ഥാന കേന്ദ്രാവിഷ്കൃത ഫണ്ടുകൾ എന്നിവയെല്ലാം ഉദ്ഗ്രഥിച്ചാൽ 5 വർഷം കൊണ്ട് 10 കോടി ലഭിക്കുന്ന പഞ്ചായത്തിന് ചുരുങ്ങിയത് 40 കോടി രൂപയെങ്കിലും പരസ്പരപൂരകമായി നിക്ഷേപിക്കാം. ഇങ്ങനെയാണ് പ്രദേശിക മൂലധനം ഉദ്ഗ്രഥിതമായി വർദ്ധിപ്പിക്കുക.

### വകുപ്പുകളുടെ ഉദ്ഗ്രഥനം

മേൽപറഞ്ഞ രീതിയിൽ ഫണ്ടുകൾ ഉദ്ഗ്രഥിക്കുമ്പോൾ കാര്യക്ഷമത വർദ്ധിക്കുന്നതിന് വകുപ്പുകളുടെ ഉദ്ഗ്രഥനമാണ് ഏറ്റവും ആവശ്യം. ഭരണപരമായ വികേന്ദ്രീകരണം പൂർത്തിയായാൽ മാത്രമേ വകുപ്പുകളുടെ ഉദ്ഗ്രഥനം പൂർണ്ണമാകൂ എന്നത് യാഥാർത്ഥ്യം തന്നെ. എങ്കിലും നിലവിലുള്ള ഭരണവികേന്ദ്രീകരണത്തെ തന്നെ പരമാവധി ഉപയോഗിക്കാം.

### ഉദ്ഗ്രഥനം എങ്ങനെ

വിഭവങ്ങളുടേയും വകുപ്പുകളുടേയും ഉദ്ഗ്രഥനത്തിലൂടെ മൂലധനനിക്ഷേപം നിരവധി മടങ്ങ് കാര്യക്ഷമമായി വർദ്ധിപ്പിക്കാമെന്ന് ബോധ്യമായി. ഇത് നടപ്പിലാക്കുവാൻ കാര്യക്ഷമമായ ഒരു ഉപകരണം വേണം. അതാണ് മാസ്റ്റർ പ്ലാൻ. ഓരോ ഗ്രാമപഞ്ചായത്തിലും ഓരോമേഖലയ്ക്കും ദീർഘവിക്ഷണവും പരിപ്രേക്ഷ്യവുള്ള മാസ്റ്റർപ്ലാൻ ഉണ്ടാകണം.

ജലസ്രോതസ്സുകളെ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് ജലസേചന, കുടിവെള്ള പദ്ധതികൾ കൂട്ടിയിണക്കിക്കൊണ്ടുള്ളതാകുന്നു ഈ മാസ്റ്റർ പ്ലാൻ.

മാസ്റ്റർ പ്ലാനിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും പൂർത്തീകരണത്തിലും ഭരണകൂടം ശ്രദ്ധയോടെ ഇടപെട്ടാൽ വകുപ്പുകൾ തമ്മിലുള്ള ഉദ്ഗ്രഥനവും സാധ്യമാകും.

### പുതുക്കാടിന്റെ അനുഭവം

സുസ്ഥിര പദ്ധതി ആരംഭിക്കുമ്പോൾ ആദ്യ പത്തുവർഷത്തേക്ക് സുപ്രധാനമായ ചില ലക്ഷ്യങ്ങൾ മുന്നോട്ടു വച്ചു. പാർശ്വവൽക്കരണമില്ലാത്ത ഒരു ജനതയെ സൃഷ്ടിക്കുക എന്നതാണ് ബദൽ വികസന പ്രക്രിയയുടെ മുഖ്യലക്ഷ്യം. അതിനായി താഴെ പറയുന്ന ലക്ഷ്യത്തിലാണ് പുതുക്കാട് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കിയത്.

1. എല്ലാവർക്കും വീട്
2. എല്ലാവർക്കും വെളിച്ചം.
3. എല്ലാവർക്കും വെള്ളം
4. എല്ലാവർക്കും ആധുനികവിദ്യാഭ്യാസം
5. എല്ലാവർക്കും തൊഴിൽ
6. പരിസ്ഥിതിസന്തുലനം നിലനിർത്തൽ.
7. സമഗ്രമായ പശ്ചാത്തലസൗകര്യം
8. ജനകീയാരോഗ്യം
9. കാർഷിക വളർച്ച
10. പട്ടികവർഗ്ഗ, പട്ടികജാതി മേഖലയുടെ സമഗ്രവികസനം
11. പ്രാദേശിക ടൂറിസം
12. വൃദ്ധരുടെ സാമൂഹികസുരക്ഷ : തണൽ പദ്ധതി

ഒമ്പത് വർഷത്തെ സുസ്ഥിരയുടെ പ്രവർത്തനത്തിലൂടെ മേൽപറഞ്ഞ ലക്ഷ്യങ്ങൾ പലതും നേടി എന്നു മാത്രമല്ല ചിലത് നേടുന്ന വഴിയിലൂടെയാണ് നീങ്ങുന്നത്.

2010 ൽത്തന്നെ എല്ലാവർക്കും വീട് ലഭിച്ച മണ്ഡലമായി പ്രഖ്യാപിച്ചു. ഇ.എം.എസ് പാർപ്പിട പദ്ധതിയാണ് ഈ നേട്ടത്തിന് വഴിയൊരുക്കിയത്. എല്ലാ

വർക്കും വെളിച്ചം എന്ന ലക്ഷ്യം സമ്പൂർണ്ണമായും നേടി എന്നു മാത്രമല്ല വോൾട്ടേജ് ക്ഷാമം ഒട്ടും തന്നെയില്ലാത്ത അവസ്ഥ സൃഷ്ടിച്ചു. 13000 കണക്ഷൻ നൽകി, 84 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചു, 66 കെ വി സബ് സ്റ്റേഷൻ 110 കെ വി ആയി ഉയർത്തി. 2.5 മെഗാവാട്ട് വൈദ്യുതിയുൽപാദന യൂണിറ്റ് ചിമ്മിനി ഡാമിൽ കമ്മീഷൻ ചെയ്തു. എല്ലാതെരുവുകളിലും എൽ.ഇ.ഡി വിളക്കുകൾ സ്ഥാപിക്കുന്ന പദ്ധതി നടന്നുവരുന്നു. ഈ രംഗത്ത് ഒരു നിശ്ശബ്ദവിപ്ലവംതന്നെ പുതുക്കാട് നടക്കുന്നു.

### ഇന്ത്യയിലെ ആദ്യത്തെ ഹൈടെക് മണ്ഡലം

എല്ലാവർക്കും വിദ്യാഭ്യാസം എന്നലക്ഷ്യത്തിൽ 79 വിദ്യാഭ്യാസസ്ഥാപനങ്ങളെ ഹൈടെക് സ്കൂളികളാക്കി മാറ്റിക്കൊണ്ട് ഇന്ത്യയിലെ ആദ്യത്തെ ഹൈടെക്ക് മണ്ഡലമാക്കി മാറ്റി. പൊതുവിദ്യാലയങ്ങളെ ശക്തമാക്കി സംരക്ഷിക്കുക എന്നതാണ് ലക്ഷ്യം. 10 –ാം തരം, +1 +2 വിന്റെ 150 ക്ലാസ്സ് മുറികൾ കമ്പൂട്ടറും എൽ.സി.ഡിയും നെറ്റ് കണക്ഷനുമുള്ള ഹൈടെക്ക് മുറികളാണ്. എൽ.പി അടക്കം എല്ലാ സ്ക്കൂളുകളും ഹൈടെക്കാണ്. ഇവയെല്ലാം പരസ്പരം ബന്ധിപ്പിക്കുന്ന സ്റ്റാറ്റിക്ക് ഐ.പി യും സ്ഥാപിച്ചിട്ടുണ്ട്. 7 കോടികയാണ് ഇതിന് ചെലവ്. എല്ലാ സ്ക്കൂളുകളേയും പരസ്പരം ബന്ധിപ്പിക്കുന്ന സംവിധാനം രാജ്യത്തിന് മാതൃകയാണ്.

എല്ലാവർക്കും വെള്ളം എന്ന ലക്ഷ്യവും വരുന്ന രണ്ട് വർഷത്തിനുള്ളിൽ നേടും. 100 ശതമാനവും ശുദ്ധജലലഭ്യത എന്നത് എല്ലാ രാജ്യങ്ങളുടേയും ഒരു സ്വപ്നമാണ്. സമ്പൂർണ്ണജലസേചിത മണ്ഡലമായും പുതുക്കാട് മാറും. 100 കോടി രൂപയാണ് ഇതിനുവേണ്ടി നിക്ഷേപിക്കുന്നത്.

ജൈവകൃഷി പ്രോത്സാഹിപ്പിച്ചുകൊണ്ട് പരിസ്ഥിതിസംരക്ഷണം, തൊഴിൽസംരക്ഷണം എന്നിവ ലക്ഷ്യമിട്ട് 79 സ്ക്കൂൾ കാമ്പസ്സുകളെ ജൈവവൈവിധ്യ പാർക്കുകളാക്കി പുതിയ തലമുറയ്ക്ക് ജൈവവൈവിധ്യ സംരക്ഷണത്തിന്റെ സന്ദേശം നൽകുന്നു. കുടുംബശ്രീയുടെ നേതൃത്വത്തിൽ 8 വർഷങ്ങളായി 4000 നിവേദ്യകദളിപ്പഴങ്ങൾ എല്ലാ ദിവസവും ഗുരുവായൂർക്ക് നൽകുന്നു.

### തണൽ പദ്ധതി

മണ്ഡലത്തിലെ 60 വയസ്സുകഴിഞ്ഞ മുഴുവൻ പേരുടെയും സാമൂഹികസുരക്ഷ ഉറപ്പാക്കുന്ന പദ്ധതിയാണ് തണൽ. 25,000 പേർ ഈ പദ്ധതിയിൽ അംഗങ്ങളാണ്.

### പാലിയേറ്റീവ് കെയർ

ചികിത്സാസംവിധാനങ്ങൾക്കൊപ്പം പ്രതിരോധ, സാന്ത്വന പ്രവർത്തനങ്ങളും നൽകുന്നതിനായി രൂപീകരിച്ച സുസ്ഥിര പാലിയേറ്റീവ് കെയർ സൊസൈറ്റി 7 വർഷമായി പ്രവർത്തിച്ചുവരുന്നു. മയക്കുമരുന്ന് ഉപയോഗം, കീടനാശിനി ഉപയോഗം എന്നിവയിൽനിന്നു സമൂഹത്തെ രക്ഷിക്കാനുള്ള ബോധവൽക്കരണത്തോടൊപ്പം കാൻസർപ്രതിരോധത്തിൽ സൊസൈറ്റി കൂടുതൽ ശ്രദ്ധിക്കുന്നു.

പശ്ചാത്തലവികസനത്തിനും മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. പാരിസ്ഥിതികപ്രശ്നങ്ങൾ... 

പ്രൊഫ.സി.രവീന്ദ്രനാഥ് എം.എൽ.എ

# നിറവ് മാലിന്യസംസ്കരണം – ഒരു സംസ്കാരം

2006 ൽ കോഴിക്കോട് കോർപ്പറേഷൻ 10 –ാം വാർഡിൽ രൂപീകരിച്ച റെസിഡന്റ്സ് അസോസിയേഷനാണ് നിറവ്. വീടും പരിസരവും മാലിന്യമുക്തമാക്കുക; അത് മറ്റുള്ളവർക്കും സമൂഹത്തിനും തലവേദന ആകാതിരിക്കുക എന്ന ചിന്തയായിരുന്നു മാലിന്യ സംസ്കരണ രംഗത്തേക്ക് നിറവിനെ എത്തിച്ചത്. പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുകയും അനിവാര്യമായി എത്തുന്നവ സുരക്ഷിതമായി സംഭരിച്ച് പുനചംക്രമണത്തിനു കൈമാറുന്നതിനും വേണ്ടിയുള്ളതായിരുന്നു ആദ്യശ്രമം. ജൈവമാലിന്യം കമ്പോസ്റ്റാക്കി പച്ചക്കറിക്കൃഷിയും വ്യാപാകമാക്കി. മാലിന്യത്തെ വളവും ഇന്ധനവും പച്ചക്കറികളുമാക്കി മാറ്റി പുതിയൊരു സംസ്കാരം വളർത്തുകയായിരുന്നു നിറവ്. അത്രയൊന്നും പ്രചാരത്തിലില്ലായിരുന്ന ഉറവിട മാലിന്യസംസ്കരണത്തിന് ഒരു പതിറ്റാണ്ട് മുമ്പ് മുൻകൈയെടുത്തു എന്നതാണ് നിറവിന്റെ നേട്ടം.

നിറവിന്റെ നേതൃത്വത്തിൽ നടന്ന രണ്ട് മാതൃകാ പ്രവർത്തനങ്ങളാണ് ചുവടെച്ചേർക്കുന്നത്.

### വിമാനത്താവളം - വൃത്തിയുടെ താവളം

ഒന്നരയേക്കർ വിസ്തൃതിയുള്ള ഡംബിങ് യാർഡ് കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്

അപമാനമായിരുന്നു. തരംതിരിക്കാത്ത മാലിന്യക്കൂമ്പാരം അശ്രീകരമായി തുടരുന്നു. 2013 ഡിസംബറിലാണ് വിമാനത്താവളത്തിലെ മാലിന്യപരിപാലനം നിറവ് ഏറ്റെടുത്തത്. ഡംബിങ് യാർഡിനോട് ചേർന്നുള്ള ഒന്നരസെന്റ് സ്ഥലത്ത് തയ്യാറാക്കിയ ഷെഡ്ഡിൽ മാലിന്യങ്ങൾ തരംതിരിച്ചു. അജൈവമാലിന്യങ്ങൾ വിറ്റു. ജൈവമാലിന്യങ്ങൾക്ക് കമ്പോസ്റ്റിംഗ് സൗകര്യവുമൊരുക്കി. ഒരുമാസംകൊണ്ട് ഡംബിങ് യാർഡ് ഒരു ജൈവകൃഷിയിടമായിമാറി.

പ്രതിദിനം 400–500 കിലോഗ്രാം മാലിന്യമാണ് വിമാനത്താവളത്തിൽ ഉണ്ടാകുന്നത്. ഇത് വലിച്ചെറിയാതെ സംസ്കരിക്കുന്നതിനും റീസൈക്ലിങ്ങിന് കൈമാറുന്നതിനും കഴിയുന്നുണ്ട്. വലിയ ബയോഗ്യാസ് പ്ലാന്റ് പ്രവർത്തിക്കുന്നുണ്ട്. ജൈവവാതകം ക്വാർട്ടേഴ്സുകളിൽ പാചകത്തിന് ഉപയോഗിക്കുന്നു. സ്ലറി ജൈവകൃഷിക്കും. അങ്ങനെ വിമാനത്താവളം വൃത്തിയുടെ താവളമായി മാറി.

മാനസികാരോഗ്യകേന്ദ്രത്തിന് ശുചിത്വാരോഗ്യം

കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തിൽ വർഷങ്ങളായി അടിഞ്ഞുകൂടിയിരുന്ന മാലിന്യം ഒറ്റദിവസം കൊണ്ട് നീക്കംചെയ്ത അനുഭവം നിറവുള്ളതാണ്. മാനസികാരോഗ്യകേന്ദ്രത്തിന്റെ മതിൽക്കെട്ടിൽ അധികമാരും കടന്നുചെല്ലാറില്ലല്ലോ. അതിനാൽത്തന്നെ മാലിന്യക്കൂമ്പാരം അധികമാരും ശ്രദ്ധിച്ചില്ല. പത്രത്താളുകളിൽ നിറഞ്ഞതുമില്ല. കോഴിക്കോട് പ്രൊവിഡൻസ് കോളേജിലെ എൻ.എസ്.എസ് യൂണിറ്റിന്റെ സഹായത്തോടെയാണ് നിറവ് ഒറ്റദിവസംകൊണ്ട് ആശുപത്രി പരിസരം വൃത്തിയാക്കിയത്. മാലിന്യസംസ്കരണം സ്ഥായിയാക്കുക എന്നതായിരുന്നു വെല്ലുവിളി. നേഴ്സ്, നേഴ്സിംഗ് അസിസ്റ്റന്റ്, സഹായി എന്നിവരടങ്ങുന്ന മൂന്നംഗ ശുചിത്വക്കമ്മിറ്റി എല്ലാ വാർഡുകളിലും രൂപീകരിച്ചു. ആശുപത്രിയിൽ സ്ഥാപിച്ച റിസോഴ്സ് റിക്കവറി സെന്ററിൽ തരംതിരിച്ച അജൈവമാലിന്യങ്ങൾ എല്ലാദിവസവും എത്തുന്നുവെന്ന് ഈ സമിതി ഉറപ്പാക്കുന്നു. ജൈവമാലിന്യങ്ങൾ കമ്പോസ്റ്റിംഗ് നടത്തുന്നു. ഇന്ന് ഏതാണ്ട് ഒരു വർഷമാകുമ്പോൾ ആശുപത്രി ക്ലീൻ. നിറവിന് മറ്റൊരു നേട്ടം.

### ഇനി തീവണ്ടിയാപ്പീസുകളിലേക്ക്

കേരളത്തിലെ ആറ് റെയിൽവേ സ്റ്റേഷനുകളുടെ ശുചീകരണപദ്ധതി നടത്തുന്നതിനുള്ള തയ്യാറെടുപ്പിലാണ് നിറവ്. പ്രതിദിനം നൂറിനടുത്ത് തീവണ്ടികളെത്തുന്ന ഷൊർണ്ണൂർ ജംഗ്ഷനിൽനിന്ന് ജൂൺ 5 നാണ് പദ്ധതി തുടങ്ങിയത്. ഒരുകൊല്ലം കൊണ്ട് ഈ പ്രവർത്തനങ്ങൾ ഫലത്തിലെത്തിക്കും. ഇത് റെയിൽവേ സ്റ്റേഷനുകൾക്ക് ഒരു മാതൃകയാകും എന്ന് കരുതുന്നു.

ബാബു പറമ്പത്ത്, റസിയ സുൽത്താന

# എലപ്പുള്ളി മാതൃകാ ക്ഷീരഗ്രാമം
## സ്ത്രീശാക്തീകരണത്തിലൂടെ കുടുംബവികസനത്തിനൊരു മാതൃക

### പശ്ചാത്തലം

പാലക്കാടു ജില്ലയിലെ ഗ്രാമീണമേഖലയിൽ പെടുന്ന എലപ്പുള്ളിയിലെ ഭൂരിപക്ഷം ജനങ്ങളും നെല്ലു പോലുള്ള സീസണൽ വിളകളെ ആശ്രയിച്ചു ജീവിക്കുന്നവരാണ്. 20002006 കാലത്ത് പലകാരണങ്ങളാൽ കൃഷി പ്രതിസന്ധിയിൽ ആയതിനെത്തുടർന്ന് ഏഴു കർഷകർ ഇവിടെ ആത്മഹത്യ ചെയ്യുകയും നിരവധിപേർ ആത്മഹത്യയുടെ വക്കോളം എത്തുകയും പലരും കൃഷി ഉപേക്ഷിക്കുകയും ചെയ്തു. കൂടുതൽ കൃഷിത്തൊഴിലാളികളും കെട്ടിടനിർമ്മാണരംഗത്തേക്കോ അടുത്തുള്ള കഞ്ചിക്കോടുപോലുള്ള വ്യവസായമേഖലകളിലേക്കോ കുടിയേറി. സ്ത്രീകളുടെ അവസ്ഥ സാമൂഹികാരക്ഷിതത്വത്തിലായി.

പഞ്ചായത്ത് അധികൃതർ സ്ഥലത്തെ വെറ്ററിനറി ഡോക്ടറുടെ നേതൃത്വത്തിൽ 'മാതൃകാക്ഷീരഗ്രാമം' പദ്ധതി ആവിഷ്ക്കരിച്ചു നടപ്പാക്കി. സ്ത്രീകളെയാണു പദ്ധതി ലക്ഷ്യമിട്ടത്. അതു ഗണ്യമായ നേട്ടം കൈവരിക്കുകയും ചെയ്തു.

### പ്രൊജക്ട് വിവരങ്ങൾ

സ്ത്രീകളുടെ 155 ഗ്രൂപ്പുകൾ, പട്ടികജാതി സ്ത്രീകളുടെ 280 ഗ്രൂപ്പുകൾ, 45 വനിതാസംരംഭകർ എന്നിങ്ങനെ ആയിരം സ്ത്രീകളെ ഗുണഭോക്താക്കളാകി ഒരു നാലുവർഷപ്രൊജക്റ്റാണു നടപ്പാക്കിയത്. (എലപ്പുള്ളിയിലെ ജനസംഖ്യ: 41511, പുരുഷന്മാർ: 19900, സ്ത്രീകൾ; 21611, ആകെ കുടുംബങ്ങൾ: 7340, പട്ടികജാതി കുടുംബങ്ങൾ: 1199, പട്ടികജാതി പുരുഷന്മാർ: 3924, പട്ടികജാതി സ്ത്രീകൾ: 3705) തെരഞ്ഞെടുത്തവർക്കു പരിശീലനവും വേണ്ട സാമഗ്രികളും നൽകി. പഴയ 900 തൊഴുത്തുകൾ നവീകരിച്ചു. ആയിരം കന്നുകാലികളെ വിതരണം ചെയ്തു. പത്തു ക്ഷീരസംഘങ്ങൾ സ്ഥാപിച്ചു. കാലിത്തീറ്റയ്ക്കായി 75 ഹെക്റ്റർ വികസിപ്പിച്ചു. 550 ബയോഗ്യാസ് പ്ലാന്റും 181 വെർമി കമ്പോസ്റ്റ് യൂണിറ്റും തുടങ്ങി.

ക്ഷീരമേഖല വികസിച്ചതോടെ കോഴിവളർത്തൽ, ആടുവളർത്തൽ, ഇറച്ചിക്കായുള്ള പോത്തുവളർത്തൽ, ചാണകവും ഗോമൂത്രവും ഉപയോഗിച്ചുള്ള ജൈവപച്ചക്കറിക്കൃഷി എന്നിവയും വളർന്നുവന്നു.

## നേട്ടങ്ങൾ

പഞ്ചായത്തിലെ 7340 കുടുംബങ്ങളിൽ 4200ഉം ക്ഷീരകുടുംബങ്ങളായി മാറി. 3075 പട്ടികജാതിസ്ത്രീകളിൽ 1082 പേരും സംരംഭകരായി മാറി. പത്തു ക്ഷീരസംഘങ്ങളിൽ രണ്ടെണ്ണം സ്ത്രീകൾ നടത്തുന്നു. പ്രതിദിന പാലുല്പാദനം 2200ൽനിന്ന് 12400 ലീറ്ററായി ഉയർന്നു. വാർഷിക പാലുല്പാദനം 200910ൽ 38 ലക്ഷം ലീറ്ററായി. 2014ൽ 41 ലക്ഷം ലീറ്ററും. ബയോഗ്യാസ്, വെർമി കമ്പോസ്റ്റ് പ്ലാന്റുകളിലെ ഉല്പാദനം ജൈവക്കൃഷിയ്ക്ക് ആക്കം കൂട്ടി. പച്ചക്കറിക്കൃഷി ജൈവരീതിയിലായി. കാലിത്തീറ്റയുല്പാദനം, മറ്റു മൃഗങ്ങളുടെ പരിപാലനവും അനുബന്ധ വ്യവസായങ്ങളും, മുട്ടക്കോഴി, ആട്, മുയൽ, ടർക്കിക്കോഴി, നായ എന്നിവയുടെ വളർത്തൽ യൂണിറ്റുകൾ എന്നിവ വ്യാപിച്ചു. ഫാം ടൂറിസവും പച്ചപിടിച്ചു.

സംരംഭകത്വത്തോടൊപ്പം ഈ സാമ്പത്തികപ്രവർത്തനത്തിലൂടെ സ്ത്രീകൾ ഇതരമേഖലകളിൽ മുന്നേറ്റം നേടി. ഇങ്ങനെയുണ്ടായ വനിതാനേതാക്കളിൽ 13 പഞ്ചായത്തംഗങ്ങൾ, രണ്ടു ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ, പുതിയ പഞ്ചായത്ത് പ്രസിഡന്റ്, പ്രതിപക്ഷനേതാവ്, രണ്ടു ക്ഷീരസംഘങ്ങളുടെ ഭാരവാഹികൾ എന്നിവരൊക്കെ പെടും. ഇതിനു പുറമേ സജീവമായ 283 കുടുംബശ്രീ യൂണിറ്റുകളും 12 സ്ക്കൂൾ മദർ പിറ്റിഎ ഭാരവാഹികളും ഒക്കെ കഴിവുറ്റ വനിതാസാന്നിദ്ധ്യമാണ്. ഇവിടെയുള്ള 32 അങ്കണവാടി, രണ്ട് ഹൈസ്ക്കൂൾ, രണ്ട് യുപി സ്ക്കൂൾ, എട്ട് എൽപി സ്ക്കൂൾ എന്നിവിടങ്ങളിലേക്കു വേണ്ട പാലും മുട്ടയും പഞ്ചായത്തിൽനിന്നുതന്നെ ഇന്നു ലഭ്യമാകുന്നു.

## എലപ്പുള്ളി മാതൃക: സ്ത്രീകളുടെ മുഖ്യധാര

സ്ത്രീസമൂഹപങ്കാളിത്തം

ത്രിതലപഞ്ചായത്ത് പങ്കാളിത്തം

ധനകാര്യസ്ഥാപന പങ്കാളിത്തം

പാട്ടത്തിനെടുത്ത സ്വകാര്യഭൂമിയിലെ കാലിത്തീറ്റമേഖലകൾ

അന്യസംസ്ഥാനങ്ങളിൽനിന്നു മൃഗങ്ങളെ എത്തിക്കുന്ന സ്വകാര്യ ഏജൻസികൾ

ഹോട്ടൽ ആൻഡ് റെസ്റ്റോറന്റ് ഓണേഴ്സ് അസോസിയേഷൻ പങ്കാളിത്തത്തോടെ ക്ഷീരോത്പന്ന വിപണനം

സ്വകാര്യ വിപണകേന്ദ്രങ്ങളിലൂടെ ഗോമൂത്രാധിഷ്ഠിഅത ഉല്പന്നങ്ങളുടെ വിപണനം

ആയുർവ്വേദ ഏജൻസികളിലൂടെയുള്ള പഞ്ചകർമ്മ ഉല്പന്നങ്ങളുടെ വിപണനം

ബ്യൂട്ടി പാർലറുകൾ വഴി സൗന്ദ്രവർദ്ധകവസ്തുക്കളുടെ വിപണനം

സൂപ്പർ മാർക്കറ്റുകളും ബിഗ് ബസാറും വഴി ജൈവമുട്ടയുടെ വിപണനം

ഗ്രാമീണരുടെ ആഹാരത്തിൽ ഗുണമേന്മയുള്ള പാലും ഇറച്ചിയും മുട്ടയും പച്ചക്കറിയും

## പ്രധാനപ്രശ്നങ്ങൾ

ഒറ്റ ഏകോപന ഏജൻസിയുടെ അഭാവം

ഓരോ വകുപ്പും അവരുടെ മാത്രം പ്രൊജക്റ്റുകളിൽ മുൻകൈ എടുക്കുന്നത്

ഗ്രാമീണസ്ത്രീകളോടുള്ള ധനകാര്യസ്ഥാപനങ്ങളുടെ നിഷേധസമീപനം

സ്ത്രീക്കൂട്ടായ്മകൾക്കിടയിലെ അനാരോഗ്യകരമായ മത്സരം

ഭാരിച്ച ഉത്തരവാദിത്തങ്ങൾ മുഴുവൻ സമയം ഏറ്റെടുക്കാനുള്ള വനിതാ സർക്കാരുദ്യോഗസ്ഥരുടെ വിമുഖത

വനിതാനേതാക്കൾക്ക് അനുകരണീയമായ നല്ല മാതൃകകൾ ഇല്ലാത്തത്

വെളിസ്ഥലത്ത് കഠിനാദ്ധ്വാനം ചെയ്യാൻ സൗന്ദര്യത്തിൽ അധികശ്രദ്ധയുള്ള പുതുതലമുറ താല്പര്യപ്പെടാത്തത്

സ്ത്രീസൗഹൃദ യന്ത്രവത്ക്കരണത്തിന്റെ അപര്യാപ്തി

ഗവണ്മെന്റിൽനിന്നു കൂടുതൽ പിന്തുണ നേടാത്തത്

ശമ്പളമുള്ള ജോലിയോടുള്ള താല്പര്യം

പരമ്പരാഗതവിജ്ഞാനത്തിൽ തളഞ്ഞുകിടക്കുന്നത്

യുവതികളുടെ കുറഞ്ഞ പങ്കാളിത്തം

സ്ത്രീകളുടെ ശാരീരികപ്രശ്നങ്ങൾ


കുടുംബങ്ങളിൽനിന്നുള്ള പിന്തുണയുടെ അഭാവം

## ഉപസംഹാരം

അടിയന്തരലക്ഷ്യങ്ങൾക്കു പുറമെ, ലിംഗാവബോധത്തിൽ പിന്നാക്കം നിന്ന അടിസ്ഥാനവിഭാഗങ്ങളുടെ പ്രാതിനിദ്ധ്യത്തിലൂടെ നേടിയ ദീർഘകാലലക്ഷ്യങ്ങളും പദ്ധതിയുടെ പ്രധാന നേട്ടങ്ങളാണ്. താഴേത്തട്ടിൽ ശക്തമായ വേരോട്ടമുള്ളതും സ്ത്രീപ്രശ്നങ്ങളിൽ ആഴമാർന്ന ഉൾക്കാഴ്ച ഉള്ളതുമായ പഞ്ചായത്ത് പൊതുജന പങ്കാളിത്തത്തിന്റെ വിപുലമായ ശൃംഖല ഈ പാലക്കാടൻ ഗ്രാമത്തിലെ സ്ത്രീകളുടെ ശാക്തീകരണത്തിൽ പ്രചോദകമായ മുൻകൈകൾ സംഭാവന ചെയ്തിട്ടുണ്ട്.

ഡോ: എൻ. ശുദ്ധോദനൻ

# അനുബന്ധങ്ങൾ




***with best compliments from***

Poovar
ISLAND RESORT

# നിക്ഷേപ സൗഹൃദ അന്തരീക്ഷവും തൊഴിൽ ബന്ധങ്ങളും

വ്യവസായ വികസനം സാധ്യമാകണമെങ്കിൽ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള സ്വകാര്യ സംരംഭകരിൽനിന്ന് നിക്ഷേപങ്ങൾ ഉണ്ടാകേണ്ടതുണ്ട്. ഇതിന് അനുകൂലമായ സാഹചര്യം സംസ്ഥാനത്ത് സൃഷ്ടിക്കണം. എന്നാൽ ഇതിനായി മറ്റു പല സംസ്ഥാനങ്ങളും ചെയ്യുന്നതുപോലെ നമ്മുടെ പ്രകൃതി വിഭവങ്ങളെയോ തൊഴിലാളികളുടെ അവകാശങ്ങളെയോ ബലികഴിക്കാൻ ഒരു ഇടതുപക്ഷ അജണ്ടയ്ക്കു കഴിയില്ല. അല്ലാതെതന്നെ സ്വകാര്യ മൂലധനത്തെ സംസ്ഥാനത്തേയ്ക്ക് ആകർഷിക്കുന്നതിന് കഴിയും. നിക്ഷേപകൻ സാധാരണയായി വിലയിരുത്തുന്ന കാര്യങ്ങൾ താഴെ പറയുന്നവയാണ്.

1. അനായാസേന വ്യവസായം ആരംഭിക്കാനുള്ള സൗകര്യം,
2. പ്രവർത്തനത്തിൽ മാറ്റം വരുത്താനുള്ള സാധ്യത.
3. നിക്ഷേപത്തിനു ലാഭം കിട്ടുമെന്നുള്ള ഉറപ്പ്
4. തൊഴിൽ ശക്തിയുടെ സ്വഭാവം, പശ്ചാത്തല സൗകര്യങ്ങളുടെ നിലവാരം, നിലവിലുള്ള നിയന്ത്രണങ്ങളുടെ സ്വഭാവം തുടങ്ങിയവ.
5. ഉദ്യോഗസ്ഥവൃന്ദത്തിന്റെ കാഴ്ചപ്പാട്, സർക്കാരിന്റെ നയങ്ങളുടെ ഊന്നൽ, ഭരണത്തിന്റെ സുസ്ഥിരത എന്നിവ.

## മെച്ചപ്പെടുന്ന തൊഴിൽ അന്തരീക്ഷം

ഇതുപോലുള്ള ഘടകങ്ങളെ പരിശോധിച്ചുകൊണ്ട് കേരളത്തിലെ നിക്ഷേപാന്തരീക്ഷം ദുർബലമാണ് എന്ന വാദം പലരും ഉയർത്താറുണ്ട്. ഇത്തരം വിമർശനങ്ങളെ ഗൗരവമായിത്തന്നെ പരിശോധിക്കുകയും വേണം. പക്ഷേ, കേരളത്തിലെ പ്രധാനപ്രശ്നം സമരോത്സുക ട്രേഡ് യൂണിയനുകളാണെന്നും തൊഴിൽപ്രശ്നങ്ങളുമാണെന്നുള്ള പ്രചരണം വസ്തുതകൾക്കു നിരക്കുന്നതല്ല. കേരളത്തിലെ പണിമുടക്കുകളുടെയും നഷ്ടപ്പെട്ട തൊഴിൽദിനങ്ങളുടെയും എണ്ണത്തിന്റെ തോത് കുറഞ്ഞുകൊണ്ടിരിക്കുന്നു എന്നുമാത്രമല്ല, രണ്ടു ദശാബ്ദത്തിലേറെയായി ദേശീയ ശരാശരിയെക്കാൾ താഴ്ന്നതാണ് ഇതെന്ന് സ്ഥിതിവിവരക്കണക്കുകൾ വ്യക്തമാക്കുന്നു. ശമ്പളത്തിന്റെ കാര്യമെടുത്താൽ വാർഷിക വ്യവസായ സർവെയുടെ കണക്കുകൾ പ്രകാരം വിവിധ ഫാക്ടറി മേഖലകളിലെ വരുമാനത്തിൽ കേരളത്തിലെ ശമ്പളത്തിന്റെ വിഹിതം ദേശീയശരാശരിയെക്കാൾ താഴ്ന്നതാണ്.

അതേസമയം കേരളത്തിന്റെ ഒരു സവിശേഷതയെ നാം കാണേണ്ടതുണ്ട്. അനൗപചാരിക തൊഴിൽമേഖലയിൽ മറ്റു സംസ്ഥാനങ്ങളിലെ ജനങ്ങൾ അസംഘടിതരായി നിൽക്കുമ്പോൾ കേരളത്തിൽ പൊതുവിൽ സംഘടിതരാണ്. കേരളത്തിൽ അനൗപചാരിക മേഖലയിലെ തൊഴിലാളികളുടെ കൂലി രാജ്യത്തിലെ ശരാശരി കൂലിയെക്കാളും അയൽസംസ്ഥാനങ്ങളിലെ നിലവിലുള്ള കൂലിയെക്കാളും കൂടുതലാണ്. നിർമ്മാണ മേഖലയിലും കയറ്റിറക്കു മേഖലയിലും ചില തൊഴിൽ മേഖലകളിൽ അമിതമായ കൂലി, നോക്കുകൂലി, യൂണിയനുകൾ തൊഴിലാളികളെ നിശ്ചയിക്കുന്ന സമ്പ്രദായം തുടങ്ങിയവ ഒരു ഘട്ടത്തിൽ നിലനിന്നിരുന്നു. എന്നാൽ,

അതുപോലും ഇപ്പോൾ ട്രേഡ് യൂണിയനുകളുടെയും രാഷ്ട്രീയ നേതൃത്വത്തിന്റെയും ഇടപെടലിന്റെ ഭാഗമായി വളരെയേറെ കുറഞ്ഞിട്ടുണ്ട്. എന്നാൽ, ഇത്തരം അനാശാസ്യ പ്രവണതകൾ ചില മേഖലകളിൽ നിലനിൽക്കുന്നുണ്ട് എന്നത് വസ്തുതയാണ്. അവ തിരുത്തേണ്ടതുമുണ്ട്.

ഈ അവസരത്തിൽ കേരളത്തിലെ വ്യവസായ വളർച്ചയെക്കുറിച്ചും തൊഴിലാളി സംഘടനകളെപ്പറ്റിയും ഇഎംഎസ് നടത്തിയ സ്വയംവിമർശനം ഓർക്കാവുന്നതാണ്. ''അധ്വാനിക്കുന്ന ജനവിഭാഗവും രാഷ്ട്രീയ പ്രസ്ഥാനങ്ങളും പ്രയത്നിച്ചതിന്റെ ഫലമായി കൂട്ടായ വിലപേശലിലൂടെ കൂലിയും ശമ്പളവും വർധിപ്പിക്കാൻ ഇവിടെയുള്ള തൊഴിലാളിക്ക് കഴിഞ്ഞിട്ടുണ്ട്. അതേസമയം കർഷകനും വ്യവസായിക്കും അവരുടെ മേഖലയിൽ അതേനിരക്കിൽ വളർച്ച കൂട്ടാൻ സാധിച്ചിട്ടില്ല. കർഷകനും വ്യവസായിക്കും തൊഴിലാളികളുടെ വേതനം വർധിച്ച അതേ നിരക്കിലോ അതിൽ കൂടുതലോ ആയി ഉൽപാദനനിരക്കു വർധിപ്പിക്കാൻ സാധിക്കണം. സംസ്ഥാന ഭരണകൂടവും, തൊഴിൽദായകരും തൊഴിലാളികളും കൂട്ടായ യത്നത്തിലൂടെ ഇതിനു സഹായകരമായ രീതി വികസിപ്പിച്ചെടുക്കണം. ഈ ലക്ഷ്യം സാധിക്കാൻ ഞങ്ങളുടെ നിലപാടിൽ ആവശ്യമായ തിരുത്തലുകൾ വരുത്താൻ തയ്യാറാണെന്നു ഞാൻ പ്രഖ്യാപിക്കുന്നു.''

### സർക്കാർ ഏജൻസികൾ

കേരളത്തിൽ ഭൂമി ലഭ്യതയുടെ കുറവുണ്ട്. മാത്രമല്ല, ഭൂമിക്കാവട്ടെ വില മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് വളരെ ഉയർന്നതാണ്. ഈ സാഹചര്യത്തിൽ, നിക്ഷേപകർക്ക് ന്യായമായ വിലയ്ക്ക് ഭൂമി ലഭ്യമാക്കാൻ കഴിയേണ്ടതുണ്ട്. പക്ഷേ, ഇത്തരത്തിൽ ലഭ്യമാക്കുന്ന ഭൂമി റിയൽ എസ്റ്റേറ്റ് താൽപര്യങ്ങൾക്കല്ലാതെ വ്യവസായ നിക്ഷേപത്തിനും തൊഴിൽ സൃഷ്ടിയ്ക്കും വേണ്ടിയായിരിക്കും എന്നുറപ്പുവരുത്തുന്ന വ്യവസ്ഥകളുണ്ടാകണം. നിലവിലുള്ള പൊതുമേഖലാ വ്യവസായ നയങ്ങളുടെ വികസനത്തിനും പുതിയ വ്യവസായങ്ങൾ തുടങ്ങുന്നതിനും ഭൂമി അത്യാവശ്യമാണ് എന്ന സ്ഥിതിയും നിലനിൽക്കുന്നുണ്ട്. ഭാരതത്തിന്റെ മൊത്തം വിസ്തീർണത്തിന്റെ ഒരു ശതമാനം മാത്രമാണ് കേരളത്തിന്റെ വിസ്തീർണം. 2011 ലെ കാനേഷുമാരി കണക്കുപ്രകാരം ഇന്ത്യൻ ജനതയുടെ 2.7 ശതമാനം കേരളത്തിലാണ്. ജനസാന്ദ്രതയാകട്ടെ സ്ക്വയർ കിലോമീറ്ററിന് പതിനോരായിരത്തിൽപ്പരവും. ഇത് ദേശീയ ശരാശരിയുടെ മൂന്നു മടങ്ങോളം വരും. പരിസ്ഥിതിക്ക് കോട്ടം തട്ടാതെ വ്യവസായത്തിനാവശ്യമായ ഭൂമി കണ്ടെത്താൻ കഴിയേണ്ടതുണ്ട്.

ജനസാന്ദ്രത കുറഞ്ഞ ഭാഗങ്ങളിൽ സർക്കാർ മുൻകൈയെടുത്ത് വലിയ തോതിൽ വ്യവസായ പാർക്കുകൾ സൃഷ്ടിക്കുക. വ്യവസായങ്ങൾക്കാവശ്യമായ ജലം, വൈദ്യുതി, ഗതാഗത സൗകര്യങ്ങൾ ഇവയെ അടിസ്ഥാനമാക്കിയിട്ടായിരിക്കണം പാർക്കുകൾ സ്ഥാപിക്കേണ്ടത്. പശ്ചാത്തല സൗകര്യങ്ങളുടെ അപര്യാപ്തതകൾ പ്രവർത്തനച്ചെലവ് വർധിപ്പിക്കുകയും ഉൽപാദനക്ഷമതയും ലാഭനിരക്കും കുറയ്ക്കുകയും ചെയ്യുന്നു. കൂടിയ തോതിൽ നിക്ഷപം ഒഴുകിയെത്താൻ ഈ പ്രശ്നം പരിഹരിക്കേണ്ടതുണ്ട്. ഭൗതികപശ്ചാത്തല സൗകര്യങ്ങളും വികസിക്കേണ്ടതുണ്ട്. ഇതു സംബന്ധിച്ച് ഈ രേഖയിൽ തന്നെ മറ്റൊരു ഭാഗത്ത് വിശീകരിക്കുന്നുണ്ട്. അതിനാൽ ഇവിടെ ആ പ്രശ്നം വിശകലനം ചെയ്യുന്നില്ല.

പാരിസ്ഥിതിക അവബോധം കേരളത്തിൽ ശക്തിപ്പെട്ടുവന്നിട്ടുണ്ട്. ചില വ്യവസായങ്ങൾ സൃഷ്ടിക്കുന്ന പരിസരമലിനീകരണം ഇല്ലാതാക്കുന്നതിനുള്ള സംവിധാനങ്ങളും നിലവിൽ വരേണ്ടതുണ്ട്. സാങ്കേതിക സാമ്പത്തിക രംഗങ്ങളിൽ മൂല്യവർധിത സേവനങ്ങൾ പ്രദാനം ചെയ്യുന്ന മേഖലയിൽ പശ്ചാത്തല സൗകര്യങ്ങൾ പരിമിതമായേ ഉള്ളൂ എന്ന സ്ഥിതിയുണ്ട്. ഗവേഷണ വികസന പ്രവർത്തനങ്ങളിൽ വ്യാപരിക്കുന്നതും ആധുനിക നൈപുണികൾ പരിശീലിപ്പിക്കുന്നതുമായ മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങളും നമുക്കില്ല എന്ന പരിമിതിയേയും മറികടക്കേണ്ടതുണ്ട്.

നിക്ഷേപസൗഹൃദമാകുന്ന വിധത്തിൽ ഉദ്യോഗസ്ഥവൃന്ദത്തെ മാറ്റിയെടുക്കുക എന്നതും പ്രധാനമാണ്. ചുവപ്പുനാട, ഭരണനടപടികളിലെ സങ്കീർണത, വ്യവസായാനുമതി ലഭിക്കാനുള്ള കാലതാമസം, കൈക്കൂലി, സംശയദൃഷ്ട്യാ കാര്യങ്ങൾ കാണുന്ന ഉദ്യോഗസ്ഥർ എന്നീ പരിമിതികളെ മറികടക്കാൻ കഴിയണം. എങ്കിൽ മാത്രമേ നിക്ഷേപ സൗഹൃദ അന്തരീക്ഷം രൂപപ്പെടുകയുള്ളൂ. ഒരു സ്ഥാപനം ആരംഭിക്കണമെങ്കിൽ ഒട്ടേറെ ഉദ്യോഗസ്ഥരിൽ നിന്ന് അനുമതിപത്രം ലഭിക്കേണ്ട സ്ഥിതിക്ക് മാറ്റം വരുത്തി ഏകജാലക സംവിധാനം നടപ്പാക്കണം. ഏകജാലക സംവിധാനം അനിവാര്യമായി വിവിധ വകുപ്പുകളിൽ നടക്കേണ്ട വിശദമായ പരിശോധന ഒഴിവാക്കുന്നതിനുള്ള ഉപായമല്ല. ഒന്നിനുപുറകെ ഒന്നായി ഓരോ വകുപ്പും മുറപ്രകാരം പരിശോധിച്ചു കാലതാമസം വരുത്തുന്ന ഇന്നത്തെ രീതിയ്ക്കു പകരം എല്ലാവരും സമാന്തരമായി പരിശോധന നടത്തുകയും തർക്കപ്രശ്നങ്ങൾ യോഗത്തിൽ ചർച്ച ചെയ്ത് തീരുമാനമെടുക്കുകയും ചെയ്യുന്ന രീതിയാണ് വേണ്ടത്. സർക്കാരിന്റെ ഓരോ വകുപ്പും നിക്ഷേപകനെ എങ്ങനെ പ്രോത്സാഹിപ്പിക്കാൻ കഴിയും എന്ന കാര്യത്തിലാണ് ഊന്നൽ നൽകേണ്ടത്. അതിന് അനുയോജ്യമായ വിധത്തിലുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കഴിയണം.

നാടിന്റെ വികസനം മുന്നോട്ടുപോകണമെങ്കിൽ രാഷ്ട്രീയ പാർടികൾ തമ്മിൽ അഭിപ്രായസമന്വയം ഉണ്ടാകേണ്ടതുണ്ട്. പ്രത്യേകിച്ചും വ്യത്യസ്ത മുന്നണികൾ മാറി മാറി ഭരിക്കുന്ന പ്രവണത നിലനിൽക്കുന്ന കേരളത്തിൽ. ഒരു പുതിയ വികസന രാഷ്ട്രീയകാഴ്ചപ്പാട് കേരളത്തിൽ ഉരുത്തിരിഞ്ഞു വരാൻ എന്നും മുൻകൈയെടുത്തിട്ടുള്ളത് ഇവിടത്തെ ഇടതുപക്ഷ

മാണ്. ഇക്കാര്യം ഇ.എം.എസ് ഇങ്ങനെ പറയുകയുണ്ടായി. ''രാഷ്ട്രീയമായി കോൺഗ്രസ്, ബിജെപി, മറ്റ് ജാതിമതാധിഷ്ഠിത സംഘടനകൾ എന്നിവയ്ക്കെതിരെ ജനങ്ങളെ സംഘടിപ്പിക്കുമ്പോൾ തന്നെ, പ്രാദേശിക വികസനത്തിനുവേണ്ടി ഇവർക്കെല്ലാം യോജിച്ചു പ്രവർത്തിക്കാൻ കഴിയുന്ന ഒരു വികസനസംസ്ക്കാരത്തിനു വേണ്ടിയാണ്, ഞാൻ നിലകൊള്ളുന്നത്. തെരഞ്ഞെടുപ്പിൽ ജയിച്ചവർ തോറ്റവരിൽ നിന്നു സഹായം സ്വീകരിക്കാനും തോറ്റവർ ജയിച്ചവർക്കു വികസനത്തിനാവശ്യമായ സഹകരണം നൽകാനും തയ്യാറാകേണ്ടതുണ്ട്.'' (1992ലെ മത്തായി മാഞ്ഞൂരാൻ സ്മാരക പ്രസംഗം)

## വ്യവസായസംരംഭകത്വം

വ്യവസായ സംരംഭകത്വം എന്നത് കേരളത്തിന്റ സാമ്പത്തിക പിന്നാക്കാവസ്ഥയുമായി ബന്ധപ്പെട്ട ചർച്ചകളിൽ വളരെ കുറഞ്ഞ പ്രാധാന്യം നേടിയ ഒരു മേഖലയാണ്. ഇവിടത്തെ വ്യവസായ സംരംഭകത്വത്തിന്റെ പിന്നോക്കാവസ്ഥയ്ക്ക് ചരിത്രപരവും സാമൂഹികവുമായ കാരണങ്ങളാണുള്ളത്. എന്നാൽ ഇതിനെ മറികടക്കാതെ കേരളത്തെ വ്യവസായവല്കരിക്കാനാവില്ല. സാമൂഹികസമത്വത്തിലധിഷ്ഠിതമായ ഒരു വികസന പ്രക്രിയയായിരുന്നു കേരളം പിന്തുടർന്നുവന്നത്. അത് ഉയർന്ന സാമൂഹിക വികസന സൂചികകളുള്ള ഒരു സമൂഹത്തെ സൃഷ്ടിക്കുകയും ചെയ്തു. എന്നാൽ സാമ്പത്തിക വളർച്ചയിലും വികാസത്തിലും ആ തോതിലുള്ള വളർച്ച നേടാൻ സംസ്ഥാനത്തിനായില്ല. ഈ പരിമിതി മറികടക്കാൻ വർധിച്ചതോതിലുള്ള സമ്പത്തുല്പാദനം സംസ്ഥാനത്തു നടക്കേണ്ടിയിരിക്കുന്നു. അതിന് വ്യവസായ സംരഭകരെ പ്രോത്സാഹിപ്പിക്കുകയും പുതിയ സംരംഭകത്വ സംസ്കാരം സൃഷ്ടിക്കുകയും ചെയ്യേണ്ടതുണ്ട്. പ്രൊഫഷണലുകളായ ഒരു പുതിയ തലമുറ സംരംഭകർ കേരളത്തിൽ വളർന്നുവരുന്നുണ്ട് എന്നുള്ളത് ശുഭോദാർക്കമാണ്. ഇവരെ സഹായിക്കുന്നതിന് ആവശ്യമായ സ്റ്റാർട്ട് അപ്പ് വില്ലേജുകളും ഇൻക്യുബേഷൻ സെന്ററുകളും സ്ഥാപിക്കുന്നതിന് സർക്കാർ മുൻകൈയെടുക്കണം.

## അനുകൂലസാഹചര്യങ്ങൾ

വ്യവസായസംരഭകത്വത്തെ വികസിപ്പിച്ചെടുക്കാനാവശ്യമായ വളരെയേറെ അനുകൂല ഘടകങ്ങൾ സംസ്ഥാനത്ത് ഉണ്ടെന്നതാണ് വസ്തുത. ഇതിൽ പ്രധാനപ്പെട്ടതാണ് സംസ്ഥാനത്തെ ഉപഭോഗത്തിന്റെ ഉയർന്ന തോത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ആളോഹരി ഉപഭോഗമുള്ളത് കേരളത്തിലാണ്. ഇന്ത്യയിലെ മൊത്തം ജനസംഖ്യയുടെ 3 ശതമാനം മാത്രമുള്ള കേരളത്തിലാണ് ഈ രാജ്യത്തുണ്ടാകുന്ന ഉപഭോഗ വസ്തുക്കളുടെ 10–15 ശതമാനം വിറ്റഴിക്കപ്പെടുന്നത്. ഇത്രമാത്രം ഉപഭോഗം നടക്കുന്ന കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ഉപഭോഗവസ്തുക്കൾ വിരലിലെണ്ണാവുന്നവ മാത്രമാണ്. ഉപയോഗിക്കപ്പെടുന്ന ചരക്കുകളുടെ ബഹുഭൂരിപക്ഷവും അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നവയാണ്.

ഇവയ്ക്കു പുറമെ, സംരംഭകത്വത്തെ വളർത്തിയെടുക്കാനാവശ്യമായ സാമ്പത്തികസഹായം, മനുഷ്യവിഭവം എന്നിവയും കേരളത്തിൽ ലഭ്യമാണ്. പ്രവാസി മലയാളികളുടെ സമ്പാദ്യത്തിന്റെയും വൈദഗ്ധ്യത്തിന്റെയും സാധ്യതകളേയും നാം ഉപയോഗപ്പെടുത്തിയിട്ടില്ലെന്നു പറയാം. കേരളത്തിലെ സി.ഡി അനുപാതം 50 ശതമാനത്തിൽ കൂടുതലാണ്. അതായത് ഇപ്പോഴും നല്ല പദ്ധതികൾക്ക് സാമ്പത്തിക സഹായം നേടാനാവുമെന്നതാണിത് കാണിക്കുന്നത്. നമ്മുടെ സംസ്ഥാനത്തു തന്നെ രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതരുടെ എണ്ണം നാൽപ്പതു ലക്ഷത്തിലധികം വരും. ഇതിൽ 25 ശതമാനം പേരും ബിരുദധാരികളാണ്.

അഭ്യസ്തവിദ്യരായ ചെറുപ്പക്കാരുള്ള, വ്യവസായപദ്ധതികൾക്കാവശ്യമായ സാമ്പത്തികസഹായം കണ്ടെത്താനാവുന്ന, ഉല്പന്നങ്ങൾക്ക് വർധിച്ച ആവശ്യക്കാരുള്ള സംസ്ഥാനത്ത് സംരംഭകത്വം വികസിച്ചുവരുന്നതിന്റെ കാരണങ്ങൾ ഗൗരവമായി അന്വേഷിക്കേണ്ടിയിരിക്കുന്നു. ചരിത്രപരമായി പരിശോധിച്ചാൽ കേരളത്തിലെ സംരംഭകത്വം കൂടുതൽ വാണിജ്യകൃഷിയോടും വ്യാപാരത്തോടുമാണ് താൽപര്യം പ്രകടിപ്പിച്ചുവന്നത്. സമീപകാലത്ത് ഇതിൽനിന്നു വ്യത്യസ്തമായി വിദ്യാസമ്പന്നരായ പുതിയ തലമുറ വ്യവസായസംരംഭകർ രൂപം കൊണ്ടിട്ടുണ്ട് എന്ന സ്ഥിതിയും നിലനിൽക്കുന്നുണ്ട്. ഇതിനെ പ്രോത്സാഹിപ്പിക്കാൻ കഴിയേണ്ടതുണ്ട്.

## തൊഴിൽ ബന്ധങ്ങൾ


നവലിബറൽ നയങ്ങൾ രൂപപ്പെട്ടതോടെ തൊഴിലിന്റെ സ്വഭാവത്തിൽ വലിയ മാറ്റം രൂപപ്പെട്ടുവരികയാണ്. ചൂഷണത്തിന്റേതായ പുതിയ സംവിധാനങ്ങൾ ഓരോ മേഖലയിലും വളർന്നുവരികയാണ്. യഥാർത്ഥ വേതനത്തിൽ തന്നെ കുറവ് ഉണ്ടാവുകയാണ്. സംഘടിത വ്യവസായ മേഖലയിൽ തൊഴിലാളികളുടെ ആളോഹരി യഥാർത്ഥ വേതനം കുറഞ്ഞു. 1990–91 ൽ 108.41 രൂപയായിരുന്നത് 2010–11 ൽ 103.76 രൂപയായാണ് കുറഞ്ഞിരിക്കുന്നത്.

തൊഴിൽ സമ്പ്രദായത്തിൽ വന്നിട്ടുള്ള പുതിയ മാറ്റങ്ങളും പ്രയാസങ്ങൾ സൃഷ്ടിക്കുന്നവയാണ്. കരാർവൽക്കരണം, താൽക്കാലികവൽക്കരണം, പണി പുറത്തുകൊടുക്കൽ എന്നിവയാണ് തൊഴിലാളികളെ ചൂഷണം ചെയ്യുന്നതിനായി ഉപയോഗിക്കുന്ന പുത്തൻ രീതികളായി വളർന്നുവരികയാണ്. രാജ്യത്തെ കണക്കുകൾ തന്നെ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. മൊത്തം സംഘടിത തൊഴിലുകളിൽ കരാർ തൊഴിലിന്റെ പങ്ക് 1995–96 ൽ 10.54 ശതമാനമായിരുന്നത് 2009–10 ൽ 25.7 ശതമാനമായി വർധിച്ചു. വീട്ടിലിരുന്ന് തൊഴിലെടുക്കുന്ന, മുഖ്യമായും സ്ത്രീകളായ തൊഴിലാളികൾക്ക്, പീസ് റേറ്റ് കൂലി എന്ന പേരിൽ വളരെ കുറഞ്ഞ പ്രതിഫലമാണ് പുറത്തു പണികൊടുക്കുന്ന കമ്പനികൾ

ഇപ്പോൾ നൽകി വരുന്നത്. 'സ്കീം' തൊഴിലാളികൾ എന്ന പേരിൽ ഗവൺമെന്റിന്റെ വിവിധ സ്കീമുകൾക്ക് കീഴിൽ പ്രവർത്തിച്ചുവരുന്ന തൊഴിലാളികൾക്ക് നാമമാത്രമായ ഒരു പ്രതിഫലം മാത്രം നൽകുകയും മറ്റു നിയമപരമായ ആനുകൂല്യങ്ങളൊക്കെ നിഷേധിക്കുന്ന നിലയും വളർന്നുവരികയാണ്. അസംഘടിത മേഖലയിലെ വലിയൊരു വിഭാഗം, അന്യസംസ്ഥാന തൊഴിലാളികളാണ്. അവരുടെ ജീവിതം, തൊഴിൽ പരിതസ്ഥിതി എന്നിവയൊക്കെ ദിവസക്കൂലിക്കാർ എന്ന നിലയിൽ ഏറെ മോശമായി നിൽക്കുന്ന സ്ഥിതിവിശേഷമാണുള്ളത്. അത്തരം വിഭാഗങ്ങൾക്കാകട്ടെ സാമൂഹിക സുരക്ഷാ പദ്ധതികളൊന്നും നിലനിൽക്കുന്നില്ല എന്ന പ്രശ്നവും സംസ്ഥാനത്ത് ഉണ്ട്.

കേരളത്തിൽ അടുത്ത കാലത്തായി ഉയർന്ന് വന്നിട്ടുള്ള മേഖലയാണ് ഐ.ടി. ഈ മേഖലയിൽ കടുത്ത ചൂഷണത്തിന്റെ രീതികൾ നിലനിൽക്കുന്നുണ്ട്. കേരളത്തിന്റെ പുതിയ വികസന രീതിയിൽ വളർന്നുകൊണ്ടിരിക്കുന്ന മേഖലകളാണ് വ്യാപാരമേഖല, ആശുപത്രികൾ, വിദ്യാഭ്യാസ മേഖല തുടങ്ങിയവ. ഈ മേഖലയിലെ തൊഴിലാളികളുടെ വേതന സേവന വ്യവസ്ഥകൾ അതീവ പരിതാപകരമായി നിലനിൽക്കുന്ന സ്ഥിതിയുണ്ട്.

പരമ്പരാഗതം, വ്യാപാര-വാണിജ്യം, ഐ.ടി, നിർമ്മാണ മേഖലകൾ, ആശുപത്രികൾ, അൺ എയ്ഡഡ് വിദ്യാലയങ്ങൾ തുടങ്ങിയ മേഖലകളിൽ കടുത്ത ചൂഷണത്തിനും തൊഴിൽ പീഡനങ്ങൾക്കും വിധേയരാകുന്ന സ്ത്രീ തൊഴിലാളികളുടെ പ്രശ്നങ്ങളും സവിശേഷ പ്രാധാന്യത്തോടെ ഉയർന്നുവന്നിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങളിൽ സജീവമായി ഇടപെടുന്നതിനും ജനാധിപത്യപരമായ തൊഴിൽ ബന്ധങ്ങൾ രൂപപ്പെടുത്തുന്നതിനും കഴിയണം. തൊഴിലാളികൾക്ക് വേതനവും വിശ്രമവും ഉറപ്പുവരുത്താനാകണം. അതിന് ഉതകുന്നവിധം വളർന്നുകൊണ്ടിരിക്കുന്ന മേഖലയിൽ ഇടപെടുക എന്നത് പ്രധാനമാണ്.



# നഗരവികസനത്തിന് ഒരു ബദൽ നയം രൂപപ്പെടുത്തൽ

## 1. ആമുഖം

സാമ്പത്തിക വികസനത്തിനുള്ള ഉത്തേജനം പ്രദാനം ചെയ്യുന്ന 'സമ്പദ്വളർച്ചയുടെ യന്ത്രങ്ങ'ളായിട്ടാണ് നഗരപ്രദേശങ്ങൾ പരിഗണിക്കപ്പെടുന്നത്. എന്നാൽ വ്യത്യസ്തമായ ഒരു ചിത്രമാണ് യാഥാർത്ഥ്യം കാഴ്ചവയ്ക്കുന്നത്. ജനവർഗ്ഗങ്ങൾ തമ്മിൽ വർദ്ധിച്ച അസമത്വത്തിന്റെ ചിത്രങ്ങളാണ് ഇന്ത്യയുടെ നഗരങ്ങളിലും ടൗണുകളിലും ദൃശ്യമാവുന്നത്. സാമൂഹിക-സാമ്പത്തികപ്രക്രിയകൾ വഴി ദരിദ്രജനവിഭാഗങ്ങളും തൊഴിലാളിവർഗ്ഗവും സ്ഥിരമായ അവശതകളിലേക്ക് തള്ളിമാറ്റപ്പെടുകയാണ്. സമ്പദ്വ്യവസ്ഥയിലും ജീവിതസാഹചര്യങ്ങളിലും സാമൂഹികജീവിതത്തിലും പരിസ്ഥിതി സാഹചര്യങ്ങളിലും നഗരപ്രദേശങ്ങൾ ബഹുമുഖമായ പ്രതിസന്ധികൾ നേരിടുകയാണ്.

1991 മുതൽ നവലിബറൽ നയങ്ങൾ നടപ്പിലാക്കുകയും കമ്പോളങ്ങൾ തുറന്നുകൊടുക്കുകയും ചെയ്തതോടെ നഗരങ്ങളും പട്ടണങ്ങളും മൂലധനസമാഹരണത്തിന്റെ പ്രധാനകേന്ദ്രങ്ങളായി മാറി. ഈ പ്രക്രിയവഴി സാർവ്വദേശീയ ഫൈനാൻഷ്യൽസ്ഥാപനങ്ങൾക്കും( IFIs) വിദേശനിക്ഷേപകർക്കും നഗരഭരണത്തിലേക്കും വികസനത്തിലേക്കും വർദ്ധിച്ചതോതിൽ കടന്നുവരാൻ താല്പര്യമുണ്ടായി.

നവലിബറൽ പരിഷ്കാരങ്ങളുടെ ഫലമായി, നഗരപ്രദേശങ്ങളിലെ വലിയൊരുവിഭാഗം തൊഴിലാളികൾക്ക് സുരക്ഷിതവേതനത്തോടെയുള്ള സ്ഥിരം തൊഴിലുകൾ നഷ്ടപ്പെട്ടു; പകരം, ഏറെ ചൂഷണപരമായ കരാർതൊഴിലുകളിലേർപ്പെടാനോ വരുമാനമുള്ള തൊഴിലിന്റെ അഭാവത്തിൽ 'അനൗപചാരിക സമ്പദ്വ്യവസ്ഥ'യുടെ ഭാഗമായിത്തീരാനോ അവർ നിർബ്ബന്ധിതരായി. തുടർച്ചയായ ഗ്രാമീണ ദുരിതങ്ങൾ കാരണം കോടിക്കണക്കായ ഗ്രാമീണദരിദ്രജനവിഭാഗങ്ങൾ നഗരപ്രദേശങ്ങളിലേക്ക് കുടിയേറാൻ നിർബ്ബന്ധിതരാവുന്നു. ഉപജീവനമാർഗ്ഗം തേടിയാണവർ നഗരങ്ങളിലേക്കു പോവുന്നത്. ഇത് നഗരങ്ങളിലെ പ്രതിസന്ധി ഏറെ ദുഷ്കരമാക്കിത്തീർത്തു.

സാമ്പത്തിക പരിഷ്കാരങ്ങളെ തുടർന്നുള്ള കാലഘട്ടത്തിൽ തൊഴിലാളികളുടെയും നഗരദരിദ്രജനങ്ങളുടെയും താമസസൗകര്യങ്ങൾ വളരെ മോശമായിത്തീർന്നു. നഗരഭൂമിവിപണിയിലെ ഊഹക്കച്ചവടം മൂലം തൊഴിലാളിവർഗ്ഗവും ദരിദ്രജനവിഭാഗങ്ങളും നഗരപ്രാന്തങ്ങളിലേക്കും അതിനപ്പുറത്തേക്കും കടന്നുപോവാൻ നിർബ്ബന്ധിതരായി. പൊതുഭവനപദ്ധതികളോ ചെലവു താങ്ങാവുന്ന ഭവനനിർമ്മാണപദ്ധതികളോ നഗരങ്ങളിലില്ലാത്തതുകാരണം ചേരികൾ വൻതോതിൽ വളർന്നുവന്നു. ജലവിതരണം, ശുചീകരണം, ബഹുജനവിദ്യാഭ്യാസം, ആരോഗ്യസൗകര്യങ്ങൾ തുടങ്ങിയ പൗരസേവനപരിപാടികൾ ആവശ്യമായത്രയില്ലാത്തതിനാൽ നഗരദരിദ്രജനവിഭാഗങ്ങളുടെ സ്ഥിതിഗതികൾ കൂടുതൽ വഷളായിട്ടുണ്ട്.

മലിനീകരണം, ജലവിതരണമലിനീകരണം, തെറ്റായ മാലിന്യനിർമ്മാർജ്ജനപരിപാടികൾ, ആസൂത്രണപ്രക്രിയയിലും കെട്ടിടനിർമ്മാണത്തിലും ശരിയാ

യനിയമങ്ങൾ പാലിക്കാതിരിക്കൽ എന്നിവകാരണം നഗരങ്ങളിലെ പരിസ്ഥിതി സാഹചര്യങ്ങൾ വളരെ മോശമായിട്ടുണ്ട്.

നമ്മുടെ രാജ്യത്തെ നഗരപ്രതിസന്ധി വിവിധഘടകങ്ങൾ സംയോജിച്ചുണ്ടായതാണ്. ശരിയായ സ്ഥല ആസൂത്രണമില്ലായ്മ, നഗരങ്ങളിലും ടൗണുകളിലും സമമായ പൊതുനിക്ഷേപമില്ലായ്മ, സ്വന്തം വിഭവങ്ങൾ സമാഹരിക്കുന്നതിലും നഗരവികസനത്തിന് ശരിയായ ദിശാബോധം നല്കുന്നതിലും പ്രാദേശികഭരണസമിതികളുടെ പരാജയം എന്നിവ ഈ പ്രതിസന്ധിയുടെ ചിലകാരണങ്ങളാണ്. എന്തായാലും കോൺഗ്രസ്സിന്റേയും ബി ജെ പി യുടെയും ഗവണ്മെന്റുകൾ നഗരപ്രതിസന്ധിയുടെ വിവിധവശങ്ങൾക്ക് തികച്ചും മാനേജീരിയലും ടെക്നോക്രാറ്റിക്കുമായ പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയാണ് ചെയ്തത്. ആദ്യം അത് ജവഹർലാൽ നെഹറു നാഷനൽ അർബൻ റിന്യുവൽ മിഷനിലൂ(JNNURM) ടെയായിരുന്നുവെങ്കിൽ ഇപ്പോഴത് 'സ്മാർട്ട് സിറ്റി പരിപാടി'യിലൂടെയാണ്. JNNURM ഒരു കാര്യം തെളിയിച്ചിട്ടുണ്ട്. കേന്ദ്രീകൃതവും കർക്കശവും ഏകരൂപവുമായ നടപടികൾ IFI വായ്പാ ഫണ്ടിനെ ആശ്രയിച്ചുള്ള വികസനപരിപാടികൾക്ക് മാത്രം ഉപയുക്തമാവും, എന്നാൽ സ്വകാര്യകോർപറേറ്റുകളുടെ നിക്ഷേപം വഴി നഗരപ്രതിസന്ധിപരിഹരിക്കാനാവുകയില്ല. സ്മാർട്ട് സിറ്റി പരിപാടിയാവട്ടെ നഗരവികസനത്തിന്റെയും നഗരഭരണത്തിന്റെയും എല്ലാ ഘടകങ്ങളും സ്വകാര്യമൂലധനത്തിനും വിദേശനിക്ഷേപത്തിനും തുറന്നുകൊടുത്തിരിക്കുന്നു. പ്രാദേശികഭരണസമിതികൾ പാടെ അവഗണിക്കപ്പെടുന്നു. നഗരവികസനത്തിനുള്ള ബദൽനയം നഗരപ്രതിസന്ധിയുടെ കാരണങ്ങൾ ശരിയായി വിലയിരുത്തണം, ബഹുജനാനുകൂലമായ വികസനകാഴ്ചപ്പാടിലൂന്നിയ സുവ്യക്തമായരാഷ്ട്രീയത്തിലധിഷ്ഠിതമായ സമഗ്രമായ പരിഹാരങ്ങൾ നിർദ്ദേശിക്കണം.

2011 ലെ സെൻസസ് അനുസരിച്ച് കേരളജനസംഖ്യയുടെ ഏതാണ്ട് 50% അനേകം ഗ്രാമപഞ്ചായത്തുകളുൾപ്പെടുന്ന നഗരപ്രദേശങ്ങളിലാണ് ജീവിക്കുന്നതെന്ന് കണക്കാക്കപ്പെടുന്നു. കേരളത്തിലെ നഗരസമ്പദ്വ്യവസ്ഥ മുഖ്യമായും റിയൽ എസ്റ്റേറ്റ് മേഖലയെ ആശ്രയിച്ചിരിക്കുന്നു. ഇതുവഴി ഭൂമിയുടെ വില വൻതോതിൽ വർദ്ധിക്കുന്നു. കരഭൂമിയിലും നിലഭൂമിയിലും വിലയേറിയ കെട്ടിടങ്ങളുയർന്നുവന്നിരിക്കുന്നു. നഗരദരിദ്രജനവിഭാഗത്തിന്റെ ആവാസപ്രശ്നം അത്യന്തം ആപത്കരമായിരിക്കുന്നു. ഭൂമിവിലയുടെ വർദ്ധനവ് നഗരങ്ങളിലെ സേവനമേഖലയെബാധിക്കുന്നു, വ്യവസായ വളർച്ചയ്ക്കും വിഘാതമുണ്ടാക്കുന്നു. നഗരങ്ങളുടെയും ടൗണുകളുടെയും സമ്പദ്വ്യവസ്ഥകളെ ഭാവിവളർച്ചയ്ക്കുള്ള ശേഷിപരിഗണിച്ചു പരിശോധിക്കേണ്ടതുണ്ട്. പശ്ചിമബംഗാൾ, ബീഹാർ, അസം, ഛത്തീസ്ഗഡ്, ഝാർഖണ്ട് സംസ്ഥാനങ്ങളിൽ നിന്നുള്ള തൊഴിലാളികളുടെ കുടിയേറ്റവും നഗരാർദ്ധനഗരപ്രദേശങ്ങളിലുള്ള അവരുടെ കേന്ദ്രീകരണവും കേരളത്തിൽ തൊഴിലവകാശങ്ങളുടെയും ജീവിതസാഹചര്യങ്ങളിലുള്ള അപര്യാപ്തതയുടെയും പുതിയപ്രശ്നങ്ങൾ ഉയർത്തിയിരിക്കുകയാണ്. നിലവിലെ നഗരസെറ്റിൽമെന്റുകളുടെ മാതൃകയും വിപുലമായ്ക്കൊണ്ടിരിക്കുന്ന നഗരവത്ക്കരണവും പരിഗണിച്ചാൽ സംസ്ഥാനം ഒരു വലിയ മെട്രോപൊളിസ് ആയി വളരുകയാണെന്നും അടിസ്ഥാനസൗകര്യങ്ങളിലും സർവ്വീസുകളിലും ഭരണസൗകര്യത്തിലും വലിയ സമ്മർദ്ദങ്ങളുണ്ടായിക്കൊണ്ടിരിക്കുകയാണെന്നും കാണാം. നമ്മുടെ നഗര തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ മിക്കകാര്യങ്ങൾക്കും ശേഷിയില്ലാത്തവയാണ്. മാസ്റ്റർ പ്ലാനുകൾ ഉണ്ടാക്കാനോ മേഖലകൾതിരിക്കാനോ കെട്ടിടനിർമ്മാണചട്ടങ്ങൾ നടപ്പാക്കാനോ ആവശ്യമായ ക്രമീകരണങ്ങൾവരുത്താനോ ചട്ടങ്ങളുണ്ടാക്കാനോ അവയ്ക്ക് കഴിയില്ല. ഖരമാലിന്യസംസ്കരണം, ഡ്രെയിനേജ്, കുടിവെള്ളം തുടങ്ങിയ സേവനച്ചുമതലകൾ നടത്താനും അവയ്ക്ക് കഴിയുന്നില്ല. ഗതാഗതത്തിലും ഊർജ്ജസേവനത്തിലുമെല്ലാം വലിയസമ്മർദ്ദമുണ്ടാവുന്നുണ്ട്. നഗരഭരണത്തിലെ ഒരു വലിയപ്രതിസന്ധിയാണിത്. അധികാരവികേന്ദ്രീകരണത്തിലുണ്ടായനേട്ടങ്ങളുടെയും നഗരമേഖലയിലെ വർദ്ധമാനമായ സങ്കീർണ്ണതകളുടെയും പശ്ചാത്തലത്തിൽ നഗരഭരണ പ്രതിസന്ധിയെ പരിശോധിക്കേണ്ടതായിട്ടുണ്ട്.

## 2. കേരളത്തിലെ നഗരവത്കരണം– ചരിത്രപരമായ പ്രവണതകളും പ്രധാനസവിശേഷതകളും

**പട്ടിക– 1**
**1961– 2011 കാലത്തെ ഇന്ത്യയിലേയും കേരളത്തിലെ നഗരവത്കരണം**

| സെൻസസ് | നഗരവത്കരണത്തോത് | |
|---|---|---|
| | കേരളം | ഇന്ത്യ |
| 1961 | 15. 11 | 17. 97 |
| 1971 | 16. 24 | 19. 91 |
| 1981 | 18. 78 | 23. 34 |
| 1991 | 26. 44 | 25. 71 |
| 2001 | 25. 96 | 27. 8 |
| 2011 | 47. 72 | 31. 1 |

**സ്രോതസ്സ് 1961 മുതൽ 2011 വരെയുള്ള സെൻസസ് റിപ്പോർട്ടുകൾ.

1991 വരെ കേരളം വളരെ താഴ്ന്ന നഗരവത്കരണത്തോത് മാത്രമേ കാണിച്ചിരുന്നുള്ളുവെന്ന് സെൻസസ് വിവരങ്ങളിൽനിന്നു മനസ്സിലാവുന്നു. 1991ൽ സംസ്ഥാനത്തെ ആകെ ജനസംഖ്യയുടെ 26. 44 ശതമാനമായിരുന്നു നഗരജനസംഖ്യ. ഇത്1981ലെ 18. 78 ശതമാനത്തിൽ നിന്നുള്ള വളർച്ചയായിരുന്നു. 1991 വരെ കേരളം നഗര

ജനസംഖ്യയുടെ കാര്യത്തിൽ ദേശീയാനുപാതത്തിലും താഴെയായിരുന്നു. 2001ൽ ദേശീയാനുപാതത്തേക്കാൾ ചെറിയൊരു താഴ്ച കേരളത്തിലെ നഗരജനസംഖ്യയ്ക്കുണ്ടായി, അത് 25. 96 ശതമാനമായി. 2011ലെ സെൻസസ് അനുസരിച്ച് നഗരജനസംഖ്യ കേരളത്തിൽ ഏതാണ്ട് ഇരട്ടിയായി വർദ്ധിച്ചു, 47. 7ശതമാനം. ഇത് നഗരജനസംഖ്യയുടെ കാര്യത്തിൽ ഗണ്യമായ ഒരു വർദ്ധനവ് തന്നെയാണ്. ഇന്ന് കേരളം തമിഴ് നാടിനു പിറകെ ഇന്ത്യയിലെ ഏറ്റവുമധികം നഗരവത്കൃതമായ രണ്ടാമത്തെ സംസ്ഥാനമായി മാറിയിരിക്കുന്നു. ഈ വർദ്ധനവിൽ സെൻസസ് ടൗണുകളുടെ സംഭാവന ഏതാണ്ട് 93ശതമാനമാണ്( പ്രധാൻ2013). അങ്ങനെ 2001– 2011 കാലത്തെകേരളത്തിന്റെ നഗരവളർച്ചയുടെ ഭൂരിഭാഗവും ഗ്രാമങ്ങളെ സെൻസസ് ടൗണുകളായി പുനർവർഗ്ഗീകരിച്ചതിന്റെ ഫലമാണ്. നിലവിലുള്ള നഗരങ്ങളിൽ ജനവാസം കൂടിയതുകൊണ്ടല്ല. സത്യത്തിൽ ആകെ സ്റ്റാറ്റ്യൂട്ടറി ടൗണുകളുടെ കാര്യത്തിൽ അവ 60ൽനിന്ന് 59 ആയി ഒരെണ്ണം കുറയുകയാണുണ്ടായത്. സെൻസസ് ടൗണുകൾ പ്രധാനനഗരങ്ങളായ തിരുവനന്തപുരത്തിനോ കൊച്ചിക്കോ കോഴിക്കോടിനോ അടുത്തല്ല സ്ഥിതിചെയ്യുന്നതെന്നും ഇവിടെ സവിശേഷമായി ശ്രദ്ധിക്കേണ്ടതുണ്ട്. സെൻസസ് വർഗ്ഗീകരണമനുസരിച്ച് സെൻസസ് ടൗണായി നിർവ്വചിക്കുന്നത് താഴെ ചേർത്തിട്ടുള്ള മാനദണ്ഡങ്ങൾ പൂർത്തിയായ സ്ഥലങ്ങളെയാണ്.

എ. ചുരുങ്ങിയത് 5000 ജനസംഖ്യ

ബി. പുരുഷന്മാരിൽ 75ശതമാനം കാർഷികേതര തൊഴിലുകളിൽ ഏർപ്പെടുന്നവരായിരിക്കണം.

സി. ചതുരശ്രകി മീറ്ററിൽ ചുരുങ്ങിയത് 400 പേരെന്ന ജനസാന്ദ്രതയുണ്ടാവണം. 1981 വരെ സെൻസസ് ടൗണുകളായി പരിഗണിച്ചിരുന്നത് മുനിസിപ്പാലിറ്റിയേതരടൗണുകളെയായിരുന്നു. 1961–2001 കാലത്തെ കേരളത്തിലെ മുനിസിപ്പാലിറ്റിയേതരടൗണുകളുടെയും സെൻസസ് ടൗണുകളുടെയും വിവരങ്ങളാണ് താഴെ പട്ടികയിൽ ചേർത്തിരിക്കുന്നത്

രണ്ടാമത്തെ പട്ടികയിൽനിന്ന് കാണാവുന്നത് 1961ലെ സെൻസസ് അനുസരിച്ച് സംസ്ഥാനത്തെ ആകെ നഗരപ്രദേശങ്ങളിൽ മുനിസിപ്പാലിറ്റിയേതരടൗണുകളുടെ വിഹിതം 69%മാണെന്നാണ്. 1981 സെൻസസ് പ്രകാരം മുനിസിപ്പാലിറ്റിയേതരടൗണുകളുടെവിഹിതം താഴ്ന്നുവരുന്നതായാണ് നാം കാണുന്നത്. മാനദണ്ഡങ്ങൾ പരിഷ്കരിച്ചതോടെ 1991ൽ മുൻനിലയിലേക്ക് സെൻസസ് ടൗണുകളുടെവിഹിതം വർദ്ധിച്ചു. 2001ൽ സെൻസസ് ടൗണുകളുടെ എണ്ണത്തിൽ കുറവുണ്ടായി. ഇതിന്റെ ഫലമായി അവയുടെ അനുപാതം ഏറ്റവും താഴ്ന്ന 52%ത്തിലേക്കു താഴ്ന്നു. എന്നാൽ 2011ൽ സെൻസസ് ടൗണുകളുടെ എണ്ണത്തിൽ ഭീമമായ വർദ്ധനവുണ്ടായി. അവയുടെവിഹിതവും വൻതോതിൽ വർദ്ധിച്ചു, 88%. സെൻസസ് ടൗണുകളുടെ ഏരിയ ഇത്രയധികം വർദ്ധിച്ചസാഹചര്യത്തിൽ ഇത്തരം നഗരവത്കരണത്തിനു വേണ്ടി ഒരു നയം രൂപപ്പെടുത്തേണ്ടത് അത്യാവശ്യമായിരിക്കുന്നു.

**പട്ടിക– 2**

**1961– 2001. കേരളത്തിലെ മുനിസിപ്പാലിറ്റിയേതര ടൗണുകളുടെ / സെൻസസ് ടൗണുകളുടെ പ്രവണതകൾ**

| സെൻസസ് വർഷം | മുനിസിപ്പാലിറ്റിയേതര ടൗണുകൾ/ സെൻസസ് ടൗണുകൾ | ആകെ നഗര പ്രദേശം | നഗരപ്രദേശങ്ങളിലെ മുനിസിപ്പാലിറ്റിയേതര ടൗണുകളുടെ/സെൻസസ് ടൗണുകളുടെ അനുപാതം % |
|---|---|---|---|
| 1961 | 65 | 93 | 69% |
| 1971 | 55 | 88 | 62% |
| 1981 | 60 | 111 | 54% |
| 1991 | 138 | 219 | 63% |
| 2001 | 101 | 194 | 52% |
| 2011 | 461 | 520 | 88% |

**സ്രോതസ്സ്– ഇന്ത്യൻ സെൻസസ് 1961– 2011 പേര് 32, 2011ലെ സ്റ്റേറ്റ് അർബനൈസേഷൻ റിപ്പോർട്ട്, കേരള ഗവണ്മെന്റിന്റെ ടൗൺ ആന്റ് കൺട്രി പ്ലാനിങ്.

കേരളത്തിലെ നഗരവത്കരണം ഗ്രാമങ്ങളിലെ സ്വാഭാവിക ജനസംഖ്യാവർദ്ധനവിന്റെ ഫലമാണ്. അത് ഗ്രാമങ്ങളുടെ വിപുലനത്തിലേക്കും പുരയിടങ്ങളുടെ ബാഹുല്യത്തിലേക്കും പാടങ്ങളിലും തരിശിടങ്ങളിലും വീടുകൾ മുളച്ചുപൊന്തുന്നതിലേക്കും നയിക്കുന്നു. മറ്റൊരുതരത്തിൽ പറഞ്ഞാൽ മനുഷ്യവാസകേന്ദ്രങ്ങളുടെ സാന്ദ്രത വർദ്ധിച്ച് അതിന്റെ ഫലമായി നടക്കുന്ന നഗരവത്കരണമാണത്. പലപ്പോഴും ഈ നഗരവത്കരണം ശ്രദ്ധിക്കപ്പെടാതെ, അംഗീകരിക്കപ്പെടാതെ നിലനിന്നു. എന്നാൽ 2001– 2011 കാലത്തെ കേരളത്തിലെ സെൻസസ് ടൗണുകളുടെ ഭീമമായ വളർച്ച ഈ കാര്യത്തിന് വ്യക്തമായ തെളിവായിമാറിയിരിക്കുന്നു( കുരുവിള 2014)

ഉയർന്ന സാന്ദ്രത നഗരജീവിതസവിശേഷതക (അർബനിസം) ളുടെയും നഗരങ്ങളിലെ സാംസ്കാരികൃ -സാമൂഹികസംഘാടനത്തിന്റെ വികാസത്തിന്റെയും ഘടകങ്ങളുടെ നിർവ്വചനത്തിൽ നിർണ്ണായകമായ പങ്കു വഹിക്കുന്നു. ഉയർന്ന സാന്ദ്രതകാരണം സ്ഥലപരമായ സംഘാടനം മൂന്ന് തരത്തിൽ മാറ്റങ്ങൾക്ക് വിധേയമാവുമെന്നദ്ദേഹം സൂചിപ്പിക്കുന്നു– അടിസ്ഥാനസൗകര്യങ്ങളുടെആവശ്യം പരിഗണിച്ചുകൊണ്ട്, ഭൂപ്രകൃതിയിലും ആവാസവ്യവസ്ഥയിലുമുണ്ടാവുന്നമാറ്റം പരിഗണിച്ചുകൊണ്ട്, ഭൂസമ്പദ്വ്യവസ്ഥയും ഭൂവുപയോഗങ്ങളും പുനസ്സംഘടിപ്പിച്ചുകൊണ്ട്. വീടുകളുടെയും ആവാസകേന്ദ്രങ്ങളുടെയും സാന്ദ്രതാ വർദ്ധനവ് ഭൗതികവും സ്ഥാപനപരവുമായ ഘടനകളിലേക്കു നയി

ക്കുന്നു. ഈ ഘടനകൾ തീർത്തും നാഗരികമാണ്. കാരണം ജലവിതരണം, തെരുവുകൾ, റോഡുകൾ, പൈപ്പുപയോഗിച്ചുള്ള അഴുക്കുനിർമ്മാർജ്ജനം, മാലിന്യനിർമ്മാർജ്ജനം തുടങ്ങിയ അടിസ്ഥാനാവശ്യങ്ങൾക്കു കൂട്ടായ ആസൂത്രണത്തിന്റെ ആവശ്യമുണ്ട് നഗരങ്ങളിൽ.

കേരളത്തിൽ, വേറെയും ചിലഘടകങ്ങളുണ്ട്. ഉയർന്ന സാന്ദ്രതയുടെ പരിവർത്തനശേഷിയെ ഉയർന്ന സാക്ഷരത, ഉയർന്ന കൂലിനിരക്ക് എന്നിവ പിന്തുണയ്ക്കുന്നുണ്ട്. ഉറങ്ങിക്കിടന്ന ഗ്രാമങ്ങളെ ഉണരുന്ന ടൗണുകളായി പരിവർത്തനം ചെയ്ത കുടിയേറ്റക്കാരുടെ സംഭാവനയുണ്ട്. തൊഴിൽ ശക്തി ഉൾനാടുകളിലെ കാർഷികവൃത്തികളിൽനിന്ന് നഗരങ്ങളിലേക്ക് കുടിയേറുന്നത് ഗ്രാമങ്ങളെ ടൗണുകളായി പരിവർത്തനം ചെയ്യുന്നമറ്റൊരു ഘടകമാണ്. അധികാരപരിധി കണക്കാക്കിയാൽ കേരളത്തിലെ 461 സെൻസസ് ടൗണുകൾ ഒന്നുകിൽ ഗ്രാമപഞ്ചായത്തുകളോ അല്ലെങ്കിൽ ഗ്രാമപഞ്ചായത്തുകളുടെ ഭാഗമോ ആണ്.

നഗരവത്കരണത്തിൽ ചിലജില്ലകളുടെ ചായ്വുകളും ചിലജില്ലകളുടെ നഗരവത്കരണനിരക്കുകൾ വർദ്ധിപ്പിക്കുന്നതിൽ ചില സെൻസസ് ടൗണുകളുടെ പങ്കും പരിശോധിക്കുന്നത് രസകരമാണ്. 2001ൽ കണ്ണൂർജില്ല മാത്രമാണ് 50 %ത്തിലധികം നഗരജനസംഖ്യ യുണ്ടായിരുന്നത്. 2011ൽ ആറുജില്ലകളിൽ 50%ത്തിലധികം നഗരജനസംഖ്യയുണ്ട്. അവയിൽ ഏറണാകുളമുണ്ട്( 68%), തൃശ്ശൂരുണ്ട്( 67%), കോഴിക്കോടുണ്ട്(67%), കണ്ണൂരുണ്ട്( 65%), ആലപ്പുഴയുണ്ട്( 54%), തിരുവനന്തപുരമുണ്ട്( 53%). പട്ടിക 3 ൽ നിന്ന് മനസ്സിലാവുന്നത് നഗരവളർച്ച മുഴുവൻ സെൻസസ് ടൗണുകളുടെ ഭീമമായ വളർച്ചയിൽ നിന്നുണ്ടായെന്നാണ്. മലപ്പുറം, കൊല്ലം, തിരുവനന്തപുരം എന്നീ മൂന്ന് ജില്ലകളിൽ 2011ൽ സെൻസസ് ടൌണുകളുണ്ടായിരുന്നില്ല. എന്നാൽ 2011 ലെ കേരളത്തിലെ സെൻസസ് ടൗണുകളുടെ 20% ഈ ജില്ലകളുടെസംഭാവനയാണ്. സംസ്ഥാനത്തെ രണ്ടുജില്ലകളായ ഇടുക്കിയിലും വയനാട്ടിവലും 2001 ലേതുപോലെ 2011ലും സെൻസസ് ടൗണുകളില്ല.

കേരളത്തിലെ ടൗൺ ആന്റ് കൺട്രി പ്ലാനിങ്ങ് ഡിപ്പാർട്ടുമെന്റ് അടുത്തകാലത്ത് ഒരു സ്റ്റേറ്റ് അർബനൈസേഷൻ റിപ്പോർട്ട് ( ഇനിയത് എസ് യു ആർ എന്നാണ് വിവക്ഷിക്കപ്പെടുക) പ്രസിദ്ധീകരിച്ചിട്ടുണ്ട്. അത് കേരളത്തിലെ നഗരവത്കരണത്തെ നഗരങ്ങളുടെ കേവലമായ വിപുലനമായി വിലയിരുത്തുന്നു, സംസ്ഥാനത്തിന്റെ സമ്പദ്വ്യവസ്ഥയിലെന്തെങ്കിലും മാറ്റമുണ്ടായതിന്റെ ഫലമല്ല ഈ നഗരവത്കരണം. നഗരങ്ങളും ഗ്രാമങ്ങളും തമ്മിലുള്ള ബന്ധത്തിലും ഈ പ്രദേശങ്ങളുടെ സാമ്പത്തിക അടിത്തറ നിലനിർത്തുന്നതിലുമുള്ള വെല്ലുവിളികൾ ഈ റിപ്പോർട്ട് ശ്രദ്ധിക്കുന്നുണ്ട്. നഗരപ്രദേശങ്ങളുടെവർദ്ധനവിന്റേയും നഗരകേന്ദ്രങ്ങളോട് തൊട്ടുകിടക്കുന്ന പ്രാന്തപ്രദേശങ്ങളുടെനഗരവത്കരണത്തിന്റെയും ഫലമായി സെൻസസ് ടൗണുകളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ് സൂചിപ്പിക്കുന്നത് ,കേരളത്തിലെ നഗരവത്കരണം ചിലനഗരങ്ങളിലെ കേന്ദ്രീകരണം കൊണ്ടല്ല, മറിച്ച് നഗരങ്ങളുടെവിപുലനം കൊണ്ടാണെന്ന് എസ് യു ആർ പറയുന്നു. ഈ കൂട്ടിച്ചേർക്കലുകളിൽ മുനിസിപ്പൽ കോർപറേഷനുകളും മുനിസിപ്പൽ കൗൺസിലുകളും ഗ്രാമപഞ്ചായത്തുകളും ഉൾപ്പെടുന്നു(സെൻസസ് 2011). ഇന്നത്തെ നഗരവത്കരപരിവർത്തനം പ്രധാനപാതയോരങ്ങളിലും സംസ്ഥാനത്തെ റെയിൽ ശൃംഖലക്കടുത്തുമുള്ള ഒരു വിപുലനത്തിന്റെ രൂപം കൈക്കൊള്ളുകയാണ്.

വിപുലമായ ഒരു സ്ഥലത്ത് നഗരസവിശേഷതകളുടെ വ്യാപനമുള്ളൊരിടമാണ് കേരളം. ടൗണുകളുടെ സാന്ദ്രത, അതായത് ആയിരം സ്ക്വയർ കിലോമീറ്ററിനകത്തെ ടൗണുകൾ, കേരളത്തിൽ വളരെ ഉയർന്നതാണ്. ഭൂരിഭാഗം ടൗണുകളും തീരദേശനിമ്നഭൂമിയിലാണുള്ളത്. എന്നാൽ അടുത്തകാലത്തായി ഇടനാട്ടിലെ വലിയഗ്രാമങ്ങളും ടൗണുകളായി മാറി

**പട്ടിക- 3**

**50%ത്തിലധികം നഗരജനസംഖ്യയുള്ള ജില്ലകളിലെ സെൻസസ് ടൗണുകളുടെ വളർച്ച**

| ജില്ല | 2001 സെൻസസ് | | 2011 സെൻസസ് | | നഗരജനസംഖ്യ ശതമാനം | |
|---|---|---|---|---|---|---|
| | സ്റ്റാറ്റ്യൂട്ടറി ടൗൺ | സെൻസസ് ടൗൺ | സ്റ്റാറ്റ്യൂട്ടറി ടൗൺ | സെൻസസ് ടൗൺ | 2001 സെൻസസ് | 2011 സെൻസസ് |
| ഏറണാകുളം | 9 | 16 | 9 | 47 | 47. 56 | 68. 01 |
| തൃശ്ശൂർ | 7 | 21 | 7 | 128 | 28. 22 | 67. 19 |
| കോഴിക്കോട് | 3 | 10 | 3 | 48 | 38. 25 | 67. 15 |
| കണ്ണൂർ | 7 | 38 | 7 | 60 | 50. 35 | 65. 05 |
| ആലപ്പുഴ | 5 | 6 | 5 | 33 | 9. 46 | 54. 06 |
| തിരുവനന്തപുരം5 | 5 | 26 | 33. 75 | 53. 8 | | |

**സ്രോതസ്സ്- 2011 സെൻസസ് വാല്യം 2, പേപ്പർ 2, കേരളം- നഗരവത്കരണത്തിന്റെ പ്രവണതകൾ

യിട്ടുണ്ട്. ഇന്ത്യയുടെ ഇതരഭാഗങ്ങളിലേതിൽനിന്ന് വ്യത്യസ്തമാണ് കേരളത്തിലെ നഗരവത്കരണമാതൃകയെന്ന് ശ്രീകുമാർ(1993) വാദിക്കുന്നു. ഇതിന്റെ കാരണം കേരളത്തിലെ ടൗണുകളുടെ ഉയർന്ന ഡിസ്പേഴ്ഷൻ നിരക്കും ( ടൗണുകളുടെ വേറിട്ടനില), ടൗണുകളുടെ മന്ദഗതിയിലുള്ള വളർച്ചാനിരക്കും ഗ്രാമീണജനതയുടെനഗരങ്ങളിലേക്കുള്ള കുടിയേറ്റം വളരെ അപ്രധാനവുമാണെന്നതാണ്. ഗതാഗതസൗകര്യങ്ങൾവഴിപരസ്പരം ബന്ധപ്പെടാൻ കഴിയുമെന്നതാണ് ടൗണുകളുടെ ഈ വേറിട്ടനിലയ്ക്കുള്ള കാരണം,. വാണിജ്യാടിസ്ഥാനമുള്ള കൃഷിയും വാണിജ്യസംരംഭങ്ങളുമാണ് നഗരസാമ്പത്തിക പരിതസ്ഥിതിയിൽ ആധിപത്യം സ്ഥാപിക്കുന്നത്. മാത്രമല്ല, കേരളത്തിലെ നഗരവ്യവസ്ഥയ്ക്ക് മൊത്തം ജനസംഖ്യപരിഗണിച്ചായാലും നഗരസാമ്പത്തികഇടപാടുകളുടെ കാര്യത്തിലായാലും ഒരു ആദിമനഗരരൂപമില്ല.

## 3. കേരളത്തിലെ സ്ഥല ആസൂത്രണവും നഗരഭരണവും

കേരളത്തിലെ നഗരങ്ങളിൽ അടുത്തടുത്തുനില്ക്കുന്ന ഗ്രാമങ്ങളുടെവലിയതോതിലുള്ള ഉൾക്കൊള്ളലുണ്ട്. ഈ കാരണം കൊണ്ട് കേരളത്തെ ഗ്രാമ-നഗരസമന്വയത്തിന്റെ മാതൃകയായി കാണാവുന്നതാണ്. വലിയഗ്രാമങ്ങൾ സെൻസസ് ടൗണുകളായി വർഗ്ഗീകരിച്ചതാണ് ഈ മാറ്റത്തിന്റെ ഒരുകാരണം. കാർഷികേതരമേഖലയിലെ ഇടപെടലുകൾ കഴിഞ്ഞ ദശകത്തിൽ ഗണ്യമായി വർദ്ധിച്ചതുമൂലം ഉണ്ടായ ഘടനാപരമായ മാറ്റത്തിന്റെ ഫലമായാണ് ഇവ സെൻസസ് ടൗണുകളായി മാറിയത്. സ്റ്റേറ്റ് ജി ഡി പി യുടെ മൂന്നിൽ രണ്ടുഭാഗം ഇപ്പോൾ സർവ്വീസ് മേഖലയിൽനിന്നാണുണ്ടാവുന്നത്. പ്രവാസികേരളീയരുടെ സാമ്പത്തികസംഭാവന വലിയ വ്യത്യാസമൊന്നുമില്ലാതെ അനുസ്യൂതം ലഭിക്കുന്നു. ഈ വരുമാനത്തിലധികവും ഭൂമിയിലും റിയൽ എസ്റ്റേറ്റിലുമാണ് നിക്ഷേപിക്കപ്പെടുന്നത്. നഗരവത്കരണം പർവ്വതപ്രദേശങ്ങളൊഴികെ കേരളത്തിലെല്ലായിടത്തും വ്യാപകമായിരിക്കുന്നുവെന്നതാണ് 2011ലെ സെൻസസ് കണക്കുകൾ കാണിക്കുന്നത്. പുതിയ മിക്കവാറും എല്ലാ നഗരകേന്ദ്രങ്ങളുടെയും തദ്ദേശസ്വയംഭരണയൂണിറ്റുകൾ ഗ്രാമപഞ്ചായത്തുകളാണ്. പുതുതായി ഉയരുന്ന സെൻസസ് ടൗണുകളുടെ ആസൂത്രണത്തിലും ഭരണത്തിലും പുതിയവെല്ലുവിളികളാണ് നഗരവത്കരണം സൃഷ്ടിക്കുന്നത്. ഇതാവട്ടെ തദ്ദേശഭരണസ്ഥാപനങ്ങൾക്കും സംസ്ഥാനസർക്കാറിന്നും ദൂരവ്യാപകമായ നയപ്രശ്നങ്ങൾ ഉണ്ടാക്കുന്നുണ്ട്. ആസൂത്രണചട്ടങ്ങളും കെട്ടിടനിർമ്മാണചട്ടങ്ങളും പുതുക്കിപ്പണിയേണ്ടതുണ്ട്. അവ നടപ്പിലാക്കാനുള്ള ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കേണ്ടതുണ്ട്. കേരളത്തിലെ എല്ലാ നഗരതദ്ദേശഭരണസ്ഥാപനങ്ങൾക്കും ബാധകമായ നഗര- ടൗൺ വികസന പരിപ്രേക്ഷ്യത്തിന്റെ അടിസ്ഥാനത്തിലൊരു സ്ഥലആസൂത്രണം ആവിഷ്കരിക്കേണ്ടത് വളരെ പ്രധാനമാണ്. മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിൽ പൗരന്മാരുടെ ശരിയായപങ്കാളിത്തം ഉറപ്പുവരുത്തണം. നിക്ഷിപ്തതാല്പര്യക്കാർ ഇതൊക്കെ അവരുടെ താല്പര്യങ്ങളനുസരിച്ച് മാറ്റിക്കളയുന്നതിനെതിരെ ജാഗ്രതവേണം. ഇതൊരു രാഷ്ട്രീയവെല്ലുവിളിയാണ്, പക്ഷെ അത് ഏറ്റെടുത്തേപറ്റൂ. സമീപകാലത്തുണ്ടായ ചെന്നൈ വെള്ളപ്പൊക്കം പ്രതികൂലകാലാവസ്ഥയുടെയും മോശവും സങ്കീർണ്ണവുമായ ആസൂത്രണനടപടികളുടെയും ഇരട്ടദുഷ്ഫലങ്ങൾ തെളിയിച്ചിട്ടുണ്ട്. വൻതോതിലുള്ള ആൾനാശവും പരിസ്ഥിതി പ്രത്യാഘാതങ്ങളുമാണ് ഇതിന്റെ ഫലങ്ങൾ. നഗരങ്ങളുടെ പരിസ്ഥിതിപരമായ ആവശ്യങ്ങൾ സ്ഥലആസൂത്രണത്തിൽ ഉൾപ്പെടുത്തണം. പതിസ്ഥിതിസന്തുലനംസാധ്യമാക്കുന്ന മേഖലകളുടെ സംരക്ഷണം ഉറപ്പുവരുത്തണം.

എന്നാൽ, ഫലപ്രദമായ പ്രാദേശികസേവനങ്ങൾ പ്രദാനംചെയ്യുന്നതിന് നഗരഭരണസ്ഥാപനങ്ങളുടെ വരുമാന അടിത്തറ വർദ്ധിപ്പിക്കേണ്ടതുണ്ട്, തദ്ദേശഭരണസ്ഥാപനങ്ങളുടെ റവന്യൂ പിരിവിന്റെ കാര്യക്ഷമത ഉറപ്പുവരുത്തേണ്ടതുണ്ട്. സ്വത്തുനികുതി വർദ്ധിപ്പിക്കാനുള്ള തീരുമാനം യു ഡി എഫ് ഗവണ്മെന്റ് ഉപേക്ഷിച്ചു. ഇതിന്റെ ഫലമായി ചെറുകിട ടൗൺമുനിസിപ്പാലിറ്റികൾക്ക് ചെലവിനാവശ്യമായ വരുമാനം കണ്ടെത്താൻ കഴിയാതെയായി. ഗുണമേന്മയുള്ള സിവിക്ക് സേവനങ്ങൾ നല്കുന്നതിന്, ഈ സേവനങ്ങൾ നല്കാനുള്ള അടിസ്ഥാനസൗകര്യങ്ങളിൽ മൂലധനനിക്ഷേപം നടത്തേണ്ടത് അത്യാവശ്യമാണ്. ഈ നിക്ഷേപങ്ങൾ സ്റ്റേറ്റു ഗവണ്മെന്റുകളും നഗര തദ്ദേശഭരണസ്ഥാപനങ്ങളും ആസൂത്രണം ചെയ്യേണ്ടതും ജനങ്ങളുടെ ക്ഷേമനടപടികൾക്കോ ബഹുജനാനുകൂലനയങ്ങൾക്കോ പരിപാടികൾക്കോ ഹാനിയൊന്നും വരാതെ റവന്യൂസ്രോതസ്സുകൾ കണ്ടെത്തേണ്ടതും വളരെ പ്രധാനമാണ്.

ഗ്രാമീണതദ്ദേശഗവണ്മെന്റുകൾക്ക് പങ്കാളിത്തവികസനത്തിൽ വലിയ നേട്ടമുണ്ടാക്കുന്നതിന് ജനകീയാസൂത്രണപരിപാടി വഴി കഴിഞ്ഞുവെങ്കിലും നഗരതദ്ദേശഗവണ്മെന്റുകളുടെ കാര്യത്തിൽ അതിപ്പോഴും ദുർബ്ബലമായി തുടരുന്നു. സ്ഥല, വികസന ആസൂത്രണകാര്യത്തിൽ തദ്ദേശഗവണ്മെന്റുകളുടെ പങ്ക് ഇപ്പോഴും ഭാഗികമാണ്. പ്രധാനതീരുമാനങ്ങൾ ഇപ്പോഴും എടുക്കുന്നത് വകുപ്പുതലത്തിലോ സ്റ്റേറ്റ് ഗവണ്മെന്റ് തലത്തിലോ ആണ്. സേവനങ്ങൾ രൂപപ്പെടുത്തുന്നതിലും അവ മോണിറ്റർ ചെയ്യുന്നതിലും സോഷ്യൽ ഓഡിറ്റു വഴി അവയുടെമൂല്യനിർണ്ണയം ചെയ്യുന്നതിലും ബഹുജനപങ്കാളിത്തം ഉറപ്പുവരുത്തേണ്ടത് ആവശ്യമാണ്. നഗരഭരണസ്ഥാപനങ്ങളിലെ അവശതാപരിഹാരസംവിധാനം ശക്തിപ്പെടുത്തേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ നഗരവത്കരണത്തിന്റെ ഫലമായുണ്ടാകുന്ന വെല്ലുവിളികളെ രാഷ്ട്രീയമായി നേരിടുന്നത് വളരെ പ്രധാനമാണ്. ഈ വെല്ലുവിളി സമത്വപൂർണ്ണവും സ്ഥിരവുമായ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ പര്യാപ്തമായ ഫലങ്ങളുളവാക്കേണ്ടതും പ്രധാനമാണ്. തുടർന്നുള്ള

ഭാഗങ്ങളിൽ കേരളത്തിലെ നഗരപ്രദേശങ്ങളെ ബാധിക്കുന്ന വളരെ പ്രധാനമായ ചിലപ്രശ്നങ്ങളാണ് വിശദീകരിക്കുന്നത്. എന്നാൾ ഇവ പ്രശ്നങ്ങളുടെ വിശാലരൂപരേഖകൾമാത്രമാണ്. സെമിനാർ ഈ പ്രശ്നങ്ങൾ ഗൗരവത്തോടെ പരിശോധിക്കുമെന്നും അവ പരിഹരിക്കുന്നതിനുള്ള ബദൽ നിർദ്ദേശങ്ങൾ സമർപ്പിക്കുമെന്നും പ്രതീക്ഷിക്കുന്നു.

നഗരതദ്ദേശഭരണത്തിന്റെ സ്ഥല ആസൂത്രണപങ്കാളിത്തം വളരെ പരിമിതമായി തുരുകയാണ്. പല നഗരഭരണസ്ഥാപനങ്ങൾക്കും മാസ്റ്റർപ്ലാനില്ല. മാസ്റ്റർപ്ലാനുള്ളവയാകട്ടെ അത് നടപ്പിലാക്കുന്നതിൽ വളരെമന്ദഗതിയാണ്. നഗരങ്ങളിലും ടൗണുകളിലും കുഴഞ്ഞുമറിഞ്ഞ ഒരുതരം വികസനമാണിതുമൂലമുണ്ടാകുന്നത്. ബാധകമായേടത്തെല്ലാം കെട്ടിടനിർമ്മാണചട്ടങ്ങളും മേഖലതിരിക്കലും നടപ്പാക്കാനുള്ള ഉത്തരവാദിത്തം നഗരതദ്ദേശഭരണസ്ഥാപനങ്ങളുടേതാണ്. എന്നാൽ , വിവിധ നഗരഭരണസ്ഥാപനങ്ങളുടെകാര്യത്തിൽ കെട്ടിട നിർമ്മാണചട്ടങ്ങളും മേഖലാ നിബന്ധനകളും ലംഘിച്ചതിന്റെ ഗുരുതരമായ പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്.

നഗരതദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രധാനമായ ഒരുപ്രശ്നം ഭൂമിയുമായി ബന്ധപ്പെട്ടതാണ്. അവരുടെ പരിധിയിലെ ഭൂമിയിൽ വളരെ കുറച്ചുമാത്രമേ നഗരഭരണസ്ഥാപനഭങ്ങളുടെ കൈവശമുള്ളൂ. ഭൂമിയുടെനിയന്ത്രണം ഏതാണ്ട് പൂർണ്ണായിത്തന്നെ റവന്യൂവകുപ്പിന്റേ കൈകളിലാണ്. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പോലുള്ള പ്രധാനനഗരങ്ങളിൽ തദ്ദേശഭരണസ്ഥാപനങ്ങൾക്കുള്ളതിനേക്കാൾ ഭൂമി ഡവലപ്മെൻറ് അതോറിട്ടികളുടെകൈവശമുണ്ട്. അങ്കൺവാടികളോ വാഡ് ലവലിലുള്ള ഡിസ്പെൻസറികളോ സ്ഥാപിക്കുന്നതിനോ, അർഹരായ ദരിദ്രജനവിഭാഗങ്ങൾക്ക് വീടുണ്ടാക്കാനുള്ള പ്രോജക്ടുകൾ ആസൂത്രണം ചെയ്യുന്നതിനോ വലിയതടസ്സമുണ്ടാവുകയാണ് ഇതുമൂലം സംഭവിക്കുന്നത്. സംസ്ഥാനത്തെ നഗരഭരണസ്ഥാപനങ്ങൾക്കുള്ള പ്രധാന റവന്യൂസ്രോതസ്സ് ഭൂമിയും സ്വത്തുക്കളുമാണ്. തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വേണ്ടത്ര സ്ഥാപനപരമായ ശേഷിയില്ലായ്മയും ഗവണ്മെന്റിന്റെ നിബന്ധനകളും മൂലം ഭൂമിയിൽനിന്നും സ്വത്തുക്കളിൽനിന്നും റവന്യൂപിരിച്ചുണ്ടാക്കാൻ അവയ്ക്കുകഴിയുന്നില്ല. ശരിയായ ശക്തിസന്തുലനരീതികളിലൂടെ ഭൂനിയന്ത്രണത്തിന് ഒരുവ്യവസ്ഥയുണ്ടാക്കേണ്ടത് ആവശ്യമാണ്. ഇതുവഴി നഗരഭരണസ്ഥാപനങ്ങൾക്ക് സുപ്രധാനമായ ഒരു പങ്ക് ഭൂനിയന്ത്രണത്തിൽ ലഭിക്കേണ്ടതുണ്ട്.

മനുഷ്യവിഭവത്തിന്റെ കാര്യത്തിലും സാങ്കേതിക സഹായത്തിന്റെ കാര്യത്തിലും അനുഭവമില്ലായ്മയുടെകാര്യത്തിലും തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ ദൗർബ്ബല്യം തദ്ദേശഭരണത്തേയും സേവനം നല്കുന്നതിനേയും ഗുരുതരമായി ബാധിച്ചിട്ടുണ്ട്. കിലയുടെയും ഇതര സർക്കാർ സ്ഥാപനങ്ങളുടെയും സഹായത്തോടെ മുനിസിപ്പാൽ ജീവനക്കാർക്ക് പരിശീലനം നല്കേണ്ടതാവശ്യമാണ്. ടെക്നോളജിയുടെപ്രയോഗം വികസിപ്പിക്കേണ്ടതുണ്ട്. അതുവഴി നഗരതദ്ദേശഭരണസ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കാനും പൗരന്മാർക്ക് വികസനപ്രക്രിയയിൽ പങ്കെടുക്കാനും ജനാധിപത്യപരമായ പ്രതിബദ്ധത ഉറപ്പുവരുത്താനും സാധിക്കും.

## 4. നഗരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളും

രാജ്യത്തിന്റെ മറ്റു ഭാഗങ്ങളിലെന്നപോലെ കേരളത്തിലും നഗരസേവനങ്ങൾ ലഭ്യമാക്കുന്നതിൽ സ്ഥാപനപരമായ ഒരു ശൈഥില്യമുണ്ട്. മാലിന്യനിർമ്മാർജ്ജനത്തിന്റെ ചുമതല നഗരഭരണത്തിനാണെങ്കിലും ജലവിതരണത്തിന്റെയും കുഴലുകൾ വഴി ജലം എത്തിക്കുന്നതിന്റെയും ചുമതല ജലവിഭവവകുപ്പിനു കീഴിലുള്ള കേരള വാട്ടർ അതോറിട്ടിയുടേതാണ്. ഊർജ്ജം കൈകാര്യം ചെയ്യുന്നത് കേരളാസ്റ്റേറ്റ് എലക്ട്രിസിറ്റി ബോഡാണ്. പൊതുഗതാഗതത്തിന്റെ ചുമതല കേരളാസ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപറേഷന്റെയും സ്വകാര്യ ഗതാഗതസ്ഥാപനങ്ങളുടെയും ആണ്. തിരുവനന്തപുരത്തൊഴികെ എല്ലാ നഗരങ്ങളിലെയും നഗരത്തിനുള്ളിലെ ഗതാഗതം സ്വകാര്യ ഏജൻസികളുടെനിയന്ത്രണത്തിലാണ്.

ഖരമാലിന്യത്തിന്റെയും ദ്രവമാലിന്യത്തിന്റെയും നിർമ്മാർജ്ജനം നഗരഭരണസ്ഥാപനങ്ങളുടെ വളരെ പ്രധാനമായൊരുപ്രശ്നമാണ്. മാമൂൽ മാലിന്യനിർമ്മാജ്ജനരീതികൾ ബഹുജനങ്ങളുടെ എതിർപ്പു കാരണം അസാധ്യമായിരിക്കുന്നു. മാലിന്യങ്ങൾ മണ്ണിൽകുഴിച്ചുമൂടാനൊന്നും ഇനി സാധ്യമല്ല. ആറ്റിങ്ങൽ, ആലപ്പുഴ തുടങ്ങിയ ചിലമുനിസിപ്പാലിറ്റികളിൽ വികേന്ദ്രീകൃമാലിന്യനിർമ്മാർജ്ജനം അല്പമൊക്കെ വിജയം വരിച്ചിട്ടുണ്ട്. വിവിധതോതിൽ ഈ പ്രശ്നം എങ്ങനെ പരിഹരിക്കാമെന്നതിനെ പറ്റി കൂടുതൽ വലിയചർച്ചകളും സംവാദങ്ങളും നടക്കണം. പതിസ്ഥിതിസൗഹൃദപരവും ചെലവുകുറഞ്ഞതുമായ ബദൽ പരിഹാര നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കണം.

നഗരജലവിതരണത്തിന്റെയും കുഴൽ വഴി ജലമെത്തിക്കുന്നതിന്റെയും കാര്യത്തിലാണെങ്കിൽ ഭാവിയാവശ്യത്തിനുവേണ്ടിയുള്ള ശരിയായ ആസൂത്രണമില്ലായ്മയാലും വിവിധസർക്കാർ ഏജൻസികൾതമ്മിൽ ഏകോപനമില്ലാത്തതിനാലും കേരളത്തിലെ ചിലനഗരങ്ങളുടെയും ടൗണുകളുടെയും ചില പോക്കറ്റുകളിൽ കടുത്ത ജലപ്രതിസന്ധിയുണ്ട്. ജലവിതരണത്തിനും കുഴൽവഴി ജലമെത്തിക്കുന്നതിനും ആവശ്യമായ അടിസ്ഥാനസൗകര്യം വൻതോതിൽ മൂലധനച്ചെലവുള്ളതാണ്. അതുകൊണ്ട് ധനവിഭവസമാഹരണത്തിന്ന് ബദൽ മാർഗ്ഗങ്ങൾ ആരായേണ്ടതുണ്ട്. മൂലധനച്ചെലവുകളും നടത്തിപ്പു റിപ്പയർച്ചെലവുകളും നിർവ്വഹിക്കുന്നതിന് ഗാർഹിക ഉപഭോക്താക്കളുൾപ്പെടെയുള്ള എല്ലാ

ഉപഭോക്താക്കളുടെമേലും വലിയ തീരുവ ചുമത്തണമെന്ന നിർദ്ദേശം വലിയതോതിലുണ്ടായിട്ടുണ്ട്. വരാനിരിക്കുന്ന വർഷങ്ങളിൽനഗരഭരണപ്രദേശങ്ങൾക്കായുള്ള മിക്ക കേന്ദ്രസർക്കാർ പദ്ധതികളും കർക്കശമായ ഉപാധികളോടെയുള്ളതായിരിക്കും; മൂലധനച്ചെലവിനും നടത്തിപ്പുചെലവിനും വേണ്ടി കരം വർദ്ധിപ്പിക്കുന്നതുൾപ്പെടെയുള്ള നിബന്ധനകളായിരിക്കും അവ. JNNURM ഇതുപോലുള്ള ചിലഉപാധികളുമായാണ് വന്നത്. എന്നാൽ സംസ്ഥാനസർക്കാറുകൾക്ക് നെഗോസിയേഷൻ വഴി ചില ആനുകൂല്യങ്ങൾ നേടിയെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. യു ഡി എഫ് ഗവണ്മെന്റിന്റെ വിഷൻ 2030ൽ മുനിസിപ്പാൽ സേവനങ്ങൾക്ക് 100ശതമാനം ചെലവ് ഈടാക്കാനുള്ള നിർദ്ദേശമുണ്ട്; ചേരിപ്രദേശങ്ങൾക്ക് സബ്സിഡികൾ നല്കുകയും ചെയ്യുമെന്നാണ് നിർദ്ദേശം. 100 ശതമാനം ചെലവും ഈടാക്കാനുള്ള തീരുമാനം നഗരജനങ്ങളുടെ, വിശിഷ്യനഗരദരിദ്രജനങ്ങളുടെ സാമ്പത്തിക ഭാരം ദുർവ്വഹമാക്കും. ചേരിപ്രദേശക്കാർക്ക് സബ്സിഡിനല്കുമെന്നു പറയുന്നുണ്ടെങ്കിലും കേരളത്തിലെ നഗരദരിദ്രജനങ്ങൾ ചേരികളിൽ മാത്രമല്ല ജീവിക്കുന്നതെന്നാണ് സത്യം.

വിഷൻ 2030ലെ മറ്റൊരു നിർദ്ദേശം അർബൻ റെഗുലേറ്ററി അതോറിട്ടി രൂപീകരിക്കുമെന്നതാണ്. മുനിസിപ്പാൽ സർവ്വീസുകൾ കാര്യക്ഷമമാക്കുന്നതിൽ സ്വകാര്യമേഖലയുടെ പങ്കാളിത്തം ഉറപ്പാക്കലും ജനങ്ങൾക്കു സേവനം ലഭിക്കുന്നതിന് യുക്തിസഹമായ ചാർജ്ജ് ഈടാക്കലുമാണ് ഇതിന്റെ ലക്ഷ്യം. മുനിസിപ്പാൽ സേവനമേഖല പൂർണ്ണമായി സ്വകാര്യകോർപറേറ്റുകൾക്കു നല്കാനുള്ള യു ഡി എഫ് സർക്കാറിന്റെ നിഗൂഢലക്ഷ്യമാണ് ഇവിടെ വ്യക്തമാവുന്നത്. അതുപോലെ നഗരതദ്ദേശഭരണസ്ഥാപനങ്ങളെ ദുർബ്ബലപ്പെടുത്താനും അതിന്മേലുള്ള ജനങ്ങളുടെ ജനാധിപത്യപരമായ നിയന്ത്രണം ഇല്ലായ്മചെയ്യാനുമുള്ള ശ്രമം കൂടിയാണ് ഈ ശിപാർശയിലുള്ളത്. നഗരസർവ്വീസുകൾക്കുള്ള വിവിധതരം നിക്ഷേപാവശ്യങ്ങളും രേഖയിൽ നിർദ്ദേശിക്കപ്പെടുന്നുണ്ടെങ്കിലും ഈ നിക്ഷേപങ്ങൾക്കും സ്ഥാപനസജ്ജീകരണങ്ങൾക്കുള്ള അടിസ്ഥാനനഗരസൗകര്യങ്ങളൊരുക്കുന്നതിനും വേണ്ടി ഗവണ്മെന്റ് ഏതുതരത്തിലാണ് ധനം നല്കുന്നതെന്നതിനെ പറ്റി ഒരു നിർദ്ദേശവുമില്ല. അടിസ്ഥാനനഗരസൗകര്യമൊരുക്കുന്നതിനും സേവനം നല്കുന്നതിനും നഗരതദ്ദേശഭരണസ്ഥാപനങ്ങൾക്കും പാരാസ്റ്റാറ്റലുകൾക്കും നിർണ്ണായകമായ പ്രാധാന്യമാണുള്ളത്. നഗരദരിദ്രർക്ക് വീട് വയ്ക്കാൻ ഭൂമി മാറ്റിവയ്ക്കുമ്പോൾ അവയുടെ ഈ പങ്കാളിത്തം കൃത്യമായി നിർവ്വചിക്കേണ്ടതുണ്ട്. അവർക്ക് എങ്ങനെ ധനസമാഹരണത്തിന് ബദൽമാർഗ്ഗങ്ങൾ ഉപയോഗിക്കാമെന്നും സ്ഥാപനസജ്ജീകരണങ്ങളൊരുക്കാമെന്നും കൂടി നിർവ്വചിക്കേണ്ടതുണ്ട്. നഗരസേലനം നല്കുന്നതിന്റെ ശിഥിലസ്വഭാവം മറികടക്കാനുള്ള മാർഗ്ഗവും നേരിടാനുള്ള ഒരുവെല്ലുവിളിയാണ്.

## 5. നഗരസാമ്പത്തികവികസനം

കേരളത്തിലെ നഗരസമ്പദ്വ്യവസ്ഥയിൽ ആധിപത്യമുള്ളത് നിർമ്മാണരംഗത്തിനും റിയൽ എസ്റ്റേറ്റിനും സേവനമേഖലയ്ക്കുമാണ്. ട്യൂറിസ്റ്റുകേന്ദ്രങ്ങളായ ചില ടൗണുകളുടെ സമ്പദ്വ്യവസ്ഥ ട്യൂറിസം വഴി രൂപപ്പെടുത്തുന്നതായി കാണാം. ചെറുകിട വ്യാവസായികവികാസം സാമാന്യമായി മന്ദഗതിയിലുള്ളതും പരിമിതവുമാണ്. ദീർഘകാലാടിസ്ഥാനത്തിൽ നഗരദരിദ്രജനങ്ങളുടെ ജീവിത-സാമൂഹികസാഹചര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിന് പ്രാദേശികസാമ്പത്തിക വികസനം ആവശ്യമാണ്. എന്നാൽ പ്രാദേശികസാമ്പത്തികവികസനത്തിന് പല തടസ്സങ്ങളുണ്ട്. ഭൂമിയുടെ ഉയർന്നവില, ആവശ്യമായ അടിസ്ഥാനസൗകര്യങ്ങളുടെ അസാന്നിധ്യം, സമഗ്രമായ വീക്ഷണത്തിന്റെയും ആസൂത്രണത്തിന്റെയും അഭാവം എന്നിവയെല്ലാം പ്രാദേശികസാമ്പത്തികവികാസത്തിനുള്ള വിലങ്ങുതടികളാണ്. പുതിയ സാമ്പത്തിക മേഖലകൾ ആവിർഭവിക്കുകയും പഴയമേഖലകൾ നവീകരിക്കുകയും അവയുടെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുകയും ചെയ്യുമ്പോൾ, കേരളത്തിലെ നഗരങ്ങൾക്കും ടൗണുകൾക്കുമായി സാമ്പത്തികവികാസത്തിനുള്ള വിശാലമായ ഒരുരൂപരേഖ ആവിഷ്കരിക്കേണ്ടതാവശ്യമാണ്.

## 6. തൊഴിലും കുടിയേറ്റവും

കഴിഞ്ഞ പതിറ്റാണ്ടിൽ കേരളത്തിലേക്ക് ഇന്ത്യയുടെ കിഴക്കൻ സംസ്ഥാനങ്ങളിൽ നിന്ന് വലിയതോതിലുള്ള കുടിയേറ്റങ്ങളുണ്ടായിട്ടുണ്ട്. ഏതാണ്ട് 25 ലക്ഷം കുടിയേറ്റ തൊഴിലാളികൾ സംസ്ഥാനത്തുണ്ടെന്നാണ് സംസ്ഥാനസർക്കാർ കണക്കാക്കിയിരിക്കുന്നത്. എന്നാൽ കുടിയേറ്റ തൊഴിലാളികളുടെ പ്രവൃത്തിയുടെയും ജീവിതത്തിന്റെയും സാഹചര്യങ്ങൾ വളരെ മോശമായി തുടരുന്നു. തുടക്കത്തിൽ നിർമ്മാണമേഖലയിലാണ് കുടിയേറ്റതൊഴിലാളികൾ നിയോഗിക്കപ്പെട്ടിരുന്നതെങ്കിലും ഇന്ന് കേരളത്തിലെ നഗരങ്ങളിലും ടൗണുകളിലും അവർ നഗരസാമ്പത്തിക സേവനമേഖലയുടെ അനിവാര്യമായ ഭാഗമായി മാറിക്കഴിഞ്ഞിരിക്കുന്നു. അവരുടെ തൊഴിലവകാശങ്ങൾ ഉറപ്പാക്കേണ്ടതുണ്ട്. ഗുണമേന്മയുള്ള വാസസൗകര്യങ്ങളും ഇതരസൗകര്യങ്ങളും അവർക്കു ലഭിക്കേണ്ടതുണ്ട്. കുടിയേറ്റ തൊഴിലാളികളെ സംഘടിപ്പിക്കേണ്ടതും അവർക്ക് അവകാശങ്ങൾ ഉറപ്പുവരുത്തേണ്ടതും ട്രേഡ് യൂണിയനുകളാണ്. കുടിയേറ്റ തൊഴിലാളികൾക്ക് നല്ലജീവിതസാഹചര്യങ്ങൾ ഒരുക്കാനുള്ള ചുമതല തദ്ദേശഭരണസ്ഥാപനങ്ങളും ഏറ്റെടുക്കണം.

## 7. നഗരദരിദ്രരുടെ വാസസൗകര്യം

നഗരങ്ങളിലേയും ചുറ്റുമുള്ള ഗ്രാമങ്ങളിലേയും ഭൂമിയുടെ വിലക്കയറ്റം കാരണം നഗരദരിദ്രജനവിഭാഗങ്ങൾ തികച്ചും അപര്യാപ്തമോ വളരെ മോശമോ ആയ വീടുകളിൽ ജീവിക്കാൻ നിർബ്ബന്ധിതരായിരിക്കു

ന്നു. വീടില്ലായ്മയുടെയും ചേരിവികസനത്തിന്റെയും പ്രശ്നങ്ങൾ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിൽ സാമാന്യമായി കുറവാണെങ്കിലും നമ്മുടെ നഗരങ്ങളിലെയും പട്ടണങ്ങളിലെയും ചിലപ്രദേശങ്ങളിൽ ചേരിസമാനമായ വാസസാഹചര്യങ്ങൾ നിലവിലുണ്ട്. നഗരദരിദ്രരുടെ ഏറ്റവും വലിയ വാസപ്രശ്നം നഗരദരിദ്രർക്കു താമസസൗകര്യമൊരുക്കുന്നതിനുള്ള ഏറ്റവും വലിയ പ്രശ്നം അവർക്കാവശ്യമുള്ള ഭൂമിയുടെലഭ്യതയും അത് വാങ്ങാനിള്ള കഴിവുമാണ്. ഉയർന്ന ജനസംഖ്യാസാന്ദ്രതുടെയും റിയൽ എസ്റ്റേറ്റുകാരുടെ ഇടപെടലിന്റെഫലമായുള്ള ഉയർന്ന ഭൂമിവിലയുടെയും സാഹചര്യത്തിൽ, ഭൂമിയുടെമേൽ തദ്ദേശഗവണ്മെന്റുകൾക്കോ സംസ്ഥാനസർക്കാറിനു തന്നെയോ അപര്യാപത്ം മാത്രമായ നിയന്ത്രണം മാത്രമാമുള്ളതെന്ന സാഹചര്യത്തിൽ, നഗരദരിദ്രർക്ക് താമസത്തിനായി ഭൂമിനീക്കിവയ്ക്കുന്നതിന് വിശാലമായ ഒരു കാര്യപരിപാടിയും ആസൂത്രണവും അത്യന്താപേക്ഷിതമാണ്. അതിനുള്ള ഒരു മാർഗ്ഗം സ്വകാര്യമേഖലയിൽ ഉള്ള ഭൂമിയിലോ സ്വത്തിലോ ഒരു ഭാഗം ഗ്രാമദരിദ്രരുടെ താമസത്തിന്നായി നീക്കിവയ്ക്കുകയെന്നുള്ളതാണ്.

താഴ്ന്നവരുമാനക്കാർക്കുള്ള വീടുകൾ നിർമ്മിക്കുന്നതിൽ സ്റ്റേറ്റ് ഹൗസിങ്ങ് ഏജൻസികളുടെ പങ്കാളിത്തം കഴിഞ്ഞ രണ്ടുപതിറ്റാണ്ടിനിടയിൽ കുറഞ്ഞുവന്നിട്ടുണ്ട്. സ്വന്തം നഗരങ്ങളിലെ ദരിദ്രരുടെ താമസവുമായി ബന്ധപ്പെട്ട നിയതമായ പ്രശ്നങ്ങൾ കണ്ടുപിടിക്കുന്നതിനാവശ്യമായ പഠനങ്ങൾ നഗരഭരണസ്ഥാപനങ്ങൾ സംഘടിപ്പിക്കണം. അതിന്റെ അടിസ്ഥാനത്തിൽ പ്രാദേശികമായി സ്വീകാര്യമായ പദ്ധതികളും പരിപാടികളും ആവിഷ്കരിക്കണം. ഈ പ്രശ്നം പരിഹരിക്കുന്നതിന് കുത്തനെ ഉയർന്നുനില്ക്കുന്ന ബഹുനിലക്കെട്ടിടങ്ങൾനിർമ്മിച്ചുനല്കാമെന്നത് ചെലവു കുറഞ്ഞ ഒരു പരിഹാരമാണെങ്കിലും നഗരദരിദ്രർ സ്വന്തം ആഗ്രഹങ്ങൾക്കും ആവശ്യങ്ങൾക്കുമൊത്ത ചെറിയ വീട് നിർമ്മിക്കുന്നതിന് സ്വന്തമായ ഒരുതുണ്ട് ഭൂമിയാണ് ഇഷ്ടപ്പെടുന്നത്. നഗരദരിദ്രരുടെ ഹൗസിങ്ങുമായി ബന്ധപ്പെട്ട പ്രധാനമായ പ്രശ്നങ്ങൾ ഭൂമിയും കൈവശാവകാശങ്ങളും ധനവിഭവങ്ങളിലേക്കുള്ള അഭിഗമ്യതയുമാണ്. നഗരദരിദ്രജനങ്ങൾക്ക് താമസസൗകര്യമുറപ്പുവരുത്തുന്നതിന് ഗ്രാമദരിദ്രരും തദ്ദേശഭരണസ്ഥാപനങ്ങളും രാഷ്ട്രീയപാർട്ടികളും സ്വകാര്യമേഖലയും ഒന്നിച്ചിരുന്ന് പ്രശ്നപരിഹാരമുണ്ടാക്കണം.

## 8. ഉപസംഹാരം

ഉപസംഹാരമായി കേരളത്തിലെ നഗരവികസനത്തിന്റെ നഗരഭരണത്തിന്റെയും പ്രധാനപ്രശ്നങ്ങൾ താഴെ ചേർത്തിരിക്കുന്നു.

*പ്രവർത്തനം മെച്ചപ്പെടുത്തിയും പൗരജനങ്ങളുടെ പങ്കാളിത്തമുറപ്പിച്ചും വിശ്വാസ്യത ഉറപ്പുവരുത്തിയും നഗരതദ്ദേശഭരണസ്ഥാപനങ്ങളുടെ ശാക്തീകരണം.

* സേവനം നല്കുന്നതിലേർപ്പെട്ടിരിക്കുന്ന പാരാസ്റ്റാറ്റലുകളേയും സ്ഥാപനങ്ങളേയും സംരക്ഷിക്കുന്നതിനും അവയുടെ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും നഗരസേവനത്തുറകളിൽ സ്വകാര്യവത്കരണം തടയുന്നതിനുമുള്ള പ്രോസസ്സുകൾ.

* മാലിന്യം നിർമ്മാർജ്ജനത്തിനും നഗരത്തിലെ ചലനാത്മകത പ്രോത്സാഹിപ്പിക്കുന്നതിനും നഗരപരിസ്ഥിതി സാഹചര്യങ്ങൾ അഭിവൃദ്ധിപ്പെടുത്തുന്നതിനും വേണ്ടി ബദൽ സേവനദാനമാതൃകകൾ വികസിപ്പിക്കൽ

* ഉപഭോക്തൃ ചാർജ്ജുകൾ വർദ്ധിപ്പിച്ചും പൗരന്മാരിൽ നിന്ന് മുനിസിപ്പാൽ സേവനങ്ങൾക്ക് 100 ശതമാനം ചെലവ് ഈടാക്കൽ രീതിയുപയോഗിച്ചും ബദൽ വിഭവസമാഹരണരീതികൾവികസിപ്പിക്കൽ.

### അവലംബം


1. Kuruvila Yacob (2014) Census Towns in Kerala: Challenge of Urban Transformation presented at First International Conference on Deepening Democracy, Kovalam, Thiruvananthapuram, Jasnuary 19- 21
2. Sreekumar T T( 1993) Urban Process in Kerala :1900- 1981; Cente for Development Studies, Thiruvananthapuram.
3. Town And Country Planning Department(2012) State Urbanization Report; Govt of Kerala.

# സാങ്കേതികവിദ്യാഭ്യാസം

കേരളത്തിൽ 156 എൻജിനിയറിങ് കോളേജുകളുണ്ട്. അതിൽ ഭൂരിഭാഗവും സ്വാശ്രയമേഖലയിലാണ്. എൽ ബി എസ്, ഐ എച്ച് ആർ ഡി ജി, കേപ്,കെ എസ് ആർ ടി സി എന്നിവ നടത്തുന്നതും സന്തുലിതാവസ്ഥ നിലനിർത്താൻ ശ്രമിക്കുന്നതുമായ സർക്കാർ നിയന്ത്രിത സ്വാശ്രയ കോളേജുകളും ഇതിൽ ഉണ്ടെന്നതാണ് ഒരു സവിശേഷത. എന്നാൽ ഇന്ന് 'ഒഴിഞ്ഞുകിടക്കുന്ന സീറ്റുകൾ' എന്നപ്രശ്നം ഭൂരിഭാഗം വരുന്ന സ്വാശ്രയ സ്ഥാപനങ്ങളെയും അരക്ഷിതാവസ്ഥയിലാക്കിയിരിക്കുന്നു. അവയിൽ പലതും കുറഞ്ഞ നിരക്കിൽ ഫീസ് ഈടാക്കാൻ നിർബന്ധിതമാവുന്നതുമൂലം സാമ്പത്തിക സമ്മർദ്ദത്തിന് കീഴ്പ്പെടുകയും അധ്യാപകർക്ക് സ്ഥിരമായി ശമ്പളം കൊടുക്കുന്നതിനുവരെ ബുദ്ധിമുട്ട് അനുഭവിക്കുകയും ചെയ്യുന്നു. ഔദ്യോഗിക നിരക്കിനൊപ്പം ഫീസ് കുറച്ച് കുറഞ്ഞ വരുമാനം മാത്രം നേടുന്നതിനാൽ നിൽനിൽക്കാൻപോലും ബുദ്ധിമുട്ട് അനുഭവിക്കുന്നു. സാമ്പത്തികമായി ലാഭകരമല്ലാതാവുകയും നിലനിൽക്കാനാവാതെ വരികയും ചെയ്യുന്നതിനാൽ ചില സ്ഥാപനങ്ങൾ പൂട്ടിപോകുന്ന അവസ്ഥയിലാണ്. അക്കാദമിക ഗുണനിലാവാരമടക്കം ഈ സംവിധാനത്തിന്റെ പ്രവർത്തനത്തെ മൊത്തത്തിൽ തന്നെ ഇത് ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഈപ്രശ്നങ്ങളെ ഗൗരവപൂർവ്വം അഭിമുഖീകരിക്കേണ്ടതുണ്ട്.

''സാങ്കേതിക വിദ്യാഭ്യാസ''ത്തിന്റെ വികാസത്തിനും ഗുണനിലവാരം ഉയർത്തുന്നതിനും ലക്ഷ്യമിട്ടാണ് സാങ്കേതിക സർവ്വകലാശാലകൾ നിരവധി സംസ്ഥാനങ്ങളിൽ രൂപീകരിച്ചത്. എന്നാൽ ഫലം നിരാശാജനകമായി. കേരളസാങ്കേതിക സർവ്വകലാശാലയുടെ കഥയും ഇതിൽനിന്ന് വിഭിന്നമല്ല. സ്ഥാപനങ്ങളിലേക്കും സർവ്വകലാശാലയിലേക്കുമുള്ള അഡ്മിഷൻ വ്യവസ്ഥകൾ യു ജി സി നിയമമനുസരിച്ചുള്ള അഫിലിയേഷൻ നടപടികൾ എന്നിവക്കൊന്നും കാര്യമായ പരിഗണന നൽകുന്നില്ല. ''സ്വാശ്രയ എൻജിനിയറിങ് കോളേജുകളിലെ ഫലം ഉയർത്തുന്നതിന്'' കാണിച്ച അമിതാവേശം സിലബസും സ്കീമുമൊക്കെ കോലംകെടുത്തുന്നതിന് ഇടയാക്കി. ഇവിടെ ശ്രദ്ധിക്കപ്പെടാതെപോകുന്ന മറ്റൊരുകാര്യം ഓൺലൈൻ എക്സാമിനേഷൻ മാനേജ്മെന്റ് സംവിധാനത്തിനുവേണ്ടിവരുന്ന ആവർത്തന ചെലവുകളാണ്. പരീക്ഷാപേപ്പറിലെ മഷിയുണങ്ങുന്നതിനുമുമ്പ് ഫലപ്രഖ്യാപനം വരുന്ന സ്ഥിതി ഉണ്ടാവുന്നു. ഫലപ്രഖ്യാനം വൈകുന്നത് ഒഴിവാക്കുന്നതിനുവേണ്ടി പ്രാക്ടിക്കലുകൾ നടത്താതിരിക്കുന്നു. പുറംപണി നടത്തുന്ന ഒരു ഏജൻസിക്ക് പ്രതിവർഷം 7.2 കോടി രൂപയാണ് അരലക്ഷത്തോളം വരുന്ന വിദ്യാർഥികൾക്കുവേണ്ടി ആവർത്തന ചെലവായി കൊടുക്കേണ്ടിവരുന്നത്. വളരെ നേർത്ത ഒരു സ്റ്റാഫ് ഘടനയാണ് സർവ്വകലാശാലക്കുള്ളത്. നാല് എക്സിക്യൂട്ടീവുകൾ മാത്രം. ശമ്പളമായി കൊടുക്കുന്നത് 3.1 കോടി രൂപ. സേവനങ്ങൾക്കായി 2.41 കോടിരൂപയും മറ്റ് പ്രവർത്തനങ്ങൾക്കായി 6.08 കോടിരൂപയും അടക്കം മൊത്തം ചെലവുവരുന്നത് 11.59 കോടിരൂപയാണ്. ഫയലുകളുടെ നീക്കത്തിനും മെയിലിൻ സേവനങ്ങൾക്കുംവേണ്ടി പുറംപണികൊടുത്ത ചെലവ് ഇവിടെ മറച്ചുവെയ്ക്കപ്പെ

ട്ടിരിക്കുന്നു. ആവർത്തന ചെലവായി വരുന്നത് ഏക ദേശം 19 കോടി രൂപയാണ്.

എല്ലാവരും വിദ്യാഭ്യാസ സംവിധാനത്തിൽ സ്വയം ഭരണത്തിനുവേണ്ടി നിലകൊള്ളുമ്പോൾ കേരള സാങ്കേതിക സർവ്വകലാശാല ശ്രമിക്കുന്നത് കേന്ദ്രീകൃത ഹൈ ബൈ വയർ ഓട്ടോക്രസിക്കുവേണ്ടിയാണ്. ഡയറക്ടറേറ്റിനെ മറികടന്നുകൊണ്ട് അഫിലേറ്റഡ് കോളേജുകളിലൂടെയും അവരുടെ ഫേക്കൽറ്റികളിലൂടെയും പ്രവർത്തിക്കാനാണ് അവർ ശ്രമിക്കുന്നത്.

സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ ഡിപ്ളോമ, സർറ്റിഫിക്കറ്റ് കോഴ്സുകൾ''പ്രാവീണ്യമുള്ള സാങ്കേതിക വിദഗ്ധരെ'' വിശേഷിച്ചും ആശാരിപ്പണി, പ്ലംബിംഗ്, വെൽഡിംഗ്, ഇലക്ട്രിക്കൽ വയറിംഗ്, കമ്പ്യൂട്ടർ അടക്കമുള്ള ഇലക്ട്രോണിസ് ഉൽപ്പന്നങ്ങളുടെ മെയിന്റനൻസും റിപ്പയറിംഗും എന്നീമേഖലകളിൽ വികസിത വികസ്വര രാജ്യങ്ങളിൽ ആവശ്യമുണ്ടെന്ന് മനസ്സാലാക്കി അതിനനുസരിച്ച് സൃഷ്ടിച്ചെടുക്കുന്നതിനാണ് ഡിപ്ളോമ, സർറ്റിഫിക്കറ്റ് കോഴ്സുകൾകൊണ്ട് ഉദ്ദേശിക്കുന്നത്. എന്നാൽ ഈ മേഖലകളും ഡിപ്ളോമാതല പരിപാടികളും അർഹമായ പരിഗണന കിട്ടാതെ പുറംതള്ളപ്പെട്ടു. പലപ്പോഴും ഭാവിയിൽ എൻജിനിയറിങ് ഡിഗ്രയിലേക്ക് കടക്കുന്നതിനുള്ള പാതകളായി ഇവ പരിഗണിക്കപ്പെട്ടു. അതുവഴി അവയുടെ പ്രസ്ക്തിയും ഗുണമേന്മയും നഷ്ടമായി. മുഖ്യ ട്രേഡുകളിലെ യുക്തിരഹിതമായ സ്പെഷ്യാലിറ്റികളും തീയ്യറിക്ക് കൊടുക്കുന്ന അമിത പ്രധാന്യവും ഈ മേഖലകളിൽ പ്രാവീണ്യമില്ലാത്തവരെ സൃഷിക്കുന്നതിന് ഇടയാക്കി.

മുമ്പ് അധ്യാപകരായി വന്നിരുന്നത് ഗുണമേന്മയുള്ള ഡിപ്ലോമക്കാരായിരുന്നു. അവർക്ക് അവരുടെ അനുഭവ പരിചയവും യോഗ്യതയും കാലോചിതമാക്കുന്നതിനുള്ള അവസരങ്ങളുണ്ടായിരുന്നു. എന്നാൽ പോളിടെക്നിക്കുകളിൽ ഡിപ്ളോമ കോഴ്സ് അധ്യാപകരായി നിയമിക്കപ്പെടുന്നതിന് എംടെക് യോഗ്യതയായി നിശ്ചയിക്കുകയും എ ഐ സി ടി ഇ ശമ്പളം നൽകാൻ ആരംഭിക്കുകയും ചെയ്തതോടെ അധ്യാപകരൊക്കെ പി ജിയും പി എച്ച് ഡിയും നേടുന്നതിലുള്ള നെട്ടോട്ടത്തിലായി. സാധാരണ വിദ്യാഭ്യാസം ഗസ്റ്റ് അധ്യാപകരുടെ ചുമതലയായി. എൻജിനിയറിങ് കോളേജുകൾക്ക് തന്നെ യോഗ്യതയും അനുഭവ പരിചയവുമുള്ള അധ്യാപകരെ കിട്ടിന്നതിന് ദൗർലഭ്യമുള്ളപ്പോൾ ഡിപ്ളോമ, സർറ്റിഫിക്കറ്റ് സ്ഥാപനങ്ങളുടെ സ്ഥിതി പറയേണ്ടതില്ലല്ലോ.

ഈയിടെയായി ആരംഭിച്ചിട്ടുള്ള അഡീഷണൽ സ്കിൽ ഡവലപ്പ്മെന്റ് പ്രോഗ്രാം ചെറിയൊരു ആശ്വാസമാണ്. ആധുനീക ഉപകരണങ്ങൾ നൽകി പ്രാവീണ്യമുള്ള തൊഴിൽ മേഖലയെ ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് വകുപ്പുതലത്തിൽ ഗൗരവതരമായ പരിശോധന ആവശ്യമാണ്. ഡിപ്ളോമ, സർറ്റിഫിക്കറ്റ് കോഴ്സുകൾക്കുമാത്രമല്ല ഡിഗ്രികോഴ്സുകൾക്കും വ്യവസായങ്ങളുടെ പിന്തുണയോടെ അപ്രന്റീസ് പ്രോഗ്രാമുകൾ നടത്തുന്നതിനെക്കുറിച്ച് ഡയറക്ട്രേറ്റ് ഗൗരവതരമായി ആലോചിക്കണം. എങ്കിൽ മാത്രമെ അനുഭവ സമ്പത്തും പ്രവിണ്യവുമുള്ളവരെ സൃഷ്ടിക്കാനാവൂ. പരിശീലനം സിദ്ധിച്ച് അധ്വാനശേഷിയുടെ നേരിട്ടു ഗുണഭോക്താക്കൾ വ്യവസായശാലകളായതുകൊണ്ട് ഇതിന് അവരെ ബാധ്യതപ്പെടുത്തുന്ന നിയമമുണ്ടാക്കണം.

ഈ മേഖലയിലേക്കും സ്വാശ്രയ താൽപ്പര്യങ്ങൾ ആഴ്ന്നിറങ്ങിക്കൊണ്ടിരിക്കയാണ്. അവർ ഈ മേഖയെ ചൂഷണ വിധേയമാക്കുന്നതിനുമുമ്പ് അംഗീകാരം മേൽനോട്ടം നിയന്ത്രണം എന്നിവയ്ക്കായി കർശനമായ വ്യവസ്ഥകൾ ഉണ്ടാക്കുകയും പരിശോധനയ്ക്കും ശുപാർശകളുടെ നടത്തിപ്പിനും നിയമപരമായി അധികാരമുള്ള ഒരു സംസ്ഥാനതല കമ്മീഷൻ സ്ഥാപിക്കുകയും വേണം.

### നിർദ്ദേശങ്ങൾ

1. ലാഭകരമല്ലാത്ത സ്വാശ്രയകോളേജുകളും കോഴ്സുകളും നിർത്തിപ്പോകുന്നതിന് പരിഹാരം നിർദ്ദേശിക്കുന്ന ഒരു കമ്മീഷനെ നിയോഗിക്കുക.
2. സാങ്കേതിക വിദ്യാഭ്യാസ ഡയറക്ട്രേറ്റും സർവ്വകലാശാലയും മുഖ്യപ്രവർത്തന കേന്ദ്രമാക്കിക്കൊണ്ട് കേരള സാങ്കേതിക സർവ്വകലാശാലകളുടെ അക്കാദമികവും ഭരണപരവുമായ പ്രവർത്തനങ്ങളെ പരിശോധനയ്ക്ക് വിധേയമാക്കുക.
3. നയം, തന്ത്രം, അവയുടെ നടത്തിപ്പ് എന്നിവ ഉറപ്പാക്കുന്നതിന് നിയമപരമായ അധികാരമുള്ള സാങ്കേതിക വിദ്യാഭ്യാസത്തിനുവേണ്ടിയുള്ള ഒരു സംസ്ഥാന കൗൺസിൽ രൂപീകരിക്കുക.

# ശാസ്ത്ര-സാങ്കേതിക ഗവേഷണം

ജീവിതത്തിന്റെ ഏത്തുറയുടെയും വളർച്ചയ്ക്ക് മാത്രമല്ല, നിലനിൽപ്പിനും ശാസ്ത്രത്തിന്റെയും സാങ്കേതികവിദ്യയുടെയും അടിയ്ക്കടിയുള്ള പുരോഗതി ഒഴിവാക്കാനാവാത്ത കാലമാണിത്. പ്രത്യേകിച്ച്, കേരളത്തെപ്പോലെ ജനസാന്ദ്രത വളരെകൂടിയ ഒരു സംസ്ഥാനത്ത്. അടിസ്ഥാന ആവശ്യങ്ങളായ ശുദ്ധജലം, ഭക്ഷണം, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യരക്ഷ മുതലായവയ്ക്കെല്ലാം അത് അനുപ്രക്ഷണീയമായിരിക്കുന്നു. വിവരസാങ്കേതികവിദ്യ ഇവയ്ക്കെല്ലാം പുതിയ ലക്ഷ്യങ്ങളും മാർഗ്ഗങ്ങളും പ്രദാനം ചെയ്തതോടെ ശാസ്ത്ര-സാങ്കേതിക മേഖലയ്ക്ക് പുതിയ ആവശ്യങ്ങളും സാധ്യതകളും പ്രദാനം ചെയ്യാൻ കഴിയുന്ന സ്ഥിതി കൈവന്നു. അതേസമയം ആ മേഖല തന്നെ പുതിയ ആവശ്യങ്ങൾ ഉയർത്തുകയും ചെയ്യുന്നു.

എന്നാൽ, ഈ സ്ഥിതിവിശേഷത്തെ ഫലപ്രദമായി കൈകാര്യം ചെയ്യുന്ന അനുഭവമല്ല കഴിഞ്ഞ നാലര വർഷമായി സംസ്ഥാനത്തുള്ളത്. സംസ്ഥാനത്തിന്റെ അടിയന്തിരവും സ്ഥായിയായതുമായ ആവശ്യങ്ങളെയല്ല നിലവിലുള്ള ഭരണസംവിധാനം കൈകാര്യം ചെയ്യുന്നത്. നവലിബറൽ ശക്തികളുടെ താൽപ്പര്യങ്ങൾക്കൊത്തവിധമുള്ള നടപടികളാണ് അത് സ്വീകരിക്കുന്നത്. തൽഫലമായി സംസ്ഥാനത്തെ വിവിധ ശാസ്ത്രഗവേഷണ സ്ഥാപനങ്ങളുടെ പ്രവർത്തനത്തിന് ദിശാബോധം നഷ്ടപ്പെട്ടു. അവയിൽ പലതിലും നയിക്കാൻ ആളില്ലാതായി. ഒഴിവുവന്ന തസ്തികകളിലേയ്ക്കുള്ള നിയമനം പോലും അവതാളത്തിലായതുമൂലം പലതിലും പ്രവർത്തനം നിലച്ചമട്ടാണ്.

ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങളെ കേന്ദ്രസർക്കാരിന് വിട്ടുകൊടുത്ത് കൃതകൃത്യത അടയാനുള്ള പ്രവണതയും ഈ കാലയളവിൽ ശക്തമായി. ഒരു ഗവേഷണ സ്ഥാപനം ഏത് സർക്കാരിന്റെ കീഴിലാണ് എന്നതല്ല പ്രധാനം എന്നത് ശരിതന്നെ. പക്ഷേ, സംസ്ഥാനത്തിന്റെ സർവതോന്മുഖമായ വികസനം ലാക്കാക്കി ആരംഭിച്ച സ്ഥാപനങ്ങൾ കേന്ദ്രത്തിന് കൈമാറുമ്പോൾ, ആ സ്ഥാപനം കൊണ്ട് സംസ്ഥാന പുരോഗതിയ്ക്ക് ലഭിക്കേണ്ട സംഭാവന തുടർന്നും ഉണ്ടാകും എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

ഇത് പറയുമ്പോഴാണ് 1980 കൾക്ക് തൊട്ടുമുമ്പും പിമ്പുമായി ആരംഭിച്ച സംസ്ഥാനത്തെ ശാസ്ത്രഗവേഷണ സ്ഥാപനങ്ങളുടെ ധർമ്മവും സംസ്ഥാനത്തിന് അവകൊണ്ട് ഉദ്ദേശിക്കപ്പെടുന്ന ആവശ്യവും സംബന്ധിച്ച കാഴ്ചപ്പാട് പുനരവലോകനം ചെയ്യേണ്ടതിന്റെ ആവശ്യം ഉയർന്നുവരുന്നത്. അവ ആരംഭിച്ച കാലത്തേതിൽ നിന്ന് ഏറെ വിഭിന്നമായ സ്ഥിതി സംസ്ഥാനത്തിന്റെ ഭൗതിക-സാമൂഹ്യ പരിതസ്ഥിതികളിൽ സംജാതമായിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ വിവിധ ശാസ്ത്രഗവേഷണ സ്ഥാപനങ്ങളുടെ ലക്ഷ്യത്തിലും പ്രവർത്തനത്തിലും മാറ്റം വരുത്തേണ്ടതാണ്. അതിന് ആവശ്യമായ ആഴത്തിലുള്ള പരിശോധനയും അതിന്റെ അടിസ്ഥാനത്തിലുള്ള പുന:സംവിധാനവും അവയുടെ പ്രവർത്തനം സംബന്ധിച്ചുവേണം പൈതൃകസ്വത്ത് പരിപാലിക്കുക എന്നതാവരുത് ഇവയോട് സർക്കാർ പുലർത്തേണ്ട സമീപനം. സമൂഹജീവിതത്തിന്റെ നില

നിൽപ്പിനും പുരോഗതിയ്ക്കും അനുപ്രക്ഷണീയമായ സംവിധാനങ്ങൾ എന്ന നിലയ്ക്കവണം.

അവയെക്കുറിച്ച് കൂടുതൽ വിശദമായി പ്രതിപാദിക്കുന്നതിന് മുമ്പ് എടുത്തുപറയേണ്ട ഒരു കാര്യം ശാസ്ത്രത്തിന്റെ സമകാലിക പ്രസക്തിയെയും അത് ഇന്ന് നേരിടുന്ന ഭീഷണിയെയും കുറിച്ചാണ്. മാനവരാശിയുടെ പുരോഗതിയിൽ എന്നും അതിന് മാർഗദർശകമായിരുന്നത് ശാസ്ത്രവും ശാസ്ത്രബോധവുമാണ്. പ്രകൃതിയുടെ, അതിന്റെ ഭാഗമായി സമൂഹത്തിന്റെയും, പ്രവർത്തനങ്ങളുടെ രൂപഭാവങ്ങൾ മനസ്സിലാക്കുന്നതിനും അവയെ മനസ്സിലാക്കി പ്രവർത്തിക്കുന്നതിനും മനുഷ്യരെ ഇത്രമാതം സഹായിച്ച വേറെ ഒരു വിജ്ഞാനശാഖയില്ല. തങ്ങൾ ഒരു കാലത്ത് അറിഞ്ഞ് അംഗീകരിച്ച അറിവ് എല്ലാക്കാലത്തും അതുപോലെ ശരിയായിരിക്കും എന്നത് അവരുടെ ഒരു സങ്കൽപ്പമാണ്. എന്നാൽ, പ്രപഞ്ചം സദാമാറിക്കൊണ്ടിരിക്കുകയാണെന്നും അതിനാൽ പുതിയ പുതിയ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ അറിവിനെ പുതുക്കിക്കൊണ്ടിരിക്കേണ്ടതുണ്ടെന്നുമുമ ശാസ്ത്രത്തിന്റെ തിരിച്ചറിവാണ് മാനവരാശിയെ ഇന്ന് അത് എത്തിനിൽക്കുന്ന സ്ഥിതിയിലേയ്ക്ക് നയിച്ച പ്രധാനഘടകം.

ഈ തിരിച്ചറിവ് പുതിയൊരു ഘട്ടത്തിലേയ്ക്ക് കടന്നപ്പോഴാണ് അറിവിനെ ഒരുപിടി പേരുടെ കുത്തകയാക്കിവയ്ക്കലല്ല, സാർവ്വത്രികമാക്കുകയാണ് വേണ്ടത് എന്ന തുല്യതയുടെയും സാമൂഹ്യനീതിയുടെയുമായ ജനാധിപത്യയുഗം ആരംഭിച്ചത്. എന്നാൽ, അറിവിന്റെ ലോകത്ത് മഹാവിസ്ഫോടനത്തിന് ഇടയാക്കിയ ഈ യുഗത്തെയും അതിന്റെ ശാസ്ത്രീയ ചിന്തയെയും നിഷേധിച്ച് എല്ലാ അറിവും പണ്ടേ ഉണ്ടായിരുന്നു എന്ന വിജ്ഞാനാന്ധകാരത്തിലേയ്ക്ക് മാനവരാശിയെ നയിക്കാനുള്ള പ്രവണത ഇന്ത്യയിലും വിദേശങ്ങളിലും പല രൂപങ്ങളിൽ പ്രകടമാണ്. ഇത് ശാസ്ത്ര ഗവേഷണ സ്ഥാപനങ്ങൾക്ക് മാത്രമല്ല, സമൂഹം ഇതേവരെ കൈവരിച്ച സകലപുരോഗതിയ്ക്കും എതിരാണ് എന്ന് മനസ്സിലാക്കി അതിനോട് എതിരിടേണ്ടതുണ്ട്.

ഓരോ മനുഷ്യനും ഏത് വിശ്വാസവുംവെച്ചു പുലർത്താനുള്ള സ്വാതന്ത്ര്യം നാം അംഗീകരിച്ച ജനാധിപത്യ വ്യവസ്ഥ നൽകുന്നു. പക്ഷേ, അത് സമൂഹത്തിന്റെ മേൽ അധിപത്യം പുലർത്തുന്നതിന് ഉപയോഗിച്ചുകൂട, വ്യക്തിപരമായി നിലനിർത്തപ്പെടണം. സമൂഹത്തിൽ പൊതുവിൽ ആർജ്ജിക്കപ്പെടേണ്ടതും വളർത്തപ്പെടേണ്ടതും പ്രയോഗിക്കപ്പെടേണ്ടതും ശാസ്ത്രവിജ്ഞാനമാണ്, അതിന്റെ രീതിയാണ്. ഇതിന് എല്ലാ പ്രോത്സാഹവും നൽകേണ്ടതുണ്ട്. സ്ഥാപിച്ച് മൂന്ന് പതിറ്റാണ്ടിലേറെയായ ഗവേഷണ സ്ഥാപനങ്ങളാമ് ജലവുമായി ബന്ധപ്പെട്ട സി.ഡബ്ല്യു.ആർ.ഡി.എം ഉം വനവുമായി ബന്ധപ്പെട്ട കെ.എഫ്.ആർ.ഐ ഉം രണ്ടിന്റെയും പ്രസക്തി കാലക്രമത്തിൽ വർദ്ധിച്ചിട്ടേയുള്ളൂ. ആളോഹരി വെള്ളത്തിന്റെ ആവശ്യം പൊതുവിൽ വർദ്ധിച്ചുവരികയാണ്. അത് പുരോഗതിയുടെ സൂചകമായി മാറിയിട്ടുണ്ട്. ഇതിനനുസരിച്ച് ജലലഭ്യത വർദ്ധിക്കുന്നില്ല. അതിനാൽ കുടിക്കലും ഭക്ഷണം പാകംചെയ്യലും പോലുള്ള അവശ്യ ഉപയോഗങ്ങൾക്ക് പുറമേയുള്ള ആവശ്യങ്ങൾക്ക് വെള്ളം ശുദ്ധീകരിച്ച് ഉപയോഗിക്കുന്ന ശീലം വളർത്തണം. ശുദ്ധീകരിക്കുന്നതിന് ചെലവ് കുറഞ്ഞ വിവിധ മാർഗ്ഗങ്ങൾ നമ്മുടെ വിവിധ ഗവേഷണാലയങ്ങൾ വികസിപ്പിച്ചത് കണ്ടെത്തി അവ ഉപയോഗിക്കുന്നതിനും വെള്ളത്തിന്റെ ഉപയോഗം വിവിധ മേഖലകളിൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതിന്റെ ദുർവ്യയം തടയുന്നതിനുമുള്ള മാർഗ്ഗങ്ങൾ ജനങ്ങളെയും സ്ഥാപനങ്ങളെയും അറിയിക്കുകയും അവ പ്രയോഗിക്കാൻ അവയെ പ്രേരിപ്പിക്കുകയും മറ്റും സി.ഡബ്ല്യു.ആർ.ഡി.എം ന്റെ ലക്ഷ്യമാക്കണം.

സസ്യങ്ങളാണ് കാലാവസ്ഥ മാറ്റത്തെ പ്രതിരോധിക്കുന്നതിനുള്ള ഒരു പ്രധാന ഉപാധി. അവ കൂടുതൽ ഉണ്ടാവുക വനങ്ങളിലാണ്. കഴിയുന്നത്ര സ്ഥലങ്ങളിൽ വനം (അക്വേഷ്യയെ കേന്ദ്രീകരിച്ചുള്ളതല്ല) വളർത്തുക കെ.എഫ്.ആർ.ഐ. യുടെ ലക്ഷ്യങ്ങളിൽ ഒന്നാകണം. അതോടൊപ്പം മനുഷ്യർക്ക് ആവശ്യമുള്ള തേക്ക്, ഈട്ടി മുതലായ മരങ്ങൾ വെച്ചുപിടിപ്പിക്കാനും പദ്ധതി ഉണ്ടാകണം. കാട്ടിലും നാട്ടിലും വളരുന്ന നിരവധി സസ്യങ്ങൾ ഔഷധ നിർമ്മാണത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി വർദ്ധിച്ചതോതിൽ ഉപയോഗിക്കപ്പെടുന്നു. വനക്കൂട്ടങ്ങളിൽ അവ വളർത്തുന്നതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകാനും അവ സംബന്ധമായ ഗവേഷണം നടത്താനും കെ.എഫ്.ആർ.ഐ ഉം റ്റി.ബി.ജി.ആർ.ഐ ഉം ഫലപ്രദമായി ഉപയോഗിക്കപ്പെടണം. ഭൂമദ്ധ്യരേഖാ പ്രദേശത്തുള്ള കേരളത്തിന്റെ സവിശേഷതകളെ ഫലപ്രദമായി പ്രയോജനപ്പെടുത്താൻ ഇവയ്ക്ക് കഴിയണം.

കഴിഞ്ഞകാലത്തെ നമ്മുടെ വലിയനേട്ടം തോട്ടവിളകളുടെ രംഗത്ത് വിവിധ മേഖലകളിൽ കൈവരിച്ച നേട്ടമാണ്. തെങ്ങ്, കുരുമുളക്, ഏലം, ഇഞ്ചി, കാപ്പി, ചായ എന്നിങ്ങനെയുള്ള ഭക്ഷ്യമേഖലയിലും റബ്ബർ പോലുള്ള വാണിജ്യ മേഖലയിലും ഏറെ ആവശ്യമുള്ള വസ്തുക്കൾ ഉൽപാദിപ്പിച്ചുകൊണ്ടാണ് കേരളം കഴിഞ്ഞ കാലത്ത് പുരോഗതി പ്രാപിച്ചത്. ഇവ ഏറിയകൂറും സംസ്കരിക്കാതെ കയറ്റുമതി ചെയ്യുകയായിരുന്നു. മറ്റ് രാജ്യങ്ങളിൽ നിന്ന് കടുത്ത മത്സരമുള്ളതിനാൽ ഇപ്പോൾ അവയിൽ നിന്ന് കൃഷിക്കാർക്ക് നല്ല വരുമാനമില്ല. ഇവയെ സംസ്കരിച്ച് ഉപയോഗപ്രദമായ പുതിയ ഉൽപന്നങ്ങൾ ഉണ്ടാക്കാൻ ഇവിടെ ഗവേഷണം നടത്തേണ്ടതുണ്ട്. ഈ മേഖലയെ സംരക്ഷിച്ച് അഭിവൃദ്ധിപ്പെടുത്തുന്നതിന് അത്തരം നൂതന മാർഗ്ഗങ്ങൾ ആരായേണ്ടതുണ്ട്.

ഇതുപോലെ വ്യവസായ മേഖലയുമായും സേവന മേഖലയുമായും ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ ഗവേഷണ സ്ഥാപനങ്ങളുടെയും സർവകലാശാലകളുടെയും പ്രവർത്തനത്തെ കാലോചിതമാക്കേണ്ടതുണ്ട്.

നവലിബറൽ നയങ്ങളുടെ പശ്ചാത്തലത്തിൽ മൗലിക ഗവേഷണങ്ങളൊന്നും ഇവിടെ വേണ്ടതില്ല എന്ന ചിന്ത പലേടങ്ങളിലും പരന്നിട്ടുണ്ട്. സ്വന്തമായ ഗവേഷണം തനത് ആവശ്യങ്ങൾക്കായി നടത്താത്ത സമൂഹങ്ങൾക്ക് ആധുനികകാലത്ത് പുരോഗതി കൈവരിക്കുന്നതിന് മാത്രമല്ല, നിലനിൽക്കുന്നതിന് പോലും പ്രതിബന്ധങ്ങൾ ഉണ്ടാകുന്നു. മേൽപ്പറഞ്ഞ മണ്ഡലങ്ങളിൽ മാത്രമല്ല, സാംസ്കാരിക രംഗത്തും പുരോഗതി കൈവരിക്കാൻ ഗവേഷണം കൂടിയേതീരൂ. അതിനനുസരിച്ച് സർവകലാശാലകൾക്കും ഗവേഷണാലയങ്ങൾക്കും പൊതുവിൽ മാർഗ്ഗനിർദ്ദേശം നൽകാനും അവയ്ക്കാ ആവശ്യമായ വിഭവങ്ങൾ ലഭ്യമാക്കുന്നതിനും പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

ആധുനിക ജീവിതത്തിന്റെ സമസ്തമേഖലകളെയും അതിവേഗം സ്വന്തം സ്വാധീനത്തിന് വിധേയമാക്കിക്കൊണ്ടിരിക്കുന്ന ഗവേഷണ രംഗങ്ങളാണ് വിവര-ജൈവ സാങ്കേതികവിദ്യകളും നാനൊടെക്നോളജിയും. നാനൊ സാങ്കേതികവിദ്യ ദൈനംദിന ജീവിതത്തിന്റെ നാനാതലങ്ങളിൽ വരെ അത്ഭുതകരമായ സേവനം നൽകുന്നതിന് ഉപകരിക്കുന്നു. നമ്മുടെ വ്യവസായ മേഖലയെയും സമൂഹജീവിതത്തെയും സഹായിക്കുന്നതരത്തിലുള്ള ഗവേഷണങ്ങൾകൂടി അതുമായി ബന്ധപ്പെട്ട് നടത്താൻ നാം തയ്യാറാകേണ്ടതുണ്ട്.

വിവര സാങ്കേതികവിദ്യയിൽ നമ്മുടെ യുവാക്കളും ഇവിടെയുള്ള സ്ഥാപനങ്ങളും ഏർപ്പെടുത്തുന്നത് വികസിത രാജ്യങ്ങൾക്ക് ആവശ്യമായ സേവനങ്ങൾ ചെയ്തുകൊടുക്കുന്നതിനാണ്. ഒരു തൊഴിലെന്ന നിലയിൽ ചില സ്ഥാപനങ്ങളും പ്രവർത്തകരും അങ്ങനെ ചെയ്യട്ടെ. അതേസമയം നമ്മുടെ ഉൽപാദന-സേവന മേഖലകളെ കൂടുതൽ വൈവിധ്യവും കാര്യക്ഷമമവും ആദായകരവുമാക്കുന്നതിന് ഉപകരിക്കുന്നവിധത്തിൽ വിവരസാങ്കേതികവിദ്യയെ നാം വികസിപ്പിച്ചെടുക്കേണ്ടതുണ്ട്. ആവശ്യക്കാരുടെ താൽപര്യം അനുസരിച്ച് വൈവിധ്യം ഉണ്ടാക്കാൻ ആ മേഖലയ്ക്ക് കഴിയും.

ജൈവസാങ്കേതികവിദ്യയെ കാര്യക്ഷമമായി പ്രയോഗിച്ചുകൊണ്ടുമാത്രമേ അന്യരാജ്യങ്ങളിലെ പല ഉൽപന്നങ്ങൾക്കും സേവനങ്ങൾക്കുമായി ആശ്രയിക്കുന്നതിനെ കുറച്ചുകൊണ്ടുവരാൻ നമുക്ക് കഴിയൂ. ഒട്ടേറെ കയറ്റുമതി സാധ്യതകളും ഈ രംഗത്ത് ഫലപ്രദമായി ഇടപെട്ടാൽ ഉണ്ടാക്കാൻ കഴിയും. അതിന് നേതൃത്വം നൽകാൻ കഴിയുന്ന വിദഗ്ദ്ധർ നമ്മുടെ ഗവേഷണശാലകളിലും സർവകലാശാലകളിലും ഇല്ലെങ്കിൽ അവരെ ആകർഷിക്കാൻ സർക്കാരിന് കഴിയേണ്ടതാണ്.

ചുരുക്കിപ്പറഞ്ഞാൽ, കേരളത്തിലെ ശാസ്ത്ര-സാങ്കേതിക ഗവേഷണമേഖലയും അവയുടെ പ്രയോഗമേഖലയും താരതമ്യേന ശുഷ്ക്കിച്ചിരിക്കുന്നു. കഴിഞ്ഞ നാലരവർഷമായി ആ രംഗത്ത് അഭിലഷണീയമായ മുൻകൈകളാണ് ഉണ്ടായത് എന്നും പറയാനാവില്ല. ഈ സ്ഥിതി അതിവേഗം മാറ്റണം. കാലാനുസൃതമായി വിവിധ ഗവേഷണ സ്ഥാപനങ്ങളെ മെച്ചപ്പെടുത്തേണ്ടതുണ്ട്. അതിന് യോജിച്ച ഒരു പ്രവർത്തന പരിപാടി ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടതാണ്. അതിനേക്കാൾ പ്രധാനപ്പെട്ട കാര്യമാണ്, ശാസ്ത്രത്തെയും ശാസ്ത്രസ്ഥാപനങ്ങളെയും ശാസ്ത്രബോധനത്തെയും അവയ്ക്കെതിരെ വിവിധ കോണുകളിൽ നിന്ന് ഉയർന്നുവരുന്ന ഭീഷണികളിൽ നിന്നും ആക്രമണങ്ങളിൽ നിന്നും സംരക്ഷിക്കുക എന്നത്.

# പൈതൃക സംരക്ഷണം

കേരളത്തിന്റെ വികസന പാതയിൽ പൈതൃക സംരക്ഷണത്തിന് വേണ്ടത്ര പ്രാധാന്യം ലഭിച്ചിട്ടില്ല. മുസിരീസ് പൈതൃക പദ്ധതിക്കു ലഭിച്ച സ്വീകാര്യത ഈ രംഗത്തെ വിജയസാധ്യത വിളിച്ചു പറയുന്നതാണ്. പുരാതനകാലം മുതൽക്കു തന്നെ ആഗോള സമൂഹവുമായി ഇടകലർന്നും സംവദിച്ചും കഴിഞ്ഞിരുന്ന പ്രദേശമെന്ന നിലക്ക് കേരളത്തിൽ ഇന്ത്യയുടെ ഇതര പ്രദേശങ്ങളിൽ നിന്നു വ്യതിരിക്തമായ സമന്വയ സംസ്കാരം വളർന്നുവന്നു. ഇതിന്റെ തിരുശേഷിപ്പുകൾ കേരളത്തിലത്തോളമിങ്ങോളം കാണാം. ലോകത്തിന്റെ ശ്രദ്ധ പിടിച്ചു പറ്റിയ പൈതൃക സ്മാരകങ്ങളാണ് ഇന്ന് കേരളത്തിലുള്ളത്. ഇവ ആധുനിക രീതിയിൽ ഗവേഷണ-പഠന സ്വഭാവമുള്ളതും, ടൂറിസ്റ്റുകളെ ആകർഷിക്കുന്നതുമായ രീതിയിലും, ജനങ്ങളുടെ നിലനിൽപിനെയും സമൂഹവികസനത്തെയും ബാധിക്കാത്ത രീതിയിലും സംരക്ഷിക്കപ്പെടേണ്ടതുണ്ട്. ജനകീയ പങ്കാളിത്തത്തോടെയുള്ള പ്രവർത്തനങ്ങളാണ് ഈ രംഗത്ത് അഭികാമ്യമായിട്ടുള്ളത്. പ്രാദേശിക ഭരണ സമിതികളുടെ മേൽനോട്ടത്തിലും ഗവേഷണ സ്ഥാപനങ്ങളുടെ ഇടപെടലുകളിലൂടെയും ഈ പൈതൃക സ്ഥാപനങ്ങളും സ്മാരകങ്ങളും സംരക്ഷിക്കുവാനും നിലനിർത്തുവാനും കഴിയും. ജനങ്ങളുടെ ജീവിതവും പ്രകൃതിയുമായും ബന്ധപ്പെട്ട സവിശേഷ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് പൈതൃക സംരക്ഷണ പദ്ധതികൾ നടപ്പിലാക്കേണ്ടതുണ്ട്. സംസ്കാരിക സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടൊപ്പം വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം വഴി ഇവയെ പുതിയ സന്ദേശത്തിനു മുൻപിൽ അവതരിപ്പിക്കേണ്ടതുണ്ട്. ഇതിനായി പുതിയ നിയമ നിർമ്മാണങ്ങൾ ആലോചിക്കുന്നതിനോടൊപ്പം ഉന്നത വിദ്യാഭ്യാസരംഗത്ത് പുതിയ കോഴ്സുകൾ ആരംഭിക്കാനും, പരിശീലന പദ്ധതികൾ നടപ്പിലാക്കിക്കൊണ്ട് ഇത്തരം പദ്ധതികൾക്കായുള്ള തൊഴിലാളികളെയും വിദഗ്ധരെയും കണ്ടെത്തുവാനും നമുക്ക് സാധിക്കേണ്ടതുണ്ട്.

### പുരാരേഖാലയങ്ങൾ

കേരളത്തിന്റെ ലിഖിത പാരമ്പര്യം ലോകത്തെ മറ്റ് രാജ്യങ്ങൾക്കൊന്നും അവകാശപ്പെടാൻ കഴിയാത്ത വിധത്തിലുള്ളതാണ്. പത്തൊൻമ്പതാം നൂറ്റാണ്ടു മുതൽ ഇത്തരത്തിലുള്ള രേഖകൾ സംരക്ഷിക്കുന്ന സമ്പ്രദായം നിലവിൽ ഉണ്ടായിരുന്നു. തിരുവിതാംകൂറിലും കൊച്ചിയിലും ഉണ്ടായിരുന്ന പുരാരേഖാ സംരക്ഷണം മലബാറിൽ ഉണ്ടായില്ല. ഇതുവഴി നിരവധി ഗ്രന്ഥങ്ങളും, ചെപ്പേടുകളും, ശിലാലിഖിതങ്ങളും, ചരിത്ര രേഖകളും നമുക്ക് കൈമോശം വന്നിട്ടുണ്ട്. സ്വാതന്ത്ര്യാനന്തരം നമുക്ക് കേരളാ സ്റ്റേറ്റ് ആർക്കൈവ്സ്, മാനുസ്ക്രിപ്റ്റ് ലൈബ്രറികൾ, ഗ്രന്ഥാലയങ്ങൾ എന്നിവ പ്രധാന സ്ഥാപനങ്ങളാക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഈ രേഖകളെ ശാസ്ത്രീയമായി സംരക്ഷിച്ച് ഗവേഷണ പഠനങ്ങൾക്ക് ലഭ്യമാക്കുവാൻ മെച്ചപ്പെട്ട സംവിധാനം നമുക്ക് വളർത്തിയെടുക്കുവാൻ കഴിഞ്ഞിട്ടില്ല. പ്രത്യേക പദ്ധതികളിലൂടെ ഇതിന്റെ വിവിധ ഘട്ടങ്ങൾ പൂർത്തികരിച്ചു എന്നുമാത്രം. പരിശീലനം ലഭിച്ച വിദഗ്ധർ ഈ രംഗത്ത് വേണ്ടത്ര നിയമിക്കപ്പെട്ടില്ല. അത്തരം പരിശീലന സ്ഥാപനങ്ങൾ നമുക്ക് ആരംഭി

ക്കുവാൻ കഴിയും. ഇത്തരം തൊഴിലുകൾക്ക് പ്രാധാന്യം വർദ്ധിച്ചു വരുന്നുണ്ട്. പരിശീലനം കഴിഞ്ഞവരെ നിയമിക്കുവാൻ വേണ്ട നിയമങ്ങൾ നിർമ്മിക്കേണ്ടതുണ്ട്. കേരളത്തിലെ പുരാതന ഗ്രന്ഥാലയങ്ങൾ, സ്വകാര്യ ശേഖരങ്ങൾ, ഗ്രാമീണ വായനശാലകൾ, സ്കൂൾ കോളേജ് ലൈബ്രറികൾ, സർവ്വകലാശാലാ പഠന-ഗവേഷണ വകുപ്പുകൾ, സർക്കാർ ഓഫീസുകൾ (പഴയ റെക്കോർഡുകൾ) എന്നിവ ഡിജിറ്റൽ രൂപത്തിലാക്കി അവ ഓൺലൈൻ സംവിധാനത്തിലൂടെ ബന്ധിപ്പിച്ച് ഗവേഷകർക്കും, വിവരങ്ങൾ തേടുന്നവർക്കും ലഭ്യമാക്കാൻ കഴിയും. ഡിജിറ്റൽ രേഖകൾ സംബന്ധിച്ച് പുതിയ നയങ്ങൾ രൂപപ്പെടുത്തേണ്ടതും കാലത്തിന്റെ ആവശ്യമായിരിക്കുന്നു. ഇന്ത്യയിൽ ഇത്തരം സംവിധാനം ഒരിടത്തും നിലവിൽ വന്നിട്ടില്ല.

### പുരാവസ്തു പഠനം

കേരളത്തിൽ പുരാവസ്തു പഠനത്തിന് വലിയ സാധ്യതകളാണ് ഉള്ളത്. സർക്കാർ പുരാവസ്തു വകുപ്പ്, ഹെറിറ്റേജ് വകുപ്പ്, കെ സി എച്ച് ആർ പോലുള്ള സ്ഥാപനങ്ങൾ നടത്തുന്ന പഠനങ്ങൾ, സർവ്വകലാശാല പഠന വകുപ്പുകൾ നടത്തുന്ന പഠനങ്ങൾ എന്നിവ പരസ്പര ബന്ധമില്ലാതെയും വൈരുദ്ധ്യപ്പെട്ടുമാണ് നടക്കുന്നത്. ഇന്ത്യാ ഗവൺമെന്റിന്റെ ആർക്കിയോളജിക്കൽ സർവ്വ ഓഫ് ഇന്ത്യയുടെ നിയമങ്ങളുമായും സഹായങ്ങളുമായും അത് ചേർന്നു നിൽക്കുന്നില്ല. പരിശീലനം ലഭിച്ച വ്യക്തികൾക്ക് ഈ വകുപ്പുകളിൽ പഠന-ഗവേഷണ പ്രവർത്തനങ്ങളിലേർപ്പെടാൻ കഴിയുന്ന സാഹചര്യവുമില്ല. കേരളത്തിൽ നാൾക്കുനാൾ പുതിയ കണ്ടെത്തലുകൾ റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ടെങ്കിലും അവ സംബന്ധിച്ച പഠന പ്രവർത്തനങ്ങൾ ഇഴഞ്ഞു നീങ്ങുകയാണ്. വലിയ കടൽത്തീരവും പഴയകാല സമുദ്ര കച്ചവട തുറമുഖങ്ങളും, സമുദ്രയാത്രാ പാരമ്പര്യവും ഉള്ള കേരളത്തിൽ സമുദ്ര പഠനങ്ങളൊ, അതുമായി ബന്ധപ്പെട്ട പുരാവസ്തു പഠനമോ വികാസം പ്രാപിച്ചിട്ടില്ല. നടന്നിട്ടുള്ള പഠനങ്ങൾ പുതിയ തലമുറക്കും, ഗവേഷകർക്കും ലഭ്യമാക്കാൻ കഴിയണം – അതിനായുള്ള വികസിതമായ സമ്പ്രദായങ്ങൾ ഈ വകുപ്പുകളിൽ ഉപയോഗപ്പെടുത്തണം. അത്തരം കണ്ടെത്തലുകൾ വിനോദ സഞ്ചാര വകുപ്പുമായും ഗവേഷണ പ്രവർത്തനങ്ങളുമായും ബന്ധിപ്പിക്കണം.

### ലിഖിത പഠനം

ഗൗരവതരമായ വിധത്തിൽ വികസിപ്പിച്ചെടുക്കാവുന്ന മേഖലയാണ് ലിഖിത പഠന വിഭാഗം. കേരളത്തിന്റെ പൈതൃകത്തിൽ സുപ്രധാന പങ്കാണ് ലിപികൾക്കും ലിഖിതങ്ങൾക്കുമുള്ളത്. ലോകത്തിന്റെ നാനാഭാഗങ്ങളിലെ അറിവാണ് കേരളത്തിലെ ഭൂമികയിൽ എത്തിച്ചേർന്ന് വിവിധ ലിപികളായും സമ്പ്രദായങ്ങളായും രൂപമെടുത്തത്. ഇത്തരം ലിഖിത സമ്പ്രദായത്തെ സംബന്ധിച്ച പഠനം നടക്കുന്ന വകുപ്പുകൾ കേരളത്തിൽ ഇല്ലാതായിരിക്കുന്നു. മാനുസ്ക്രിപ്റ്റുകളുടെ സൂക്ഷിപ്പു കേന്ദ്രങ്ങൾ കേരളത്തിൽ നിലവിലുണ്ട്. അത്തരം സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ഈ മേഖലയിൽ പ്രാവീണ്യമുള്ള തലമുറയെ നാം വാർത്തെടുക്കേണ്ടിയിരിക്കുന്നു. ആധുനിക കാലത്തിനനുസരിച്ച് വളർന്നു വരുന്ന ഇവർക്ക് ലോകത്തിന്റെ തന്നെ പുതിയ സാധ്യതകൾ ഉപയോഗപ്പെടുത്താൻ കഴിയും. പഠനം നടത്താൻ കഴിയാതെ ഇന്ന് നിരവധി രേഖകളാണ് നമ്മുടെ സർക്കാർ-സ്വകാര്യ പുരാരേഖാലയങ്ങളിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്നത്. ഈ സാധ്യത കൂടി ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയണം. പ്രാദേശിക സർക്കാർ സമിതികളുടെ പങ്കാളിത്തം ഈ രംഗത്ത് ഉറപ്പുവരുത്തേണ്ടതുണ്ട്. അത് പുതിയ രേഖകൾ കണ്ടെത്തുന്നതിനും പ്രാദേശിക പുരാരേഖാലയങ്ങൾ, മാനുസ്ക്രിപ്റ്റ് സംരക്ഷണ ഗവേഷണ സ്ഥാപനങ്ങൾ എന്നിവയുടെ നിർമ്മിതിക്കും വഴിയൊരുക്കും.

### മ്യൂസിയങ്ങൾ

സാമൂഹിക വികസനത്തിന്റെ അടയാളങ്ങളാണ് മ്യൂസിയങ്ങൾ. നിലവിലുള്ള മ്യൂസിയം സ്ഥാപനങ്ങൾ കാലികമായി വികസിപ്പിക്കുന്നതിനോടൊപ്പം പ്രാദേശികവും വിഷയാധിഷ്ഠിതവുമായ മ്യൂസിയങ്ങൾ ആരംഭിക്കുവാനും കഴിയും. വിവര സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തുന്നതു വഴിയും പരിശീലനം സിദ്ധിച്ചവരെ നിയമിക്കുന്നതു വഴിയും പുതിയ പാത ഈ രംഗത്ത് വെട്ടിത്തുറക്കുവാൻ കഴിയും. ഈ സ്ഥാപനങ്ങൾക്കും ഗവേഷണ-പഠന സ്ഥാപനങ്ങളുമായി ബന്ധമുണ്ടാക്കുവാൻ സാധിക്കണം. നാണയങ്ങൾ, സംഗീത ഉപകരണങ്ങൾ, കാർഷിക ജീവിതം, ഗോത്ര സംസ്കാരം, പാർപ്പിടം, വസ്ത്രം, ആഭരണങ്ങൾ, പണിയായുധങ്ങൾ, വന്യജീവി സമ്പത്ത്, സാമൂഹ്യ പരിഷ്കർത്താക്കൾ, സ്വാതന്ത്ര്യസമരം, കീഴാള മുന്നേറ്റങ്ങൾ, ഇടതുപക്ഷ പ്രസ്ഥാനം തുടങ്ങി നിരവധി വിഷയങ്ങൾ അധിഷ്ഠിതമായ മ്യൂസിയങ്ങൾ സ്ഥാപിച്ചെടുക്കാം. നൂറാം വാർഷികത്തോടടുക്കുന്ന മലബാർ കലാപം സംബന്ധിച്ച സംസ്ഥാനതല മ്യൂസിയങ്ങളും, പ്രാദേശിക സംവിധാനങ്ങളും ഒരുക്കുവാൻ സാധിക്കും. കേരളത്തിലെ ഭൂ സമ്പത്ത്, വിനിയോഗം, വിതരണം എന്നിവ സംബന്ധിച്ചും പ്രത്യേക സംവിധാനങ്ങൾ തയ്യാറാക്കാം. പ്രാദേശിക ചരിത്രരചന സംബന്ധിച്ച് കേരളത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അവബോധം പ്രത്യേകം ശ്രദ്ധേയമാണ്. ഇത് ജനകീയ പങ്കാളിത്തത്തോടെ വിപുലപ്പെടുത്തുവാനും നൂതന വിദ്യകളുടെയും പ്രാദേശിക ഭരണസമിതികളുടെയും ഗവേഷണ-വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും സഹായത്തോടെ അത്യാധുനിക സ്ഥാപനങ്ങൾക്കും കൂട്ടായ്മകൾക്കും സാധ്യതയുണ്ട്.

ഇല്ലാതായിക്കൊണ്ടിരിക്കുന്ന പൊതു സദസ്സുകൾക്കും മതനിരപേക്ഷ വേദികൾക്കും പ്രാധാന്യം കിട്ടത്തക്കവിധം സംവിധാനങ്ങൾ ആലോചിക്കണം. കേരള ചരിത്രവും പൈതൃകവും സംബന്ധിച്ച അന്വേഷണം അത്തരത്തിലുള്ള ശക്തമായ പൊതുവേദികൾ നിർമ്മിച്ചെടുക്കുവാനുള്ള അവസരമാണ്.

# യുവജനക്ഷേമം

ഒരു നാടിന്റെ വികസനം ഏതു തരത്തിലേക്ക് നയിക്കണം എന്നതിന് നേതൃത്വപരമായ പങ്കു വഹിക്കാൻ കഴിയുന്നവരാണ് യുവജനങ്ങൾ. യുവജനങ്ങളുടെ കാഴ്ചപ്പാടുകളും സമ്പ്രദായങ്ങളും അടിസ്ഥാനപ്പെടുത്തിയായിരിക്കും നാടിന്റെ ഭാവി നിലനിൽക്കുന്നത്. അതുകൊണ്ടുതന്നെ യുവജനങ്ങളുടെ പ്രശ്നങ്ങളെ ശരിയായ അർത്ഥത്തിൽ കണ്ടുകൊണ്ട് ഇടപെടുക എന്നത് പ്രധാനമാണ്.

യുവജനങ്ങളെ സംബന്ധിച്ചിടത്തോളം പ്രധാനപ്പെട്ട ഒന്നാണ് വിദ്യാഭ്യാസത്തിന്റേയും തൊഴിലിന്റേയും പ്രശ്നങ്ങൾ. ആധുനിക കാലഘട്ടത്തിന് അനുസൃതമായ വിധത്തിലുള്ള വിദ്യാഭ്യാസ സംവിധാനങ്ങൾ ഉറപ്പുവരുത്തുക എന്നത് പ്രധാനപ്പെട്ട ഒന്നാണ്. പാവപ്പെട്ട വിദ്യാർത്ഥികൾക്ക് പഠിക്കാൻ കഴിയുന്ന സംവിധാനത്തിൽ ഉന്നതവിദ്യാഭ്യാസരംഗം രൂപപ്പെടുത്തുക എന്നതും പ്രധാനമാണ്. കേരളത്തിന്റെ പൊതുവായ സവിശേഷത അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മയാണ്. ഉന്നതവിദ്യാഭ്യാസത്തിലെ ഏതെങ്കിലും കോഴ്സുകൾ പഠിക്കുകയും തൊഴിൽ ലഭിക്കുന്നതുവരെ മറ്റു കോഴ്സുകളിലേക്ക് ചേരുക എന്നതും യുവജനങ്ങളുടെ സവിശേഷതയായി മാറിയിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് അഭ്യസ്തവിദ്യരുടെ തൊഴിലില്ലായ്മ തുടരുമ്പോഴും പുതിയ കോഴ്സുകൾക്കായുള്ള സമ്മർദ്ദം ഉയർന്നുവരുന്നത്. ഏതെങ്കിലും കോഴ്സുകളുടെ പഠനത്തിലൂടെ തൊഴിൽ ഉറപ്പാക്കാം എന്ന ആഗ്രഹമാണ് ഇതിനു പിന്നിലുള്ളത്.

ആഗോളവൽക്കരണ നയങ്ങൾ സർക്കാർ നടപ്പിലാക്കിത്തുടങ്ങിയതോടെ തൊഴിലവസരങ്ങൾ സർക്കാർ മേഖലയിൽ ഉൾപ്പെടെ കുറഞ്ഞുവരുന്ന സ്ഥിതിയാണുള്ളത്. സിവിൽ സർവ്വീസ് മേഖലയിൽ തസ്തികകൾ വെട്ടിക്കുറയ്ക്കുക എന്ന നയം സർക്കാർ സ്വീകരിക്കുകയാണ്. പി.എസ്.സി പരീക്ഷ എഴുതി റാങ്ക് ലിസ്റ്റിൽ വന്ന് അഡ്വൈസ് മെമ്മോ ലഭിച്ചവർക്കുപോലും തൊഴിൽ ലഭിക്കാത്ത സ്ഥിതി ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. റാങ്ക് ലിസ്റ്റുകളുടെ കാലാവധി നീട്ടുക എന്നല്ലാതെ നിയമനം നടക്കുന്നില്ല എന്ന പ്രശ്നം ഗൗരവമായി തുടരുകയാണ്. ഈ സ്ഥിതിക്ക് മാറ്റമുണ്ടാവണം.

യുവജനങ്ങൾക്ക് സ്വയം തൊഴിൽ കണ്ടെത്തുന്നതിനും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള സഹായങ്ങൾ ചെയ്തുകൊടുക്കാൻ സർക്കാർ സന്നദ്ധമാകേണ്ടതുണ്ട്. അതിന് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുന്നതിനും അവർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനുള്ള സൗകര്യങ്ങളും ഒരുക്കാൻ കഴിയേണ്ടതുണ്ട്.

ആഗോളവൽക്കരണ കാലഘട്ടത്തിൽ മാധ്യമങ്ങൾ കോർപ്പറേറ്റ് കമ്പനികളുടെ കൈവശമായിരിക്കുകയാണ്. അവർ ഉൽപ്പാദിപ്പിക്കുന്ന ആശയങ്ങൾ യുവജനങ്ങളെ വലിയ തോതിൽ ആകർഷിക്കുന്നുണ്ട്. അരാഷ്ട്രീയവാദവും വർഗീയതയും എല്ലാം കടന്നുവരുന്നതിന് ഇത്തരം ഇടപെടലുകൾ ഇടയായിത്തീരുന്നുണ്ട്. സ്വത്വവാദപരമായ രാഷ്ട്രീയവും അരാഷ്ട്രീയവാദവുമെല്ലാം

യുവജനങ്ങളിൽ സ്വാധീനം ചെലുത്തുന്ന സാഹചര്യം ഉയർന്നുവന്നിട്ടുണ്ട്. നാടിന്റെ യഥാർത്ഥ പാരമ്പര്യങ്ങ ളുമായി കണ്ണിചേർത്തുകൊണ്ട് യുവജനസമൂഹത്തെ മുന്നോട്ടുകൊണ്ടുപോകുന്നതിനുള്ള ഇടപെടലുകളാണ് ഉണ്ടാവേണ്ടത്. അതിന് നേതൃത്വം കൊടുക്കുന്നവിധം യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ കഴിയേണ്ടതുണ്ട്.

യുവജനങ്ങളുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട ഒന്നാണ് കായികരംഗം. കായികരംഗം ശക്തിപ്പെടുത്തുന്ന വിധം സർക്കാർ ഇടപെടൽ ആ രംഗത്ത് ഉണ്ടാവണം. നാട്ടിൽ കളിസ്ഥലങ്ങൾ ആരംഭിക്കുന്നതിനും ടൂർണ്ണമെന്റുകൾ സംഘടിപ്പിക്കുന്നതിനും സഹായകമായ വിധത്തിലുള്ള നിലപാടുകൾ സർക്കാരിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ഭാഗത്തുനിന്ന് ഉണ്ടാകേണ്ടതുണ്ട്.

ജാതി-വർഗീയ-അരാഷ്ട്രീയ ചിന്താഗതികൾ യുവാക്കൾക്കിടയിൽ വ്യാപിച്ചുവരുന്ന സ്ഥിതിയുണ്ട്. ആഗോളവത്കരണനയത്തിന്റെ സാംസ്കാരിക രൂപങ്ങളും മൂല്യബോധങ്ങളും യുവാക്കളെ കാര്യമായിത്തന്നെ ബാധിക്കുന്ന നിലയാണുള്ളത്. അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മയും കേരളത്തിലെ യുവജനങ്ങൾ നേരിടുന്ന പ്രധാനപ്പെട്ട പ്രശ്നമാണ്.

ബഹുരാഷ്ട്രകുത്തകകൾ മാധ്യമ രംഗത്തെ ലാഭം കൊയ്യുന്നതിനുള്ള വ്യവസായം എന്ന നിലയിൽ മാത്രമല്ല കാണുന്നത്. തങ്ങളുടെ ആശയങ്ങൾ പ്രചരിപ്പിക്കുന്നതിനുള്ള ഉപാധി എന്ന നിലയിൽ കൂടിയാണ്. മൂന്നാം ലോക രാജ്യങ്ങളിലെ വാർത്താവിതരണത്തിലും മാധ്യമങ്ങളിലും ഇവരുടെ ഇടപെടൽ ശക്തിപ്പെടുകയാണ്. സിനിമ പോലുള്ള മാധ്യമങ്ങളാവട്ടെ അരാഷ്ട്രീയ പ്രചരണങ്ങളുടെ കേന്ദ്രമായിത്തീർന്നിരിക്കുന്നു. മാധ്യമങ്ങളുടെ സ്വാധീനം ഏറെ ബാധിക്കുന്ന വിഭാഗമെന്ന നിലയിൽ ഇവർ പ്രചരിപ്പിക്കുന്ന ആശയങ്ങൾ യുവത്വത്തിനിടയിൽ വലിയ സ്വാധീനം ചെലുത്തുകയാണ്. ആഗോളവൽക്കരണം മുന്നോട്ടുവയ്ക്കുന്ന കാഴ്ചപ്പാട് തന്നെ വ്യക്തികേന്ദ്രീകൃതവും അത്തരം താൽപ്പര്യങ്ങളെ വികസിപ്പിക്കുന്നതുമാണ്. സാമൂഹ്യമായ വീക്ഷണങ്ങളേയും ഇടപെടലുകളേയും ഉന്മൂലനം ചെയ്യുക എന്നതാണ് അതിന്റെ തത്വശാസ്ത്രം. ഇത്തരം കാഴ്ചപ്പാടുകൾ പ്രചരിച്ചുകൊണ്ടിരിക്കുന്ന സ്ഥിതിയുണ്ട്.

ആഗോളവത്കരണനയത്തിന്റെ ചുവടുപിടിച്ചുകൊണ്ട് മുമ്പ് നടപ്പിലാക്കപ്പെട്ട പലപദ്ധതികളും യുവാക്കൾക്ക് കേരളത്തിൽ ഏറെ പ്രയാസങ്ങൾ സൃഷ്ടിക്കുന്നതായിരുന്നു. നിയമനനിരോധനം നടപ്പിലാക്കുക, തൊഴിലില്ലായ്മ വേതനം കൃത്യമായി വിതരണം ചെയ്യാതിരിക്കുക, തസ്തികകൾ തന്നെ വെട്ടിച്ചുരുക്കുക, ഉന്നതവിദ്യാഭ്യാസമേഖല ഉൾപ്പെടെ സാമൂഹ്യനീതിയും മെരിറ്റും ഇല്ലാതാക്കുന്ന നടപടികൾ സ്വീകരിക്കുക എന്ന രീതിയായിരുന്നു മുമ്പുണ്ടായിരുന്നത്. എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് ഇതിന് മാറ്റമുണ്ടായി. ഇത്തരത്തിലുള്ള കടന്നുകയറ്റങ്ങൾ ബദലുയർത്തി ഒരു പരിധിവരെ തടഞ്ഞുനിർത്തുന്നതിനുള്ള ഇടപെടൽ ഈ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടായി.

യുവത്വത്തെ സർഗ്ഗാത്മകമാക്കുക എന്നത് സമൂഹത്തിന്റെ വികസനത്തിന്റെ അവിഭാജ്യഘടകമാണ്. മറ്റു ഏതൊരു യുവജനസമൂഹത്തെക്കാളും വിദ്യാസമ്പന്നരായ യുവത്വമാണ് കേരളത്തിലുള്ളത്. ഈ അഭ്യസ്തവിദ്യരെ കേരളവികസനപ്രക്രിയയിൽ പങ്കാളികളാക്കുക എന്നതാണ് പ്രധാനമായിട്ടുള്ളത്. കഴിഞ്ഞ എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് പ്രതിപക്ഷത്തുനിന്നുള്ള പ്രതിനിധികളെ കൂടി ഉൾപ്പെടുത്തി സർക്കാർ മുന്നോട്ടുപോവുകയുണ്ടായി.

കേരളത്തിലെ വിവിധ യുവജനസംഘടനകളുടെ ഒരു സംവാദവേദി എന്ന നിലയിൽ ഇത് വികസിക്കുന്ന സ്ഥിതിയുണ്ടായി. യുവശക്തി എന്ന സമഗ്രമായ പദ്ധതി തന്നെ നടപ്പിലാക്കുകയും ചെയ്തു. എല്ലാ തദ്ദേശീയ ഭരണ സ്ഥാപനങ്ങളിലും യൂത്ത് കോർഡിനേറ്റർമാർ നിയമിക്കുന്ന സ്ഥിതി സ്വീകരിക്കുകയും ചെയ്തു. ആഗോളയുവജനോത്സവത്തിന്റെ മാതൃകയിൽ കേരളാ യൂത്ത്ഫോറം എന്ന നവീനപരിപാടിയും ഈ കാലഘട്ടത്തില് ആവിഷ്കരിക്കുകയുണ്ടായി.

ഇടതുപക്ഷ സർക്കാരിന്റെ കാലത്ത് ഉണ്ടായ പ്രവർത്തിന്റെ തുടർച്ച പിന്നീട് ഉണ്ടായിട്ടില്ല. ഇവ തിരുത്തി യുവജനങ്ങളുടെ ആകെ പ്രശ്നങ്ങൾ ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകാനുള്ള കർമ്മപദ്ധതികൾ ആവിഷ്കരിക്കണം. പുതിയ കാലത്തിന്റെ സവിശേഷതകൾ കൂടി കണക്കിലെടുത്ത് ഒരു യുവജന നയം പ്രഖ്യാപിക്കാനാവണം. തൊഴിലില്ലായ്മാ വേതനം കാലോചിതമായി പരിഷ്കരിച്ചുകൊണ്ട് നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കണം.

## നിർദ്ദേശങ്ങൾ

1. ഒരു യുവജന നയം പ്രഖ്യാപിക്കണം.
2. തൊഴിലില്ലായ്മാ വേതനം കൃത്യമായി വിതരണം ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കുക. അവ കാലോചിതമായി പരിഷ്കരിക്കാനും കഴിയണം.
3. നിയമന നിരോധനം എടുത്തുമാറ്റുക. അഡ്വൈസ് മെമ്മോ കിട്ടിയ എല്ലാ ഉദ്യോഗാർത്ഥികൾക്കും തൊഴിൽ ഉറപ്പുവരുത്തുക.
4. യുവജനങ്ങൾക്കായി ചെറു തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുക. അവരെ സംരംഭകത്വത്തിന്റെ ഭാഗമാക്കുക. യുവ സംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള സമീപനം സ്വീകരിക്കുക.
5. യുവജനക്ഷേമപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി മുന്നോട്ടുപോകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സ്ഥാപിക്കപ്പെട്ട യൂത്ത് കോ-ഓർഡിനേഷൻ കൗൺസിലുകൾ, യൂത്ത് കോ-ഓർഡിനേറ്റർമാർ, യൂത്ത് സെന്ററുകൾ എന്നീ സംവിധാനങ്ങളെ കൂടുതൽ ശക്തമാക്കുക-വിപുലീകരിക്കുക.

6. ജില്ലാടിസ്ഥാനത്തിൽ വികസനരംഗത്തെ യുവജനകൂട്ടായ്മ ഉറപ്പുവരുത്തുന്നതിനായി കോ-ഓർഡിനേഷൻ കൗൺസിലുകൾ രൂപീകരിക്കുക. സ്പോർട്സ് കൗൺസിൽ-യുവജനക്ഷേമബോർഡ് പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുക.
7. തൊഴിൽവകുപ്പ്, വിദ്യാഭ്യാസവകുപ്പ്, സാസ്കാരിക വകുപ്പ് സാമൂഹ്യക്ഷേമവകുപ്പ് എന്നിവയും യുവജനക്ഷേമ പ്രവർത്തനങ്ങളുമായി ഏകോപനസംവിധാനം ഉറപ്പുവരുത്തുക.
8. കേരള യൂത്ത് ഫോറത്തെ, കേരള യുവത്വത്തിന്റെ ഏറ്റവും വലിയ ഒത്തുചേരലായി വിപുലീകരിക്കുക.
9. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സചേഞ്ചുകളെ അടിമുടി പുനസംഘടിപ്പിക്കുക. എല്ലാതരം തൊഴിലവസരങ്ങളെയും (സ്വകാര്യ മേഖല ഉൾപ്പെടെ) വിദ്യാഭ്യാസ അവസരങ്ങളെയും ഏകോപിപ്പിക്കുന്ന കരുത്തുറ്റ സംവിധാനമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളെ മാറ്റുക.
10. യുവജനങ്ങളിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന വർഗീയത, അന്ധവിശ്വാസം, അനാചാരം, മദ്യപാനാസക്തി, അഴിമതി തുടങ്ങിയവയ്ക്കെതിരായി വിപുലമായ ക്യാമ്പയിൻ തുടർച്ചയായി സംഘടിപ്പിക്കുന്നതിന് യുവജനക്ഷേമ ബോർഡിനെ സജ്ജമാക്കുക. സ്ത്രീധനം വാങ്ങാതിരിക്കുകയും ജാതി-മത പരിഗണനകൾക്കതീതമായ വിവാഹങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പ്രചരണങ്ങൾ സംഘടിപ്പിക്കുക.
11. യുവജനശേഷി വർദ്ധിപ്പിക്കുന്നതിനുള്ള പരിപാടികൾ സംഘടിപ്പിക്കുക, ഔപചാരിക വിദ്യാഭ്യാസത്തിന്റെ ഭാഗമല്ലാത്ത ഇത്തരം എല്ലാ പരിശീല പദ്ധതികളെയും ഏകോപിപ്പിക്കാനും നേതൃത്വം കൊടുക്കാനും നോർക്കയുമായി ചേർന്ന്, പ്രീ-ഡിപ്പാർച്ചർ ഓറിയന്റേഷൻ കോഴ്സുകൾ ഉൾപ്പെടെ വിപുലീകരിക്കാനും യുവജനക്ഷേമബോർഡിന് അവസരമൊരുക്കുക.
12. യുവജനങ്ങൾ സ്വതന്ത്രമായി, സംഘമായി നടത്തുന്ന സ്വയം തൊഴിൽപരിശീലന, ഉൽപ്പാദന പരിപാടികൾക്ക് സഹായങ്ങൾ, വിപണനം എന്നിവ ഉറപ്പുവരുത്തുക.
13. യുവജനങ്ങളുടെ നേതൃത്വത്തിൽ ക്ലബ്ബുകൾ, വായനശാലകൾ തുടങ്ങിയവ രൂപീകരിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുക. നാടിന്റെ വികസന പ്രവർത്തനങ്ങളിലും സാംസ്കാരിക ഉന്നതിക്കും ഇത്തരം മേഖലകളെ ഉപയോഗിക്കുന്ന സ്ഥിതി ഉണ്ടാകണം. കലാ ട്രൂപ്പുകൾ, കായിക ടീമുകൾ എന്നിവ രൂപീകരിക്കുന്നതിനെ പ്രോത്സാഹിപ്പിക്കണം. പ്രാദേശിക കായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് ആവശ്യമായ പ്രോത്സാഹനം നൽകേണ്ടതാണ്.

കേരളവികസന അജണ്ട എന്ന ഈ രേഖയിലെ 30 അദ്ധ്യായങ്ങളും അവയുടെ അനുബന്ധങ്ങളും നാലാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസിന്റെ വിവിധ സെഷനുകളിൽ ചർച്ചയ്ക്ക് അടിസ്ഥാനമാക്കാനുള്ള കരടുരേഖയാണ്. ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞുവരുന്ന അഭിപ്രായങ്ങളും വിമർശനങ്ങളും കൂട്ടിച്ചേർത്ത് ഈ രേഖ അന്തിമവത്ക്കരിക്കുന്നതാണ്.

അക്കാദമിക് കമ്മിറ്റി ചെയർമാൻ

# നാലാം അന്താരാഷ്ട്ര കേരള പഠന കോൺഗ്രസ്
# അക്കാദമിക് കോർ കമ്മിറ്റി

| SL NO | SECTOR AND CORE ACADEMIC TEAM |
|---|---|
| 1 | **Integrated Farming [Agriculture, Agri education, Animal husbandary, Dairy development]** |
| | **Bhaskaran C (Dr) -Convener** |
| | Eswaran KK |
| | Geethakutty PS, KAU |
| | Hiroshkumar |
| | Jacob John |
| | Jiju P Alex |
| | Jinraj |
| | Leelakumari (Dr) |
| | Mary Ukru, KAU |
| | Ragesh KK |
| | Sudhir Babu |
| | Viswan T.S |
| 2 | **Plantation Sector** |
| | **Harilal KN (Dr) -Convener** |
| | Jayachandran KK |
| | Joseph KJ, CDS |
| | Joseph MT (Kottayam) |
| | Krishna Prasad P |
| | Thampan C |
| 3 | **Fisheries and Coastal Development** |
| | **Velayudhan TD -Convener** |
| | Ignasious Mandro |
| | Padmakumar K.G |
| | Saseendran V.V |
| | Sasidharan Pillai N.K (Dr) |
| | Sheela Rosario |
| 4 | **Modern Industries [MSME, IT, Tourism and Frontier Technologies]** |
| | Sukumaran Nair MP (Dr) -Convener |
| | Anilkumar KV |
| | Beena PL (Dr) |
| | Biju S.B |
| | Bindu (KMML) |
| | Gopakumar K (Dr) |
| | Gopakumar T |
| | Joseph Thomas |
| | Madhu (Dr) CUSAT |
| | Radhakrishnan O |
| | Roy TomLal |
| | Sabu (Dr) |
| | Shaji A (KELTRON) |
| 5 | **Traditional Industries** |
| | **Gopakumar K (Dr) -Convener** |
| | Krishanapanicker K |
| | Saikumar N (Adv) |
| | Salim M |
| | Sukumaran Nair T |
| 6 | **Infrastructure Development [Transportation, Power, Urban Development]** |
| | **Pradeep B -Convener** |
| | Anand Elamon |
| | Com V Lakshmanan, GS, KSEBWA |
| | Elangovan T |
| | Gireesh Thomas |
| | Lalan TR |
| | Nujum A |

| | |
|---|---|
| | Pramod |
| | Sidhardha Menon |
| | Sreedevi B.G |
| | Unnikrishnan PV (Dr) |
| | Yacoub Zacharia |
| **7** | **Health care and Health Education** |
| | **Eqbal B (Dr) -Convener** |
| | Aravindan KP(Dr) |
| | Chithra (Dr) |
| | Deepa Chandran (Dr) |
| | Indu (Dr) |
| | Jagadeesan (Dr), NRHM |
| | Jameela PK(Dr) |
| | Jayaprakash (Dr) |
| | Jayaraj G |
| | Jayasree AK (Dr) |
| | Jyothilal (Dr) |
| | Jyothish Raj (Dr) |
| | Kallara Madhu, KMSRA |
| | Muhammadali M.N(Dr) |
| | Muraleedharan P (Dr) KMRSA |
| | Rajmohan (Dr), SAT |
| | Ramakumari (Dr) |
| | Ramankutti (Dr) |
| | Sairu Philip (Dr) |
| | Sundaresan (Dr) |
| | Thankappan (Dr) |
| | Thankaraj (Dr) |
| | Udayakumar VG (Dr), Ayurveda Medical Association |
| | Vijayakumar (Dr) |
| **8** | **School Education, Technical Training** |
| | **Ganesh KN -Convener** |

| | |
|---|---|
| | A.K.Unnikrishnan Gen.sec. KSTA |
| | Ali Eqbal |
| | Manoj Krishnan |
| | Narayanadas |
| | O.M.Shankaran |
| | Purushothaman |
| | Radhakrishnan K.T |
| | Ramakrishnan C |
| | Shajahan, KSTA |
| | Sreeramakrishanan MLA |
| | Sukumaran K.N |
| **9** | **Higher Education [Technical Education, Skill Development, Universities and Research]** |
| | **Karthikeyan Nair V (Prof) -Convener** |
| | Baiju M.R (Dr) |
| | Balagopal KN |
| | Ganesh K.N |
| | Jayadevadas (Dr) |
| | Mohankumar (Dr) |
| | Olena A.G |
| | Padmanabhan , Kannur |
| | Prabhash J (Dr) |
| | Prasad J (Dr) |
| | Prathapachandran Nair (Prof) |
| **10** | **Social Security [Child development, Old age care, Labour Welfare, Housing, Public distribution, Migrant workers]** |
| | **Ashok (Dr), RGCBT -Convener** |
| | A.Sampath MP |
| | Beena PL (Dr) |
| | Chandradath TR |
| | Dinesh Bhaskar |
| | Krishnan P( Pettah) |

| | |
|---|---|
| | Mrs. Maithri Prasad (Fellow, CDS ,TVM) |
| | Mrs. Rajasree Rajamohan (College of Architecture, TVM ) |
| | Sajan G, COSTFORD |
| | Sankar G |
| **11** | **Dalit- Adivasi Development** |
| | **Shyjan -Convener** |
| | Balan AK, MLA |
| | Harilal K.N (Dr) |
| | Meera Velayudhan |
| | Radhakrishnan K, MLA |
| | Somaprasad |
| | Vidyadharn Kani |
| **12** | **Gender, Women and Development** |
| | **Parvathi Devi R -Convener** |
| | Aleyamma Vijayan |
| | Anandi TK (Dr) |
| | Anna Mini |
| | Chintha Jerome |
| | Geena Kumari (Adv) |
| | Jagajeevan N |
| | Josephine MC |
| | Manjula Bharathi |
| | Meera Velayudhan |
| | Mini Sukumar |
| | Mridul Eapen |
| | Radhamony T |
| | Rajesh, KSSP |
| | Seema TN (Dr), MP |
| | Shylaja Teacher |
| | Sreekala PS (Dr) |
| | Suja Susan George (Prof) |
| | Sukanya N |

| | |
|---|---|
| **13** | **NRI Welfare** |
| | **Kunjikannan KT -Convener** |
| | Abdul Khadar KV, MLA |
| | Akhil CS, CDS |
| | Kunhimuhammad PT |
| | Kunjikannan T.P |
| | R. Sreekrishna Pillai |
| | Saidalikutty P |
| | Vijayakumar |
| **14** | **Water Resources and Waste management** |
| | **Resy George -Convener** |
| | Abraham Koshy, Irrigation Dept |
| | Ajaykumar Varma (Dr) |
| | Ajithkumar R |
| | Byju V, KWA |
| | Jagajeevan N |
| | Krishanapanicker K |
| | Nair ASK (Dr) |
| | Santhoshkumar VS |
| | Shyjan |
| | Sunil VM, Irrigation Dept |
| **15** | **Arts, Culture, Language and Media** |
| | **Kavumbai Balakrishnan -Convener** |
| | Aboobakar C.P |
| | Anil KM chelambra |
| | Chandrashekharan NP |
| | Joseph V.K |
| | Kunjahammad KEN |
| | Kunjikannan K.T |
| | Madhavankutti M |
| | Manoj P.M |
| | Mohanan KP, Deshabhimani Varika |

| | |
|---|---|
| | Murali VN |
| | Parvathi Devi R |
| | Prabha Varma |
| | Sreekala PS (Dr) |
| | Suja Susan George |
| | Swaraj M |
| **16** | **Decentralisation** |
| | **Remakanthan N -Convener** |
| | Beena Sunny |
| | Chandrika K, Mayor, Thiruvananthapuram |
| | Gangadharan T |
| | Jagajeevan N |
| | Jose Chathukulam |
| | Krishnakumar CSES |
| | Kunjikannan T.P |
| | Rajesh K, KSSP |
| | Raveendran PK |
| | Suhruth Kumar |
| | Unnikrishnan PV |
| **17** | **Forest, Environment, Land resources and Biodiversity** |
| | **Gopakumar M -Convener** |
| | Govindaru (Dr), C-DIT |
| | Harilal V |
| | Joji Koottummel |
| | Raveendran PK |
| | Sajikumar V |
| | Srikumar Chattopadyay |

| | |
|---|---|
| **18** | **Sports** |
| | **Bipin G (Dr) -Convener** |
| | Balachandran |
| | Boby Alosious |
| | Dasan TP |
| | Pradeep Kumar A, MLA |
| | Radhakrishanan K |
| | Raveendradas AN, Deshabhimani |
| **19** | **Cooperatives** |
| | **Manamohan VG -Convener** |
| | Jamal S |
| | Rajashekharan Nair |
| | Ramanunni |
| | Raveendran CM |
| | Sudhakaran MN |
| | Vasavan VN |
| **20** | **Governance, Finance** |
| | **Cherian Philip -Convener** |
| | Gangadharan K.N |
| | Geena Kumari (Adv) |
| | Gupthan CK |
| | Mohan R |
| | Radha EM |
| | Rajagopal |
| | Raveendranath C, MLA |
| | Sivakumar K, KGOA |
| | Sreekantan V, Karakulam |
| | Sreekumar A |
| | Suhruth Kumar |

# അനുബന്ധ സെമിനാറുകൾ

| ക്രമ നം. | വിഷയമേഖല | ജില്ല | തീയതി | | സെമിനാർ കൺവീനറുടെ പേരുവിവരങ്ങൾ | | പങ്കെടുത്ത ആളുകളുടെ (ഏകദേശ എണ്ണം) |
|---|---|---|---|---|---|---|---|
| | | | മാസം | തീയതി | പേര് | ഇമെയ്ൽ വിലാസം | |
| 1 | പരമ്പരാഗത വ്യവസായം 1 – കയർ വ്യവസായ പ്രതിസന്ധി | ആലപ്പുഴ | ഫെബ്രുവരി | 8 | ഡോ.കെ.ഗോപ കുമാർ | **drkgopakumar@gmail.com** | 250 |
| 2 | മത്സ്യമേഖലയും തീരദേശവികസനവും | ആലപ്പുഴ | ഫെബ്രുവരി | 17 | ശ്രീ.ടി.ഡി. വേലായുധൻ | **tdvelayudhan@gmail.com** | 300 |
| 3 | സാമൂഹ്യസുരക്ഷ | കണ്ണൂർ | മാർച്ച് | 21 | ഡോ.അശോക് ആർ | **ashoknair54@gmail.com** | 200 |
| 4 | ദളിത്–ആദിവാസി വികസനം | വയനാട് | മാർച്ച് | 29 | ശ്രീ.ഷൈജൻ ഡി | **shyjandavis@gmail.com** | 250 |
| 5 | സംയോജിതകൃഷി വികസനം | പാലക്കാട് | ഏപ്രിൽ | 27 & 28 | ഡോ.സി.ഭാസ്ക്കരൻ | **drbhaskaranc@yahoo.co.in** | 250 |
| 6 | പൊതുവിദ്യാഭ്യാസം | കാസറഗോഡ് | മേയ് | 16 | ഡോ.കെ.എൻ. ഗണേശ് | **knganesh2008@gmail.com** | 350 |
| 7 | ഉന്നതവിദ്യാഭ്യാസം: പ്രശ്നങ്ങളും സമീപനവും | കോട്ടയം | മേയ് | 22 | പ്രൊഫ.വി. കാർത്തികേയൻനായർ | **vknkarthika@gmail.com** | 150 |
| 8 | കേരള ആരോഗ്യമാതൃക: വെല്ലുവിളികൾ സാദ്ധ്യതകൾ | തിരുവനന്തപുരം | മേയ് | 23 | ഡോ.ബി.ഇക്ബാൽ | **ekbalb@gmail.com** | 300 |
| 9 | പ്രവാസിക്ഷേമം, പുനരധിവാസം | കോഴിക്കോട് | മേയ് | 24 | ശ്രീ. കെ.ടി. കുഞ്ഞിക്കണ്ണൻ | **ktkozhikode@gmail.com** | 1000 |
| 10 | സ്ത്രീ– ലിംഗനീതി, വികസനം | കണ്ണൂർ | മേയ് | 31 | ശ്രീമതി. ആർ. പാർവതീദേവി | **rparvathidevi@gmail.com** | 500 |
| 11 | ജലവിഭവസംരക്ഷണവും, മാലിന്യസംസ്ക്കരണവും | ആലപ്പുഴ | ജൂൺ | 20 | റെസി ജോർജ്ജ് | **resia112014@gmail.com** | 250 |

| ക്രമ നം. | വിഷയമേഖല | ജില്ല | തീയതി | | സെമിനാർ കൺവീനറുടെ പേരുവിവരങ്ങൾ | | പങ്കെടുത്ത ആളുകളുടെ (ഏകദേശ എണ്ണം |
|---|---|---|---|---|---|---|---|
| | | | മാസം | തീയതി | പേര് | ഇമെയ്ൽ വിലാസം | |
| 12 | ജനാധിപത്യ അധികാരവികേന്ദ്രീകരണം | തൃശ്ശൂർ | ജൂലൈ | 4 &5 | ശ്രീ. എൻ രമാകാന്തൻ | **remakantan@hotmail.com** | 400 |
| 13 | കല, സംസ്ക്കാരം, മാധ്യമം, ഭാഷ | തൃശ്ശൂർ | ജൂലൈ | 12 | ശ്രീ.കാവുമ്പായി ബാലകൃഷ്ണൻ | **kavumbayi@yahoo.co.in** | 500 |
| 14 | വികസനപശ്ചാത്തലമൊരുക്കൽ (ഊർജ്ജം, ഗതാഗതസൗകര്യം, നഗരവികസനം) | എറണാകുളം | ജൂലൈ | 19 | ശ്രീ. ബി.പ്രദീപ് | **bpradeepkseb@gmail.com** | 500 |
| 15 | തോട്ടവിളമേഖല | ഇടുക്കി | ഓഗസ്റ്റ് | 24 | ഡോ.കെ.എൻ. ഹരിലാൽ | **harilal@cds.ac.in** | 700 |
| 16 | ആധുനിക വ്യവസായം (ഐടി, ടൂറിസം, നൂതന സാങ്കേതികവിദ്യ) | എറണാകുളം | ഡിസംബർ | 13 | ഡോ.എം.പി. സുകുമാരൻ നായർ | **nairmps50@gmail.com** | 170 |
| 21 | പരമ്പരാഗത വ്യവസായം 2 – കൈത്തറി, മുള, കശുവണ്ടി തുടങ്ങിയവ | കൊല്ലം | ഡിസംബർ | 23 | ഡോ.കെ.ഗോപ കുമാർ | **drkgopakumar@gmail.com** | 300 |
| 17 | കായികമേഖല | ഫോക്കസ് ഗ്രൂപ്പ് ഡിസികഷൻ | | | ഡോ.ജി.ബിപിൻ | **bipingopalakrishnan@gmail.com** | |
| 18 | ഭരണനിർവ്വഹണം, ധനകാര്യം | ഫോക്കസ് ഗ്രൂപ്പ് ഡിസികഷൻ | | | ശ്രീ.ചെറിയാൻ ഫിലിപ്പ് | **cherianphilip@gmail.com** | |
| 19 | സഹകരണമേഖല | ഫോക്കസ് ഗ്രൂപ്പ് ഡിസികഷൻ | | | ശ്രീ. വി.ജി. മനമോഹൻ | **vgmanamohan@gmail.com** | |
| 20 | വനം, പരിസ്ഥിതി, ഭൂവിഭവം, ജൈവവൈവിദ്ധ്യം | ഫോക്കസ് ഗ്രൂപ്പ് ഡിസികഷൻ | | | ശ്രീ.എം. ഗോപകുമാർ | **gopakumarmukundan@gmail.com** | |
| ആകെ പങ്കാളിത്തം | | | | | | | **6370** |



INSPIRING
THE PASSIONS OF
EACH PERSON AND
A WHOLE NATION
When a colour tipped pencil
creates a mark...
When a rocket is launched
by creating a landmark...
A company from Kerala feels proud
KMML, established in Kerala and celebrated in global market, has been scaling new heights with consistence in terms of growth and progress.
As the world's first and fully integrated manufacturer of Rutile Grade Titanium dioxide by chloride route process, has made an indelible mark in the fields of mining, mineral processing and manufacturing with the state-of-the-art production centres and innovative technologies.
KMML produces a wide range of quality products used in the development of Nuclear Technology to Paints, Printing Ink, Cosmetics, Plastics, Rubber, Textile and numerous other products. Titanium Sponge, another innovative product of KMML, finds use in aerospace industry, atomic energy, submarine, under-sea pipe works etc.
Spreading the splendour of commitment KMML's glory conquer the world with genuine impressions of quality.
JELITTA
KMML
Spreading Splendour
The Kerala Minerals And Metals Limited
(A Government of Kerala Undertaking)
(An ISO 9001 : 2000, 14001, OHSAS 18001 Certified Company)
Sankaramangalam,Chavara, Kollam, Kerala, India - 691 583
Phone: 91-476-2686722 to 2686733 (12 Lines),
Gram :'TITANIUM', Telex : 0886-359 KMML IN
Fax : 91- 476 - 2680101, 2686721
E - mail : kmml@md3.vsnl.net.in
KMML - Committed to Social Welfare and Environmental Protection